# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 4, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1233/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 81

**II അറിയിപ്പ്**

പത്രവാർത്തയിലെ പിശക് .. 438

**III അടിയന്തരപ്രമേയം**

(1) ഇരട്ട സഹോദരന്മാരുടെ ആത്മഹത്യ

— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(അവതരണാനുമതി നിഷേധിച്ചു) .. 438

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) ബ്ലൂ ഇക്കോണമി നയരേഖ

— ശ്രീ. വി. ആർ. സുനിൽ കുമാർ .. 451

(2) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ

—ശ്രീ. അനൂപ് ജേക്കബ് .. 455

**V സബ്മിഷൻ**

(1) കോടതി സമുച്ചയ നിർമ്മാണം

— ശ്രീ. കെ. പി. എ. മജീദ് .. 459

(2) പുതിയ ഡാം നിർമ്മാണം

—ശ്രീ. വാഴൂർ സോമൻ .. 460

(3) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

—ശ്രീ. വി. ജോയി .. 463

(4) റോഡ് വികസനം

—ഡോ. മാത്യു കുഴൽനാടൻ .. 465

*പേജ്*

(5) പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

— ശ്രീ. കെ. കെ. രാമചന്ദ്രൻ .. 466

(6) പുത്തൂർ-ചെനക്കൽ ബൈപ്പാസ്

— പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ .. 467

(7) ചാലക്കുടി ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

— ശ്രീ. സനീഷ്കുമാർ ജോസഫ് .. 468

(8) കേരള ചിക്കൻ പദ്ധതി

— ശ്രീ. ഒ. ആർ. കേളു .. 470

(9) ബസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം

— ശ്രീ. ജോബ് മൈക്കിൾ .. 472

(10) സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

— ശ്രീ. ജി. സ്റ്റീഫൻ .. 473

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 236(5) അനുസരിച്ചുള്ള കടലാസുകൾ .. 475

**VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി

— ഡോ. മാത്യു കുഴൽനാടൻ .. 476

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ .. 481

**IX അറിയിപ്പ്**

കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ ശിപാർശകളിലെ ഭേദഗതി .. 485

**X ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 486

—ധനാഭ്യർത്ഥന XXVII - സഹകരണം .. 579

—ധനാഭ്യർത്ഥന XXXIV - വനം .. 585

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 4, ബുധൻ*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2021 ആഗസ്റ്റ് മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*271)

**കോവിഡ് മരണങ്ങൾ സംബന്ധിച്ച കണക്കുകളിലെ അന്തരം**

1 (*271) ശ്രീ. പി. ടി. തോമസ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ കണക്കുകളും ആരോഗ്യ വകുപ്പിന്റെ കണക്കുകളും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2021 ജൂൺ 30 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ രേഖകൾ പ്രകാരം പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിനാല് കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ ഇതേ തീയതി വരെ ആരോഗ്യ വകുപ്പ് രേഖപ്പെടുത്തിയത് പതിമൂവായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് മരണങ്ങൾ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ചയുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയ മരണങ്ങൾ കണക്കിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, (എ) ഐ.സി.എം.ആർ-ഉം ഡബ്ല്യു.എച്ച്.ഒ-യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല.

(ബി&സി) ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണകാരണം കോവിഡ്മൂലമോ അല്ലയോ എന്നത് ചികിത്സിച്ച ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യ വകുപ്പ് 13,325 മരണങ്ങളാണ് കോവിഡ്മൂലമാണെന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽനിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ്മൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസ്സുകൾക്ക് RTPCR (Reverse Transcription Polymerase Chain Reaction) പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. ജില്ലകളിൽനിന്നും അയച്ചുതരുന്നതിൽ വ്യക്തത ഇല്ലാത്തതോ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകളുണ്ടെങ്കിൽ അവ പരിശോധിച്ച് പരിഹരിച്ചുതരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽനിന്നും അയച്ചുതന്നിരുന്ന എല്ലാ

മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ തരംതിരിക്കുന്നത്. 2021 ജൂൺ 16 മുതൽ അതത് ജില്ലയുടെ കോവിഡ് മരണക്കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തുവരുന്നു.

(ഡി) ജൂൺ 15 വരെ മരണം പ്രഖ്യാപിച്ചിട്ടുള്ള മരണപ്രഖ്യാപന രേഖ (Death Declaration Document), ലൈൻ ലിസ്റ്റ് എന്നിവ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസിൽ ലഭ്യമാണ്. പഞ്ചായത്ത് തലത്തിൽ ആരോഗ്യ കേന്ദ്രങ്ങളിലും ഇത് ലഭ്യമാക്കും. ബന്ധുക്കളാരെങ്കിലും കോവിഡ് ബാധിച്ചാണോ മരിച്ചതെന്ന് അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആയതു പരിശോധിക്കാൻ ഇതുവഴി സാധിക്കുന്നതാണ്. Death Declaration Document ബന്ധുക്കൾക്ക് നൽകുന്നതാണ്. സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO (World Health Organisation)-യുടേയും ICMR (Indian Council of Medical Research)-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെ അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന റിപ്പോർട്ട് ചെയ്യുന്ന മരണം ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തതിനുശേഷം സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യും. തത്സമയ എൻട്രി സംവിധാനമാണ് ഇതിലുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെയായതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടത്തെ ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. വീട്ടിൽ വച്ചുള്ള കോവിഡ് രോഗികളുടെ മരണം അതത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇത് സ്ഥിരീകരിച്ചശേഷം കോവിഡ് പോർട്ടലിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്നതിനാലാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. പരമാവധി കൃത്യതയോടുകൂടി മരണങ്ങൾ റിപ്പോർട്ട് ചെയ്യാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഒരു മാസത്തിനകം കൃത്യമായ കോവിഡ് മരണസംഖ്യ വെളിപ്പെടുത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വ്യക്തമാക്കിയത്. എന്നാൽ ഈ ചോദ്യത്തിന് മറുപടി പറഞ്ഞു കൊണ്ടിരിക്കുമ്പോൾപ്പോലും ആ വാഗ്ദാനം നടപ്പിലാക്കിയിട്ടില്ല. ഞാൻ രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്ന്, ജോസഫ് മാത്യു (84 വയസ്), എൽ.ഐ.ജി.-170, സുരഭി നഗർ, കാക്കനാട് - ഇദ്ദേഹം പി.വി.എസ്. ഹോസ്പിറ്റലിലാണ് മരണപ്പെട്ടത്. അതിനുശേഷം കളമശ്ശേരി മെഡിക്കൽ കോളേജിൽ ടെസ്റ്റ് നടത്തിയപ്പോൾ പോസിറ്റീവായിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട് (റിപ്പോർട്ട് ഉയർത്തിക്കാണിച്ചു). ആ റിപ്പോർട്ടിൽ അദ്ദേഹം മരണപ്പെട്ടിരിക്കുന്നത് കോവിഡ്മൂലമാണെന്ന് പറഞ്ഞിട്ടില്ല. രണ്ടാമത്തേത്, 13-5-2021-ൽ പാത്ത, എ.കെ. ഹൗസ്, ഉദിനൂർ പി.ഒ., കടന്നപ്പള്ളി, പാണപ്പുഴ പഞ്ചായത്ത്, കാസർഗോഡ് എന്ന സ്ത്രീ പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജിലാണ് മരിച്ചത്. അവർ മരണപ്പെട്ടതും കോവിഡ്മൂലമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത്രയും ഗുരുതരമായ സാഹചര്യങ്ങൾ നിലനിൽക്കെ ജനങ്ങളുടെ മുമ്പിൽ വസ്തുതകൾ മറച്ചുവച്ചുകൊണ്ടാണ് മരണം റിപ്പോർട്ട് ചെയ്യുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് വ്യക്തമാക്കാനുള്ളത്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വളരെ ഗൗരവമുള്ള വിഷയമെന്ന നിലയിൽ അർഹിക്കുന്ന ഗൗരവത്തോടുകൂടിയാണ് ആരോഗ്യ വകുപ്പ് ഇതിനെ കാണുന്നത്. ഇത്ര സമയത്തിനുള്ളിൽ ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധിച്ച് പ്രസിദ്ധീകരിക്കാമെന്ന് പറഞ്ഞിരുന്നുവെന്നത് ശരിയാണ്. കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ പരിശോധിച്ചുവരികയാണ്. ഈ കാര്യങ്ങൾ DMO (District Medical Officer)-മാരുടെ ശ്രദ്ധയിൽപ്പെടുത്തി നിർദ്ദേശങ്ങൾ നൽകിയപ്പോൾ കൂടുതൽ സമയം വേണമെന്ന് ആവശ്യപ്പെടുകയും അത്തരത്തിൽ സമയം അനുവദിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. മരണം ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അതുൾപ്പെടുത്തി കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, DME (Director of Medical Education)-യുടെ ഒരു ഉത്തരവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, കോന്നി, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിങ്ങനെ 12 മെഡിക്കൽ കോളേജുകളിലെ ഫൈനൽ ഇയർ പരീക്ഷകളുടെ റിസൾട്ട് വന്ന് താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മാത്രമാണ് നിർബന്ധിത ഒരു വർഷ ഇന്റേൺഷിപ്പ് തുടങ്ങാൻ റെഗുലേഷൻ

അനുവദിക്കുന്നുള്ളൂ എന്നുപറയുന്നുണ്ട്. എന്നാൽ നിലവിലുള്ള DME-യുടെ ഓർഡർ പ്രകാരം (ഓർഡർ നമ്പർ ഡി.എം.ഇ. 3347/2021/B1) ഫൈനൽ ഇയർ പാസ്സായോ ഇല്ലയോ എന്നുപോലും നിശ്ചയമില്ലാത്ത വിദ്യാർത്ഥികളോടാണ് മെഡിക്കൽ കോളേജിൽ രോഗികളെ പരിചരിക്കാനും ജോലിയിൽ പ്രവേശിക്കാനും പറഞ്ഞിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിലായതു കൊണ്ടാണ് ഞാൻ ഈ ചോദ്യം ഉന്നയിക്കുന്നത്. പരീക്ഷ പാസ്സാകാത്ത കുട്ടികളെ, കോവിഡ് ഡ്യൂട്ടിക്ക് നിയമിക്കുന്നത് പ്രശ്നത്തിന് ഇടയാക്കില്ലേ? നാളെ അവിടെ ഒരു രോഗി മരണപ്പെടുകയും അതുസംബന്ധിച്ച തർക്കം ഏതെങ്കിലും കോടതിയിൽ എത്തുകയോ ചെയ്താൽ ശുശ്രൂഷിക്കാൻ പോയതിന്റെ പേരിൽ ഈ വിദ്യാർത്ഥികളെയും ബാധിക്കും, രോഗിയെ സംബന്ധിച്ചും പ്രശ്നമാകും. ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ. ഇതുസംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, നിലവിൽ കഴിഞ്ഞ മൂന്നുമാസം ഹൗസ് സർജന്മാർക്ക് കാലാവധി ദീർഘിപ്പിച്ചുനൽകിയിരുന്നു. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ ധാരാളം രോഗികളുണ്ടായിരുന്ന ഒരു സാഹചര്യമായിരുന്നുവെന്ന് നമുക്ക് അറിയാം. ഇപ്പോൾ അതിന്റെ തീവ്രതയും രോഗികളുടെ എണ്ണവും മെഡിക്കൽ കോളേജുകളിലും മറ്റാശുപത്രികളിലും കുറഞ്ഞിട്ടുണ്ട്. കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്ന ഹൗസ് സർജന്മാർക്ക് പി.ജി. എൻട്രൻസ് പരീക്ഷ വരികയാണ്. ഹൗസ് സർജന്മാർ മരുന്ന് കുറിക്കുകയോ ചികിത്സ നിർദ്ദേശിക്കുകയോ ചെയ്യാറില്ല. സീനിയർ ഡോക്ടേഴ്സാണ് അതെല്ലാം ചെയ്യുന്നത്. രോഗികളെ അറ്റന്റ് ചെയ്യുക എന്നതാണ് ഹൗസ് സർജന്മാർ ചെയ്യുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് DME ഇടപെടൽ നടത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒന്നുകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, 23-7-2021-ന് ഇൻഫർമേഷൻ കേരള മിഷനിൽനിന്നും ലഭിച്ച കണക്കുപ്രകാരം കോവിഡ് ബാധിച്ച് മരണമടഞ്ഞവർ 23486 (2020 ജനുവരി മുതലുള്ളത്) ആണ്. എന്നാൽ ഇതേദിവസം മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നൽകിയ വാർത്താ കുറിപ്പിൽ ആകെ മരണം 16170 എന്നാണ് സൂചിപ്പിച്ചത്. ഇങ്ങനെ തെറ്റായ കണക്കുകളാണ് പുറത്തുവരുന്നത്. കോവിഡ് രോഗികളുടെ കണക്ക് പ്രസിദ്ധീകരിക്കുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ, ഇപ്പോഴത്തെ സാഹചര്യങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള കണക്കുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കോവിഡിന്റെ പ്രാരംഭ

ഘട്ടത്തിൽ പഞ്ചായത്തുതല സമിതി, വാർഡുതല സമിതി എന്നിങ്ങനെ വിവിധ സമിതികൾ രൂപീകരിച്ചു. കോവിഡ് മരണങ്ങളുടെ വ്യക്തമായ കണക്ക് പ്രസിദ്ധീകരിക്കാനും ഇത്തരം അന്തരങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, മരണം ഏതുവിധത്തിലാണ് സംഭവിച്ചത് എന്നതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നത് മെഡിക്കോ-ലീഗൽ ആക്ടിവിറ്റിയാണ്. ഇതുസംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഒരവ്യക്തതയുമില്ല, സുതാര്യമായ നിലപാടാണുള്ളത്. അങ്ങയുടെ കയ്യിലുള്ളത് ഏത് ഡോക്യുമെന്റാണെന്ന് എനിക്കറിയില്ല. ജൂൺ 14 മുതൽ നടപടികൾ പൂർണ്ണമായും സുതാര്യമാക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ഓൺലൈൻ എൻട്രിയായി മരണം റിപ്പോർട്ട് ചെയ്യുകയാണ്. മറ്റൊരു സംസ്ഥാനത്തും അങ്ങനെയുണ്ടെന്ന് തോന്നുന്നില്ല. ചികിത്സിക്കുന്ന ഡോക്ടറോ ആശുപത്രി സൂപ്രണ്ടോതന്നെ മരണം ഉടനെതന്നെ ഓൺലൈനായി റിപ്പോർട്ട് ചെയ്യുകയാണ്. അങ്ങനെ അപ്‌ലോഡ് ചെയ്യുന്നത് ജില്ലാതലത്തിൽ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരവ്യക്തതയും നിലനിൽക്കുന്നില്ല. ഇനി അഥവാ അതിനുമുമ്പുള്ള കാലഘട്ടത്തിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ, സഭയിലൂൾപ്പെടെ സൂചിപ്പിച്ച രീതിയിൽ, മരണം റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ അത് പരിശോധിക്കുന്ന നടപടി തുടരുകയാണ്. ഡി.എം.ഒ-മാർക്കുടി ആവശ്യപ്പെട്ട സാഹചര്യത്തിലാണ് അവർക്ക് പരിശോധനാ നടപടികൾക്ക് കൂടുതൽ സമയം അനുവദിച്ചിട്ടുള്ളത്. പരിശോധന ഉടൻ പൂർത്തിയാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, എന്റെ ചോദ്യത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്. കഴിഞ്ഞ ദിവസം കേരളത്തെ സംബന്ധിച്ച് നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ നടത്തിയ വിദഗ്ദ്ധ പഠനത്തിൽ കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന എ, ബി, സി, ഡി എന്ന ടി.പി.ആർ. നിരക്കുതിരിച്ചുള്ള രീതി അശാസ്ത്രീയമാണെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ, ബി, സി, ഡി പ്രകാരമുള്ള രീതി നിർദ്ദേശിച്ചത് ആരാണ്; ആ രീതി മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരളത്തിലെ കോവിഡ് പ്രതിരോധ മാർഗ്ഗങ്ങളെ സംബന്ധിച്ച് പോസിറ്റീവായ നിലപാടാണ് നിലനിൽക്കുന്നത്. ഇക്കാര്യത്തെ സംബന്ധിച്ച് ഇന്നലെ സഭയിൽ വിശദമായി ചർച്ച ചെയ്തതാണ്. കൃത്യമായ നിലപാടുകളാണ് കേരളം സ്വീകരിച്ചിട്ടുള്ളതെന്നും പ്രതിരോധ

സംവിധാനം മികച്ചതാണെന്നുമാണ് രാജ്യത്തെ പ്രമുഖ വൈറോളജിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ അഭിപ്രായപ്പെടുന്നത്. ടി.പി.ആർ. നിരക്കിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ ആരാണ് നിശ്ചയിക്കുന്നതെന്ന അങ്ങയുടെ ചോദ്യം സംബന്ധിച്ച് പറയാം. എൽ.എസ്.ജി.ഡി.-കളിൽ രോഗവ്യാപനം കൂടുതലായി നിലനിൽക്കുന്ന പ്രദേശങ്ങളെ എ, ബി, സി, ഡി. എന്നിങ്ങനെ തരംതിരിച്ചിരുന്ന രീതിയാണ് തുടർന്നുവരുന്നത്. അഞ്ച് ശതമാനത്തിൽ താഴെയുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ പത്ത് ശതമാനംവരെയുള്ള പ്രദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തരംതിരിച്ചിരുന്നത്. അത് ഫലപ്രദമായിരുന്നുവെന്ന് നമ്മൾ കണ്ടതാണ്. 'ഡി' കാറ്റഗറിയിലുള്ളവർ അവരുടെ ടി.പി.ആർ. നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് ശ്രമിച്ചു. ആ രീതിയിലൊരു ശ്രമം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുവരികയാണ്. മികച്ച രീതിയിലുള്ള സഹകരണം ജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായും മറ്റുവകുപ്പുകളും ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ഉൾപ്പെടുന്ന കോവിഡ് വിദഗ്ദ്ധ സമിതി കൃത്യമായി സംസ്ഥാനത്തെ സ്ഥിതിഗതികൾ വിലയിരുത്തി വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഡബ്ല്യൂ.എച്ച്.ഒ-യുടെ മാനദണ്ഡമനുസരിച്ചാണ് കോവിഡ് മരണങ്ങൾ സംസ്ഥാനത്ത് നിർണ്ണയിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഡബ്ല്യൂ.എച്ച്.ഒ.-യുടെ മാനദണ്ഡത്തിലെ ഏതുവ്യവസ്ഥ പ്രകാരമാണ് സംസ്ഥാനതലത്തിൽ മരണകാരണം നിർണ്ണയിക്കുന്നതിന് സമിതി രൂപീകരിച്ചത്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കോവിഡ് മരണങ്ങൾ സംബന്ധിച്ച് പ്രത്യേകമായൊരു സമിതി സംസ്ഥാനതലത്തിൽ ഒരു കാലഘട്ടത്തിലും രൂപീകരിച്ചിട്ടില്ല. ഡബ്ല്യൂ.എച്ച്.ഒ-യുടെയും ഐ.സി.എം.ആർ-ന്റെയും ഗൈഡ്ലൈൻസ് അനുസരിച്ചാണ് കോവിഡ് മരണങ്ങൾ സംബന്ധിച്ച കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. റിപ്പോർട്ട് ചെയ്യപ്പെടാത്ത മരണങ്ങളുണ്ടോ, അങ്ങനെയുണ്ടെങ്കിൽ അത് എത്രയാണ്, എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു തുടങ്ങിയ കാര്യങ്ങൾ ആരോഗ്യ വകുപ്പ് കൃത്യമായി പരിശോധിക്കുന്നതേയുള്ളൂ. ഒരു മരണം റിപ്പോർട്ട് ചെയ്യുമ്പോൾ അതിന്റെ ലാബ് റിസൾട്ടുൾപ്പെടെ മെഡിക്കൽ ബുള്ളറ്റിനിൽ ഉണ്ടാകണം. അതായത് മരണം സംഭവിച്ച ആശുപത്രിയിലെ ഡോക്ടർ സർട്ടിഫൈ ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിനിലുണ്ടാകണം. അതുപോലെ ആർ.ടി.പി.സി.ആർ. ടെസ്റ്റോ അല്ലെങ്കിൽ അതിന് തത്തുല്യമായിട്ടുള്ള പരിശോധനകളുടെ ലാബ് റിപ്പോർട്ടോ എസ്.ആർ.എഫ്. (Specimen Referral

Form) നമ്പർ ഉൾപ്പെടെയുണ്ടാകണം. ഇതുസംബന്ധിച്ചുള്ള രേഖകളുണ്ടെങ്കിലാണ് മരണം രേഖപ്പെടുത്തി അന്നേരം പ്രസിദ്ധീകരിച്ചിരുന്നത്. ഇതിലേതെങ്കിലും ഡോക്യുമെന്റുകൾ ഇല്ലാതെ പോയിട്ടുണ്ടെങ്കിൽ; ഒഴിവായി പോയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കോവിഡിന്റെ മൂന്നാം തരംഗത്തെ അതിജീവിക്കുന്നതിനാവശ്യമായ എല്ലാ പ്രതിരോധ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും എൽ.ഡി.എഫ്. സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് ഒരു രോഗലക്ഷണവും കാണാത്ത അവസ്ഥയിലുള്ള breakthrough infection, reinfection എന്നിവ കാരണം മരണം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, Breakthrough infection, reinfection എന്നിവ ആരോഗ്യ വകുപ്പ് ഗൗരവമായി പരിശോധിക്കുന്ന വിഷയങ്ങളാണ്. ഈയൊരു ഘട്ടത്തിൽ ICU occupancy-യും hospital occupancy-യും കുറയുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. രോഗത്തിന്റെ തീവ്രത കുറഞ്ഞു വരികയാണ്. Breakthrough infection - വാക്സിനേഷൻ സ്വീകരിച്ചവർക്ക് വീണ്ടും കോവിഡ് വരുന്നുണ്ടോ, reinfection നേരത്തെ അസുഖം വന്നവർക്ക് വീണ്ടും വരുന്നുണ്ടോയെന്നതാണ് അവലോകനം ചെയ്യുന്നത്. ആരോഗ്യ വകുപ്പ് നടത്തിയ പഠനത്തിൽ വ്യക്തമാകുന്നത് reinfection-ന്റെ നിരക്ക് വളരെയധികം കുറഞ്ഞിട്ടുണ്ടെന്നും എന്നാൽ breakthrough infections ഉണ്ടാകുന്നുണ്ടെന്നുമാണ്. രോഗലക്ഷണങ്ങൾ ഉണ്ടെങ്കിലും പനി മാത്രമാണെന്ന് പറഞ്ഞ് വീട്ടിലിരിക്കുകയും വൈകിമാത്രം ആശുപത്രിയിൽ പോകുകയും ചെയ്യുമ്പോഴാണ് രോഗം തീവ്രമാകുന്നത്. പൊതുവെ ആ രീതിയിലുള്ള ഹോസ്പിറ്റൽ അഡ്മിഷനുകൾ കുറഞ്ഞ സാഹചര്യമാണ് നിലവിലുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോവിഡിന്റെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും സർക്കാർ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരണനിരക്കുകളെക്കുറിച്ച് പരാതികൾ വന്നപ്പോൾ, അപ്പോൾ സംഭവിച്ചിട്ടുള്ള മരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുമെന്നുള്ള സർക്കാരിന്റെ തീരുമാനത്തെയും ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെയും ഞാൻ സ്വാഗതം ചെയ്യുന്നു. ഐ.സി.എം.ആർ-ന്റെയും ലോകാരോഗ്യ സംഘടനയുടെയും മരണകാരണം നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലംഘിച്ചതാണ് ഇവിടെയുണ്ടായിട്ടുള്ള പ്രശ്നം. ലോകാരോഗ്യ സംഘടനയുടെ ഇതുസംബന്ധിച്ച

നിർവ്വചനത്തിലെ ആദ്യത്തെ പാരഗ്രാഫിൽ 'all confirmed and possibility cases are Covid deaths' എന്നാണ് പറയുന്നത്. അതായത്, പോസിറ്റീവായി കൺഫേം ചെയ്യുന്നതും എന്നാൽ ലക്ഷണങ്ങൾ മനസ്സിലാക്കി ഇത് കോവിഡ് ആകാൻ സാധ്യതയുണ്ടെന്ന് ഡോക്ടർ തീരുമാനിക്കുന്നതുമായ കേസ്സുകളിൽപ്പെട്ട രോഗികൾ പിന്നീട് മരിച്ചാൽ അതിനെ കോവിഡ് മരണമായി കണക്കാക്കണമെന്നാണ്. രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നതിൽ പ്രധാനപ്പെട്ട കാര്യം, മറ്റേതെങ്കിലും അസുഖങ്ങളുണ്ടെങ്കിൽ, ഉദാഹരണമായി ക്യാൻസർ, വൃക്കസംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം അതുപോലെയുള്ള മാരകമെന്ന് സാധാരണ വിശേഷിപ്പിക്കുന്ന അപകടകരമായ രോഗങ്ങളുള്ളവർ കോവിഡ് വന്ന് പിന്നീട് മരിക്കുകയാണെങ്കിൽ അതിനെ കോവിഡ് മരണമായി കണക്കാക്കണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ക്യാൻസറായിരുന്ന ഒരാൾ പത്ത് വർഷംവരെ ചിലപ്പോൾ ജീവിച്ചിരുന്നേക്കാം. എന്നാൽ കോവിഡ് വന്നതുകൊണ്ടാണ് ആൾ മരിച്ചുപോയത്. വളരെ വ്യക്തമായി പറയുന്ന ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ-ന്റെയും മാനദണ്ഡങ്ങൾ ലംഘിച്ചതാണ് വിഷയം. ഗവൺമെന്റ് അങ്ങനെയൊരു തീരുമാനം എടുത്തതായി ഞാൻ പറയുന്നില്ല. പക്ഷേ റൂം മീറ്റിംഗുകളിലെല്ലാം ഇത്തരം മരണങ്ങളൊന്നും കോവിഡ് മരണങ്ങളായി കണക്കാക്കേണ്ടതില്ലെന്ന തീരുമാനം കേരളത്തിലെ എല്ലാ സ്ഥലങ്ങളിലേയ്ക്കും പോയി. ഐ.സി.എം.ആർ-ന്റെയും ലോകാരോഗ്യ സംഘടനയുടെയും മാനദണ്ഡങ്ങളനുസരിച്ച് നേരത്തെ മരിച്ചുപോയവരുടെ കേസ്സുകൾകൂടി ഇപ്പോൾ പരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കോവിഡ് മരണം സംബന്ധിച്ച് ഇങ്ങനെയൊരു ആക്ഷേപമുണ്ടായ സാഹചര്യത്തിലാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 14-ാം തീയതി ഓർഡർ ഇറക്കിയത്. അതിനുമുൻപുതന്നെ പത്ത് ദിവസംകൊണ്ട് ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കി കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നത് വളരെ സുതാര്യമാക്കണമെന്ന നിശ്ചയത്തോടുകൂടിയാണ് റിയൽ ടൈം എൻട്രി നടത്തിവരുന്നത്. ഗവൺമെന്റ് ഡബ്ല്യൂ.എച്ച്.ഒ.-യുടെയും ഐ.സി.എം.ആർ-ന്റെയും മാനദണ്ഡങ്ങളാണ് പിൻതുടരുന്നത്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് ഒരുകാര്യത്തിൽ ഉറപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. കോവിഡ് വന്ന് മരിച്ച ഒരാൾ കോവിഡ്മൂലം മരിച്ചുവെന്നുതന്നെ രേഖപ്പെടുത്തും. അതിൽ ഒരുതർക്കവുമില്ല. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അതിൽ ഒരേ അഭിപ്രായ സമന്വയമാണുള്ളതെന്നാണ് ഞാൻ കരുതുന്നത്. അക്കാര്യത്തിൽ ഒരു അവ്യക്തതയുമില്ല.

## സച്ചാർ കമ്മീഷൻ റിപ്പോർട്ട്

2 (*272) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇറക്കിയ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതിനെത്തുടർന്ന് പ്രസ്തുത വിഭാഗത്തിന് ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി പ്രത്യേക ഇംപ്ലിമെന്റേഷൻ സെൽ രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ;

(സി) ന്യൂനപക്ഷ സമുദായത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി അർഹതയുള്ളവർക്ക് പരാതികൾക്ക് ഇട നൽകാത്തവിധം നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഇല്ല.

(ബി) ഉണ്ട്. 22-4-2008-ലെ G.O.(Ms) No.137/08/GAD പ്രകാരം മൈനോറിറ്റി സെൽ രൂപീകരിച്ചു.

(സി) ന്യൂനപക്ഷ സമുദായത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി അർഹതയുള്ളവർക്ക് പരാതികൾക്ക് ഇടനൽകാത്തവിധം ലഭ്യമാക്കുന്നതിനായി ന്യൂനപക്ഷ സമുദായത്തിൽനിന്നും അർഹരായ അപേക്ഷകരുള്ളപക്ഷം, നിലവിൽ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിലോ കുറവുണ്ടാകരുതെന്ന വ്യവസ്ഥയോടെ സ്കോളർഷിപ്പ് നൽകുന്നതിന് 16-7-2021-ലെ G.O.(Ms)No.135/2021/GAD പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് അധികം വേണ്ടിവരുന്ന 6.2 കോടി രൂപ ബഡ്ജറ്റ് വിഹിതം കഴിച്ച് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജീവിതസൗഭാഗ്യങ്ങളുടെ മുഖത്തു നോക്കാൻപോലും തരപ്പെടാതെ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന ദുർബ്ബല വിഭാഗത്തെ കൈപിടിച്ചുയർത്തുന്നതിന് എന്തൊക്കെ ചെയ്യേണ്ടതുണ്ടെന്നാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നമ്മുടെ സംസ്ഥാനത്ത് നല്ല രീതിയിൽ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പാലോളി കമ്മിറ്റിയെ നിയോഗിച്ചത്. പക്ഷേ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ ബാക്കിയുണ്ട്. ഇന്നലെ പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ നിരവധി സംഘടനാ നേതാക്കൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഫലപ്രദമായ നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാണ് പാലോളി കമ്മിറ്റി രൂപീകൃതമായത്. പാലോളി കമ്മിറ്റിയുടെ ശിപാർശയനുസരിച്ചുള്ള നടപടികളാണ് പിന്നീട് മാറിമാറി അധികാരത്തിൽ വന്ന ഗവൺമെന്റുകൾ നടപ്പാക്കിയത്. ഇപ്പോൾ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായുള്ള ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കാതായിട്ടുണ്ടെന്ന പരാതി എന്തുകൊണ്ടാണ് ഉയർന്നുവന്നതെന്ന് നിവേദകസംഘത്തോട് ഞാൻ ചോദിച്ചിരുന്നു. അങ്ങനെയൊരു പരാതിയുണ്ടെങ്കിൽ എപ്പോഴും ന്യൂനപക്ഷ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താൽപ്പര്യപൂർവ്വം മുന്നിൽ നിൽക്കുന്ന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന കാര്യം ഉറപ്പാണ്. പക്ഷേ, ഈ പ്രശ്നം ഈ ഘട്ടത്തിൽ എന്തുകൊണ്ടാണ് ഉയർന്നുവന്നതെന്ന് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഞാൻ ഇപ്പോഴത് പരിശോധിക്കാനല്ല പുറപ്പെടുന്നത്. പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി നടപ്പിലാക്കിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് വന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ആർക്കും ഒരു പരാതിക്കും ഇടവരാത്ത രീതിയിൽ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധം തീരുമാനങ്ങളെടുത്തപ്പോൾ അനാവശ്യമായ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ചിലർ ശ്രമിക്കുന്നുണ്ട്. അതിൽ മറ്റ് ചില താൽപ്പര്യങ്ങളും കടന്നുവരുന്നുവെന്നത് സ്വാഭാവികമായും ആർക്കും കാണാവുന്നതാണ്. നമ്മുടേതായ തനിമ നിലനിർത്തുന്നതിനാണ് നാം ശ്രമിക്കേണ്ടത്. ആ തനിമ നഷ്ടപ്പെടുത്തുന്നതിനുള്ള ഒരുകാര്യവും സംഭവിക്കാതിരിക്കാൻ എല്ലാവരും ജാഗ്രത പാലിക്കണം. നിലവിലുള്ള ആനുകൂല്യങ്ങളിൽ ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിലോ കുറവുണ്ടാകരുതെന്ന വ്യവസ്ഥയോടെ സ്കോളർഷിപ്പ് നടപ്പാക്കുകയാണെന്ന് മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. –ഇതാണ് നമ്മുടെ

സമീപനം. ബാക്കി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ചർച്ച ചെയ്യാവുന്നതും ആവശ്യമായ നടപടി സ്വീകരിക്കാവുന്നതുമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി യു.ഡി.എഫ്. ഗവൺമെന്റ് 2012-ൽ പലിശരഹിതമായി പുനരാവിഷ്കരിക്കുകയുണ്ടായി. 2015-ൽ യു.ഡി.എഫ്. സർക്കാർ 3.75 കോടി രൂപ വാർഷിക ഗ്രാന്റായി നൽകുകയും ചെയ്തു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒരു പൈസപോലും ഗ്രാന്റായി കൊടുത്തിട്ടില്ല. ഈ ഇനത്തിൽ 10 കോടി രൂപ കുടിശ്ശികയുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് സദയം വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പ്രശ്നം നേരത്തെ സഭയിൽ ചർച്ചയ്ക്ക് വന്നഘട്ടത്തിൽ ഞാൻ വ്യക്തമാക്കിയതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രയാസങ്ങളുണ്ടാകുന്നുവെങ്കിൽ അത് നിർബന്ധമായും പരിഹരിക്കും. അതിൽ യാതൊരു വൈക്ലബ്യവും കാലതാമസവുമുണ്ടാകില്ല. അതാണ് സർക്കാരിന്റെ സമീപനം. മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി നടപടി സ്വീകരിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇടതുപക്ഷത്തിന്റെ 60 എം.പി.-മാരുടെകൂടി പിന്തുണയുണ്ടായിരുന്ന കാലത്താണ് യു.പി.എ. ഗവൺമെന്റ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് അന്വേഷണ കമ്മീഷന് സമർപ്പിക്കുകയും റിപ്പോർട്ട് വരികയും ചെയ്തിട്ടുള്ളത്. അർഹതപ്പെട്ടവർക്ക് ന്യായമായി ആനുകൂല്യം വിതരണം ചെയ്യുകയെന്ന നിലപാടായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ അതിൽ മാറ്റം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ചർച്ചയുണ്ടായത്. ഇന്ന് കിട്ടുന്നതിൽനിന്നും കുറവൊന്നും വരില്ല എന്നതാണ് അങ്ങ് ഇപ്പോൾ മറുപടിയിലും നേരത്തെയും പറയുന്നത്. ഇന്ന് 100 പേർക്ക് ലഭിക്കുന്നുണ്ടെങ്കിൽ നാളെയും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുമെന്നാണ് അതിനർത്ഥം. നമ്മുടെ സംസ്ഥാനത്ത് പുതിയ കോളേജുകളും കോഴ്സുകളും വരികയും ജനസംഖ്യാ വർദ്ധനവുണ്ടാകുകയും ചെയ്യുന്നു. വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് അവർക്കും ആനുകൂല്യം ലഭിക്കാനാവശ്യമായ നടപടിയുണ്ടാകണം. അതിനാൽ കഴിഞ്ഞ വർഷത്തേതിൽനിന്ന് കുറവുവരുന്നില്ലെന്ന് പറയുന്നതിനുപകരം അർഹതയുള്ള ഒരു വിദ്യാർത്ഥിക്കും വരുംകാലത്തും സ്കോളർഷിപ്പ് നഷ്ടമാകില്ലെന്ന് പറയാൻ സർക്കാരിന് കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണഗതിയിൽ, നിശ്ചയിക്കുന്ന അർഹതയ്ക്കനുസരിച്ച് അർഹതയുള്ളവർക്കെല്ലാം സ്കോളർഷിപ്പ് ലഭിക്കും. അക്കാര്യത്തിൽ ഒരുതരത്തിലുള്ള പ്രശ്നവുമുണ്ടാകില്ല.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ മുസ്ലീം സമുദായത്തിന് മാത്രമായി നടപ്പാക്കിയ പദ്ധതി നൂറുശതമാനം ഈ വിഭാഗത്തിന് ലഭിക്കുംവിധം ക്രമീകരിക്കുന്നതിനും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു പദ്ധതി നടപ്പിലാക്കി നൂറുശതമാനവും ഇരുകൂട്ടർക്കും ഗുണകരമായി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് സംസ്ഥാന ഗവൺമെന്റിന്റെ അധികാരവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അതിന് സർക്കാരിന് അധികാരമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കിക്കഴിഞ്ഞിരിക്കുകയാണ്. എന്നാൽ, സംസ്ഥാന ഗവൺമെന്റിന് അത്തരം ചെറിയ അധികാരങ്ങൾ നിലനിർത്തേണ്ടതുണ്ടെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട് അപ്പീൽ പോകാൻ തീരുമാനിച്ചിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയെ അടിസ്ഥാനപ്പെടുത്തി നിലകൊള്ളുന്ന ഒരു കാര്യമാണ്. സർക്കാരിന് അത്തരമൊരു വിവേചനാധികാരമുണ്ടാകണമെന്നതന്നെയാണ് അഭിപ്രായം.

ശ്രീ. കെ. പി. എ. മജീദ്: സർ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ നിയമിച്ച പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകൾ എത്രയെണ്ണമുണ്ടായിരുന്നു; അതിൽ എത്രയെണ്ണമാണ് പ്രാവർത്തികമാക്കിയത്?

ശ്രീ. പിണറായി വിജയൻ: സർ, മുസ്ലീം വിഭാഗത്തിന് ആറ് സ്കോളർഷിപ്പുകളാണ് അതിന്റെയടിസ്ഥാനത്തിൽ ഏർപ്പെടുത്തിയത്.

1. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (എസ്.എസ്.എൽ.സി., പ്ലസ്ടു, യു.ജി., പി.ജി., കൂടാതെ വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)

2. സ്വകാര്യ ഐ.ടി.ഐ-കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം

3. ചാർട്ടേർഡ് അക്കൗണ്ടൻസി, കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറിഷിപ്പ് സ്കോളർഷിപ്പ്

4. എ. പി. ജെ. അബ്ദുൽകലാം സ്കോളർഷിപ്പ്

5. മദർ തെരേസ സ്കോളർഷിപ്പ്

6. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുള്ളത് അർഹരായവർക്കെല്ലാം സ്ക്രീനിംഗില്ലാതെ ആനുകൂല്യങ്ങളും സ്കോളർഷിപ്പുമെല്ലാം നൽകുമെന്നാണ്. പക്ഷേ, 80:20 എന്ന അനുപാതം 41:59 ആക്കുമ്പോൾ സ്വാഭാവികമായും 80 ലഭിച്ചുകൊണ്ടിരുന്ന വിഭാഗത്തിന് 59 ആകുമ്പോൾ അത് കുറയുകയല്ലേ ചെയ്യുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സ്വാഭാവികമായുണ്ടാകുന്ന ആശങ്കയ്ക്ക് വ്യക്തതവരുത്തിക്കഴിഞ്ഞതിനുശേഷവും അടിസ്ഥാനരഹിതമായ ആശങ്ക എന്തുകൊണ്ട് നിലനിൽക്കുന്നുവെന്നുള്ളതാണ് പ്രശ്നം. നേരത്തെ അത്തരം ഒരു ആശങ്കയുണ്ടാകാം. പക്ഷേ, അക്കാര്യത്തിൽ ഒരു കുറവും ഉണ്ടാകില്ലെന്ന് വ്യക്തത വരുത്തിയിരിക്കുകയാണ്. എന്നാലും കുറവുണ്ടാകുമോ എന്നയാശങ്ക എന്തുകൊണ്ട് പിന്നെയും വരുന്നു; അതാണ് എനിക്ക് മനസ്സിലാകാത്ത കാര്യം. അപ്പോഴാണ് ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും ഉദ്ദേശ്യങ്ങളുണ്ടോ എന്ന സംശയം വരുന്നത്. ഉണ്ടാകില്ല എന്നുതന്നെയാണ് ഞാൻ കണക്കാക്കുന്നത്; സ്വാഭാവികമായും നമ്മളെല്ലാവരും ഒരേ വികാരത്തോടെയാണല്ലോ കാര്യങ്ങൾ കാണേണ്ടത്. അപ്പോൾ ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള മറച്ചുവയ്ക്കലും സർക്കാരിന്റെ ഭാഗത്തില്ല എന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈയൊരു കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംശയിക്കുന്നതുപോലെ ഒന്നുമില്ലെന്നതിന് തെളിവാണ് 2015-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനം. ആവശ്യമില്ലാത്ത ചർച്ച സമൂഹത്തിൽ ഉയർന്നുവരാൻ പാടില്ല. ബന്ധപ്പെട്ട പിന്നാക്ക വിഭാഗത്തിനായുള്ള കമ്മീഷൻ റിപ്പോർട്ടിൽ 80:20 എന്നുള്ള അനുപാതം വച്ച എന്നതാണ് ഇവിടെ സംഭവിച്ച അടിസ്ഥാനപരമായ കുഴപ്പം. പിന്നാക്ക വിഭാഗത്തിനുവേണ്ടിയുള്ള റെക്കമെൻഡേഷൻ നടപ്പിലാക്കുക എന്നുള്ളതാണ് അതിനുപകരം ചെയ്യേണ്ടിയിരുന്നത്. ഈ പ്രശ്നം മുഴുവൻ പാലോളി കമ്മിറ്റിക്ക് 2011-ൽ പറ്റിയ ഒരു മിസ്റ്റേക്കിൽനിന്നും ഉത്ഭവിച്ചതാണ്. ഇനി പല കമ്മീഷൻ റിപ്പോർട്ടുകളും വരാനുണ്ട്, അതിലെ ആനുകൂല്യം വേറെ വിഭാഗത്തിന് കൊടുക്കാൻ കഴിയുമോ; ഈ കേസ്സിൽ അപ്പീൽ പോയതുകൊണ്ട് കാര്യമൊന്നുമില്ല. ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ

ബാക്ക്‌വേഡ്നസിനുവേണ്ടി ശിപാർശകൾ വന്നാൽ അത് ആ ജനവിഭാഗത്തിനു വേണ്ടി നടപ്പിലാക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായ വിഷയം. ഇനി കോശി കമ്മീഷൻ റിപ്പോർട്ട് വരാനുണ്ട്. അതെടുത്ത് വേറെയേതെങ്കിലും വിഭാഗത്തിന് കൊടുക്കാൻ കഴിയുമോ? അതവരുടെ പിന്നാക്കാവസ്ഥ മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. ഏതെങ്കിലുമൊരു ഘട്ടത്തിൽ ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുത്ത് ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രാവർത്തികമാക്കിയാൽ സമൂഹത്തിൽ ഈ ചർച്ചയുണ്ടാകില്ല. അതാണ് കേരളത്തിന്റെ തനിമ നിലനിർത്താൻ ഏറ്റവും നല്ലത്. ഇക്കാര്യം സർവ്വകക്ഷിയോഗത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. നിയമപരമായ തടസ്സമുണ്ട് എന്നായിരിക്കാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിക്കുന്നത്. ഞാൻ വിചാരിക്കുന്നത്, നയപരമായ ഒരു കാര്യം തീരുമാനിച്ചാൽ ഗവൺമെന്റിന് കുഴപ്പമൊന്നും ഉണ്ടാകില്ലെന്നാണ്. 80:20 അനുപാതം സംബന്ധിച്ച് അപ്പീൽ പോയാൽ ഒരു തട്ടുംകൂടി കിട്ടുമെന്നേയുള്ളൂ. അല്ലാതെ വേറെ ഗുണമുണ്ടാകാൻ പോകുന്നില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ നേരത്തെ പരാമർശിച്ച പ്രശ്നവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽനിന്നും തട്ട് കിട്ടുമോ തലോടൽ കിട്ടുമോ എന്നുള്ളതല്ല പ്രശ്നം. സുപ്രീം കോടതിയുടെ വിശാല ബെഞ്ചിനുമുന്നിൽ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. സ്വാഭാവികമായും സംസ്ഥാന സർക്കാരിന്റെ അധികാരവുമായി ബന്ധപ്പെട്ട ഒരു കാര്യമായതിനാൽ ഈ പ്രശ്നംകൂടി അതിൽ ഉൾക്കൊള്ളുന്നതാണ്. അതിന്റെ ഭാഗമായി നമുക്ക് അപ്പീൽ പോയേ തീരൂ എന്നതാണ് അവസ്ഥ. ഇക്കാര്യത്തിൽ ഇപ്പോൾ ഹൈക്കോടതി പറഞ്ഞിട്ടുള്ളത്, നോട്ടിഫൈ ചെയ്ത എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ തുല്യമായ സ്കോളർഷിപ്പ് വിതരണം ചെയ്യണമെന്നാണ്. അങ്ങനെയൊരു ഉത്തരവ് വന്നുകഴിഞ്ഞാൽ പിന്നെ നമ്മുടെ മുന്നിൽ വേറെ മാർഗ്ഗങ്ങളില്ല. ഇക്കാര്യത്തിൽ എന്ത് വേണമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞിട്ടുള്ളത് ഭാവിയിലെ കാര്യങ്ങളാണ്. ആ ഘട്ടത്തിൽ എന്തു വേണമെന്നുള്ളത് നമുക്കെല്ലാവർക്കുംകൂടി ആലോചിക്കാം; അതുസംബന്ധിച്ച് ഇപ്പോൾ തീരുമാനം എടുക്കേണ്ടതില്ല.

ഡോ. എം. കെ. മുനീർ: സർ, നമ്മൾ സംസാരിക്കുന്നത് സച്ചാർ കമ്മിറ്റിയെയും സച്ചാർ കമ്മിറ്റിയുടെ ഇംപ്ലിമെൻഡേഷനുവേണ്ടി രൂപം കൊണ്ട പാലോളി കമ്മിറ്റിയെയും സംബന്ധിച്ചാണ്. സച്ചാർ കമ്മിറ്റിയിൽ സ്കോളർഷിപ്പിന് പുറമെ 72 ശിപാർശകളുമുണ്ട്. അതുപോലെ തന്നെ പാലോളി കമ്മിറ്റിയും ധാരാളം ശിപാർശകൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഉദാഹരണത്തിന്, മദ്രസ്സയിൽ വിദ്യാഭ്യാസം

പൂർത്തീകരിക്കുന്നവരുടെ സർട്ടിഫിക്കറ്റ് വേണമെങ്കിൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്കും മറ്റുള്ള പരീക്ഷകൾക്കും വിനിയോഗിക്കുന്നതിൽ തെറ്റില്ല എന്നുപറയുന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിലെ എല്ലാ കമ്മ്യൂണിറ്റിക്കും മദ്രസ്സയില്ലല്ലോ; മദ്രസ്സ ഒരു കമ്മ്യൂണിറ്റിക്ക് മാത്രമല്ലേയുള്ളൂ; സച്ചാർ കമ്മിറ്റി രൂപീകരിച്ചത് ഒരു കമ്മ്യൂണിറ്റിയുടെ കാര്യത്തിനുവേണ്ടിയായതു കൊണ്ടാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. ഞങ്ങൾ പറയുന്നതിനെ വേറൊരു രീതിയിൽ അങ്ങ് എടുക്കരുത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ ഇംപ്ലിമെൻഡേഷൻ സെല്ലില്ലെങ്കിൽ ഈ 72 ശിപാർശകളും നടപ്പിലാക്കാൻ കഴിയില്ല; ഇത് minority സെൽ മാത്രമല്ല, തദ്ദേശസ്വയംഭരണം, ആരോഗ്യ-കുടുംബക്ഷേമം എന്നീ പല വകുപ്പുകളാണ് നടപ്പിലാക്കേണ്ടത്; ആ വകുപ്പുകളിലൊക്കെ നടപ്പിലാക്കേണ്ട പദ്ധതിയെക്കുറിച്ച് സെൻട്രൽ ക്യാബിനറ്റ് ഡിസിഷൻ എടുത്തിട്ടുള്ളൊരു വിഷയത്തിൽ പാലോളി കമ്മിറ്റി മുസ്ലീം സാമുദായിക നേതാക്കളുമായി മാത്രമാണ് ചർച്ച ചെയ്തത്; ഇനി കോശി കമ്മീഷൻ റിപ്പോർട്ടിൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റിക്കുവേണ്ടി ശിപാർശ ചെയ്താൽ, അത് പൂർണ്ണമായും നടപ്പിലാക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇത് കമ്മ്യൂണിറ്റികൾ തമ്മിലുള്ള തർക്കമാക്കി മാറ്റരുത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലും പാലോളി റിപ്പോർട്ടിലും പറഞ്ഞിട്ടുള്ളത് നടപ്പിലാക്കുന്നതിനുവേണ്ടി അങ്ങ് ഞങ്ങളുടെ അപേക്ഷ നിരസിക്കരുതെന്നുള്ളതാണ് പറയാനുള്ളത്; അത് ചെയ്യാൻ അങ്ങ് തയ്യാറാകുമോ; ഇംപ്ലിമെൻഡേഷൻ സെൽ രൂപീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2006-2011 കാലത്ത് എൽ.ഡി.എഫ്. സർക്കാർ ഭരണം നടത്തുകയുണ്ടായി. 2011 മുതൽ 2016 വരെ യു.ഡി.എഫ്. സർക്കാരായിരുന്നു. 2016 മുതൽ 2021 വരെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും അത് തുടരുകയും ചെയ്യുന്നു. മാറിമാറി അധികാരത്തിലിരുന്ന ഘട്ടങ്ങളിലൊക്കെ ചെയ്ത നടപടിയെന്താണ്? ആ നടപടിയാണ് ഇപ്പോഴും സ്വീകരിച്ചുവരുന്നത്. അതാണ് നാം കാണേണ്ട ഒരു കാര്യം. മൈനോറിറ്റി സെല്ലിന്റെ കാര്യം അദ്ദേഹം പറയുകയുണ്ടായി. 2008 ഏപ്രിൽ 22-നാണ് minority സെൽ രൂപീകരിച്ച് ഉത്തരവ് വരുന്നത്. ആ minority സെല്ലാണ് പിന്നീട് ന്യൂനപക്ഷക്ഷേമ വകുപ്പായി മാറിയത്. ഈ തരത്തിലാണ് കാര്യങ്ങൾ നീക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ പാലോളി കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി ഏതെങ്കിലും ശിപാർശകൾ ഇനിയും നടപ്പാക്കപ്പെടേണ്ടതായിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ നമുക്ക് തുറന്ന മനസ്സോടെ പരിശോധിക്കാം. അതിനാർക്കാണ് വിഷമമുള്ളത്? അതുസംബന്ധിച്ച് ഞാൻ നേരത്തെതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

## കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിലെ വീഴ്ച

3 (*273) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിലും അന്വേഷണം നടത്തുന്നതിലും പോലീസിന് വീഴ്ച സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വാളയാറിലും പാലത്തായിയിലും കുണ്ടറയിലും അടക്കമുള്ള കേസ്സുകളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾക്ക് ജയിലുകളിൽ ഫോണടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുവെന്ന ആരോപണത്തിലുൾപ്പെട്ട ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതിക്കാർ നേരിട്ടെത്തണമെന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന "aparajitha.pol@kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനുപുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ

9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. സ്ത്രീകൾ നേരിടുന്ന സൈബർ ലോകത്തിലെ അതിക്രമങ്ങൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസിന്റെ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യയിടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. ഇതിനുപുറമേ പരാതികളിൽ സ്ത്രീ പക്ഷത്തുനിന്നുകൊണ്ട് ഫലപ്രദമായി ഇടപെടുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി വഴി നൽകും. അതോടൊപ്പം നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധസംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യംവയ്ക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചാൽ ശാസ്ത്രീയ തെളിവുകൾപ്പെടെ ശേഖരിച്ച് അതിവേഗം കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവരുന്നുണ്ട്. എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ ഇത്തരം കേസ്സുകളുടെ പുരോഗതി വിലയിരുത്താറുണ്ട്. വീഴ്ചയോ അപാകതയോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിച്ചുവരുന്നു.

(ബി) പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 94/2020 ആയി രജിസ്റ്റർ ചെയ്തു പാലത്തായി കേസ്സിൽ അന്വേഷണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ്സന്വേഷണം യഥാസമയം ക്രൈം ബ്രാഞ്ചിനെ ഏൽപിക്കുകയും ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട ജില്ലാ അഡീഷണൽ സെഷൻസ് കോടതിയിൽ (POCSO Court) കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പള്ളത്ത് പെൺകുട്ടികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 43/2017, 240/2017 എന്നിങ്ങനെ രണ്ടുകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ വീഴ്ചവരുത്തിയ സബ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തു. തുടർന്ന് വകുപ്പുതല ശിക്ഷാനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം മേൽനോട്ട വീഴ്ചയുണ്ടായെന്ന് കണ്ടെത്തിയ ഇൻസ്പെക്ടർക്കെതിരെയും അന്വേഷണം നടത്തി ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്. കുണ്ടറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1776/2021 കേസ്സിൽ വീഴ്ചവരുത്തിയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

(സി) ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ 2014-ൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തുകയുണ്ടായി. ഇതേത്തുടർന്ന് 5 ജീവനക്കാരെ വിവിധ ജയിലുകളിലേയ്ക്ക് സ്ഥലം മാറ്റി. ഇക്കാര്യത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 854/2014 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ 2019-ൽ നടന്ന റെയ്ഡിലും സമാനമായ കണ്ടെത്തലുകളുണ്ടായതിനെത്തുടർന്ന് തടവുകാരെ ആ ജയിലിൽനിന്നും മാറ്റിപ്പാർപ്പിച്ചു. ഇക്കാര്യത്തിൽ ക്രൈം നമ്പർ 632/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് വിയ്യൂർ പോലീസ് അന്വേഷണം നടത്തിവരുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മൾ ഒരു പരിഷ്കൃത സമൂഹത്തിൽ ജീവിക്കുന്നവരാണെന്ന് അഭിമാനിക്കുമ്പോഴും സ്ത്രീകൾ ഏറ്റവും കൂടുതൽ ജീവിതം ഹോമിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ഭരണത്തലവനായ ബഹുമാനപ്പെട്ട ഗവർണർക്ക് ഒരു ദിവസം ഉപവസിക്കേണ്ട സ്ഥിതിപോലും കേരളത്തിലെ സ്ത്രീധന പീഡനത്തിന്റെ പേരിലുണ്ടായി. കുട്ടികൾ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത് ഈ ലോക്ക്ഡൗൺ കാലത്താണ്. കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന കേസ്സുകളിൽ 4.4 ശതമാനം കുറ്റവാളികൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. കേരളത്തിൽ അർച്ചന, തുഷാര, ഉത്ര, വിസ്മയ തുടങ്ങിയ സ്ത്രീകളെപ്പോലെ ധാരാളം ആത്മഹത്യകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 28 കുടുംബ കോടതികളിലായി ഒരു ലക്ഷത്തിലേറെ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. രണ്ട് പെൺകുട്ടികളെ കൊന്ന് കെട്ടിത്തൂക്കിയവർക്ക് മതിയായ ശിക്ഷവാങ്ങിക്കൊടുക്കാത്ത വാളയാർപോലുള്ള സംഭവങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ടായി. സ്ത്രീധന നിരോധന നിയമവും സ്ത്രീ സംരക്ഷണ നിയമവുമുണ്ടായിട്ടും ഇതെല്ലാം കേരളത്തിൽ സംഭവിക്കുകയാണ്. ഇതുപോലുള്ള പ്രശ്നങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാനും കർശനമായി തടയാനും ഗവൺമെന്റ് എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് നമ്മുടെ സമൂഹത്തിന് യോജിക്കാത്ത കാര്യം തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തരത്തിൽ നമ്മുടെ സമൂഹം, രാജ്യത്തിനുതന്നെ മാതൃകയാണ്. എന്നാൽ സമൂഹത്തിനാകെ അപമാനമുണ്ടാകത്തക്ക രീതിയിലുള്ള ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നുവെന്നത് നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അതാണ് ബഹുമാന്യനായ ഗവർണറെപ്പോലെ ഉന്നതനായ ഒരു വ്യക്തി ഗാന്ധിയൻ സത്യാഗ്രഹത്തിലൂടെ, ഉപവാസത്തിലൂടെ, പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള ബോധവൽക്കരണ പ്രക്രിയയുടെ ഭാഗമായ ഉപവാസത്തിലേയ്ക്ക് എത്തിയത്. മാത്രമല്ല അദ്ദേഹം എല്ലാ ജനപ്രതിനിധികൾക്കും ഇപ്പോൾ ഒരു കത്ത് അയയ്ക്കുന്നതായിട്ടാണ്

മനസ്സിലാക്കുന്നത്. നാം എല്ലാവരും ശ്രദ്ധിക്കേണ്ടൊരു കാര്യം അദ്ദേഹം എടുത്തുപറയുന്നുമുണ്ട്. സ്ത്രീധനം വാങ്ങുന്നൊരു കല്യാണമാണെന്നറിഞ്ഞാൽ അതിൽ പങ്കെടുക്കാതിരിക്കുകയും അതിനെ എതിർക്കുന്ന സമീപനം സ്വീകരിക്കുകയും ചെയ്യണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. അത്തരത്തിലുള്ളൊരു ബോധവൽക്കരണ പ്രക്രിയ നമ്മുടെ നാട്ടിൽ വലിയ തോതിൽ ഉയർന്നുവരേണ്ടതായിട്ടുണ്ട്. അതിന് സർക്കാർ മുന്നിൽ നിൽക്കുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. നമ്മുടെ നാട്ടിലെ എല്ലാ ജനവിഭാഗങ്ങളും ഇതുമായി ബന്ധപ്പെട്ടുള്ള പ്രചരണപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ വ്യക്തമാക്കിയ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട ഒട്ടേറെ നടപടികൾ ഇതോടൊപ്പം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജയിലിൽ നിരീക്ഷണ ക്യാമറകൾ ഉണ്ടെങ്കിലും അത് കുറ്റവാളികൾ തന്നെ എറിഞ്ഞുടയ്ക്കുന്ന സ്ഥിതിയുണ്ട്. ക്യാമറകളും മൊബൈൽ ജാമറുകളും പ്രവർത്തിക്കുന്നില്ല. കോടതിയിൽ കൊണ്ടുപോയി തിരിച്ചുവരുമ്പോഴാണ് പ്രതികൾക്ക് മദ്യവും ഫോണുമൊക്കെ കൈമാറുന്നത്. അതുകൊണ്ട് ജയിൽ കവാടത്തിൽ സ്കാനർ പ്രവർത്തിപ്പിക്കാൻ ആലോചനയുണ്ടായിട്ടും പ്രവർത്തിപ്പിക്കുന്നതായി തോന്നുന്നില്ല. മൊബൈൽ ഫോൺ ആവശ്യംപോലെ ലഭിക്കുന്നു. മദ്യം ലഭിക്കുന്നു, മദ്യം ഒഴിച്ചുണക്കിയ മാംസംപോലും ലഭിക്കുന്നു എന്നതാണ് ജയിലിലെ സ്ഥിതി. പുറത്തുള്ളതിനെക്കാൾ സൗകര്യം ജയിലിൽ കിടക്കുമ്പോഴാണെന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ജയിലിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതായി അങ്ങ് പറയുകയുണ്ടായി. ജയിലിലെ ഉദ്യോഗസ്ഥർക്ക് കുറ്റവാളികളുടെ മുമ്പിൽ ഉറക്കെക്കരയാൻപോലും കഴിയാത്ത നിലയിൽ അവർ നിസ്സഹായരാണ്. ജയിലിൽ കിടന്ന് സ്വർണ്ണക്കള്ളക്കടത്തുവരെ നിയന്ത്രിക്കാൻ സാധിക്കുന്നതായി പല വാർത്തകളും പുറത്തുവന്നിട്ടുണ്ട്. ഇക്കാര്യത്തിലെല്ലാം പോലീസ് ദയനീയമായി പരാജയപ്പെട്ടുവെന്ന് ഞാൻ ആരോപിക്കുന്നില്ല. കാരണം അത് അങ്ങേയ്ക്ക് അലോസരമുണ്ടാകും. അതുകൊണ്ട് ജയിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാനും ജയിലിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് എന്തിനാണ് ഇതിൽ അലോസരമുണ്ടാകുന്നത്? യഥാർത്ഥത്തിൽ ഇത് സ്ഥലജല വിഭ്രമമോ സ്ഥലകാല വിഭ്രമമോ ആണോയെന്ന് എനിക്കറിയില്ല. ബഹുമാന്യനായ അംഗം മലർന്ന് കിടന്ന് തുപ്പുകയാണ്. അദ്ദേഹം കാര്യങ്ങൾ അറിയാത്തൊരു ആളല്ല.

2014-ലാണെന്ന് ഞാൻ ഉത്തരത്തിൽ പറഞ്ഞിരുന്നു. 2011 മുതൽ 2016 വരെ ഇവിടെ ഏത് ഗവൺമെന്റായിരുന്നു അധികാരത്തിൽ ഉണ്ടായിരുന്നതെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മറന്നുപോയോ; അന്ന് ബഹുമാന്യനായ അംഗം ആരായിരുന്നു. ഇക്കാര്യത്തിൽ എനിക്ക് എന്തിനാണ് അലോസരമുണ്ടാകുന്നത്? ടി. പി. ചന്ദ്രശേഖൻ കേസ്സിലെ പ്രതികളെ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്ക് കൊണ്ടുവന്നു. വിയ്യൂർ സെൻട്രൽ ജയിലിൽ എത്തിയതിനുശേഷമാണ് അവിടെ പരിശോധന നടക്കുന്നത്. 4-6-2014-ൽ സെല്ലുകളിൽ നടത്തിയ പരിശോധനയിലാണ് സിം കാർഡും മൊബൈൽ ഫോണുമെല്ലാം കണ്ടെടുക്കുന്നത്. ആ വിഷയത്തിലാണ് ജയിൽ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയത്. അതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഞാൻ എന്തിനാണ് അക്കാര്യത്തിൽ വിഷമിക്കുന്നത്. ഏത് ഗവൺമെന്റായാലും തടവുകാർ നിയമം ലംഘിച്ചുള്ള ചില നടപടികൾ സ്വീകരിക്കാറുണ്ട്. അതിൽ നിയമപരമായ നടപടികൾ സ്വീകരിച്ച് നിയമപാലനം ഉറപ്പുവരുത്തുകയെന്നതാണ് ഒരു സർക്കാർ ചെയ്യേണ്ടത്. നിങ്ങളുടെ ഭരണകാലത്ത് കേസ്സെടുത്ത് അന്വേഷിച്ചു, തുടർന്ന് കുറേക്കാലം കഴിഞ്ഞ് പരിശോധന നടന്നപ്പോൾ അവിടെ വീണ്ടും ഈ പറയുന്ന കാര്യങ്ങൾ കണ്ടെത്തിയപ്പോൾ 2019-ൽ അവിടെനിന്ന് മാറ്റുകയുണ്ടായി. അത് ഈ ഗവൺമെന്റാണെന്ന് പറയാം. അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുകയാണ് ചെയ്തത്. അത് അങ്ങേയ്ക്ക് അറിയാത്തതല്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾക്കെതിരെയെടുത്ത നടപടികളെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. സ്പെസിഫിക്കായിട്ടുള്ള ചോദ്യമാണ്. ഇവർ ജയിലിലിരുന്ന് നിരന്തരം കുറ്റംകൃത്യം ചെയ്യുന്നതായി ഗവൺമെന്റ് കണ്ടിട്ടുണ്ടോ; അങ്ങനെ ഒരു കുറ്റകൃത്യം ആവർത്തിച്ച് ജയിലിൽ ചെയ്യുകയും ജയിലിന്റെ പൊതുസുരക്ഷയ്ക്ക് വിരുദ്ധമായ നടപടിയിലേയ്ക്ക് പോകുകയും ചെയ്യുന്നവർക്കെതിരെ എന്ത് നിയമനടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ചില വാർത്തകൾ വന്നുവെന്നത് ശരിയാണ്. ആ വാർത്തകളുടെ അടിസ്ഥാനത്തിൽ നിജസ്ഥിതിയെന്താണെന്ന് പരിശോധിക്കാൻ രണ്ട് തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യമായി ചെയ്തത് ജയിൽ ഭരണസംവിധാനം കൂടുതൽ ശക്തമാക്കുകയെന്നുള്ളതായിരുന്നു. ശ്രീ. ഋഷിരാജ് സിംഗിനെ ജയിൽ വകുപ്പിൽ നിയമിച്ചു. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പോലീസ് ശക്തമായ നിലയിൽ കാര്യങ്ങൾ അന്വേഷിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. വസ്തുതാപരമായ തെളിവുകൾ ലഭിച്ചോ എന്ന് ചോദിച്ചാൽ ഇല്ലെന്ന് പറയേണ്ടി വരും. എന്നാൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട് പരിശോധന നടത്താനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കേരളത്തിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ സമീപകാലത്ത് വർദ്ധിച്ചുവരുന്നുവെന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. അവർക്കുവേണ്ട സഹായവും സംരക്ഷണവും പിന്തുണയും നിയമസഹായവും വനിതാ കമ്മീഷനാണ് നൽകേണ്ടത്. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തെങ്കിലും നിർദ്ദേശം വനിതാ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പൊതുവായി കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ളതല്ല വനിതാ കമ്മീഷൻ. വനിതകൾക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ വനിതാ കമ്മീഷന് സാധിക്കും. ആ ഇടപെടൽ വനിതാ കമ്മീഷൻ നടത്തുന്നുമുണ്ട്. അങ്ങനെ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ ചില പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ടാകും. അത്തരം കാര്യങ്ങൾ ഗവൺമെന്റുമായി ചർച്ച ചെയ്യുന്ന രീതി വനിതാ കമ്മീഷൻ സ്വീകരിക്കാറുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം കൃത്യമായി വിചാരണ നടത്തി കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് നീതിനിർവ്വഹണത്തിന്റെ പ്രധാന കാര്യമാണ്. കഴിഞ്ഞയാഴ്ചയിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ നൽകിയൊരു മറുപടിയിൽ പോക്സോ കേസ്സുകളിൽ കേരളത്തിൽ കൺവിക്ഷൻ റേറ്റ് കേവലം 4.4 ശതമാനം മാത്രമാണെന്ന് പറയുകയുണ്ടായി. അതിന്റെ ദേശീയ ശരാശരി ഏകദേശം 12 ശതമാനമാണ്. പോക്സോ കേസ്സുകളിൽ കേരളത്തിൽ ശിക്ഷിക്കപ്പെടുന്നത് (കൺവിക്ഷൻ റേറ്റ്) ദേശീയ ശരാശരിയുടെ മൂന്നിലൊന്ന് മാത്രമാണ്. ഇങ്ങനെയുള്ള കേസ്സുകളിൽ, പ്രത്യേകിച്ച് വാളയാർ കേസ്സിലും പാലത്തായി കേസ്സിലുമൊക്കെ കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ വിചാരണയ്ക്ക് വരുമ്പോൾ അവിടെ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഗുരുതര വീഴ്ച സംഭവിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നുണ്ട്. അത് കോടതി തന്നെ എടുത്തുപറഞ്ഞിട്ടുള്ള സാഹചര്യങ്ങളുമുണ്ട്. പോക്സോ കേസ്സുകളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും കോടതിയിൽ വരുമ്പോൾ ഇത്തരം സാഹചര്യത്തിൽ ഏത് ഗവൺമെന്റായാലും രാഷ്ട്രീയത്തിനതീതമായി, പരിശീലനം ലഭിച്ചിട്ടുള്ള പ്രോസിക്യൂട്ടർമാരെ നിയമിച്ചുകൊണ്ടും ഈ കേസ്സുകളുടെ വിചാരണ കൃത്യമായി നടക്കുന്നുണ്ടെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോക്സോ കേസ്സുകളുടെയും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളുടെയും കാര്യത്തിൽ ശക്തമായ നടപടികളിലേയ്ക്കുതന്നെയാണ് സർക്കാർ നീങ്ങുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേസ്സുകൾ ചിലത് വിട്ടുപോകുന്ന സാഹചര്യമുണ്ട് എന്നത് ശരിയാണ്. അതിന്റെയൊരു പ്രധാന ഘടകം ചിലഘട്ടങ്ങളിൽ ഈ കേസ്സുമായി ബന്ധപ്പെട്ട് ഇരയുടെ കുടുംബത്തിന്മേൽ പലതരത്തിലുള്ള സമ്മർദ്ദം ചെലുത്തുന്നു എന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അപൂർവ്വം ചില കേസ്സുകളിൽ പ്രോസിക്യൂഷന്റെ പരാജയവും കാണും. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ശക്തമായ തരത്തിൽ ശിക്ഷ ഉറപ്പുവരത്തക്കരീതിയിലുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്; അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. എം. രാജഗോപാലൻ: സർ, പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ ബി.ഡി.എസ്. വിദ്യാർത്ഥിനിയും 24 വയസ്സുകാരിയുമായ മാനസയെ എം.ബി.എ. ബിരുദധാരിയും 32-കാരനുമായ രാഖിൽ വെടിവച്ചുകൊന്നശേഷം ആത്മഹത്യ ചെയ്യുകയായിരുന്നു. കാമുകന്മാരുടെ കുടുംബാംഗങ്ങളാലും ചില കുടുംബങ്ങളിലെ പെൺകുട്ടികൾ ആക്രമിക്കപ്പെടുന്ന സ്ഥിതിയും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ഇത്തരം നിരാകരണക്കൊലയ്ക്കെതിരെ ശക്തമായ കേസ്സുകൾ ചാർജ്ജുചെയ്ത് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യുവജനകമ്മീഷനെയും സംസ്ഥാനത്തെ യുവജനവിദ്യാർത്ഥി സംഘടനകളെയുമെല്ലാം പ്രയോജനപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനത്തിന് സർക്കാർ നേതൃത്വം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരമൊരു പ്രശ്നം വന്നപ്പോൾ തന്നെ നമ്മുടെ സമൂഹത്തിൽ ബോധവൽക്കരണത്തിന് ഉപകരിക്കും വിധമുള്ള ഇടപെടലുകൾ വിവിധ മാധ്യമങ്ങളും സംഘടനകളുമെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് കാണുന്നത് സന്തോഷകരമാണ്. പ്രണയവികാരത്തിന്റെ ഭാഗമായി ഇത്തരമൊരു പ്രതികാര വികാരത്തിലേയ്ക്ക് മാറാൻ പാടില്ലെന്ന ഒരു സന്ദേശം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഉപകരിക്കുംവിധമാണ് ഈ ഇടപെടലുകളുണ്ടായിട്ടുള്ളത്. ബോധവൽക്കരണപ്രവർത്തനങ്ങളിൽ കൂടുതലായി സർക്കാരിന് എന്താണ് ചെയ്യാൻ കഴിയുകയെന്നത് ആലോചിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 'മാതാ പിതാ ഗുരു ദൈവം' എന്നതാണ് നമ്മുടെ സങ്കൽപ്പം. മാതാവിനും പിതാവിനും ദൈവത്തോടുമൊപ്പം ഗുരുനാഥന്മാരെയും ചേർത്തുവയ്ക്കുകയാണ്. അങ്ങനെയൊരു ഗുരുനാഥനാണ്

പാലത്തായിയിലെ ഒരു പിഞ്ചുകുഞ്ഞിനെ ക്രൂരമായി ലൈംഗികമായി പീഡിപ്പിച്ചത്. ആ അദ്ധ്യാപകനെതിരെ കേരളീയ സമൂഹം ഒന്നടങ്കം നിന്നു. പക്ഷേ, കേസ് കോടതിയിൽ വന്നപ്പോൾ ആ അദ്ധ്യാപകനെതിരായ പോക്സോ കേസ് പ്രോസിക്യൂഷൻ ഒഴിവാക്കിക്കൊടുത്തു. ഒരു പിഞ്ചുകുഞ്ഞിനെ ലൈംഗികമായി ദുരുപയോഗം ചെയ്തതിനാണ് പോക്സോ ചുമത്തിയത്. ഏത് സാഹചര്യത്തിലാണ് പാലത്തായി കേസ്സിൽ പോക്സോ കേസ് ഒഴിവാക്കപ്പെടുന്നത്; ഈ പ്രതിക്ക് ജാമ്യം കിട്ടാനിടയായ സാഹചര്യം എന്താണ്; ആ ജാമ്യം റദ്ദ് ചെയ്യാനുള്ള നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആ കേസ്സിന്റെ അന്വേഷണം വിവിധതരത്തിൽ വിവിധ തലങ്ങളിൽ ഗൗരവമായി നടന്നതാണ്. എല്ലാഘട്ടത്തിലും അന്വേഷണം കൃത്യമായ വഴിക്കുപോകുക തന്നെയാണ് ചെയ്തിട്ടുള്ളത്. പ്രത്യേകമായ ഏതെങ്കിലും തരത്തിലുള്ള പരാതി ഉയരത്തക്കരീതിയിലുള്ള അന്വേഷണമല്ല നടന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഗൗരവസ്വഭാവമുള്ള കേസ്സുകളിലെ, ജാമ്യം കോടതിയിൽ നിന്നല്ലാത്ത (Non-bailable offences) കേസ്സുകളിൽ പ്രതികളായവർ സ്വാഭാവികമായും മുൻകൂർ ജാമ്യാപേക്ഷ കൊടുക്കും. ചില കേസ്സുകളിൽ ആ ജാമ്യാപേക്ഷ തള്ളുന്നതുവരേയും പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കും. ചില കേസ്സുകളിൽ ജാമ്യാപേക്ഷ കോടതി പോസ്റ്റ് ചെയ്ത ദിവസംതന്നെ പ്രതികളെ അറസ്റ്റുചെയ്യും. ഇക്കാര്യത്തിൽ സർക്കാരിന്റെ അല്ലെങ്കിൽ പോലീസിന്റെ പൊതുനയമെന്താണ്; നിയമമെന്താണ്; മുൻകൂർ ജാമ്യാപേക്ഷ നിലനിൽക്കുമ്പോൾ പ്രതികളെ അറസ്റ്റ് ചെയ്യാമോ; അല്ലെങ്കിൽ തെളിവുകൾ നശിപ്പിക്കത്തക്ക വിധത്തിൽ അവർക്ക് സ്വൈരവിഹാരം നടത്തുന്നതിന് ജാമ്യാപേക്ഷയുടെ വിധിത്തീർപ്പുവരെ കാത്തുനിൽക്കുന്ന സമീപനം പോലീസിനുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് കൂടുതൽ ഗൗരവമായൊരു നിയമപ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗത്തിന് അദ്ദേഹത്തിന്റെ നിയമവിജ്ഞാനം വച്ച് ഏതാണ് ശരിയെന്ന് അഭിപ്രായം പറയാമായിരുന്നു. കോടതിയെന്തെങ്കിലും ഇടപെടൽ നടത്തിയാൽ അറസ്റ്റ് ചെയ്യാൻ പാടില്ല എന്നാണ് എനിക്ക് തോന്നുന്നൊരു കാര്യം. കോടതി ഇടപെടൽ നടത്തിയില്ലെങ്കിൽ അത്തരമൊരുഘട്ടത്തിൽ അറസ്റ്റ് ചെയ്യുന്നതിൽ എന്താണ് തെറ്റെന്നതാണ് എന്റെയൊരു തോന്നൽ. ഇത് കൂടുതൽ പരിശോധന നടത്തി പറയേണ്ട വിഷയമാണ്. അത് പരിശോധന നടത്തി പറയാം.

**ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം**

4 (*274) ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങൾകാരണം വരുമാനം നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കോവിഡ്മൂലം തൊഴിൽ സ്ഥാപനങ്ങൾ നിരന്തരം അടച്ചിടുന്ന സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരുമാനം നിലച്ചും വായ്പാ അടവുകൾ മുടങ്ങിയും പ്രതിസന്ധിയിലായ ചെറുകിട വ്യാപാരികളെയും ബ്യൂട്ടീഷനുൾപ്പെടെയുള്ള വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കോവിഡ്-19-ന്റെ വ്യാപനം തടയാൻ സ്വീകരിക്കേണ്ടിവന്ന നിയന്ത്രണങ്ങൾ കാരണം സമ്പദ്ഘടനയ്ക്കും ജനങ്ങളുടെ ഉപജീവനത്തിനുമുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാരിന് തികച്ചും ബോദ്ധ്യമുണ്ട്. അതുകൊണ്ടുതന്നെ നാനാ മേഖലകൾക്കായി സർക്കാർ പല പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദുരന്തനിവാരണ നിയമപ്രകാരം സമൂഹ അടുക്കളകൾ നടത്താനും അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനുമായി ദുരന്തപ്രതികരണനിധിയിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ട്. ഇവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കിയത്. ഇതിനുപുറമേ, വിപുലമായ സമാശ്വാസ നടപടികളാണ് കടുത്ത സാമ്പത്തിക വെല്ലുവിളികൾക്കിടയിലും സർക്കാർ നടപ്പാക്കിയത്. മഹാമാരിയുടെ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ ഒരാളും ഒരു കുടുംബവും ഒരു നേരംപോലും പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടെ സർക്കാർ പൊതുവിതരണ സമ്പ്രദായം വഴി സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അതിജീവനക്കിറ്റുകൾ വിതരണം ചെയ്തു. അതിനോടൊപ്പം സബ്സിഡി നിരക്കിൽ അധിക ധാന്യവിഹിതവും വിതരണം ചെയ്തു. ക്ഷേമ പെൻഷനുകളിൽ വർദ്ധന വരുത്തി 1,600 രൂപ ആയി ഉയർത്തി കുടിശ്ശികയില്ലാതെ കൃത്യമായി വിതരണം ചെയ്തു. ക്ഷേമനിധി പെൻഷനോ സാമൂഹ്യ ക്ഷേമപെൻഷനോ ലഭിക്കാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14.85 ലക്ഷം കുടുംബങ്ങൾക്ക് 1000

രൂപ സമാശ്വാസ ധനമായി രണ്ടുതവണ നൽകി. കുടുംബശ്രീ വഴി ലഭ്യമാക്കിയ അതിജീവന വായ്പകളുടെ പലിശ സർക്കാരാണ് വഹിച്ചത്. രണ്ടുതവണയായി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജും 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്; ഇവ നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി 2,800 കോടി രൂപ ആരോഗ്യ അടിയന്തര സാഹചര്യങ്ങൾ നേരിടാനും 8,900 കോടി രൂപ മഹാമാരിക്കാലത്ത് ഉപജീവനം നഷ്ടപ്പെട്ടവർക്ക് നേരിട്ടെത്തിക്കാനും 2,300 കോടി രൂപ ലോണുകൾക്കുള്ള പലിശയിളവായുമാണ് നൽകാൻ ലക്ഷ്യമിടുന്നത്.

(ബി & സി) വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്ര നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേയ്ക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേയ്ക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശയിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപപരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1,000 മുതൽ 3,000 രൂപ വരെയും തനതുഫണ്ടിലൂടെ 1,000 മുതൽ 5,000 രൂപ വരെയും കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2,000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി-യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.

ചിട്ടികൾക്ക് തവണകൾ അടയ്ക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗ, രണ്ടാം തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്നത്. ബ്യൂട്ടീഷനൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കും നേരത്തെ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ്മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും പ്രതിമാസം 2,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ സർക്കാർ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് ചോദ്യത്തിനുള്ള സമയം അവശേഷിക്കുന്നില്ല. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

5(*275) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ നിലവിലില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഈ തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ദേശീയ കുടുംബാരോഗ്യ പദ്ധതികളുടെ ഭാഗമായി സൃഷ്ടിച്ച തസ്തികകളാണ് പബ്ലിക് ഹെൽത്ത് നഴ്സ് വിഭാഗം. ടി തസ്തികകളിലേയ്ക്കുള്ള ശമ്പളം

ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കപ്പെടുന്നതും കേന്ദ്ര സർക്കാർ ഗ്രാൻഡ് ഇൻ-എയ്ഡിലൂടെയാണ്. 25-5-2012-ൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-5-2012-ൽ ഈ വിഭാഗത്തിലുള്ള തസ്തികകളുടെ എണ്ണം അതേപടി നിലനിർത്തുന്നതിനും ടി പദ്ധതിയുടെ കീഴിലുള്ള സ്ഥാപനങ്ങളോ തസ്തികകളോ കേന്ദ്ര സർക്കാരിന്റെ അനുമതി കൂടാതെ വർദ്ധിപ്പിക്കുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ പ്രൊമോഷൻ തസ്തികകളാണ്. ഇതിലുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ നടത്തി നികത്താറുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്കായി നൽകുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിന്റെ തുടർപ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരികയുമാണ്. നിലവിൽ ഭൗതിക സാഹചര്യങ്ങൾ ഉയർത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. സേവനവും ഒബ്സർവേഷൻ സൗകര്യവും ലാബ് സേവനങ്ങളും നൽകിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് പ്രാഥമികാരോഗ്യ രംഗത്തെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് നടത്തിവരുന്നത്.

## പോലീസ് പിടികൂടുന്ന വാഹനങ്ങൾ

6(*276) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളിൽ പോലീസ് പിടികൂടുന്ന ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്നത് പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതികൾ ഉയർന്നു വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

(എ&ബി) പോലീസ് പിടികൂടുന്ന വാഹനങ്ങൾ റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്യുന്നതുമൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകളും ഇതേക്കുറിച്ചുള്ള

പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് പിടിച്ചെടുക്കുന്നതും കേസ്സിലുൾപ്പെട്ടതുമായ വാഹനങ്ങൾ എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടതെന്നത് സംബന്ധിച്ച് IPC, CrPC, Kerala Police Act, Kerala Protection of River Bank and Regulation of Removal of Sand Act-ഉം Rules-ഉം Abkari Act, Motor Vehicles Act, Kerala Escheats and Forfeitures Act, Essential Commodities Act എന്നിങ്ങനെ നിയമങ്ങളിൽ പ്രത്യേക വ്യവസ്ഥകളുണ്ട്. ഇപ്രകാരം പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ കേസ്സിലുൾപ്പെട്ടവ, പ്രത്യേക നിയമങ്ങൾ പ്രകാരം കുറ്റകരമാക്കപ്പെട്ട പ്രവൃത്തിയുടെ ഭാഗമായി പിടിച്ചെടുത്തവ, റോഡ് അപകടത്തിൽപ്പെട്ടവ, അവകാശികളില്ലാതെ ഉപേക്ഷിച്ചവ, അവകാശത്തർക്കം നിലനിൽക്കുന്നവ എന്നിങ്ങനെ പ്രത്യേകം വിഭാഗങ്ങളുണ്ട്. ഡോ. കെ. എ. സീതി മുതൽ പേർ ഫയൽ ചെയ്ത WP(C) No.24734/17, 25102/17, 35252/17 എന്നീ പൊതുതാൽപ്പര്യ ഹർജികളിലെ ബഹു. ഹൈക്കോടതിയുടെ 6-7-2018-ലെ ഉത്തരവിലെ നിർദ്ദേശം കണക്കിലെടുത്ത് വിവിധ കേസ്സുകളിൽപ്പെട്ട് കോടതി ഉത്തരവ് പ്രകാരവും കൂടാതെ അന്വേഷണത്തിന്റെ ഭാഗമായും കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ GO(P)60/2018/Home നമ്പർ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. പെറ്റി കേസ്സുകളിൽപ്പെട്ട വാഹനങ്ങൾ സംബന്ധിച്ച നടപടികൾക്ക് സംസ്ഥാന പോലീസ് മേധാവിയുടെ 31-1-2017-ലെ 07/2017 നമ്പർ പ്രകാരമുള്ള സർക്കുലറും നിലവിലുണ്ട്. കോടതി ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ കിടക്കുന്ന ക്രൈം കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കോടതി ഉത്തരവുണ്ടായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയൂവെന്നതിനാൽ ഇതിനാവശ്യമായ അപേക്ഷകൾ ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികൾക്ക് മുമ്പാകെ സമർപ്പിച്ച് നടപടികൾ ത്വരിതപ്പെടുത്തുവാൻ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത 29-7-2021-ലെ ഉന്നതതല യോഗത്തിൽ പോലീസിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള വാഹനങ്ങൾ സംബന്ധിച്ച ലിസ്റ്റുകൾ തയ്യാറാക്കുവാനും വാഹനങ്ങൾ ലേലം ചെയ്യാൻ എൻ.ഐ.സി.യുടെ സൈറ്റിലുള്ള ഇ-ഓക്ഷൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വാഹനങ്ങൾ വിട്ടു നൽകുന്നതിന് നിയമപ്രശ്നം ഉള്ളപക്ഷം വേറെ സ്ഥലം കണ്ടെത്തി അവിടേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

വാഹനങ്ങൾ വിട്ടുനൽകുന്നതിന് നിയമപ്രശ്നം ഉള്ളപക്ഷം ഇത്തരം വാഹനങ്ങൾ യാത്രക്കാർക്കും മറ്റ് വാഹനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത വിധം സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

7(*277) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തിയ കേന്ദ്ര ആരോഗ്യ വകുപ്പ് അധികൃതർ തൃപ്തി പ്രകടിപ്പിച്ചിരുന്നോ; സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2021 ജൂലൈ 5 മുതൽ 9 വരെ കേരളം സന്ദർശിച്ച കേന്ദ്രസംഘം നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സർവൈലൻസ്, ടെസ്റ്റിംഗ്, ചികിത്സാ സംവിധാനങ്ങൾ, വാക്സിനേഷൻ എന്നിവ പരിശോധിക്കുകയും തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.

1) രോഗമുള്ളവരെയെല്ലാം കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. നിലവിൽ ദിനംപ്രതി 1 ലക്ഷത്തിൽ കൂടുതൽ ടെസ്റ്റുകൾ നടത്തുന്നുണ്ട്. കൂടാതെ പ്രത്യേക ദിവസങ്ങളിൽ 2 ലക്ഷത്തോളം ടെസ്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. 23 ജൂലൈ മുതൽ ദിവസവും 1.5 ലക്ഷത്തിന് മുകളിൽ ടെസ്റ്റുകൾ ചെയ്യുവാൻ നിർദ്ദേശിക്കുകയും അതുപ്രകാരം ടെസ്റ്റിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

2) രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചു. നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും സി.എഫ്.എൽ.റ്റി.സി.കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ദ്ധ ചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4) ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5) ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിച്ചുവരുന്നു.

6) കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധ തരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥലങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9) കോവിഡിന്റെ മാറി വരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികളും പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10) സംസ്ഥാനതല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11) ബഹു. കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ്

പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12) വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തിക്കൊണ്ടും ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13) വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.

14) ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15) പി.എച്ച്.സി./സി.എച്ച്.സി./എഫ്.എച്ച്.സി.-കളിൽക്കൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16) മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17) താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependancy Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18) എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19) കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20) അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ ആർ.റ്റി.പി.സി.ആർ. പരിശോധനയ്ക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21) കേരളത്തിലേയ്ക്ക് യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിലുള്ള ആർ.റ്റി.പി.സി.ആർ. നെഗറ്റീവ് റിസൾട്ട് ആരോഗ്യ ജാഗ്രതാ പോർട്ടലിൽ ചേർക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22) കോവിഡ്-19 വൈറസിന്റെ ജനിതക മാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സീക്വൻസിംഗ് നടത്തുന്നതിനു വേണ്ട സജ്ജീകരണങ്ങൾ IGIB, Delhi വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23) കേരളത്തിലെ 1200-ലധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

(ബി) കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടേതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പ്രസ്താവനയിൽ വാക്സിൻ നൽകുന്നതിൽ കേരളത്തിലെ സ്ഥിതി മോശമാണെന്ന രീതിയിൽ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിജസ്ഥിതി രാജ്യത്തെ പൊതുസാഹചര്യവുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 34,91,46,917 പേർക്ക് ഒന്നാം ഡോസും 9,66,13,557 പേർക്ക് രണ്ടാം ഡോസും ജൂലൈ 28 തീയതി വരെ നൽകി. അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ദേശീയതലത്തിൽ 26.85 ശതമാനം പേർക്ക് ഒന്നാം ഡോസും 7.4 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയായി കണക്കാക്കിയാൽ ജൂലൈ 28 വരെ 1,32,89,968 പേർക്ക് ഒന്നാം ഡോസും 57,16,883 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് കേരളത്തിൽ 37.86 ശതമാനം പേർക്ക് ഒന്നാം ഡോസും 16.28 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകി. ഇത് ദേശീയ ശരാശരിയെക്കാളും വളരെ കൂടുതലാണ്.

(സി) സംസ്ഥാനത്ത് എല്ലാവർക്കും നൽകാൻ ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാരിൽ നിന്നും വേണ്ടത്ര ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാരിനോട് സർക്കാർ തലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിനാകെ 1,76,16,470 ഡോസ് വാക്സിനാണ് ജൂലൈ 28-ാം തീയതി വരെ ലഭ്യമായത്. അതിൽ 12,04,960 ഡോസ് കോവിഷീൽഡ് വാക്സിനും

1,37,580 ഡോസ് കോവാക്സിനും സംസ്ഥാനം വാങ്ങിയതാണ്. 1,46,06,290 ഡോസ് കോവിഷീൽഡ് വാക്സിനും 16,67,640 ഡോസ് കോവാക്സിനും കേന്ദ്രം നൽകിയതാണ്.

(ഡി) കോവിഡ് പ്രതിരോധത്തിലും വാക്സിൻ വിതരണത്തിലും കേന്ദ്രത്തിനുണ്ടായ വീഴ്ച മറച്ചുവയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തുന്നത് അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 34,91,46,917 പേർക്ക് ഒന്നാം ഡോസും 9,66,13,557 പേർക്ക് രണ്ടാം ഡോസും ജൂലൈ 28-ാം തീയതി വരെ നൽകി. അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ദേശീയതലത്തിൽ 26.85 ശതമാനം പേർക്ക് ഒന്നാം ഡോസും 7.4 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയായി കണക്കാക്കിയാൽ ജൂലൈ 28 വരെ 1,32,89,968 പേർക്ക് ഒന്നാം ഡോസും 57,16,883 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് കേരളത്തിൽ 37.86 ശതമാനം പേർക്ക് ഒന്നാം ഡോസും 16.28 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകി. ഇത് ദേശീയ ശരാശരിയെക്കാളും വളരെ കൂടുതലാണ്.

## തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

8(*278) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏതുവരെയായെന്ന് അറിയിക്കാമോ?

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിക്കഴിഞ്ഞു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ (Diagnostic facility) പ്രവർത്തനം ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.

കൊറോണ വൈറസ്സിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് ആത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ എത്ര പേരെ നിയമിച്ചുവെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ?

ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. സയന്റിസ്റ്റ് E2, സയന്റിസ്റ്റ് C തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായി. ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കോവിഡ് വ്യാപനം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ ക്യാൻസർ ആശുപത്രി

9(*279) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾ ഏറെയുള്ള മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ അനുസരിച്ച് അർബുദരോഗം എല്ലാ ജില്ലകളിലും ഒരേ തോതിലാണ് കാണപ്പെടുന്നത്. ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള ക്യാൻസർ ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് നാളിതുവരെയുള്ള ഇത് സംബന്ധമായ കണക്കുകളിൽ നിന്നും സ്ഥിരീകരണം ലഭിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായി മാത്രം രോഗികളുടെ എണ്ണത്തിൽ വർദ്ധനവുള്ള മലപ്പുറം ജില്ലയിൽ റീജിയണൽ ക്യാൻസർ സെന്റർ ഇല്ലെങ്കിലും അഞ്ച് ആശുപത്രികളിലൂടെ ക്യാൻസർ ചികിത്സ നൽകിവരുന്നു. ജില്ലയിലെ

മെഡിക്കൽ കോളേജ് കൂടി പ്രവർത്തിക്കുന്ന മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ കീഴിൽ ഓങ്കോളജി വിഭാഗം പ്രവർത്തിച്ച് വരുന്നുണ്ട്. അർബുദരോഗ ചികിത്സയ്ക്കൊപ്പം ക്യാൻസർ നിർണ്ണയത്തിനുള്ള ലബോറട്ടറി ടെസ്റ്റുകളും, സ്കാനിംഗ്, ബയോപ്സി എന്നീ പരിശോധനാ സംവിധാനങ്ങളും നിലവിലുണ്ട്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒരു റേഡിയോ തെറാപ്പിസ്റ്റ് (ജൂനിയർ കൺസൾട്ടന്റ്)-ന്റെ നേതൃത്വത്തിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. തിരൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ എം.എൽ.എ. ഫണ്ടും തദ്ദേശ സഹായവും ഉപയോഗിച്ച് എടവണ്ണ സി.എച്ച്.സി-യിൽ ഒരു പുതിയ ക്യാൻസർ കെയർ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇവിടെ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു ക്യാൻസർ ആശുപത്രി അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാനത്തെ പ്രത്യേക ജീവിതശൈലിയുടേയും മറ്റ് ഘടകങ്ങളുടേയും പരിണിതഫലമായി ക്യാൻസർ രോഗം വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ ക്യാൻസർ നിരക്കുള്ള സംസ്ഥാനത്തിൽ പ്രതിവർഷം 60,000-ത്തിൽപരം പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് ഒരു സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി നിലവിലില്ലെങ്കിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റേയും മലബാർ ക്യാൻസർ സെന്ററിന്റേയും രജിസ്ട്രി പ്രകാരം എല്ലാ ജില്ലകളിലും ഏറെക്കുറെ ഒരേ രീതിയിൽ ക്യാൻസർ രോഗങ്ങളുടെ പ്രാചുര്യം നിലവിലുണ്ട്. ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയിൽ രോഗികളുടെ എണ്ണം കൂടുതലാണെങ്കിലും ഏതെങ്കിലും ഒരു തരത്തിലുള്ള ക്യാൻസറിന്റെ ക്രമാതീതമായ വർദ്ധനവ് ഇവിടെ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സാ സൗകര്യം തിരുവനന്തപുരത്തും കൊച്ചിയിലും കണ്ണൂരിലുമുള്ള ക്യാൻസർ സെന്ററുകളിലും അഞ്ച് മെഡിക്കൽ കോളേജുകളിലും മാത്രമായി പരിമിതപ്പെട്ടിരുന്ന കാലഘട്ടത്തിൽ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി. സർവ്വീസിൽ നിലവിലുള്ള ഡോക്ടർമാർക്ക് ക്യാൻസർ ചികിത്സയിൽ

പ്രത്യേക പരിശീലനം റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് നൽകുകയും അവരെ ജില്ലാ-ഉപജില്ലാ ആശുപത്രികളിൽ ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ നിയമിക്കുകയും ചെയ്യുന്നു. കീമോതെറാപ്പി ഉൾപ്പെടെയുള്ള തുടർചികിത്സാ സംവിധാനങ്ങൾ സൗജന്യമായി നൽകുന്ന ഈ കേന്ദ്രങ്ങൾ ഇന്ന് ആരോഗ്യ വകുപ്പിന്റെ 24 ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു. ക്യാൻസർ സെന്ററുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈ ആശുപത്രികളിലൂടെ ഒരു ലക്ഷത്തിലേറെ പേർക്ക് കീമോതെറാപ്പി നൽകുകയും 4000-ൽ ഏറെ പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1 | ഗവൺമെന്റ് ജനറൽ ആശുപത്രി | മഞ്ചേരി ഓങ്കോളജി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ കീഴിൽ ക്യാൻസർ നിർണ്ണയത്തിനായിട്ടുള്ള ലബോറട്ടറി ടെസ്റ്റുകളും സ്കാനിംഗ്, ബയോപ്സി എന്നീ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ് |
| 2 | ജില്ലാ ആശുപത്രി, നിലമ്പൂർ | ഒരു റേഡിയോ തെറാപ്പിസ്റ്റ് (ജൂനിയർ കൺസൾട്ടന്റ്)-ന്റെ നേതൃത്വത്തിൽ കീമോ, പാലിയേറ്റീവ് കെയർ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. |
| 3 | ജില്ലാ ആശുപത്രി, തിരൂർ | കീമോതെറാപ്പി, പാലിയേറ്റീവ് വിഭാഗം, ക്യാൻസർ ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ലഭ്യമാണ്. |
| 4 | ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | ക്യാൻസർ രോഗികൾക്ക് കീമോതെറാപ്പി ചികിത്സ ലഭ്യമാണ്. |

| (1) | (2) | (3) |
|---|---|---|
| 5 | സാമൂഹികാരോഗ്യ കേന്ദ്രം, എടവണ്ണ | എം.എൽ.എ. ഫണ്ടും തദ്ദേശ സഹായവും ഉപയോഗിച്ച് ക്യാൻസർ രോഗികൾക്കായി ഒരു ക്യാൻസർ കെയർ സെന്റർ 23-2-2021-ൽ ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ആവശ്യമായ ഉപകരണങ്ങൾ മലപ്പുറം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വാങ്ങി നൽകുകയും രണ്ട് ഡോക്ടർമാരേയും രണ്ട് സ്റ്റാഫ് നഴ്സ്മാരേയും ഒരു ലാബ് ടെക്നീഷ്യനേയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, തിരൂർ ജില്ലാ ആശുപത്രിയിൽ ഒൻപത് നിലകളുള്ള ഒരു കെട്ടിടം ക്യാൻസർ കെയർ വിഭാഗത്തിനായി സജ്ജമാക്കിയിട്ടുണ്ട്. 27-11-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 3829/2015/ ആ.കു.വ., 4-1-2016-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 8/2016/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം 33.7 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ ഓങ്കോളജി സെന്ററിന്റെ നിർമ്മാണ പ്രവൃത്തി 2017-ൽ ആരംഭിക്കുകയും ഇപ്പോൾ 90%-ത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് മുക്കാൽ ഭാഗത്തോളവും പൂർത്തിയാക്കി. ലിഫ്റ്റ്, ഫയർ സേഫ്റ്റി എന്നിവയുടെ നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓങ്കോളജി സെന്റർ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലെ ക്യാൻസർ രോഗികൾക്ക് പൂർണതോതിൽ ചികിത്സാസൗകര്യം ജില്ലയിൽ തന്നെ ലഭ്യമാക്കാൻ കഴിയും. |

## പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിംഗ്

10(*280) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിൽ കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാക്കുന്നതിനും വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന താഴെപ്പറയുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖേനയാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തിവരുന്നു. നേരിട്ട് റേഷൻ വാങ്ങാൻ പോകാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി പ്രസ്തുത എ.ആർ.ഡി-യുടെ പരിധിയിലുള്ള മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. രാജ്യത്തുടനീളം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം IMPDS (Integrated Management Public Distribution System) മുഖേന One Nation One Ration Card നടപ്പാക്കി. സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികളിലേയ്ക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനും കമ്മിറ്റികൾ പ്രവർത്തനമാരംഭിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടുമാരെ നിയോഗിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള

4 റേഷൻകടകളിൽ നടത്തി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള 'വിശപ്പുരഹിത കേരളം' എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 'വിശപ്പുരഹിത കേരളം-സുഭിക്ഷ' പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നിലവിൽ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാന (Public Grievance Redressal Portal)-ത്തിന്റെ പ്രവർത്തനമാരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം പ്രവർത്തിച്ചുവരുന്നു. കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡുകൾ രൂപീകരിച്ച് പി.പി.ഇ. കിറ്റ്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവയുടെ പൂഴ്ത്തിവയ്പും അമിത വിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീൻ വെയിംഗ് ബാലൻസുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റേഷൻ സാധനങ്ങളുടെ തിരിമറി, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിന് എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാസംവിധാനം രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മന്ത്രിയുമായി സംവദിക്കുവാൻ എല്ലാ മാസത്തിലെയും ആദ്യ വെള്ളിയാഴ്ച ഫോൺ-ഇൻ പരിപാടി നടത്തുന്നു. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ പരിശോധനാസംവിധാനമുണ്ട്. റേഷനിംഗ്

ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമേ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തി, നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്രട്ടേറിയറ്റുതല പരിശോധനാസംഘവും പരാതികളിൻമേൽ അന്വേഷണം നടത്തിവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനും പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള 4 റേഷൻ കടകളിൽ നടത്തി. സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## സുസ്ഥിര വികസന സൂചിക

11(*281) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായി മൂന്നാം വർഷവും ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ സർക്കാർ ഇടപെടലുകളും ജനാധിപത്യവികേന്ദ്രീകരണവും ജനപങ്കാളിത്തത്തോടെയുള്ള സർവ്വതല സ്പർശിയായ വികസനസമീപനവുമാണ് ഉയർന്ന മാനവവിഭവ സൂചികകൾ കൈവരിക്കാനും നിലനിർത്താനും കേരളത്തെ പ്രാപ്തമാക്കുന്നത്. ഉയർന്ന പ്രതിശീർഷ വരുമാനവും ഉയർന്ന മാനവവിഭവശേഷി സൂചികകളും ഒരുപോലെ നിലനിൽക്കുന്ന ഈ ഘട്ടത്തെ സാമ്പത്തിക ശാസ്ത്രജ്ഞർ വികസനത്തിന്റെ ഉയർന്ന ഘട്ടമായാണ് വിശേഷിപ്പിക്കുന്നത്. കേരളത്തിന്റെ വികസനപരിപ്രേക്ഷ്യം അന്താരാഷ്ട്രതലത്തിൽ ഗവേഷകരുടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങൾക്ക് മുൻഗണന നൽകി പരിഗണിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഇവർക്കുള്ള ക്ഷേമനിധി പെൻഷനുകൾ, സാമൂഹ്യക്ഷേമ പെൻഷനുകൾ, വിവിധ തരം ധനസഹായങ്ങൾ എന്നിവ ക്രമംതെറ്റാതെ വിതരണം ചെയ്യുന്നതിൽ സർക്കാർ അതീവശ്രദ്ധ പുലർത്തിവരുന്നു. സാമ്പത്തികരംഗത്തെ മാന്ദ്യം നല്ലൊരു പരിധിവരെ പിടിച്ചുനിർത്താൻ ഇത് സഹായകമായിരുന്നു. സംഘടിത തൊഴിൽ മേഖലയ്ക്ക് പുറത്ത് തൊഴിൽശക്തി വിനിയോഗിക്കുന്ന വലിയൊരു വിഭാഗം ആളുകൾക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന വികസന സമീപനമാണ് കേരളത്തിലുള്ളത്. അതിനോടൊപ്പംതന്നെ കേരളത്തിലേയ്ക്ക് നിക്ഷേപങ്ങളാകർഷിക്കുന്ന നയങ്ങളും വൻകിട പശ്ചാത്തല സൗകര്യപദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്ന നയവും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ്ലൈൻ പൂർത്തിയാക്കൽ, അർദ്ധ-അതിവേഗ റെയിൽ പദ്ധതിക്ക് തുടക്കമിടൽ, പ്രളയാഘാത ശേഷിയുള്ള റോഡുകൾ നിർമ്മിക്കൽ എന്നിങ്ങനെ നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഐ.ടി. മേഖലയിലും ഉന്നതവിദ്യാഭ്യാസരംഗത്തും ശ്രദ്ധചെലുത്തി കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റാനുള്ള പാതയിലൂടെയാണ് ഇപ്പോൾ മുന്നോട്ടുനീങ്ങുന്നത്. പശ്ചാത്തല സൗകര്യവികസനത്തിൽ വൻനിക്ഷേപങ്ങൾ നടത്തി സാമ്പത്തിക വളർച്ചയ്ക്ക് ആക്കംകൂട്ടി ഉയർന്ന പ്രതിശീർഷവരുമാനം നിലനിർത്തുവാനും ഉല്പാദന മേഖലകളിൽ ഇടപെടലുകൾ നടത്തി കേരളത്തിന്റെ ഭക്ഷ്യസുരക്ഷാ സ്വയംപര്യാപ്തമായി നിലനിർത്താനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധചെലുത്തി കൈവരിച്ച ഉയർന്ന മാനവവിഭവശേഷി സൂചികകൾ നിലനിർത്തുവാനും തുല്യപ്രാധാന്യം നൽകുന്ന വികസനസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ നയം കാര്യക്ഷമമായി

നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ സുഭിക്ഷകേരളം പദ്ധതി, നൂറുദിന കർമ്മപരിപാടികൾ, മിഷൻ മോഡലിലുള്ള പ്രവർത്തനം എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു. ഈ സമീപനത്തിന്റെ ഫലമായാണ് തുടർച്ചയായ മൂന്നാം വർഷവും കേരളം നീതി ആയോഗ് പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഒന്നാംസ്ഥാനം നിലനിർത്തുന്നത്. സൂചകങ്ങളുടെ നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നൈപുണി പോഷണത്തിലൂടെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

അഭ്യസ്തവിദ്യരായ 20 ലക്ഷം തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പദ്ധതി തയ്യാറാക്കാൻ KDISC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭാവിയിലെ തൊഴിൽസാദ്ധ്യതകൾ മുന്നിൽക്കണ്ട് തൊഴിലില്ലാത്ത വിദ്യാസമ്പന്നർക്കും കരിയർഭംഗം വന്ന പ്രൊഫഷണലുകൾക്കും ഡിജിറ്റൽ പോർട്ടൽ രജിസ്ട്രേഷൻ, പരിശീലനം, തൊഴിൽ ദാതാക്കളുമായുള്ള സമ്പർക്കം എന്നിവ ഉറപ്പാക്കി തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. നൈപുണിപോഷണത്തിലൂടെ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യപരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവമുഖേന ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) സുസ്ഥിരവികസന സൂചികയിൽ 2020-21-ൽ ഒന്നാം സ്ഥാനത്തെത്തിയ കേരളത്തിന് നീതി ആയോഗ് നൽകിയ വികസന രേഖയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

2020-21 സുസ്ഥിര വികസന സൂചകയിൽ 16 ലക്ഷ്യങ്ങളിലായി 115 സൂചകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21-ലെ SDG India Index-ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണിച്ച 115 മുൻഗണനാ സൂചകങ്ങളിൽ 76 എണ്ണം MoSPI-യുടെ NIF-ൽ നിന്നും നേരിട്ട് എടുത്തിട്ടുള്ളതും 31 ബദൽ സൂചകങ്ങൾ NIF-ൽ നിന്നും ഉരുത്തിരിച്ചവയും 8 പുതിയ സൂചകങ്ങൾ വിവിധ ദേശീയ മന്ത്രാലയങ്ങളുമായി കൂടിയാലോചിച്ച് രൂപപ്പെടുത്തിയവയുമാണ്. ടി 115 സൂചകങ്ങളിൽ 109 എണ്ണമാണ് സംയോജിത സ്കോർ കണക്കാക്കുവാൻ പരിഗണിച്ചിട്ടുള്ളത് (തീരപ്രദേശമുള്ള സംസ്ഥാനങ്ങൾക്ക് മാത്രമുള്ളതാകയാൽ SDG 14-ലെ 5 സൂചകങ്ങളും താരതമ്യം ചെയ്യാനാകാത്തതിനാൽ SDG 10-ലെ ഒരു സൂചകവും ഒഴിവാക്കിയിട്ടുണ്ട്). ഓരോ ലക്ഷ്യത്തേയും അതിനുലഭിച്ച സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും 4 വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുണ്ട്. 1. Achiever (Score = 100) 2. Front Runner (65= score= 99) 3. Performer (50 =score = 64) 4. Aspirant (score 50) SDG India Index 2021 പ്രകാരം ലക്ഷ്യം 7-ൽ കേരളം Achiever വിഭാഗത്തിലും 11 ലക്ഷ്യങ്ങളിൽ (SDG 1, 2, 3, 4, 6, 10, 11, 12, 13,, 15, 16) കേരളം Front Runner വിഭാഗത്തിലും 4 ലക്ഷ്യങ്ങളിൽ (SDG 5, 8, 9, 14) കേരളം Performer വിഭാഗത്തിലുമാണ്. കേരളം ഒരു ലക്ഷ്യത്തിലും Aspirant വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ല. 2020-21-ലെ റിപ്പോർട്ടിൽ പരിഗണിച്ച 16 ലക്ഷ്യങ്ങളിൽ SDG 7 (ശുദ്ധവും താങ്ങാനാവുന്നതുമായ ഊർജ്ജം) എന്ന ലക്ഷ്യം 100 സ്കോർ നേടി പൂർണ്ണമായി കൈവരിച്ചു. SDG 2 (വിശപ്പില്ലായ്മ), SDG 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം) എന്നീ ലക്ഷ്യങ്ങൾ 80 വീതം സ്കോർ നേടി സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളം ഒന്നാമതെത്തി. SDG 1 (ദാരിദ്ര്യ നിർമ്മാർജ്ജനം), SDG 5 (ലിംഗ സമത്വം), SDG 13 (കാലാവസ്ഥ വ്യതിയാനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ) എന്നീ ലക്ഷ്യങ്ങളിൽ കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ രണ്ടാംസ്ഥാനം നേടി. SDG 16 (സമാധാനം, നീതിന്യായം, ശക്തമായ സംഘടനകൾ/സ്ഥാപനങ്ങൾ) എന്ന ലക്ഷ്യത്തിൽ 5-ാം സ്ഥാനവും SDG 15 (കരയിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കൽ)-ൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 6-ാം സ്ഥാനവും നേടിയിട്ടുണ്ട്.

**കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി**

12(*282) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുൾപ്പെടെ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഇ-ഹെൽത്ത്, ഇ-ഓഫീസ്, ഇ-സഞ്ജീവനി തുടങ്ങിയ സേവനങ്ങൾ എല്ലാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുക. ഓക്സിജനും മറ്റു മെഡിക്കൽ ഗ്യാസുകളും എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഉല്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. പുതിയ നഴ്സിംഗ് ഡെന്റൽ കോളേജുകൾ സർക്കാർ തലത്തിൽ സ്ഥാപിക്കുക (കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു). വയനാട് മെഡിക്കൽ കോളേജിനായി ആവശ്യാനുസരണം സ്ഥലം ഏറ്റെടുക്കുകയും പുതിയ കെട്ടിടങ്ങൾ പണിയുകയും ചെയ്യുക. പുതിയ മെഡിക്കൽ കോളേജുകളായ കൊല്ലം, മഞ്ചേരി, എറണാകുളം എന്നിവിടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമ്മിക്കുക. നിലവിലുള്ള എല്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡ്/ബ്ലോക്ക് നിർമ്മിക്കുക. ഫലപ്രദമായ രീതിയിൽ എല്ലാ ആശുപത്രികളിലും മാലിന്യസംസ്കരണം ഉറപ്പുവരുത്തുക, എല്ലാ സ്ഥാപനങ്ങളിലും ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുകയും സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ തീർപ്പാക്കുകയും ചെയ്യും. നിലവിൽ മഴവെള്ള സംഭരണികൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കും. പുതിയ സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി എല്ലാ ആശുപത്രികളിലും ടെലിമെഡിസിൻ സംവിധാനം കൂടുതൽ ഫലപ്രദമാക്കും. എല്ലാ കോളേജ് കാമ്പസുകളിലും ഗ്രീൻ കാമ്പസ്, ക്ലീൻ കാമ്പസ്, സൗഹൃദ കാമ്പസ് എന്നീ നയങ്ങൾ നടപ്പിലാക്കുന്നതാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും എമർജൻസി മെഡിസിൻ വിഭാഗവും ട്രോമാ കെയർ സംവിധാനവും വിപുലീകരിക്കും. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജനറൽ ആശുപത്രി കാമ്പസിൽ സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടം ട്രോമാ കെയർ ട്രെയിനിംഗും മെഡിക്കൽ റിസർച്ച് ട്രെയിനിംഗും മറ്റും നടത്തുന്ന ഒരു സ്ഥാപനമായി ഉയർത്തും (നിലവിൽ ഇതിനെ അപെക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്റർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്). എല്ലാ മെഡിക്കൽ കോളേജുകളിലും ജനറ്റിക് ലാബുകൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കും. വൃദ്ധജനങ്ങളുടെ ആരോഗ്യ

സുരക്ഷ മുൻനിർത്തി ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നതുപോലെ ഒരു ജെറിയാട്രിക് വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കും. കൂടാതെ ഫാമിലി മെഡിസിൻ, സ്പോർട്സ് മെഡിസിൻ തുടങ്ങിയ വിഭാഗങ്ങൾകൂടി ആരംഭിക്കുന്നതായിരിക്കും. എല്ലാത്തിനുമുപരി ഉയർന്ന നിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസവും നൂതനമായ ചികിത്സാരീതികൾ യാഥാർത്ഥ്യമാക്കുന്നതിനും സാധാരണക്കാർക്ക് നിലവിലുള്ളതിനേക്കാൾ മികച്ചതും സുരക്ഷിതവും സൗജന്യവുമായ വൈദ്യപരിചരണ സേവനങ്ങൾ നൽകാനുമായുള്ള എല്ലാ നടപടികളും പൂർത്തീകരിക്കും. ആരോഗ്യമേഖലയിൽ വലിയ മാറ്റം വരുത്തിയ ആർദ്രം മിഷൻ പ്രവർത്തനങ്ങൾ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായി നടന്നുവരുന്നത് പൂർത്തിയാക്കുന്നതാണ്. ജില്ലാതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കിവരുന്ന നടപടികൾ പൂർത്തീകരിക്കുന്നതാണ്. താലൂക്കുതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 152 ബ്ലോക്കുതല സാമൂഹികാരോഗ്യകേന്ദ്രങ്ങളെ രണ്ട് ഘട്ടങ്ങളിലായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഇത് തുടരുന്നതാണ്. ജില്ലാ/താലൂക്കുതല ആശുപത്രികളെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി, നബാർഡ് പ്ലാൻ ഫണ്ട് എന്നിവ വഴി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവ ശക്തിപ്പെടുത്തുന്നതാണ്. ആശുപത്രികളിലേയ്ക്കാവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുന്ന നടപടിയും ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കോവിഡിന്റെകൂടി പശ്ചാത്തലം കണക്കിലെടുത്ത് ജില്ലാ/താലൂക്കുതല ആശുപത്രികളിലെ ഇന്റൻസീവ് കെയർ സൗകര്യങ്ങൾ, ഓക്സിജൻ കിടക്കകൾ മറ്റ് ത്രിതീയതല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരികയാണ്. ഇക്കാര്യങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പതിനഞ്ചാം ധനകാര്യകമ്മീഷന്റെ ഭാഗമായി അഞ്ചുവർഷത്തേയ്ക്ക് ആരോഗ്യമേഖലയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പുവഴി ലഭ്യമാകുന്ന ഫണ്ടുപയോഗിച്ച് ഗ്രാമീണ/നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്തെ രോഗീസൗഹൃദവും ജനസൗഹൃദവും ആക്കുന്നതിനും ജനങ്ങളുടെ ചികിത്സാചെലവുകൾ കുറയ്ക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ആരോഗ്യരംഗത്ത് തുടരുന്നതാണ്.

**സിൽവർലൈൻ പദ്ധതി**

13(*283) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പദ്ധതിക്കായുള്ള വിദേശവായ്പാ തിരിച്ചടവ് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിരുന്നോ; സംസ്ഥാനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിക്കായി 33,700 കോടി രൂപയുടെ വിദേശവായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ മന്ത്രാലയത്തിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് വിദേശധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പകൾക്കായി സമർപ്പിക്കുന്നതാണ് നടപടിക്രമം. ജൈക്ക, എ.ഡി.ബി, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാനാണ് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ടുമെന്റ് ഓഫ് എക്സ്പെൻഡിച്ചർ വിഭാഗങ്ങൾ പദ്ധതി വിശദവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. കേരള സർക്കാരും കേന്ദ്ര സർക്കാരും തമ്മിലുള്ള ജോയിന്റ് വെൻച്വർ കരാർ പ്രകാരം പദ്ധതിയിൽ സാമ്പത്തിക നഷ്ടം ഉണ്ടായാൽ അത് പദ്ധതിയിലുള്ള ഓഹരിയുടെ അനുപാതത്തിൽ ഏറ്റെടുക്കേണ്ടതാണ്. സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ഇനിയും കിട്ടേണ്ടതുണ്ട്. പദ്ധതി ഇപ്പോൾ റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ 2021 ജൂൺ 22-ന് കൂടിയ സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതി പരിഗണിക്കുകയും പദ്ധതിയുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" വായ്പാ തിരിച്ചടയ്ക്കാൻ പരാജയപ്പെട്ടാൽ ആ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന അണ്ടർടേക്കിംഗ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണോ റെയിൽപാതയുടെ വിന്യാസമെന്ന് അറിയിക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ കണക്കാക്കിയിരിക്കുന്നത്.

**ആരാധനാലയങ്ങൾ തുറക്കുന്നതിനുള്ള അനുമതി**

14(*284) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

വെള്ളിയാഴ്ചയിലെ ജുമാ നമസ്കാരത്തിന് മുസ്ലീം പള്ളികളും ഞായറാഴ്ച പ്രാർത്ഥനകൾക്കായി ക്രൈസ്തവ ദേവാലയങ്ങളും ക്ഷേത്രങ്ങളും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിന് ശാസ്ത്രീയമായതും ചിട്ടയായതും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുമുള്ള രോഗ നിയന്ത്രണ മാർഗ്ഗങ്ങളും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങളുമാണ് സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ (TPR) അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ച് പ്രസ്തുത പ്രദേശങ്ങളിൽ അനുവദനീയമായ മേഖലകൾക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി രോഗവ്യാപനത്തോതും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും കുറവുള്ള എ, ബി എന്നീ കാറ്റഗറികളിലുൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളിൽ കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനത്തിന് അനുമതി നൽകിയിട്ടുണ്ട്. അതുകൂടാതെ സവിശേഷ ആഘോഷ വേളകളിൽ (Special occasions of celebrations) പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ രോഗ വ്യാപന തീവ്രത കുറയ്ക്കുന്നതിന് അനിവാര്യമാണ്. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി നിലവിലെ സാഹചര്യം നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിദഗ്ധ സമിതിയുടെ ശിപാർശകൾ പരിഗണിച്ചും സംസ്ഥാനത്തിന്റെ സാഹചര്യം സസൂക്ഷ്മം വിലയിരുത്തിയും നിയന്ത്രണങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ മാറ്റം വരുത്തുന്നുണ്ട്.

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

15(*285) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ജലജന്യ, കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

മഴക്കാലത്ത് വ്യപകമാകാനിടയുള്ള ജലജന്യ, കൊതുകജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018 മുതൽ " ആരോഗ്യജാഗ്രത" എന്നപേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയും സമയബന്ധിതമായ പ്രവർത്തന കലണ്ടറിന്റെയും അടിസ്ഥാനത്തിലാണ് ഈ പരിപാടി നടപ്പിലാക്കിവരുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിന് വേണ്ടിയുള്ള ഇന്റർസെക്ടറൽ യോഗങ്ങൾ സംസ്ഥാന/ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ സംസ്ഥാന, ജില്ലാ, നഗരസഭാ, ഗ്രാമപഞ്ചായത്ത്, വാർഡ് തലങ്ങളിലും ആലോചനായോഗംകൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യജാഗ്രതാ പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനകലണ്ടർ എല്ലാ ജില്ലകളിലും ലഭ്യമാക്കി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിവരുന്നു. വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ ആഭിമുഖ്യത്തിൽ ആരോഗ്യസേനാംഗങ്ങളുടെ സഹകരണത്തോടെയാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യ നിർമ്മാർജനം, ശുദ്ധമായ കുടിവെള്ള വിതരണം, കൊതുക് സർവ്വേ, ഡ്രൈഡേ ആചരണം, കൊതുകുനശീകരണം, കുടിവെള്ളം ക്ലോറിനേഷൻ, പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ, അതിഥി തൊഴിലാളികളുടെ ആരോഗ്യപരിശോധനകൾ, എലിപ്പനിക്കെതിരെ ഡോക്സിസൈക്ലിൻ പ്രോഫിലാക്സിസ്, ഹോട്ട് സ്പോർട്ട്സ്, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ, ആരോഗ്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, വാരാചരണങ്ങൾ, മാസാചരണങ്ങൾ, പകർച്ചവ്യാധി ബോധവൽക്കരണത്തിനും പ്രതിരോധത്തിനും സഹായകരമായ യജ്ഞങ്ങൾ (കാമ്പയിനുകൾ), രോഗസാദ്ധ്യത

കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിൽ പ്രത്യേകം ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ തുടങ്ങി പകർച്ചവ്യാധി പ്രതിരോധം കാര്യക്ഷമമാക്കുന്നതിന് വിവിധതരം പരിപാടികൾ ഇതരവകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. ഐ.ഡി.എസ്.പി, എൻ.വി.ബി.ഡി.സി.പി, വയറിളക്കരോഗ നിയന്ത്രണപരിപാടി, എൻ.വി.എച്ച്.ഡി.പി. തുടങ്ങിയ പരിപാടികളുടെ ഭാഗമായി ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി മുതലായ കൊതുകുജന്യരോഗങ്ങൾ, എലിപ്പനി, റാബിസ് മുതലായ ജന്തുജന്യരോഗങ്ങൾ, വയറിളക്കം, മഞ്ഞപ്പിത്തം മുതലായ ജലജന്യ രോഗങ്ങൾ, ചിക്കൻപോക്സ്, ഇൻഫ്ലുവൻസ, കോവിഡ് മുതലായ വായുജന്യ രോഗങ്ങൾ ബാധിച്ചവരുടെ വിവരങ്ങൾ ശേഖരിച്ച് രോഗബാധിതർക്ക് ചികിത്സ ഉറപ്പുവരുത്തുന്നതോടൊപ്പം രോഗം പൊട്ടിപ്പുറപ്പെടാൻ കാരണമാകുന്ന അപകടസൂചനകൾ മനസ്സിലാക്കുകയും അത്തരം പ്രദേശങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തുകയും ഊർജ്ജിത രോഗനിയന്ത്രണ മാർഗ്ഗങ്ങളിലൂടെ രോഗവ്യാപനം തടയുകയും മരണനിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. മഴക്കാലത്തോടനുബന്ധിച്ച് ഇത്തരം പകർച്ചവ്യാധികൾ വർദ്ധിക്കുവാൻ സാദ്ധ്യതയുള്ളതിനാൽ ആശുപത്രികളിൽ മരുന്നുകളുടെയും അനുബന്ധ സാധനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുകയും ആവശ്യാനുസരണം പനി വാർഡ്, പനി ക്ലിനിക്ക്, ഔട്ട്റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ ഉറപ്പാക്കുകയും ചെയ്യുന്നു. ആവശ്യാനുസരണം ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയോഗിക്കുകയും ഒ.പി. സമയം വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു. പനി വാർഡുകളിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് കൊതുകുകടി ഏൽക്കാതിരിക്കുന്നതിനായി കൊതുകുവലയ്ക്കുള്ളിൽ കിടത്തുകയും ചെയ്യുന്നു. ഇത്തരം വാർഡുകൾ കമ്പിവലയടിച്ച് കൊതുക് വിമുക്തമാക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിനും ആരോഗ്യപ്രവർത്തകരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2020 തുടക്കം മുതൽ കോവിഡ് രോഗവ്യാപനം സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിരുന്നുവെങ്കിലും എലിപ്പനി, ജലജന്യ, കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രതപുലർത്താനും പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ഉതകുന്ന സന്ദേശങ്ങൾ വിവിധ പത്ര, ദൃശ്യ, ശ്രവ്യ, സാമൂഹ്യമാധ്യമങ്ങൾ വഴി എല്ലായിടത്തും എത്തിക്കുവാൻ സാധിച്ചു. ദൂരദർശൻ, പ്രാദേശിക കേബിൾ ചാനലുകൾ, ആൾ ഇൻഡ്യ റേഡിയോ, എഫ്.എം. റേഡിയോ, റേഡിയോ ഹെൽത്ത് തുടങ്ങിയവയിലൂടെ ചർച്ചകൾ, പ്രഭാഷണങ്ങൾ എന്നിവ നടത്തുകയും സന്ദേശങ്ങളും മറ്റും നൽകുകയും ചെയ്തു.

കൊതുകിന്റെ ഉറവിടനശീകരണം സംബന്ധിച്ച് ലഘുവീഡിയോ തയ്യാറാക്കി വിതരണം നടത്തി. പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച് ഡിജിറ്റൽ പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, വീഡിയോകൾ തുടങ്ങിയവയും സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയുണ്ടായി. വിവിധതരം പകർച്ചവ്യാധികളുടെ നിരീക്ഷണത്തെയും പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെയും സംബന്ധിച്ച കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കോവിഡിന്റെ സാഹചര്യത്തിൽ ഓൺലൈൻ മീറ്റിംഗുകൾ നടത്തി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പകർച്ചവ്യാധികൾ സംബന്ധിച്ച് അവരെ ബോധവാൻമാരാക്കുകയും ചെയ്തുവരുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ വാർഡുതല ആരോഗ്യശുചിത്വ സമിതികളിലൂടെയും ഫെയ്സ് ബുക്ക്, വാട്ട്സാപ്പ് കൂട്ടായ്മകളിലൂടെയും ആരോഗ്യ സേനാംഗങ്ങൾക്കും പൊതുജനങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തെപ്പറ്റി വേണ്ട അവബോധം നൽകിവരുന്നു. ആരോഗ്യം സംബന്ധിച്ച ദിന/വാര/ മാസാചരണ സന്ദർഭങ്ങളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആരോഗ്യ പ്രവർത്തകർ ഗൃഹ/സ്ഥാപന സന്ദർശനം നടത്തുമ്പോഴും ജനങ്ങൾക്കുവേണ്ട അവബോധം നൽകിവരുന്നുണ്ട്. കൊതുകുറവിട നശീകരണ/ ജലശുദ്ധീകരണ കാമ്പയിനുകൾ നടത്തുമ്പോൾ അത്തരം പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തിവരുന്നു. ആഴ്ചതോറും നടത്തിവരുന്ന IDSP മീറ്റിങ്ങുകളിൽ ആരോഗ്യപ്രവർത്തകരും ഡോക്ടർമാരും ഒരുമിച്ചിരുന്ന് ഫീൽഡുതലത്തിലും ക്ലിനിക്കുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികളെക്കുറിച്ച് വിശകലനം നടത്തുകയും അതുവഴി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക ഓൺലൈൻ ട്രെയിനിംഗ് പരിപാടികളും നടത്തിവരുന്നുണ്ട്.

(സി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുവേണ്ടി പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ ആവശ്യമായ വിവരങ്ങൾ നൽകിവരുന്നുണ്ട്. ആരോഗ്യ വകുപ്പ് പ്രത്യേകം തയ്യാറാക്കിയ ഷോർട്ട്ഫിലിം, നോട്ടീസ്, പോസ്റ്ററുകൾ തുടങ്ങി വാട്ട്സാപ്പ് സന്ദേശങ്ങൾ വഴിയും പകർച്ചവ്യാധികളെക്കുറിച്ചുള്ള പരിശീലനവും മീറ്റിംഗുകളും നടത്തിയും ആവശ്യമായ ബോധവത്കരണം നൽകിവരുന്നു. ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കാനും കുളങ്ങൾ, കിണറുകൾ എന്നിവയിൽ കൂത്താടിഭോജ്യ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാനും അതുവഴി കൊതുക ജന്യരോഗങ്ങളെ തടയാനുമുള്ള

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ സമയാസമയങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുന്നതിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ ആശാ പ്രവർത്തകർ വഴി വീട്ടിലെത്തിച്ച് ക്ലോറിനേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ് എലികളുടെ സാന്നിദ്ധ്യം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികളും ആവശ്യമായ നിർദ്ദേശങ്ങളും നൽകുകയുണ്ടായി. കൂടാതെ സാമൂഹ്യ അകലവും സാനിറ്റൈസറുകളും ഉപയോഗിച്ച് കോവിഡ്പോലുള്ള രോഗങ്ങൾ തടയുന്നതിന് ദൃശ്യമാധ്യമങ്ങൾ വഴി നിരന്തരപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എലിപ്പനി തടയുന്നതിന് NREGA വർക്കേഴ്സിനോട് കാലുറകൾ, കയ്യുറകൾ ധരിക്കാനും ഡോക്സിസൈക്ലിൻ ഗുളികകൾ കഴിക്കാനുള്ള നിർദ്ദേശം നൽകിവരുന്നുണ്ട്. വിവിധ രോഗങ്ങളുമായി ബന്ധപ്പെട്ട വാരാചരണങ്ങൾ, മാസാചരണങ്ങൾ എന്നിവയിലൂടെ വിവിധ തലങ്ങളിൽപ്പെട്ടവർക്കായി പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റും വകുപ്പ് ജീവനക്കാരും പൊതുജനങ്ങളും കൈകോർക്കുന്നതിലൂടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നതും അതുവഴി പലരോഗങ്ങളെയും തടയാൻ കഴിയുന്നതുമാണ്.

**സപ്ലൈകോ സൂപ്പർ മാർക്കറ്റുകളുടെയും ഔട്ട് ലെറ്റുകളുടെയും നവീകരണം**

16(*286) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സപ്ലൈകോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

(i) സർക്കാരിന് വേണ്ടി പൊതുവിപണിയിൽ ഇടപെട്ട് അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നു.

(ii) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ

കാലയളവിൽ 2016 ഏപ്രിൽ മാസത്തിനുശേഷം പ്രസ്തുത സബ്സിഡി വില്പനവിലകൾ വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതുകൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാദ്ധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

(iii) സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉത്സവ കാലയളവുകളിൽ (ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ) നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ചന്തകൾ പ്രവർത്തിക്കുന്നു.

(iv) ജീവൻരക്ഷാ മരുന്നുകളടക്കം സാധാരണക്കാരന് കുറഞ്ഞ വിലയിൽ മരുന്നുകൾ എത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു.

(v) പെട്രോളിയം ഉൽപ്പന്നങ്ങളുടെയും എൽ.പി.ജി.-യുടെയും വില്പന കേന്ദ്രങ്ങൾ നടത്തുന്നു.

(vi) കേരള സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്ന സർക്കാർ നോഡൽ ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുന്നു.

(vii) സർക്കാരിനുവേണ്ടി കർഷകരിൽനിന്ന് നെല്ല് സംഭരണം നടത്തുകയും സംഭരിച്ച നെല്ല് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുകയും ചെയ്യുന്നു.

വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യ സാധനങ്ങളുടെ വില നിയന്ത്രിച്ചുനിർത്തുന്നതിനുമായി സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു. സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഡിപ്പോതലത്തിലുള്ള ആവശ്യകത ശേഖരിച്ച് ഇ-ടെണ്ടർ നടത്തിയാണ് സപ്ലൈകോ അവശ്യ സാധനങ്ങൾ വാങ്ങുന്നത്. ഇതിനു

പുറമെ, ഇ-ഓക്ഷൻ രീതിയും വാങ്ങലിനായി അവലംബിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും അവശ്യവസ്തുക്കളുടെ ലഭ്യത സപ്ലൈകോ വില്പനശാലകളിൽ ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ച് നിർത്തുന്നതിനും സാധിക്കുന്നുണ്ട്. വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ചും നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടും അവശ്യസാധനങ്ങൾ സംഭരിക്കുന്നതിനാൽ പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കോവിഡ് കാലത്തെ സർക്കാരിന്റെ കരുതൽ-സപ്ലൈകോയിലൂടെ കോവിഡ് വ്യാപനം തടയുന്നതിനായി പ്രഖ്യാപിക്കപ്പെട്ട ലോക്ക്ഡൗൺ സംസ്ഥാനത്തെ നാനാതുറയിലുള്ള ജനങ്ങളുടെയും ജീവിതത്തെ ദുരിതത്തിലാഴ്ത്തിയപ്പോൾ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തത് സപ്ലൈകോയാണ്. 2020 ഏപ്രിൽ മുതൽ 2021 ജൂൺ വരെ എല്ലാ റേഷൻ കാർഡുടമകൾക്കും 12 സൗജന്യ കിറ്റുകളാണ് റേഷൻ കടകൾ വഴി സംസ്ഥാന സർക്കാർ വിതരണം ചെയ്തത്. ഈ കിറ്റുകളെല്ലാം തയ്യാറാക്കി റേഷൻ കടകളിലേയ്ക്ക് വിതരണം ചെയ്തത് സപ്ലൈകോയാണ്. കൂടാതെ മൽസ്യത്തൊഴിലാളികൾ, അതിഥിത്തൊഴിലാളികൾ, സ്കൂൾ കുട്ടികൾ തുടങ്ങിയവർക്കും ഈ കോവിഡ് കാലത്ത് ആശ്വാസമേകാൻ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

(ബി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ഔട്ട് ലെറ്റുകളും നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

(സി) കാര്യക്ഷമമായ വിപണി ഇടപെടൽ നടത്തുന്നതിനായി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും ഔട്ട് ലെറ്റുകളും ഉപഭോക്തൃ സൗഹൃദമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും മറ്റ് ഔട്ട്ലെറ്റുകളും നിലവിൽ നവീകരിച്ചുവരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികളും നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കിയും (കുറഞ്ഞത്

700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകളിൽ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തിയും മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാദ്ധ്യത കൂടി മുൻനിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഔട്ട് ലെറ്റുകളിലും നിലവാരമുള്ള സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കും. സപ്ലൈകോ വിൽപ്പനശാലകളുടെ കെട്ടിടമാറ്റം, പുതിയ വിൽപ്പനശാലകൾക്കായി കെട്ടിടം ഏറ്റെടുക്കൽ മുതലായ സാഹചര്യങ്ങളിൽ ശുചിമുറി സൗകര്യംകൂടി ഉറപ്പാക്കി മാത്രമാണ് കെട്ടിടങ്ങൾ ഏറ്റെടുക്കാൻ അനുമതി നൽകിവരുന്നത്. നിലവിലെ വിൽപ്പനശാല കെട്ടിടങ്ങളുടെ വാടക കരാർ പുതുക്കുന്ന അവസരങ്ങളിലും ശുചിമുറി സൗകര്യം ഉറപ്പാക്കി മാത്രമാണ് കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകുന്നത്.

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം

17(*287) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മിഷനുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനമികവ് അവലോകനം ചെയ്യാറുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) സർക്കാരിന്റെ അടിസ്ഥാന സൗകര്യം ഉപയോഗിക്കുകയും മറ്റ് ആനുകൂല്യങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടും യാതൊരു ഉൽപാദനക്ഷമതയും കാണിക്കാതിരിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കെതിരെ സ്റ്റാർട്ടപ്പ് മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാരിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന സ്റ്റാർട്ടപ്പുകൾ ഉൽപ്പാദന ക്ഷമത കാണിക്കാതെ തുടരുന്ന അവസ്ഥ നിലവിലില്ല.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ക്രിപ്റ്റോ കറൻസി തുടങ്ങിയ അതിനൂതന സാങ്കേതിക മേഖലകളിൽ ഗവേഷണങ്ങൾ നടത്തിവരുന്ന സ്റ്റാർട്ടപ്പുകൾ സ്റ്റാർട്ടപ്പ് മിഷന് കീഴിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇത്തരം കമ്പനികൾക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ അതി നൂതന സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ നിലവിലുണ്ട്. ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് വിദഗ്ദ്ധ മെന്റർഷിപ്പ്, ഫണ്ടിംഗ്, ക്ലൗഡ് ക്രെഡിറ്റ്സ്, ജി.പി.യു. മെഷീനുകൾ എന്നിവ ലഭ്യമാക്കി വരുന്നു. പ്രസ്തുത ആനുകൂല്യങ്ങൾ ഇത്തരം സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്ക് സഹായകരമാണ്. ക്രിപ്റ്റോ കറൻസിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ നിലവിൽ സ്റ്റാർട്ടപ്പ് മിഷനു കീഴിലില്ല.

(ഡി) ഇല്ലെങ്കിൽ കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പ്രസ്തുത മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകി കേരളത്തെ അതിനൂതന സാങ്കേതിക വിദഗ്ദ്ധരുടെ ടെക്നോളജി ഹബ്ബാക്കി മാറ്റുവാൻ സ്റ്റാർട്ടപ്പ് മിഷന് പദ്ധതിയുണ്ടോ?

കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിൽ 283 ഇന്നൊവേഷൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC) കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. മിടുക്കരായ വിദ്യാർത്ഥികളെ അവിടെ നിന്നും തെരഞ്ഞെടുക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. ഫ്യൂച്ചർ ടെക്നോളജി ലാബിലൂടെ മിടുക്കരായ വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിജ്ഞാനം നൽകി വരുന്നു. അതിലുപരി സർക്കാർ സംവിധാനങ്ങളായ കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC), ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയിലൂടെ വിദഗ്ദ്ധ പരിശീലനവും നൽകുന്നുണ്ട്. അതിൽ നിന്നും വരുന്ന വിദ്യാർത്ഥികളെ വ്യാവസായിക പരിചയത്തിനുവേണ്ടി സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെടുത്താറുണ്ട്.

**ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം**

18(*288) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുക്കത്തക്ക തരത്തിൽ മികവുള്ളതാക്കി മാറ്റാനായിട്ടുണ്ടോ; ഇതുവരെ എത്ര സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് അംഗീകാരം ലഭിച്ചു; എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുക്കത്തക്ക തരത്തിൽ മികവുള്ളതാക്കി മാറ്റിയെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി കേരളത്തിലെ 124 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചു, അതിൽ 3 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 7 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, 32 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 78 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. കേരളത്തിലെ 4 സർക്കാർ ആശുപത്രികൾ എൻ.ക്യൂ.എ.എസ്. അക്രെഡിറ്റേഷന് വേണ്ടിയിട്ടുള്ള ദേശീയതല പരിശോധനകഴിഞ്ഞ് ഫലം കാത്തിരിക്കുകയാണ്. ഇത് കൂടാതെ 9 ആശുപത്രികൾ ദേശീയതല പരിശോധനയ്ക്കായുള്ള അപേക്ഷ നൽകി, പരിശോധന നടപടികൾ കാത്തിരിക്കുകയാണ്. എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധം - 1 ആയി ചേർക്കുന്നു.* മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഇന്ത്യയിൽ മുഴുവനുമുള്ള ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അന്തർദ്ദേശീയ നിലവാര നിർണ്ണായക ഏജൻസിയായ ഇസ്കുവ (ISQUA). ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓഫ് ക്വാളിറ്റി അംഗീകരിച്ച പുരസ്കാരമാണ് എൻ.ക്യൂ.എ.എസ്. സർവ്വീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻ പുട്സ്, സപ്പോർട്ടീവ് സർവ്വീസ്, ക്ലിനിക്കൽ സർവ്വീസ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ് ഔട്ട്കം എന്നീ 8 വിഭാഗങ്ങളായി 6500-ഓളം ചെക്ക് പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്കുശേഷമാണ് ആശുപത്രിയുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70%-ൽ കൂടുതൽ മാർക്ക് നേടുന്ന ആശുപത്രികൾക്കാണ് ഭാരത സർക്കാർ എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുന്നത്. എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് പതിനായിരം രൂപ എന്ന നിലയിലും, കിടത്തി ചികിത്സയില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും രണ്ട് ലക്ഷം രൂപ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വീതം മൂന്നുവർഷത്തേയ്ക്ക് പാരിതോഷികം ലഭിക്കുന്നു. മൂന്നു വർഷത്തിനുശേഷം ദേശീയതല പുനഃപരിശോധന നടത്തുന്നു.

(ബി) രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും ജില്ലാ ആശുപത്രിക്കും താലൂക്ക് ആശുപത്രിക്കും ഉള്ള അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. പട്ടിക അനുബന്ധം - 2 ആയി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

എല്ലാ മെഡിക്കൽ കോളേജുകളെയും എയിംസ് നിലവാരത്തിൽ എത്തിക്കുന്നതിനായി സെന്റേർസ് ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന്റെ ഭാഗമായിട്ടുള്ള നടപടികളാണ് കഴിഞ്ഞ അഞ്ച് വർഷങ്ങളായി നടന്നുവരുന്നത്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിവിധങ്ങളായ വികസന പ്രവർത്തനങ്ങളാണ് എല്ലാ മെഡിക്കൽ കോളേജുകളിലും നടത്തിയിട്ടുള്ളത്. അതിന്റെ വിശദവിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു.*

**സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത**

19 (*289) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വർഷം കൊണ്ട് ഇരുപത് ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുകയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് കെ-ഡിസ്ക് പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽനിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കാൻ ഏർപ്പെടുത്തുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതിയെ കുറിച്ച് അറിയിക്കാമോ?

ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ, കെ-ഡിസ്ക് സർക്കാരിന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സമർപ്പിച്ചിട്ടുള്ള സ്ട്രാറ്റജിക് പേപ്പറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുവാനും വേണ്ടി സംസ്ഥാന സർക്കാർ കെ-ഫോൺ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി വഴി 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാകുന്നതാണ്. ഇതോടൊപ്പംതന്നെ വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും അനുബന്ധവിവരങ്ങളും തികച്ചും സുതാര്യവും അനായാസവുമായി സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനായി സൗജന്യ വൈ-ഫൈ പദ്ധതിയായ "കെ-ഫൈ" നടപ്പാക്കി വരുന്നു. ബസ്സ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ മുതലായ ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്തയിടങ്ങളിൽ ബി.എസ്.എൻ.എൽ-ന്റെ സഹായത്തോടെയാണ് വൈഫൈ സംവിധാനം നടപ്പിലാക്കുന്നത്. ഇപ്രകാരം കേരളത്തിലുടനീളം 2000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളുടെ പരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് നിശ്ചിത സമയത്തേയ്ക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കും. ഒരു വ്യക്തിക്ക് ഒരു ദിവസം 1 GB ഡാറ്റ സൗജന്യമായി ലഭിക്കുന്നതാണ്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്ന് പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനും ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുവാനും പ്രസ്തുത പദ്ധതികൾ സഹായകരമാകുമെന്ന് കരുതുന്നു.

(സി) സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സാധാരണ പൗരന്മാർക്ക് ഫലപ്രദമായി ഇന്റർനെറ്റ് ഉപയോഗിക്കാനും ഡിജിറ്റൽ സാങ്കേതിക വിദ്യകളിൽ അവബോധം നൽകിക്കൊണ്ട് ഇന്റർനെറ്റ്, ഇ-ഗവേണൻസ് സേവനങ്ങൾ, ഇ-കൊമേഴ്സ് എന്നിവ ഉപയോഗിക്കുന്നതിൽ പൗരന്മാരെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന 'ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയിൻ' നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തെ നൂറു ശതമാനം ഡിജിറ്റൽ സാക്ഷരതയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഐ.ടി. മിഷനും സാക്ഷരതാ മിഷനും സംയുക്തമായി "ഞാൻ ഡിജിറ്റലായി" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ പണമിടപാടുകൾ, വിവരസാങ്കേതിക വിദ്യയുടെ പ്രാഥമികമായ അറിവ്, സമൂഹമാധ്യമങ്ങളുടെ ഉപയോഗവും സുരക്ഷയും ഓൺലൈൻ വ്യാപാരം

തുടങ്ങിയവ സംബന്ധിച്ച പ്രാഥമിക വിവരങ്ങളും ഇതിൽ ഉൾപ്പെടുന്നു. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നേരിട്ടുള്ള പരിശീലനം നടത്തുന്നതിന് തടസ്സം നേരിട്ട സാഹചര്യത്തിൽ വാട്സ് ആപ്പ്, ഫേസ്ബുക്ക്, യൂ-ട്യൂബ് തുടങ്ങിയ മാധ്യമങ്ങൾ വഴി സി-ഡിറ്റിന്റെ സഹായത്തോടുകൂടി വീഡിയോകൾ നിർമ്മിക്കുകയും സൈബർ സുരക്ഷ സംബന്ധിച്ച പ്രാഥമിക വിവരങ്ങളടങ്ങിയ ചെറിയ വീഡിയോകൾ എന്നിവ ഉൾപ്പെടെ സമൂഹ മാധ്യമങ്ങൾ വഴി വ്യാപകമായ രീതിയിൽ പ്രചരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികളിൽ ഐ.ടി. അവബോധം സൃഷ്ടിക്കുന്നതിനും ഐ.ടി-ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്കും പ്രത്യേക പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പിലാക്കിവരുന്നുണ്ട്. ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങളും 11, 12 ക്ലാസ്സുകളിൽ ഓപ്ഷണലായും കമ്പ്യൂട്ടർ പഠനവും നിലവിലുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസ്സുകളിലെ മറ്റ് കുട്ടികൾക്ക് സൈബർ അവബോധ ക്ലാസ്സുകൾ നൽകിയിരുന്നു. കൂടാതെ സ്കൂൾ കുട്ടികളുടെ അമ്മമാർക്ക് പ്രത്യേക ഐ.ടി. അവബോധ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. മീഡിയാ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി വാർത്തകളിലെ സത്യാവസ്ഥയും വ്യാജവാർത്തകളും സംബന്ധിച്ച് 'സത്യമേവ ജയതേ' എന്ന പേരിൽ പി.ആർ.ഡി. തയ്യാറാക്കിയ പ്രത്യേക പരിപാടി കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്തു വരുന്നു. വ്യാജവാർത്ത, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടിയും സജ്ജമാക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റസ് ഗോ ഡിജിറ്റൽ". കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ

വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനാവശ്യമായിട്ടുള്ള സാങ്കേതിക സഹായം ഉന്നതവിദ്യാഭ്യാസ കൗൺസിലിന് നൽകി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആവശ്യമായ സംവിധാനം - Cloud Space ഒരുക്കുന്നതാണ്. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്.

(ഡി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഐ.ടി. മേഖലയിൽ എന്തെല്ലാം ആശയങ്ങൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തെ ആസ്പദമാക്കി പല ആശയങ്ങളും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യയെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഇതുവഴി സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാനും സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കും. ഐ.ടി. മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങൾ, നിക്ഷേപ സാദ്ധ്യതകൾ, പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി വിഭാവനം ചെയ്തു, കഴിഞ്ഞ സർക്കാരിന്റെ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ യുവസംരംഭകരെ ഐ.ടി./ഐ.ടി. അനുബന്ധ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ, ഐ.റ്റി.സി അക്കാഡമി, ഐ.ടി. പാർക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഈ സർക്കാരും തുടർന്നുവരുന്നു. ഇതിനു പുറമെ പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ സുഗമമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ നൽകിവരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പോർട്ടൽ മുഖേനയും ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും നൽകുവാനുള്ള നടപടികളും ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

## ഭാരത് മാല പദ്ധതി

20 (*290) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രിയുമായി നടന്ന ചർച്ചയിൽ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ആവശ്യപ്പെട്ടത്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം റോഡുകളെയാണ് ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്?

(എ&ബി) സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രിയുമായി നടന്ന ചർച്ചയിൽ വിഴിഞ്ഞം പാരിപ്പള്ളി ഔട്ടർ റിംഗ് റോഡിന്റെയും തത്വത്തിൽ അംഗീകരിച്ച 12 ദേശീയപാതകൾക്കും ട്രാഫിക് ഡെൻസിറ്റി കൂടിയ ചൊവ്വ- മട്ടന്നൂർ- കൂട്ടുപുഴ-വളവുപാറ-വിരാജ്പേട്ട-മടിക്കേരി-മൈസൂർ റോഡിന്റെ കേരളത്തിലൂടെ കടന്നുപോകുന്ന ഭാഗത്തിനും കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി ആവശ്യപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ തീരുമാനം അറിയിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമാകുമ്പോഴുണ്ടാകുന്ന വികസനസാദ്ധ്യത കണക്കിലെടുത്ത് പ്രഖ്യാപിച്ചിട്ടുള്ള വിഴിഞ്ഞം-പാരിപ്പള്ളി റിംഗ് റോഡ് പദ്ധതി ദേശീയപാത അതോറിറ്റി ഏറ്റെടുക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

28-4-2018-ൽ ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഗതാഗതവും ഹൈവേയും ഷിപ്പിംഗും വകുപ്പുമന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100%-വും ഇതിലേയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ 50%-വും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും ദേശീയപാതാ അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാന ഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കേണ്ടതുമായ പദ്ധതിക്ക് 4-2-2019-ലെ സ.ഉ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(കൈ) 181/2019/പൊ.മ.വ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പദ്ധതിരേഖയുടെ പകർപ്പ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് കൈമാറിയിരുന്നു. പ്രസ്തുത പദ്ധതി അംഗീകരിക്കുന്നതിനായി ഉപരിതല ഗതാഗത മന്ത്രാലയത്തിന് പലതവണ കത്തുകൾ അയച്ചിരുന്നു. 13-7-2021-ലെ NHAI/Tech/KL/ORR-TVM/2019 കത്ത് പ്രകാരം ദേശീയപാത അതോറിറ്റി ഈ പദ്ധതി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് ശിപാർശ ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്ക് ഇതുവരെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടില്ല.

**ഉച്ചക്കഞ്ഞിക്കുള്ള അരി കെട്ടിക്കിടന്ന് നശിച്ച സംഭവം**

21 (*291) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്ക് നൽകുന്നതിനുള്ള അരി വലിയതുറ ഗോഡൗണിൽ കെട്ടിക്കിടന്ന് നശിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര രൂപയുടെ എത്ര കിലോ അരിയാണ് നശിച്ചതെന്നറിയിക്കാമോ?

7,88,216 രൂപ വില വരുന്ന 24600 കി.ഗ്രാം അരിയാണ് വിതരണ യോഗ്യമല്ലാതായതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്.

(സി) ഇതിന് ഉത്തരവാദികളായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

MDMS അരി കേടായതിന് ഉത്തരവാദിയായ തിരുവനന്തപുരം ഡിപ്പോയിലെ മുൻ മാവേലി കസ്റ്റോഡിയൻ, ശ്രീ. രാജീവ്. ആർ. SA II-വിനെ സസ്പെൻറ് ചെയ്യുകയും ടിയാനെ മാതൃവകുപ്പിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുമുണ്ട്. നഷ്ടം ഈടാക്കുന്നതിനായി ടി ക്രമക്കേട് ഉൾപ്പെടെ ഡിപ്പോയിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ലീഗൽ മെട്രോളജി വകുപ്പിൽ നിന്നുള്ള സേവനങ്ങൾ**

22(*292) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പി.പി.ഇ. കിറ്റ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവയ്ക്ക് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരത്തിൽ അമിത വില ഈടാക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. 14-5-2021-ലെ G.O.(P)No.8/2021/F&CSD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സാനിറ്റൈസർ, പി.പി.ഇ.കിറ്റ്, മാസ്ക് എന്നിവയ്ക്ക് അമിതവില ഈടാക്കിയ വില്പനക്കാർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപഭോക്തൃ ചൂഷണം തടയുന്നതിനായി വകുപ്പിൽനിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി വിവിധ അച്ചടി മാധ്യമങ്ങൾ വഴിയും എഫ്.എം. റേഡിയോകൾ വഴിയും പരസ്യങ്ങൾ നൽകി വരുന്നു. കൂടാതെ ദേശീയ ഉപഭോക്തൃ ദിനം, ലോക ഉപഭോക്തൃ ദിനം എന്നീ ദിനാഘോഷങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്.

(ഡി) വകുപ്പിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉണ്ട്. നിലവിൽ വകുപ്പിൽനിന്ന് അനുവദിക്കുന്ന പായ്ക്കർ, ഇംപോർട്ടർ രജിസ്ട്രേഷൻ, അളവ്തൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽപ്പന

നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള ലൈസൻസ് എന്നിവ ഓൺലൈനായിട്ടാണ് അനുവദിക്കുന്നത്. പൊതുജനങ്ങൾക്ക് അളവ് തൂക്ക സംബന്ധമായ പാരാതികൾ നൽകുന്നതിന് " സുതാര്യം" എന്ന മൊബൈൽ ആപ്ലിക്കേഷനും നിലവിലുണ്ട്.

(ഇ) വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ആഫീസുകളിൽ വയനാട് ജില്ലാ ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കാസർഗോഡ് ജില്ലാ ആഫീസിന് പുതിയ കെട്ടിടത്തിനുള്ള നിർമാണ ഉദ്ഘാടനം 22-7-2021-ൽ നടന്നിട്ടുള്ളതാണ്. പത്തനംതിട്ട, കണ്ണൂർ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. ടി ആഫീസുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭീഷണിക്കത്തിന്മേൽ അന്വേഷണം**

23(*293) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശ്രീമതി കെ. കെ. രമ എം.എൽ.എ.-യുടെ മകനെയും ആർ.എം.പി.ഐ. സംസ്ഥാന സെക്രട്ടറിയെയും അപായപ്പെടുത്തുമെന്ന ഭീഷണിക്കത്ത് എം.എൽ.എ.-യുടെ ഓഫീസിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽകാര്യത്തിന് ആർ.എം.പി.ഐ.-യുടെ സെക്രട്ടറിയായ ശ്രീ. എൻ. വേണുവിന്റെ പരാതി പ്രകാരം 19-7-2021-ന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 685/2021 U/s 153, 507 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ വടകര പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇക്കാര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) രാമനാട്ടുകര സ്വർണക്കടത്ത് കേസ്സുമായി ബന്ധപ്പെട്ട് തട്ടിക്കൊണ്ടുപോയ അഷ്റഫിനെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളിൽ ഒരാൾ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തി എന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

## പൊതുവിതരണ ശൃംഖലയുടെ കാര്യക്ഷമത

24 (*294) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് സൃഷ്ടിച്ച പ്രത്യേക സാഹചര്യത്തിൽ പൊതുവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും എല്ലാവർക്കും ഭക്ഷ്യധാന്യം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കോവിഡ്-19-മായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ്-19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും പൊതുവിപണിയിലെ വിലവർദ്ധനവ് തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിച്ച് റെയ്ഡുകളും പരിശോധനകളും നടത്തി; കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടഞ്ഞു. കണ്ടെത്തിയ ക്രമക്കേടുകൾക്കെതിരെ ശക്തമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ സ്റ്റോക്ക് പരിശോധിച്ചതിലൂടെ പൊതുവിപണിയിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം പൊതുജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും അവശ്യസാധന കിറ്റുകൾ ഏപ്രിൽ 2020 മുതൽ നൽകിവരുന്നുണ്ട്. ആയതിന്റെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(a) എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു.

(b) NPS/NPNS കാർഡുടമകൾക്ക് 15 കി.ഗ്രാം അരി നൽകി.

(c) റേഷൻ കാർഡ് ഇല്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കി.ഗ്രാം അരി വീതം നൽകി. സംസ്ഥാനത്താകെ 38384 റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 486.5578 MT അരി വിതരണം ചെയ്തു.

(d) അനാഥാലയങ്ങളിലും ധർമ്മസ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കി.ഗ്രാം അരി വീതം നൽകി.

(e) തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കി.ഗ്രാം അരി വീതം നൽകി.

(f) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കി.ഗ്രാം അരി വീതം 2 മാസം നൽകി.

(g) ഇവ കൂടാതെ PMGKAY പ്രകാരം മുൻഗണനാ കുടുംബങ്ങളിൽ ഒരാൾക്ക് 4 കി.ഗ്രാം അരിയും 1 കി.ഗ്രാം പയറുവർഗ്ഗവും നവംബർ മാസം വരെ നൽകുകയും ലോക്ക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ, 4 കിലോ ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് വിതരണം ചെയ്തു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി 320803 അതിഥി തൊഴിലാളികൾക്ക് 1166.52 മെട്രിക് ടൺ അരിയും 349.994 മെട്രിക് ടൺ ആട്ടയും വിതരണം ചെയ്തു. അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ ആത്മ നിർഭർ ഭാരത് പ്രകാരം 176013 പേർക്ക് 2142.26 മെട്രിക് ടൺ അരിയും 306.897 മെട്രിക് ടൺ കടലയും വിതരണം ചെയ്തു.

(h) ഓണത്തോടനുബന്ധിച്ച് എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യകിറ്റ് സൗജന്യമായി നൽകി.

(i) മത്സ്യബന്ധന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

(j) സ്കൂൾ കുട്ടികളുടെ Mid-day Meal വീടുകളിൽ വിതരണം ചെയ്തു (ഭക്ഷ്യ-ഭദ്രത അലവൻസ്).

(ബി) റേഷൻ കടകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

റേഷൻ കടകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് - ടു-എൻഡ് കമ്പ്യൂട്ടറൈസേഷനോടനുബന്ധിച്ച് സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. റേഷൻകട നവീകരണത്തിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കി. അതിനായി ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകി (ആകെ 3,50,00,000 രൂപ). റേഷൻ കട വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധികവരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യപടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥല പരിമിതിമൂലം റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഉത്സവകാലങ്ങളിലും സ്പെഷ്യൽ റേഷൻ നൽകുന്ന സമയങ്ങളിലും ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു. സംസ്ഥാനത്തെ 1000 റേഷൻ കടകൾ തെരഞ്ഞെടുത്ത് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഒരു പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമായി മാതൃകാപരമായി നിലവാരം ഉയർത്തിക്കൊണ്ട് കൂടുതൽ സൗകര്യപ്രദവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതാണ്.

(സി) പൊതുവിതരണ ശൃംഖല അഴിമതിമുക്തമാക്കുന്നതിനും റേഷൻ വ്യാപാരികൾക്ക് സൗജന്യ ഭക്ഷ്യധാന്യ വിതരണത്തിനുൾപ്പെടെ ലഭിക്കേണ്ട കമ്മീഷൻ സമയബന്ധിതമായി നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിതരണ ശൃംഖലയിലെ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കുന്നതിനും ഭക്ഷ്യധാന്യ വിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അവധി വ്യാപാരം, കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിനും ശക്തമായ ഒരു പരിശോധനാസംവിധാനം വകുപ്പുതലത്തിൽ നിലവിലുണ്ട്. ഇപ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 2021 KTPDS (കൺട്രോൾ) ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ലോക്ക്ഡൗൺ കാലയളവിൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്ക് ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലോക്ക്ഡൗൺ കാലത്ത് പൊതുജനങ്ങൾക്ക് കിറ്റുകൾ യഥാസമയം വിതരണം ചെയ്ത റേഷൻ വ്യാപാരികൾക്ക്, അവരുടെ പ്രത്യേക സേവനം കണക്കിലെടുത്ത് 2020 ഏപ്രിൽ മാസത്തിൽ നടത്തിയ കിറ്റ്

വിതരണത്തിന് കിറ്റൊന്നിനു ഏഴുരൂപ നിരക്കിൽ അനുവദിച്ചുനൽകിയിരുന്നു. കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർക്ക് 1,000 രൂപ ഓണറേറിയവും അനുവദിച്ചിരുന്നു. പിന്നീട് ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്ത കിറ്റിനും 5 രൂപ നിരക്കിൽ അനുവദിച്ചുനൽകിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം നടത്തിയ 84,48,016 അതിജീവന കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ 5,91,36,112 രൂപയും 2020 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത 93,78,536 ഭക്ഷ്യകിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 രൂപ നിരക്കിൽ 4,68,92,680 രൂപയും കമ്മീഷനായി റേഷൻ വ്യാപാരികൾക്ക് അനുവദിച്ചുനൽകിയിരുന്നു. റേഷൻ വ്യാപാരികളോട് സർക്കാർ സ്വീകരിച്ച പ്രത്യേക പരിഗണനയുടെ ഭാഗമായാണ് അവർക്ക് 1,000 രൂപ ഓണറേറിയം, 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് എന്നിവ നൽകിയത്. റേഷൻ വ്യാപാരി ക്ഷേമനിധിയിലേയ്ക്ക് സംസ്ഥാന വിഹിതമായി 5 കോടി രൂപ നൽകുന്നത് പരിഗണനയിലാണ്. കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ കിറ്റ് വിതരണത്തിന് പ്രത്യേക കമ്മീഷൻ വേണമെന്ന ആവശ്യം ഉടൻ പരിഗണിക്കാൻ സാധിക്കാത്ത അവസ്ഥയാണ്.

**മാലിന്യ നിർമ്മാർജ്ജനം**

25 (*295) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി സ്വീകരിക്കുന്ന നടപടികൾ ഇപ്രകാരമാണ്:

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായമുൾപ്പെടെ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക, അജൈവ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിന് കൂടുതൽ എം.സി.എഫ്.-കൾ, ആർ.ആർ.എഫ്.-കൾ എന്നിവ സ്ഥാപിക്കുക, ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ്, ആപത്കരമായ മാലിന്യങ്ങൾ തുടങ്ങിയവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ, സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങുക, സാനിറ്ററി ലാൻഡ് ഫില്ലുകൾ നിർമ്മിക്കുക, കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് നിർമാർജ്ജനത്തിന് റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, മാലിന്യ ശേഖരണത്തിന് ഹരിതകർമ്മ സേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുക, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാൻറുകൾ DBFOT അടിസ്ഥാനത്തിൽ സ്ഥാപിക്കുക, നഗരപ്രദേശങ്ങളിലെയും അനുബന്ധപ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി (KSWMP), ദ്രവമാലിന്യ സംസ്കരണം അമൃത് മിഷൻ, IMPACT Kerala Ltd. എന്നിവ മുഖേന കൂടുതൽ ദ്രവമാലിന്യ സംസ്കരണ (FSTP/STP) പദ്ധതികൾ നടപ്പാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്നതിനും ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ കെൽട്രോണിന്റെ സഹായത്താൽ സ്മാർട്ട് ഗാർബേജ് ആപ്പ് വികസിപ്പിച്ച് ഉപയോഗിക്കും. ജല സ്രോതസ്സുകളിൽ പരിശോധന നടത്തി വാട്ടർ ക്വാളിറ്റി പരിശോധിച്ച് കുടിവെള്ളത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്നുള്ള നടപടികൾ സ്വീകരിക്കും. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മിനി എം.സി.എഫുകൾ, സോക്ക് പിറ്റുകൾ തുടങ്ങിയവ നിർമ്മിക്കുകയും ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുകയും ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കും. മാലിന്യ ഉത്പാദനം കുറയ്ക്കുക, മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയുക, മാലിന്യ നിർമ്മാർജ്ജനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളോടൊപ്പം നിർദ്ദേശാനുസരണം പ്രവർത്തിക്കുക തുടങ്ങിയ പൗരധർമ്മം ഓർമ്മിപ്പിച്ചുകൊണ്ടുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ (IEC activities) തുടരും. ടോയ്‌ലറ്റുകളുടെ റിട്രോഫിറ്റിംഗിലൂടെ 'leachate' പ്രശ്ന പരിഹാരം ഉറപ്പാക്കും.

(ബി) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉറവിട മാലിന്യ സംസ്കരണത്തിനായി ജനങ്ങളെ ബോധവത്കരിക്കുന്നതിന് വോളണ്ടിയർമാരുടെ സഹായത്തോടെ ഭവന സന്ദർശനം, ലഘുലേഖകളുടെ

വിതരണം, എക്സിബിഷനുകൾ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വശങ്ങളിൽ ബോധവത്കരണ പരസ്യങ്ങൾ ആലേഖനം ചെയ്യുക, സിനിമാ തീയേറ്ററുകൾ വഴി ഉറവിട മാലിന്യ പരിപാലന സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, എഫ്.എം. ചാനലുകൾ, റെയിൽവേ പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, ടെലിവിഷൻ എന്നിവ വഴി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശം എന്നിങ്ങനെ എല്ലാ മാധ്യമങ്ങളിലൂടെയുമുള്ള ബോധവത്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) ഖരമാലിന്യ പരിപാലനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സ്വച്ഛ് ഭാരത് മിഷൻ (നഗരം & ഗ്രാമം) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖാന്തരം സംസ്ഥാനത്ത് ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും 50% തുക ഓരോ തദ്ദേശഭരണ സ്ഥാപനവും മാലിന്യ നിർമ്മാർജ്ജന-കുടിവെള്ള മേഖലയ്ക്കായി വിനിയോഗിക്കേണ്ടതാണ്.

## നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി

26 (*296) ശ്രീമതി ദെലീമ:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന-ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിന് വിവരം തേടി പിങ്ക് പോലീസ് വീട്ടിൽ എത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) സൈബർ ഇടങ്ങളിലും പൊതു-സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീസുരക്ഷ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

(എ&ബി) സ്ത്രീകൾ നേരിടുന്ന സൈബർ ലോകത്തിലെ അതിക്രമങ്ങൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ അവ പരിഹരിക്കുന്നതിനായി ആരംഭിച്ച കേരള പോലീസിന്റെ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യയിടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക്

കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. ഇതിനുപുറമേ പരാതികളിൽ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് ഫലപ്രദമായി ഇടപെടുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി വഴി നൽകും. അതോടൊപ്പം നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന Aparajitha.pol@kerala.gov.in സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനുപുറമേ പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനി ഐ.പി.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പറിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ഇതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്-ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽമീഡിയ നെറ്റ് വർക്കുകൾ എങ്ങനെ ദുരുപയോഗം ചെയ്യുന്നുവെന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണത്തിന് ഇതിനകം വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംപ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 'സെൽഫ് ഡിഫൻസ്' പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ഡൊമസ്റ്റിക് കോൺഫ്ളിക്റ്റ് റെസല്യൂഷൻ സെന്റർ (DCRC) പ്രവർത്തിച്ചുവരുന്നു. അടിയന്തര പോലീസ് സഹായം ലഭ്യമാക്കുന്നതിന് 1515, 112, 1090, 1091 എന്നീ ടോൾഫ്രീ നമ്പറുകൾ പ്രവർത്തിച്ചുവരുന്നു. സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുയിടങ്ങളിൽ ജൻഡർ ഓഡിറ്റിംഗ് നടത്തി സുരക്ഷിതമല്ലാത്ത ഇടങ്ങളെ കണ്ടെത്തുന്നതിനും അവിടം സ്ത്രീസൗഹൃദമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതിക്കാർ നേരിട്ടെത്തണമെന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ട്.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരെ സുരക്ഷിതരാക്കുന്നതിനും 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, അവരെ സുരക്ഷിതമാക്കുന്നതിനുംവേണ്ടി ' നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി കേരളപോലീസ് ആരംഭിച്ചിട്ടുണ്ട്. ജോലി കഴിഞ്ഞ് വൈകിയവേളയിൽ യാത്ര ചെയ്യുന്ന സ്ത്രീകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി 24 മണിക്കൂറും പ്രവർത്തനക്ഷമമായി നിർഭയം ആപ്പ്, POL-APP (Integrated APP of Kerala Police) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ**

27(*297) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യമാണ്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും ഉദ്യോഗാർത്ഥികൾക്ക് സഹായകരവുമാകുന്ന തരത്തിൽ ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാൻ സഹായകരമാകുന്നതിനായി സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളുടെ നടത്തിപ്പുകാർക്ക് പി.എസ്.സി. പരിശീലനം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ നിന്ന് ഒഴിവുകൾ കാര്യക്ഷമമായി റിപ്പോർട്ട് ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനങ്ങളൊരുക്കുകയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സംവിധാനത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനായി പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു.

(ബി) സംസ്ഥാന ചരിത്രത്തിലെ ഏറ്റവും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി.എസ്.സി.-യ്ക്ക് കഴിഞ്ഞിട്ടുണ്ടോ?

2016 മേയ് 26 മുതൽ 2021 മേയ് 20 വരെ വിവിധ വകുപ്പുകളിലേയ്ക്കായി 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2016-ന് തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് 1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) നിയമന ശിപാർശകളാണ് നല്കിയിട്ടുള്ളത്. ഇതിൽ 4000-ത്തിലേറെ നിയമനങ്ങൾ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് നടത്തിയത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സമയബന്ധിതമായും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. കാലതാമസം കൂടാതെ നിയമനശിപാർശ നൽകിവരുന്നുണ്ട്. വകുപ്പുകളിൽനിന്ന് ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പരിശോധന നടത്തിവരുകയും ചെയ്യുന്നു.

(ഡി) ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സഹായകരമായ തരത്തിൽ പി.എസ്.സി-യുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനുശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ജൈവ-അജൈവ മാലിന്യ സംസ്കരണം

28(*298) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; അവ പൂർണ്ണമായും ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ; എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിവരുന്നു. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും തരംതിരിച്ച് ശേഖരിച്ച് മിനി എം.സി.എഫ്.-കളിലും എം.സി.എഫ്.-കളിലും ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികളുടെ വിജയത്തിനായി വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണസമിതികൾ, സന്നദ്ധ സംഘടനകൾ, സ്കൂൾ കോളേജ് തല സംഘടനകൾ, റെസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, വിദ്യാർത്ഥികൾ, യൂത്ത് ക്ലബ്ബുകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്നു. സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. കൂടാതെ മാലിന്യത്തിന്റെ ഉത്പാദനം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പൊതുജനപങ്കാളിത്തത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ നടപ്പാക്കിവരുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ജില്ലാ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ കണ്ടെത്തിയിട്ടുള്ളയിടങ്ങളിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കർമ്മപദ്ധതി

തയാറാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നിരീക്ഷിക്കുന്നതിനും കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്നതിനും ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ കെൽട്രോണിന്റെ സഹായത്താൽ സ്മാർട്ട് ഗാർബേജ് ആപ്പ് വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ശുചിത്വ ഓഡിറ്റ് പദ്ധതിയുടെ ഭാഗമായി ഇതുവരെ ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആകെ എണ്ണം-789 ആണ് (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം-715, മുനിസിപ്പാലിറ്റി-71, കോർപ്പറേഷൻ-3). സംസ്ഥാനത്ത് സമ്പൂർണ ശുചിത്വ പദവി ഒരു തദ്ദേശഭരണ സ്ഥാപനവും നേടിയിട്ടില്ല.

(ബി) അജൈവ മാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത സൗകര്യങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

അജൈവമാലിന്യങ്ങളുടെ ശേഖരണം, സംഭരണം, പുനഃചംക്രമണം, ശാസ്ത്രീയമായ സംസ്കരണം എന്നിവ നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്ന ചുമതലയാണ് ക്ലീൻ കേരള കമ്പനി ഏറ്റെടുത്തിട്ടുള്ളത്. റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കൽ, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉത്പാദനം, ഇ-വേസ്റ്റ് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും, ആപത്കരമായ ഇലക്ട്രിക്കൽ മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും ഗ്ലാസ്, ചില്ലു കുപ്പികൾ എന്നിവയുടെ ശേഖരണവും സംസ്കരണവും എന്നിവ അജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ക്ലീൻ കേരള കമ്പനി നടപ്പാക്കിവരുന്നു. ഇതോടൊപ്പം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെയും ദേശീയ പാതയോര ശുചീകരണത്തിന്റെയും ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്നുണ്ട്. കൂടാതെ സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം, സാനിറ്ററി ലാൻഡ് ഫില്ലുകളുടെ നിർമ്മാണം, റീസൈക്കിളിംഗ് യൂണിറ്റുകളുടെ നിർമ്മാണം, ലെഗസി വേസ്റ്റ് നീക്കംചെയ്യൽ തുടങ്ങിയവയും ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(സി) സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കാമോ?

സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന 14 നഗരസഭകളെ തെരഞ്ഞെടുത്ത് പ്രവർത്തനം നടത്തിയിരുന്നു. നിലവിൽ ശുചിത്വ പദവി നൽകുന്ന ക്യാമ്പയിനായി ഇതിനെ മാറ്റിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്.

1) വർക്കല നഗരസഭ

2) പുനലൂർ നഗരസഭ

3) പത്തനംതിട്ട നഗരസഭ

4) മാവേലിക്കര നഗരസഭ

5) വൈക്കം നഗരസഭ

6) കട്ടപ്പന നഗരസഭ

7) നോർത്ത് പറവൂർ നഗരസഭ

8) കുന്നംകുളം നഗരസഭ

9) ചിറ്റൂർ-തത്തമംഗലം നഗരസഭ

10) പെരിന്തൽമണ്ണ നഗരസഭ

11) കൊയിലാണ്ടി നഗരസഭ

12) കൽപ്പറ്റ നഗരസഭ

13) മട്ടന്നൂർ നഗരസഭ

14) കാഞ്ഞങ്ങാട് നഗരസഭ.

ഇതിൽ താഴെപ്പറയുന്ന 8 നഗരസഭകൾ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ടായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്.

1) പുനലൂർ നഗരസഭ

2) മാവേലിക്കര നഗരസഭ

3) വൈക്കം നഗരസഭ

4) നോർത്ത് പറവൂർ നഗരസഭ

5) ചിറ്റൂർ-തത്തമംഗലം നഗരസഭ

6) കൊയിലാണ്ടി നഗരസഭ

7) കൽപ്പറ്റ നഗരസഭ

8) മട്ടന്നൂർ നഗരസഭ

## പ്രൈസ് മോണിറ്ററിംഗ് സെല്ലുകളുടെ പ്രവർത്തനം

29 (*299) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ടോ?

ഉണ്ട്. വിലവർദ്ധനവിന്റെ അടിസ്ഥാനകാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലേയും സർക്കാർ ഏജൻസികളിലേയും ടെക്നിക്കൽ സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പ്രൈസ് മോണിറ്റിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാവശ്യമായ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ?

ഉണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും അവിടെനിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽ നിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക വിപണന മേളകളും ചന്തകളും സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. ഈ ഓണക്കാലത്ത് സപ്ലൈകോ മുഖേന ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു. ജില്ലാതല ഓണച്ചന്തകൾ ആഗസ്റ്റ് 11-ന് ആരംഭിച്ച് ആഗസ്റ്റ് 20-ന് സമാപിക്കും (ആകെ 10 ദിവസങ്ങൾ). താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണച്ചന്തകൾ എന്നിവ പ്രമുഖ സപ്ലൈകോ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ആഗസ്റ്റ് 16-ന് ആരംഭിച്ച് ആഗസ്റ്റ് 20-ന് സമാപിക്കും (5 ദിവസങ്ങൾ). ഈ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 1484 ഫെയറുകൾ പ്രവർത്തിപ്പിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്.

**രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ**

30 (*300) ശ്രീ. പി. വി. അൻവർ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. വി. ജോയി:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമാവും വിധം പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുക.

2. പഞ്ചായത്തുകൾക്ക് ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ചു കൊണ്ടും മറ്റ് പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടും എല്ലാവരെയും ഉൾചേർത്തുകൊണ്ടുള്ള പ്രാദേശിക ഭരണം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കുകയും ഇതുവഴി ദേശീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുക.

3. ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക.

4. പഞ്ചായത്ത് രാജ് സംവിധാനത്തിനകത്ത് ജനകീയ പങ്കാളിത്തത്തിന്റെ വേദിയായി മാറാനുള്ള ഗ്രാമസഭകളുടെ ശേഷി വർദ്ധിപ്പിക്കുക.

5. പഞ്ചായത്തുകളുടെ കാര്യശേഷി വികസനത്തിന് സഹായകമാകും വിധത്തിൽ മികവിന്റെ കേന്ദ്രങ്ങളായ പരിശീലന സ്ഥാപനങ്ങൾ വളർത്തിയെടുക്കുക.

6. വിവിധ തലങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും അവയെ അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, ഫലപ്രദമായ പരിശീലനം എന്നിവയിൽ മതിയായ നിലവാരം പുലർത്തുംവിധം പ്രവർത്തിക്കാൻ സജ്ജമാക്കുകയും ചെയ്യുക.

7. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സദ്ഭരണം നടത്തുന്നതിനും ഭരണ മികവ് വർദ്ധിപ്പിക്കുന്നതിനും സഹായിക്കുക.

8. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(സി) പദ്ധതി പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകളുടെ സ്ഥാപനശേഷി, കാര്യശേഷി എന്നിവ വികസിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതുൾപ്പെടെ പഞ്ചായത്തുകളുടെ സ്ഥാപനശേഷി വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക, സംസ്ഥാന പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് റിസോഴ്സ് കേന്ദ്രങ്ങൾ സ്ഥാപിക്കുക, പഞ്ചായത്ത് ഭവനുകളുടെ നിർമ്മാണത്തിന്

ധനസഹായം അനുവദിക്കുക, പഞ്ചായത്ത് ഭവനുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ RGSA പദ്ധതിയിൽ ഉൾപ്പെടുത്തി കില മുഖേന നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടികളുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിരിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഫയലുകളിൽ തീരുമാനമാകാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

1(3026) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നിയന്ത്രണങ്ങളുടെ ഭാഗമായി അവശ്യ സർവ്വീസ് ഒഴികെയുള്ള മറ്റുപല വകുപ്പുകളിലും ജീവനക്കാർ ഹാജരാകാത്തതുമൂലം കഴിഞ്ഞ ഒരു വർഷത്തിലധികമായി സാധാരണക്കാരുടെ നിരവധി ഫയലുകളിൽ തീരുമാനമാകാതെ പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ സർക്കാർ സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനും ഹാജർനില പൂർണ്ണതോതിലാകുന്നതുവരെ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടാതിരിക്കാൻ ജീവനക്കാർ "വർക്ക് ഫ്രം ഹോം" സംവിധാനം പ്രയോജനപ്പെടുത്തി ഫയലുകളിൽ നടപടികൾ സ്വീകരിക്കുന്നതിനും പരമാവധി ഫയലുകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### സ്ത്രീധന നിരോധന നിയമം

2 (3027) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്ത്രീധന നിരോധന നിയമപ്രകാരം ചുമത്താൻ കഴിയുന്ന കുറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നത് 1961-ലെ സ്ത്രീധന നിരോധന നിയമം, വകുപ്പ് 3 പ്രകാരം 5 വർഷത്തിൽ കുറയാത്ത തടവും 15,000 രൂപയോ സ്ത്രീധനത്തിന് സമാനമായ തുകയോ പിഴശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. നേരിട്ടോ അല്ലാതെയോ സ്ത്രീധനം ആവശ്യപ്പെട്ടാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 4 പ്രകാരം 6 മാസം മുതൽ 2 വർഷം വരെ തടവും 10,000 രൂപ പിഴ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. 1961-ലെ സ്ത്രീധന നിരോധന നിയമം 4 എ പ്രകാരം വിവാഹ പാരിതോഷികത്തെപ്പറ്റിയുള്ള പരസ്യം നൽകിയാൽ 6 മാസം മുതൽ 5 വർഷം വരെ തടവും 15,000 രൂപ പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റമാണ്.

**വാക്സിൻ ചലഞ്ച്**

3 (3028) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മുഖ്യമന്ത്രിയുടെ വാക്സിൻ ചലഞ്ചിലേയ്ക്ക് നാളിതുവരെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 27-3-2020 മുതൽ 20-4-2021 വരെ 541.63 കോടി രൂപയും 21-4-2021 മുതൽ 30-7-2021 വരെ 275.87 കോടി രൂപയും സംഭാവനയായി ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ഓൺലൈനായും ചെക്ക് മുഖേനയുമാണ് നൽകുന്നത്. ഇതിൽനിന്നും വാക്സിൻ ചലഞ്ചിന് മാത്രമായി എത്ര തുക സംഭാവന ചെയ്തതെന്ന് തരംതിരിക്കാൻ സാധിക്കാത്തതിനാൽ പ്രത്യേകമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് മുഴുവൻ പേർക്കും വാക്സിൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അടുത്ത 3 മാസത്തിനുള്ളിൽ യോഗ്യതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് സംസ്ഥാനം വിശദമായ കർമ്മപദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളുകയെന്ന ലക്ഷ്യത്തോടെ ദിവസേനയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ ഇരട്ടിയാക്കി, ഒരു ദിവസം 4.91 ലക്ഷം ഡോസുകൾ വരെ നൽകി. വാക്സിനുകളുടെ ലഭ്യതക്കുറവ് സംസ്ഥാനത്തിന്റെ ശേഷി അനുസരിച്ച് വാക്സിൻ നൽകുന്നതിന് തടസ്സമാകുന്നുണ്ട്. സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും പ്രതിമാസം 90 ലക്ഷം ഡോസുകൾ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ സ്വകാര്യ മേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽനിന്ന് പരമാവധി അളവിൽ വാക്സിനുകൾ വാങ്ങുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നുണ്ട്. സിവിസിയും കോർപ്പറേറ്റ് ബോഡികളുടെ പിന്തുണയോടെ സംസ്ഥാനം വാക്സിൻ ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യതയും വാക്സിനേഷൻ ഉൽപ്പാദനവും നടത്താൻ ശ്രമിക്കുന്നുണ്ട്. കോവിഡ്-19 വാക്സിനേഷനുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ പ്രത്യേക സംരംഭങ്ങൾ വാക്സിനേഷൻ ഡ്രൈവിന്റെ തുടക്കം മുതൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരും ദുർബ്ബലരുമായ ജനവിഭാഗങ്ങൾക്കായി പ്രത്യേക വാക്സിനേഷൻ ഡ്രൈവുകൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം മുൻകയ്യെടുത്തു. അതിൽ ഇവ ഉൾപ്പെടുന്നു.

1. ഡിജിറ്റൽ മീഡിയ ഇന്റർനെറ്റ് ആക്സസ് ഇല്ലാത്തവർ അവശേഷിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന്, അത്തരം ഗുണഭോക്താക്കളെ അണിനിരത്താൻ ASHA/LSGD ജീവനക്കാരുടെ സേവനങ്ങൾ ഉപയോഗിക്കുകയും സ്പോട്ട് രജിസ്ട്രേഷന് ശേഷം അവർക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ചെയ്യുന്നു. എല്ലാ പൗരന്മാരുടേയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് " വേവ്-വർക്ക് അലോംഗ് ഫോർ വാക്സിൻ ഇക്വിറ്റി" എന്ന പ്രത്യേക രജിസ്ട്രേഷൻ കാമ്പെയിൻ ഇപ്പോൾ സംസ്ഥാനത്ത് ആരംഭിച്ചു.

2. പാലിയേറ്റീവ് രോഗികൾക്ക് ബെഡ് സൈഡ് വാക്സിനേഷൻ ആരംഭിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ഈ സംരംഭം ദേശീയതലത്തിലും ഇപ്പോൾ പല സംസ്ഥാനങ്ങളിലും പ്രശംസിക്കപ്പെട്ടു.

3. ആദിവാസി ജനസംഖ്യയുടെ കുത്തിവെയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക പരിശ്രമങ്ങൾ നടത്തുകയും 61% ആദിവാസി ജനതയ്ക്ക് (18 വയസ്സ്) ആദ്യ കോവിഡ് വാക്സിൻ നൽകുകയും 11% രണ്ട് ഡോസുകളുടെ ഷെഡ്യൂൾ പൂർത്തിയാക്കുകയും ചെയ്തു.

4. സംസ്ഥാനത്തൊട്ടാകെയുള്ള വൃദ്ധസദനങ്ങളിലും തടവുകാരിലും 97% പേർക്കും ആദ്യ ഡോസ് നൽകി, 28% പേർ ഷെഡ്യൂൾ പൂർത്തിയാക്കി.

5. വൈകല്യമുള്ളവർക്കായി സമർപ്പിത വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

6. ഗർഭിണികൾക്കുള്ള പ്രത്യേക കോവിഡ് വാക്സിനേഷൻ ഡ്രൈവ് - " മാതൃ കവചം" സംസ്ഥാനത്ത് ആരംഭിച്ചു.

**നിയമനങ്ങളുടെ കണക്കുകൾ**

4 (3029) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ 1-ന് അവസാനിച്ച പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിൽനിന്നും നടന്ന നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവിഡ് പ്രതിസന്ധിമൂലവും ഇനിയും പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലവും ഉള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് (കാറ്റഗറി നമ്പർ: 414/2016) തസ്തികയിലേയ്ക്ക് ഇതുവരെ 802 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 1-4-2021-ന് കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 4-8-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽനിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

**ഇ-ഗവേണൻസ്**

5 (3030) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേർണൻസിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളും ഇ-ഓഫീസുകൾ ആക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് തലവൻമാരുടെ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, താലൂക്കുതല ഓഫീസുകൾ, മറ്റ് താഴെത്തട്ടിലുള്ള ഓഫീസുകൾ എന്നീ ക്രമത്തിൽ ഘട്ടം ഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖാന്തരം നൽകിവരുന്നത് നിരവധി പരാതിക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ ജീവനക്കാർക്ക് മെച്ചപ്പെട്ട രീതിയിൽ ഉപയാഗിക്കുന്നതിന് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുമോ; വിശദവിവരം നൽകുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണവും യു.ജി.സി. 7-ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള പുനർനിർമ്മാണ പദ്ധതി**

6 (3031) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഇ- ഫയൽ സംവിധാനം**

7 (3032) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

ഉണ്ട്.

(ബി) ഭരണവേഗത വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളുടെ ക്ഷേമപദ്ധതികൾ വേഗത്തിലാക്കുന്നതിനുമായി കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലെയും ഫയലുകൾ ഇ-ഫയലിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഭരണവേഗത വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളുടെ ക്ഷേമപദ്ധതികൾ വേഗത്തിലാക്കുന്നതിനുമായി വകുപ്പ് തലവൻമാരുടെ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ, താലൂക്കുതല ഓഫീസുകൾ, മറ്റ് താഴെത്തട്ടിലുള്ള ഓഫീസുകൾ എന്നീ ക്രമത്തിൽ ഘട്ടംഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ സേവനങ്ങൾ സുഗമമായി ജനങ്ങളിലെത്തിക്കുന്നതിനായി സിംഗിൾ വിൻഡോയിലൂടെ സർക്കാർ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിവരം ലഭ്യമാക്കുമോ?

ഉണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ സർക്കാർ സേവനങ്ങൾ സുഗമമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പുകൾ നൽകിവരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പോർട്ടൽ മുഖേനയും ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലോക കേരള സഭ**

8 (3033) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലോക കേരള സഭയുടെ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കുന്നതിനും ആയതിന് ആസ്ഥാന മന്ദിരം പണിയുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ലോക കേരള സഭയുടെ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കുന്ന വിഷയം, കോവിഡ്-19 മഹാമാരിയെത്തുടർന്നുണ്ടായ സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മന്ത്രിമാരുടെ വിദേശയാത്രകൾ**

9 (3034) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യാത്രകൾ ഓരോന്നിന്റെയും ഉദ്ദേശ്യവും ലക്ഷ്യവും എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര വീതമാണ്;

(ബി) പ്രസ്തുത യാത്രകളിൽ മന്ത്രിമാർക്ക് യാത്രപ്പടി അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ മന്ത്രിയും ഓരോ യാത്രയ്ക്കും കൈപ്പറ്റിയ യാത്രപ്പടി എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശ യാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത യാത്രകൾകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ അനുബന്ധം-2* ആയും ചെലവ് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3* ആയും ചേർക്കുന്നു. 24-11-2019 മുതൽ 4-12-2019 വരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജപ്പാൻ, കൊറിയ സന്ദർശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് 81,302 രൂപയും വ്യവസായ വകുപ്പുമന്ത്രിക്ക് 77,220 രൂപയും ഗതാഗത വകുപ്പുമന്ത്രിക്ക് 72,000 രൂപയും ദിനബത്തയിനത്തിൽ അനുവദിച്ച് നൽകിയിരുന്നു.

### മന്ത്രിസഭാംഗങ്ങളുടെ വിദേശയാത്ര

10 (3035) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈയിനത്തിൽ സംസ്ഥാന ഖജനാവിൽനിന്ന് എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഈ യാത്രകളിൽ എത്ര എണ്ണം കുടുംബസമേതം നടത്തിയതാണെന്നും എത്ര എണ്ണം ഔദ്യോഗിക ആവശ്യത്തിനായി നടത്തിയതാണെന്നും അറിയിക്കുമോ?

(എ-സി) 2016 ജൂൺ മാസം മുതൽ മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.* പ്രസ്തുത യാത്രകളുടെ ചെലവ് സംബന്ധിച്ച് സർക്കാരിൽനിന്നും പ്രതിപൂരണം ചെയ്തുനൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയും ചേർക്കുന്നു.*

### സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിനുള്ള നടപടികൾ

11 (3037) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/മിന്നൽ പരിശോധന/

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാഥമികാന്വേഷണം/ സത്വരാന്വേഷണം/വിജിലൻസ് എൻക്വയറി എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ശിപാർശ നൽകുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാന വ്യാപകമായി വില്ലേജ് ഓഫീസ്, കൺസ്യൂമർഫെഡ് ഗോഡൗൺ, പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റൽ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി, പോലീസ് സ്റ്റേഷനുകൾ, ഹൈവേ പോലീസ് വാഹനങ്ങൾ, വനം വകുപ്പ് തടി ഡിപ്പോകൾ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ/കൺസ്യൂമർഫെഡ് എന്നിവയുടെ കീഴിലുള്ള ഔട്ട്-ലെറ്റുകൾ, മോട്ടോർ വാഹന വകുപ്പ് ആഫീസുകൾ, മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ചെക്ക്പോസ്റ്റുകൾ, എക്സൈസ് വകുപ്പിന് കീഴിലുള്ള അതിർത്തി ചെക്ക്പോസ്റ്റുകൾ, ലീഗൽ മെട്രോളജി ആഫീസുകൾ, സർക്കാരിന് കീഴിലുള്ള അഗതി മന്ദിരങ്ങൾ/ശിശു സംരക്ഷണ കേന്ദ്രങ്ങൾ, ഭക്ഷ്യ സുരക്ഷാ ആഫീസുകൾ, മൈനിംഗ് & ജിയോളജി ആഫീസുകൾ/ പൊതുമരാമത്ത് വകുപ്പ് റോഡുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സ്വകാര്യ ട്യൂഷൻ സെന്ററുകൾ, ഐ.സി.ഡി.എസ്.-ന് കീഴിലുള്ള അങ്കണവാടികൾ, കൃഷി വകുപ്പിന് കീഴിലുള്ള ആഫീസുകൾ, എയ്ഡഡ് സ്കൂളുകൾ/വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആഫീസുകൾ, നഗരസഭാ കാര്യാലയങ്ങൾ, ഭക്ഷ്യസുരക്ഷാ ഓഫീസുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസുകൾ, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ആവശ്യമായ ശിപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ 665 വിജിലൻസ് കേസുകളാണ് പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 86 കേസ്സുകൾ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ട്രാപ് കേസ്സുകൾ ആണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് രജിസ്റ്റർ ചെയ്തതും മുമ്പ് അന്വേഷണത്തിലുണ്ടായിരുന്നതുമായ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി 616 വസ്തുതാറിപ്പോർട്ടുകൾ വിജിലൻസ് ഡയറക്ടർ വിവിധ ശിപാർശകളോടെ

സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 703 പേർക്കെതിരെ പ്രോസിക്യൂഷനും 373 പേർക്കെതിരെ വകുപ്പുതല നടപടിയും 71 പേർക്കെതിരെ ട്രൈബ്യൂണൽ എൻക്വയറിയും ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് ലഭിച്ച റിപ്പോർട്ടുകളിൽ തുടർനടപടി സ്വീകരിച്ചു. 437 കേസ്സുകളിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഈ കാലയളവിൽ 370 കേസ്സുകളിൽ വിചാരണ പൂർത്തിയാക്കുകയും 281 പേർക്കെതിരെ ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ 432 വിജിലൻസ് എൻക്വയറികൾ, 1596 പ്രിലിമിനറി എൻക്വയറികൾ, 1024 ത്വരിത പരിശോധനകൾ, 411 രഹസ്യാന്വേഷണങ്ങൾ, 2267 മിന്നൽ പരിശോധനകൾ എന്നിവ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഇത് ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്.

(ബി) സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ തിരിമറി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏത് തരത്തിലുള്ള ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുകയും ചെയ്താൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നുമുള്ള അന്വേഷണം ആവശ്യമില്ലാത്ത ഘട്ടത്തിൽ പ്രസ്തുത അന്വേഷണം ബന്ധപ്പെട്ട വകുപ്പ് മുഖേന തന്നെ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഫണ്ട് തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടത്തുകയും ചെയ്യുന്നു. തുടർന്ന് തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. അഴിമതി നിരോധന

നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു.

## സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

12 (3038) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാം?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായി പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി 25-2-2017-ൽ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ നടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇല്ല.

(സി) എങ്കിൽ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി വകുപ്പുകളിൽ ഏകജാലക സംവിധാനം മുഖേന ഓൺലൈനായി സ്ഥലം മാറ്റം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ബാധകമല്ല.

## എൻട്രികേഡർ അസിസ്റ്റന്റ് തസ്തിക

13 (3039) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം (കേഡർ സ്ട്രെംഗ്ത്) എത്ര?

373

(ബി) നിലവിൽ പ്രസ്തുത വകുപ്പിലെ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ എത്രപേർ ജോലി ചെയ്യുന്നു; ലീവ്, ഡെപ്യൂട്ടേഷൻ എന്നിവയിലുള്ളവരെക്കുറിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

364 പേർ. 16 പേർ ഡെപ്യൂട്ടേഷനിലും 8 പേർ ശൂന്യവേതനാവധിയിലും ആണ്.

(സി) നിലവിൽ ഈ വകുപ്പിൽ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ കേഡർ സ്ട്രെംഗ്ത് പ്രകാരമുള്ള ജീവനക്കാർ ഉണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ;

(ഡി) കേഡർ സ്ട്രെംഗ്ത് മാനദണ്ഡമാക്കിയാണോ ഈ വകുപ്പിലെ എൻട്രികേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ കണക്കാക്കുന്നത്?

(സി&ഡി) റിട്ടയർമെന്റ്മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ (കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം, പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതനിയമനം എന്നിവ) കുറച്ച് ബാക്കി ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽമൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുന്നത്.

(ഇ) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ ആറുമാസത്തിലധികം കാലാവധിയുള്ള ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ മുഖേന എൻട്രികേഡർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ആണെങ്കിൽ 2019 ഏപ്രിൽ 9-ന ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ആറ് മാസത്തിലധികം കാലാവധിയുള്ള ലീവ്, പുതിയ ഡെപ്യൂട്ടേഷൻ എന്നിവ മുഖേന ഉണ്ടാകുന്ന എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2019 ഏപ്രിൽ 9-നശേഷം അപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടി വന്നിട്ടില്ല.

## റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ അറിയാൻ സംവിധാനം

14 (3040) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് ഓഫീസുകളിൽ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം അറിയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞ തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ വിവരങ്ങൾ പി.എസ്.സി-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്.

(സി) ഈ ആക്ഷേപം ഒഴിവാക്കുന്നതിനും നിയമന നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുമായി വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അതത് മാസം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംബന്ധിച്ച് വിവരാവകാശ നിയമം ഉപയോഗിച്ചല്ലാതെ ഏതൊരു ഉദ്യോഗാർത്ഥിക്കും ഓൺലൈനായി മനസ്സിലാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് വകുപ്പുകളുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിയമനം നടത്തിയതിനുശേഷം അത് പിൻവലിക്കുന്നതിനും പെൻഷൻ, പ്രൊമോഷൻ എന്നിവ കണക്കിലെടുത്ത് സാദ്ധ്യതാ ലിസ്റ്റ് രണ്ട് മാസത്തിന് മുമ്പെങ്കിലും പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകാമോ?

(സി&ഡി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട വിവിധ വകുപ്പുകളിലെ/ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## സുസ്ഥിര വികസന സൂചികയിൽ കേരളത്തിന്റെ സ്ഥാനം

15 (3041) ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസന സൂചികയിൽ സംസ്ഥാനത്തിന് മൂന്നാം തവണയും ഒന്നാം സ്ഥാനത്ത് എത്താൻ സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നീതി ആയോഗിന്റെ ഉൾപ്പെടെയുള്ള അംഗീകാരത്തിന് സംസ്ഥാനത്തെ പ്രാപ്തമാക്കിയ പ്രമുഖ ഘടകങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

2020-21-ലെ റിപ്പോർട്ടിൽ 75 സംയോജിത സ്കോർ നേടി മൂന്നാം തവണയും കേരളം ഒന്നാം സ്ഥാനം നിലനിർത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നിർവ്വഹണവും നിരീക്ഷണവും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ശക്തമായ സംഘടനാ സംവിധാനം സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മുന്നോട്ടുപോകുന്നതിനായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിനെ {മുമ്പുണ്ടായിരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ്} നോഡൽ വകുപ്പായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ തലങ്ങളിൽ നിരന്തര ചർച്ചായോഗങ്ങളും ശില്പശാലകളും നടത്തിവരുന്നു. SDG India Index റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി മുന്നോട്ടുപോകുന്നതിന് വിവിധ വകുപ്പുകൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ നൽകി ലക്ഷ്യപ്രാപ്തിക്കായി അനുസ്യൂതം പ്രവർത്തിച്ചുവരുന്നു. കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് വികസനപാതയിലെ വിടവുകൾ നികത്തി എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും വികസനത്തിന്റെ ഗുണഫലങ്ങൾ എത്തിക്കാൻ സർക്കാർ 2016 മുതൽ നടപടികൾ അവലംബിച്ചുവരുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന നവകേരളം കർമ്മ പദ്ധതി, പന്ത്രണ്ടിന പരിപാടി, നൂറുദിന കർമ്മപരിപാടി, പത്തിന പരിപാടി തുടങ്ങിയ പരിപാടികളിലൂടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ അന്തർമേഖല ഇടപെടലുകൾ നടത്തിവരുന്നു. ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് മിഷൻ, ആർദ്രം തുടങ്ങിയ സർക്കാരിന്റെ കർമ്മ പദ്ധതികൾ, പാർശ്വവത്കരിക്കപ്പെട്ട ജനതയുടെ പ്രശ്നങ്ങളെ സവിശേഷമായി കണ്ടുകൊണ്ട് അവയുടെ പരിഹാരത്തിന് ഊന്നൽ നൽകിയതുവഴി പ്രത്യക്ഷമായും പരോക്ഷമായും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് മികച്ച പിന്തുണയും സംഭാവനകളും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവും അവലോകനവും നിരീക്ഷണവും വിലയിരുത്തലും കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. SDG India Index-ൽ തുടർച്ചയായ മൂന്നാം വർഷവും കേരളം ഒന്നാം സ്ഥാനം നിലനിർത്തിയത് സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പദ്ധതി പ്രവർത്തനങ്ങളിലൂടെ കൈവരിച്ച സാമൂഹിക-സാമ്പത്തിക-

പാരിസ്ഥിതിക രംഗങ്ങളിലെ സമഗ്ര പുരോഗതിയുടെ പ്രതിഫലനമാണ്. SDG 7 (Clean & Affordable Energy) എന്ന ലക്ഷ്യം 100 സ്കോർ നേടി പൂർണ്ണമായി കൈവരിച്ചു. SDG 2 (Zero Hunger), SDG 4 (Quality Education) എന്നീ ലക്ഷ്യങ്ങളിൽ 80 വീതം സ്കോർ നേടി സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതെത്തി. SDG 1 (No Poverty), SDG 5 (Gender Equality), SDG 13 (Climate Action) എന്നീ ലക്ഷ്യങ്ങളിൽ കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനം നേടി. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ എടുത്തുപറയത്തക്ക നേട്ടങ്ങൾ താഴെ ചേർക്കുന്നു.

1. വൈദ്യുതി

വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം, പാചകവാതക കണക്ഷൻ എന്നിവ 100% ആയതിനാൽ കേരളം SDG 7 (Clean and Affordable Energy) എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിച്ചു. Percentage of renewable energy out of total installed capacity എന്ന സൂചകത്തിലും നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.

2. പൊതുവിതരണം

കേരളത്തിൽ National Food Security Act (NFSA)-ന്റെ ഗുണഭോക്താക്കൾ 100% ആണ്.

3. ആരോഗ്യം

ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഗർഭിണികളിലെ വിളർച്ച, കൗമാരപ്രായക്കാരിലെ വിളർച്ച എന്നീ സൂചകങ്ങളിൽ കേരളം നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു. ഇതിനുപുറമെ MMR, Under 5 mortality rate, Institutional deliveries, Total Physicians, Nurses & Midwives എന്നീ സൂചകങ്ങളിലും 100% സ്കോർ നേടി.

4. കൃഷി

കാർഷിക മേഖലയിലെ GVA per worker എന്ന സൂചകത്തിന്റെ സ്കോർ 100-ൽ എത്തി. Nitrogen out of total NPK എന്ന സൂചകത്തിലും കേരളം നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു.

5. പൊതുവിദ്യാഭ്യാസം

വിദ്യാലയങ്ങളിലെ വൈദ്യുതി-കുടിവെള്ള ലഭ്യത, വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ വാർഷിക ശരാശരി എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കേരളത്തിന് സാധ്യമായി.

6. ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസരംഗത്തെ ലിംഗതുല്യത എന്ന സൂചകത്തിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.

7. ദാരിദ്ര്യ നിർമ്മാർജ്ജനം

Head count Ratio as per Multidimensional Poverty Index, Population living below National Poverty Line എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.

(സി) സുസ്ഥിര വികസന സൂചിക പ്രധാനമായി സൂചിപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ സംസ്ഥാനത്തിന്റെ നില അറിയിക്കാമോ?

സുസ്ഥിര വികസന സൂചികയിൽ ലക്ഷ്യം 1 (No Poverty) ആണ് ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടിട്ടുള്ളത്. ടി ലക്ഷ്യത്തിൽ 2020-21 SDG India Index പ്രകാരം കേരളം 83 സ്കോർ നേടി രണ്ടാം സ്ഥാനത്താണ്. ലക്ഷ്യം ഒന്നിലെ ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട സൂചകങ്ങളും അവയ്ക്ക് ലഭിച്ച സ്കോറും അനുബന്ധം I ആയി ചേർക്കുന്നു.* ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടത് സുസ്ഥിര വികസന ലക്ഷ്യം-1 ആണെങ്കിലും മറ്റ് സുസ്ഥിര വികസന ലക്ഷ്യങ്ങളായ 2, 3, 4, 5, 6, 7, 8, 10, 11 എന്നിവയിലെ ഉപലക്ഷ്യങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജനവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ മേൽപറഞ്ഞ ലക്ഷ്യങ്ങളിലെ പുരോഗതിയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ആക്കം കൂട്ടാൻ ഉതകുന്നതാണ്. 115 മുൻഗണനാ സൂചകങ്ങളുടെ ഡാറ്റയും ലഭിച്ച സ്കോറും റാങ്കും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) അതിദാരിദ്ര്യം തുടച്ചുനീക്കി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാനായി പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

അതിദാരിദ്ര്യം തുടച്ചുനീക്കി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാനായി തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പിൽനിന്നും 2-6-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 99/2021/ത.സ്വ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനും സംസ്ഥാന വ്യാപകമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനും അഡീഷണൽ ചീഫ് സെക്രട്ടറി (എൽ.എസ്.ജി.ഡി.), പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുകയും തുടർന്ന് 16-7-2021-ലെ സ.ഉ. (എം.എസ്.) നമ്പർ 145/2021/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പൈലറ്റ് പഠനത്തിന്റെ ഒന്നാംഘട്ടം നടത്തിയിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

16 (3042) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ ആകെ അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും തരംതിരിച്ച് വിശദമാക്കാമോ?

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**റാന്നി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

17 (3043) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ അനുമതി ലഭിച്ച റോഡുകളുടെയും മറ്റ് പ്രോജക്ടുകളുടെയും വിശദാംശം പട്ടിക തിരിച്ച് നൽകാമോ;

(ബി) അനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവയുടെ പട്ടികയും പൂർത്തിയാകാത്ത പ്രവൃത്തികളുടെ ഭൗതിക പുരോഗതി നിലയും വിശദമാക്കാമോ?

(എ&ബി) റാന്നി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

**കോഴിക്കോട് ജില്ലയിലെ റീബിൽഡ് കേരള പ്രവൃത്തികൾ**

18 (3044) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് സർക്കാർ അനുമതി കൊടുത്തിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊയിലാണ്ടി-താമരശ്ശേരി മുക്കം അരീക്കോട് ഇടവണ്ണ റോഡ് പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് 16-2-2021-ൽ കരാർ നൽകിയിട്ടുണ്ട്. സൈറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ, സർവ്വേ ജോലികൾ, ഘടന രൂപകൽപ്പന, മിക്സ് ഡിസൈനുകൾ എന്നിവ പുരോഗമിക്കുന്നു.

(ബി) കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള ഏകരൂൽ- കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകിയിട്ടുണ്ടോ; അനുമതിക്കായി സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ എന്നും അറിയിക്കാമോ?

2021 മേയ് 17-ന് ചേർന്ന ആർ.കെ.ഐ-യുടെ ഉന്നതാധികാര സമിതി (എച്ച്.എൽ.ഇ.സി.) യോഗം കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള ഏകരൂൽ-കക്കയം ഡാം സൈറ്റ് റോഡ് നവീകരണത്തിനുള്ള പദ്ധതി രൂപരേഖ പരിഗണിക്കുകയും റീ ബിൽഡ് കേരള പദ്ധതിയുടെ കീഴിൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(സി) 2016-ലും 2017-ലുമുണ്ടായ പ്രളയത്തിൽ തകർന്ന ഇ.കെ.ഡി. റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കൽ**

19 (3045) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ജീവനക്കാർക്കിടയിലെ ശുഷ്കാന്തിക്കുറവും വിവിധ പദ്ധതികളുടെ നടത്തിപ്പിന് നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളായിരുന്നു എന്നത് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റോഡുവികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന കാലവിളംബം ഒഴിവാക്കാനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കാനും ബൃഹദ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുമായി സ്വീകരിക്കുന്ന തുടർനടപടികളും പ്രവർത്തനങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) പദ്ധതികളുടെ പുരോഗതി ചുമതല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റാണ് നിർവ്വഹിച്ചുപോന്നിരുന്നത്. എന്നാൽ പശ്ചാത്തല സൗകര്യ വികസന രംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹദ് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്ത് തൽസമയം വകുപ്പുമന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിന് സഹായകരമായ സംവിധാനം ആവശ്യമാണ്. ഇതിനായാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിലാണ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതികളെപ്പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയാണ് വകുപ്പിന്റെ ചുമതല.

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**

20 (3046) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ എത്ര ഗവേഷണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ ചുവടെ ചേർക്കുന്ന 8 ഗവേഷണ വികസന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

I. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

II. കേരള വന ഗവേഷണ സ്ഥാപനം

III. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം

IV. ജലവിഭവ വികസന വിനിയോഗ കേന്ദ്രം

V. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ്

VI. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

VII. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്

VIII. കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന ആകെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന ആകെ ജീവനക്കാരുടെ എണ്ണം അനുബന്ധം -I ആയി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം അനുബന്ധം - II ആയി ചേർക്കുന്നു.*

## പാലോട് ബൊട്ടാണിക്കൽ ഗാർഡനിലെ ശാസ്ത്രജ്ഞർ സമർപ്പിച്ച പദ്ധതി രൂപരേഖ

21 (3047) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ തയ്യാറാക്കി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്ന വികസന പദ്ധതിയുടെ രൂപരേഖ (ഫയൽ നമ്പർ 1783/എ/2/2017/ശാ.സാ.വ. തീയതി 21-11-2017) സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## സോഷ്യൽ ഇംപാക്ട് സ്റ്റഡി

22 (3049) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സോഷ്യൽ ഇംപാക്ട് സ്റ്റഡി വേണമെന്ന നിബന്ധനയുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്റ്റഡി നടത്തി റിപ്പോർട്ട് നൽകുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് എവിടെയാണ് ഉള്ളത്; എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

200 ആറിന് മുകളിലുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റുകളെയാണ് (State list) ചുമതലപ്പെടുത്തുന്നത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* എന്നാൽ 200 ആറ് വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് ജില്ലാ കളക്ടർമാർ എംപാനൽ ചെയ്തിട്ടുള്ള ജില്ലാതല എംപാനൽ യൂണിറ്റുകളെയോ (District list) സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള യൂണിറ്റുകളെയോ ആണ് ചുമതലപ്പെടുത്തുന്നത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) കുടിവെള്ള പദ്ധതി പോലുള്ള, അര ഏക്കറിൽ താഴെ മാത്രം ഭൂമി ഏറ്റെടുക്കുന്ന പദ്ധതികൾക്കുപോലും സോഷ്യൽ ഇംപാക്ട് സ്റ്റഡി വേണമെന്ന നിബന്ധന കാരണം ഇത്തരം പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്ന സ്ഥാപനം റിപ്പോർട്ട് നൽകുന്നതിൽ വരുത്തുന്ന കാലതാമസം, സ്ഥലം ഏറ്റെടുക്കാനുള്ള തുടർനടപടികൾ വൈകിപ്പിക്കുന്ന വിഷയം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ്-19-മായി ബന്ധപ്പെട്ട് നിലവിൽ സമയപരിധിക്കുള്ളിൽ പബ്ലിക് ഹിയറിംഗ് നടത്തുന്നതിന് ഏജൻസികൾക്ക് സാധിക്കാത്ത സാഹചര്യത്തിൽ ചില ഭൂമി ഏറ്റെടുക്കൽ കേസ്സുകളിൽ നിശ്ചിത സമയത്തിനുള്ളിൽ സാമൂഹ്യാഘാതപഠന റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഏജൻസികൾക്ക് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകാറില്ല.

(ഇ) എങ്കിൽ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ചെറിയ അളവിലുള്ള ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യങ്ങളിൽ ഇത്തരത്തിലുള്ള സ്റ്റഡിയുടെ ആവശ്യം ഒഴിവാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട്, 2013 എന്നത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാകുന്നു. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 40 പ്രകാരം അടിയന്തര സാഹചര്യങ്ങളിലുള്ള ഭൂമി ഏറ്റെടുക്കലുകൾക്കുമാത്രമാണ് സോഷ്യൽ ഇംപാക്ട് സ്റ്റഡി ഒഴിവാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.പി.പി. മോഡലിൽ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ

23 (3050) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദേശീയ ശാസ്ത്ര സാങ്കേതിക മേഖലകളിലുണ്ടായിട്ടുള്ള നവീന ആശയങ്ങളുടെയും പ്രോജക്ടുകളുടെയും ആഴത്തിലുള്ള പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ സംസ്ഥാനത്ത് കൂടുതൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ എട്ട് അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും ഈ വകുപ്പിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ ചുവടെ പറയുന്ന ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ റിസർച്ച് നടത്തുന്നു.

i. വനം

ii. ഗതാഗതം

iii. സസ്യശാസ്ത്രം

iv. കാലാവസ്ഥാ വ്യതിയാനം

v. ഗണിത ശാസ്ത്രം

vi. അടിസ്ഥാന ശാസ്ത്രം

vii. ജലവിഭവം

viii. വൈറോളജി

പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ഏറിവരുന്ന ഈ കാലഘട്ടത്തിൽ ഈ വിഷയങ്ങളിൽ ഊന്നിയുള്ള ശാസ്ത്ര-സാങ്കേതിക ഗവേഷണങ്ങൾക്ക് പരമപ്രാധാന്യമുള്ളതിനാൽ ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പുതിയ ഗവേഷണ മേഖലകളും സ്ഥാപനങ്ങളും സൃഷ്ടിക്കുന്നത് പരിശോധിക്കാവുന്നതാണ്.

(ബി) മെഡിക്കൽ, കാർഷിക, സാങ്കേതിക രംഗങ്ങളിലെ ഗവേഷണങ്ങൾക്കും പ്രായോഗിക കണ്ടുപിടുത്തങ്ങൾക്കുംവേണ്ടി പി.പി.പി. മോഡലിൽ ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിലുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പല ഗവേഷണ മേഖലകളിലും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ വിവിധ ദേശീയ-അന്തർദ്ദേശീയ ഫണ്ടിംഗ് ഏജൻസികളിൽനിന്നുള്ള ധനസമാഹരണത്തെ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ കൗൺസിലിന് കീഴിലുള്ള പല ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള സ്ഥാപനങ്ങൾ/ ഏജൻസികൾ എന്നിവയുമായി ഒത്തൊരുമിച്ച് ഗവേഷണപ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ധാരണാപത്രം ഒപ്പുവച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതുവഴി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗുണമേന്മ പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈവരുന്നുണ്ട്. ഗവേഷണ മേഖലയിൽ ഉന്നത നിലവാരം കൈവരിക്കുന്നതിനായി സർക്കാർ സാമ്പത്തികവും അടിസ്ഥാനപരവുമായ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) മനുഷ്യവിഭവശേഷി കൂടുതലായുള്ള കേരളത്തിൽ അതിന് അനുസരിച്ചുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പിന്തുണ നൽകുന്ന ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ?

കൗൺസിലിന്റെ പ്രോഗ്രാമായ TDAP (Technology Development Adaptation Programme), എ.പി.ജെ. അബ്ദുൾ കലാം സപ്പോർട്ട് സ്കീം എന്നിവവഴി ചെറുപ്പക്കാരായ ഗവേഷകർക്ക് അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും തദ്വാരാ വ്യാവസായിക യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രചോദനവും പിന്തുണയും നൽകുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്നും യുവ ഗവേഷകർക്ക് അവരുടെ അറിവും കഴിവും ഉയർത്തുന്നതിനായി വിവിധ തരത്തിലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകളും സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും നൽകുന്നതുവഴി വിവിധ തൊഴിൽ മേഖലകളിൽ അവസരങ്ങൾ നേടുന്നതിനുള്ള സാഹചര്യം സംജാതമാകുന്നുണ്ട്.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം**

24 (3051) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് 2016-നുശേഷം തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്വന്തം നിലയ്ക്ക് നിയമനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരുന്ന സർക്കാർ വകുപ്പിലെ ജീവനക്കാരെയും തസ്തികകളെയും കൈമാറുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ പി.എസ്.സി-യുടെ അഭിപ്രായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ-സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

## ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ

25 (3052) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ കാര്യാലയങ്ങളിൽ ഫെയർ കോപ്പി സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ പി.എസ്.സി.-ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. 10-11-2020-ന് പ്രസിദ്ധീകരിച്ച നിലവിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ പി.എസ്.സി. 60 (അറുപത്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. നിലവിൽ മൂന്ന് ഒഴിവുകൾ പി.എസ്.സി- യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

26 (3053) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദീകരിക്കാമോ?

സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിശ്ചിത പ്രൊഫോർമയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. നിലവിൽ ഒഴിവുകൾ e-vacancy software വഴി ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം പി.എസ്.സി. ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(ബി&സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ സ്പെഷ്യൽ റൂൾ ഭേദഗതി**

27 (3054) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുനൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം പൊതുമേഖലാ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ എതെല്ലാം തീയതികളിലാണ് പി.എസ്.സി-ക്ക് വിട്ടതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ പി.എസ്.സി.-ക്ക് വിട്ടുനൽകിയ നിയമനങ്ങളിൽ വർഷങ്ങൾക്കുശേഷവും സ്പെഷ്യൽ റൂൾ ഭേദഗതിക്ക് അനന്തമായ കാലതാമസമുണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

### ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

28 (3055) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-ന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നികത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനായി വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി അവസാനിക്കാറാകുന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളിൽനിന്ന് വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് സ്പെഷ്യൽ വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരുന്നു.

### പി.എസ്.സി.-യിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ

29 (3056) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പി.എസ്.സി.-യിൽ സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും യഥാവിധി പി.എസ്.സി. പാലിക്കേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഇന്ത്യൻ ഭരണഘടനയുടെ 320(3)-ാം അനുച്ഛേദപ്രകാരം സിവിൽ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകാൻ സ്ഥാപിതമായ ഭരണഘടനാ സ്ഥാപനമാണ് പി.എസ്.സി. പി.എസ്.സി.-യുടെ പ്രവർത്തനത്തിൻമേൽ സർക്കാരിന് നിയന്ത്രണാധികാരങ്ങളില്ല.

(സി) മുൻ സർക്കാർ കാലയളവിൽ പി.എസ്.സി-ക്ക് നൽകിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ ശിപാർശകളോ പി.എസ്.സി. നിരാകരിക്കുകയുണ്ടായോ; വിശദാംശം നൽകുമോ;

(ഡി) പി.എസ്.സി. നിരാകരിക്കുകയോ ബുദ്ധിമുട്ട് രേഖപ്പെടുത്തുകയോ ചെയ്ത നിർദ്ദേശങ്ങളും ശിപാർശകളും സർക്കാർ യഥാസമയം പിൻവലിക്കുകയുണ്ടോയോ; വ്യക്തമാക്കുമോ?

(സി&ഡി) ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ പ്രത്യേകമായ അധികാരാവകാശങ്ങൾ പി.എസ്.സി.-ക്കുണ്ട്. അതിനനുസൃതമായാണ് പി.എസ്.സി. പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന അഭിപ്രായങ്ങളിൻമേൽ തീരുമാനമെടുക്കാനുള്ള അധികാരം പി.എസ്.സി.-ക്കുണ്ട്.

## അദ്ധ്യാപക നിയമനങ്ങൾ

30 (3057) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നില്ല എന്ന പരാതി നിലനിൽക്കുമ്പോൾ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽനിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

## ആലപ്പുഴ ജില്ലയിൽ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) നിയമനം

31 (3058) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന വിവരം സപ്ലിമെന്ററി ലിസ്റ്റിലേതുൾപ്പെടെ വിശദമാക്കാമോ;

(സി) പുതിയതായി എത്ര ഒഴിവുകൾ പി.എസ്.സി-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) സപ്ലിമെന്ററി ലിസ്റ്റുകളിൽനിന്നുൾപ്പെടെ 16 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒരു ഒഴിവിലേയ്ക്കായി ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തതിനാൽ അടുത്ത ലിസ്റ്റിൽനിന്ന് നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി മാറ്റി വച്ചിട്ടുണ്ട്.

**പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിലെ റാങ്ക് ലിസ്റ്റ്**

32 (3059) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നുമുള്ള നിയമനവിവരം സപ്ലിമെന്ററി ലിസ്റ്റിലേതുൾപ്പെടെ വിശദമാക്കാമോ?

സപ്ലിമെന്ററി ലിസ്റ്റുകളിൽനിന്നുൾപ്പെടെ 16 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒരു ഒഴിവിലേയ്ക്കായി ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തതിനാൽ അടുത്ത ലിസ്റ്റിൽനിന്ന് നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി മാറ്റിവച്ചിട്ടുണ്ട്.

**വകുപ്പുമേധാവിയുടെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധന**

33 (3060) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. വഴി മറ്റ് തസ്തികകളിൽ അപേക്ഷിക്കുന്നതിന് വകുപ്പുമേധാവിയുടെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധന എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച ഉത്തരവ് ഇറക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

(എ&ബി) പി.എസ്.സി. തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ സർക്കാർ ഉദ്യോഗസ്ഥർ അപേക്ഷയിൽ വ്യക്തമാക്കേണ്ടതും നിലവിൽ സർവ്വീസിലുള്ള ആളാണെന്ന് തെളിയിക്കുന്നതിനുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്

ബന്ധപ്പെട്ട തസ്തികയുടെ വെരിഫിക്കേഷന് ഹാജരാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പിലെ ജോലി ഭാരവും സ്ഥാനക്കയറ്റ മുരടിപ്പും

34 (3061) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ഭാരവും സ്ഥാനക്കയറ്റ മുരടിപ്പുംകൊണ്ട് റവന്യൂ വകുപ്പിലെ ജീവനക്കാർ നേരിടുന്ന മാനസിക-സാമൂഹിക പ്രശ്നങ്ങൾ പി.&എ.ആർ.ഡി. പഠനവിധേയമാക്കിയിട്ടുണ്ടോ?

ഇല്ല. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പി.&എ.ആർ.ഡി. പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) സാമ്പത്തിക ബാദ്ധ്യതയില്ലാതെ വില്ലേജ് ഓഫീസർമാരായി 5 വർഷവും ആകെ റവന്യൂ സർവ്വീസ് 18 വർഷവും പൂർത്തിയായ വില്ലേജ് ഓഫീസർമാരെ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർമാരായും അതിന് മുകളിൽ സീനിയോറിറ്റിയുള്ള നിലവിലെ ഡെപ്യൂട്ടി തഹസിൽദാർമാരെ ഡെപ്യൂട്ടി തഹസിൽദാർ (ഹയർ ഗ്രേഡ്) എന്ന് പുനർനാമകരണം ചെയ്യുന്നതിനെകുറിച്ചും പഠിക്കുവാൻ സമിതിയെ നിയോഗിക്കുവാൻ തയ്യാറാകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ സർക്കാർ ജീവനക്കാരുടെ ട്രാൻസ്ഫർ

35 (3062) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ സർക്കാർ ജീവനക്കാരെ മറ്റ് ജില്ലകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ചികിത്സാ സൗകര്യാർത്ഥം പ്രസ്തുത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന ജില്ലയിൽ തന്നെ ജോലി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ 25-2-2017-ലെ സ.ഉ.(പി)നമ്പർ 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം

അവയവം മാറ്റിവയ്ക്കലിന് വിധേയരായവർക്ക് അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് ഇളവ് അനുവദിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.).*

## ജോലിഭാരം ഏകീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ പഠന റിപ്പോർട്ട്

36 (3063) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിഭാരം ഏകീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണവകുപ്പിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയ സമിതിയിലെ ഐ.എ.എസ്. അല്ലാത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നറിയിക്കുമോ?

പൊതുഭരണ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ മേൽനോട്ടത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെയും പൊതുഭരണ വകുപ്പിലെയും ഉദ്യോഗസ്ഥരെയാണ് റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ചത്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്രപേർക്ക് ഇത്തരത്തിൽ പഠനം നടത്തുന്നതിൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

സർക്കാരിന്റെ പ്രവൃത്തി പഠന വിഭാഗമായ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ് പഠനം നടത്തിയത്. പ്രവൃത്തി പഠനം നടത്താൻ മറ്റുള്ളവർക്കാവശ്യമായ പരിശീലനം നൽകിയാണ് നിയോഗിച്ചത്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം ഉറപ്പവരുത്തുന്നതിലേയ്ക്ക് റിസർവ് ചെയ്യുന്ന തസ്തികകളിൽ നിയമനം വരെയുള്ള കാര്യങ്ങൾ നോക്കുന്ന എംപ്ലോയ്മെന്റ് സെൽ (ബി) വകുപ്പിന്റെ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർ ആരെല്ലാം; ആയത് തയ്യാറാക്കാൻ ഉപയോഗിച്ച മാനദണ്ഡം എന്താണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ കരടിന്മേൽ എംപ്ലോയ്മെന്റ് സെൽ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ എംപ്ലോയ്മെന്റ് സെൽ വകുപ്പിന്റെ നോഡൽ ഓഫീസർ ആരായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ (ബി)) വകുപ്പ് നിർത്തലാക്കാൻ ശിപാർശ ചെയ്ത ഐ.എ.എസ്. അല്ലാത്ത ഉദ്യോഗസ്ഥൻ ആരാണ്; കമ്മിറ്റിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ മുൻപ് എംപ്ലോയ്മെന്റ് സെല്ലിൽ ജോലി നോക്കിയിരുന്നോ; ഏത് കാലഘട്ടത്തിൽ; അറിയിക്കാമോ;

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന എംപ്ലോയ്മെന്റ് സെൽ (ബി) വകുപ്പ് നിലവിലെ രൂപത്തിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

(സി-എഫ്) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ പശ്ചാത്തലത്തിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലേയും സെക്ഷനുകളിലേയും സെക്ഷനുകളിലെ സീറ്റുകളിലേയും ജോലിഭാരം നിർണ്ണയിച്ച് ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനാണ് പഠനം നടത്തിയത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സംഘം ഓരോ സെക്ഷനിലേയും സീറ്റിലേയും ജോലിഭാരം വിശകലനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തി പഠന സമിതിക്ക് നൽകിയിരുന്നു. ഓരോ വകുപ്പിലും ഇതിനായി നിയമിച്ച നോഡൽ ഓഫീസർമാരുമായി സമിതി കരട് റിപ്പോർട്ട് വീണ്ടും ചർച്ച ചെയ്താണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയത്. എല്ലാ വകുപ്പിലേയും ജോലിഭാരം ഏകീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് പഠനം നടത്തിയത്. ഇത്തരത്തിൽ വിശദമായ ഫീൽഡ് പഠനത്തിനുശേഷം തയ്യാറാക്കിയ പ്രവൃത്തി പഠന റിപ്പോർട്ടിന് മന്ത്രിസഭാ യോഗമാണ് അംഗീകാരം നൽകിയത്.

**ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം**

37 (3064) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം ഏർപ്പെടുത്തണമെന്ന് 2016-ലെ രാജീവ് ഗുപ്ത കേസ്സിൽ ബഹു. സുപ്രീം കോടതി നൽകിയ ഉത്തരവ് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ബഹു. സുപ്രീംകോടതി ഉത്തരവ് നടപ്പിലാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

## നൈറ്റ് വാച്ച്മാൻ തസ്തികയുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്താൻ നടപടി

38 (3065) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകളിലെ നൈറ്റ് വാച്ച്മാൻ തസ്തികയിലും ട്രൈബൽ ഫോറസ്റ്റ് വാച്ച്മാൻ തസ്തികയിലും ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്താനുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഡി 22/03/17 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നൈറ്റ് വാച്ച്മാൻ തസ്തികയുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുന്ന വിഷയത്തിൽ തീരുമാനമെടുക്കാനാണ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നത്. അതിന്റെയടിസ്ഥാനത്തിൽ ടി വിഷയം പരിശോധിച്ചുവരികയാണ്.

## സർക്കാർ ജീവനക്കാരുടെ ജാതി-സമുദായ പ്രാതിനിധ്യം

39 (3066) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ വിവിധ കാറ്റഗറികളിലായി ജോലി ചെയ്യുന്ന സ്ഥിരം/താത്കാലിക ജീവനക്കാരുടെ ജാതി-സമുദായ പ്രാതിനിധ്യം അടിസ്ഥാനമാക്കിയുള്ള സ്ഥിതിവിവര കണക്ക് സർക്കാരിന്റെ കൈവശം ലഭ്യമാണോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിരം/താത്ക്കാലിക ജീവനക്കാരുടെ സർവ്വീസ് കാറ്റഗറിയും ജാതിയും സമുദായവും തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ; ഓരോ സമുദായത്തിനും ഓരോ കാറ്റഗറിയിലുമുള്ള ജീവനക്കാരുടെ എണ്ണം ലഭ്യമാക്കുമോ;

(സി) വിവിധ വകുപ്പുകളിൽ നടക്കുന്ന കരാർ-ദിവസവേതന നിയമനത്തിൽ പട്ടികജാതി വിഭാഗക്കാർക്കും ഒ.ബി.സി.-ക്കാർക്കും സംവരണം അനുവദിക്കാത്തതിനാൽ ഈ വിഭാഗങ്ങൾ അവസര നഷ്ടം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇങ്ങനെ നിയമിക്കുന്നവരെ പിന്നീട് സ്ഥിരപ്പെടുത്തുമ്പോൾ എസ്.സി./ എസ്.ടി./ഒ.ബി.സി. വിഭാഗങ്ങൾ ഒഴിവാക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

### ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം ജോലി

40 (3067) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക ജോലി ചെയ്തുവന്നിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭിന്നശേഷി സംവരണ നിയമം അനുസരിച്ച് 1-1-2004 മുതൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി സ്ഥിര നിയമനങ്ങൾ പി.എസ്.സി. മുഖേന നൽകുന്നുണ്ട്.

### താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

41 (3068) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നോ; പ്രസ്തുത സാഹചര്യം വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം കേരള ഹൈക്കോടതി റദ്ദാക്കുകയോ സ്റ്റേ ചെയ്യുകയോ ചെയ്തിരുന്നോ; വിശദാംശം നൽകുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെയും പി.എസ്.സി. പരീക്ഷയിൽ റാങ്ക് നേടി നിയമനം കാത്തിരിക്കുന്നവരേയും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

(എ-സി) വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ ചില കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതിൽ ഇടക്കാല ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 10 വർഷത്തിലേറെയായി ജോലി

ചെയ്യുന്നവരുടെ കാര്യം മാത്രമാണ് സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ പരിഗണിച്ചിട്ടുള്ളത്. കോടതി ഉത്തരവുകളും കണക്കിലെടുത്തിട്ടുണ്ട്.

**പി.എസ്.സി. പരീക്ഷയ്ക്ക് പ്രായപരിധി വർദ്ധിപ്പിക്കാനുള്ള നടപടി**

42 (3069) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പ് മുതലായ ഉന്നത വിദ്യാഭ്യാസമുള്ളവർക്ക് പി.എസ്.സി. പരീക്ഷയ്ക്ക് 41 വയസ്സ് പ്രായപരിധി വച്ചതുമൂലം ഇത്തരക്കാർക്ക് പഠനം കഴിഞ്ഞുവരുമ്പോൾ യോഗ്യതക്കനുസരിച്ചുള്ള അപേക്ഷ അയയ്ക്കാൻ കഴിയാതെവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ നേരിട്ടുള്ള അദ്ധ്യാപക നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സാണ്.

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് പ്രായത്തിൽ ഇളവോ പരീക്ഷയ്ക്കുള്ള പ്രായപരിധി വർദ്ധിപ്പിക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടന്നുവരുന്നു.

**സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിവസങ്ങൾ**

43 (3070) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ച് ആയി കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെ പ്രവൃത്തിദിനങ്ങൾ 5 ആയി കുറയ്ക്കുന്നത് സംബന്ധിച്ച് നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടായ 'Personnel Reforms- Civil Service in Kerala' എന്ന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## അംഗപരിമിതരുടെ സ്ഥിരപ്പെടുത്തൽ

44 (3071) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം ജോലി ലഭിച്ച 2003 വരെ സർക്കാർ സർവ്വീസിലുണ്ടായിരുന്ന അംഗപരിമിതരെ 2011-2016-ലെ സർക്കാർ സ്ഥിരപ്പെടുത്തിയിരുന്നോ?

സ്ഥിരപ്പെടുത്തിയിരുന്നു.

(ബി) നിലവിലെ സർക്കാരോ മുൻ സർക്കാരോ 2003-നുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ച ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെ, എത്ര ആളുകളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്?

ഇല്ല. ഭിന്നശേഷി സംവരണ നിയമം അനുസരിച്ച് 1-1-2004 മുതൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി സ്ഥിരനിയമനങ്ങൾ പി.എസ്.സി. മുഖേന നൽകുന്നുണ്ട്.

## കെ-ഫോൺ പദ്ധതി

45 (3072) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ നൽകാൻ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence)-കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം

7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി 2021 ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ-ഫോൺ പദ്ധതി**

46 (3073) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ?

ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence)-കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്‌വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ കെ-ഫോൺ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആദ്യ ഘട്ടത്തിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ സർക്കാർ ഓഫീസുകൾക്കും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ആശുപത്രികൾക്കും അതിവേഗ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

**എല്ലാ മണ്ഡലങ്ങളിലും ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി**

47 (3074) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ തൊഴിൽലഭ്യത വളരെ കൂടുതലുള്ള സാഹചര്യത്തിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ ഇന്ത്യയുടെ ഐ.ടി. ഹബ്ബാക്കി മാറ്റാൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഐ.ടി. വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടെക്നോ സിറ്റിയിലെ ഗവൺമെന്റ് ഐ.ടി. കെട്ടിടത്തിനുപുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്., സൺടെക് ബിസിനസ്സ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി. സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അടുത്ത 5 വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫേസ്-1-ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫേസ്-3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സ്പെയ്സ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ്. & റ്റാറ്റ ഇലക്സി, (ഡിജിറ്റൽ ഡാറ്റ സെന്റർ) ബ്രിഗേഡിന്റെ വേൾഡ് ട്രേഡ് സെന്റർ

എന്നിവ. ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി ഇൻഫോപാർക്കിൽ 422 ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 92 ലക്ഷം ച.അടി ബിൽറ്റ് അപ്പ് സൗകര്യങ്ങൾ ഇൻഫോപാർക്കിലെ വിവിധ വികസന ഘട്ടങ്ങളിലായി വിനിയോഗിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിൽ 60 ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഐ.ടി. മേഖലയുടെ പ്രാധാന്യം മനസ്സിലാക്കി കൂടുതൽ കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ക്ഷണിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, നിലവിൽ കേരളത്തിലെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ചെറുകിട-ഇടത്തരം ഐ.ടി. കമ്പനികൾക്ക് സർക്കാർ നൽകിയ വാടക ഇളവുകളും മറ്റ് ആനുകൂല്യങ്ങളും വലിയ തോതിൽ ആശ്വാസം നല്കുകയും കൂടുതൽ കമ്പനികൾക്ക് ഐ.ടി. പാർക്കുകളിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാവുകയും ചെയ്തിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി സംസ്ഥാനത്തേയ്ക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കമ്പനികളുടെ സുഗമമായ പ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

**വിവരസാങ്കേതികവിദ്യ വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത**

48 (3075) ശ്രീ. എ. എൻ.ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ തൊഴിൽസാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഐ.ടി. വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടെക്നോസിറ്റിയിലെ സർക്കാർ ഐ.ടി. കെട്ടിടത്തിനുപുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്., സൺടെക് ബിസിനസ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി. സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അടുത്ത 5 വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫേസ്-1-ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്, ടെക്നോപാർക്ക് ഫേസ്-3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്, ടെക്നോസിറ്റിയിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സ്പേസ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ്.&റ്റാറ്റ ഇലക്സി, (ഡിജിറ്റൽ ഡേറ്റാ സെന്റർ) ബ്രിഗേഡിന്റെ വേൾഡ് ട്രേഡ് സെന്റർ തുടങ്ങിയവ. ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി ഇൻഫോപാർക്കിൽ 422 ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 92 ലക്ഷം ച.അടി ബിൽറ്റ് അപ്പ് സൗകര്യങ്ങൾ ഇൻഫോപാർക്കിലെ വിവിധ വികസന ഘട്ടങ്ങളിലായി വിനിയോഗിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിൽ 60 ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. കമ്പനികളെ ആകർഷിക്കുന്നതിനായി നിലിവിലെ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പേസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ബഹുരാഷ്ട്ര കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാനത്ത് ഐ.ടി., ഐ.ടി. ഇതര ഡാറ്റാ പ്രോസസ്സിംഗ് കാമ്പസ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. ടെക്നോസിറ്റിയിൽ പാട്ടക്കരാർ വ്യവസ്ഥയിൽ നല്കിയ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021 ഫെബ്രുവരി 18-ന് ഇതിലേയ്ക്കായുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) വിദേശ ബഹുരാഷ്ട്ര കമ്പനികളെ ഉൾപ്പെടെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് സംസ്ഥാനത്തെ ഒരു മണി ഹബ്ബ് എന്ന നിലയിലേയ്ക്ക് വളർത്തിയെടുക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഹുരാഷ്ട്ര കമ്പനികളെ ആകർക്ഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ പഠനത്തിന് സൗകര്യമൊരുക്കൽ**

49 (3076) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെറ്റ്‌വർക്കില്ലാത്തതുകാരണം ഓൺലൈൻ പഠനത്തിന് കുട്ടികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നെറ്റ് വർക്ക് പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) നെറ്റ്‌വർക്കിന്റെ ലഭ്യതക്കുറവുകാരണം ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്നത് ഒഴിവാക്കാൻ അടിയന്തരനടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പ്രശ്നപരിഹാരത്തിനായി ടെലികോം സേവനദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, ആദിവാസി മേഖലകൾ ഉൾപ്പടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ

സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗ സാദ്ധ്യതയും പരിശോധിച്ചുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ ഉരുൾപൊട്ടൽ പ്രദേശത്തെ പരിശോധന**

50 (3077) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ ഉരുൾപൊട്ടലിനെത്തുടർന്ന് നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ, കവളപ്പാറ, വഴിക്കടവ്, ആനമറി എന്നീ പ്രദേശങ്ങളിലെ വാസയോഗ്യമല്ലാത്ത ചില വീടുകളെ മാത്രം ജിയോളജി വകുപ്പ് പരിശോധനകളിൽ നിന്നും ഒഴിവാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ജിയോളജി വകുപ്പ് പരിശോധനകൾ നടത്താത്തതിനാൽ നിരവധി ഭൂവുടമകൾക്ക് ഭൂമി വാങ്ങുന്നതിന് സർക്കാർ നൽകുന്ന ആറ് ലക്ഷം രൂപ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഇല്ല.

(സി) ഇവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് മേൽ പ്രദേശത്ത് ജിയോളജി വകുപ്പിന്റെ പരിശോധനയ്ക്ക് സർക്കാർ നിർദ്ദേശം നൽകുമോ?

സർക്കാരിൽനിന്നും നേരിട്ടും ജില്ലാ കളക്ടർ, തഹസിൽദാർ നിലമ്പൂർ എന്നിവർക്ക് ലഭിച്ച പരാതി/അപേക്ഷകളിൽ പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ഡി) ഇതേ ആവശ്യമുന്നയിച്ച് പോത്തുകൽ, കവളപ്പാറ, വഴിക്കടവ്, ആനമറി നിവാസികൾ നിലമ്പൂർ തഹസിൽദാർക്ക് നൽകിയ അപേക്ഷകളുടെ നിലവിലെ അവസ്ഥയും ഈ അപേക്ഷകൾ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും അറിയിക്കാമോ?

ഇതേ ആവശ്യമുന്നയിച്ച് ലഭിച്ച അപേക്ഷകളിൽ നിലമ്പൂർ തഹസീൽദാർ മറുപടി നൽകിയിട്ടുണ്ട്.

**പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ധനസഹായം**

51 (3078) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ ആകെ എത്ര കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടത് എന്ന് അറിയിക്കാമോ?

ആകെ 411 കുടുംബങ്ങൾക്ക് വീടും സ്ഥലവും 608 കുടുംബങ്ങൾക്ക് വീട് മാത്രവും നഷ്ടപ്പെട്ടു.

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

വീടും സ്ഥലവും നഷ്ടപ്പെട്ട 411 പേരിൽ 288 കുടുംബങ്ങൾക്ക് വീടിനും സ്ഥലത്തിനും ധനസഹായം അനുവദിച്ചു. 81 പേർക്ക് സ്പോൺസർമാർ മുഖേന വീട് നിർമ്മിച്ചുനൽകി. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സ്ഥലത്തിനും തുടർന്ന് വീടിനും ധനസഹായം അനുവദിക്കുന്നതാണ്. വീടുമാത്രം നഷ്ടപ്പെട്ട 608 പേരിൽ 602 പേർക്ക് വീട് നിർമ്മാണത്തിനുള്ള വിവിധ ഗഡുക്കൾ അനുവദിച്ചുനൽകിയിട്ടുണ്ട്. 6 പേർക്ക് ധനസഹായം നൽകുവാൻ ബാക്കിയുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടതെന്ന് അറിയിക്കാമോ?

2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ ആകെ 218 കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടത്. 309 പേർക്ക് വീട് മാത്രം നഷ്ടപ്പെട്ടു.

(ഡി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ലിസ്റ്റിൽ ഉൾപ്പെട്ട 527 കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**സിവിൽ ഡെത്തായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

52 (3079) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ആഗസ്റ്റ് മാസം ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ കാണാതായ നാല് പേരുടെ മൃതദേഹം ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രകൃതി ദുരന്തങ്ങളിൽ കാണാതായി മൃതദേഹം ലഭിക്കാതെ വരുന്നവരെ സിവിൽ ഡെത്തായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പെട്ടിമുടിയിൽ കാണാതായ മൃതദേഹം ലഭിക്കാത്ത 4 പേരേയും മരണപ്പെട്ടതായി കണക്കാക്കി സിവിൽ ഡെത്ത് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) പ്രഖ്യാപനം നടത്തുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി-ഡി) ഇന്ത്യൻ തെളിവ് നിയമത്തിന്റെ വകുപ്പ് 108 പ്രകാരം സിവിൽ മരണത്തിന്റെ അനുമാനം എന്നത് സാധാരണയായി ഏഴ് വർഷം കഴിയുമ്പോഴാണ്. എന്നാൽ ദുരന്ത പ്രതികരണനിധിയിൽനിന്നും സഹായം ലഭിക്കുവാനും മറ്റും കാണാതായ വ്യക്തികൾ മരണപ്പെട്ടതായി കണക്കാക്കാറുണ്ട്. ഇതിനായി പോലീസും റവന്യൂ വകുപ്പും സംയുക്തമായി സ്ഥലത്ത് പരിശോധന നടത്തി മരണപ്പെട്ടതായി കരുതുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുകൾ എന്നിവരോട് സംസാരിച്ച് ഓരോ വ്യക്തിയേയും സംബന്ധിച്ച തീരുമാനം കൈക്കൊണ്ട് ദുരന്ത നിവാരണ വകുപ്പിന് ശിപാർശ ചെയ്യും. പ്രസ്തുത ശിപാർശ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഇന്റലിജൻസ് എ.ഡി.ജി.പി., നിയമ വകുപ്പുസെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഈ തീരുമാന പ്രകാരം നിയമപരമായ പിന്തുടർച്ചക്കാർക്ക് SDRF/CMDRF/PMNRF സഹായം, മറ്റ് സർക്കാർ സഹായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വ്യക്തി മരണപ്പെട്ടതായി കണക്കാക്കുവാനാണ് അനുമതി നൽകുന്നത്.

### റീബിൽഡ് കേരള പദ്ധതി

53 (3080) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ, അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുണ്ടറ നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായം

54 (3081) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലഘട്ടത്തിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപയുടെ ചികിൽസാ സഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്ന ധനസഹായ വിവരങ്ങൾ മണ്ഡലം തിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

55 (3082) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ നിയമസഭാ ഇലക്ഷന്റെ പെരുമാറ്റച്ചട്ടം നിലവിൽവന്ന കാലഘട്ടത്തിൽ തീരുമാനമെടുക്കുവാൻ കഴിയാതിരുന്ന സമയത്ത് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സാമ്പത്തിക സഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

56 (3083) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വാക്സിൻ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്ര തുകയാണ് ലഭിച്ചതെന്ന് വിശദമാക്കുമോ; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന വിശദവിവരം നൽകാമോ?

കോവിഡുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവനകളുടെ കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്. 27-3-2020 മുതൽ 20-4-2021 വരെ - 541.63 കോടി രൂപ, 21-4-2021 മുതൽ 26-7-2021 വരെ - 209.39 കോടി രൂപ (ആകെ 817.5 കോടി രൂപ) കോവിഡുമായി ബന്ധപ്പെട്ട

വിവിധ പ്രവർത്തനങ്ങൾക്കായി 13-7-2021 വരെ 730.25 കോടി രൂപ എന്നിങ്ങനെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം**

57 (3084) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി കഴിഞ്ഞ സർക്കാരും നിലവിലെ സർക്കാരും എത്ര തുകയാണ് അനുവദിച്ചത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി കഴിഞ്ഞ സർക്കാർ (2016-2021) 9,18,95,45,651 രൂപയും (തൊള്ളായിരത്തി പതിനെട്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപത്തി അയ്യായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ), നിലവിലെ സർക്കാർ 32,31,85,183 രൂപയും (മുപ്പത്തി രണ്ട് കോടി മുപ്പത്തൊന്ന് ലക്ഷത്തി എൺപത്തായ്യായിരത്തി നൂറ്റി എൺപത്തി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2011-2016 കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

2011-2016 കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 808,78,08,191 രൂപ (എണ്ണൂറ്റിയെട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയ ധനസഹായം**

58 (3085) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, പന്തലായനി, വിയ്യൂർ, മൂടാടി, തിക്കോടി, പയ്യോളി, ഇരിങ്ങൽ എന്നീ വില്ലേജുകളിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയ ധനസഹായത്തിന്റെ ആകെ തുക, മേൽ വില്ലേജ് അടിസ്ഥാനത്തിൽ പട്ടികയായി നൽകാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയ ധനസഹായത്തിന്റെ ആകെ തുക വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കോവിഡ്കാലത്ത് ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഫയൽ നീക്കം മന്ദഗതിയിലായതിനാൽ ചികിത്സാ ധനസഹായം നൽകുന്നതിനുണ്ടായ കാലതാമസം നീക്കി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡുമൂലം CMDRF-ൽ നിന്നും ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(സി) വില്ലേജ് ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥർക്ക് പെൻഡിംഗ് ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഫയലുകൾ തീർപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 22-1-21-ൽ സ.ഉ.(ആർ.റ്റി.) 251/21/റവ. ഉത്തരവും 16-7-21-ൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി DRF A1/123/2021 കത്തും നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി അപേക്ഷകൾ

59 (3086) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ഒ. പോർട്ടൽ വഴി അതതു നിയോജകമണ്ഡലങ്ങളിൽ നിന്നും നൽകുന്ന സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ ഡി.നമ്പർ നൽകിയാൽ ഫയൽ ട്രാക്ക് ചെയ്യാൻ കഴിയാത്ത പ്രശ്നം പരിഹരിക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽനിന്നും ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനായി ഡി. നമ്പർ എം.എൽ.എ-മാരെ ഏൽപ്പിച്ചാൽ അവർക്ക് ഇതുസംബന്ധിച്ച് ഈ പോർട്ടലിലൂടെ വിവരങ്ങൾ ലഭ്യമാകാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താമോ?

(എ&ബി) ജനപ്രതിനിധികൾ സി.എം.ഒ. പോർട്ടലിലൂടെ സമർപ്പിക്കുന്ന സി.എം.ഡി.ആർ.എഫ്. അപേക്ഷകളുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമാണ്. എം.എൽ.എ-മാർ പോർട്ടലിലൂടെ സമർപ്പിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി അതത് എം.എൽ.എ-മാർക്ക് പോർട്ടലിലൂടെ അറിയാൻ കഴിയും. അതോടൊപ്പം സി.എം.ഡി.ആർ.എഫ്. അപേക്ഷയുടെ നീക്കം എസ്.എം.എസ്-ലൂടെ അപേക്ഷകരെ അറിയിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ

പൊതുജന പരാതി പരിഹാര സംവിധാനമായ സ്റ്റേയിറ്റ് ഫോർവേഡിലെ ടോൾഫ്രീ നമ്പർ ആയ 1800 425 7211-ലൂടെയും തൽസ്ഥിതി അറിയാവുന്നതാണ്.

**ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ നടത്തുന്ന തട്ടിപ്പ്**

60 (3087) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സഹായം ഉൾപ്പെടെ സംസ്ഥാനത്ത് നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇവയ്ക്കുള്ള സർക്കാർ നിയന്ത്രണങ്ങൾ എന്തെല്ലാമെന്നും ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ആവശ്യപ്പെട്ട വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ യൂട്യൂബർമാർ പിരിവു നടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതായും ആർക്കും ആരുടെ പേരിലും പണപ്പിരിവ് നടത്താവുന്ന രീതി നിലനില്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കണ്ടെത്തി; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ പിരിവുനടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് 4 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 7 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ജീവകാരുണ്യപ്പിരിവ് സുതാര്യമാക്കി ഗുണഭോക്താക്കളായവരിൽ എത്തിക്കാനും പണം തട്ടുന്ന സംഘങ്ങളെയുൾപ്പെടെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനും ഇതിനായി ഒരു സമഗ്ര നയം ഉറപ്പുവരുത്താനുമായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ജീവകാരുണ്യ പിരിവ് സുതാര്യമാക്കാൻ പര്യാപ്തമായ സംവിധാനമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**കോവിഡ് ദുരിതാശ്വാസ പദ്ധതികൾ**

61 (3088) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വ്യാപാരികൾക്ക് നഷ്ടപരിഹാരം**

62 (3089) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തംമൂലം വരുമാനം നഷ്ടപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് ദുരന്തനിവാരണ നിയമത്തിൽ വ്യവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലെ വ്യവസ്ഥപ്രകാരം ദുരന്തങ്ങൾകാരണം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് സംസ്ഥാന/ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും പരിമിതമായ തോതിൽ ധനസഹായം അനുവദിക്കാനാണ് വ്യവസ്ഥയുള്ളത്. ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കാത്ത പ്രായപൂർത്തിയായവർക്ക് 60 രൂപയും കുട്ടികൾക്ക് 45 രൂപയും 30 ദിവസം വരെ നൽകാം. പരമാവധി 90 ദിവസം വരെ നൽകാവുന്നതാണ്.

(ബി) കോവിഡ് പ്രതിസന്ധിയിൽ വ്യാപാരസ്ഥാപനങ്ങൾ അടച്ചിടേണ്ടി വരുന്ന വ്യാപാരികൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥ അനുസരിച്ച് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകാനാവില്ല. ഈ സാഹചര്യംകൂടി കണക്കിലെടുത്താണ് സംസ്ഥാനത്ത് കോവിഡ് പരിശോധന, ചികിത്സ, ഭക്ഷണം, നിരീക്ഷണകേന്ദ്രങ്ങളിൽ കഴിയുന്നതിനുള്ള സൗകര്യം എന്നിവ സൗജന്യമാക്കിയത്.

(സി) ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിക്കുന്നതിലൂടെ അനാവശ്യ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിനും ദുരിതമനുഭവിക്കുന്ന വ്യാപാരികൾക്ക് സഹായം ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തിയാൽ മാത്രമേ നഷ്ടപരിഹാരം നൽകാൻ കഴിയൂ.

**ദുരിതമനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്ക് ധനസഹായം**

63 (3090) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ദുരിതമനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച 1,000 രൂപയുടെ ധനസഹായം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ധനസഹായം അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡ്-19-മൂലം സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 1,000 രൂപ വീതം ധനസഹായം നൽകുന്നതിന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച 55 കോടി രൂപ, 553041 തൊഴിലാളികൾക്ക് വിതരണം ചെയ്തു. കോവിഡിന്റെ രണ്ടാം തരംഗത്തിൽ 1000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ 2021 ജൂലൈ മാസത്തിൽ 61 കോടി രൂപ അനുവദിച്ചതിൽ 493887 തൊഴിലാളികൾക്ക് 49,38,87,000 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുകയുടെ വിതരണം നടന്നുവരികയാണ്.

**ജനസാന്ത്വനം പദ്ധതി**

64(3091) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയിലൂടെ വിഭാവനം ചെയ്ത പദ്ധതികൾ ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ വിവിധ പദ്ധതികൾ മുഖേനയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെയും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ബാധകമല്ല.

**വിമാനത്താവള വികസനം**

65 (3092) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-7-2021-ന് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ ഏതെല്ലാം വികസന കാര്യങ്ങളാണ് ഉന്നയിച്ചതെന്ന് അറിയിക്കാമോ; ഇക്കാര്യങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ ഏതെല്ലാമാണ്?

13-7-2021-ന് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉന്നയിച്ച സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

i. സെമീ ഹൈസ്പീഡ് ലൈൻ (സിൽവർലൈൻ)

ii. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ

iii. അങ്കമാലി- ശബരി റെയിൽ

iv. തലശ്ശേരി - മൈസൂരു റെയിൽ

v. കൊച്ചിമെട്രോ - II സ്റ്റേജ്

vi. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പ്രോജക്ട്

vii. കണ്ണൂർ എയർപോർട്ട് - വിദേശവിമാന കമ്പനികൾക്കുള്ള പോയിന്റ് ഓഫ് കാൾ

viii. കോഴിക്കോട് എയർപോർട്ട് - വലിയ വിമാനങ്ങൾക്കുള്ള അനുമതി

ix. ശബരിമല എയർപോർട്ട്

x. ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനുള്ള അനുമതി

xi. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ സ്ഥലം

xii. BPCL പബ്ലിക് സെക്ടറിൽ നിലനിർത്തുക

xiii. കൊച്ചി മെട്രോ കെമിക്കൽ കോംപ്ലക്സ്.

ഈ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ നിർദ്ദിഷ്ട ലൈറ്റ് മെട്രോ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിക്കാമോ?

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആറിന് 12-2-2021-ലെ ജി.ഒ. (എം.എസ്) നമ്പർ 11/2021/പി.ഡബ്ല്യൂഡി പ്രകാരം അംഗീകാരം നൽകുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് 18-2-2021-ന് ക്രേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 8-4-2021-ന് കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിൽനിന്ന് പ്രാഥമിക നിരീക്ഷണങ്ങൾ (Preliminary Observation) അറിയിക്കുകയും ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. ഇവയ്ക്കുള്ള മറുപടി 21-6-2021-ന് പ്രസ്തുത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) കണ്ണൂർ വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി വികസിച്ചെങ്കിലും അവിടെ വിദേശ വിമാനങ്ങൾക്ക് അനുമതിയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തിരുവനന്തപുരം വിമാനത്താവളം സംസ്ഥാന താത്പര്യത്തിന് വിരുദ്ധമായി അദാനിക്ക് കൈമാറുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറുന്ന കാര്യം ചർച്ച ചെയ്തിരുന്നോ; എങ്കിൽ വിശദമാക്കാമോ?

ചർച്ച ചെയ്തിരുന്നില്ല.

**സിൽവർ ലൈൻ റെയിൽ പദ്ധതി**

66 (3093) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് എന്ത് തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പദ്ധതി നടപ്പാക്കാൻ എന്ത് തുക ആവശ്യമായി വരുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്?

നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിക്ക് സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം 63,941 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. വിശദ പദ്ധതിരൂപരേഖയുടെ അന്തിമാനുമതിക്കായി റെയിൽ മന്ത്രാലയത്തിനും സാമ്പത്തികകാര്യ വകുപ്പിനും കേന്ദ്ര മന്ത്രിസഭയ്ക്കും സമർപ്പിച്ചിരിക്കുകയാണ്.

പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ വിശദ പരിശോധനാഘട്ടത്തിലാണ്. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ടുമെന്റ് ഓഫ് എക്സ്പെൻഡിച്ചർ എന്നീ വിഭാഗങ്ങൾ അംഗീകരിക്കുകയും ഈ തുകയിൽ ഉൾപ്പെട്ട 33,700 കോടി രൂപയുടെ വിദേശവായ്പക്ക് ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഒരേ പദ്ധതിയുടെ പൂർത്തീകരണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കണക്കാക്കുന്ന തുകയിൽ വലിയ അന്തരം വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിൽവർ ലൈൻ റെയിൽ പദ്ധതിയിൽ അധിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് പദ്ധതിയെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സിൽവർലൈൻ പദ്ധതിക്കായി 33,700 കോടി രൂപയുടെ വിദേശവായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ മന്ത്രാലയത്തിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പകൾക്കായി സമർപ്പിക്കുന്നതാണ് നടപടിക്രമം. ജൈക്ക, എ.ഡി.ബി, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാനാണ് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ടുമെന്റ് ഓഫ് എക്സ്പെൻഡിച്ചർ വിഭാഗങ്ങൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. കേരളസർക്കാരും കേന്ദ്രസർക്കാരും തമ്മിലുള്ള ജോയിന്റ് വെഞ്ചർ കരാർപ്രകാരം പദ്ധതിയിൽ സാമ്പത്തിക നഷ്ടമുണ്ടായാൽ അത് പദ്ധതിയിലുള്ള ഓഹരിയുടെ അനുപാതത്തിൽ ഏറ്റെടുക്കേണ്ടതാണ്. സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി ഇനിയും കിട്ടേണ്ടതുണ്ട്. പദ്ധതി ഇപ്പോൾ റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റേയും പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ 22 ജൂൺ 2021-ന് കൂടിയ സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി, പദ്ധതി പരിഗണിക്കുകയും പദ്ധതിയുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" വായ്പാ തിരിച്ചടയ്ക്കാൻ പരാജയപ്പെട്ടാൽ ആ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന "Undertaking" നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കനോലി കനാലിലൂടെയുള്ള ജലഗതാഗതം**

67 (3094) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട്-പൊന്നാനി, ചാവക്കാട്-കൊച്ചി കനോലി കനാലിലൂടെയുള്ള ജലഗതാഗത സംവിധാനത്തെ സംബന്ധിച്ചുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ചാവക്കാട്-പൊന്നാനി, ചാവക്കാട്-കൊച്ചി കനോലി കനാൽ നിലവിൽ ദേശീയ ജലപാത അതോറിറ്റിയുടെ മേൽനോട്ടത്തിലാണുള്ളത്. ഈ ദേശീയ ജലപാതയിൽ പൊന്നാനി ഭാഗത്തെ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും സാങ്കേതികാനുമതി നല്കി ദർഘാസ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ, പൊന്നാനി മുതൽ ഭാരതപ്പുഴ വരെ ജലഗതാഗതയോഗ്യമാക്കുവാനാവശ്യമായ ആഴംകൂട്ടൽ പ്രവൃത്തികളും പ്രസ്തുത ഭാഗത്തെ പാലങ്ങൾ ദേശീയ ജലപാത നിലവാരത്തിൽ വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസുകൾ ലഭിക്കുന്ന തരത്തിൽ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരികയാണ്. മലപ്പുറം ജില്ലയിൽ കുട്ടായി റെഗുലേറ്ററിൽ വലിയ യാനങ്ങൾക്ക് കടന്നുപോകത്തക്ക രീതിയിൽ നാവിഗേഷൻ ലോക്ക് നിർമ്മിക്കുവാൻവേണ്ടി പ്രസ്തുത ലോക്കിന്റെ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കായംകുളം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ**

68 (3095) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ നിലവിൽ 25 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഭരണിക്കാവ്, ചെട്ടികുളങ്ങര, ദേവികുളങ്ങര, കണ്ടല്ലൂർ, കൃഷ്ണപുരം, പത്തിയൂർ ഗ്രാമപഞ്ചായത്തുകളിൽ 3 വീതം അക്ഷയകേന്ദ്രങ്ങളും കായംകുളം നഗരസഭയിൽ 7 അക്ഷയ കേന്ദ്രങ്ങളുമാണ് പ്രവർത്തിക്കുന്നത്.

(ബി) പുതതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**നോർക്കയുടെ പുനരധിവാസ പദ്ധതി**

69 (3096) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസജീവിതം അവസാനിപ്പിച്ച് വരുന്നവർക്ക് നോർക്ക മുഖേന നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി ബാങ്കുകൾ മുഖേന പ്രവാസികളുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനായി വായ്പകൾ നൽകി വരുന്നുണ്ട്. 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭക പ്രവാസികൾക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക-റൂട്ട്സ്, കേരള

സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖാന്തരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്.

(ബി) നോർക്കയുടെ പുനരധിവാസ പദ്ധതിപ്രകാരം ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് വായ്പ ലഭ്യമാകുന്നത്; വായ്പ പലിശ നിരക്ക് എത്രയാണ്?

നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം വായ്പ നൽകി വരുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറ/സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമവികസന സഹകരണ സംഘം (മലപ്പുറം), ഇന്ത്യൻ ഓവർസീസ് ബാങ്ക്, കേരള ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക്, ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് ധനകാര്യസ്ഥാപനങ്ങൾ. ധനകാര്യസ്ഥാപനത്തിന്റെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് പലിശനിരക്ക്, തിരിച്ചടവ് എന്നിവ നിശ്ചയിച്ചിരിക്കുന്നത്.

(സി) പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവന്നവർക്ക് വായ്പ ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ പ്രവാസി ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപനത്തിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യവസായിക ലോണുകൾക്ക് പ്രാധാന്യം നൽകിയാണ് വായ്പകൾ അനുവദിക്കുന്നത്.

## ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ

70 (3097) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭ്യമാക്കുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1) 2020 ജനുവരി 1 മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ എത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം ധനസഹായം നൽകിയിരുന്നു.

2) കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

3) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ടി പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും നൽകി വരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ വിഹിതം 2021-22 സാമ്പത്തിക വർഷം നിലവിലുള്ള 18 കോടി രൂപയിൽനിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4) കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്കും വിദേശ തൊഴിൽ അവസാനിപ്പിച്ച് തിരികെയെത്തുന്നവരുമായ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി മുഖേന 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

5) തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ തുകയായ 27 കോടി രൂപയിൽ നിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് -1) കോവിഡ് - 19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് ധനസഹായമായി സർക്കാർ പ്രഖ്യാപിച്ചിരുന്ന 1,000 രൂപ, 2020 ഏപ്രിൽ മാസം തന്നെ ബോർഡ് നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമ നിധി പെൻഷൻ

അനുവദിച്ചുവന്നിരുന്ന 14218 പേർക്കാണ് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) ടി തുക ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ അനുവദിച്ചത്.

2) ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ 31-3-2021 വരെ രോഗബാധിതരായവർക്ക് ബോർഡ് നൽകിയിട്ടുണ്ട്.

3) അംശദായ കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് അത് പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴ പലിശയും, കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 6 മാസക്കാലത്തേയ്ക്ക് ഒഴിവാക്കിയിരുന്നു. പിഴയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 2 കോടിയോളം രൂപ ഇപ്രകാരം ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

4) കോവിഡ് രണ്ടാം തരംഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് സർക്കാർ ധനസഹായമായി പ്രഖ്യാപിച്ച 1,000 രൂപ താമസംവിനാ അനുവദിക്കുന്നതാണ്.

## ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക്

71 (3098) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സംവിധാനത്തിൽ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാന പോലീസിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രസ്തുത സംവിധാനം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ദേശീയതലത്തിൽ നടപ്പിലാക്കിയിട്ടുള്ള ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഡിവിഷൻ ഓഫീസുകളിലും ജില്ലാ പോലീസ് മേധാവിമാരുടെ ഓഫീസുകളിലും റേഞ്ച് ഓഫീസുകൾ, സോണൽ ഓഫീസുകൾ, പോലീസ് ആസ്ഥാനം എന്നിവിടങ്ങളിലും ഇതുകൂടാതെ ക്രൈം ബ്രാഞ്ച്, റെയിൽവേ പോലീസ്, എ.ടി.എസ്. എന്നീ സ്പെഷ്യൽ യൂണിറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൊതുജനങ്ങൾക്ക് ഈ സംവിധാനം വഴി എന്തെങ്കിലും സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം ആപ്ലിക്കേഷന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് ആയ 'തുണ' എന്ന ആപ്ലിക്കേഷൻ മുഖാന്തരം പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന സർവ്വീസുകൾ ഓൺലൈൻ ആയി ലഭിക്കുന്നതാണ്.

1. പെറ്റിഷൻ രജിസ്ട്രേഷൻ

2. പെറ്റിഷൻ സ്റ്റാറ്റസ്

3. എഫ്.ഐ.ആർ. കോപ്പി

4. ആക്സിഡന്റ് ജി.ഡി. കോപ്പി

5. അറസ്റ്റ് ആന്റ് വാണ്ടഡ് ക്രിമിനൽ ഡീറ്റെയിൽസ്

6. ഡീറ്റെയിൽസ് ഓഫ് മിസ്സിംഗ് പേഴ്സൺ

7. ആട്ടോ മൊബൈൽ എൻക്വയറി

8. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റിക്വസ്റ്റ്

9. വെരിഫിക്കേഷൻ റിക്വസ്റ്റ്

10. മൈക്ക് സാംഗ്ഷൻ റിക്വസ്റ്റ്

11. സിറ്റിസൺ ടിപ്പ്

12. ഓൺലൈൻ ലൈബ്രറി

## കേസ്സുകളുടെ എണ്ണം

72 (3099) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം, കോവളം, വിഴിഞ്ഞം, ബാലരാമപുരം, പൂവാർ, കാഞ്ഞിരംകുളം എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ പോലീസ് സ്റ്റേഷനും വർഷവും വേർതിരിച്ചുള്ള കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 24-7-2021 വരെ മേൽപ്പറഞ്ഞ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കേസ്സുകളാണ് കോടതികളിൽ തീർപ്പുകല്പിക്കാനുള്ളത് എന്ന വിവരം ലഭ്യമാക്കാമോ?

24-7-2021 വരെ കോടതികളിൽ തീർപ്പാക്കാനുമുള്ള കേസ്സുകളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

**ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ്**

73 (3100) <u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവിയുടെ പദവിയിലിരിക്കെ ശ്രീ.ലോക്നാഥ് ബെഹ്റ നടത്തിയ കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന നിലയ്ക്കുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിന് പോലീസ് സമർപ്പിച്ചിട്ടില്ല.

(ബി) ആയത് സംബന്ധിച്ച വിശദാംശം സർക്കാരിന് സമർപ്പിച്ചിരുന്നുവോ;

(സി) ഭീകരസംഘടനകളുടെ പ്രവർത്തനങ്ങളെകുറിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന നിലയ്ക്കുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിന് പോലീസ് സമർപ്പിച്ചിട്ടില്ല.

**മിഷേൽ ഷാജിയുടെ മരണം**

74 (3101) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 671/2017 പ്രകാരമുള്ള മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച കേസന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 671/2017 ആയി രജിസ്റ്റർ ചെയ്ത കേസ്

ക്രൈം ബ്രാഞ്ചിന് കൈമാറുകയും ടി കേസ് ക്രൈം നമ്പർ 44/CB/2017 u/s 306, 354(D) IPC & Sec.2(iv) of POCSO Act ആയി റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണത്തിൽനിന്നും ശാസ്ത്രീയ പരിശോധനകൾകൊണ്ടും മിഷേലിന്റെ മരണം കൊലപാതക മാണെന്നതിന്റെ സൂചനകളോ തെളിവുകളോ ലഭിച്ചിട്ടില്ല. നാളിതുവരെയുള്ള അന്വേഷണത്തിൽ മിഷേലിന്റെ സുഹൃത്തായ ക്രോണിന്റെ നിരന്തരമായ വഴക്കും ഭീഷണിയുംമൂലമുള്ള മാനസിക പീഡനത്തിൽ മനംനൊന്താണ് മിഷേലിനെ ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്ന് വെളിവായിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയായെങ്കിലും ബഹു. ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ളതിനാൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത മരണം സംബന്ധിച്ച് ദുരൂഹതകൾ നിലനിൽക്കുന്നതിനാൽ കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കേസ് സി.ബി.ഐ-ക്ക് വിടണമെന്നാവശ്യപ്പെട്ട് മരണപ്പെട്ട വ്യക്തിയുടെ മാതാപിതാക്കാൾ നൽകിയ പരാതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

(ബി&സി) പ്രസ്തുത മരണം സംബന്ധിച്ച് മിഷേലിന്റെ പിതാവ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 31901/17 നമ്പർ ഹർജിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അമിക്കസ്ക്യൂറിയെ നിയോഗിച്ചിരുന്നു. അമിക്കസ്ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## നിയന്ത്രണങ്ങൾ ലംഘിച്ചതിനുള്ള കേസ്സുകൾ

75 (3102) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രണ്ടാം വ്യാപനത്തെതുടർന്ന് ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി നാളിതുവരെ സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ പിഴയായി എത്ര തുക ഈടാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കോവിഡ്-19 രണ്ടാം വ്യാപനത്തെതുടർന്ന് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി 8-5-2021 മുതൽ 27-7-2021 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ജില്ല തിരിച്ചുള്ള കേസ്സുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ഇനത്തിൽ സംസ്ഥാനത്ത് 29,20,50,000 രൂപ (ഇരുപത്തി ഒൻപത് കോടി ഇരുപത് ലക്ഷത്തി അൻപതിനായിരം രൂപ) പിഴയായി ഈടാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്ത് ഐ.എസ്-ന്റെ സ്ലീപ്പർ സെല്ലുകൾ

76 (3103) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എസ്. എന്ന സംഘടനയുടെ സ്ലീപ്പർ സെല്ലുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇത്തരം സ്ലീപ്പർ സെല്ലുകളെ കുറിച്ച് സംസ്ഥാന പോലീസ് മേധാവി ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഇത്തരത്തിൽ റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) മുൻ ഡി.ജി.പി.-യുടെ പരാമർശത്തിൽ ഒരു മതവിഭാഗത്തെ മാത്രം വിമർശന വിധേയമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ സാമുദായിക ഭിന്നതയ്ക്ക് വഴിവയ്ക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പോലീസ് സ്റ്റേഷനുകളിൽ ഓൺലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് സംവിധാനം

77 (3104) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനത്തിന് പോലീസ് സ്റ്റേഷനുകളിൽ നേരിട്ടെത്താതെ ഓൺലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ദേശീയ തലത്തിൽ നടപ്പിലാക്കിയിട്ടുള്ള ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ് വർക്കിംഗ് സിസ്റ്റം കേരളത്തിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള സിറ്റിസൺ സർവ്വീസ് പോർട്ടൽ ആയ "തുണ" എന്ന വെബ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അവരുടെ പരാതികൾ രജിസ്റ്റർ ചെയ്യാൻ സാധിക്കും. പോലീസ്

സ്റ്റേഷനുകളുടേയും മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഓഫീസുകളുടേയും ഇ-മെയിൽ വഴിയും പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോ പാർക്കിലും മിത്രം സ്മാർട്ട് കിയോസ്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വകാര്യമായി പരാതികൾ നൽകുന്നതിന് 'അപരാജിത ഓൺലൈൻ' പോർട്ടൽ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

**കൊടകര കുഴൽപ്പണ കവർച്ച കേസ്സിന്റെ കുറ്റപത്രം**

78 (3105) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പ്രത്യേക അന്വേഷണ സംഘം കേസ്സിലെ 22 പ്രതികൾക്കെതിരെ ബഹു. ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും സമാന രീതിയിൽ നടന്നതായ മറ്റു പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നുവരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(ബി) ഒരു ദേശീയ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുവാൻ അതിന്റെ സംസ്ഥാന അദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം കൊണ്ടുവന്ന കുഴൽപ്പണമാണ് കവർച്ച ചെയ്യപ്പെട്ടതെന്ന് കുറ്റപത്രത്തിൽ പരാമർശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉണ്ട്. ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനു പയോഗിക്കുന്നതിന് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ അറിവോടെയും പാർട്ടിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എം.ഗണേഷ്, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസ്സിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടുപോയിരുന്നതെന്ന് കുറ്റപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കക്ഷിയുടെ സംസ്ഥാന അദ്ധ്യക്ഷന്റെ അറിവോടെ കുഴൽപ്പണം തെരഞ്ഞെടുപ്പ് ക്രമക്കേടുകൾക്കായി കടത്തിക്കൊണ്ടു വന്നതായി

ബോദ്ധ്യപ്പെട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉണ്ട്. കേസ്സിലെ പ്രധാന സാക്ഷിയായ ധർമ്മരാജൻ നൽകിയ മൊഴി പ്രകാരം ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള അനധികൃത പണമിടപാടുകൾ ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി കൊണ്ടുവന്നതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ് വിഭാഗം എന്നിവിടങ്ങളിൽ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നിയമനം

79 (3106) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ഉണ്ട്. കേരളത്തിലെ 484 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ 477 പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 7 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ പോലീസ് സ്റ്റേഷനായ നഗരൂർ പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ. ആയി സർക്കിൾ ഇൻസ്പെക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശയിൽ നഗരൂർ പോലീസ് സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## സാങ്കേതിക യോഗ്യതയുള്ള പോലീസുകാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി

80 (3107) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സാങ്കേതിക യോഗ്യതയുള്ള ഏക വിഭാഗമായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉണ്ടായിട്ടും സൈബർ സെൽ, സൈബർ

ഡോം, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് സെൽ, ഇ.ആർ.എസ്.എസ്. എന്നിവിടങ്ങളിൽ അടിസ്ഥാന യോഗ്യത മാത്രമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാർത്താവിനിമയ ഉപകരണങ്ങൾ അടക്കമുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിക്കൽ, അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവ അടക്കമുള്ള ജോലികളാണ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം നിർവ്വഹിക്കുന്നത്. എന്നാൽ സൈബർ പോലീസ് സ്റ്റേഷൻ അടക്കമുള്ള സൈബർ വിഷയവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുള്ള കുറ്റാന്വേഷണങ്ങളും പരാതിപരിഹരിക്കലും അനുബന്ധ ജോലികളുമാണ് ചെയ്തുവരുന്നത്. ഇത്തരം ജോലികൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നില്ല.

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്താകെ എത്ര ഉദ്യോഗസ്ഥരെയാണ് ഇത്തരത്തിൽ നിയമിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ വിഭാഗങ്ങളിൽ മുഴുവനായും പോലീസ് ടെലികമ്യൂണിക്കേഷൻ വിഭാഗക്കാരെ നിയോഗിക്കാനും അധികമായി ആവശ്യമുള്ളവരെ റിക്രൂട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പോലീസ് വിഭാഗങ്ങളിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന യോഗ്യതയുള്ളവരെ അതതു വിഭാഗങ്ങൾക്ക് മാത്രമായി ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ ഈ നിർദ്ദേശം പരിഗണിക്കുമോ?

(ബി-ഡി) ബാധകമല്ല.

**ശ്രീ. ജെറിൻ ജെയിംസിന്റെ ആശ്രിത നിയമനം**

81 (3108) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകിയ മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ജെറിൻ ജെയിംസിന്റെ അപേക്ഷ കോട്ടയം കളക്ടർ ആവശ്യമായ രേഖകൾ സഹിതമാണോ സർക്കാരിന് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. ജെറിൻ ജെയിംസിന്റെ അപേക്ഷ നിശ്ചിത ഫോമിൽ അല്ല കോട്ടയം കളക്ടറേറ്റിൽനിന്നും ഫോർവേഡ് ചെയ്തത് എന്ന പരാതി പരിഹരിച്ചിട്ടുണ്ടോ, പ്രസ്തുത അപേക്ഷ സർക്കാരിന് കൈമാറിയിട്ടുണ്ടോ,എന്നാൽ എന്ന് കൈമാറി എന്ന് വ്യക്തമാക്കാമോ?

(എ&ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ശ്രീ. ജെറിൻ ജെയിംസ് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിനോടൊപ്പം അപേക്ഷകൻ സമർപ്പിക്കേണ്ടുന്ന സത്യവാങ്മൂലം നിശ്ചിത മാതൃകയിലുള്ളതല്ലായിരുന്നു. ആശ്രിത നിയമന അപേക്ഷയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രസ്തുത പോരായ്മ സർക്കാർ ആവശ്യപ്പെട്ടതിനെതുടർന്ന് 22-7-2021-ലെ DCKTM/ 4010/2020-SS1 കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ പരിഹരിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷയിൻമേൽ എപ്പോൾ തീരുമാനം എടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷയിൽ എത്രയും വേഗം പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ?

സേവനത്തിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനത്തിന് ശ്രീ. ജെറിൻ ജെയിംസ് അർഹനാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിനായി പോലീസ് വകുപ്പിൽ ഒഴിവില്ലാത്തതിനാൽ വാലിഡ് അപേക്ഷത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് ഒഴിവ് കണ്ടെത്തി ശ്രീ. ജെറിൻ ജെയിംസിന് ആശ്രിത നിയമനം നൽകുന്നതിലേയ്ക്കായി ടിയാളെ സംബന്ധിക്കുന്ന വിവരങ്ങളടങ്ങുന്ന പ്രൊഫോർമ, 24-5-1999-ലെ സ.ഉ.(പി) നമ്പർ 12/99/ഉ.ഭ.പ.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 30-7-2021-ലെ കെ3/128/2020-ആഭ്യന്തരം പ്രകാരം കൈമാറിയിട്ടുണ്ട്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽനിന്നും പ്രസ്തുത നിയമനത്തിനായുള്ള ഒഴിവ് അറിയിക്കുന്ന മുറയ്ക്ക് ശ്രീ. ജെറിൻ ജെയിംസിന് നിയമനാനുമതി നൽകി സർക്കാർ ഉത്തരവാകുന്നതാണ്. മേൽ വിവരം ശ്രീ. ജെറിൻ ജെയിംസിനെ 30-7-2021-ലെ കെ3/128/2020-ആഭ്യന്തരം കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

## പോലീസ് സ്റ്റേഷനുകളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി

82 (3109) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് ഏത് സമയവും പോലീസ് സ്റ്റേഷനുകളിൽ നിർഭയം കടന്നുവരുന്നതിനും അവരുടെ പരാതികൾ ബോധിപ്പിക്കുന്നതിനുമുള്ള സാഹചര്യമാണ് നിലവിലുള്ളത്. പരാതിക്കാർക്ക് പരാതികളും മറ്റും സ്വീകരിച്ച് രസീത് നൽകുകയും

ഇതിന്മേൽ താമസംവിനാ പരിഹാരം നൽകിവരികയും ചെയ്യുന്നു. വാർത്താ വിനിമയ വിതരണ സാങ്കേതികവിദ്യയിലെ നൂതന ആശയങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യയിലെ പുതിയ കണ്ടുപിടിത്തങ്ങളും പ്രയോജനപ്പെടുത്തി പൊതുജനോപകാരപ്രദവും വേഗതയും കൃത്യതയും ഫലപ്രാപ്തിയുമുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നുണ്ട്. THUNA portal, e-mail, Whatsapp മുഖേന പൊതുജനത്തിന് പോലീസ് സ്റ്റേഷനിലേയ്ക്ക് നേരിട്ട് എത്താതെ തന്നെ പരാതിയും മറ്റും സമർപ്പിക്കാവുന്ന സംവിധാനവും നിലവിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷനിൽ നേരിട്ടെത്തുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി പി.ആർ.ഒ. സംവിധാനവുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിതാ റെസ്റ്റ് റൂം, വനിതാ വിസിറ്റിംഗ് റൂം, ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വിമൻ ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിനായി പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിൽ സിസിടിവി സ്ഥാപിക്കൽ, എല്ലാ വിഭാഗം പോലീസുകാർക്കും നിരന്തരം പരിശീലനം, പബ്ലിക് റിലേഷൻസിൽ പ്രത്യേക വൈദഗ്ദ്ധ്യം എന്നിവ നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ 274 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 200 പോലീസ് സ്റ്റേഷനുകളിൽക്കൂടി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കും ആവശ്യമായ റിഫ്രെഷ്മെന്റ് കോഴ്സുകൾ നൽകുന്നുണ്ട്. ഇതിൽ പബ്ലിക് റിലേഷൻസും വിഷയമാക്കിയിട്ടുണ്ട്.

**പോലീസ് സേനയുടെ നവീകരണം**

83 (3110) ശ്രീ. എം. എം. മണി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി 12-7-2021-ൽ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 21/2021 ആയി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേവനം കൂടുതൽ മികവുറ്റതാക്കാൻ കഴിഞ്ഞ സർക്കാർ നടപടിയെടുത്തിരുന്നോ; പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2016-2021) ആകെ 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ SISF-ൽ 1000 സ്ഥിരം തസ്തികകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. വനിതാ പോലീസ് വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 4 വനിതാ പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുന്നതിനും ഇതിനായി 20 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അനുമതി നൽകിയിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദപരമാക്കുന്നതിനും ആധുനിക കാലത്തിന് അനുയോജ്യമായ വിധത്തിൽ പോലീസ് സേനയെ പരിവർത്തനം ചെയ്യുന്നതിനും പരിശീലന പരിപാടി നവീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദമാക്കുന്നതിന് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

1) ജനമൈത്രി പോലീസ് പരിശീലനം

2) Soft Skill Training

3) Gender Sensitisation

4) Stress Management with Human relations

5) Inter Personal relationship

6) Positive handling of drug abuses

7) Life Style Management

ആധുനികകാലത്തിനനുയോജ്യമായ വിധത്തിൽ സേനയെ പരിവർത്തനം ചെയ്യുന്നതിനായി കേരള പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവ മുഖേന താഴെപ്പറയുന്ന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നൽകി വരുന്നുണ്ട്.

1) Cyber Forensic training for investigating officers.

2) Forensic training - Advance Technology

3) CCPWC Capacity building (Cyber Crime Prevention against Women and Children)

4) Training on Live Forensic, Mobile Forensic, Disc Forensic

5) Training on Investigation of terrorism cases, blast cases.

6) Cyber Crimes.

7) Investigation POCSO Anti-human Trafficking, NDPS Act Cases etc.

8) CCTNS

9) Training on dealing hazardous and dangerous substances.

10) Social defence issues

11) Women safety training

12) Interrogation techniques

13) Forensic medicines & toxicology

**പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് രൂപീകരണം**

84 (3111) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളെ വിഭജിച്ച് പുതിയ മൂന്ന് പോലീസ് ജില്ലകൾ രൂപീകരിച്ചിരുന്നുവെങ്കിലും നാളിതുവരെയും പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പോലീസിലെ വാർത്താവിനിമയ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) പോലീസിലെ ഏക സാങ്കേതിക വിഭാഗമായ ടെലികമ്മ്യൂണിക്കേഷനിലെ

ഉദ്യോഗസ്ഥരെ ശാക്തീകരിക്കുന്നതിനായി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി വാർത്താവിനിമയ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിനുവേണ്ടി സാറ്റലൈറ്റ് ഫോണുകൾ (ISAT ഫോൺ) നൽകിയിട്ടുണ്ട്. കൂടാതെ, വാർത്താവിനിമയ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡിജിറ്റൽ മൊബൈൽ റേഡിയോ (DMR) സംവിധാനം നടപ്പിലാക്കിവരുന്നു. ടെലികമ്മ്യൂണിക്കേഷൻ വിഭാഗം ശാക്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

85 (3112) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം കുറവാണെങ്കിൽ അത് ഉയർത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് വിഭാഗത്തിന്റെ പ്രാതിനിധ്യം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വനിതാ സിവിൽ പോലീസ് ഓഫീസർ (കാറ്റഗറി നമ്പർ 653/ 2017) റാങ്ക് ലിസ്റ്റിൽനിന്ന് നിയമനങ്ങൾ കുറച്ചുമാത്രം നടന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റ് കാലാവധി നീട്ടി നൽകുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള 34 ഒഴിവുകൾ ഉൾപ്പെടെ ആകെ 796 ഒഴിവുകൾ നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസ് വകുപ്പിന്റെ ആധുനികവത്കരണം

86 (3113) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും തദ്വാര ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 14,950 ലക്ഷം രൂപ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ആയതിലെ പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പുളിക്കീഴ്, പെരുനാട് & മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ & മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ & ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നിവയാണ് അവ.

2) പോലീസ് നിർവ്വഹണം കൂടുതൽ സുഗമമാക്കുവാനും ക്രമസമാധാനപാലനം മെച്ചപ്പെടുത്തുവാനും 25 അധിക സബ് ഡിവിഷനുകൾകൂടി ആരംഭിക്കുകയും ഈ സബ് ഡിവിഷനുകളുടെ നവീകരണത്തിനായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്.

3) പോലീസ് ട്രെയിനിംഗ് കോളേജിൽ സ്റ്റേറ്റ് പോലീസ് മ്യൂസിയം ആരംഭിക്കുവാൻ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരളത്തിന്റെ ആദ്യത്തെ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായിരുന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ പേരിലാണ് ഈ മ്യൂസിയം സ്ഥാപിക്കുക.

4) എല്ലാ ജില്ലകളിലും നോളേജ് റിപ്പോസിറ്ററി സെന്ററുകൾ (Knowledge Respository Centres) ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

5) പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

6) തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

7) സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്.

8) സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

9) ആലപ്പുഴ, എറണാകുളം റൂറൽ, തിരുവനന്തപുരം റൂറൽ, മലപ്പുറം എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

10) തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

11) കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

12) തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയാക്കുന്നതാണ്.

(ബി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളുടെ എന്തെല്ലാം സാദ്ധ്യതകളാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി Artificial Intelligence സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതാണ്. ഇതിനായി 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ തിരുവനന്തപുരത്ത് Cyber Security Centre (Cyberdome) സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സാങ്കേതികവിദ്യയുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ നൽകുന്നതിന് പോലീസ് വകുപ്പിൽ പുതിയ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സാങ്കേതികവിദ്യയുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ഇവർക്കായി പ്രത്യേക സൗകര്യം ഒരുക്കിവരുന്നു.

**രാമനാട്ടുകര വാഹന അപകടം**

87 (3114) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര വാഹന അപകടം സ്വർണ്ണക്കടത്ത് ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തി തടയുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത സംഘങ്ങൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

ഇതുവരെയുള്ള അന്വേഷണത്തിൽ ഇക്കാര്യം വ്യക്തമായിട്ടില്ല.

(ഡി) സ്വർണ്ണക്കടത്ത് ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

രഹസ്യ നിരീക്ഷണങ്ങൾ ശക്തിപ്പെടുത്തിയും നിരന്തരം റെയിഡുകൾ നടത്തിയും വാഹന പരിശോധനയും പോലീസ് പട്രോളിംഗും ശക്തമാക്കിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമനടപടികളും CrPC, KAAPA എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പ്രത്യേക അന്വേഷണസംഘത്തിന്റെ കണ്ടെത്തലുകൾ**

88 (3115) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ?

കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ 3.5 കോടി രൂപ കർണ്ണാടകയിൽ നിന്നും എത്തിച്ച് പ്രധാന സാക്ഷിയായ ധർമ്മരാജൻ മുഖേന ടിയാന്റെ ഡ്രൈവർ ഷംജീർ, സഹായി റഷീദ് എന്നിവർ ചേർന്ന് കോഴിക്കോട് നിന്നും ബി.ജെ.പി. ആലപ്പുഴ ജില്ലാ ട്രഷറർ ഗോപാലകൃഷ്ണ കർത്താ എന്നയാൾക്ക് കൈമാറുന്നതിന് കൊണ്ടുപോകുന്ന സമയം കൊടകര ഹൈവേയിൽ വച്ച് വാഹനവും പണവും കൊള്ളയടിക്കപ്പെട്ടതായും ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിന്റെ അറിവോടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി, സംസ്ഥാന ഓഫീസ് സെക്രട്ടറി എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസ്സിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടുവന്നിരുന്നത് എന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചമുതൽ കണ്ടെത്തുന്നതിനും സമാനരീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നു വരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഒരു ദേശീയ രാഷ്ട്രീയപ്പാർട്ടിക്കുവേണ്ടി കുഴൽപ്പണം വിതരണം ചെയ്യുവാൻ സാഹചര്യമുണ്ടായതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല.

(സി) കൊടകര കുഴൽപ്പണ കേസ്സിലെ കണ്ടെത്തലുകൾ പോലീസ് മറ്റേതെങ്കിലും അന്വേഷണ ഏജൻസിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൊടകര കുഴൽപ്പണ കവർച്ചാ കേസ്സിന്റെ അന്വേഷണത്തിൽ നിന്ന് കേസ്സിലുൾപ്പെട്ടതും മറ്റുമായ അനധികൃത പണമിടപാടുകൾ ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി കൊണ്ടുവന്നതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകംടാക്സ് വിഭാഗം എന്നിവിടങ്ങളിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## പി.എസ്.സി. നിയമന തട്ടിപ്പ് കേസ്

89 (3116) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ ഉൾപ്പെട്ട പി.എസ്.സി. നിയമന തട്ടിപ്പ് കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ?

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി നൽകിയ പരാതിയിന്മേൽ ക്രൈം ബ്രാഞ്ചിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 429/CB/TVM/D/2019 എന്ന കേസ്സിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്. കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത കേസ്സിൽ എത്ര പേരെയാണ് പ്രതി ചേർത്തിട്ടുള്ളത്; ഇവർക്കെതിരെ ചുമത്തിയ കുറ്റങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത കേസ്സിൽ 9 പേരാണ് പ്രതിസ്ഥാനത്തുള്ളത്. ഇവർക്കെതിരെ ക്രൈം 429/CB/TVM/D/2019 u/s 406,409,420,120 (B), 201 & 34 IPC & Sec. 43 (a) (b) r/w 66 of IT Act പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

(ഡി) നിയമന തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പി.എസ്.സി. യുടെ വിശ്വാസ്യത വീണ്ടെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി.-യുടെ വിശ്വാസ്യത നഷ്ടപ്പെട്ടിട്ടില്ല.

**പാലത്തായിയിൽ പതിനാലുകാരി പീഡിപ്പിക്കപ്പെട്ട സംഭവം**

90 (3117) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലത്തായിയിൽ പതിനാലുകാരി പീഡിപ്പിക്കപ്പെട്ട സംഭവുമായി ബന്ധപ്പെട്ട കേസ് അന്വേഷണത്തിൽ പോലീസിന് വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ?

വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലത്തായിയിൽ പതിനാലുകാരി പീഡിപ്പിക്കപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 94/2020 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് തുടരന്വേഷണം നടത്തുന്നതിനായി ക്രൈം ബ്രാഞ്ചിന് കൈമാറുകയും ക്രൈം 33/CB/2020 ആയി റീനമ്പർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി തലശ്ശേരി ബഹു. അഡീഷണൽ ജില്ലാ സെഷൻസ് കോടതി-I (POCSO കോടതി)-ൽ 28-6-2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) എങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ**

91 (3118) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് നൽകാമോ; പ്രസ്തുത കേസ്സുകളിൽ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വർഷം തിരിച്ച് നൽകാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ**

92 (3119) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരം വർഷം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വർഷം തിരിച്ച് നൽകാമോ?

(എ&ബി) സംസ്ഥാനത്ത് 2016 മുതൽ 2021 ജൂലൈ വരെ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ**

93 (3120) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ ആറു വർഷമായി എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പോക്സോ കേസ്സുകളിലായി എത്ര പേരെ ശിക്ഷിച്ചുവെന്ന് അറിയിക്കുമോ?

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുണ്ടറയിലെ സ്ത്രീ പീഡന കേസ്

94 (3121) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുണ്ടറയിൽ ഒരു പ്രാദേശിക രാഷ്ട്രീയ നേതാവിന്റെ മകൾ അതേ രാഷ്ട്രീയ പാർട്ടിയിലെ സംസ്ഥാന നേതാവിനെതിരെ നൽകിയ സ്ത്രീ പീഡന കേസ്സിൽ സംസ്ഥാനത്തെ ഒരു മന്ത്രി ഇടപെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ പ്രസ്തുത മന്ത്രിക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(എ&ബി) ഇതിലെ പരാതിക്കാരി എൻ.സി.പി. നേതാവിന്റെ മകളും ആരോപണ വിധേയമായിട്ടുള്ളയാൾ എൻ.സി.പി-യുടെ മറ്റൊരു പ്രവർത്തകനുമാണ് എന്നുമാണ് മനസ്സിലാക്കാനായിട്ടുള്ളത്. ഇവർ തമ്മിലുള്ള തർക്കം എന്ന നിലയിൽ എൻ.സി.പി. നേതാവുകൂടിയായ മന്ത്രി അന്വേഷിക്കുകയാണുണ്ടായത് എന്ന കാര്യം മന്ത്രി തന്നെ പൊതു സമൂഹത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

(സി) പ്രസ്തുത പരാതിയിൽ പോലീസ് കേസ് എടുക്കാൻ വൈകിയതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ?

കുണ്ടറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 1176/2021 കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥന് വീഴ്ച വന്നിട്ടുള്ളതായി തിരുവനന്തപുരം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥരായിരുന്ന ഇൻസ്പെക്ടർ ബി.എസ്. സജികുമാർ, എസ്. ജയകൃഷ്ണൻ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തുവാൻ സംസ്ഥാന പോലീസ് മേധാവി 28-7-2021-ലെ T2/110676/PHQ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പോലീസിന്റെ ഈ നടപടി സുപ്രീം കോടതി നിർദ്ദേശത്തിന് വിരുദ്ധമാണോ എന്ന് വിശദമാക്കാമോ?

ബഹു. സുപ്രീം കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിനായി പോലീസ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ 5/2018, 41/2020, 12/2021 എന്നിവയുടെ ലംഘനമുണ്ടായിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുണ്ടെന്ന് പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

95 (3122) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ അതിക്രമങ്ങളിൽ 2020 മുതൽ കേരളത്തിൽ എത്ര കേസ്സുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ; ഇതിൽ എത്ര പ്രതികൾ പിടിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര പേർ പിടിക്കപ്പെടാനുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ അതിക്രമങ്ങളിൽ 1-1-2020 മുതൽ 27-7-2021 വരെ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം

96 (3123) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഗവർണർ എന്തെങ്കിലും നിർദ്ദേശങ്ങൾ രേഖാമൂലം മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ?

ഉണ്ട്. സ്ത്രീപക്ഷ കേരളം എന്ന ലക്ഷ്യം മുൻനിർത്തി കേരളം എടുത്ത നിലപാടുകളെയും പ്രവർത്തനങ്ങളെയും കേരള ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ കത്തിലൂടെ അഭിനന്ദിച്ചിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ത്രീധനനിരോധന ഓഫീസർമാരെ നിയമിച്ചതിനും സർക്കാർ ജീവനക്കാർക്കിടയിൽ സ്ത്രീധനത്തിനെതിരെ പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കിയതിനും ഗവർണർ അഭിനന്ദനം അറിയിച്ചു. ഈ വിഷയത്തിൽ തന്റേതായ മാർഗ്ഗനിർദ്ദേശങ്ങളും ഗവർണർ അവതരിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീധനത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വൈസ് ചാൻസിലർമാരുടെ യോഗത്തിന് ചാൻസിലർ എന്ന നിലയിൽ ഗവർണ്ണർ നേതൃത്വം നൽകിയ വിവരവും അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് "2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.

2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.

3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ-ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.

4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.

5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി ' 181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.

6) ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.

7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനുപുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള "കമാന്റ് സെന്ററി"ൽ ലഭ്യമാണ്.

**റിപ്പോർട്ട് ചെയ്തിരിക്കുന്ന പോക്സോ കേസ്സുകൾ**

97 (3124) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ 2021 വരെ ഓരോ വർഷവും എത്ര പോക്സോ കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ; ഓരോ വർഷങ്ങളിലെയും കൺവിക്ഷൻ റേറ്റ് എത്രയാണ് എന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊടകര കുഴൽപ്പണ കവർച്ച കേസ്സിലെ കുറ്റപത്രം**

98 (3125) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കുകയുണ്ടായോ?

കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പ്രത്യേക അന്വേഷണ സംഘം കേസ്സിലെ 22 പ്രതികൾക്കെതിരെ ബഹു. ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് .

(ബി) കവർച്ച ചെയ്യപ്പെട്ട പണം ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാനാദ്ധ്യക്ഷൻ നിർദ്ദേശിച്ചതുപ്രകാരം തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നതിനായി കൊണ്ടുവന്ന കുഴൽപ്പണമാണെന്ന് കുറ്റപത്രത്തിൽ പറഞ്ഞിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നതിന് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ അറിവോടെയും പാർട്ടിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എം.ഗണേഷ്, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസ്സിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടുപോയിരുന്നത് എന്ന് കുറ്റപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും സമാനരീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നുവരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഒരു രാഷ്ട്രീയ പാർട്ടിക്കുവേണ്ടി കുഴൽപ്പണമെത്തിയത് തടയുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല.

## കേരള പോലീസ് ആക്ടിലെ 120(O) വകുപ്പ് പ്രകാരമുള്ള കേസുകൾ

99 (3126) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കേരള പോലീസ് ആക്ടിലെ 120(O) വകുപ്പ് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് വർഷം, ജില്ല എന്നിവ തിരിച്ച് നൽകാമോ?

കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഐ.ടി. ആക്ടിലെ 66A വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

100 (3127) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഐ.ടി. ആക്ടിലെ 66A വകുപ്പ് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം വർഷം, ജില്ല എന്നിവ തിരിച്ചു നൽകാമോ?

ഐ.ടി. ആക്ടിലെ 66 എ വകുപ്പ് റദ്ദ് ചെയ്തുകൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് കുറവ് ചെയ്യപ്പെടുകയോ റഫർ ചെയ്യുകയോ ചെയ്തതിനാൽ അപ്രകാരമുള്ള കേസ്സുകൾ നിലവിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ.-മാർ

101 (3128) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങളുമായി ബന്ധപ്പെടുന്നതിന് പി.ആർ.ഒ.-മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ഇതിനായി നിയമിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി.പി.ഒ./അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് പി.ആർ.ഒ. ആയി നിയമിക്കുന്നത്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളുമായി ബന്ധപ്പെടുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ നിലവിലുണ്ടോ; എങ്കിൽ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പോലീസ് ആസ്ഥാനത്തെ 1-11-2016-ലെ 23/16(C3-187299/2016/PHQ) സർക്കുലർ നമ്പർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി വെയ്ക്കുന്നു).*

## സൈബർ പോലീസ് സ്റ്റേഷൻ

102 (3129) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സൈബർ പോലീസ് സ്റ്റേഷനുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 19 സൈബർ പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്.

(ബി) എല്ലാ പോലീസ് സബ് ഡിവിഷനുകളിലും സൈബർ ക്രൈം വിഭാഗം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

സബ് ഡിവിഷൻ അടിസ്ഥാനത്തിൽ സൈബർ ക്രൈം വിഭാഗം ആരംഭിക്കുന്നത് പരിഗണനയിലില്ല.

(സി) സൈബർ കേസ്സുകളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ?

സൈബർ കേസ്സുകളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

103 (3130) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) ബാലുശ്ശേരി പോലീസ് സ്റ്റേഷൻ വിഭജിച്ച് നടുവണ്ണൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

നടുവണ്ണൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

## മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

104 (3131) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ റവന്യൂ ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടറുടെ 3-11-2020-ലെ DCKSGD/5173/2018/C2 നമ്പർ നടപടിക്രമം പ്രകാരം കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജ് റീസർവ്വേ നമ്പർ 107/1A-ൽ 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ കേസ്സുകൾ

105 (3132) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ ഏതൊക്കെ വില്ലേജുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ വില്ലേജുകൾ

1) ഹൊസബട്ടു, 2) ബങ്കര മഞ്ചേശ്വരം, 3) കുഞ്ചത്തൂർ, 4) ഉദ്യാവാർ, 5) ബഡാജെ, 6) പാവൂർ, 7) കടമ്പാർ, 8) കളിയൂർ, 9) കോളിയൂർ, 10) വോർക്കാടി, 11) കൊഡലമൊഗറു, 12) പാത്തൂർ, 13) മജീബയൽ, 14) മൂടംബയൽ, 15) തലക്കള, 16) ഉപ്പള, 17) മുളിഞ്ച, 18) കോടിബയൽ, 19) കുളൂർ, 20) ബേക്കൂർ, 21)മീഞ്ച, 22) പൈവളിഗ, 23) ചിപ്പാർ, 24) ബായാർ.

കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിലെ വില്ലേജുകൾ- 1) ഷിറിയ, 2) ഇച്ഛിലംകോട്, 3)ഹേരൂർ, 4) ബംബ്രാണ, 5) ഉജ്ജാർ ഉളുവാർ, 6) കിദൂർ, 7) ആരിക്കാടി, 8) കൊയിപ്പാടി, 9) എടനാട്, 10) പുത്തിഗെ, 11) അംഗടിമുഗർ, 12) കണ്ണൂർ, 13) മൊഗ്രാൽ, 14) ഇച്ഛിലംപാടി, 15) മംഗൽപാടി, 16) കബന്നൂർ, 17) കൈയ്യാർ, 18) കടാൽമെർക്കള.

(ബി) കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ ജനസംഖ്യ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2011 വർഷത്തെ സെൻസസ് പ്രകാരം മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ 15,10,321 (പതിനഞ്ച് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന്)-ഉം കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽ 92,403 (തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റിമൂന്ന്)-ഉം ആണ് ജനസംഖ്യ.

(സി) പ്രസ്തുത സ്റ്റേഷനുകളിൽ 2020 ജനുവരി മുതൽ 23-7-2021 വരെയായി എത്ര എഫ്.ഐ.ആർ. അഥവാ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; മേൽകാലയളവിൽ പ്രസ്തുത സ്റ്റേഷനുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ കേസ്സെടുക്കാതെ ഒത്തുതീർപ്പാക്കിയ പരാതികൾ ഉണ്ടോ; എങ്കിൽ അവ എത്രയെന്ന് സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷനമായി ബന്ധപ്പെട്ട് പ്രസ്തുത സ്റ്റേഷനുകളിൽ 1-1-2020 മുതൽ 23-7-2021 വരെ എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ 4988 അപേക്ഷകളുടെയും കുമ്പള പോലീസ് സ്റ്റേഷനിൽ 4188 അപേക്ഷകളുടെയും ഫയലുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ഇ) കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷനുകളുടെ പരിധി വളരെ വലുതായതിനാൽ ക്രമസമാധാനപാലനത്തിനും ലഹരി ഗുണ്ടാമാഫിയകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനും രാത്രികാല പട്രോളിംഗിനും പോലീസുദ്യോഗസ്ഥർക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസുകാർക്ക് സ്റ്റേഷൻ പരിധിയിലെ പ്രദേശങ്ങളിലേയ്ക്ക് വേഗത്തിൽ എത്തിപ്പെടുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ടോ എന്ന് വ്യക്തമാക്കുമോ?

യാത്രാ ബുദ്ധിമുട്ടുകളുണ്ടെങ്കിലും പ്രദേശത്തെ ക്രമസമാധാന പരിപാലനത്തിന് തൃപ്തികരമായ എണ്ണം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം നിലവിൽ ലഭ്യമാണ്.

(എഫ്) ഒരു പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ സ്റ്റേഷൻ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജനസംഖ്യ, ഭൂമിശാസ്ത്രപരമായ വിസ്തൃതി, കുറ്റകൃത്യങ്ങളുടെ സ്വഭാവം, എണ്ണം, പോലീസ് സ്റ്റേഷന്റെ ആവശ്യകത തുടങ്ങിയവ പരിശോധിച്ചാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(ജി) മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തി ഉപ്പളയിലോ പൈവളിഗെയിലോ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തി അഥവാ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## പയ്യന്നൂർ ഡിവൈ.എസ്.പി. ഓഫീസിനും പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം

106 (3133) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഡിവൈ.എസ്.പി. ഓഫീസ്, ട്രാഫിക് കൺട്രോൾ റൂം, പോലീസ് സ്റ്റേഷൻ എന്നിവ ഒറ്റ കോമ്പൗണ്ടിൽ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ഡി.വൈ.എസ്.പി. ഓഫീസിനും പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## മിത്രം സ്മാർട്ട് കിയോസ്ക്

107 (3134) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് മിത്രം സ്മാർട്ട് കിയോസ്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്മാർട്ട് കിയോസ്കുകളിലൂടെ എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നത്; വ്യക്തമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. മിത്രം സ്മാർട്ട് കിയോസ്കുകൾ വഴി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് പോകാതെ കിയോസ്കിലൂടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ആവശ്യമെങ്കിൽ പോലീസ് ഉദ്യോഗസ്ഥരുമായി വീഡിയോ/ ആഡിയോ കോൺഫറൻസിംഗിലൂടെ ആശയവിനിമയം നടത്തി പരാതി നൽകാനും സാധിക്കുന്നതാണ്.

(സി) ഇവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളുടെ പ്രവർത്തന പുരോഗതി പരിശോധിച്ച് വിലയിരുത്തിയതിനുശേഷം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) പോലീസ് സ്റ്റേഷനുകളുമായും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുമായും പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിനായി കൂടുതൽ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും സംസ്ഥാനത്ത് എവിടെ നിന്നും പരാതി സമർപ്പിക്കുന്നതിന് 'അപരാജിത ഓൺലൈൻ' പോർട്ടൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സൗജന്യഭക്ഷ്യ കിറ്റിനുള്ള തുണിസഞ്ചി വാങ്ങിയതിൽ അന്വേഷണം**

108 (3135) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൗജന്യ ഭക്ഷ്യകിറ്റിനുള്ള ഒന്നര ലക്ഷം തുണിസഞ്ചി പർച്ചേസ് ഓർഡർ ഇല്ലാതെയും മറ്റൊരു സംസ്ഥാനത്തെ രേഖകൾ ചമച്ചും സിവിൽ സപ്ലൈസ് ഡിപ്പോയിൽ എത്തിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1788/21 U/s 511, 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും സംഭവത്തിന് ആധാരമായ delivery note വ്യാജമാണോ എന്നും പ്രസ്തുത delivery note-ൽ പാരമർശിക്കുന്ന വാഹന നമ്പർ കേന്ദ്രീകരിച്ചും അന്വേഷണം നടത്തിവരുന്നു.

(സി) ഇതിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളതെന്നും ഏത് സ്ഥാപനത്തിന്റെ പേരിലാണ് തട്ടിപ്പ് നടത്തിയതെന്നും വിശദമാക്കാമോ?

കേസ്സിൽ പ്രതികളെ കണ്ടെത്തിയിട്ടില്ല. Kerala Educational and Employment Society എന്ന സ്ഥാപനത്തിന്റെ പേരിലാണ് തട്ടിപ്പ് നടത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് പോലീസിന് ലഭിച്ചിരുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഒരു പരാതി മാത്രമാണ് പോലീസിന് ലഭിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1788/21 രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**മലമ്പുഴ മണ്ഡലത്തിലെ പദ്ധതികൾ**

109 (3136) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലാ ജയിലിന്റെ പ്രവൃത്തികൾക്കായി 2016-17-ൽ 3.07 കോടി രൂപ വകയിരുത്തി ജയിലിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി 9-7-2019-ൽ ജയിൽ ഉദ്ഘാടനം നടത്തി. 35 ലക്ഷം രൂപ വകയിരുത്തി ജില്ലാ ജയിലിൽ CCTV സംവിധാനം സ്ഥാപിച്ചു. പാലക്കാട് ജില്ലാ ജയിലിൽ 13,62,494 രൂപ ചെലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചു. ജയിലിൽ അഗ്നിശമന സംവിധാനം (9,80,000 രൂപ), വാട്ടർ കണക്ഷൻ (2,68,517 രൂപ) EPABX-LAN സംവിധാനം (1,40,000 രൂപ) എന്നിവ സ്ഥാപിച്ചു. ജയിലിലെ ബോർ വെൽ (27,045 രൂപ) ഉപയോഗയോഗ്യമാക്കി. ജയിലിൽ ബുക്ക് ബൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21-ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ 14,00,000 രൂപ വകയിരുത്തി ഇതിനുള്ള യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14,29,023 രൂപ ചെലവിൽ പാലക്കാട് ജില്ലാ ജയിലിലേയ്ക്ക് ഒരു ആംബുലൻസ്, 4,13,000 രൂപ ചെലവിൽ ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ എന്നിവ ലഭ്യമാക്കി. ഇ-പ്രിസൺ ആപ്ലിക്കേഷനും ഇ-ഫയൽ ആപ്ലിക്കേഷനും നടപ്പിലാക്കി. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് രണ്ട് ലക്ഷം രൂപ ചെലവിൽ മലമ്പുഴ-മന്തക്കാട് ജയിൽ റോഡ് നിർമ്മിച്ചു. 1,49,907 രൂപ ചെലവിൽ തൊഴുത്ത് നിർമ്മിച്ചു. മലമ്പുഴ പോലീസ് സ്റ്റേഷനിൽ 2019-20 State Plan Scheme പ്രകാരം അംഗപരിമിതർക്കുള്ള Ramp & Disabled toilet (നാല് ലക്ഷം രൂപ), Women &Child Friendly Space (ആറ് ലക്ഷം രൂപ) എന്നിവ നിർമ്മിച്ചു. മലമ്പുഴ പോലീസ് സ്റ്റേഷൻ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിന് അഞ്ച് ലക്ഷം രൂപയും ചെലവഴിച്ചു. ഹേമാംബികനഗർ പോലീസ് സ്റ്റേഷനിൽ 2017-18 State Plan Scheme പ്രകാരം Reception, Rest Room, Senior Citizen help desk, child friendly room എന്നിവയ്ക്കായി നാല് ലക്ഷം രൂപയും അംഗപരിമിതർക്കുള്ള Ramp & Disabled Toilet നിർമ്മിക്കുന്നതിനായി നാല് ലക്ഷം രൂപയും ചെലവഴിച്ചു. അഗ്നിരക്ഷാസേന വകുപ്പിൽ സിവിൽ ഡിഫൻസ് നടപ്പിലാക്കിയതിന്റെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് അഗ്നിരക്ഷാ നിലയത്തിൽ സിവിൽ ഡിഫൻസ് സംവിധാനം ആരംഭിച്ചു. വാർഷിക പദ്ധതിയിനത്തിലെ ഫണ്ട് ഉപയോഗിച്ച് കഞ്ചിക്കോട് നിലയത്തിൽ വിവിധ അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കി.

## പോലീസ് സേനയിലെ പ്രൊമോഷൻ

110 (3137) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ എത്ര തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് നേരിട്ട് നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ; അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പോലീസ് വകുപ്പിൽ 56 തസ്തികകളിലാണ് ഉദ്യോഗസ്ഥരെ നേരിട്ട് നിയമിക്കുന്നത്. പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സിവിൽ പോലീസ് ഓഫീസർക്കും ഐ.പി.എസ്. ഓഫീസർക്കും മിനിമം എത്ര തലത്തിലുള്ള പ്രൊമോഷൻ ലഭിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

എ.എസ്.പി. ആയി സർവ്വീസിൽ പ്രവേശിക്കുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ഡി.ജി.പി. വരെയുള്ള അഞ്ച് തലത്തിൽ പ്രൊമോഷൻ ലഭിക്കാൻ സാദ്ധ്യതയുണ്ട്. ജില്ലകളിൽ സിവിൽ പോലീസ് ഓഫീസറായി വരുന്നവർക്ക് ഇൻസ്പെക്ടർ വരെ നാലുതലത്തിൽ പ്രൊമോഷൻ ലഭിക്കാൻ സാദ്ധ്യതയുണ്ട്.

(സി) സി.പി.ഒ. ആയി നിയമിതനാകുന്ന ഉദ്യോഗസ്ഥന് എസ്.സി.പി.ഒ., എ.എസ്.ഐ., എസ്.ഐ., സി.ഐ. എന്നീ പ്രൊമോഷനുകൾ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

സീനിയോറിറ്റിയുടെയും യോഗ്യതയുടെയും സർവ്വീസ് ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊമോഷനുകൾ ലഭിക്കാവുന്നതാണ്.

(ഡി) ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് സൂപ്രണ്ട് ഓഫ് പോലീസ് പദവിയിലിരുന്നതിനുശേഷം ഏതെല്ലാം തസ്തികകളിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് പോലീസ് സൂപ്രണ്ട് തസ്തികയിൽ നിന്നും ഡി.ഐ.ജി., ഐ.ജി., എ.ഡി.ജി.പി. എന്നീ റാങ്കുകളിലും ഡി.ജി.പി. റാങ്കിലും പ്രൊമോഷൻ ലഭിക്കാവുന്നതാണ്.

(ഇ) സബ് ഇൻസ്പെക്ടറായി നേരിട്ട് നിയമിതരാകുന്നവരിൽ ഭൂരിഭാഗം പേർക്കും ഒറ്റ പ്രൊമോഷനിൽ, അതായത് സി.ഐ. ആയി റിട്ടയർ ചെയ്യേണ്ട സാഹചര്യമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എസ്.ഐ. ആയി നിയമിതരാകുന്നവർക്ക് സമയബന്ധിതമായി റെഗുലർ പ്രൊമോഷനോ അല്ലെങ്കിൽ ഗ്രേഡ് പ്രൊമോഷനോ നൽകാനുള്ള നടപടി സ്വീകരിക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എഫ്) നേരിട്ട് നിയമിതരാകുന്ന എസ്.ഐ. മാർക്ക് ഇപ്പോൾ എട്ടാം വർഷത്തിലും പതിനഞ്ചാം വർഷത്തിലുമാണ് ഗ്രേഡ് ലഭിക്കുന്നതെന്നും അതിനുശേഷം മൂന്നാമത്തെയും നാലാമത്തെയും ഗ്രേഡുകൾ ലഭിക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എസ്.ഐ. ആയി നേരിട്ട് നിയമിതരാകുന്ന ഉദ്യോഗസ്ഥർക്ക് നിശ്ചിത വർഷങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നാമത്തെയും നാലാമത്തെയും ഗ്രേഡുകൾ നൽകുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സീനിയോറിറ്റിയുടെയും യോഗ്യതയുടെയും സർവ്വീസ് ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ട് പദവി വരെ പ്രൊമോഷൻ ലഭിക്കാവുന്നതാണ്. സബ് ഇൻസ്പെക്ടർ തസ്തികയിൽ എട്ടാം വർഷത്തിലും പതിനഞ്ചാം വർഷത്തിലും ഹയർ ഗ്രേഡുകളും കൂടാതെ ഇൻസ്പെക്ടർ തസ്തികയിലെ 25 ശതമാനം പേർക്കും ഡിവൈ.എസ്.പി. തസ്തികയിലെ 25 ശതമാനം പേർക്കും റേഷ്യോ പ്രൊമോഷനും നൽകുന്നുണ്ട്.

**വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്**

111 (3138) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 653/2017 ആയി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി എത്രപേരെക്കൂടി നിയമിക്കാൻ സാദ്ധ്യതയുണ്ടെന്നറിയിക്കാമോ?

കാറ്റഗറി നമ്പർ 653/2017 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ 796 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ 34 എണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റിന് മാത്രമായുള്ളതാണ്. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പോലീസിലെ വനിതാ പ്രാതിനിധ്യം 15% ഉയർത്തുന്നതിനായി ഈ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

പോലീസിലെ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി 15% ആയി ഉയർത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## ആഭ്യന്തര വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ ജോലിഭാരം

112 (3139) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര വകുപ്പിൻകീഴിലുള്ള ജില്ലാ ഓഫീസുകളിലെ ഫെയർകോപ്പി വിഭാഗത്തിൽ ജോലിചെയ്യുന്ന ടൈപ്പിസ്റ്റുമാരെ നിലവിലുള്ള ജോലിക്ക് പുറമെ ക്ലെറിക്കൽ വിഭാഗങ്ങളുടെ ചുമതലകൂടി നൽകുന്നതിനാൽ ഇവരുടെ ജോലിഭാരം വർദ്ധിക്കുന്നതായ നിലവിലെ ആക്ഷേപം പരിശോധിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പോലീസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി iAPS നടപ്പിലാക്കിയ സാഹചര്യത്തിൽ ടി തസ്തികയിലെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി എ.ഡി.ജി.പി-യുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2 ടൈപ്പിസ്റ്റ് തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

## പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി

113 (3140) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ വനിതാ പ്രാതിനിധ്യം 15% വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോവിഡ്, ഇലക്ഷൻ എന്നീ കാരണങ്ങളാൽ നിയമനം, പ്രൊമോഷൻ എന്നിവ യഥാസമയം നടക്കാത്തതിനാൽ, കാറ്റഗറി നമ്പർ 653/2017 വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ?

നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ബറ്റാലിയനുകളിൽനിന്നും എ.ആർ. ക്യാമ്പുകളിലേയ്ക്ക് 100-ൽ അധികം പേരെ മാറ്റി നിയമിക്കപ്പെട്ടതുവഴി വന്ന ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവയിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂറായി കണക്കാക്കി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ജനമൈത്രി സുരക്ഷാ പ്രോജക്ടിലേയ്ക്ക് 200 പേരെ പുതിയതായി നിയമിക്കുന്നതിലൂടെ വരുന്ന ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ അംഗബലത്തിലും അധിക തസ്തികകൾ സൃഷ്ടിച്ച് ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

**മരംകൊള്ള കേസ്സുകൾ**

114 (3141) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരംകൊള്ള കേസ്സുകൾ പൂർണ്ണമായും ഒത്തു തീർപ്പാക്കാൻ തീരുമാനമായെന്ന വാർത്ത ശരിയാണോയെന്ന് വ്യക്തമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരംമുറിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നുവെന്നും ആരൊക്കെയായിരുന്നു പ്രതികൾ എന്നും വ്യക്തമാക്കാമോ?

ക്രൈംബ്രാഞ്ച് ഒരു കേസ്സും വിവിധ പോലീസ് സ്റ്റേഷനുകളിൽ 13 കേസ്സുകളും വനം വകുപ്പിൽ 570 ഒ.ആർ (Occurrence Report)-കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ടവർ, ഭൂവുടമകൾ, മരംമുറിയുമായി ബന്ധപ്പെട്ട കച്ചവടക്കാർ എന്നിവർക്കെതിരെയാണ് പ്രധാനമായും കേസ്സെടുത്തിട്ടുള്ളത്.

(സി) മരംകൊള്ളയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളതെന്നും പ്രസ്തുത തുക ആരിൽ നിന്ന് ഈടാക്കുമെന്നും വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് കേസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. എൻ. ടി. സാജനെ സസ്പെൻഡ് ചെയ്യണമെന്ന വനം മേധാവിയുടെ ശിപാർശ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഇ) ശ്രീ. എൻ. ടി. സാജനെതിരെയുള്ള കുറ്റം എന്താണെന്നും ഇദ്ദേഹത്തിന്റെ ക്രമവിരുദ്ധ നടപടികൾ മുൻപ് എപ്പൊഴെങ്കിലും വിജിലൻസ് കണ്ടെത്തിയിരുന്നോ എന്നും വ്യക്തമാക്കാമോ; എങ്കിൽ ഏത് ജില്ലയിൽ ജോലി ചെയ്യുമ്പോഴായിരുന്നു വിജിലൻസിന്റെ കണ്ടെത്തലെന്ന് അറിയിക്കാമോ?

ശ്രീ. എൻ. ടി. സാജൻ, കോഴിക്കോട് ജില്ലയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിമ്പർ സെയിൽസ്) ആയി ജോലി നോക്കിയിരുന്ന കാലയളവിൽ ടിയാനെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് V.C.5/2015-ാം നമ്പർ കേസ്സിൽ Further Action Dropped ആയി സമർപ്പിച്ച അന്തിമ റിപ്പോർട്ട് ബഹു. കോടതി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

## നിലമ്പൂരിലെ മജിസ്ട്രേറ്റ് കോടതി നിർമ്മാണം

115 (3142) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് കോടതിയായി ഉയർത്തിയത് എന്നാണെന്ന് അറിയിക്കാമോ; മുൻസിഫ് കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) മുൻസിഫ് കോടതി അനുവദിച്ച് ഉത്തരവായി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിലമ്പൂർ താലൂക്കിൽ നിന്നുള്ള സിവിൽ കേസ്സുകൾ ഇപ്പോൾ ഏത് കോടതിയാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി സർക്കാർ പരിവർത്തനം ചെയ്തത് 2013-ലാണ്. നിലവിൽ മഞ്ചേരി മുൻസിഫ് കോടതിയിലാണ് നിലമ്പൂർ താലൂക്കിലെ സിവിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നത്.

(സി) മുൻസിഫ് കോടതി സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടായിട്ടും എസ്റ്റിമേറ്റോ വിശദമായ പദ്ധതി രേഖയോ (ഡി.പി.ആർ.) ഇതുവരെയും തയ്യാറാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി ഏത് സർക്കാർ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും ഡി.പി.ആർ-ഉം തയ്യാറാക്കി തരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 2020-21, 2021-22 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികളിൽ നിലമ്പൂരിൽ കോടതി സമുച്ചയം എന്ന പ്രവൃത്തിക്ക് ഹെഡിൽ 100 രൂപ ടോക്കൺ അനുവദിച്ചിരുന്നോ; കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഏത് വകുപ്പാണ് ഭരണാനുമതി ലഭ്യമാക്കേണ്ടതെന്നും അറിയിക്കാമോ?

2020-21, 2021-22 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ 100 രൂപ ടോക്കൺ അനുവദിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പാണ് നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത്.

**മാവേലിക്കര കുടുംബകോടതിക്കായി കോർട്ട് കോംപ്ലക്സ്**

116 (3143) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ കോടതി നില്ക്കുന്ന പ്രദേശത്ത് മാവേലിക്കര കുടുംബകോടതിക്കായി പുതിയ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര കോർട്ട് കോംപ്ലക്സിൽ ഫാമിലി കോടതിയും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും ആരംഭിക്കുന്നതിന് ഭരണാനുമതിയ്ക്കായി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച 12,97,99,200 രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**കൊല്ലം കോടതി സമുച്ചയം നിർമ്മാണം**

117 (3144) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോടതിസമുച്ചയ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാഥമിക ഘട്ടത്തിന് തുക അനുവദിച്ച സാഹചര്യത്തിൽ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; ആദ്യഘട്ട നിർമ്മാണത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

27-5-2021-ലെ സ.ഉ.(സാധാ) നമ്പർ 1496/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം കൊല്ലം കോടതി സമുച്ചയത്തിന്റെ പ്രാഥമിക ഘട്ടത്തിന്റെ നിർമാണത്തിന് (2 നില) 10 കോടി രൂപ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രാഥമികഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള 2 നിലകളിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-1 കോടതിയും അഡ്വക്കേറ്റ് ക്ലർക്ക് റൂം, ലേഡി അഡ്വക്കേറ്റ് റൂം, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി എന്നീ ഓഫീസുകളും ഡൈനിംഗ് റൂമുകൾ, ക്യാന്റിൻ, സെക്യൂരിറ്റി റൂം, പാർക്കിംഗ്, ടോയ്‌ലെറ്റുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു.

**മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി**

118 (3145) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 61-ാമതായിട്ടാണ് കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാധാന്യമനുസരിച്ച് മുൻഗണനാലിസ്റ്റിൽ നിന്ന് കോടതികൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

(ബി) ഇതിനായി മഞ്ചേശ്വരം ഹൊസബെട്ടു വില്ലേജിലെ ഭൂമി റവന്യൂ വകുപ്പിൽനിന്നും നീതിന്യായ വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ വർഷം മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തനമാരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. കാസർകോഡ് ജില്ലാ ജഡ്ജി 27-7-2019-ലെ കത്ത് പ്രകാരം കാസർകോഡ് ജില്ലാ കളക്ടറോട് മഞ്ചേശ്വരം താലൂക്കിലെ ഹൊസബട്ടു വില്ലേജിലെ റീ സർവ്വെ നമ്പർ 105/1 ആയിട്ടുള്ള 75 സെന്റ് സ്ഥലം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിനായി കൈമാറ്റം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാലിസ്റ്റ് പ്രകാരം കോടതി സ്ഥാപിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്.

## പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി

119 (3146) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബഹു. ഹൈക്കോടതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി, സർക്കാർ നടപടി സ്വീകരിക്കാത്തതുകാരണം പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 47-ാമതായിട്ടാണ് തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. കോടതിയുടെ ശിപാർശ പ്രകാരമാണ് പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ നിന്നും കോടതികൾ അനുവദിക്കുന്നത്.

## കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ

120 (3147) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോടതികളിൽ എത്ര ക്രിമിനൽ കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേരളാ ഹൈക്കോടതിയിൽ 30-4-2021 വരെ 46356 ക്രിമിനൽ കേസ്സുകളും മറ്റ് കീഴ് കോടതികളിൽ 30-6-2021 വരെ 1610382 ക്രിമിനൽ കേസ്സുകളും തീർപ്പാകാതെ കിടക്കുന്നുണ്ട്.

(ബി) ശാസ്ത്രീയ പരിശോധന സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസമുണ്ടാകുന്നതിന് ഫോറൻസിക് ലബോറട്ടറികളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതിലെ കാലതാമസം ഒരു കാരണമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. പോക്സോ നിയമത്തിനുകീഴിൽ ഹൈക്കോടതി സംഘടിപ്പിച്ചിട്ടുള്ള കമ്മിറ്റി നിലവിലെ അടിയന്തര സ്ഥിതി പരിഗണിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നകാര്യം പരിശോധിച്ചുവരുന്നു. ഫോറൻസിക് പരിശോധന

ബാക്കിയായിട്ടുള്ളതും എന്നാൽ തീർപ്പാക്കിയതുമായ കേസ്സുകൾ സംബന്ധിച്ച വിവരം ഫോറൻസിക് സയൻസ് ലബോറട്ടറിയെ അതതുസമയം അറിയിക്കാൻ ജുഡീഷ്യൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതുവഴി ആവശ്യമല്ലാത്ത രാസപരിശോധനകൾ ഒഴിവാക്കാൻ കഴിയുമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഓഫീസർമാരോട് അധികസമയം ജോലി ചെയ്ത് കേസ്സുകൾ പരമാവധി കുറയ്ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. കൂടാതെ സൈബർ കേസ്സുകൾ വേഗത്തിൽ പരിശോധിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇപ്പോൾ എട്ട് സയന്റിഫിക് ഓഫീസർമാർക്ക് ഇതിനു വേണ്ട ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ഓഗസ്റ്റ് അവസാനത്തോടെ ഇവരെ കേസ്സുകൾ പരിശോധിക്കാൻ നിയമിക്കാമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. 20-7-2018-ലെ സ.ഉ.(കൈ) നമ്പർ 120/2018/ആഭ്യന്തരം പ്രകാരം ഫോറൻസിക് ലബോറട്ടറിയിൽ 50 സയന്റിഫിക് ഓഫീസർമാരുടെയും 6 അസിസ്റ്റന്റ് ഡയറക്ടർമാരുടേയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ ഒഴിവുള്ള എല്ലാ തസ്തികകളിലും സയന്റിഫിക് ഓഫീസർമാരുടെ നിയമനം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഉറപ്പുനൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

## പൗരത്വ നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരത്തിന് എടുത്ത കേസ്സുകൾ

121 (3148) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന സമരവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എടുത്തുവെന്നും അതിൽ എത്ര കേസ്സുകൾ പിൻവലിച്ചുവെന്നും ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പൗരത്വ നിയമത്തിനെതിരെ നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ശബരിമല സ്ത്രീ പ്രവേശനത്തിനുള്ള സുപ്രീം കോടതി വിധിയേയും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെയും തുടർന്ന് സംസ്ഥാനത്ത് നടന്ന വിവിധ സംഭവങ്ങളിൽ ഗുരുതര ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസ്സുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം പൗരത്വനിയമവിരുദ്ധ സമരവുമായി ബന്ധപ്പെട്ട് ഇതുവരെ രണ്ട് കേസ്സുകൾ പിൻവലിക്കപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സൈബർ കുറ്റകൃത്യങ്ങൾ

122 (3149) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വ്യക്തമായ നിയമങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അറിവ് ലഭിച്ചാൽ Indian Penal Code, Information Technology Act 2000, Kerala Police Act എന്നീ നിയമങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി മാത്രം പ്രത്യേക നിയമനിർമ്മാണം നടത്തുന്നത് സർക്കാർ പരിഗണിക്കുമോ?

വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണങ്ങളോ ചട്ടങ്ങളോ ആവശ്യമുള്ളപക്ഷം ആയത് രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്.

## കുളത്തുപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി

123 (3150) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സാങ്കേതികമായി തടസ്സം ഉണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-സി) കൊല്ലം ജില്ലയിലെ പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

124 (3151) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപ അനുവദിച്ചത് അനുസരിച്ച് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ?

മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ചിരുന്ന 3 കോടി രൂപയുടെ ഡി.പി.ആർ-ന് 25-2-2021 ലെ സ.ഉ. (സാധാ)നമ്പർ 608/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ചിരുന്ന 3 കോടി രൂപയുടെ ഡി.പി.ആർ-ന് 25-2-2021 ലെ സ.ഉ. (സാധാ)നമ്പർ 608/2021/ ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

മഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ചുള്ള വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മഞ്ചേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പുമേധാവി കത്ത് നൽകിയിട്ടുണ്ട്.

### നേര്യമംഗലത്ത് പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

125 (3152) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് വേണ്ടിയുള്ള മുൻഗണനാ പട്ടികയിൽ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവി സാദ്ധ്യതാറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന നേര്യമംഗലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും പ്രസ്തുത സ്ഥലം മറ്റ് ഫയർസ്റ്റേഷനുകളിൽ നിന്നും വളരെ ദൂരത്താണെന്ന വസ്തുതയും പരിഗണിച്ച് നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ-സി) 18-2-2021-ലെ സ.ഉ.(കൈ) 51/2021/ ആഭ്യന്തരം പ്രകാരം നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

126 (3153) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന് മൂന്ന് കോടി രൂപ അനുവദിക്കുകയും ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്ന പ്രവൃത്തിയുടെ ഭരണാനുമതി ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

25-2-2021-ലെ സ.ഉ. (സാധാ)നമ്പർ 608/2021/ ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ചുള്ള വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മഞ്ചേരി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

**തൊടുപുഴ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

127 (3154) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൊടുപുഴ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോ?

തൊടുപുഴ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കരുവാരക്കുണ്ട് ഫയർ&റെസ്ക്യൂ സ്റ്റേഷൻ

128 (3155) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ടിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ടിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ തുടങ്ങുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കോഴിച്ചെനയിൽ ടൂറിസം പ്രോജക്ട്, ഫയർ സ്റ്റേഷൻ എന്നിവയ്ക്ക് ഭൂമി

129 (3156) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെനയിൽ ദേശീയപാതയുടെ ഭൂമിയിൽ നിന്ന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തെന്നല വില്ലേജിൽ കോഴിച്ചെന എന്ന സ്ഥലത്ത് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 7.47 ഏക്കർ ഭൂമിയിൽ ഒരു ഏക്കർ ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത സ്ഥലം ദേശീയപാത അതോറിറ്റിയുടെ കൈവശമാണെന്ന മറുപടിയാണ് ലഭിച്ചത്. സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചാൽ മാത്രമേ ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## തൊഴിലെടുക്കുന്ന തടവുകാർക്ക് ലഭിക്കുന്ന വേതനം

130 (3157) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തൊഴിലെടുക്കുന്ന തടവുകാർക്ക് നിലവിൽ ലഭിക്കുന്ന വേതനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

17-5-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 87/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ വേതനം 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തടവുകാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ ശമ്പളക്കുടിശ്ശിക**

131 (3158) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജയിൽ വകുപ്പിലെ ചപ്പാത്തി കഫറ്റീരിയ യൂണിറ്റുകളിൽ ജോലിചെയ്യുന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്ക് 1-4-2016 മുതൽ ശമ്പളക്കുടിശ്ശിക അനുവദിക്കണമെന്ന് നിർദ്ദേശിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജയിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന ഫുഡ് യൂണിറ്റിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് 2017-ൽ പ്രതിദിനം വേതനം 700 രൂപയായി സർക്കാർ ഉയർത്തി നൽകുകയുണ്ടായി. ജയിൽ വകുപ്പിൽ പ്രവർത്തിക്കുന്ന ഭക്ഷ്യയൂണിറ്റിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് ഇവർക്ക് വേതനം നൽകിയിരുന്നത്. എന്നാൽ 2016 മുതൽ മുൻകാല പ്രാബല്യത്തിൽ വേതന കുടിശ്ശിക അനുവദിക്കണമെന്ന് OP (KAT) 443/2020, OP (KAT) 444/2020 എന്നീ കേസ്സുകളിൽ <u>ബഹു</u>.ഹൈക്കോടതി ഉത്തരവായതിനെ തുടർന്ന് ഒ.എ. 45/2020 നമ്പർ കേസ്സിലെ അപേക്ഷകരായ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചപ്പാത്തി യൂണിറ്റിലെ 8 ദിവസ വേതന താൽക്കാലിക ജീവനക്കാർക്ക് ശമ്പള കുടിശ്ശിക (1-4-2016 മുതൽ 28-2-2017 വരെ) 2-8-2021-ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

**ജീവപര്യന്തം തടവുകാരുടെ വിവരങ്ങൾ**

132 (3159) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ എത്രയെന്നും ഇതിൽ എത്ര പേർ കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്നുവെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ 1861 ആണ്. ഇവരിൽ 461 പേരെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പാർപ്പിച്ചിരിക്കുന്നു.

(ബി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട തടവുകാർ എത്രയെന്നും അവർ ഇപ്പോൾ ഏതെല്ലാം ജയിലുകളിലാണ് കഴിയുന്നതെന്നും ഇതിൽ ജാമ്യം ലഭിച്ചവരുടെയും പരോൾ അനുവദിച്ചവരുടെയും വിവരങ്ങളും അറിയിക്കാമോ?

ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 11 തടവുകാരാണ് ഉള്ളത്. ഇവരിൽ സി. നമ്പർ 1608 അനൂപ്, സി. നമ്പർ 1609 മനോജ് കുമാർ @ കിർമ്മാണി മനോജ്, സി. നമ്പർ 5588 സുനിൽകുമാർ @ കൊടി സുനി എന്നീ തടവുകാരെ വിയ്യൂർ സെൻട്രൽ ജയിലിലും സി. നമ്പർ 2490 കെ.സി. രാമചന്ദ്രൻ, സി. നമ്പർ 705/17 ടി.കെ. രജീഷ്, സി. നമ്പർ 56/18 മനോജൻ, സി. നമ്പർ 34/21 സിജിത്ത്, സി. നമ്പർ 63/21 മുഹമ്മദ് ഷാഫി, സി. നമ്പർ 123/21 ഷിനോജ് എന്നീ തടവുകാരെ കണ്ണൂർ സെൻട്രൽ ജയിലിലും, സി. നമ്പർ 9330 റഫീഖ് എന്ന തടവുകാരനെ തിരുവനന്തപുരം സെൻട്രൽ ജയിലിലുമാണ് നിലവിൽ പാർപ്പിച്ചിരിക്കുന്നത്. സി. നമ്പർ 3753 കുഞ്ഞനന്തൻ s/o കണ്ണൻനായർക്ക് ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യമനുവദിച്ചിരുന്നു. ഇദ്ദേഹം പിന്നീട് മരണപ്പെട്ടു. ടി.പി. കേസ്സിലെ പ്രതികളെല്ലാം തന്നെ ജയിൽ ചട്ടപ്രകാരമുള്ള സാധാരണാവധിക്ക് അർഹത നേടിയവരാണ്.

(സി) ഇതിൽ എത്രപേർ നിലവിൽ പരോളിൽ കഴിയുന്നുണ്ടെന്നും ഇവരുടെ പരോൾ കാലാവധി എത്രയെന്നും ഒന്നിൽ കൂടുതൽ പരോൾ ലഭിച്ചവരുണ്ടെങ്കിൽ അവരുടെ വിവരങ്ങളും ലഭ്യമാക്കാമോ?

ടി.പി. കേസ്സിലെ പ്രതികൾക്ക് നാളിതുവരെ അനുവദിച്ച അവധിയെ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളും സ്വർണ്ണക്കടത്ത് സംഘങ്ങളും ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുതടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾ ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വർണ്ണക്കടത്ത് സംഘങ്ങളും മറ്റും നടത്തുന്ന തട്ടിക്കൊണ്ടുപോകൽ, കവർച്ച, പിടിച്ചുപറി, അമിത വേഗതയിലുള്ള അശ്രദ്ധമായ ഡ്രൈവിംഗ്മൂലമുണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയ സംഭവങ്ങൾ ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതാണ്. സ്വർണ്ണക്കടത്ത് സംഘങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന തട്ടികൊണ്ടുപോകൽ, കവർച്ച, പിടിച്ചുപറി തുടങ്ങിയ കേസ്സുകൾ സംസ്ഥാന പോലീസ് അന്വേഷിക്കുകയും ക്വട്ടേഷൻ സംഘങ്ങളേയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മറ്റു സംഘടിത കുറ്റവാളികളേയും അമർച്ച ചെയ്യുന്നതിന് KAAPA Act ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) പരോൾ ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 പ്രകാരം പതിവ് കുറ്റവാളികൾ, ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, ബലാൽസംഗ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, വധശിക്ഷയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാർ, ഗുരുതരമായ ജയിൽ നിയമ ലംഘനങ്ങളിൽപ്പെട്ടവർ, മാനസിക രോഗാവസ്ഥയുള്ളതും പകർച്ചവ്യാധിയുള്ളതുമായ തടവുകാർ, ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇത്തരത്തിലുള്ളവർ ഒഴികെ ഒരു വർഷമോ അതിലധികമോ കാലത്തേയ്ക്ക് ശിക്ഷ അനുഭവിക്കുന്ന സത്സ്വഭാവികളായ തടവുകാർക്ക് ആകെ ശിക്ഷയുടെ മൂന്നിലൊന്നോ രണ്ട് വർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ അനുകൂല പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സാധാരണാവധിക്ക് അർഹതയുണ്ട്. ചട്ടം 399 പ്രകാരം മൂന്ന് വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുകയും മൂന്ന് പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായി ലഭിക്കുകയും ചെയ്യുന്ന തടവുകാർക്ക് ജില്ലാ കളക്ടർ ചെയർമാനും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് കൺവീനറും പോലീസ് കമ്മീഷണർ/സൂപ്രണ്ട് ഓഫ് പോലീസ്, മേഖലാ ജയിൽ ഡി.ഐ.ജി, ചീഫ് വെൽഫെയർ ഓഫീസർ, ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ തുടങ്ങിയവർ അംഗങ്ങളുമായ പുനരവലോകന സമിതി അവധി അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും സർക്കാർ അവധി അനുവദിക്കുകയും ചെയ്യുന്ന തടവുകാർക്ക് സാധാരണാവധിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 469 പ്രകാരം ക്രമസമാധാന പ്രശ്നം ചൂണ്ടിക്കാട്ടി ഒന്നിൽക്കൂടുതൽ പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായി വരുകയും മറ്റെല്ലാത്തരത്തിലും അവധിക്ക് അർഹത നേടുകയും ചെയ്തിട്ടുള്ള തടവുകാർക്ക് ജയിൽ വകുപ്പ് മേധാവി ചെയർമാനും ജില്ലാ കളക്ടർ, ജില്ലാ സെഷൻസ് ജഡ്ജ്, ജില്ലാ പോലീസ് കമ്മീഷണർ/ജില്ലാ പോലീസ് മേധാവി, ജില്ലാ പ്രൊബേഷൻ ഓഫീസർ, സർക്കാർ നിയമിക്കുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ മെമ്പർമാരായും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് മെമ്പർ സെക്രട്ടറിയും ആയിട്ടുള്ള ഉപദേശക സമിതി പരോൾ അവധി അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും സർക്കാർ അവധി അനുവദിക്കുകയും ചെയ്യുന്ന തടവുകാർക്ക് സാധാരണാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. 10 ദിവസത്തിൽ കൂടുതൽ അടിയന്തരാവധിയിൽ പുറത്തുനിന്ന തടവുകാർക്ക് തിരികെ ജയിലിൽ പ്രവേശിച്ച

തീയതി മുതൽ തുടർച്ചയായി 6 മാസം ശിക്ഷ അനുഭവിച്ചാൽ മാത്രമെ അടുത്ത സാധാരണാവധിയ്ക്ക് അർഹത യുണ്ടായിരിക്കുകയുള്ളൂ. ചട്ടം 400 പ്രകാരം പതിവ് കുറ്റവാളികൾ, ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാർ, ഗുരുതരമായ ജയിൽ നിയമലംഘനങ്ങളിൽപ്പെട്ടവർ, മാനസിക രോഗാവസ്ഥയുള്ളതും പകർച്ച വ്യാധിയുള്ളതുമായ തടവുകാർ, ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇത്തരത്തിലുള്ളവർ ഒഴികെ ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, അത്യാസന്ന രോഗാവസ്ഥ, വിവാഹം എന്നിവയ്ക്ക് അനുകൂല പോലീസ് റിപ്പോർട്ടിന്റെയും തടവുകാരൻ താമസിക്കുന്ന വീട് പ്രകൃതിക്ഷോഭംമൂലം ഭാഗികമായോ പൂർണ്ണമായോ നശിച്ചുപോയ കേസ്സുകളിൽ വീടിന്റെ പുനർനിർമ്മാണത്തിന് തഹസീൽദാരുടെ റിപ്പോർട്ടിന്റെയും അനുകൂല പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. 2014-ലെ ജയിൽ ചട്ടം 414 പ്രകാരം സൽസ്വഭാവികളായ തുറന്ന ജയിലിലെ തടവുകാർക്ക് ടിയാന്മാർ തുറന്ന ജയിലിൽ പ്രവേശിക്കപ്പെട്ട തീയതി മുതൽ ഒരു വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തടവുകാരന്റെ കുടുംബ സാഹചര്യത്തെ സംബന്ധിച്ചുള്ള പ്രൊബേഷൻ ഓഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ 15 ദിവസത്തെ ഗാർഹികാവധിക്ക് അർഹതയുണ്ട്. ഗാർഹികാവധി കഴിഞ്ഞ് വരുന്ന തടവുകാരന് ടിയാൻ തിരികെ ജയിലിൽ പ്രവേശിച്ച തീയതി മുതൽ 12 മാസം വരെയുള്ള യഥാർത്ഥ ശിക്ഷയ്ക്കുശേഷം മാത്രമെ അടുത്ത ഗാർഹികാവധിക്ക് അർഹതയുള്ളൂ.

**കോവിഡ് ബാധിച്ച തടവുകാർ**

133 (3160) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ കാലത്ത് കേരളത്തിലെ ജയിലുകളിൽ കഴിയുന്ന എത്ര തടവുകാർക്ക് കോവിഡ് ബാധിച്ചു എന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കോവിഡ് ബാധിച്ച തടവുകാർക്ക് ചികിത്സ നൽകുന്നതിനുവേണ്ടി പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ?

14 ജില്ലകളിലെയും ജയിലുകളിൽ കഴിയുന്ന കോവിഡ് പോസിറ്റീവ് ആയ അന്തേവാസികൾക്ക് അതത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർദ്ദേശപ്രകാരം ചികിത്സ ലഭ്യമാക്കുന്നുണ്ട്. ജയിലുകളിൽ ഇവരെ ചികിത്സിക്കുന്നതിനായി ആവശ്യമായ ആരോഗ്യ പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. കൂടുതൽ ലക്ഷണങ്ങൾ കാണിക്കുന്ന അന്തേവാസികളെ ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും അയച്ച് ആവശ്യമായ ചികിത്സ നൽകിയിട്ടുണ്ട്. ജയിലിൽ അനുവദിച്ച ഭക്ഷണത്തിനു പുറമെ പോഷകാഹാരങ്ങളും നൽകുന്നുണ്ട്.

(സി) പ്രസ്തുത തടവുകാർക്ക് ഇക്കാരണത്താൽ പരോൾ അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത തടവുകാർക്ക് ഇക്കാരണത്താൽ പരോൾ അനുവദിച്ചിട്ടില്ല. ചികിൽസാ സൗകര്യങ്ങൾ ജയിൽ വകുപ്പുതന്നെ നൽകുകയായിരുന്നു.

**മുസ്ലീം ന്യൂനപക്ഷങ്ങളുടെ സാമൂഹ്യനീതി**

134 (3161) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 സർക്കാരിന്റെ ഭരണകാലത്ത് മുസ്ലീം ന്യൂനപക്ഷങ്ങളുടെ സാമൂഹ്യനീതിയും സച്ചാർ കമ്മിറ്റിയും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ?

അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകളും ആയതിന്മേൽ അന്നത്തെയും തുടർന്നുള്ളതുമായ സർക്കാരുകളും സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങളിൽ മാറ്റം വരുത്തുകയോ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

മുസ്ലീം ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നിയമിച്ച സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച പാലോളി കമ്മിറ്റിയുടെ ശിപാർശ പ്രകാരം മുസ്ലീം വിഭാഗത്തിന് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയുണ്ടായി. ഈ ആനുകൂല്യം 100% മുസ്ലീംങ്ങൾക്കാണ്

നൽകിവന്നിരുന്നത്. പിന്നീട് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പിൽ ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തുകയും 80:20 എന്ന അനുപാതത്തിൽ സ്കോളർഷിപ്പുകൾ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. ബഹു. ഹൈക്കോടതിയുടെ WP(C) No 24355/2020-ലുള്ള 28-5-2021-ലെ വിധിന്യായ പ്രകാരം സ്കോളർഷിപ്പുകളിലെ 80:20 അനുപാതം റദ്ദ് ചെയ്യുകയും ജനസംഖ്യാനുപാതികമായി എല്ലാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന കുടിവെള്ള പദ്ധതി**

135 (3162) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതാറിറ്റി മുഖേന പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റുകൾ, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമാണെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രം എന്നിവ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. തുടർന്ന് പദ്ധതി തുക നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നു.

**ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം**

136 (3163) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങളിൽ ഏതിനെങ്കിലും ചട്ടങ്ങൾ രൂപീകരിക്കാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര നിയമങ്ങൾക്ക് ചട്ടങ്ങളാകേണ്ടതുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) നിയമനിർമ്മാണം കഴിഞ്ഞ് ആറ് മാസം കഴിഞ്ഞിട്ടും ചട്ടങ്ങളാകാത്തവ ഉണ്ടോയെന്നും ഏതൊക്കെയാണവയെന്നും വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് ചട്ടങ്ങൾ ഉണ്ടാക്കാൻ വൈകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ചട്ടങ്ങൾ ഉണ്ടാകാത്തതുകൊണ്ട് നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

### കോവിഡ് ബാധിച്ച പോലീസുകാർക്ക് സഹായം

137 (3164) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ എത്ര പോലീസുകാർക്ക് കോവിഡ് -19 ബാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ ഏർപ്പെട്ടിരുന്ന 17648 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് ബാധിച്ചിരുന്നു. ഇവരുടെ ജില്ല/സ്പെഷ്യൽ യൂണിറ്റ് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇവരിൽ രോഗാവസ്ഥ ഗുരുതരമല്ലാതിരുന്നവരുടെ എണ്ണവും എത്ര പേർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സ തേടിയെന്നും സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഇവരിൽ 17431 പേരുടെ രോഗാവസ്ഥ ഗുരുതരമായിരുന്നില്ല. 217 പേർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ നിന്നും ചികിത്സ തേടിയിട്ടുണ്ട്. ഇവർക്ക് കേരള പോലീസ് വെൽഫെയർ ഫണ്ടിൽനിന്നും രോഗാവസ്ഥയുടെ സ്ഥിതി അനുസരിച്ച് സഹായം നൽകി വരുന്നു.

(സി) കോവിഡ് ബാധിച്ച് സംസ്ഥാനത്ത് എത്ര പോലീസുകാർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(സി&ഡി) അറ്റാച്ച് ചെയ്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ അതുല്യമായ സേവനം നടത്തിയ പോലീസുകാർക്ക് എന്തെങ്കിലും പാരിതോഷികമോ ആനുകൂല്യമോ പ്രോത്സാഹന സമ്മാനങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് Good Service Entry, Covid Warrior Pin എന്നിവ നൽകി വരുന്നുണ്ട്.

## റീബിൽഡ് കേരള പദ്ധതി

138 (3165) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എത്ര കോടിയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയവയുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

## തീരദേശ പരിപാലന പ്ലാൻ

139 (3166) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന തീരദേശ പരിപാലന പ്ലാൻ നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രംഗത്തെ വിദഗ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**കൊച്ചി സംയോജിത ജലഗതാഗത പദ്ധതി**

140 (3167) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിക്കുവേണ്ടി കെ.എഫ്.ഡബ്ല്യു-വുമായി ഒപ്പിട്ട വായ്പാകരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിക്കുവേണ്ടി (Kochi Water Metro Project) കെ.എഫ്.ഡബ്ല്യൂ-മായി ഒപ്പിട്ട വായ്പാകരാറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വായ്പാകരാർ തീയതി - 17-6-2016; തുക- 85 മില്യൺ യൂറോ; പിൻവലിക്കൽ കാലാവധി - 16-6-2022 വരെ; പലിശ നിരക്ക് - പ്രതിവർഷം 1.51%; തിരിച്ചടവ് - തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

**ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

141 (3168) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

മങ്കട സി.എച്ച്.സി:

1) പുതിയ ഒ.പി. ബിൽഡിംഗിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം.

2) ഫാർമസിയുടെ കെട്ടിടത്തിന് മുകളിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം

3) വനിതാ വാർഡ് നിർമ്മാണം.

അങ്ങാടിപ്പുറം എഫ്.എച്ച്.സി.:

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം.

മൂർക്കനാട് എഫ്.എച്ച്.സി.

1) ഭിന്നശേഷി തെറാപ്പി സെന്റർ പുതിയ കെട്ടിടം

2) എഫ്.എച്ച്.സി. ആയി നവീകരണം, മോഡിഫിക്കേഷൻ വർക്ക്.

പൂഴക്കാട്ടിരി സി.എച്ച്.സി.

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തി/അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മങ്കട സി.എച്ച്.സി. | കെട്ടിട നിർമ്മാണം 1 കോടി (MLA ഫണ്ട്) വനിതാ വാർഡ് നിർമ്മാണം 21,66,466 രൂപ (Block Panchayath Fund) | 80% വർക്ക് പൂർത്തിയായി പണി പൂർത്തിയായി. |
| 2 | അങ്ങാടിപ്പുറം എഫ്.എച്ച്.സി. | പുതിയ ഒ.പി കെട്ടിടം 25 ലക്ഷം (LSGD Fund) | പണി പൂർത്തിയായി 230.02 ലക്ഷം (എൻ.എച്ച്.എം. ഫണ്ട്) |
| 3 | മൂർക്കനാട് | പുതിയ ഒ.പി. കെട്ടിടം (ഭിന്നശേഷി തെറാപ്പി സെന്റർ 20 ലക്ഷം (ജില്ലാ പഞ്ചായത്ത് ഫണ്ട് എഫ്.എച്ച്.സി. ആയി നവീകരണം 16.07 ലക്ഷം (NHM ഫണ്ട്) മോഡിഫിക്കേഷൻ വർക്ക് 47,000/-(LSGD ഫണ്ട്) | പണി പൂർത്തിയായി<br>പണി പൂർത്തിയായി<br>പണി പൂർത്തിയായി |
| 4 | പുഴക്കാട്ടിരി സി.എച്ച്.സി. | പുതിയ ഒ.പി കെട്ടിടം 25 ലക്ഷം (MLA ഫണ്ട്) | നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 415.09 ലക്ഷം (എൻ.എച്ച്.എം. ഫണ്ട്) |
| 5 | പി.എച്ച്.സി. പാങ്ങ് | | 15 ലക്ഷം നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |
| 6 | പി.എച്ച്.സി. കുട്ടിലങ്ങാടി | | 23.11 ലക്ഷം നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

(സി) മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

26-7-2021-ലെ G.O. (Rt.) No.1555/2021/H&FWD പ്രകാരം ആരോഗ്യ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും 'ഐസൊലേഷൻ വാർഡ്' സ്ഥാപിക്കുന്നതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്. സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു റവന്യൂ ബ്ലോക്കിലെ ഒരു സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്നും മങ്കട റവന്യൂ ബ്ലോക്കിലെ മങ്കട സി.എച്ച്.സി.-യെ 1-8-2021-ലെ സ.ഉ.(സാധാ)നം. 1633/2021/ആ.കു.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

## ഇ-സഞ്ജീവനി പദ്ധതി

142 (3169) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ പൊതുജനങ്ങൾക്കായി ആരംഭിച്ച പദ്ധതിയാണ് ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം. C-DAC മൊഹാലിയാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത്. 2020 ജൂണിൽ ഇ-സഞ്ജീവിനി ടെലി മെഡിസിൻ സേവനങ്ങൾ കേരളത്തിൽ ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകിവരുന്നത്. കൂടാതെ സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശയാണ്. പ്ലാറ്റ്ഫോമിൽ സേവനങ്ങൾ നൽകുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 4177 ഡോക്ടർ ഇ-സഞ്ജീവിനിയിൽ സേവനങ്ങൾ നൽകിവരുന്നു. എന്നാൽ ലോക്ക്ഡൗൺ സമയത്തും കോവിഡ് വ്യാപന സമയത്തും ദിവസേന 2000-ത്തിൽക്കൂടുതൽ പരിശോധനകളാണ് നടന്നത്. 2021 ജൂലൈ 28 വരെ 22010 കൺസൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയാക്കിയത്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ പ്രതിദിനം ശരാശരി 800-1100 ആളുകൾക്ക് ഇ-സഞ്ജീവിനി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നു. 6 മിനിറ്റ് 42 സെക്കന്റ് സമയമാണ് ഒരു പരിശോധനയ്ക്കായി മാത്രം ശരാശരി ചെലവിടുന്നത്. കാത്തിരുപ്പ് സമയം 5 മിനിട്ട് 33 സെക്കന്റായി കുറയ്ക്കാൻ ഇ-സഞ്ജീവനിയിൽ ഒരുക്കിയ പുതിയ സംവിധാനം സഹായിച്ചു. സാങ്കേതികത്തികവുകൊണ്ടും

അതോടൊപ്പം പ്രവർത്തന മികവുകൊണ്ടും ഇ-സഞ്ജീവനിയിൽ വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്. നിലവിൽ ടെലിമെഡിസിൻ വഴിയുള്ള ഇ-പ്രിസ്ക്രിപ്ഷനും ലാബ് അന്വേഷണവും ഒത്തുചേർന്ന് പോകുന്നു. ടെലിമെഡിസിൻ പ്ലാറ്റ്ഫോം വഴി കൺസൾട്ടേഷന് വിധേയരായ രോഗികൾക്ക് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽനിന്ന് മരുന്ന് നേടാം. കൂടാതെ ഇ-കുറിപ്പടി അല്ലെങ്കിൽ ഇ-അഭ്യർത്ഥനയുമായി വരുന്നുണ്ടെങ്കിൽ ലാബ് അന്വേഷണവും നടത്താം. കൂടാതെ, ഡോക്ടർമാരിൽ നിന്നും സ്ഥാപന മേധാവികളിൽനിന്നും സമ്മതം വാങ്ങിയശേഷം, ഓരോ ഷിഫ്റ്റിലും 90-ലധികം ഡോക്ടർമാർക്ക് ഓരോ ദിവസവും ഡ്യൂട്ടി ചുമതലപ്പെടുത്തി. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള ഡോക്ടർമാരും ഇ-സഞ്ജീവനി പ്ലാറ്റ്ഫോം വഴി സേവനം നൽകുന്നു. ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒ.പി.-കൾ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുമുണ്ട്. സൈക്യാട്രി, ശിശുരോഗവിഭാഗം, ഹൃദ്രോഗവിഭാഗം, ഗൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി, ഒ.പി. സേവനങ്ങൾ ഇത്തരത്തിൽ നൽകുന്നുണ്ട്. മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, കൊച്ചിൻ ക്യാൻസർ സെന്റർ, ഇംഹാൻസ് കോഴിക്കോട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിക്സ്, തിരുവനന്തപുരം തുടങ്ങിയ കേരളത്തിലെ പ്രശസ്തങ്ങളായ വിവിധ പൊതുമേഖല ആരോഗ്യ സ്ഥാപനങ്ങൾ ഒ.പി.കൾ ഇ-സഞ്ജീവനി വഴി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. 2021 മേയ് മാസത്തിൽ കോവിഡ് ഒ.പി. 24 മണിക്കൂറായി നീട്ടി.

(ബി) ടെലിമെഡിസിൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

രാജ്യത്തെ ആദ്യത്തെ ദേശീയ ഓൺലൈൻ വ്യക്തിസൗഹൃദ ടെലിമെഡിസിൻ വീഡിയോ കോൺഫറൻസ് സംവിധാനമാണ് ഇ-സഞ്ജീവനി. ഈ ദശകത്തിലെ നിർണ്ണായകവും ശ്രദ്ധിക്കേണ്ടതുമായ ഒന്നാണ് സർക്കാർ നടത്തുന്ന ടെലിമെഡിസിൻ പ്ലാറ്റ്ഫോമായ ഇ-സഞ്ജീവനി. പൊതുജനങ്ങൾക്ക് അവരുടെ വീടുകളിൽനിന്ന് തന്നെ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കുഞ്ഞുങ്ങളിലുണ്ടാകുന്ന വൈകല്യങ്ങളും അതുമായി ബന്ധപ്പെട്ട ചികിത്സയെക്കുറിച്ചും തുടർ ചികിത്സയെക്കുറിച്ചും കൂടാതെ വളർച്ച മുരടിപ്പും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഓൺലൈൻ വഴി പരിഹാരം തേടാൻ കഴിയുന്ന ഡി.ഇ.ഐ.സി. ഒ.പി, കൗമാരക്കാരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും സേവനം തേടാവുന്ന കൗമാര ക്ലിനിക്ക്, സർക്കാർ മേഖലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാർ നേതൃത്വം നൽകുന്ന ഒ.പി.-യിലെ സേവനങ്ങൾ എന്നിവ വളരെയേറെ പ്രയോജനപ്രദമാണ്.

ജില്ലകളിലെ അഡോളസന്റ് ക്ലിനിക്കിലെ കൗൺസിലർമാരും കൂടി ചേർന്നാണ് കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നത്. ഇ-സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ ഫീൽഡ്തല ആരോഗ്യപ്രവർത്തകർ വഴിയും വോളന്റിയർമാർ വഴിയും ജനങ്ങളുടെ ഇടയിൽ കൂടുതൽ പ്രചാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നു. ഇ-സഞ്ജീവനി സേവനങ്ങൾ ഓരോ വ്യക്തിക്കും എങ്ങനെ ലഭ്യമാകുമെന്നും അതോടൊപ്പം അതെങ്ങനെ ഉപയോഗിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ ഭവന സന്ദർശന വേളകളിൽ ആരോഗ്യപ്രവർത്തകർ ഭവനങ്ങളിലെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നൽകുന്നതായിരിക്കും.

(സി) ഇ-സഞ്ജീവനി പദ്ധതിയുടെ സേവനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-സഞ്ജീവനി സേവനങ്ങൾ വിപുലീകരിക്കുന്നതിനായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഡോക്ടർ ടു ഡോക്ടർ കൺസൾട്ടേഷൻ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി പോലുള്ള ആശുപത്രികളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇ-സഞ്ജീവനിയിലൂടെ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി

143 (3170) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി വിപുലീകരിക്കേണ്ട ആവശ്യകത പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 മുതലാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. 2018-19 വർഷം പുതുക്കിയ RSBY കാർഡ് ഉള്ള കുടുംബങ്ങൾ, 2011-ലെ സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് (SECC) ഡാറ്റ പ്രകാരം അർഹരായവർ എന്നീ വിഭാഗങ്ങൾ ആണ് KASP പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിൽ 41,62,956 (നാൽപ്പത്തി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിയാറ്) ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാണ്. കേരളത്തിൽ കാസ്പ് പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ പദ്ധതിയായ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (ABPMJAY) പദ്ധതിയുമായി സഹകരിച്ചാണ്. നിലവിൽ അർഹരായ കുടുംബങ്ങൾ പദ്ധതിയിൽ ചേരാത്ത സാഹചര്യത്തിൽ ഈ കുടുംബങ്ങൾക്ക്

പദ്ധതിയിൽ ചേരുന്നതിനായി കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ഹോസ്പിറ്റലുകളിലെ കിയോസ്കിൽ സമീപിക്കാവുന്നതാണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പട്ടിക ലഭ്യമാണോ?

നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രിയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടുതൽ ആശുപത്രികളെ പട്ടികയിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

2019-20 സാമ്പത്തിക വർഷം പദ്ധതിയിൽ അംഗത്വം നേടിയ ആശുപത്രികളുടെ എണ്ണം 396 ആയിരുന്നു. എന്നാൽ നിലവിൽ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 747 ആണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ചേർക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ SHA നടപ്പിലാക്കി വരുന്നു.

(ഡി) പദ്ധതിയുടെ ഗുണഭോക്താവാകുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

2018-19 വർഷത്തിൽ രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (RSBY) ഇൻഷ്വറൻസ് കാർഡ് പുതുക്കിയിട്ടുള്ളവർ 2011-ലെ കാസ്റ്റ് സെൻസസ് പ്രകാരം യോഗ്യരായ കുടുംബങ്ങൾ.

(ഇ) പദ്ധതിയിൽ പുതിയതായി അംഗമായി ചേരാൻ അവസരം നൽകുമോ; നല്കുമെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

### എച്ച്.ഐ.വി. രോഗികൾക്ക് ധനസഹായം

144 (3171) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആന്റി റിട്രോവൈറൽ തെറാപ്പി (ART) കേന്ദ്രങ്ങളിലും ലിങ്ക് എ.ആർ.ടി. കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് മുടക്കം കൂടാതെ എ.ആർ.ടി. കേന്ദ്രത്തിലെത്തി ചികിത്സയെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി 2012 മുതൽ പ്രതിമാസം 520 രൂപയും 2015 മുതൽ ടി തുക വർധിപ്പിച്ച് 1,000 രൂപയും ചികിത്സാ ധനസഹായമായി നൽകിവരുന്നു. എച്ച്.ഐ.വി, അണുബാധിതർക്ക് ധനസഹായം നൽകുന്നതിനായി 2210-06-101-24 (NP) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 2012 മുതൽ ധനസഹായം നൽകിവരുന്നു. ഇതിനായി 2.5 കോടി മുതൽ 3.5 കോടി രൂപ വരെ സംസ്ഥാന ബജറ്റിൽ വകയിരുത്തി വരുന്നു.

(ബി) കഴിഞ്ഞ മൂന്ന് മാസത്തിൽ എപ്പോഴെങ്കിലും പ്രസ്തുത ധനസഹായം മുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2020-21 സാമ്പത്തിക വർഷത്തിൽ (2020 ഡിസംബർ മാസത്തിൽ) അനുവദിച്ച 11,06,30,000 രൂപ വിനിയോഗിച്ച് 2020 മേയ് മാസം വരെയുള്ള കുടിശ്ശിക തുക 2021 മാർച്ച് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2012 ജനുവരി മുതൽ 2021 മാർച്ച് വരെ 8509 അപേക്ഷകരാണ് ധനസഹായത്തിനായി യോഗ്യരായിട്ടുള്ളത്. പ്രസ്തുത അപേക്ഷകർക്ക് കുടിശ്ശിക തുക നൽകുന്നതിനായി 30-7-2021-ലെ ഉത്തരവ് പ്രകാരം 84,95,000 രൂപ അനുവദിച്ചിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ്

145 (3172) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കാനും ആളുകളെ കൂട്ടിച്ചേർക്കാനും നിലവിൽ അവസരമുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

നിലവിൽ പദ്ധതിയിൽ അംഗത്വം നേടിയ 4162956 കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പദ്ധതിയുടെ കാർഡ് ലഭ്യമാക്കുന്നതാണ്. ഇതിൽ മേൽ സൂചിപ്പിച്ച കുടുംബങ്ങളിലെ 6627023 അംഗങ്ങൾ നിലവിൽ കാസ്പ് കാർഡ് സ്വീകരിച്ചിട്ടുണ്ട്. നിലവിലെ പദ്ധതി ഗൈഡ്‌ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ്

കിയോസ്ക്കുകളിൽനിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽനിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018-19-ലെ സാധുവായ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് കാർഡുകൾ 2. ആധാർ കാർഡ് 3. റേഷൻ കാർഡ് 4. 2011 സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്ന് കാണിച്ച പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് ലഭിച്ച തപാൽ സന്ദേശം. പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്. പുതുതായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ആളുകളെ കൂട്ടിച്ചേർക്കുന്നത് പരിഗണിക്കുന്നില്ല.

(ബി) ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് നിലവിൽ ആകെ എത്ര ലക്ഷം രൂപയുടെ ആനുകൂല്യമാണ് നൽകിവരുന്നത്; കുടുംബത്തിലെ ഒരു വ്യക്തിക്ക് ലഭിക്കാവുന്ന ആനുകൂല്യത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് ഒരു വർഷം 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയുടെ ചികിത്സാ സഹായമാണ് നൽകിവരുന്നത്. ഇത് ഒരു കാർഡിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബത്തിലെ ഒരു വ്യക്തിക്കോ അല്ലെങ്കിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ അംഗങ്ങൾക്കോ ഓരോ വർഷവും പരമാവധി 5 ലക്ഷം രൂപയുടെ വരെ ദ്വിതീയ, ത്രിതീയ ചികിത്സാ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ നിലവിൽ ഈ ആനുകൂല്യം ലഭ്യമാകുന്ന സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ നിലവിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

146 (3173) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിലവിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗങ്ങളായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാസ്പ് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ എണ്ണം - 4162956; കാസ്പ് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളിലെ വ്യക്തിഗത കാർഡ് നേടിയവരുടെ എണ്ണം - 6627023.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര അംഗങ്ങളുടെ പ്രീമിയത്തിനാണ് കേന്ദ്ര സഹായം കിട്ടുന്നതെന്നും അത് എന്ത് തുക വരുമെന്നും വ്യക്തമാക്കാമോ?

ആർ.എസ്.ബി.വൈ. & കാസ്പ് സെൻസസ് പ്രകാരം അർഹരായ 22,02,476 അംഗങ്ങളുടെ ചികിത്സ ചെലവിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 631.2 രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്.

(സി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര പേർ പദ്ധതിയിൽ അംഗമാകാതെ ഉണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 41,62,956 കുടുംബങ്ങളിലെ 66,27,023 അംഗങ്ങളാണ് പദ്ധതിയുടെ ഭാഗമായി കാസ്പ് കാർഡ് സ്വന്തമാക്കിയിട്ടുള്ളത്. നിലവിലെ പദ്ധതി ഗൈഡ്‌ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽനിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്.

(ഡി) പദ്ധതിയിൽ പുതിയ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിക്കുന്നതാണ് .

**ആരോഗ്യകിരണം പദ്ധതി**

147 (3174) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യകിരണം പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) അപേക്ഷ സമർപ്പിക്കേണ്ടവിധവും ആയതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ലഭിക്കുന്ന സഹായത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

(എ&ബി) ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ.) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻരക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായനികുതിദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർ.ബി.എസ്.കെ-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം. ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി കൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകി വരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

### പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

148 (3175) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ പഠിച്ച് പാരാ മെഡിക്കൽ കോഴ്സുകൾ വിജയിച്ച കുട്ടികൾക്ക് കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠനാവശ്യങ്ങൾക്കായി ബാങ്കിൽനിന്നും മറ്റും ലോൺ എടുത്ത കുട്ടികൾക്ക് ഉൾപ്പെടെ വിദേശത്ത് തൊഴിലുകൾക്കായി പോകാൻ ഇതുമൂലം തടസ്സമുണ്ടാകുന്നതിനാൽ ഈ വിഷയം പരിശോധിച്ച് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) ഉണ്ട്; 2008-ലെ G.O.(Rt) No. 1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും സംസ്ഥാനത്തെ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ബിരുദ/ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നുണ്ട്. ആരോഗ്യ പരിപാലന രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി "നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCAHP) ആക്ട് 2021" എന്ന പേരിൽ 28-3-2021-ൽ കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ/ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുവാനും സാധിക്കും.

## ആർദ്രം പദ്ധതി

149 (3176) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദ വിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ വികസനപ്രവൃത്തികൾ നടന്നിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടം 28-3-2017-ലെ സ.ഉ.(കൈ) നമ്പർ 845/2017/ ആ.കു.വ. പ്രകാരം

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പെരുമൺ എന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യം, രോഗീസൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം, ആവശ്യമായ തസ്തികകൾ എന്നിവ സൃഷ്ടിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ച് വരികയുമാണ്. അടിസ്ഥാനസൗകര്യ വികസനത്തിനായി എൻ.എച്ച്.എം. വഴി 10 ലക്ഷം രൂപയും 12-5-2017-ലെ സ.ഉ.(കൈ) നമ്പർ 75/2017/ആകുവ പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 91.7 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ട് ലഭ്യമാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം 16-6-2018-ലെ സ.ഉ.(കൈ) നമ്പർ 113/2018/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊല്ലം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. തൃക്കരുവ, പി.എച്ച്.സി. കിളികൊല്ലൂർ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, ലാബ് സൗകര്യം, രോഗീസൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിന് നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ആയതിനായി പി.എച്ച്.സി. തൃക്കരുവ എന്ന സ്ഥാപനത്തിന് 18.39 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ പി.എച്ച്.സി. കിളികൊല്ലൂർ എന്ന സ്ഥാപനത്തിന് പുതിയ കെട്ടിടത്തിനായി എം.എൽ.എ. ഫണ്ടായി 130 ലക്ഷം രൂപയും എൻ.എച്ച്.എം. വഴി 7.58 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതുമാണ്. കൂടാതെ മേൽ സ്ഥാപനങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിന് 14-11-2019-ലെ സ.ഉ.(കൈ) നമ്പർ 171/2019/ആ.കു.വ പ്രകാരം ഒന്നു വീതം അസിസ്റ്റന്റ് സർജൻമാരും പി.എച്ച്.സി. തൃക്കരുവ എന്ന സ്ഥാപനത്തിൽ രണ്ട് സ്റ്റാഫ് നഴ്സുമാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. തൃക്കോവിൽവട്ടം പി.എച്ച്.സി.-യെ എഫ്.എച്ച്.സി.-യാക്കുന്നതിന് എൻ.എച്ച്.എം. വഴി 10.54 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 136/2017/ എച്ച്&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പുതിയതായി സൃഷ്ടിച്ച തസ്തിക | എണ്ണം |
|---|---|---|
| 1 | കൺസൾട്ടന്റ് യൂറോളജി | 1 |
| 2 | കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് റേഡിയോ തെറാപ്പി | 1 |
| 4 | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| 5 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 6 | ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| 7 | ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| 8 | ഫിസിയോതെറാപ്പിസ്റ്റ് | 1 |
| 9 | മോർച്ചറി ടെക്നീഷ്യൻ | 1 |
| 10 | മെഡിക്കൽ റെക്കോർഡ് അറ്റൻഡർ | 1 |
| | ആകെ | 13 |

കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി KIIFB മുഖേന കൊല്ലം ജില്ലാ ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 183 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് 104.49 കോടിയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. ജില്ലാ ആശുപത്രി കൊല്ലത്തിന്റെ ഒ.പി. നവീകരണത്തിനായി എൻ.എച്ച്.എം. വഴി 137 ലക്ഷം രൂപ അനുവദിച്ചു.

**കാത്ത് ലാബുകൾ**

150 (3177) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, ആലപ്പുഴ മെഡിക്കൽ കോളേജ്,

കോട്ടയം മെഡിക്കൽ കോളേജ്, എറണാകുളം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എറണാകുളം, തൃശ്ശൂർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, കോഴിക്കോട് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി മഞ്ചേരി, കണ്ണൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഏതൊക്കെ ആശുപത്രികളിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, എറണാകുളം മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി കോഴിക്കോട്, കോഴിക്കോട് മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണോ; കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ള ഏതെല്ലാം ആശുപത്രികളിൽ കാർഡിയോളജിസ്റ്റിന്റെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ?

നിലവിൽ കാർഡിയോളജിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ള കാത്ത് ലാബ് പ്രവർത്തിക്കുന്ന ആശുപത്രികൾ താഴെപ്പറയുന്നവയാണ്. 1) ജനറൽ ആശുപത്രി, തിരുവനന്തപുരം 2) ജനറൽ ആശുപത്രി, എറണാകുളം 3) ജില്ലാ ആശുപത്രി, പാലക്കാട്. പ്രസ്തുത സ്ഥാപനങ്ങളിൽ ടി തസ്തികയിൽ ഒഴിവ് ഇല്ല. കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. കാർഡിയോളജിസ്റ്റിന്റെ തസ്തികകൾ ഇല്ലാത്ത കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളിൽ, മറ്റ് ആശുപത്രികളിലെ കാർഡിയോളജി സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്. അല്ലാത്തപക്ഷം കാർഡിയോളജി സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരെ പ്രസ്തുത സ്ഥാപനത്തിലെ അനുവദിക്കപ്പെട്ട തസ്തികകളിൽ (സ്പെഷ്യാലിറ്റി/ജനറൽ കേഡർ) നിയമിച്ച് കാത്ത് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിവരുന്നു. സർക്കാർ മെഡിക്കൽ കേളേജുകളിലെ കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ അഞ്ചും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലെ കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അഞ്ചും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുന്നു.

(ഡി) കാത്ത് ലാബുകൾ സ്ഥാപിക്കപ്പെട്ട ആശുപത്രികളിൽ എത്ര വീതം ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ഓരോ വർഷവും നടത്തിയിട്ടുണ്ട് എന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

കാത്ത് ലാബുകളിൽ നടന്ന ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയയുടെ കണക്ക് വർഷം തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) കാത്ത് ലാബുകൾ സ്ഥാപിക്കാൻ കിഫ്ബി വഴി തുക ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കുമോ?

കാത്ത് ലാബുകൾ സ്ഥാപിക്കാൻ കിഫ്ബി വഴി തുക ചെലവഴിച്ചിട്ടുണ്ട്. 80 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. ഇതിൽ 39.87 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

### താലൂക്ക് ആശുപത്രികളുടെ വിശദ വിവരങ്ങൾ

151 (3178) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര താലൂക്ക് ആശുപത്രികളാണ് ഉള്ളത്; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആകെ 87 താലൂക്ക് ആശുപത്രികളാണ് നിലവിലുള്ളത്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലെ മുഴുവൻ തസ്തികകളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി) സംസ്ഥാനത്ത് അവസാനമായി നിലവിൽ വന്ന താലൂക്ക് ആശുപത്രികൾ ഏതൊക്കെയാണെന്നും നിലവിൽ ഏതെല്ലാം തസ്തികകളാണ് അവിടെയുള്ളതെന്നും ആശുപത്രി തിരിച്ച് വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് അവസാനമായി നിലവിൽ വന്ന താലൂക്ക് ആശുപത്രി മലയിൻകീഴ്, പത്തനാപുരം, കൊണ്ടോട്ടി, പനത്തടി, മംഗൾപ്പാടി എന്നിവയാണ്. അനുവദിക്കപ്പെട്ട മുഴുവൻ തസ്തികകളുടേയും എണ്ണം അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത ആശുപത്രികൾ നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

23-1-2018-ലെ സ.ഉ. (സാധാ) നമ്പർ 258/2018/ആ.കു.വ. പ്രകാരമാണ് പ്രസ്തുത ആശുപത്രികൾ നിലവിൽ വന്നത്. ആയതിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് നടപടി

152 (3179) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഇരുന്നൂറ്റി പന്ത്രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതിനെത്തുടർന്ന് ഇതുവരെ നടപ്പാക്കിയ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയിൽ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 212 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എൻ.എച്ച്.എം. മുഖേന നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി ടെക്നീഷ്യന്മാരുടെ തസ്തികകൾ നിലവിലില്ലാത്തത് കാരണം കോവിഡ് അനുബന്ധ പരിശോധനകളും മറ്റും ഇപ്പോൾ ചെയ്യുവാൻ സാധിക്കുന്നില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 12-5-2017-ലെ G.O. (MS) No.75/2017/H&FW പ്രകാരം ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II മാരുടെ 170 തസ്തികകളാണ് സൃഷ്ടിച്ചത്. ആർദ്രം രണ്ടാം ഘട്ടത്തിൽ 5-7-2019-ലെ സ.ഉ. (കൈ) നമ്പർ 98/2019/ആ.കു.വ. പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II 200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവയിൽ പി.എസ്.സി./ എൻ.എച്ച്.എം/കരാർ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി താൽകാലികമായി കരാർ അടിസ്ഥാനത്തിലും നിയമിച്ച് സേവനം നൽകിവരുന്നുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കുന്നതാണ്.

(സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി ആയിരത്തി ഇരുന്നൂറ് തസ്തികകൾ പുതിയതായി സൃഷ്ടിക്കുവാൻ ഉത്തരവുണ്ടായെങ്കിലും

നാളിതുവരെ വിവിധ വിഭാഗങ്ങളിൽ എത്ര തസ്തികകൾ വേർതിരിച്ച് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിന് തത്വത്തിൽ അനുവദിച്ചുനൽകിയ 1200 തസ്തികകളിൽ 300 തസ്തികകൾ 3-8-2021-ലെ സ.ഉ.(കൈ) നമ്പർ 143/2021/ആ.കു.വ. പ്രകാരം ഒന്നാം ഘട്ടമായി താഴെപ്പറയുന്ന വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 204, ഫാർമസിസ്റ്റ് ഗ്രേഡ് II - 52, ലോവർ ഡിവിഷൻ ക്ലർക്ക്- 42 ഓഫീസ് അറ്റൻഡന്റ് - 2.

## ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

153 (3180) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഉൾപ്പടെ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ കൃത്യതയില്ലാത്തതും രോഗനിർണ്ണയത്തെ പ്രതികൂലമായി ബാധിക്കുന്നതുമായ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

ലബോറട്ടറി ഉപകരണങ്ങൾ എല്ലാംതന്നെ 6 മാസം കൂടുമ്പോൾ കാലിബ്രേറ്റ് ചെയ്യുകയും internal, external ക്യൂ.സി. നടത്തിവരികയും ചെയ്യുന്നു. കൂടാതെ എല്ലാ ഉപകരണങ്ങളും എ.എം.സി.-യിൽ ഉൾപ്പെടുത്തി റിപ്പയർ ചെയ്യേണ്ടവ യഥാസമയം റിപ്പയർ ചെയ്യുകയും റിപ്പയർ ചെയ്യുവാൻ സാധിക്കാത്തവ എ.എം.സി. എടുത്തിട്ടുള്ള സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റുകളോടുകൂടി കണ്ടംനേഷൻ ചെയ്തുവരുന്നു. കൃത്യതയില്ലാത്ത ഒരു ഉപകരണവും ഉപയോഗിക്കാറില്ല.

(സി) മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലെയും ലാബുകളുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും രോഗികൾക്ക് സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ലാബുകളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രവർത്തനക്ഷമതയും ഗുണനിലവാരവും നിരന്തരമായി ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥിതി നിലവിലുണ്ട്. കെ.എം.എസ്.സി.എൽ. മുഖേനയുള്ള ഉപകരണങ്ങളാണ് ടി സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ലാബുകളുടേയും പബ്ലിക് ഹെൽത്ത് ലാബുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലാബ് സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ ആർദ്രം, എൻ.എച്ച്.എം., പഞ്ചായത്ത്, എച്ച്.എം.സി. എന്നിവയുടെ സഹായത്തോടുകൂടി പുതിയ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിലെയും പബ്ലിക് ഹെൽത്ത് ലാബുകളിലെയും പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്താകെ 677 ലാബ് ടെക്നീഷ്യന്റെയും 8 ജൂനിയർ ലാബ് ടെക്നീഷ്യന്റെയും 2 ചീഫ് ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

154 (3181) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

നിലവിൽ ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന നയമാണ് സർക്കാർ അവലംബിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന മീനച്ചിൽ താലൂക്കിൽ തന്നെ ടി സ്ഥാപനത്തിന് 12 കിലോമീറ്റർ അകലെയായി പാലാ ജനറൽ ആശുപത്രി, 19 കി.മീ. അകലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിലുള്ള ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനുപകരം നിലവിലുള്ള സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് രൂപീകൃതമായ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഈരാറ്റുപേട്ട പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ്

ടെക്നീഷ്യൻ എന്നീ തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചുനല്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രി നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലം ഉൾപ്പെടുന്ന മീനച്ചിൽ താലൂക്കിന് അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാട് സ്ഥിതി ചെയ്യുന്നു.

**ആശുപത്രിയുടെ വികസനത്തിന് തുക**

155 (3182) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുക അനുവദിച്ചിട്ടുണ്ട്. 30-7-2020-ലെ സ.ഉ. (സാധാ) നമ്പർ 1394/2020/ആ.കു.വ പ്രകാരം ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പുതിയ ഒ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന 12.31 കോടി രൂപയുടെ ഭരണാനുമതിയും 11.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിനായി കിഫ്ബി പദ്ധതി മുഖേന 1.568 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി കെട്ടിടവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച അനുബന്ധ ഉപകരണങ്ങൾ, ജനറേറ്റർ എന്നിവയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന പുതിയ ഒ.പി. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടി**

156 (3183) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22-ൽ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 26.42 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട് (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും ആയതിന് അനുവദിച്ച ഫണ്ടിന്റെ വിവരവും വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന ഉപകേന്ദ്രങ്ങളെയാണ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളായി ഉയർത്തുവാൻ തെരഞ്ഞെടുത്തത്. കോട്ടയം എരുവട്ടി (Kottayam Eruvetti), കോളവല്ലൂർ (Kolavallur), മൊകേരി (Mokeri), പത്തായകുന്ന് (Pathayakunnu), കടവത്തൂർ (Kadavathur), കരിയാട് (Kariyad), പുല്ലൂക്കര (Pullookkara). ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി മാറിയാൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വയോജന, ഭിന്നശേഷി, ബാലജന, സ്ത്രീസൗഹൃദമായ സേവനങ്ങൾ പ്രദാനം ചെയ്യും. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ക്ലിനിക്-കം-ഓഫീസ് റൂം, ഫീഡിംഗ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഐ.യു.സി.ഡി. റൂം, സ്റ്റോർ, എയർപോർട്ട് ചെയർ, ആവശ്യത്തിന് ഇരിപ്പിടം, കുടിവെള്ളം, ടി.വി., പൂന്തോട്ടം, നടപ്പാത, മഴവെള്ള സംഭരണി, കുട്ടികൾക്കുള്ള കളിസ്ഥലം, പാർക്ക് എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരുക്കുകയോ ഉറപ്പുവരുത്തുകയോ ചെയ്യും. കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഉറപ്പാക്കും. ആഴ്ചയിൽ ആറ് ദിവസം താഴെ പറയുന്ന വ്യത്യസ്ത ക്ലിനിക്കുകൾ നടത്തും.

1. പോഷകാഹാര ക്ലിനിക്

2. ജെറിയാട്രിക് ക്ലിനിക്ക്

3. കുട്ടികളുടെ ക്ലിനിക്ക്

4. ജീവിതശൈലീ രോഗ ക്ലിനിക്

5. വെൽ വുമൺ ക്ലിനിക്ക്

6. കൗമാര ആരോഗ്യ ക്ലിനിക്ക്. ഇതുകൂടാതെ ലഘുരോഗ ചികിത്സയും ഫസ്റ്റ് എയിഡും കുട്ടികളുടെയും ഗർഭിണികളുടെയും കുത്തിവയ്പ്പും, പകർച്ച-പകർച്ചേതര വ്യാധികളുടെ പര്യവേഷണവും (surveillance) ഇവയുടെ നേതൃത്വത്തിൽ നടക്കും.

(ഡി) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

5-3-2019-ലെ സ.ഉ(കൈ) നമ്പർ 37/2019/ആ.കു.വ എന്ന ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

**താലൂക്കാശുപത്രിയിൽ പീഡിയാട്രിക് ഐ.സി.യു.**

157 (3184) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ കുഞ്ഞുങ്ങൾക്കായി പീഡിയാട്രിക് ഐ.സി.യു. അത്യന്താപേക്ഷിതമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ റാന്നി താലൂക്കാശുപത്രിയിൽ പീഡിയാട്രിക് ഐ.സി.യു. ബെഡ്ഡുകൾ ഇല്ല. എന്നാൽ റാന്നി താലൂക്ക് ആശുപത്രിയിൽ 8 പീഡിയാട്രിക് ബെഡ്ഡുകൾ ഉണ്ട്.

(ബി) കോവിഡ് മൂന്നാംതരംഗം കുഞ്ഞുങ്ങളെ കൂടുതലായി ബാധിക്കുമെന്ന മെഡിക്കൽ ജേർണലുകളുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ റാന്നി താലൂക്കാശുപത്രിയിൽ പീഡിയാട്രിക് ഐ.സി.യു. അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കോവിഡ് ഇതര ചികിത്സകൾക്കാണ് മുൻഗണന നൽകുന്നത്. റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പീഡിയാട്രിക് ഐ.സി.യു. ബെഡ് സൗകര്യം ലഭ്യമല്ല. എന്നാൽ കോവിഡിന്റെ മൂന്നാം തരംഗം നേരിടുന്നതിനായി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 27 പീഡിയാട്രിക് ഐ.സി.യു. ബെഡ്ഡുകൾ മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതുപോലെ തന്നെ റാന്നി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. വെച്ചൂച്ചിറയിൽ ഐസോലേഷൻ വാർഡ് ക്രമീകരിക്കുന്നതിനായും തെരഞ്ഞെടുത്തിട്ടുണ്ട്.

**കടലുണ്ടി പ്രാഥമികാരോഗ്യ കേന്ദ്രം**

158 (3185) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച ശിപാർശകൾ എന്തെങ്കിലും വകുപ്പുതലത്തിൽ നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സർക്കാരിന്റെ ആർദ്രം പദ്ധതി മൂന്നാംഘട്ടത്തിൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടി നഗരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ 22-10-2020-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 1947/2020/ആ.കു.വ പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിലേയ്ക്ക് 15.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുമുണ്ട്. ഭൗതിക സാഹചര്യം, രോഗീസൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം എന്നിവ സൃഷ്ടിക്കുന്നതിനായുള്ള പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. കടലുണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ ശരാശരി ഒ.പി. 80 ആണ്. താഴെ പറയുന്ന തസ്തികകളും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 1 |
| 2 | സ്റ്റാഫ് നഴ്സ് | 1 |
| 3 | ഫാർമസിസ്റ്റ് | 1 |
| 4 | ലാബ് ടെക്നീഷ്യൻ | 1 |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 6 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II | 1 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I | 1 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II | 1 |
| 9 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് - I | 3 |
| 10 | ക്ലാർക്ക് | 1 |
| 11 | ഓഫീസ് അറ്റൻഡന്റ് | 1 |
| ആകെ | | 13 |

എൻ.എച്ച്.എം. വഴി ഒരു ഡോക്ടർ, ഒരു ആർ.ബി.എസ്.കെ. നഴ്സ്, ഒരു എം.എൽ.എസ്.പി. നഴ്സ് എന്നിവരും എൽ.എസ്.ജി.ഡി. മുഖേന ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററും ജോലി ചെയ്തുവരുന്നു.

**ആയുർവേദ ആശുപത്രി ഗവേഷണ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി**

159 (3186) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരംകുളത്തെ കുഞ്ഞുകൃഷ്ണൻ നാടാർ സ്മാരക ആയുർവേദ മർമ്മ ആശുപത്രി മർമ്മ ചികിത്സയ്ക്കുള്ള ഗവേഷണകേന്ദ്രമാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇവിടെ ആവശ്യത്തിന് കട്ടിൽ അടക്കമുള്ള ഫർണിച്ചറുകളും ചികിത്സാ ഉപകരണങ്ങളും ഇല്ലാത്തതിനാൽ പേവാർഡും ചികിത്സാ മുറികളും ഒ.പി. ബ്ലോക്കും ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങളായിട്ടും പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പേവാർഡ് പ്രവർത്തനക്ഷമമാക്കുന്നതിന് വകുപ്പ് തലത്തിലും പഞ്ചായത്ത് പദ്ധതി മുഖേനയും ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും ലഭ്യമാക്കി ഉടൻതന്നെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആൻഡ് റിസർച്ച് സെന്റർ**

160 (3187) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ആയുർവേദ പഞ്ചകർമ്മ ആശുപത്രിക്ക്, ദേശീയ ആരോഗ്യ ദൗത്യം മുഖേന സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആൻഡ് റിസർച്ച് സെന്റർ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണച്ചുമതല ആർക്കാണ്; നിർമ്മാണ കരാർ എടുത്തത് ഏത് ഏജൻസിയാണ്; എന്നുമുതലാണ് നിർമ്മാണം ആരംഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വകുപ്പിന് കീഴിലുള്ള ആലപ്പുഴ ജില്ലയിൽ സർക്കാർ ആയുർവേദ പഞ്ചകർമ്മ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ആശുപത്രി ആൻഡ് റിസർച്ച് സെന്റർ ആയി ഉയർത്തുന്നതിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ 4-1-2012-ലെ Z.15015/2020/2009COE Ayush ഉത്തരവ് പ്രകാരം ആദ്യം 5 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി സർക്കാരിന്റെ 15-11-2018-ലെ G.O.(Rt) No.587/2018/Ayush നമ്പർ ഉത്തരവ് പ്രകാരം 5,34,68,286 രൂപ (അഞ്ച് കോടി മുപ്പത്തിനാല് ലക്ഷത്തി അറുപത്തിയെട്ടായിരത്തി ഇരുന്നൂറ്റി എൺപത്തിയാറു രൂപ മാത്രം) റിവൈസ്ഡ് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയുർവേദ പഞ്ചകർമ്മ സൊസൈറ്റിയുടെ കീഴിലുള്ള ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ചെയർമാനായുള്ള 14 അംഗ ഗവേണിംഗ് ബോഡിക്കും ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള 6 അംഗങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിക്കുമാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല. നിർമ്മാണ കരാർ ഏറ്റെടുത്തത് HPL (ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്) എന്ന കമ്പനിയാണ്. 28-12-2012-ലാണ് നിർമ്മാണ കരാർ എടുത്തിട്ടുള്ളത്.

(ബി) അഞ്ച് നിലകളിലായി നിർമ്മിക്കാൻ പദ്ധതിയിട്ട കെട്ടിട നിർമ്മാണം വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. നിർമ്മാണ പ്രവർത്തനത്തിലുള്ള അപാകതകളെക്കുറിച്ച് ആക്ഷേപം ഉണ്ടാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ദ്ധർ നിർമ്മാണസ്ഥലം സന്ദർശിക്കുകയും പ്രഥമദൃഷ്ട്യാ നിർമ്മാണപ്രവർത്തനത്തിൽ പാളിച്ചകളുള്ളതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തു. രണ്ടാം ഗഡു ലഭ്യമായതിന് ശേഷം HPL-നോട് വർക്ക് പുനരാരംഭിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിനാൽ ലഭ്യമായ തുകയ്ക്ക് പണി പൂർത്തീകരിക്കുവാൻ സാദ്ധ്യമല്ലായെന്ന് അറിയിക്കുകയുണ്ടായി. 2013 ഒക്ടോബർ മുതൽ കെട്ടിട നിർമ്മാണം നിലച്ചിരിക്കുന്നതിനാൽ കാലപ്പഴക്കംകൊണ്ടുള്ള ബലക്ഷയവും ഉണ്ടായിട്ടുണ്ട്.

(സി) കെട്ടിടനിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെട്ടിടനിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഗവൺമെന്റിന് കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് ഏജൻസികൾ കെട്ടിടം പരിശോധിക്കുകയും നിർമ്മാണ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സമർപ്പിക്കുകയുണ്ടായി. വിവിധ സർക്കാർ ഏജൻസികളുടെ നിർദ്ദേശങ്ങൾ വ്യത്യസ്തമായതിനാൽ 24-2-2021-ൽ കൂടിയ ഗവേണിംഗ് ബോഡിയിൽ എഞ്ചിനീയറിംഗ് വിദഗ്ദ്ധരടങ്ങുന്ന ഹൈലെവൽ കമ്മിറ്റി ടി നിർദ്ദേശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ ചുമതലപ്പെടുത്തി. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനത്തിലെ അപാകത സ്വന്തം ചെലവിൽ നിർവ്വഹിക്കാമെന്ന് HPL (ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്) കമ്പനി സമ്മതിച്ചിട്ടുള്ളതാണ്. ടി പ്രൊപ്പോസൽ ഹൈലെവൽ കമ്മിറ്റിയുടെ സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ചുവരുന്നു. മാത്രമല്ല, രണ്ടാം ഗഡു ലഭിക്കുവാനുള്ള കാലതാമസവും 2013 മുതൽ നിർമ്മാണം നിലച്ചിരിക്കുന്നതിനാൽ 2012-ലെ എസ്റ്റിമേറ്റ് തുക വച്ച് പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിക്കാത്തതും നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

(ഡി) കെട്ടിട നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹൈലെവൽ കമ്മിറ്റിയുടെ സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പഴഞ്ഞി, എരുമപ്പെട്ടി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ജീവനക്കാരുടെ ക്ഷാമം**

161 (3188) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ പഴഞ്ഞി, എരുമപ്പെട്ടി എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരും മറ്റ് പാരാമെഡിക്കൽ ജീവനക്കാരും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

പഴഞ്ഞി കുടുംബാരോഗ്യകേന്ദ്രത്തിൽ ആകെ അനുവദിക്കപ്പെട്ട തസ്തിക 46 ആണ്. അവയിൽ ഒരു സിവിൽ സർജന്റെയും ആറ് അസിസ്റ്റന്റ് സർജന്റെയും തസ്തിക ഉൾപ്പെടുന്നു. കൂടാതെ സ്റ്റാഫ് നഴ്സിന്റെ 2 തസ്തിക ഉൾപ്പെടെ 10 ജീവനക്കാർ എച്ച്.എം.സി., എൻ.എച്ച്.എം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കിവരുന്നു. എരുമപ്പെട്ടി സാമൂഹികാരോഗ്യകേന്ദ്രത്തിൽ അനുവദിക്കപ്പെട്ട തസ്തിക 36 ആണ്. അവയിൽ സിവിൽ സർജന്റെ ഒന്നും അസിസ്റ്റന്റ് സർജന്റെ രണ്ടും തസ്തിക ഉൾപ്പെടുന്നു. കൂടാതെ 2 മെഡിക്കൽ ആഫീസറുടെ തസ്തികകൾ ഉൾപ്പെടെ 14 പേർ എൻ.എച്ച്.എം. മുഖേനയും ജോലി ചെയ്തുവരുന്നു. ടി ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി സ്ഥാപനങ്ങളെ ആശ്രയിക്കുന്ന രോഗികൾക്ക് പരമാവധി സേവനം നൽകിവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിൽ എത്ര പേരുണ്ടെന്നും വിശദമാക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട തസ്തികകളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*. അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ആരോഗ്യ മേഖലയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ഡോക്ടർമാരേയും നഴ്സ്മാരേയും മറ്റ് ജീവനക്കാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

പഴഞ്ഞി സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 37.5 ലക്ഷം രൂപ അനുവദിച്ചുണ്ട്. എരുമപ്പെട്ടി സാമൂഹികാരോഗ്യകേന്ദ്രത്തെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്ലോക്കുതലകുടുംബാരോഗ്യ കേന്ദ്രമായി 1-8-2021-ലെ സ.ഉ (സാധാ) നമ്പർ 1633/2021/ആ.കു.വ. പ്രകാരം പരിവർത്തനം ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

**കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കാൻ നടപടി**

162 (3189) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ ഡയാലിസ് സെന്ററിലേയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന ജനറേറ്റർ അനുവദിച്ചിരുന്നെങ്കിലും ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ജനറേറ്റർ സ്ഥാപിക്കുന്നതിലുണ്ടായ കാലതാമസം എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ; ജനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ജനറേറ്റർ സ്ഥാപിക്കുന്നതിനായി മെസ്സേഴ്സ് പെർഫെക്സ് ഹൗസ് എന്ന കമ്പനിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും 17-8-2019-ന് വിതരണ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ടി കമ്പനി പ്രവൃത്തിയിൽനിന്നും പിൻമാറുകയാണുണ്ടായത്. തുടർന്ന് കോർപ്പറേഷൻ ടി പ്രവൃത്തികൾക്കായി നാല് പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഇതിൽ ഓരോ തവണ മെസ്സേഴ്സ് വിസ്പവർ ജനറേറ്റർ സെയിൽസ് & സർവ്വീസസ് ലിമിറ്റഡും മെസ്സേഴ്സ് ഫുജി ടെക്നിക്കൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡും L1 ബിഡ്ഡറായി വന്നെങ്കിലും ടി കമ്പനികളും ജനറേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയിൽനിന്നും പിൻമാറുകയാണ് ഉണ്ടായത്. തുടർന്ന് കിഫ്ബിയുടെ അനുവാദത്തോടെ സർക്കാർ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് 20-11-2020-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ടി സ്ഥാപനം ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ജനറേറ്റർ എത്രദിവസത്തിനുള്ളിൽ സ്ഥാപിക്കാമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അടുത്ത മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**എല്ലാ സി.എച്ച്.സി.-കളിലും ഐസൊലേഷൻ വാർഡുകൾ**

163 (3190) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സി.എച്ച്.സി.-കളിലും ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 140 അസംബ്ലി മണ്ഡലങ്ങളിൽ ഒരു മണ്ഡലത്തിൽ ഒരു ആരോഗ്യ സ്ഥാപനങ്ങളിൽ വീതം ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് 26-7-2021-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 1555/2021/ആ.കു.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഇത് എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) കോഴിക്കാട് ജില്ലയിൽ ഇതിനായി തെരഞ്ഞെടുത്ത സി.എച്ച്.സി.-കൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കാട് ജില്ലയിൽ ഐസൊലേഷൻ വാർഡിനായി തെരഞ്ഞെടുത്ത സി.എച്ച്.സി.കൾ:

1. സി.എച്ച്.സി., ഒർക്കാട്ടേരി
2. സി.എച്ച്.സി., കുന്നുമേൽ
3. സി.എച്ച്.സി., വളയം
4. സി.എച്ച്.സി., മേലടി
5. സി.എച്ച്.സി., കൂരാച്ചുണ്ട്
6. സി.എച്ച്.സി., തലകുളത്തൂർ
7. സി.എച്ച്.സി., ചെറുവണ്ണൂർ
8. സി.എച്ച്.സി., ഒളവണ്ണ
9. സി.എച്ച്.സി., കൊടുവള്ളി
10. സി.എച്ച്.സി., മുക്കം.

## പെരുനാട് സി.എച്ച്.സി.

164 (3191) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിന്ന് പ്രാഥമിക ചികിത്സയ്ക്കായി ആദ്യമെത്തിക്കുന്ന പെരുനാട് സി.എച്ച്.സി.-യുടെ പ്രവർത്തനസമയം 24 മണിക്കൂറായി ക്രമീകരിക്കുന്നതിലേയ്ക്കായി ഡോക്ടർമാരുടെ എണ്ണവും സേവനവും വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴര ലക്ഷം രൂപ) അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 5 ഡോക്ടർമാരുടെ തസ്തിക നിലവിലുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന 4 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് സാഹചര്യത്തിൽ ഡോക്ടർമാരെ CFLTC ഡ്യൂട്ടിയിലും വാക്സിനേഷൻ ഡ്യൂട്ടിയിലും നിയോഗിക്കുന്നതിനാലാണ് 24 മണിക്കൂർ സേവനം നൽകാൻ കഴിയാത്തത്. കോവിഡ് വ്യാപനത്തിന് മുമ്പുള്ള കാലയളവിൽ ശബരിമല തീർത്ഥാടന സമയത്ത് പൂർണ്ണമായ തോതിൽ ജീവനക്കാരെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കിയിരുന്നു.

(ബി) ഉണ്ടെങ്കിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ആരോഗ്യ വകുപ്പിന്റെ സബ് സെന്റർ നിർമ്മാണം

165 (3192) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലുള്ള തൃത്തല്ലൂരിൽ ആരോഗ്യ വകുപ്പിന്റെ സബ് സെന്റർ നിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സബ് സെന്ററിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ തനതു ഫണ്ടിൽനിന്ന് 19,49,999 രൂപ (പത്തൊൻപത് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) ഉപയോഗിച്ച് തൃത്തല്ലൂരിൽ സ്ഥിതിചെയ്യുന്ന വാടാനപ്പള്ളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പുതുതായി പണി തീർത്ത നടുവിൽക്കര സബ് സെന്ററിന്റെ പ്രവർത്തനം നടന്നുവരുന്നു. വാട്ടർ അതോറിറ്റി കണക്ഷൻ ഒഴികെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

166 (3193) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയായ നാല് നിലകളുള്ള, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പി.ഡബ്ല്യൂ.ഡി.-യും HLL-ഉം ചേർന്ന് നിർമ്മാണപ്രവൃത്തികൾ ഏതാണ്ട് പൂർത്തിയാക്കി കെട്ടിടം കൈമാറിയിട്ടുണ്ട്. ലിഫ്റ്റ്, ഫയർ ആൻഡ് സേഫ്റ്റി, ഹൈടെൻഷൻ പ്രവൃത്തികൾക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കുന്ന വിഷയം ചീഫ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കലിന്റെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പി.ഡബ്ല്യൂ.ഡി.-യ്ക്ക് ടെണ്ടർ നടപടികൾ തുടങ്ങാനാകുകയുള്ളൂ. ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ തുടങ്ങിയവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഭരണാനുമതി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അലോപ്പതി വിഭാഗത്തിലെ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രിഷ്യൻ, ആർ.എം.ഒ. തുടങ്ങിയ തസ്തികകളിൽ നിയമനം നടക്കേണ്ടതുണ്ട് (മറ്റുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഇന്റർവ്യൂ വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്). എന്നാൽ നിരവധി തവണ ഇന്റർവ്യൂ നടത്തിയെങ്കിലും പ്രസ്തുത അലോപ്പതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളിലേയ്ക്ക് ആരും ഹാജരായില്ല. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞയുടൻ കണ്ണൂർ ജില്ലാ കളക്ടർ സി.എഫ്.എൽ.ടി.സി.-ക്കുവേണ്ടി ആശുപത്രി ഏറ്റെടുത്തിയിരിക്കുകയമാണ്. അത് വിട്ടുകിട്ടുകയും അലോപ്പതി വിഭാഗം തസ്തികകളിൽ ജീവനക്കാരെ ലഭിക്കുകയും ലിഫ്റ്റ്, ഫയർ & സേഫ്റ്റി ഹൈടെൻഷൻ സംവിധാനങ്ങൾ നിലവിൽവരികയും ചെയ്തശേഷം ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങാൻ അനുമതി നൽകി ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത ആശുപത്രിക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 10.29 കോടി രൂപയും ലേബർ റൂം, ഓപ്പറേഷൻ റൂം എന്നിവയുടെ പ്രവൃത്തികൾക്കായി 1.63 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

## എരുമേലി സാമൂഹികാരോഗ്യ കേന്ദ്രം

167 (3194) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യമുള്ള ആശുപത്രിയുടെ അഭാവംമൂലം ശബരിമല തീർത്ഥാടകർക്ക് ചികിത്സയ്ക്കായി പലപ്പോഴും ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ എരുമേലിയിൽ പ്രവർത്തിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം പരിഗണിക്കുമോ?

എരുമേലി വഴി ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലയളവിൽ ദർശനത്തിനെത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിലെ മാനവവിഭവ ശേഷിയും മറ്റ് ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കാറുണ്ട്. മാത്രമല്ല 2020-2021 മണ്ഡല മകരവിളക്ക് കാലഘട്ടത്തിൽ തീർത്ഥാടകർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സയൊരുക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിരുന്നു. ഇതുപ്രകാരം നോൺ കാസ്റ്റ് (APL) കേരളത്തിലുള്ളവർക്കും കേരളത്തിന് പുറത്തു നിന്നുള്ളവർക്കും കോവിഡ് ഇതര ചികിത്സകൾ കോസ്റ്റ് ബെയ്സിൽ നൽകാനും

നോൺ കാസ്റ്റ് APL വിഭാഗത്തിലുള്ള കേരളത്തിലുള്ളവർക്ക് കോവിഡ് ചികിത്സ സർക്കാർ ആശുപത്രികളിൽനിന്ന് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റെഫർ ചെയ്യുമ്പോൾ ഇപ്രകാരമുള്ള രോഗികൾക്ക് സ്വകാര്യ ആശുപത്രികളിലും ചികിത്സ സൗജന്യമായിരിക്കും. എന്നാൽ നോൺ കാസ്റ്റ് APL വിഭാഗത്തിലുള്ള ഇതരസംസ്ഥാനക്കാർക്ക് കോവിഡ് ചികിത്സ കോസ്റ്റ് ബെയ്സിൽ ആയിരിക്കും.

(ബി) ശബരിമല തീർത്ഥാടകർക്കും പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലങ്ങളിലേയും കൂടാതെ റാന്നി, പീരുമേട് അതിർത്തി പഞ്ചായത്തുകളിലെയും ജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്രദമായ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിനുസമീപം സ്ഥിതി ചെയ്യുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ-ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി, റാന്നി താലൂക്ക് ആശുപത്രി എന്നിവയാണ്. ഇവ രണ്ടും ടി സ്ഥാപനത്തിൽ നിന്നും 18 കിലോമീറ്റർ അകലെയാണ്. കൂടാതെ പാലാ ജനറൽ ആശുപത്രി ടി സ്ഥാപനത്തിൽ നിന്നും 39 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ശബരിമല തീർത്ഥാടകർക്കും പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലങ്ങളിലേയും റാന്നി, പീരുമേട് അതിർത്തി പഞ്ചായത്തുകളിലെയും ജനങ്ങൾക്കും ടി സ്ഥാപനങ്ങൾ ഫലപ്രദമാണ്.

### അടിമാലി താലൂക്കാശുപത്രിയിലെ ബ്ലഡ് ബാങ്കും ഡയാലിസിസ് യൂണിറ്റും

168 (3195) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലി സർക്കാർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ബ്ലഡ് ബാങ്കും ഡയാലിസിസ് യൂണിറ്റും ആരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) കാലതാമസം പരിഹരിക്കുന്നതിനും പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിക്കുമോ?

(എ&ബി) അടിമാലി താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള ഫയർ & സേഫ്റ്റി ജോലികൾ, ലിഫ്റ്റിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവ പുരോഗമിച്ചുവരുന്നു. പ്രസ്തുത നിർമ്മാണം, ഉപകരണങ്ങളുടെ വിതരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**അടിമാലിയിൽ അമ്മയും കുഞ്ഞും ആശുപത്രി**

169 (3196) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ അമ്മയും കുഞ്ഞും ആശുപത്രി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) 17-8-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 2644/2015/ ആ.കു.വ പ്രകാരം അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് 4.50 കോടി രൂപ അനുവദിച്ചിരുന്നു. അടിമാലി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മച്ചിപ്ലാവ് എന്ന സ്ഥലത്ത് റീസർവ്വേ നമ്പർ 503/1-1-ൽപ്പെട്ട 40.95 ആർ വസ്തുവും, 503/3-2-ൽപ്പെട്ട 16.56 ആർ വസ്തുവും 503/3-1-ൽപ്പെട്ട 03.22 ആർ വസ്തുവും ഉൾപ്പെടെ ഒരു ഏക്കർ അൻപത് സെന്റ് സ്ഥലവും ആരോഗ്യ വകുപ്പിന് 2018-ൽ കൈമാറിയിട്ടുണ്ട്. ഒന്നാംഘട്ട നിർമ്മാണത്തിന് 4.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് അലോക്കേറ്റ് ചെയ്യുതിന് കാലതാമസം നേരിട്ടതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതെ വരികയും Cost Index മാറുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം 14.71 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് Phase-I, Phase- II ആയി തിരിച്ച് Phase-I-ൽ നിലവിൽ സ്ഥലം ലഭിച്ചതനുസരിച്ച് 450 ലക്ഷം രൂപയിൽ നിജപ്പെടുത്തി 2015-ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിലെ ആശുപത്രികൾ**

170 (3197) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ വകുപ്പിന് കീഴിലുള്ള ഏതൊക്കെ ആശുപത്രികളുടെ നിർമ്മാണപ്രവൃത്തികളാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്ത

പി.എച്ച്.സി. പേരയം, പി.എച്ച്.സി. തൃക്കോവിൽവട്ടം എന്നീ സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം കുണ്ടറ താലൂക്കാശുപത്രിയിൽ 76.13 കോടി (എഴുപത്തി ആറ് കോടി പതിമൂന്ന് ലക്ഷം രൂപ) രൂപയുടെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതിയും 35.36 കോടി (മുപ്പത്തി അഞ്ച് കോടി മുപ്പത്തി ആറ് ലക്ഷം രൂപ) രൂപയുടെ സാമ്പത്തികാനുമതിയും നല്കിയിട്ടുണ്ട്. കുണ്ടറ നിയോജകമണ്ഡലത്തിൽ പെരിനാട് സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഫണ്ട് (198 ലക്ഷം രൂപ) ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടന്നുവരുന്നു.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ളതും കരാർ ചെയ്തിട്ടുള്ളതുമായ പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്ന് തരം തിരിച്ച് അറിയിക്കുമോ?

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) (ഭരണാനുമതി) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പി.എച്ച്.സി. എലംപല്ലൂരിനെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി | 15.15 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 2 | പി.എച്ച്.സി. പേരയത്തെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി | 20.57 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| 3 | പി.എച്ച്.സി. പെരിനാടിനെ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി | 17.05 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| 4 | സബ് സെന്റർ പെരുംപുഴയെ എച്ച്. ആൻഡ് ഡബ്ല്യൂ.സി. ആക്കി മാറ്റുന്ന പ്രവൃത്തി | 7.01 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| 5 | സി.എച്ച്.സി. നെടുപനയെ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി. ആക്കി മാറ്റുന്ന പ്രവൃത്തി | 37.50 | ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |

KASH സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തുന്നതിനായി വകുപ്പിലെ പ്ലാൻ ഫണ്ട് മുഖേന 2020-21 സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തികൾക്കായി കണ്ണനല്ലൂർ

സർക്കാർ ആയുർവേദ ഡിസ്പൻസറിക്ക് 5,02,000 രൂപയുടേയും കൊറ്റങ്കരം സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് 4,73,000 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ വകുപ്പിന് കീഴിലുള്ള വിവിധ ആശുപത്രികളിൽ ജീവനക്കാരുടെ അനുവദിക്കപ്പെട്ട അംഗബലം, നിലവിലുള്ള ജീവനക്കാരുടെ എണ്ണം, വിവിധ തസ്തികകളിലെ ഒഴിവുകൾ, എന്നിവ സംബന്ധിച്ച വിവരം ഓരോ ആശുപത്രി തിരിച്ച് നൽകാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

## നിലമ്പൂർ ജില്ലാ ആശുപത്രിയിലെ 'വിമുക്തി' കേന്ദ്രം

171 (3198) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ നടത്തുന്നുണ്ടോ; കിടത്തി ചികിത്സ നിർത്തി വച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോവിഡ്-കോവിഡേതര ചികിത്സയ്ക്ക് വരുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും ഒരു വാർഡ് കോവിഡ് വാർഡാക്കി മാറ്റിയതിനാലും പ്രസവാനന്തരം അഡ്മിറ്റാക്കേണ്ട സ്ത്രീകളെ ഉൾക്കൊള്ളാൻ സാധിക്കാത്തതിനാലും വിമുക്തിയിലെ ഐ.പി. വിഭാഗം ബെഡ്ഡുകൾ താൽക്കാലികമായി പ്രസവാനന്തര ചികിത്സക്ക് ഉപയോഗിക്കേണ്ടി വന്നതുകൊണ്ടാണ് 'വിമുക്തി' ലഹരി വിമുക്ത കേന്ദ്രത്തിൽ കിടത്തി ചികിത്സ ഇല്ലാത്തത്.

(ബി) ആഴ്ചയിൽ എത്ര ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് ഇപ്പോൾ എപ്രകാരമാണ് ചികിത്സ നൽകുന്നതെന്ന് വിശദമാക്കാമോ?

ആഴ്ചയിൽ മൂന്ന് ദിവസമാണ് വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത്. വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിൽ സ്ഥിരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൈക്യാട്രിസ്റ്റ് ഇല്ലാത്തതിനാൽ മഞ്ചേരി മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റിന്റെ സേവനമാണ് ലഭിക്കുന്നത്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നു.

(സി) വിമുക്തി ലഹരി വിമുക്ത കേന്ദ്രത്തിന്റെ നടത്തിപ്പ് ചെലവുകൾ വഹിക്കുന്നത് ഏത് വകുപ്പാണെന്നും നിലമ്പൂർ ജില്ലാ ആശുപത്രിയിൽ വിമുക്തി ലഹരി വിമുക്ത കേന്ദ്രം സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ ലഹരി മോചന കേന്ദ്രത്തിലെ ചെലവുകൾ വഹിക്കുന്നത് എക്സൈസ് വകുപ്പാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് 4,03,931 രൂപ ചെലവായിട്ടുണ്ട്.

(ഡി) പ്രസ്തുത കേന്ദ്രത്തിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് ആവശ്യമായ സൗകര്യം അടിയന്തരമായി ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുമോ?

കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് കോവിഡിന്റെ വ്യാപനം കുറയുന്നതിനനുസരിച്ച് വിമുക്തി വാർഡ് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ**

172 (3199) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പാലമേലിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിക്കുന്നം, നൂറനാട്, തഴക്കര, താമരക്കുളം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

തഴക്കര കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ഉം എൽ.എസ്.ജി.ഡി.-യും മുഖേന അനുവദിച്ച (15.5 + 22.5) 38 ലക്ഷം രൂപ ഉപയോഗിച്ച് യോഗാറൂം, പാലിയേറ്റീവ്, ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം എന്നിവ പണികഴിപ്പിച്ചു.

എം.എൽ.എ. ഫണ്ട് മുഖേന 57 ലക്ഷം രൂപ ഒ.പി, വെയ്റ്റിംഗ് ഏരിയ, ഒബ്സർവേഷൻ റൂം, നേഴ്സിംഗ് സ്റ്റേഷൻ, ലാബ് എന്നിവയ്ക്കായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ലാബ് മുതലായവയ്ക്ക് കെട്ടിടം ലഭ്യമല്ലാത്തതിനാൽ പൂർണ്ണതോതിൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നൂറനാട് കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ന്റേയും എൽ.എസ്.ജി.ഡി.-യുടേയും ഫണ്ടായ (16+2) 18 ലക്ഷം രൂപ ചെലവിൽ ഒ.പി. ബ്ലോക്ക് കെട്ടിടം പണി ആരംഭിച്ചു. എം.എൽ.എ. ഫണ്ട് 48 ലക്ഷം രൂപ ചെലവിൽ ലാബ്, ഫാർമസി, സ്റ്റോർ, ഇമ്മ്യൂണൈസേഷൻ എന്നിവയുള്ള കെട്ടിടം പൂർത്തിയാക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. പാലമേൽ കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം. ഫണ്ട് 8 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രമാക്കി. എൻ.എച്ച്.എം. ഫണ്ടായ 18 ലക്ഷം രൂപ ഉപയോഗിച്ച് താമരക്കുളം കുടുംബാരോഗ്യകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചു. വള്ളിക്കുന്നം കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം.-ന്റേയും എൽ.എസ്.ജി.ഡി.-യുടേയും ഫണ്ടായ (15+15) 30 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 35 ലക്ഷം രൂപ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യൂ.ഡി. മുഖാന്തരം ഒ.പി. ബ്ലോക്കിന്റെ വർക്ക് പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രം ആയി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

26-7-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1555/2021/ആ.കു.വ., പ്രകാരം ഒരു അസംബ്ലി മണ്ഡലത്തിൽ ഒന്ന് വീതം ആരോഗ്യ സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കുടുംബാരോഗ്യകേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) പ്രസ്തുത ഐസൊലേഷൻ വാർഡിലെ സജ്ജീകരണങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

മേൽ യൂണിറ്റിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ്, അടിയന്തര ചികിത്സയ്ക്കുള്ള റെസെഷൻ യൂണിറ്റ്, നഴ്സിംഗ് യൂണിറ്റ്, ഡോക്ടർ കൺസൾട്ടേഷൻ റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. ഏതൊരു അടിയന്തര സാഹചര്യത്തേയും നേരിടുന്നതിന് ഇടതടവില്ലാതെയുള്ള ഓക്സിജൻ സംവിധാനവും സക്ഷൻ സംവിധാനവും ടി യൂണിറ്റിൽ ഒരുക്കുന്നുണ്ട്.

## പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

173 (3200) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ആശുപത്രിയെ 2011-ൽ താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയെങ്കിലും അതിനനുസൃതമായി കൂടുതൽ ഡോക്ടർമാർ, മറ്റ് സ്റ്റാഫുകൾ എന്നിവരുടെ നിയമനമോ കൂടുതൽ സംവിധാനങ്ങളോ ഇനിയും അനുവദിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1-3-2011-ലെ സ.ഉ.(സാധാ) നമ്പർ 821/2011/ആ.കു.വ പ്രകാരം പുതുക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുകയുണ്ടായി. 10 ഡോക്ടർമാർ ഉൾപ്പെടെ 47 സ്ഥിരം ജീവനക്കാരും NHM Covid Staff, HMC, RSBY, ICTC, Paliative Care എന്നിവ വഴി 29 ജീവനക്കാരും ജോലി ചെയ്ത് വരുന്നുണ്ട്. ജീവനക്കാരുടെ വിശദാംശം അനുബന്ധം -I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) രണ്ട് ഗൈനക്കോളജി ഡോക്ടർമാർ ഉണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള അസൗകര്യം പരിഹരിക്കുന്നതിനും, ഒ.പി. ഡ്യൂട്ടികൾക്ക് കൂടുതൽ ഡോക്ടർമാരെ നിയമിച്ച് ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ടി ആശുപത്രിയിൽ നിലവിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ അഭാവംമൂലം ഗൈനക്കോളജി വിഭാഗം ഡോക്ടർമാർക്കും കാഷ്വാലിറ്റി ഡ്യൂട്ടി ചെയ്യേണ്ടി വരുന്നതിനാലാണ് ഗൈനക്കോളജി വിഭാഗം പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത്. ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റുമാരുടെ 2 തസ്തികകളുണ്ട്. നിലവിൽ ടി 2 തസ്തികകളിലും ഡോക്ടർമാർ ജോലി ചെയ്തുവരുന്നു.

### കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

174 (3201) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും അവ എല്ലാം പ്രവർത്തനസജ്ജമാണോ എന്നും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഏതാനും ചിലത് ഒഴിച്ച് ബാക്കിയുള്ളവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഈ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

സ്വന്തമായി കെട്ടിടം ഇല്ലാത്തതും വൈദ്യുതി, വെള്ളം എന്നിവയുടെ ദൗർലഭ്യം കാരണവുമാണ്.

(സി) മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും പ്രസ്തുത കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. സബ്സെന്റർ കൂറാറ, ഐ.സി.ഡി.എസ്. പാട്യം, ഏലംകോട് സബ്സെന്റർ, പുല്ലൂക്കര സബ്സെന്റർ, പൂക്കോട് സബ്സെന്റർ, പെരിങ്ങത്തൂർ സബ്സെന്റർ, കീഴ്മാടം സബ്സെന്റർ, വടക്കെ പൊയിലൂർ സബ്സെന്റർ എന്നിവയ്ക്ക് കെട്ടിടങ്ങളില്ല. 2021-22 സാമ്പത്തിക വർഷത്തിൽ സബ്സെന്റർ കൂറാറ (Sub Centre, Koorara), ചെണ്ടയാട് (Chendayad), പുല്ലൂക്കര (Pullookkara) എന്നിവയ്ക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി എൻ.എച്ച്.എം. ഫണ്ടായ 201 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (ഒരെണ്ണത്തിന് 67 ലക്ഷം രൂപ വീതം). ആയതിന്റെ നിർമ്മാണപ്രവൃത്തികൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഫണ്ട് അനുവദിച്ചിട്ടും പണി തുടങ്ങാത്തതോ പൂർത്തിയാകാത്തതോ ആയ മണ്ഡലത്തിലെ ഉപകേന്ദ്രങ്ങളുടെ വിവരവും ആയതിന്റെ നിലവിലെ അവസ്ഥയും അനുവദിച്ച ഫണ്ട് എത്രയെന്നും വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നിലവിലെ സബ് സെന്ററുകളായ കരിയാട് (Kariyad), കിടഞ്ഞി (Kidanji), പെരിങ്ങത്തൂർ (Peringathoor), പുല്ലൂക്കര (Pullookkara), കീഴ്മാടം (Keezhmadom), എലങ്ങോട് (Elangode), പാലത്തായ് (Palathai), കോട്ടയം എരുവട്ടി Kottayam Eruvetti), തള്ളോട് (Thallod), പൂക്കോട് (Pookkod), ഐ.സി.ഡി.എസ്. ചെണ്ടയാട് (ICDS Chendayad), കൊലവല്ലൂർ (Kolavallur), ചെറുപറമ്പ (Cheruparamba), കൈവേലിക്കൽ (Kaivelikkal), മൊകേരി (Mokeri), കൂറാറ (Koorara), ചെറുവാഞ്ചേരി (Cheruvancheri), ഐ.സി.ഡി.എസ്. പാട്ടിയം (ICDS

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Pattiyam), പത്തായകുന്ന് (Pathayakunnu), തെണ്ടാപറമ്പ (Thendaparamba), കടവത്തൂർ (Kadavathoor), കള്ളികണ്ടി (Kallikandi), വിളക്കോത്തൂർ (Vilakothoor) എന്നിവയെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ സെന്ററിനും 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി.**

175 (3202) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളും 2 കുടുംബാരോഗ്യ കേന്ദ്രങ്ങളും 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമുണ്ട്.

(ബി) പ്രസ്തുത ഹെൽത്ത് സെന്ററുകളിലെ തസ്തികകളുടെ എണ്ണവും അതിലെ ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളിലെ തസ്തികകളുടെ എണ്ണവും ഒഴിവുകൾ ഇനം തിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തസ്തികകളുടെ എണ്ണം | തസ്തികകളുടെ ഒഴിവ് ഇനം തിരിച്ച് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സി.എച്ച്.സി., ഇരിക്കൂർ | 37 | 3 എണ്ണം (കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-1, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1, ദന്തൽ ഹൈജീനിസ്റ്റ് -1) |
| 2 | സി.എച്ച്.സി., കുട്ടുമുഖം | 30 | 3 എണ്ണം (ജെ.പി.എച്ച്.എൻ-1, പി.എച്ച്.എൻ -1, ജെ.എച്ച്.ഐ -1) |
| 3 | എഫ്.എച്ച്.സി., ആലക്കോട്-തേർത്തല്ലി | 24 | 1 എണ്ണം (ജെ.പി.എച്ച്.എൻ -1) |
| 4 | എഫ്.എച്ച്.സി., ഉദയഗിരി | 26 | ഇല്ല |
| 5 | പി.എച്ച്.സി., എരുവേശ്ശി | 11 | 3 എണ്ണം (ഹെൽത്ത് ഇൻസ്പെക്ടർ-1, പി.എച്ച്.എൻ.-1, ക്ലാർക്ക് -1) |
| 6 | പി.എച്ച്.സി., ചുഴലി | 10 | 1 എണ്ണം (ജെ.എച്ച്.ഐ. -1) |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | പി.എച്ച്.സി., ചെങ്ങളായി | 23 | 1 എണ്ണം (പി.എച്ച്.എൻ.-1) |
| 8 | പി.എച്ച്.സി., നടുവിൽ | 23 | 1 എണ്ണം (പി.എച്ച്.എൻ.-1) |
| 9 | പി.എച്ച്.സി., ആലക്കോട്-മണക്കടവ് | 10 | ഇല്ല |
| 10 | പി.എച്ച്.സി., ചന്ദനക്കാംപാറ | 24 | 7 എണ്ണം (സ്റ്റാഫ് നഴ്സ് - 1, ഫാർമസിസ്റ്റ് -1, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1, പി.എച്ച്.എൻ. -1, ജെ.എച്ച്.ഐ -2, ക്ലാർക്ക് -1) |
| 11 | പി.എച്ച്.സി., കുടിയാൻമല | 10 | 1 എണ്ണം (ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1) |

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ സുഗമമായ പ്രവർത്തനം കണക്കാക്കിയും കോവിഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും NHM/daily wages ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

(സി) മതിയായ ജീവനക്കാരില്ലാത്തതുമൂലം ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുന്നുണ്ടോ?

മതിയായ ജീവനക്കാരില്ലാത്തതുമൂലം ടി നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊല്ലം ജില്ലാ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതി**

176 (3203) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിന് 104.48 കോടി രൂപയുടെ സാമ്പത്തിക അനുമതി 26-2-2021-ലെ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ GRIHA 3 star rating

ലഭിക്കുന്നതിന് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ സാമ്പത്തിക അനുമതിക്കുള്ള ശിപാർശ കിഫ്ബിയിൽ നൽകിയശേഷം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാണ് സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദ്ദേശിച്ചിട്ടുള്ളത്. GRIHA 3 star rating ഉറപ്പുവരുത്തുന്നതിന് വിശദമായ പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി.എൽ. നടത്തിവരികയാണ്. ഇത് പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി വാങ്ങിയ ശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. വിശദ പദ്ധതിരേഖയിൽ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി കിഫ്ബിയുടെ അനുമതി വാങ്ങി എത്രയുംവേഗം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മങ്ങാട് കുടുംബാരോഗ്യകേന്ദ്രം നവീകരിക്കുന്നതിന് നടപടി**

177 (3204) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ മങ്ങാട് കുടുംബാരോഗ്യകേന്ദ്രം ആധുനിക രീതിയിൽ നവീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം രീതിയിലുള്ള നവീകരണപ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്ങാട് കുടുംബരോഗ്യ കേന്ദ്രത്തിൽ ചികിൽസാരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടു വന്നിട്ടുള്ളത് എന്നറിയിക്കാമോ?

(ബി&സി) ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം എന്നിവയ്ക്കായി ആരോഗ്യ കേരളം വഴി 15.5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആർ.ഒ.പി. 2021-22 പ്രകാരം 110.89 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ**

178 (3205) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹീമോഫീലിയ രോഗികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്ത് 1868 ഹീമോഫീലിയ രോഗികളുണ്ട്.

(ബി) ഹീമോഫീലിയ രോഗികൾക്ക് സർക്കാർ നിലവിൽ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന വിശദവിവരം ലഭ്യമാക്കുമോ?

i. രോഗനിർണ്ണയത്തിനുള്ള സൗകര്യം

ii. സൗജന്യ ഫാക്ടർ ചികിത്സാ സൗകര്യം

iii. ഫിസിയോതെറാപ്പി

iv. കാരുണ്യ ഫാർമസി മുഖേന സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നുണ്ട്.

v. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന പെൻഷൻ

vi. പത്ത് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധത്തിനുള്ള factor നൽകുന്നുണ്ട്. ടി രോഗികൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.

vii. ഡോ.കെയർ സെന്റർ, ആശാധാര പദ്ധതി, ഒ.പി. ചികിത്സയ്ക്ക് പുറമേ ഇ-സഞ്ജീവനി മുഖേനയും ഇൻഹിബിറ്റർ ക്യാമ്പുകളും ട്രെയിനിംഗ് ക്യാമ്പുകളും നടത്തിവരുന്നു.

viii. Factor 8 തെറാപ്പി സൗജന്യമായി നൽകുന്നു.

(സി) മലപ്പുറം ജില്ലയിൽ ഹീമോഫീലിയ രോഗികൾ കൂടുതലായുള്ള സാഹചര്യത്തിൽ, ആലുവ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ മാതൃകയിൽ തിരൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

തിരൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പേരാമ്പ്ര ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്ന നടപടി

178 (3206) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇതനുസരിച്ച് ഈ കേന്ദ്രങ്ങളിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി പേരാമ്പ്ര നിയോജക മണ്ഡലത്തിലെ നൊച്ചാട്, അരിക്കുളം, ചങ്ങരോത്ത്, പെരുവണ്ണാമൂഴി, പന്നിക്കോട്ടൂർ, മേപ്പയ്യൂർ, കീഴരിയൂർ, കൂത്താളി, തുറയൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. ആർദ്രം പദ്ധതി ഒന്നാം ഘട്ടം പേരാമ്പ്ര നിയോജകമണ്ഡലത്തിലെ നൊച്ചാട്, അരിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. ടി സ്ഥാപനങ്ങളിൽ യഥാക്രമം ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, 2 വീതം സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, 1 വീതം ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2, 1 വീതം ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി രണ്ടാം ഘട്ടം പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചങ്ങരോത്ത്, പെരുവണ്ണാമൂഴി, പന്നിക്കോട്ടൂർ, മേപ്പയ്യൂർ, കീഴരിയൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഭൗതിക സാഹചര്യങ്ങൾ ഉയർത്തി ലാബ് സൗകര്യം നൽകി ചങ്ങരോത്ത്, പെരുവണ്ണാമൂഴി, മേപ്പയ്യൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ചങ്ങരോത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും പെരുവണ്ണാമൂഴി എഫ്.എച്ച്.സി.യിൽ ഒരു ഡോക്ടർ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തന്നെ 12-6-2020-ലെ സ.ഉ(സാധാ) നമ്പർ 1068/2020/ആ.കു.വ, പ്രകാരം ആവള പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഭൗതിക സാഹചര്യങ്ങൾ, ലാബ് സൗകര്യം എന്നിവ വർദ്ധിപ്പിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തിച്ചുവരികയാണ്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പന്നിക്കോട്ടൂർ, കീഴരിയൂർ എന്നീ

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പന്നികോട്ടൂർ എഫ്.എച്ച്.സി.യിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും കീഴരിയൂർ എഫ്.എച്ച്.സി-യിൽ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. മൂന്നാം ഘട്ടം പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൂത്താളി, തുറയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ആശുപത്രി ഏത് വിഭാഗത്തിലാണുള്ളതെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര സർക്കാർ ആശുപത്രിയെ 6-11-2008-ലെ G.O(MS) No.568/2008/H&FWD പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

180 (3207) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ജില്ലാതല അവലോകന യോഗങ്ങളിലൂടെയും സംസ്ഥാനതല റിപ്പോർട്ടിംഗിലൂടെയും നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് സ്ഥാപനം നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രങ്ങളാണ് മുതലമട, പല്ലശ്ശേന, അയിലൂർ, വടവന്നൂർ, എലവഞ്ചേരി എന്നിവ. ഇതിൽ മുതലമട, പല്ലശ്ശേന, അയിലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ടി സ്ഥാപനങ്ങൾ നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. വടവന്നൂർ, എലവഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന ജോലികൾ ഏകദേശം 70%-ത്തോളം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രം നെല്ലിയാമ്പതി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) നിലവിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്ത വടവന്നൂർ, എലവഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി തെരഞ്ഞെടുത്ത നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം**

181 (3208) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി ഉത്തരവായ പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപ 19-10-2019-ലെ സ.ഉ.(സാധാ) നമ്പർ 2502/2019/ആ.കു.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കെട്ടിട നിർമ്മാണത്തിനാവശ്യമായ സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് കോമ്പോസിറ്റ് ടെണ്ടറിംഗ് മോഡ് പ്രകാരം തയ്യാറാക്കി പുനഃസമർപ്പിക്കുവാൻ തിരിച്ചയച്ചിരിക്കുകയാണ്. ആയതിനുള്ള നടപടി നിർമ്മാണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. മുഖേന സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം

182 (3209) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് വളരെ പ്രയോജനപ്പെടേണ്ട പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ; യൂണിറ്റിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) ഷൊർണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് യൂണിറ്റിലേയ്ക്ക് അനുവദിച്ച ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്തുസ്ഥാപിച്ചിട്ടുണ്ട്. ഭാരത് പെട്രോളിയം സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനങ്ങൾക്കായി ഷൊർണ്ണൂർ നഗരസഭയിലെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലം ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരിചയസമ്പന്നരായ ജീവനക്കാരെയും ആവശ്യമായ ജലവും ലഭ്യമാക്കുന്ന മുറയ്ക്ക് ഷൊർണ്ണൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## മഞ്ചേശ്വരം സി.എച്ച്.സി.

183 (3210) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സി.എച്ച്.സി.-യുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സി.എച്ച്.സി.-യുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത എന്തെല്ലാമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം കാലപ്പഴക്കമുള്ളതാണ്. 20-3-2020-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 619/2020/H&FWD പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഇവിടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സി.എച്ച്.സി.-ക്ക് നിലവിലുള്ള ഭൂമിയുടെ അളവെത്രയാണെന്നും നിലവിൽ ഇവിടെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ എപ്പോൾ നിർമ്മിച്ചതാണെന്നും വിശദമാക്കുമോ?

മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രം 1.5 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മെയിൻ ബിൽഡിംഗ്, ഒ.പി. ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയാണ് നിലവിലുള്ള കെട്ടിടങ്ങൾ. മെയിൻ ബിൽഡിംഗ് പഴയ കെട്ടിടമാണ്. ഒ.പി. ബ്ലോക്ക് 2006-ൽ നിലവിൽ വന്നതുമാണ്.

(സി) പ്രസ്തുത സി.എച്ച്.സി.-യിലെ കെട്ടിടത്തിന്റെ പല ഭാഗങ്ങളും അടർന്ന് വീണതായും കെട്ടിടം കാലപ്പഴക്കം കാരണം ദ്രവിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം കാലപ്പഴക്കമുള്ളതാണ്. 20-3-2020-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 619/2020/H&FWD പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഇവിടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സി.എച്ച്.സി.-ക്ക് ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എന്തുകൊണ്ടാണ് സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ; പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റവന്യൂ ബ്ലോക്കിൽ നിന്നും മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിനെ 20-3-2020-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 619/2020/H&FWD പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിലേയ്ക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മേൽ ഉത്തരവ് പ്രകാരം 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഈ സി.എച്ച്.സി.-യിൽ ഏതൊക്കെ തസ്തികകളാണ് ഉള്ളതെന്നും ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള തസ്തികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1 | അസി.സർജൻ | 4 | 1- വർക്കിംഗ് അറേഞ്ച്മെന്റ് ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, 1- ശൂന്യവേതനാവധി |
| 2 | ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി | 1 | ജോലി ക്രമീകരണ വ്യവസ്ഥയിൽ ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് ജോലി ചെയ്തു വരുന്നു. |
| 3 | ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | 1 | ജോലി ക്രമീകരണ വ്യവസ്ഥയിൽ ജനറൽ ആശുപത്രി കാസർഗോഡ് |
| 4 | അസി. ഡെന്റൽ സർജൻ | 1 | |
| 5 | സ്റ്റാഫ് നഴ്സ് | 2 | |
| 6 | ഫാർമസിസ്റ്റ് | 1 | |
| 7 | ലാബ് ടെക്നീഷ്യൻ | 1 | |
| 8 | നഴ്സിംഗ് അസിസ്റ്റന്റ് | 3 | |
| 9 | ആശുപത്രി അറ്റൻഡന്റ് | 3 | |
| 10 | ക്ലാർക്ക് | 1 | |
| 11 | ഓഫീസ് അറ്റൻഡന്റ് | 1 | |
| 12 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 | |
| 13 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 4 | |
| | ആകെ | 28 | |

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരു ഒഴിവുണ്ട്. എൻ.എച്ച്.എം. വഴി ഒരു ഫാർമസിസ്റ്റ്, 1- ഫിസിയോതെറാപ്പിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് വഴി ഒരു സ്റ്റാഫ് നഴ്സും അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറും ജോലി ചെയ്തുവരുന്നു.

(എഫ്) നിലവിൽ പ്രസ്തുത സി.എച്ച്.സി.-യുടെ പ്രവർത്തനസമയം ഏതാണെന്നു വ്യക്തമാക്കുമോ; പ്രവർത്തനസമയത്തിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഇവിടെനിന്നും ലഭ്യമാക്കുന്നത്; ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാക്കുന്ന സമയം വ്യക്തമാക്കുമോ?

നിലവിൽ ആശുപത്രി പ്രവർത്തന സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ്. ഒ.പി, ഫാർമസി, ലാബ്, കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ, ഡെന്റൽ ഒ.പി, ഫിസിയോതെറാപ്പി, പ്രൈമറി ആൻഡ് സെക്കന്ററി പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ മുതലായ സേവനങ്ങൾ നൽകിവരുന്നു. നിലവിലുള്ള നാല് അസിസ്റ്റന്റ് സർജന്മാരിൽ ഒരു ഡോക്ടർ ജില്ലാ ആശുപത്രി കാഞ്ഞങ്ങാടും ഒരാൾ ശൂന്യവേതനാവധിയിലുമാണ്. ആയതിനാലാണ് സായാഹ്ന ഒ.പി. പ്രവർത്തിക്കാത്തത്. ഡോക്ടർമാരുടെ സേവനം നിലവിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ലഭ്യമാണ്.

**കുന്നംകുളം താലൂക്ക് ആശുപത്രി വികസനം**

184 (3211) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണുള്ളത്?

കുന്നംകുളം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി കിഫ്ബി വഴി പ്രഖ്യാപിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ബി&സി) കുന്നംകുളം താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബി പദ്ധതിയിൽപ്പെടുത്തി 18-2-2020-ന് സർക്കാർ 97.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് പഴയ കെട്ടിടങ്ങൾ പൊളിച്ചു

മാറ്റുന്നതിനുള്ള അനുമതി 22-3-2021-ൽ സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകൽ തയ്യാറാക്കി നൽകിയിട്ടുള്ള വിശദ പദ്ധതിരേഖ അംഗീകരിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച ശേഷം മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി**

185 (3212) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് 22-1-2020-ലെ ഫയൽ നമ്പർ ഹെൽത്ത്-എഫ്.ഡബ്ല്യു 1/6/2020 പ്രകാരം നൽകിയ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യു1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

(ബി) ഡിസ്പെൻസറിയോ സബ് സെന്ററോ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയൽ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കമ്പ്യൂട്ടർ നമ്പർ ലഭ്യമാക്കാമോ; ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. കുമ്മണ്ണൂരിൽ ഡിസ്പെൻസറി/സബ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയലിന്റെ കമ്പ്യൂട്ടർ നമ്പർ 1411536 ആണ്. ഈ വിഷയം സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. യുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രം**

186 (3213) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എറണാകുളം ജില്ലയിലെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ സിവിൽ സർജൻ തസ്തികയിൽ ഒഴിവ് ഇല്ല.

(ബി) പ്രസ്തുത സി.എച്ച്.സി-യിൽ പോസ്റ്റ്മോർട്ടം നടപടികൾ നിർവ്വഹിക്കുന്നതിനായി ഫോറൻസിക് സർജന്റെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയാൻ നിയമ ഭേദഗതി**

187 (3214) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതും തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകാമോ?

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006, റൂൾസ് ആൻഡ് റെഗുലേഷൻസ് 2011 പ്രകാരമാണ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 എന്നത് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് നിയമം നടപ്പിലാക്കുക എന്നതിലുപരി ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരമില്ല. ടി നിയമത്തിലെ സെക്ഷൻ 26, 27 പ്രകാരം ഗുണനിലവാരം കുറഞ്ഞതോ (Substandard) ആരോഗ്യത്തിന് ഏതെങ്കിലും തരത്തിൽ ഹാനികരമായതോ (Unsafe) ആയിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ നടത്താൻ പാടില്ലാത്തതാകുന്നു. സെക്ഷൻ-51 പ്രകാരം വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നത് ഒരു ലക്ഷം രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ആരോഗ്യത്തിന് ഹാനികരമാവുന്ന ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ കുറ്റകൃത്യത്തിന്റെ തീവ്രത അനുസരിച്ച് പരമാവധി ജീവപര്യന്ത്യം വരെയും 10 ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. സെക്ഷൻ-51 പ്രകാരം ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിൽപ്പന, വിതരണം എന്നീ പ്രവൃത്തികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

(ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് മദ്ധ്യപ്രദേശ് സർക്കാർ അടുത്തകാലത്ത് നടപ്പിലാക്കിയ നിയമ ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കാമോ?

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 എന്നത് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് നിയമം നടപ്പിലാക്കുക എന്നതിലുപരി ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

**ജൈവ പച്ചക്കറിയിലെ കീടനാശിനി സാന്നിദ്ധ്യം**

188 (3215) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറിയെന്ന പേരിൽ കീടനാശിനി സാന്നിദ്ധ്യമുള്ള പച്ചക്കറികൾ സംസ്ഥാനത്തുടനീളം വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനയിൽ 981 പച്ചക്കറി സാമ്പിളുകൾ (ജൈവ പച്ചക്കറി ഉൾപ്പെടെ) ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 80 പച്ചക്കറി സാമ്പിളുകളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒരു ജൈവ പച്ചക്കറി സാമ്പിളിൽ (കാരറ്റ്) Chlorpyrifos എന്ന കീടനാശിനിയുടെ സാന്നിദ്ധ്യം ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ എത്തുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യമുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം 2006 പ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധന നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തിവരുന്നുണ്ട്. ടി പരിശോധനയിൽ പഴം, പച്ചക്കറി എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള

അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുന്നു. ടി ലാബുകളിൽ പച്ചക്കറികളിലെയും പഴങ്ങളിലെയും കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer, High Performance Liquid Chromatograph എന്നീ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. ടി പരിശോധനകളിൽ "Unsafe” ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായ ("Substandard") പരിശോധനാഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

**ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ**

189 (3216) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രണത്തിനായി പൊതുവെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ വർഷവും ഉണ്ടാകാറുള്ള കൊതുകുജന്യരോഗങ്ങൾ, ജലജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ തുടങ്ങിയവും അവമൂലമുള്ള മരണങ്ങളെ പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനുമായി 2018 മുതൽ സർക്കാർ " ആരോഗ്യ ജാഗ്രത " എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി ഓരോ വർഷവും ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ വ്യക്തമായ പ്രവർത്തനകലണ്ടറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പകർച്ചവ്യാധി വ്യാപനത്തെ സ്വാധീനിക്കുന്ന സാമൂഹിക, പാരിസ്ഥിതിക ഘടകങ്ങൾ നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിന് വേണ്ടിയുള്ള ഇന്റർസെക്ടറൽ യോഗങ്ങൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുതലങ്ങളിൽ നടത്തുകവഴി തദ്ദേശസ്വയംഭരണം, ജലവിഭവം, സാമൂഹ്യനീതി, കൃഷി, മൃഗ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി വിവിധ വകുപ്പുകളുടെയും ശുചിത്വമിഷൻ, കുടുംബശ്രീമിഷൻ, ഹരിത കേരള മിഷൻ, ജല അതോറിറ്റി, ഭക്ഷ്യ സുരക്ഷാ കമ്മീഷൻ തുടങ്ങിയവയുടെയും സർക്കാരിതര

സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷൻ, മത/സാമുദായിക സംഘടനകൾ, തൊഴിൽ സംഘടനകൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങി വിവിധ തുറകളിലുള്ളവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയാണ് ആരോഗ്യ വകുപ്പ് ആരോഗ്യ ജാഗ്രതാ പരിപാടി നടപ്പിലാക്കുന്നത്. വാർഡുതല ആരോഗ്യ ശുചിത്വസമിതികൾ അതാത് വാർഡ് മെമ്പർമാരുടെയും കൗൺസിലർമാരുടേയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ശാക്തീകരിച്ച് ഫീൽഡുതല രോഗനിരീക്ഷണ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആശ, അങ്കണവാടി, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരെയും ഉൾപ്പെടുത്തി ആരോഗ്യ സേനകൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ സേനാംഗങ്ങൾ ഗൃഹ, സ്ഥാപന, പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശനം നടത്തി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മാലിന്യ സംസ്കരണം, മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് സർവ്വേ, കൊതുകിന്റെ ഉറവിട നശീകരണം (ഡ്രൈ ഡേ ആചരണം), കുടിവെള്ളം ക്ലോറിനേഷൻ, ജലഗുണനിലവാര പരിശോധന, എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ തുടങ്ങിയവ ജനപങ്കാളിത്തത്തോടെ നടത്തുന്നതിനൊപ്പം ബോധവൽക്കരണവും നൽകിവരുന്നു. കൂടാതെ പൊതുജനാരോഗ്യ നിമയപ്രകാരമുള്ള പരിശോധനകൾ ഭക്ഷണശാലകളിലും സ്ഥാപനങ്ങളിലും മറ്റും നടത്തുകയും പകർച്ചവ്യാധിക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാർഡുതലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലത്തിൽ വാർഡൊന്നിന് 40,000 രൂപ (ശുചിത്വമിഷൻ - ₹20000, എൻ.എച്ച്.എം. - ₹ 10000, തനതു ഫണ്ട് - ₹ 10000) പഞ്ചായത്തിൽ വാർഡൊന്നിന് 30000 രൂപ (ശുചിത്വമിഷൻ - ₹ 10,000, എൻ.എച്ച്.എം ₹ 10000, തനതു ഫണ്ട് - ₹ 10000) അനുവദിച്ചിട്ടുണ്ട്. പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് ദിന, വാര, മാസാചരണങ്ങളും പകർച്ചവ്യാധി പ്രതിരോധം, ബോധവൽക്കരണ ക്യാമ്പയിനുകളും ഇതോടൊപ്പം നടത്തിവരുന്നുണ്ട്. ലോക മലമ്പനി ദിനാചരണം (ഏപ്രിൽ 25), ദേശീയ ഡെങ്കിപ്പനി ദിനാചരണം (മേയ് 16), മലമ്പനി വിരുദ്ധ മാസാചരണം (ജൂൺ) ലോക പരിസ്ഥിതി ദിനാചരണം (ജൂൺ 5), ഡെങ്കി വിരുദ്ധമാസാചരണം (ജൂലൈ), ഒ.ആർ.ടി. വാരാചരണവും ഇന്റൻസിഫൈഡ് ഡയറിയ കൺട്രോൾ ഫോർട്ട്നൈറ്റ് ആചരണവും ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം (ജൂലൈ 28) തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. ബോധവൽക്കരണ ശീലവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പത്ര, ദൃശ്യ, ശ്രാവ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. ആരോഗ്യ പ്രവർത്തകർക്ക്

ആവശ്യമായ പരിശീലനവും ഓൺലൈനായി നൽകി വരുന്നു. ഐ.ഡി.എസ്.പി, എൻ.വി.ബി.ഡി.സി.പി, വയറിളക്ക രോഗനിയന്ത്രണ പരിപാടി, എൻ.വി.എച്ച്.സി.പി, എലിപ്പനി നിയന്ത്രണ പരിപാടി (PPCL) തുടങ്ങിയവയുടെ ഭാഗമായി പകർച്ചവ്യാധിബാധിതരുടെ വിവരങ്ങൾ ദിവസേന/ആഴ്ചതോറും നിരീക്ഷിക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്നതിനുള്ള അപകടസൂചനകൾ (വാണിംഗ് സൈൻ) മുൻകൂട്ടി മനസ്സിലാക്കി അത്തരം പ്രദേശങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ വിശകലനംനടത്തി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതുവഴി രോഗം പൊട്ടിപ്പുറപ്പെടുന്നത് നിയന്ത്രണ വിധേയമാക്കുവാനും മരണം കുറയ്ക്കുവാനും സാധിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രതലങ്ങളിലും ജില്ലാ-സംസ്ഥാനതലങ്ങളിലും ആഴ്ചയിലൊരിക്കൽ അവലോകനയോഗം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി പ്രവർത്തനം ശക്തിപ്പെടുത്തുന്നുണ്ട്. പകർച്ചവ്യാധികൾക്കെതിരെ പൊതുജന അവബോധത്തിനും ഇതര വകുപ്പുകളുടെ പങ്കാളിത്തത്തിനുമായി ബഹു. മുഖ്യമന്ത്രിയുടെയും വിവിധ വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ മറ്റ് ജനപ്രതിനിധികളുമായി യോഗങ്ങളും പത്ര സമ്മേളനങ്ങളും നടത്തുകയുണ്ടായി. കോവിഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിയിരുന്നു. സംസ്ഥാനത്ത് ഇപ്പോഴും കോവിഡ് ഭീഷണി നിലനിൽക്കുന്നതിനാൽ കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. അതിന്റെ ഫലമായി മുൻവർഷങ്ങളെ അപേക്ഷിച്ച് മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ കൊതുകുജന്യ രോഗങ്ങളും വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം എ, കോളറ, ടൈഫോയ്ഡ് തുടങ്ങിയ ജലജന്യരോഗങ്ങളും ചിക്കൻപോക്സ്, എച്ച്1.എൻ 1. തുടങ്ങിയ വായുജന്യ രോഗങ്ങളും 2021-ൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊതുജനാരോഗ്യ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമവും വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ളതുമായ ചിട്ടയായ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു. ആയതിനാൽ പൊതുജനാരോഗ്യ അതോറിറ്റി രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) പ്രാഥമികതലം മുതൽ ത്രിതീയതലം വരെയുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികതലം മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കിവരുന്നു. മൂന്ന് ഘട്ടങ്ങളിലായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും അവയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരികയും ചെയ്യുന്നു. സംസ്ഥാനത്തെ ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യവികസനവും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നു. നബാർഡ് പദ്ധതി മുഖേന 5 കോടി രൂപയ്ക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും കിഫ്ബി പദ്ധതി മുഖേന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, ബഹു. എം.എൽ.എ, എം.പി.-മാരുടെ ആസ്തിവികസന ഫണ്ടുകൾ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകളും താലൂക്ക്/ ജില്ലാ/ജനറൽ ആശുപത്രികളിലെ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകളും ഉൾപ്പെടെ 3377 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1200 തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി.

### ഡോക്ടർമാർക്കെതിരെയുള്ള അക്രമങ്ങൾ

190 (3217) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്കെതിരെ രോഗികളിൽ നിന്നും രോഗികളുടെ ബന്ധുക്കളിൽ നിന്നുമുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അക്രമങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോ എന്നുള്ളത് പരിശോധിക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ ഇത്തരത്തിലുള്ള അക്രമങ്ങളിൽനിന്നും ഭീഷണികളിൽനിന്നും സംരക്ഷണം നൽകുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കേരള നിയമസഭ 2012-ൽ പാസ്സാക്കിയ " കേരള ആരോഗ്യരക്ഷാസേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 (2012-ലെ ആക്ട് 14)" പ്രകാരം ഡോക്ടർമാർ, മെഡിക്കൽ-നഴ്സിംഗ് വിദ്യാർത്ഥികൾ, പാരാ മെഡിക്കൽ ജീവനക്കാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്കെതിരായി ഒറ്റയ്ക്കോ ഒരു സംഘം ആളുകളോ സംഘടനകളുടെ നേതാവോ അക്രമം ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ, പ്രചോദനം നൽകുകയോ, ആരോഗ്യ രക്ഷാപ്രവർത്തകർക്ക് എന്തെങ്കിലും ഹാനിയോ, പരിക്കോ, ജീവൻ അപായപ്പെടുത്തുകയോ ഭീഷണിപ്പെടുത്തുകയോ ജോലി തടസ്സമുണ്ടാക്കുകയോ ചെയ്താൽ ഏതൊരു കുറ്റക്കാരനും 3 വർഷം തടവും 50,000 (അമ്പതിനായിരം രൂപ) രൂപ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്.

(ഡി) ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിന് പൊതുജനാവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

കേരള ആരോഗ്യരക്ഷാസേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവനസ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്**

191 (3218) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭൂജല വകുപ്പിൽനിന്നും വിരമിച്ച ശ്രീ. മുഹമ്മദ്. പി.യുടെ ചികിത്സയ്ക്ക് ചെലവിട്ട തുക റീ-ഇംബേഴ്സ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിലെ G2/387/2020 HEIFWD ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ഭൂജല വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. മുഹമ്മദ് പി-യുടെ മെഡിക്കൽ റീംബേഴ്സ്മെന്റ് അപേക്ഷയുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പിന്റെ GW1/4/2019/WRD നമ്പർ ഫയൽ, ആരോഗ്യ വകുപ്പിന്റെ G2/387/2020/H&FWD നമ്പർ ഫയലിൽ പരിശോധിച്ച് നിലവിലുള്ള നിയമത്തിൽ ഇളവ് നൽകി അനുവദനീയമായ തുകയുടെ 80% ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ അനുവദിച്ച് നൽകുവാൻ ഭരണ വകുപ്പായ ജലവിഭവ വകുപ്പിന് അനുമതി നൽകി. പ്രസ്തുത ഫയൽ 18-6-2020-ന് തിരികെ നൽകിയിട്ടുണ്ട്.

## താൽക്കാലിക ആരോഗ്യ പ്രവർത്തകർക്കുള്ള മിനിമം വേതനം

192 (3219) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വികസന സമിതി മുഖേന നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പല ആശുപത്രികളിലും മിനിമം വേതനം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി വികസന സമിതികളുടെ കീഴിൽ മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് നൽകുന്ന വേതനം എത്രയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാക്കുന്നുണ്ട്. 7-1-2010-ലെ സ.ഉ.(കൈ) നമ്പർ 6/2010/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകിവരുന്നു.

(സി) ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ അറുപത് ശതമാനം മാത്രമേ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്ന നിയമാവലി നിലവിലുണ്ടോ; എങ്കിൽ ഇതിൽ മാറ്റം വരുത്തി ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഇത് എഴുപത് ശതമാനമായി ഉയർത്തി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനാണ് ആശുപത്രി വികസന സമിതികൾ/ സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഒ.പി. രജിസ്ട്രേഷൻ ഫീ, വാഹന പാർക്കിംഗ് ഫീ, ആശുപത്രിയിൽ ലാബ്, സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ ചെറിയ വരുമാനം സ്വരൂപിക്കുക തുടങ്ങിയവയാണ് ഈ സമിതികളുടെ/ സൊസൈറ്റികളുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. ഈ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമാണ് ഇതിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മാറ്റിവയ്ക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതന നിരക്കുകൾ അധികരിക്കാതെയും ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കുമുള്ള എസ്റ്റാബ്ളിഷ്മെന്റ് ചെലവ് ആശുപത്രി വികസന സൊസൈറ്റി ഫണ്ടിന്റെ 70 ശതമാനത്തിലും/ആശുപത്രി വികസന കമ്മിറ്റി ഫണ്ടിന്റെ 50 ശതമാനത്തിലും അധികമാകാതെ നിജപ്പെടുത്തി ജീവനക്കാരുടെ വേതനം നിലവിൽ നൽകുന്നുണ്ട്. എന്നാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിലെ ജീവനക്കാർക്ക് അതിന്റെ വരുമാനത്തിന്റെ 60% വരെ വേതനം നൽകുന്നതിനായി ഉപയോഗിക്കുന്നു.

**ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുവാൻ പദ്ധതികൾ**

193 (3220) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിന് 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ വിവിധ പരിപാടികൾ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി നടപ്പിലാക്കി വരുന്നു. ജീവിതശൈലീരോഗം കണ്ടെത്തുന്നതിനായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും സ്ക്രീനിംഗിന് വിധേയമാക്കുക, രോഗം കണ്ടെത്തുന്നവർക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള ചികിത്സയും മരുന്നും ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലാ/താലൂക്കാശുപത്രികളിലും 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 848 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും 5400-ഓളം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും എൻ.സി.ഡി. ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയപ്പോൾ ആഴ്ചയിൽ 6 ദിവസവും എൻ.സി.ഡി. ക്ലിനിക്കുകളുടെ സമയം ദീർഘിപ്പിക്കുകയും ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള 'ശ്വാസ്' പദ്ധതിയും നേത്രപടല അന്ധത കണ്ടെത്തുന്നതിനുള്ള " നയനാമൃതം' പദ്ധതിയും വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസ്' പദ്ധതിയും ആരംഭിക്കുകയുണ്ടായി. രക്താതിമർദ്ദത്തിന്റെയും പ്രമേഹനിയന്ത്രണത്തിന്റെയും നിരക്ക് കൂട്ടുന്നതിനായി ലോകാരോഗ്യ സംഘടനയുടെയും ICMR-ന്റെയും സഹായത്തോടുകൂടി India Hypertension Control Initiative (IHCI) പദ്ധതി ആരംഭിക്കുകയുണ്ടായി. ജില്ലാ ആശുപത്രികളിൽ കൊറോണറി ഐ.സി.യു.-വും കാത്ത്‌ലാബും പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുകയുണ്ടായി. ജീവിതശൈലീരോഗങ്ങളിലേയ്ക്ക് നയിക്കുന്ന ഹേതുക്കൾ (risk factors) നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും ലഹരിയെക്കുറിച്ചുമുള്ള ആരോഗ്യബോധവത്കരണം നടത്തുകയും വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനായി എൻ.എസ്.എസ്. യൂണിറ്റുകളുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനുള്ള സൗകര്യവും ലഹരി വർജ്ജനത്തിനുള്ള ക്യാമ്പെയിനുകളും ആരംഭിച്ചു. കൂടാതെ ജില്ലാകേന്ദ്രങ്ങളിലും

പഞ്ചായത്തുകളിലും ഓപ്പൺ ജിമ്മുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഹീമോഡയാലിസ് കൂടിവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ അസൗകര്യം കുറയ്ക്കുന്നതിനായി പെരിടോണിയൽ ഡയാലിസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ ജനറൽ ആശുപത്രികളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ?

ഉണ്ട്.

(സി) ഈ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും അതിന്റെ വ്യാപ്തി സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കിരൺ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ജീവിതശൈലി രോഗങ്ങളെകുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെകുറിച്ചും പഠിക്കുന്നതിനായി ആരംഭിച്ച കിരൺ (Kiran) എന്ന പദ്ധതിയിലൂടെ കേരളത്തിലെ ജനവിഭാഗത്തിന്റെ ഒരു പരിച്ഛേദമായ നഗരപ്രദേശത്തെയും ഗ്രാമപ്രദേശത്തെയും ആദിവാസി മേഖലയേയും തീരപ്രദേശത്തെയും ഉൾപ്പെടുത്തികൊണ്ട് പത്തുലക്ഷം പേരിൽ അച്ച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് ആൻഡ് സ്റ്റഡീസ് പഠനം നടത്തുകയും ഈ പഠനത്തിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ ടാബ്‌ലെറ്റ് കമ്പ്യൂട്ടറിലൂടെ ഡേറ്റാ ശേഖരിക്കുകയും ഇ-ഹെൽത്ത് വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ വിവരങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. അച്യുതമേനോൻ സെന്റർ ഈ വിവരങ്ങൾ വിശകലനം ചെയ്യുകയും ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

**മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി**

194 (3221) ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി കോവിഡ് ചികിത്സയ്ക്കുമാത്രമായി മാറ്റിയതിനാൽ കോവിഡിതര രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പൂർണ്ണമായും കോവിഡ് ആശുപത്രിയാക്കി മാറ്റിയപ്പോൾ കോവിഡേതര ചികിത്സ ലഭ്യമാക്കുന്നതിന് ചെരണി ടി.ബി. സെന്ററിന്റെ കെട്ടിടത്തിൽ താൽകാലികമായി ജനറൽ ഒ.പി. സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

(ബി) മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആക്കി ഉയർത്തിയ അവസരത്തിൽ പുതിയ ജനറൽ ആശുപത്രി ചെരണിയിലെ ആരോഗ്യ വകുപ്പിന്റെ സ്ഥലത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും അതിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

മലപ്പുറം ചെരണിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനായി ഉദ്ദേശിച്ച സ്ഥലം മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും 5 കി.മീ. ദൂരത്തിലായതിനാൽ, മഞ്ചേരി മെഡിക്കൽ കോളേജ് നിലവിലുള്ള സാഹചര്യത്തിൽ വൻമുതൽ മുടക്കിൽ അതേ സ്ഥലത്ത് പുതിയൊരു ആശുപത്രി പണിയേണ്ടതില്ല എന്ന് തീരുമാനിക്കുകയും ഇക്കാര്യം 19-8-2016-ലെ 221/പി3/2016/ആ.കു.വ. നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്

(സി) മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കുന്നതിനും മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

ഓരോ ജില്ലയിൽനിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കുവാനും ഓരോ താലൂക്കിലെ ഓരോ ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തിവരുന്നത്. മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രി ജില്ലാതല ആശുപത്രിയാകും. മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്കുതല ആശുപത്രിയായി തെരഞ്ഞെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന് 103,86,48,772 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 69,85,63,327 രൂപയ്ക്ക് M/s. Shilpa Projects & Infrastructure India Pvt. Ltd. Kochi എന്ന കമ്പനിക്കാണ് നിർമ്മാണകരാർ നൽകിയിട്ടുള്ളത്. 2018 ഒക്ടോബറിൽ റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 39.70 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ 80 ശതമാനം സിവിൽ വർക്ക് ഇതുവരെ

പൂർത്തിയായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ചെറിയ മരാമത്ത് പണികൾക്കായി അനുവദിച്ചിട്ടുള്ള 34.48 ലക്ഷം രൂപ ഉപയോഗപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ കാന്റീൻ സൗകര്യം വിപുലപ്പെടുത്താനുള്ള പദ്ധതിക്ക് 30-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1620/2021/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുവേണ്ടി നടപ്പ സാമ്പത്തിക വർഷത്തെ വിഹിതമായി അനുവദിച്ച 86 ലക്ഷം രൂപ ഉപയോഗിച്ച് പാസഞ്ചർ ലിഫ്റ്റ് ഒരുക്കുന്നതിനും Signages സ്ഥാപിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് 23-7-2021-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 19 M&E ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6.2 കോടി രൂപയും 24 M&S ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.37 കോടി രൂപയും 34-OC ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.06 കോടി രൂപയും വിനിയോഗിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്കാവശ്യമായ വിവിധ മെഡിക്കൽ/നോൺ മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ബുക്കുകൾ, റീ-ഏജന്റ്സ്, കെമിക്കൽസ് തുടങ്ങിയവ ഈ പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ Hospital Waste Management in Medical Colleges, Standardization of facilities in Maternal & Child Health Units in Medical College Hospital, Revamping of existing infrastructure and maintenance of High end Equipment in Medical Colleges, Creation of patients friendly hospital Environment (DME) എന്നീ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗത്തിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിൽ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മെഡിക്കൽ കോളേജ് നവീകരണം**

195 (3222) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കായി പി.എം.എസ്.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്ര രൂപയാണെന്ന് അറിയിക്കുമോ; ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കായി പി.എം.എസ്. എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ ആകെ പദ്ധതി വിഹിതം 173.18 കോടി രൂപയാണ്. ഇതിൽ 120 കോടി രൂപ കേന്ദ്ര വിഹിതവും 53.18 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കെട്ടിട നിർമ്മാണവും ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കൽ എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഇതിന്റെ നിർമ്മാണ ചുമതല M/s HLL Infra Tech Service Ltd.( M/s HITES)-നാണ്. 97% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം 2020 ഡിസംബറിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കോവിഡ്-19 സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചില്ല. വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

(ഡി) സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിനെ മെയിൻ ബ്ലോക്കുമായും പുതുതായി നിർമ്മിക്കുന്ന ട്രോമാ കെയർ സെന്ററുമായും ബന്ധിപ്പിക്കുന്നതിനും രോഗികളെ കൊണ്ടുപോകുന്നതിനുമായി ഒരു സംവിധാനം ഡിസൈനിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ട്രോമാകെയർ സെന്റർ 5 നിലകളിലായി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിൽ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവൃത്തിപഥത്തിൽ എത്തിക്കുവാനാണ് ശ്രമിക്കുന്നത്. പ്രസ്തുത ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫ്ലൈ ഓവർ സംവിധാനം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ട്രോമാകെയർ സെന്റർ 5 നിലകളിലായി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിൽ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിപഥത്തിൽ എത്തിക്കുവാനാണ് ശ്രമിക്കുന്നത്. പ്രസ്തുത ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫ്ലൈ ഓവർ സംവിധാനം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

## സി.എച്ച്.സി.-കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകളുടെ പ്രവർത്തനം

196 (3223) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുടെ അധീനതയിലുള്ള സി.എച്ച്.സി.- കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ?

മിക്ക എക്സ്റ്റൻഷൻ കേന്ദ്രങ്ങളും അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള തോളൂർ സാമൂഹികാരോഗ്യ കേന്ദ്രം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ആരാണ് വഹിക്കുന്നത്?

ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റുമാരാണ് വഹിക്കുന്നത്.

(സി) ഈ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമൂലം പണം ചെലവഴിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## തൃശ്ശൂർ മെഡിക്കൽ കോളേജ്

197 (3224) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ അതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റിന്റെ കെട്ടിട നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, സെപ്റ്റിക് ടാങ്ക് കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി കെട്ടിടം കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എം.ബി.ബി.എസ്. പ്രവേശനത്തിനായി എമർജൻസി മെഡിസിൻ വിഭാഗം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ എമർജൻസി വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി 4 (പ്രൊഫസർ-1, അസോസിയേറ്റ് പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-2) തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഭരണാനുമതി ലഭ്യമാകുന്നതിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ള തൃശ്ശൂരിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

## ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ

198 (3225) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ കെട്ടിടനിർമ്മാണ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ?

അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ ചുമതല ഏത് ഏജൻസിക്കെന്നും, ഇപ്പോഴത്തെ നിർമ്മാണ പുരോഗതിയും ഇനംതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(സി) നിർമ്മാണങ്ങൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകിയിട്ടുണ്ട്. പ്രധാന പ്രവൃത്തികൾ നടപ്പിലാക്കുന്ന കരാറുകാർക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള പ്രോഗ്രാം ചാർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റ്

199 (3226) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2013-ൽ ഭരണാനുമതി ലഭിച്ച ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണം നാളിതുവരെ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വിശദീകരിക്കുമോ; പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ട്രോമാ കെയർ പ്രവർത്തനമാരംഭിക്കുമെന്ന് അറിയിക്കുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റിന്റെ കെട്ടിട നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, സെപ്റ്റിക് ടാങ്ക് കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി 2021 ഒക്ടോബറിൽ കെട്ടിടം കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വയനാട് മെഡിക്കൽ കോളേജ് നിർമ്മാണം**

200 (3227) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെ ആണെന്നും നിലവിൽ ഇതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമായെന്നും വ്യക്തമാക്കാമോ?

(എ&ബി) വയനാട് മെഡിക്കൽ കോളേജിന്റെ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിന് 7-3-2020-ലെ സ.ഉ. (സാധാ)നമ്പർ 531/2020/ആ.കു.വ. പ്രകാരം വാപ്കോസ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതോടൊപ്പം തന്നെ " establishment of Medical colleges attached to District/referred Hospitals" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 12-2-2021-ലെ സ.ഉ.(കൈ) നമ്പർ 32/2021/ആ.കു.വ. പ്രകാരം മാനന്തവാടി ജില്ലാ ആശുപത്രിയെ താൽക്കാലികമായി മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തി ഉത്തരവാകുകയും ചെയ്തിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യഭ്യാസ ഡയറക്ടറുടെ ശിപാർശയോടെ പുതുക്കിയ പദ്ധതിരേഖ സമർപ്പിക്കുവാൻ കിഫ്ബി പദ്ധതിപ്രകാരം നിയമിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വാപ്കോസ് മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടർ മുഖേന സമർപ്പിച്ച വിശദ പദ്ധതിരേഖ കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി അയയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ആലപ്പുഴ മെഡിക്കൽ കോളേജ്**

201 (3228) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ പ്രത്യേകതകൾ പരിഗണിച്ച് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ മാതൃകാ മെഡിക്കൽ കോളേജാക്കി മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ഉൾപ്പടെ എല്ലാ മെഡിക്കൽ കോളേജുകളേയും Centres of Excellence ആക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്നതിനാൽ ട്രോമ കേസുകൾ കൂടുതലാകാനുള്ള സാദ്ധ്യതകൾ പരിഗണിച്ച് ട്രോമാ കെയർ നിർമ്മാണം നടന്നുവരുന്നു. ട്രോമാ കെയർ ഐ.സി.യു., ട്രയാജ് എന്നിവ പൂർത്തിയാക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചാൽ അതീവ സങ്കീർണ്ണമായ രോഗങ്ങൾക്കുള്ള ചികിത്സയും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമാകും. നബാർഡ് ധനസഹായത്തോടെ ഗൈനക്കോളജി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടെ മാതൃ- ശിശു വിഭാഗത്തിലെ രോഗികൾക്കായി ഒരു പ്രത്യേക ബ്ലോക്ക് പ്രവർത്തനസജ്ജമാകും. രോഗീപരിചരണത്തിനായി 9.85 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഒരു മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. പ്രവർത്തിച്ചു വരുന്നുണ്ട്. അർബുദ രോഗ ചികിത്സാ രംഗത്തെ ഏറ്റവും നൂതന സംവിധാനമായ ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ എന്നിവയും ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നു. പുതിയ ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് ആദ്യ ഗഡുവായി അനുവദിച്ച 3.2 കോടി രൂപ ഉപയോഗിച്ച് സ്ഥലമൊരുക്കൽ, ചുറ്റുമതിൽ നിർമ്മാണം, അനുബന്ധ റോഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ എം.ആർ.ഐ. സ്കാനർ, 16 സ്ലൈസ് സി.റ്റി. സ്കാനർ ഇവയുടെ സേവനവും ലഭ്യമാണ്.

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, റിസർച്ചിന് കൂടുതൽ സൗകര്യങ്ങൾ, കൂടുതൽ പി.ജി. കോഴ്സുകൾ, രോഗികൾക്കും ജീവനക്കാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ, അഡീഷണൽ ബ്ലോക്ക്, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജനറൽ ആശുപത്രിയിൽ കുറച്ച് ജീവനക്കാരെ ഉൾക്കൊള്ളിച്ച് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. റിസർച്ചിന് കൂടുതൽ സൗകര്യങ്ങൾ, കൂടുതൽ പി.ജി. കോഴ്സുകൾ, രോഗികൾക്കും ജീവനക്കാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ, അഡീഷണൽ ബ്ലോക്ക്, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ലഭ്യത തുടങ്ങിയവ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## കാർഡിയോളജി ഐ.സി.യു. പ്രവർത്തനം

202 (3229) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി ഐ.സി.യു. പ്രവർത്തനക്ഷമമാണോ;

(ബി) ഇല്ലെങ്കിൽ എന്ത് ബദൽ ക്രമീകരണമാണ് നിലവിൽ നടത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കാർഡിയോളജി ഐ.സി.യു. പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി)തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോളജി ഐ.സി.യു. നിലവിൽ പ്രവർത്തനക്ഷമമാണ്.

## സീനിയർ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പുനർനാമകരണം

203 (3230) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ സീനിയർ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പേര് കേന്ദ്ര മാനദണ്ഡ പ്രകാരം ഡെന്റൽ ഹൈജീൻ ഓഫീസർ എന്നാക്കി പുനർനാമകരണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഗ്രേഡ് തസ്തികൾക്ക് അപ്പുറം ഡന്റൽ ഹൈജീനിസ്റ്റുകൾക്ക് പ്രൊമോഷൻ സൂപ്പർവൈസറി തസ്തികകൾ നിലവില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## എൻ.എ.ജെ.ആർ. ദന്തൽ ഡോക്ടർമാർക്ക് ശമ്പളം ലഭിക്കാത്തത്

204 (3231) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എ.ജെ.ആർ. ദന്തൽ ഡോക്ടർമാർ ശമ്പളം ലഭിക്കാത്തത് കാരണം ജൂലൈ 13 മുതൽ സമരത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സ.ഉ. (സാധാ)നമ്പർ 1615/2021/ആ.കു.വ. പ്രകാരം എൻ.എ.ജെ.ആർ. ഡെന്റൽ ഡോക്ടർമാരുടെ വേതനം 42,000 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.എ.ജെ.ആർ. ദന്തൽ ഡോക്ടർമാർ സമരം പിൻവലിക്കുകയും കൃത്യമായി ഡ്യൂട്ടി നിർവ്വഹിക്കുകയും ചെയ്യുന്നു.

**വിദഗ്ദ്ധ ചികിത്സയ്ക്ക് നടപടി**

205 (3232) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രസവ ചികിത്സയെ തുടർന്ന് ഒന്നരവർഷമായി അബോധാവസ്ഥയിലായ പട്ടികജാതി കുടുംബാംഗമായ, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട മാനീരി കൊറ്റൻ മകൾ ശ്രീമതി പ്രമീളയുടെ വിദഗ്ദ്ധ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും വേണ്ട ചികിത്സ നൽകിയതിനുശേഷം വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്.

(ബി) ടിയാളെ പ്രസവാനന്തരം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യാൻ ഇടയായ സാഹചര്യം വിശദമാക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും ഇവരെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടില്ല.

(സി) ചികിത്സാ പിഴവ് സംബന്ധിച്ച് കുടുംബത്തിന്റെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരാതി സർക്കാരിൽ ലഭിക്കുകയും ആയത് 11-4-2020-ലെ ബി 4/80/2020/ആ.കു.വ. കത്ത് പ്രകാരം റിപ്പോർട്ടിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇതേ മെഡിക്കൽ കോളേജിൽ താൽക്കാലിക ജീവനക്കാരി യായിരുന്ന ടിയാൾക്ക് പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ചത് രോഗാവസ്ഥയിൽ തുടരുമ്പോൾ ആയതിനാൽ രോഗമുക്തി നേടും വരെ ജോലിയിൽ പ്രവേശിക്കുന്നതിന് ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II ആയി ജോലിയിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ സമയം കൂടി അനുവദിയ്ക്കണമെന്നുള്ള അപേക്ഷ എച്ച്2/14/2021/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

(ഇ) പ്രസ്തുത വിഷയത്തിൽ ഉയർന്ന പരാതിയും നിലവിലെ അവരുടെ ആരോഗ്യസ്ഥിതിയും പരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് തേടുന്നതിന് നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഓൺലൈൻ എഫ്.എച്ച്.എസ്. ട്രെയിനിംഗ്**

206 (3233) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.എൻ. തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ട എഫ്.എച്ച്.എസ്. ട്രെയിനിംഗ് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ആയി നൽകിയിട്ടുണ്ടോ;

(ബി) ഓൺലൈൻ ആയി ട്രെയിനിംഗ് ലഭിച്ച എത്ര പേർക്ക് പി.എച്ച്.എൻ./എൽ.എച്ച്.ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(സി) കോവിഡ്-19-മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ തുടരേണ്ടതിനാൽ തുടർന്നും പ്രസ്തുത ട്രെയിനിംഗ് ഓൺലൈൻ ആയി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ എത്ര പി.എച്ച്.എൻ./ എൽ.എച്ച്.ഐ. ഒഴിവുകൾ നിലവിലുണ്ട്;

(ഇ) എഫ്.എച്ച്.എസ്. ട്രെയിനിംഗ് ലഭിക്കാത്തതിനാലാണോ ഇവർക്ക് പ്രൊമോഷൻ നൽകാത്തത്;

(എഫ്) മേൽ സാഹചര്യത്തിൽ നിലവിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് - I തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാവർക്കും ഓൺലൈൻ ആയി ട്രെയിനിംഗ് നൽകുന്ന കാര്യം പരിഗണിക്കുമോ?

(എ-എഫ്) കോവിഡ് -19-ന്റെ പശ്ചാത്തലത്തിൽ എഫ്.എച്ച്.എസ്. ട്രെയിനിംഗ് ഓൺലൈൻ ആയി നടത്തുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലെ വിവരം അനുസരിച്ച് 279 ഒഴിവുകൾ ഉണ്ട്.

**ജോലിക്കിടയിൽ അപകടത്തെ തുടർന്ന് മരണപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ**

207 (3234) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടയിൽ അപകടത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കുന്നത്ത്പറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ അശോകന്റെ പെൻഷനും അനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പരേതനായ അശോകന്റെ കുടുംബത്തിന് പെൻഷനും ആനുകൂല്യങ്ങളും എന്ന് ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

(എ&ബി) പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുടുംബ പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ഇതുവരെയായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഹാജരാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉണ്ട്. പെൻഷൻ ബുക്ക്, മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്, അനുബന്ധം ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്, കുടുംബ പെൻഷൻ അവകാശി പരേതന്റെ മാതാപിതാക്കളോ മക്കളോ ആണെങ്കിൽ വരുമാന സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഡി) ഇതുസംബന്ധിച്ച് കേരള മുഖ്യമന്ത്രിയുടെ അദാലത്തിൽ മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. റ്റി. പി.രാമകൃഷ്ണൻ സമക്ഷം നൽകിയ പരാതിയിന്മേൽ അന്വേഷണത്തിനായി കോഴിക്കോട് ജില്ല കളക്ടറെ ചുമതലപ്പെടുത്തിയിരുന്നതിൻ പ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വടകരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ അശോകന്റെ ഭാര്യ നൽകിയ പരാതി, കോഴിക്കോട് ജില്ലാ കളക്ട്റേറ്റിൽനിന്നും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചുകൊടുത്തിരുന്നു. ടി വ്യക്തിയുടെ ആശ്രിതനായ ശ്രീ. അഭിജിത്ത് ബി.-ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകി 3-7-2019-ലെ സ.ഉ. (കൈ) നമ്പർ

96/2019/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് ടിയാന് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

208 (3235) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച 1200 തസ്തികകളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി ഓപ്റ്റോമെട്രിസ്റ്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി)ആരോഗ്യവകുപ്പിൽ 1200 തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ചതിൽ ആദ്യഘട്ടത്തിൽ 300 തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെട്ടിട്ടില്ല. ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നാല് ഒപ്റ്റോമെട്രിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്.

## ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ

209 (3236) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ 4 ഒഴിവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പത്തനംതിട്ട മെഡിക്കൽ കോളേജിൽ 10 ഒഴിവുകളും നിലവിലുണ്ട്. ഈ ഒഴിവുകളെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

(സി) പ്രസ്തുത ജില്ലയിലെ വിവിധ ആശുപത്രികളിലായി താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലാബ് ടെക്നീഷ്യന്മാരുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ?

നിലവിൽ പത്തനംതിട്ട ജില്ലയിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന 10 ലാബ് ടെക്നീഷ്യൻമാർ ജോലി നിർവ്വഹിച്ചുവരുന്നു.

**സ്പെഷ്യാലിറ്റി വിഭാഗ ഡോക്ടർമാരുടെ നിയമനം**

210 (3237) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ ആശുപത്രിയായി കണക്കാക്കുന്ന കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രിയിലെ സ്പെഷ്യാലിറ്റി വിഭാഗവുമായി ബന്ധപ്പെട്ട് അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

24 എണ്ണം.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഡോക്ടർമാരെ നാളിതുവരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

18 എണ്ണം.

(സി) ഇനിയും നിയമിക്കാൻ ബാക്കിയുള്ള തസ്തികയിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാനുള്ള തീരുമാനം കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ മുഖേന ഡോക്ടമാരുടെ ഒഴിവ് നികത്താനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) പ്രസ്തുത ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയ്ക്ക് പകരം ജൂനിയർ കൺസൾട്ടന്റ് തസ്തിക അനുവദിച്ചതിനാൽ നിയമനം നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ഈ നിയമനങ്ങളുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി&ഇ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ജൂനിയർ കൺസൾട്ടന്റ് തസ്തിക കൺസൾട്ടന്റ് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച്**

211 (3238) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയുടെ 11 ഒഴിവുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 16 ഒഴിവുകളും നിലവിലുണ്ട്.

(ബി) പി.എസ്.സി. വഴിയല്ലാതെ കോൺട്രാക്ട്, ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാരാണ് പ്രസ്തുത തസ്തികയിൽ ജോലി നോക്കിവരുന്നതെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിലും സംസ്ഥാന തലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുമുള്ള ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയുടെ എല്ലാ ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം**

212 (3239) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ ബോധവത്കരണരംഗത്ത് കാര്യക്ഷമമാക്കുവാൻ ജില്ലാ തലത്തിൽ ഡെന്റൽ ഹെൽത്ത് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

തസ്തിക സൃഷ്ടിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) 2007-ലെ ഡോ. മോഹൻ നായർ കമ്മിറ്റി റിപ്പോർട്ട് ശിപാർശ ചെയ്ത രീതിയിൽ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ തസ്തികയുടെ പേര് കേന്ദ്ര മാനദണ്ഡപ്രകാരം ഡെന്റൽ ഹൈജീൻ ഓഫീസർ (Dental Hygene Officer) എന്നാക്കി പുനർനാമകരണം നടത്തുന്നതിന് കേരള ഗവൺമെന്റിന് ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം വിദേശ മാതൃകയിൽ പരിഷ്കരിക്കാമോ?

സംസ്ഥാന ആരോഗ്യ മേഖലയിലെ ആവശ്യങ്ങളനുസരിച്ചാണ് ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ സേവനം ലഭ്യമാക്കിവരുന്നത്.

## ആരോഗ്യ വകുപ്പിലെ അധിക തസ്തികകൾ

213 (3240) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ എജ്യുക്കേഷൻ, ഹെൽത്ത് സർവ്വീസ്, ആയുഷ് തുടങ്ങിയ വിവിധ വകുപ്പുകളിലായി രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒമ്പത് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ അവസാന മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ;

(ബി) ക്ലാർക്ക്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഡോക്ടർ തുടങ്ങിയ വിഭാഗങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായിരുന്നോ മന്ത്രിസഭ തീരുമാനിച്ചതെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ വിവിധ വകുപ്പുകളിലായി 19-2-2021-ലെ സ.ഉ.(കൈ) നമ്പർ 52/2021/ആ.കു.വ. പ്രകാരം 2799 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത തീരുമാനത്തെതുടർന്ന് വകുപ്പ് മേധാവികൾ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായോ; ഏതൊക്കെ വകുപ്പുകളിൽ എത്ര വീതം തസ്തികകൾ സൃഷ്ടിക്കുന്നതിനായിരുന്ന തീരുമാനമെടുത്തിരുന്നത്;

(ഡി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം എത്ര നിയമനം നൽകി; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) 19-2-2021-ലെ G.O.(Ms) No.52/2021/H&FWD പ്രകാരം 1200 വിവിധ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ സ്ഥാപനങ്ങൾക്കും 1299 വിവിധ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും 300 തസ്തികകൾ ആയുഷ് വകുപ്പിലും അങ്ങനെ ആകെ 2799 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ഈ വകുപ്പുകളിൽ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു.

1) ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ വിവിധ സ്ഥാപനങ്ങൾ തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികകളിൽ ആദ്യഘട്ടമായി 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ പ്രകാരം 204 സ്റ്റാഫ് നേഴ്സ് ഗ്രേഡ് II, 52 ഫാർമസിസ്റ്റ് ഗ്രേഡ് II, 42 ലോവർ ഡിവിഷൻ ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ആകെ 300 തസ്തികകൾ വിവിധ ജില്ലകളിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തത്വത്തിൽ സൃഷ്ടിച്ച 1299 തസ്തികകളിൽ 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ. പ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നിവയുടെ ഓരോ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസറുടെ രണ്ട് തസ്തികകളും സീനിയർ റസിഡന്റിന്റെ 4 തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ ആ.കു.വ പ്രകാരം തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിക്കുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ദന്തൽ കോളേജിൽ 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ ആ.കു.വ. പ്രകാരം പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലേയ്ക്ക് ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്

സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പടെ ബാക്കിയുള്ള തസ്തികകൾ കാറ്റഗറി തിരിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021-ലെ സ.ഉ(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമനരീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ച് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ**

214 (3241) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളിൽ നിലനിൽക്കുന്ന ഫാർമസിസ്റ്റുകളുടെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

5 എണ്ണം.

(ബി) ആയത് നികത്തുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കാമോ എന്ന് വെളിപ്പെടുത്താമോ?

പാലക്കാട് ജില്ലാ പി.എസ്.സി.-യിൽ നിന്നും 5 പേർക്കുള്ള നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആരോഗ്യ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ**

215 (3242) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിൽ എത്ര എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത 4 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം**

216 (3243) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം ജനസംഖ്യാനുപാതികമായി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായി നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പുതിയ പബ്ലിക് ഹെൽത്ത് ആക്റ്റിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഫൈൻ ഈടാക്കുന്നതിനും മറ്റുമുള്ള അധികാരം നൽകാത്തതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടില്ല. പുതിയ പബ്ലിക് ഹെൽത്ത് ഓർഡിനൻസിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഫൈൻ ഈടാക്കുന്നതിനുള്ള അധികാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് അതോറിറ്റിയായ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്.

(സി) ആരോഗ്യ വകുപ്പിലെ മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പുതിയ ശമ്പളപരിഷ്കരണ റിപ്പോർട്ടിൽ വർദ്ധനവ് വരുത്തിയപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഒഴിവാക്കിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഇക്കാര്യം ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽ ശമ്പളപരിഷ്കരണ അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിക്കുന്ന മുറയ്ക്ക് അവിടെ ഈ വിഷയം പരിശോധിക്കുന്നതാണ്.

## ആരോഗ്യ മേഖലയിലെ നിയമനം

217 (3244) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ മേഖലയിൽ സൃഷ്ടിച്ച 2799 തസ്തികകളിലെ നിയമനം എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

19-2-2021-ലെ G.O.(Ms) No.52/2021/H&FWD പ്രകാരം 1200 വിവിധ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ സ്ഥാപനങ്ങൾക്കും 1299 വിവിധ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും 300 തസ്തികകൾ ആയുഷ് വകുപ്പിലും അങ്ങനെ ആകെ 2799 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ഈ വകുപ്പുകളിൽ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു.

1) ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ വിവിധ സ്ഥാപനങ്ങൾ തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികകളിൽ ആദ്യഘട്ടമായി 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ പ്രകാരം 204 സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, 52 ഫാർമസിസ്റ്റ് ഗ്രേഡ് -II, 42 ലോവർ ഡിവിഷൻ ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ആകെ 300 തസ്തികകൾ വിവിധ ജില്ലകളിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തത്വത്തിൽ സൃഷ്ടിച്ച 1299 തസ്തികകളിൽ, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ പ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ എന്നിവയുടെ ഓരോ തസ്തികയും അസിസ്റ്റന്റ് പ്രൊഫസറുടെ രണ്ട് തസ്തികയും സീനിയർ റസിഡന്റിന്റെ 4 തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ ആ.കു.വ. പ്രകാരം തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിക്കുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ദന്തൽ കോളേജിൽ 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ ആ.കു.വ പ്രകാരം പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലേയ്ക്ക് അസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പടെ ബാക്കിയുള്ള തസ്തികകൾ കാറ്റഗറി തിരിച്ചു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021- ലെ സ.ഉ.(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ച് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഏതൊക്കെ ആയുർവേദ ആശുപത്രികളിലാണ് ലേ സെക്രട്ടറി-കം-ട്രഷറർ തസ്തിക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

1. ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ, ഇടുക്കി

2. ജില്ലാ ആയുർവേദ ആശുപത്രി, വളവന്നൂർ, മലപ്പുറം

3. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്

4. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ

(സി) 52/2021 നമ്പർ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ആശുപത്രിയിലേയ്ക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; പ്രസ്തുത ആശുപത്രി എന്ന് പ്രവർത്തനമാരംഭിക്കും എന്ന് വ്യക്തമാക്കാമോ?

നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുകയും പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ആരോഗ്യമേഖലയിലെ പുതിയ തസ്തികകൾ**

218 (3245) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2799 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, പരിയാരം മെഡിക്കൽ കോളേജ്, ആയുഷ് വകുപ്പ് എന്നിവയിൽ എത്ര വീതം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) ഓരോ വകുപ്പിലും ഏതൊക്കെ കാറ്റഗറികൾക്ക് എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു എന്ന് ഇനം തിരിച്ച് വിവരം നൽകുമോ?

(എ-സി) 19-2-2021-ലെ G.O.(Ms) No.52/2021/H&FWD പ്രകാരം 1200 വിവിധ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ സ്ഥാപനങ്ങൾക്കും 1299 വിവിധ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും 300 തസ്തികകൾ ആയുഷ് വകുപ്പിലും അങ്ങനെ ആകെ 2799 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ഈ വകുപ്പുകളിൽ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു.

1) ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ വിവിധ സ്ഥാപനങ്ങൾ തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികകളിൽ ആദ്യഘട്ടമായി 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ. പ്രകാരം 204 സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, 52 ഫാർമസിസ്റ്റ് ഗ്രേഡ് -II, 42 ലോവർ ഡിവിഷൻ ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ആകെ 300 തസ്തികകൾ വിവിധ ജില്ലകളിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തത്വത്തിൽ സൃഷ്ടിച്ച 1299 തസ്തികകളിൽ, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ. പ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ എന്നിവയുടെ ഓരോ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസറുടെ രണ്ട് തസ്തികകളും സീനിയർ റസിഡന്റിന്റെ 4 തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ ആ.കു.വ. പ്രകാരം തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിക്കുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ദന്തൽ കോളേജിൽ 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ ആ.കു.വ. പ്രകാരം പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലേയ്ക്ക് അസിസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പെടെ ബാക്കിയുള്ള തസ്തികകൾ കാറ്റഗറി തിരിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ആയുഷ് വകുപ്പ് 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 7/2021/ആയുഷ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ അനുവദിച്ച 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കും 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 5/2021/ആയുഷ് ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനുവദിച്ച 19 തസ്തികകളിൽ 3 തസ്തികകളിൽ നിയമനം നടത്തുകയും 4 തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുകയും 12 തസ്തികകളിൽ യോഗ്യതയും നിയമന രീതിയും നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരികയുമാണ്. ബാക്കിയുള്ള 273 തസ്തികകൾ കാറ്റഗറി തിരിച്ച് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കാറ്റഗറി തിരിച്ച് തസ്തിക സൃഷ്ടിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ആയുഷ്, 25-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7/2021/ആയുഷ്, 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 49/2021/ആ.കു.വ., 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 50/2021/ആ.കു.വ., 23-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) 64/2021/ആ.കു.വ., 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) 143/2021/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒഴിവുള്ള തസ്തികകൾ**

219 (3246) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വയനാട് മെഡിക്കൽ കോളേജിലും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-വിലെ 10 ഒഴിവുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളിലേയ്ക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ നടത്തി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

**ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം നൽകുന്നതിന് നടപടി**

220 (3247) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O. (MS) 109/2018/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആശ്രിത നിയമനത്തിന് ഉത്തരവായ ആർക്കെങ്കിലും നാളിതുവരെ നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

നിയമനം നൽകിയിട്ടില്ല. ടി ഉത്തരവ് പ്രകാരം നിയമനാനുവാദം ലഭിച്ച ഉദ്യോഗാർഥിയുടെ നിയമനത്തിനുള്ള ടേൺ എത്തിയിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആശ്രിത നിയമനം നൽകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) OA (EKM) 280/2019 നമ്പർ കേസ്സുമായി ബന്ധപ്പെട്ട MA(EKM) 898/2019, OA.No.2141/2018 നമ്പർ കേസ് എന്നിവയിലെ യഥാക്രമം27-5-2019-ലെയും 1-7-2019-ലെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം 5% ഒഴിവുകൾ മാത്രം ആശ്രിതനിയമനം നൽകുന്നതിനായി പരിമിതപ്പെടുത്തി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആശ്രിതനിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകിവരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 238 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകിവരുന്നു.

**പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് ഏകോപനം**

221 (3248) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അടക്കമുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് ഏകോപനം വഹിക്കുന്ന സ്റ്റേറ്റ് പി.ഇ.ഐ.ഡി. സെല്ലിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ നിലവിലുണ്ട്; പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ സ്റ്റേറ്റ് പി.ഇ.ഐ.ഡി. സെല്ലിൽ ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തികയാണുള്ളത്. പ്രസ്തുത തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നു. കൂടാതെ മൈക്രോബയോളജി വകുപ്പിനു കീഴിൽ നിന്നും ഇന്റേണൽ അറേഞ്ച്മെന്റ് പ്രകാരം ഒരു ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ സേവനമനുഷ്ഠിച്ചിരുന്നു. ടിയാൻ 31-5-2019-ന് സേവനത്തിൽനിന്ന് വിരമിച്ചതിനെ തുടർന്ന് ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സോഷ്യൽ സയന്റിസ്റ്റ് ശ്രീ. ഇ.നസീർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA-76/2020-ന്റെ ഉത്തരവിന്മേൽ പുറപ്പെടുവിച്ച 3-5-2021-ലെ സ.ഉ.(സാധാ) നമ്പർ 1003/2021/ആ.കു.വ. പ്രകാരം സ്റ്റേറ്റ് പി.ഇ.ഐ.ഡി. സെല്ലിലെ ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിർദ്ദിഷ്ട വിദ്യാഭ്യാസയോഗ്യതയുള്ള ആരൊക്കെയാണ് അപേക്ഷ നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(സി) സ.ഉ. (സാധാ) നമ്പർ 1003/2021/ആ.കു.വ. പ്രകാരം സർവ്വീസ് പ്രൊമോഷൻ ഒഴികെയുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ പി.എസ്.സി. നിയമനത്തിന് നടപടി സ്വീകരിക്കുമോ?

(ബി&സി) അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹെൽത്ത് എഡ്യൂക്കേഷൻ തസ്തികയിലെ യോഗ്യതയും നിയമനരീതിയും യു.ജി.സി. മാനദണ്ഡപ്രകാരം നിശ്ചയിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.**

222 (3249) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ നടത്തിപ്പിന്റെയും ഭരണനിർവ്വഹണത്തിന്റെയും ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ ഭരണ ചുമതലയും നടത്തിപ്പും പൂർണ്ണമായും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കീഴിലാണ്.

(ബി) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി. ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല.

(സി) കോവിഡ്മൂലം മരണമടഞ്ഞവർക്ക് പ്രത്യേക മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആലോചനയുണ്ടോ?

പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി. ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല. നിലവിൽ വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഡബ്ല്യു.എച്ച്.ഒ., ഐ.സി.എം.ആർ. തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പ്രകാരം രോഗിയെ ചികിത്സിച്ച ഡോക്ടർ തന്നെയാണ് മരണകാരണം കോവിഡാണോ അല്ലയോ എന്ന് സ്ഥിരീകരിക്കേണ്ടത്. മരണപ്പെട്ട് 24 മണിക്കൂറിനകം മരണവിവരം ജില്ലാ മെഡിക്കൽ ഓഫീസർ പോർട്ടലിൽ രേഖപ്പെടുത്തുകയും ഇത് പേരുസഹിതം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ ദിവസേനയുള്ള കോവിഡ് ബുള്ളറ്റിൻ വഴി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

223 (3250) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ ഒഴിഞ്ഞു കിടക്കുന്ന സെക്യൂരിറ്റി, സർജന്റ് എന്നീ സ്ഥിരം തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സെക്യൂരിറ്റി സർജന്റ് തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ മുന്നൂറ്റി അൻപതിൽപരം അന്തേവാസികളുള്ള സാഹചര്യം കണക്കിലെടുത്ത് ഡയറ്ററി യൂണിറ്റിൽ

വർഷങ്ങൾക്കുമുമ്പ് അബോളിഷ് ചെയ്ത കുക്കിന്റെ ആറ് തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) മാനസികരോഗികളുടെ പുനരധിവാസത്തിന് മുഖ്യ പങ്കുവഹിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകൾ ഒന്നുവീതം മാത്രമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളത് എന്നത് പരിഗണിച്ചും മുന്നൂറ്റി അമ്പതോളം അന്തേവാസികൾ ഉള്ള പ്രസ്തുത സ്ഥാപനത്തിൽ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ജോലിഭാരം വളരെ കൂടുതലാണ് എന്നതിനാലും പഠന വൈകല്യ അസ്സെസ്സ്മെന്റിനും മെഡിക്കൽ ബോർഡിനും മേൽപ്പറഞ്ഞ തസ്തികയിലുള്ളവരാണ് മേൽനോട്ടം വഹിക്കേണ്ടത് എന്നത് കണക്കിലെടുത്തും പ്രസ്തുത തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി)നിലവിൽ പരിഗണനയിലില്ല.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നീ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും നിലവിൽ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ മാത്രമാണ് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാരൻ ഉള്ളത് എന്നതും തിരുവനന്തപുരം-കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പി തസ്തിക ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത തസ്തികയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റ് കാലാവധി കഴിഞ്ഞതിനാൽ പുതിയ നിയമനങ്ങൾ നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടിയെടുക്കുമോ; അല്ലെങ്കിൽ താൽക്കാലിക നിയമനം നടത്തുമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെയുള്ള രണ്ട് ഒഴിവിൽ ഒരെണ്ണം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരെണ്ണം റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഓക്സിജൻ പ്ലാന്റ് നിർമ്മാണം**

224 (3251) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണത്തിനായി വകയിരുത്തിയ തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ ?

(എ&ബി) വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് നിലവിലില്ല. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കോവിഡ് രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി 10 കി.ലിറ്റർ സംഭരണ ശേഷിയുള്ള ലിക്വിഡ് മെഡിക്കൽ ഓക്സിജൻ ടാങ്ക് മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പി.എം. കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മിനിട്ടിൽ 1000 ലിറ്റർ ഉൽപ്പാദന ശേഷിയുള്ള ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമെ കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ മിനിട്ടിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള ഓക്സിജൻ ജനറേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാനന്തവാടി മെഡിക്കൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ടാങ്ക്, കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ജനറേഷൻ സിസ്റ്റം എന്നിവയുടെ നിർമ്മാണ നിർവ്വഹണച്ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണ നിർവ്വഹണ ചുമതല ഡി.ആർ.ഡി.ഒ.-യ്ക്കും സി.പി.ഡബ്ല്യു.ഡി-ക്കുമാണ്.

## നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം

225 (3252) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപരിപാലന രംഗത്ത് മികവ് പുലർത്തുന്ന സർക്കാർ ആശുപത്രികൾക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം സംസ്ഥാനത്ത് എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടുണ്ട്?

കേരളത്തിലെ 78 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചിട്ടുണ്ട്. എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത അംഗീകാരം ലഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു.*

## ആര്യങ്കാവ് പി.എച്ച്.സി.-ക്ക് അനുവദിച്ച ആംബുലൻസ്

226 (3253) <u>ശ്രീ. പി. എസ്. സുപാൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് പി.എച്ച്.സി-യിൽ എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിക്കപ്പെട്ട ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആംബുലൻസ് വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമ സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ഫ്രീസർ സൗകര്യമുള്ള ആംബുലൻസ് വാങ്ങുന്നതിനാണ് ജില്ലാ കളക്ടർ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നത്. എന്നാൽ ഫ്രീസർ സൗകര്യമുള്ള ആംബുലൻസ് GeM സെറ്റിൽ ലഭ്യമല്ലാതിരുന്നതിനാൽ ഫ്രീസർ സൗകര്യമില്ലാത്ത ആംബുലൻസ് വാങ്ങുന്നതിന് അനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 30-4-2021-ലെ സ.ഉ (സാധാ) നമ്പർ 986/21/ആകുവ പ്രകാരം ആംബുലൻസ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ഫ്രീസർ സൗകര്യമില്ലാത്ത ആംബുലൻസ് GeM (Govt.e-Marketplace)-ൽനിന്ന് വാങ്ങിയിട്ടുണ്ട്.

(സി) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗിക്കേണ്ട പ്രസ്തുത ആംബുലൻസ് ആര്യങ്കാവ് പി.എച്ച്.സി-ക്ക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വാഹനം വാങ്ങി കഴിഞ്ഞതിനാൽ ആർ.റ്റി.ഒ. മുഖേന വാഹനത്തിന്റെ രജിസ്ട്രേഷൻ നടപടി അടിയന്തരമായി സ്വീകരിച്ചുവരികയാണ്. ടി വാഹനത്തിന്റെ രജിസ്ട്രേഷൻ ഇൻഷ്വറൻസ് നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആംബുലൻസ് സ്ഥാപനമേധാവിക്ക് കൈമാറുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ചികിത്സയ്ക്ക് വാങ്ങിയ അധിക തുക

227 (3254) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ചികിത്സയ്ക്ക് ആശുപത്രികൾ അധിക ബിൽ തുക വാങ്ങി എന്നതിനെ സംബന്ധിച്ച് എത്ര പരാതികൾ ഇതുവരെ ലഭിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പരാതികളിന്മേൽ ഇതേവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് ചികിത്സയ്ക്ക് ആശുപത്രികൾ അധിക ബിൽ തുക വാങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതികളുടെയും പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോവിഡ് വാക്സിനേഷൻ

228 (3255) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാംതരംഗം നേരിടുന്നതിന് ജനസംഖ്യയുടെ 70 ശതമാനത്തിലധികം വാക്സിനേഷൻ സ്വീകരിക്കേണ്ട സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

തയ്യാറാക്കിയിട്ടുണ്ട്. ഫീൽഡുതലത്തിൽ വാക്സിനേഷൻ സെക്ഷനുകൾ ആസൂത്രണം ചെയ്യുന്നതും നടത്തുന്നതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ്. ഡിജിറ്റൽ ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ രജിസ്ട്രേഷനും വിവരസമാഹരണത്തിനും തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയാണ് സൗകര്യമൊരുക്കുന്നത്.

(ബി) വാക്സിനേഷൻ പ്രക്രിയ ത്വരിതപ്പെടുത്തുവാൻ മുൻഗണനാ മാനദണ്ഡമനുസരിച്ച് ഷെഡ്യൂൾ ക്രമീകരിച്ച് നിർവ്വഹണം നടത്തുന്നത് മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വാക്സിനേഷന്റെ പുരോഗതി വിലയിരുത്തുന്നതിനും ദിവസേനയുള്ള പ്രവർത്തനത്തെ അടിസ്ഥാനമാക്കി കൂടുതൽ ആസൂത്രണം ചെയ്യുന്നതിനും പെരിഫെറൽ സ്ഥാപനങ്ങളിലും ജില്ലാ-സംസ്ഥാന തലങ്ങളിലും ദിവസേന അവലോകനയോഗങ്ങൾ നടത്തിവരുന്നു. കൂടാതെ കോവിഡ് വാക്സിനേഷന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഴുവൻ പ്രക്രിയയും നിരീക്ഷിക്കുന്നതിനായി ബ്ലോക്ക് ടാസ്ക് ഫോഴ്സ്, ജില്ലാ ടാസ്ക് ഫോഴ്സ്, സംസ്ഥാന ടാസ്ക് ഫോഴ്സ്, സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന

229 (3256) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നൽകിയ പത്ത് ലക്ഷം ഡോസ് കോവിഡ് വാക്സിൻ പാഴാക്കി എന്ന കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ?

ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കിട്ടുന്ന ഡോസിനെക്കാളും അധികം എടുക്കുന്ന സംസ്ഥാനമാണ് കേരളം. ഒരു തുള്ളി വാക്സിൻപോലും സംസ്ഥാനം പാഴാക്കിയിട്ടില്ല. വാക്സിൻ ലഭ്യമാകുന്നതനുസരിച്ച് പരമാവധി വേഗത്തിൽ നൽകുന്നതിനാണ് കേരളം ശ്രമിക്കുന്നത്.

(ബി) കേന്ദ്രം സംസ്ഥാനത്തിന് വിവിധ ഘട്ടങ്ങളിൽ അനുവദിച്ച വാക്സിൻ എപ്രകാരം വിനിയോഗിച്ചു എന്ന് വിശദമാക്കാമോ?

വാക്സിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 3-8-2021 വരെ സംസ്ഥാനത്തിന് സർക്കാർ മേഖലയിൽ 18176070 ഡോസ് കോവിഡ് വാക്സിൻ ലഭിക്കുകയും 19325890 ഡോസുകൾ നൽകുകയും ചെയ്തു. സ്വകാര്യ മേഖലയിൽ 1683467 ഡോസുകൾ നൽകിയിട്ടുണ്ട്. സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽനിന്ന് പരമാവധി അളവിൽ പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനം സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നുണ്ട്. വലിയ അളവിൽ വാക്സിനുകൾ ഒരുമിച്ച് നൽകിയാൽ ഒരു ദിവസം 5 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകാമെന്ന് സംസ്ഥാനം തെളിയിച്ചിട്ടുമുണ്ട്.

(സി) കോവിഡ് വാക്സിൻ നൽകുന്നതിൽ പാർട്ടി അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആക്ഷേപം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേന്ദ്ര ആരോഗ്യമന്ത്രാലയവും സംസ്ഥാന ആരോഗ്യ വകുപ്പും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പ്രകാരമുള്ള മുൻഗണനാ ക്രമമനുസരിച്ചാണ് സംസ്ഥാനത്ത് വാക്സിൻ വിതരണം നടത്തുന്നത്.

## കോവിഡ് വാക്സിനുകൾ

230 (3257) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന കോവിഡ് വാക്സിനുകളുടെ പേര് വ്യക്തമാക്കാമോ?

സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ നിർമ്മിച്ച കോവിഷീൽഡ്, ഭാരത് ബയോടെക് നിർമ്മിച്ച കോവാക്സിൻ എന്നിവ സംസ്ഥാനത്ത് നിലവിൽ പൊതു/സ്വകാര്യ മേഖലകളിൽ ലഭ്യമാണ്. റഷ്യയിലെ ഗമേലയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജി & മൈക്രോബയോളജി നിർമ്മിച്ചതും ഡോ. റെഡ്ഡിസ് ഇറക്കുമതി ചെയ്തതുമായ സ്പുട്നിക് -വി സ്വകാര്യ മേഖലയിൽ മാത്രം ലഭ്യമായ വാക്സിനാണ്.

(ബി) വാക്സിൻ ഡോസുകൾ അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങളും അനുപാതവും വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത് ജില്ലകളിലെ ജനസംഖ്യ, ജില്ലകളിലെ വാക്സിന്റെ ഉപയോഗം, ജില്ലയിലെ നിലവിലുള്ള വാക്സിന്റെ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ്.

(സി) തദ്ദേശഭരണ പ്രദേശങ്ങളിൽ അർഹതയ്ക്കനുസരിച്ച് വാക്സിൻ ഡോസുകൾ ലഭിക്കാതിരിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച ഒറ്റപ്പെട്ട റിപ്പോർട്ടുകൾ/പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഫീൽഡുതലത്തിൽ വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നതും നടത്തുന്നതും തദ്ദേശഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ്. ഡിജിറ്റൽ ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ രജിസ്ട്രേഷനും വിവര സമാഹരണത്തിനും തദ്ദേശ സ്വയംഭരണ വകുപ്പ് വഴി സൗകര്യമൊരുക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും എത്രയുംപെട്ടെന്ന് വാക്സിനേഷൻ നൽകുന്നതിനായി കൂടുതൽ വാക്സിൻ ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ

കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് വാക്സിൻ ജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

## പോസ്റ്റ് കോവിഡ് സിൻഡ്രോം

231 (3258) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ് കോവിഡ് സിൻഡ്രോം സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇതുമൂലം കഷ്ടപ്പെടുന്നവരുടെ ചികിത്സയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കോവിഡ് മുക്തരായ ജനങ്ങളിൽ മിക്കവരിലും നിസ്സാര ലക്ഷണങ്ങൾ മുതൽ ഗുരുതര സ്വഭാവമുള്ള രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ക്ഷീണവും കിതപ്പും മുതൽ മാരകമായ ഹൃദ്രോഗങ്ങൾ വരെ വിവിധ അവയവങ്ങളെ ബാധിക്കുന്ന രീതിയിൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ കണ്ടുവരുന്നു. ഈ രോഗങ്ങൾ ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ആശാ പ്രവർത്തകരുടെ സഹായത്തോടെ കോവിഡ് മുക്തരായവരെ അടുത്തുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ച് രജിസ്റ്റർ ചെയ്യുകയും നിസ്സാര രോഗലക്ഷണങ്ങൾക്ക് അവിടെത്തന്നെ ചികിത്സ ചെയ്യുകയും കൂടുതൽ ശ്രദ്ധവേണ്ട രോഗികളെ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനത്ത് ഇപ്പോൾ 1185 ക്ലിനിക്കുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രിവരെ പ്രവർത്തിച്ചു വരുന്നു. രണ്ടര ലക്ഷത്തോളം രോഗികൾ വിവിധ രോഗലക്ഷണവുമായി ഈ ക്ലിനിക്കുകൾ സന്ദർശിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളുടെ സുഗമമായ നടത്തിപ്പിനായി ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് കൃത്യമായി പ്രവർത്തിച്ചുവരുന്നു. ഡിസ്ചാർജ് ആകുന്ന കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും രണ്ടാഴ്ചയാകുമ്പോൾ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്കൽ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് ഒ.പി.-കളിൽ വരുന്ന രോഗികൾക്ക് എന്തെങ്കിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ

കണ്ടെത്തിയാൽ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ സഹായത്തോടെ വിദഗ്ദ്ധചികിത്സ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും പോസ്റ്റ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തി വരുന്നു.

(ബി) കോവിഡ് മൂന്നാംതരംഗം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഇതിനായി കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മൂന്നാം തരംഗത്തിന്റെ മുന്നോടിയായി നിലവിലെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ശാക്തീകരിക്കുന്നതിനും കുട്ടികൾക്കുണ്ടാകുന്ന പോസ്റ്റ് കോവിഡ് സിൻഡ്രോം നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിനായുള്ള പ്രത്യേക പരിശീലനം വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ രോഗികളെക്കുറിച്ചും രോഗലക്ഷണങ്ങളെക്കുറിച്ചും പ്രത്യേക വിവര ശേഖരണവും പഠനവും നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കോവിഡ് വാക്സിൻ ലഭ്യതക്കുറവ്

232 (3259) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് കോവിഡ് വാക്സിന്റെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ കേന്ദ്രസർക്കാർ 18 വയസ്സിനു മുകളിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും കോവിഡ് വാക്സിൻ സൗജന്യമായി നൽകുന്നു. മതിയായ അളവിൽ വാക്സിൻ ഡോസുകൾ ലഭിക്കുന്നതിന് സംസ്ഥാനം പതിവായി മന്ത്രാലയവുമായി ബന്ധപ്പെടുന്നുണ്ട്. ഇതിന്റെ ഫലമായി 2021 ജൂലൈ മാസത്തിൽ 15.5 ലക്ഷം ഡോസുകൾ അധികമായി ലഭിച്ചു. സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും 90 ലക്ഷം ഡോസുകൾ/മാസം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽനിന്ന് പരമാവധി അളവിൽ വാക്സിനുകൾ വാങ്ങുന്നതിനായി സംസ്ഥാനം സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു.

(ബി) എല്ലാവർക്കും ആദ്യ ഡോസ് വാക്സിൻ ലഭിക്കുന്നതിന് ഇനിയും എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ?

ആവശ്യമായ എല്ലാ ഗുണഭോക്താക്കൾക്കും അടുത്ത 3 മാസത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ സംസ്ഥാനം വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളുക എന്ന ലക്ഷ്യത്തോടെ പ്രതിദിന പ്രതിരോധ കുത്തിവയ്പ്പുകൾ ഇരട്ടിയാക്കുകയും ഒരു ദിവസം 5.15 ലക്ഷം ഡോസുകൾ നൽകുകയും ചെയ്തുവരുന്നു. എന്നിരുന്നാലും വാക്സിന്റെ അഭാവം ലക്ഷ്യത്തിൽ എത്താൻ തടസ്സമാകുന്നു.

(സി) രണ്ടാം ഡോസ് നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

രണ്ടാമത്തെ ഡോസ് ലഭിക്കേണ്ട എല്ലാ ഗുണഭോക്താക്കൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വാക്സിൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ സംസ്ഥാനം മുൻഗണന നൽകുന്നു. ഇപ്പോഴത്തെ രണ്ടാമത്തെ ഡോസ് കവറേജ് 17% ആണ് (മൊത്തം ജനസംഖ്യയുടെ) ദേശീയ കവറേജ് 7% മാത്രമാണ്; ഗുണഭോക്താക്കൾക്ക് രണ്ടാം ഡോസിന് മുൻഗണന നൽകാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന സെഷനുകളിൽ "രണ്ടാമത്തെ ഡോസ് സ്ലോട്ടുകൾ" പ്രസിദ്ധീകരിക്കുന്നു, അത് രണ്ടാമത്തെ ഡോസ് ലഭിക്കേണ്ട ഗുണഭോക്താക്കൾക്ക് മാത്രമേ ബുക്ക് ചെയ്യാൻ കഴിയൂ. ഇതിനുപുറമെ, ആശാ വർക്കർമാരുടെ പിൻതുണയോടെ ഡ്യൂ ലിസ്റ്റ് ഉപയോഗിച്ച് രണ്ടാം ഡോസിന് അർഹരായ ഗുണഭോക്താക്കളെ (ഡിജിറ്റൽ അക്സസ് ഇല്ലാത്തവരേയും) കണ്ടെത്തുന്നു.

**കോവിഡ് വാക്സിൻ**

233 (3260) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ എത്ര ശതമാനം ആളുകൾക്ക് ലഭിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും പ്രായപരിധി തിരിച്ച് വാക്സിൻ ലഭ്യമായവരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

31-7-2021 വരെ, സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 40% (as per projected population 2021) പേർക്ക് ഒന്നാം ഡോസ് വാക്സിനും 17% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. 31-7-2021 തീയതി വരെയുള്ള മൊത്തം വാക്സിനേഷൻ കവറേജും പ്രായത്തിനനുസരിച്ചുള്ള വാക്സിൻ കവറേജും അനുബന്ധമായി ചേർക്കുന്നു.*

(ബി) അർഹരായ പലർക്കും വാക്സിൻക്ഷാമംമൂലവും കോവിൻ സൈറ്റിലെ തിരക്കുമൂലവും വാക്സിൻ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാക്സിൻ ലഭ്യത അനുസരിച്ച് കേന്ദ്രം, കേരളത്തിനുള്ള വാക്സിൻ നൽകി വരുന്നു. എന്നാൽ നമ്മുടെ ആവശ്യകത അനുസരിച്ച് വാക്സിൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിൻ 1200-ഓളം വാക്സിനേഷൻ സെന്ററുകൾ വഴി ഫലപ്രദമായി വിതരണം ചെയ്തു വരുന്നു. വാക്സിൻ ആവശ്യകതയും വാക്സിന്റെ യഥാർത്ഥ ലഭ്യതയും തമ്മിൽ വലിയ വ്യത്യാസമുള്ളതിനാൽ കൂടുതൽ വാക്സിൻ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക**

234 (3261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇതിനായി കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര തുകയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദേശീയ ആരോഗ്യ മിഷൻ മുഖേന 965.01 കോടി രൂപയാണ് ചെലവാക്കിയത്. ചെലവാക്കിയ തുക അനുബന്ധം 1 ആയി ചേർക്കുന്നു.* 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 393.46 കോടി രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ച 7.19 കോടി രൂപയും സംസ്ഥാന കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ച 75 കോടി രൂപയും ചേർത്ത് ആകെ 475.65 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 195.24 കോടി രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 42.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 835.62 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ജില്ലകൾക്ക് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വാക്സിനേഷനായി ലഭിച്ച 9.08 കോടി രൂപയിൽ 4.97 കോടി രൂപ ചെലവഴിച്ചു. ആശുപത്രി വികസന സമിതികളിലേയ്ക്കായി സംസ്ഥാന സർക്കാറിൽനിന്നും ലഭിച്ച 57.36 കോടി രൂപ വിവിധ ആശുപത്രി വികസന സമിതികളിലേയ്ക്കായി വിതരണം ചെയ്തിട്ടുണ്ട്. ദേശീയ ആരോഗ്യ മിഷനിലെ 20000-ഓളം കരാർ ജീവനക്കാർക്ക് ആഗസ്റ്റ് 2020 മുതൽ മാർച്ച് 2021 വരെ ഇൻസെന്റീവും അലവൻസും നൽകിയിട്ടുണ്ട്. കേന്ദ്ര ഫണ്ടും അതിന്റെ സംസ്ഥാന വിഹിതവും ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെയും സംസ്ഥാന ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച നടത്തിയ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം -3 ആയി ചേർക്കുന്നു.*

## കോവിഡിന്റെ 3-ാം തരംഗം

235 (3262) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ 3-ാം തരംഗം ഉണ്ടാകുമെന്നും അത് കുട്ടികളെ ബാധിക്കുമെന്നും പ്രചരിക്കുന്നതിന്റെ നിജസ്ഥിതി വിശദീകരിക്കാമോ?

കേരളത്തിൽ കോവിഡ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട നാൾ മുതൽതന്നെ പ്രായമടിസ്ഥാനമാക്കിയുള്ള രോഗസ്ഥിരീകരണ നിരക്ക് ആരോഗ്യവകുപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. വാക്സിൻ നൽകിയിട്ടില്ലാത്ത വിഭാഗം എന്ന നിലയിൽ ഇനിയൊരു തരംഗം ഉണ്ടാവുകയാണെങ്കിൽ അത് കുട്ടികളെയായിരിക്കും ബാധിക്കുക എന്ന അഭിപ്രായം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ചികിത്സാ സംവിധാനങ്ങളിൽ കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിച്ചു. താലൂക്കാശുപത്രി, ജില്ലാ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit-കൾ സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. എല്ലാ മെഡിക്കൽ കോളേജുകളിലും ചുരുങ്ങിയത് പത്ത് പീഡിയാട്രിക് ബെഡ്ഡുകൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് -19 പ്രതിരോധ വാക്സിൻ

236 (3263) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ വാക്സിൻ ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നറിയിക്കുമോ?

31-7-2021 വരെ സംസ്ഥാനത്ത് 1,41,60,510 ഗുണഭോക്താക്കൾക്ക് കോവിഡ് -19 പ്രതിരോധ വാക്സിന്റെ ഒന്നാം ഡോസും അവരിൽ 60,59,874 പേർക്ക് രണ്ടാമത്തെ ഡോസും നൽകിയിട്ടുണ്ട്.

(ബി) ജില്ലാ അടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ?

ജില്ലാ അടിസ്ഥാനത്തിൽ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകൾക്ക് കോവിഡ് വാക്സിൻ

237 (3264) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ബാധിക്കുന്ന രോഗികളിൽ കൂടുതൽ പേരും രോഗലക്ഷണങ്ങളുമായി (പനി, തൊണ്ടവേദന, തലവേദന തുടങ്ങിയവ) ആദ്യം എത്തുന്നത് അടുത്തുള്ള മെഡിക്കൽ ഷോപ്പുകളിലാണ് എന്നതിനാൽ, രോഗികളുമായി നേരിട്ട് ഇടപെടുന്നതുകൊണ്ട് നിരവധി ഫാർമസിസ്റ്റുകൾക്ക് അസുഖം ബാധിക്കുകയും മരണപ്പെടുകയും ചെയ്തിട്ടുള്ളത് പരിഗണിച്ച് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ പതിനയ്യായിരത്തോളം ഫാർമസിസ്റ്റുമാരെ ആരോഗ്യ രംഗത്തെ മുൻനിര പ്രവർത്തകർ എന്ന നിലയിൽ പരിഗണിച്ച് കോവിഡ് വാക്സിൻ നൽകുന്നതിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുമോ?

19-5-2021-ലെ സ.ഉ. (സാധാ) നമ്പർ 1102/2021/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകളിലെ സ്റ്റാഫിനെ (Staff of shops providing essential supplies) കോവിഡ് വാക്സിനേഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അപകടകരമായ സാഹചര്യത്തിലും ഗുരുതരമായ കോവിഡ് വ്യാപന പ്രദേശങ്ങളിലടക്കം എല്ലാ ദിവസവും സേവനം ചെയ്യുന്ന ഫാർമസിസ്റ്റുമാർക്കും റേഷൻ വ്യാപാരികൾക്ക് ഏർപ്പെടുത്തിയ മാതൃകയിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് അറിയിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(ബി&സി) ഫാർമസിസ്റ്റുമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കോവിഡ് ചികിത്സയിൽ ആയുർവേദത്തിന്റെ ഫലപ്രാപ്തി**

238 (3265) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം, ഭേഷജം പദ്ധതികളുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകളിൽ കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ആയുർവേദ ചികിത്സയിൽ ഫലപ്രാപ്തി ഉണ്ടെന്ന കണ്ടെത്തുകയുണ്ടായോ; ഈ പഠനങ്ങളിൽ എത്ര പേരാണ് പങ്കെടുത്തിട്ടുള്ളത്?

അമൃതം പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം കോവിഡ് നിരീക്ഷണത്തിലിരുന്ന 101218 പേരിൽ 2020 മേയ് 21 മുതൽ ജൂലൈ 4 വരെ നടത്തിയ പഠനത്തിൽ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചവരിൽ 0.34% പേർ മാത്രമാണ് നിരീക്ഷണകാലത്തിനുള്ളിൽ കോവിഡ് പോസിറ്റീവ് ആയത്. എന്നാൽ മരുന്ന് ഉപയോഗിക്കാത്തവരിൽ അതേ കാലയളവിൽ പോസിറ്റീവ് ആയത് 1.67% പേർ ആണ്. ഇത്തരത്തിൽ നിരീക്ഷണത്തിലിരിക്കെ ആയുർവേദ മരുന്നുപയോഗിക്കുകയും കോവിഡ് പോസിറ്റീവ് ആകുകയും ചെയ്തവരിൽ രോഗലക്ഷണങ്ങളുടെ തീവ്രതയും കുറവായിരുന്നു. അതുപോലെ നിരീക്ഷണത്തിലിരിക്കെ കൂടുതൽ ദിവസം ആയുർവേദ മരുന്ന് കഴിച്ചവരിൽ അങ്ങനെയല്ലാത്തവരെ അപേക്ഷിച്ച് ലക്ഷണങ്ങളില്ലാത്ത രോഗികളുടെ എണ്ണം ശ്രദ്ധേയമായ തരത്തിൽ കൂടുതലായിരുന്നു. അപ്രകാരം ആയുർവേദ ഔഷധങ്ങൾ സ്വീകരിക്കുകയും പിന്നീട് കോവിഡ് പോസിറ്റീവ് ആകുകയും ചെയ്തവരിൽ ആരും തന്നെ ഗുരുതര രോഗാവസ്ഥയിലേയ്ക്ക് എത്തിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആയുർവേദ കോവിഡ് ചികിത്സാ പദ്ധതിയായ ഭേഷജത്തിന്റെ ഒരു പഠനം 2020 ഡിസംബർ 1 മുതൽ 2021 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്തിയിരുന്നു. ആയതിലുൾപ്പെട്ട 9855 ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികളിൽ 95.87% പേർക്കും കോംപ്ലിക്കേഷൻസ് കൂടാതെ കോവിഡ് പൂർണ്ണമായി സുഖപ്പെട്ടു. കേവലം 44 (0.45%)രോഗികളെയാണ് ഭേഷജത്തിൽ നിന്നും റെഫർ ചെയ്യേണ്ടതായി വന്നത്. അതിൽ തന്നെ 35 (0.36%) പേർക്ക് ഇന്റെൻസീവ് കെയർ ആവശ്യമായി വരികയും ചെയ്തു. മേൽ പഠനങ്ങളിലെല്ലാംതന്നെ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള ശ്രദ്ധേയമായ ഔഷധ ജനിതമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ഈ റിപ്പോർട്ടുകളിന്മേൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ റിപ്പോർട്ട് പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഉടനെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

അമൃതം, ഭേഷജം തുടങ്ങിയ പദ്ധതികളുടെ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടില്ല. ആയുഷ് വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആയുർവേദരംഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും വിശിഷ്യാ അമൃതം പദ്ധതിയുടെ ഗുണഫലത്തെക്കുറിച്ചുമുള്ള വിവരങ്ങൾ അന്താരാഷ്ട്ര ജേർണലിൽ പ്രസീദ്ധീകരണത്തിനായി അയച്ചിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തിലിരിക്കവേ അമൃതം പദ്ധതിയുടെ ഭാഗമായി ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചവരെ സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചതിന്റെ വെളിച്ചത്തിലും കേന്ദ്ര ആയുഷ് മന്ത്രാലയം കോവിഡ് ചികിത്സയ്ക്കായി ആയുർവേദ-യോഗ വൈദ്യശാസ്ത്രശാഖകളെ ഉൾപ്പെടുത്തിയതിന്റെ ഭാഗമായും 2020 നവംബർ മാസത്തിൽ കേരളത്തിൽ ഗുരുതരാവസ്ഥയിലല്ലാത്ത (കാറ്റഗറി എ) കോവിഡ്-19 രോഗികൾക്ക് ആയുർവേദ ചികിത്സയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ആയുർവേദ വിദ്യാഭ്യാസ വകുപ്പും ലോകോത്തര നിലവാരമുള്ള ശാസ്ത്ര സ്ഥാപനങ്ങളുമായി ചേർന്ന് കോവിഡ്പോലുള്ള മഹാമാരികളിൽ ആയുർവേദത്തിന്റെ ഗുണഫലങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു ട്രാൻസ് ഡിസിപ്ലിനറി ഹബ് രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

(സി) കോവിഡ് ചികിത്സയിൽ ആയുർവേദം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ സർക്കാരിന്റെ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മുഴുവൻ പ്രചരണങ്ങളിലും ആയുർവേദ ചികിത്സാ സാദ്ധ്യതകൾ കൂടി ഉൾപ്പെടുത്തുന്നതിനും ടാസ്ക് ഫോഴ്സിൽ ആയുർവേദ ചികിത്സാ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിനും ആയുർവേദ ചികിത്സാരീതികൾകൂടി ഉൾപ്പെടുത്തി ചികിത്സാ പ്രോട്ടോകോൾ പുതുക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

സംസ്ഥാന ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണങ്ങളും അത് സംബന്ധമായ പഠനങ്ങളും നടന്നിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തി ലിരിക്കുന്നവരുടെ ആയുർവേദ പ്രതിരോധ പദ്ധതിയായ അമൃതം, ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികളുടെ ആയുർവേദ ചികിത്സാ പദ്ധതിയായ ഭേഷജം, കോവിഡാനന്തര രോഗങ്ങൾക്കുള്ള ആയുർവേദ ചികിത്സാ പദ്ധതിയായ

പുനർജ്ജനി എന്നിങ്ങനെയുള്ള പ്രമുഖ പദ്ധതികളുടെയെല്ലാം പഠനങ്ങൾ സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ചികിത്സാ പ്രോട്ടോക്കോൾ വരുന്ന മുറയ്ക്ക് സംസ്ഥാന തലത്തിലും മാറ്റങ്ങൾ വരുത്താറുണ്ട്. ടാസ്ക് ഫോഴ്സിൽ ആയുർവേദ ചികിത്സാ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**സർക്കാർ ആശുപത്രികളിലുള്ള സൗകര്യങ്ങൾ**

239 (3266) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 ആദ്യമായി റിപ്പോർട്ട് ചെയ്തപ്പോൾ സർക്കാർ മേഖലയിൽ ആകെ എത്ര വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ എന്നിവ നിലവിലുണ്ടായിരുന്നു; ഇപ്പോൾ ഇവയുടെ എണ്ണം എത്രയാണ്; ആശുപത്രികൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കോവിഡ്-19 റിപ്പോർട്ട് ചെയ്യപ്പെട്ട ശേഷം സർക്കാർ മേഖലയിൽ ആകെ എത്ര വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡ്-19 ആദ്യമായി റിപ്പോർട്ട് ചെയ്തപ്പോൾ സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 971 വെന്റിലേറ്ററുകളും 1662 ഐ.സി.യു. കിടക്കകളും ഉണ്ടായിരുന്നു. നിലവിൽ ജൂലൈ 2021-ലെ കണക്കുപ്രകാരം 2145 വെന്റിലേറ്ററുകളും 3367 ഐ.സി.യു. കിടക്കകളുമുണ്ട്. ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കോവിഡ്-19 മൂന്നാംതരംഗം നേരിടുന്നതിന് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര വീതം വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ പുതുതായി അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ ഈ സൗകര്യം ഏതെല്ലാം ആശുപത്രികളിൽ എത്ര എണ്ണം വീതം അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(സി&ഡി) മെഡിക്കൽ കോളേജുകളിൽ 10 ബെഡുകളുള്ള പീഡിയാട്രിക് ഐ.സി.യു.-കളും, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ എച്ച്.ഡി.യു.-കളും സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോന്നുവീതം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ 10 ബെഡുകളുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ഐസൊലേഷൻ വാർഡിൽ ജോലി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ

240 (3267) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി ആരംഭിച്ചതു മുതൽ കേരളത്തിലെ സർക്കാർ ആശുപത്രി ഐസൊലേഷൻ വാർഡുകളിൽ ജോലി ചെയ്യുന്ന നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയ താൽക്കാലിക/കരാർ ജീവനക്കാരെ ആശുപത്രികളിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിചയസമ്പന്നരായ ഇവർക്ക് പ്രത്യേക പരിഗണനയിൽ എന്തെങ്കിലും ആനുകൂല്യം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.), ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, കുടുംബശ്രീ മുതലായവ വഴി ആശുപത്രികളിലെ ജോലി ഭാരം കണക്കിലെടുത്ത് താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത നിയമനം താൽക്കാലികം മാത്രമാണ്. നിലവിലെ ചട്ടപ്രകാരം താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല. കോവിഡ് കാലയളവിൽ എൻ.എച്ച്.എം.-ന് കീഴിൽ ജോലി ചെയ്യുന്ന ദിവസ വേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്.

## കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ്

241 (3268) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇറക്കിയ സർക്കുലറിലെ അവ്യക്തത കാരണമാണ് ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്തത് എന്ന ആക്ഷേപം പരിശോധിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനുശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാദ്ധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മേയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്ന പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം തന്നെ 28 ദിവസത്തിനുശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു. കോവിഷീൽഡിന്റെ ആദ്യകാല അഡ്മിനിസ്ട്രേഷൻ അടയാളപ്പെടുത്തുവാൻ കോവിനിൽ സാദ്ധ്യമല്ലാത്തതിനാൽ അത്തരം ഗുണഭോക്താക്കൾക്ക് സംസ്ഥാനം ഇഹെൽത്ത് പോർട്ടൽ (https://covid19.kerala.gov.in/vaccine/) വഴി വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകി. 2021 ജൂൺ 13 മുതലാണ് കോവിൻ മുഖേന വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം കോവിനിൽ പ്രവർത്തനക്ഷമമാക്കിയത്. ആയതിനാൽ മേയ് 21-നും ജൂൺ 12-നുമിടയിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ച ഗുണോക്താക്കൾക്ക് കോവിൻ മുഖേനയുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. പിന്നീട് കേന്ദ്ര സർക്കാർ രണ്ടാം ഡോസ് വാക്സിൻ നേരത്തെ നൽകാനുള്ള അനുമതി നൽകിയതിനെത്തുടർന്ന് പ്രസ്തുത വാക്സിൻ സ്വീകരിച്ചവരുടെ ബാക്ക് ലോഗ് ഡാറ്റാ എൻട്രി സാദ്ധ്യമാക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും അനുകൂലമായി മറുപടി ലഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിനിൽ മേൽപ്പറഞ്ഞ ബാക്ക്ലോഗ് ഡാറ്റാ എൻട്രി സൗകര്യം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

**കോവിഡ് വാക്സിൻ**

242 (3269) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ യഥാസമയം എല്ലാവർക്കും ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന വാക്സിൻ ജില്ലകളിൽ ആവശ്യാനുസരണം ജനസംഖ്യാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു. അടുത്ത 3 മാസത്തിനുള്ളിൽ യോഗ്യരായ എല്ലാ ഗുണഭോക്താക്കൾക്കും പ്രതിരോധ

കുത്തിവയ്പ്പ് നൽകാൻ സംസ്ഥാനം വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ജനങ്ങളെയും വാക്സിനേറ്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെ, പ്രതിദിന പ്രതിരോധ കുത്തിവയ്പ്പുകൾ ഇരട്ടിയാക്കുകയും ഒരു ദിവസം 5.15 ലക്ഷം ഡോസുകൾ വരെ നൽകുകയും ചെയ്തു. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽ നിന്ന് പരമാവധി അളവിൽ പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനം സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നുണ്ട്. കോവിഡ് 19 വാക്സിനേഷനുമായി ബന്ധപ്പെട്ട് വാക്സിനേഷൻ ഡ്രൈവിന്റെ തുടക്കം മുതൽ, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരും ദുർബ്ബലരുമായ ജനവിഭാഗങ്ങൾക്കായി പ്രത്യേക വാക്സിനേഷൻ ഡ്രൈവുകൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം മുൻകയ്യെടുത്തു, അവ ചുവടെ ചേർക്കുന്നു;

I. ഡിജിറ്റൽ മീഡിയ/ഇന്റർനെറ്റ് ആക്സസ് ഇല്ലാത്തവർക്ക് വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് അത്തരം ഗുണഭോക്താക്കളെ അണിനിരത്താൻ ASHA/ LSGD ജീവനക്കാരുടെ സേവനങ്ങൾ ഉപയോഗിക്കുകയും സ്പോട്ട് രജിസ്ട്രേഷനുശേഷം അവർക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ചെയ്യുന്നു. ഇപ്പോൾ എല്ലാ പൗരന്മാർക്കും രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക രജിസ്ട്രേഷൻ കാമ്പെയ്ൻ "വേവ്-വർക്ക് അലോംഗ് ഫോർ വാക്സിൻ ഇക്വിറ്റി" ഇപ്പോൾ സംസ്ഥാനത്ത് ആരംഭിച്ചു.

II. പാലിയേറ്റീവ് രോഗികൾക്കായി ബെഡ്സൈഡ് വാക്സിനേഷൻ ആരംഭിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഈ സംരംഭം ദേശീയതലത്തിൽ പ്രശംസിക്കപ്പെട്ടു. ഇപ്പോൾ പല സംസ്ഥാനങ്ങളും ഈ രീതി പിൻതുടരുന്നുണ്ട്.

III. ആദിവാസി ജനസംഖ്യയുടെ കുത്തിവയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക പരിശ്രമങ്ങൾ നടത്തുകയും 63% ആദിവാസി ജനതയ്ക്ക് ( 18 വയസ്സ്) ആദ്യ ഡോസ് കോവിഡ് വാക്സിൻ നൽകുകയും 11% ജനതയ്ക്ക് രണ്ടാം ഡോസ് നൽകുകയും ചെയ്തു.

IV. സംസ്ഥാനത്തുടനീളമുള്ള 98% വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആദ്യ ഡോസ് കുത്തിവയ്പ്പ് നൽകി, 31% രണ്ടാം ഡോസ് നൽകുകയും ചെയ്തു.

V. വികലാംഗർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

VI. ഗർഭിണികൾക്കുള്ള പ്രത്യേക കോവിഡ് വാക്സിനേഷൻ ഡ്രൈവ് - "മാതൃകവചം" സംസ്ഥാനത്ത് ആരംഭിച്ചു.

(ബി) വിദേശ രാജ്യങ്ങളിലേയ്ക്കും ഇതര സംസ്ഥാനങ്ങളിലേയ്ക്കും യാത്രചെയ്യേണ്ട വിദ്യാർത്ഥികളും പ്രൊഫഷണലുകളും ഉൾപ്പെടെയുള്ള മുഴുവൻ പേർക്കും, വാക്സിൻ സൗകര്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

വിദ്യാർത്ഥികൾ ഉൾപ്പെടെ വിദേശത്തേയ്ക്ക് പോകുന്ന വ്യക്തികളെ കോവിഡ് വാക്സിനേഷനായി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ 18-23 വയസ്സുള്ള എല്ലാ കോളേജ് വിദ്യാർത്ഥികളെയും മുൻഗണനാ ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന യാത്രക്കാരെ മുൻഗണനാ ഗ്രൂപ്പിൽ ഉൾപ്പെടുത്താത്തതുകാരണം ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നില്ല.

(സി) വാക്സിൻ വിതരണം കാര്യക്ഷമവും സുഗമവുമാക്കി സാർവ്വത്രികമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന വാക്സിൻ സംസ്ഥാനത്തെ 1200-ഓളം വാക്സിനേഷൻ സെന്ററുകൾ വഴി കാര്യക്ഷമമായി വിതരണം ചെയ്തുവരുന്നു. അർഹരായ എല്ലാവർക്കും കോവിഡ് വാക്സിൻ അടിയന്തിരമായി ലഭ്യമാക്കുന്നതിനായി കൂടുതൽ വാക്സിൻ ലഭ്യമാക്കുവാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കോവിഡ് വാക്സിൻ ക്ഷാമം

243 (3270) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻക്ഷാമം നേരിടുന്നതിനു കാരണം സർക്കാരിന്റെ കെടുകാര്യസ്ഥതയാണെന്ന കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഔദ്യോഗിക അറിയിപ്പുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് വാക്സിൻ വിതരണത്തിൽ പാളിച്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

വാക്സിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 31-7-2021 വരെ സംസ്ഥാനത്തിന് 1,81,55,970 ഡോസ് കോവിഡ് വാക്സിൻ ലഭിക്കുകയും 1,86,41,419 ഡോസുകൾ നൽകുകയും ചെയ്തു. വലിയ അളവിൽ വാക്സിനുകൾ ഒരുമിച്ച് നൽകിയാൽ ഒരു ദിവസം 5 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകാമെന്ന് സംസ്ഥാനം തെളിയിച്ചിട്ടുണ്ട്.

**ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡ് വാക്സിനേഷൻ**

244 (3271) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപെട്ട എല്ലാവർക്കും അവരുടെ താമസസ്ഥലത്തെത്തി കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരമൊരു പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) തയ്യാറാക്കിയിട്ടുണ്ട്. ഇതിനകംതന്നെ ജില്ലകളിൽ ഗോത്രവർഗ്ഗക്കാർക്കായി പ്രത്യേക ക്യാമ്പുകൾ നടത്തുകയും 18 വയസ്സിനു മുകളിലുള്ള 63% ആദിവാസി ജനസംഖ്യയ്ക്ക് ആദ്യ ഡോസ് കോവിഡ് വാക്സിൻ നൽകുകയും ചെയ്തു. 11% പേർ 2 ഡോസുകളുടെ ഷെഡ്യൂൾ പൂർത്തിയാക്കിയിട്ടുണ്ട്.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ്**

245 (3272) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; ചെലവ് തുക ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദേശീയ ആരോഗ്യ മിഷൻ മുഖേന 965.01 കോടി രൂപയാണ് ചെലവാക്കിയത്. ചെലവാക്കിയ തുക ജില്ലാടിസ്ഥാനത്തിൽ അനുബന്ധം- 1 ആയി ചേർക്കുന്നു.* 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 393.46 കോടി രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ച 7.19 കോടി രൂപയും സംസ്ഥാന കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ച 75 കോടി രൂപയും ചേർത്ത് ആകെ 475.65 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതമായ 195.24 കോടി രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് 42.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനുപുറമെ കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 835.62 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലും സഹകരണ ആശുപത്രികളിലും രണ്ടാം ഘട്ടത്തിൽ എത്ര കോവിഡ് രോഗികൾക്ക് കിടത്തി ചികിത്സ നൽകിയെന്ന് ജില്ല, സർക്കാർ, സഹകരണ ആശുപത്രികൾ എന്നിവയുടെ പേര്, രോഗികളുടെ എണ്ണം എന്നീ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകുമോ?

കോവിഡ് വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിൽ (2021 ഏപ്രിൽ 01 മുതൽ ജൂലൈ 31 വരെ) സംസ്ഥാനത്ത് ആകെ കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം 282316 ആണ്. ജില്ല, സർക്കാർ, സഹകരണ ആശുപത്രികൾ എന്നിവ തിരിച്ചുള്ള കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

## കോവിഡ് റിലീഫ് പാക്കേജ്

246 (3273) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 20000 കോടി രൂപയുടെ സമഗ്ര കോവിഡ് റിലീഫ് പാക്കേജ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയ ആരോഗ്യക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യമിഷൻ മുഖേന താഴെ പറയുന്ന ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന ദുരന്തനിവാരണ സമിതി മുഖേന 70.69 കോടി രൂപ അനുവദിച്ചു. ഇതിൽ 54.87 കോടി രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിരിക്കുന്നത്.

1. ക്വാറന്റൈൻ, ഐസോലേഷൻ തുടങ്ങിയവയ്ക്കായുള്ള അറ്റകുറ്റപ്പണികൾ, കൺട്രോൾ കാൾ സെന്ററുകളുടെ പ്രവർത്തനം, ട്രെയിനിംഗുകൾ, സാംപിൾ കളക്ഷൻ, ലോജിസ്റ്റിക്സ് മുതലായവയാണ്.

2. ആശുപത്രി വികസന സമിതികൾക്കുള്ള ഫണ്ട്, ഇതുവരെ 57.36 കോടി രൂപ, ഇതിനായി അനുവദിച്ചു. കോവിഡ് സാഹചര്യത്തിൽ ആശുപത്രികളുടെ വരുമാനം കുറഞ്ഞതിനാൽ ആശുപത്രി വികസന സമിതികൾ മുഖേന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരുടെ വേതനം, മറ്റ് അവശ്യകാര്യങ്ങൾക്കുമായാണ് ഈ ഫണ്ട് അനുവദിച്ചിരിക്കുന്നത്.

3. കോവിഡ് ബ്രിഗേഡ് ഫണ്ട് കരാർ ജീവനക്കാർക്കുള്ള ഇൻസന്റീവും അലവൻസുമായി ഇതുവരെ 145.42 കോടി അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ ജില്ലകൾക്കുമൊപ്പം വയനാട് ജില്ലയ്ക്കും മുകളിൽ പ്രതിപാദിച്ചിരിക്കുന്നവയിൽനിന്നും അനുവദിച്ച ഫണ്ടുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| സംസ്ഥാന ദുരന്തനിവാരണ സമിതി | - | 125 ലക്ഷം |
| ആശുപത്രി വികസന സമിതി | - | 212.76 ലക്ഷം |
| കരാർ ജീവനക്കാർക്കുള്ള ഇൻസെന്റീവും അലവൻസും | - | 665.940 ലക്ഷം |

## പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

247 (3274) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നല്കുന്ന ധനസഹായം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(എ-സി) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതി വനിതശിശു വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

## ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം

248 (3275) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

13-6-2018-ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ 11-12-2019-ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിർമ്മാണപ്രവൃത്തിക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ കരാറിൽ ഏർപ്പെട്ടതിനുശേഷവും ഒന്നര വർഷമായി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ 15-7-2021-ന് ടിയാന്, പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിന്റെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഇതിന് കരാറുകാരൻ 30-7-2021-ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കരാറുകാരനും കുടുംബത്തിനും കോവിഡ് ബാധിച്ചതിനാലാണ് നിശ്ചിതസമയത്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടി എടുത്തുവരുന്നു.

## ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ

249 (3276) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിൽ ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ എത്ര തസ്തിക നിലവിലുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് തസ്തികയുടെ വിശദാംശം വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ അഞ്ച് തസ്തികകളാണ് നിലവിലുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 2 സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 2, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് ഒഴിവ് എന്നുമുതൽ നിലവിൽവന്നു എന്ന വിവരം സഹിതം വിശദാംശം വ്യക്തമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ നാല് ഒഴിവുകളാണ് നിലവിലുള്ളത് സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ- 2 (ആദ്യത്തേത് 30-4-2010 മുതൽ രണ്ടാമത്തേത് 31-5-2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1 (30-4-2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 1 (31-5-2019 മുതൽ)

(സി) പ്രസ്തുത തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി നൽകിയ അപേക്ഷകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ അപേക്ഷകളിൽ പ്രൊമോഷൻ അടക്കമുള്ള നിയമനങ്ങൾ നടത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) 14-12-2009-ലെ സ.ഉ.(അ)നമ്പർ 425/2009/ആകുവ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ എൻട്രി കേഡർ തസ്തികയാക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഈ തസ്തികയിലേയ്ക്ക് ഡി.പി.സി. മുഖേന നടന്നുവന്ന സ്ഥാനക്കയറ്റം അവസാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നോൺ മെഡിക്കൽ വിഭാഗത്തിൽ ലക്ചറർ തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന സ്ഥാനക്കയറ്റം ലഭിക്കാതെ വരികയും ആയത് ലക്ചറർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ ബാധിക്കുകയും ചെയ്തു. ഇത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ നസീർ ഇ. ഫയൽ ചെയ്ത ഒ.എ. നം. 76/2020 കേസ്സിലെ 16.01.2020-ലെ അന്തിമ ഉത്തരവുപ്രകാരം ലക്ചറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നോൺ മെഡിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ അദ്ധ്യാപക തസ്തികകൾ മാത്രമേ നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം, ഈ തസ്തികയ്ക്ക് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽ നിന്നും നേരിട്ടുള്ള നിയമനം മുഖേന ആയിരിക്കണമെന്നും അതേ സമയം 1-1-2021-ന്

സർവീസിലുള്ളവർക്ക് നിശ്ചിത യോഗ്യതയുണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 എന്ന അനുപാതം പാലിക്കേണ്ടതുണ്ടെന്നും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോൺ മെഡിക്കൽ വിഭാഗത്തിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ. നമ്പർ 76/2020 കേസ്സിലെ 16-1-2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി 3-5-2021-ലെ സ.ഉ.(സാധാ)നമ്പർ 1003/2021/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ബി2/375/2019/ആ.കു.വ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. ഇതിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നോൺ മെഡിക്കൽ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

## ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ തസ്തികകൾക്ക് ഫാം-ഡി യോഗ്യത

250 (3277) ശ്രീ. കെ. വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ ഫാം-ഡി യോഗ്യതയുള്ളവർക്ക് സംവരണം ചെയ്തുള്ള ഫാർമസി കൗൺസിലിന്റെ പി.പി.ആർ. ആക്റ്റ് 2021 ഭേദഗതി കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ മേൽപ്പറഞ്ഞ തസ്തികകൾ നിലവിലില്ല. ഇക്കാര്യത്തിന് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശമ്പള പരിഷ്കരണം

251 (3278) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശമ്പള പരിഷ്കരണ ഉത്തരവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്ന് ഉദ്ദേശിക്കുന്നത് സീനിയർ സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, സയന്റിഫിക് അസിസ്റ്റന്റ്, മെഡിക്കൽ

ഐസോടോപ്പ് ടെക്നോളജിസ്റ്റ്, ഫിസിയോളജിക്കൽ അസിസ്റ്റന്റ്, ബയോകെമിസ്റ്റ് എന്നീ തസ്തികകളിലെ ജീവനക്കാരെയാണ്.

(ബി) സയന്റിഫിക് സ്റ്റാഫിന്റെ അക്കാദമിക് യോഗ്യത എന്താണെന്ന് അറിയിക്കുമോ; സയന്റിഫിക് സ്റ്റാഫ് പട്ടികയിൽ വരുന്ന സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റൻറ് തസ്തികകൾ എത്ര മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടെന്ന് അറിയിക്കുമോ?

സയന്റിഫിക് സ്റ്റാഫിന്റെ അക്കാദമിക് യോഗ്യത അനുബന്ധമായി ചേർത്തിരിക്കുന്നു.* സയന്റിഫിക് സ്റ്റാഫ് പട്ടികയിൽ വരുന്ന സയന്റിഫിക് ഓഫീസർ തസ്തികകൾ തിരുവനന്തപുരം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് നിലവിലുള്ളത്. സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്.

(സി) സീനിയർ സയന്റിഫിക് ഓഫീസറുടെ ഡ്യൂട്ടിയും ഉത്തരവാദിത്വവും എന്തെന്ന് വ്യക്തമാക്കുമോ; ഈ ഓഫീസർമാർ രോഗീചികിത്സാ സംബന്ധമായ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ടോ?

സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയാണ് സീനിയർ സയന്റിഫിക് ഓഫീസർ. ടി തസ്തിക വിവിധ വിഭാഗങ്ങളിൽ നിലവിലുണ്ട്. ഓരോ വിഭാഗത്തിന്റേയും പ്രത്യേകതകൾ അനുസരിച്ച് ടി തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടിയിൽ വ്യത്യാസം വരുന്നതാണ്. ടി തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ അക്കാദമിക് വകുപ്പുകളിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/കോ-ഇൻവെസ്റ്റിഗേറ്റർ ആയി ഗവേഷണ പ്രവൃത്തികളിൽ ഏർപ്പെടുക, ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുക, രോഗികളുടെ സാമ്പിളുകൾ പരിശോധിക്കുന്ന ലാബിലെ ടെസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുക, അതീവ വൈദഗ്ധ്യം ആവശ്യമുള്ള ടെസ്റ്റുകൾക്ക് മേൽനോട്ടം വഹിക്കുക, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടേയും മെഡിക്കൽ കോളേജ് അദ്ധ്യാപകരുടേയും ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക, ചില വിഭാഗങ്ങളിലെ ലാബുകളുടെ പ്രധാന സാങ്കേതിക മേധാവിത്വം വഹിക്കുക, വിവിധ സയന്റിഫിക്/ടെക്നിക്കൽ കമ്മിറ്റികളിലെ അംഗത്വം/പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുക, വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന കർത്തവ്യങ്ങൾ ചെയ്യുക എന്നീ ജോലികളാണ് നിർവ്വഹിക്കുന്നത്. രോഗനിർണ്ണയം നടത്തുന്ന ലാബുകളുള്ള ചില വകുപ്പുകളിൽ സീനിയർ സയന്റിഫിക് ഓഫീസർ രോഗനിർണ്ണയ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ട്.

(ഡി) സീനിയർ സയന്റിഫിക് അസിസ്റ്റന്റ്മാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്ത്വവും എന്തെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗം രോഗനിർണയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധമായ അനുബന്ധ ജോലികൾ ചെയ്യുന്നുണ്ടോ; മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഗവേഷണ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; പ്രവർത്തിക്കുന്നു എങ്കിൽ ഏതെല്ലാം മെഡിക്കൽ വിഭാഗങ്ങളിലാണ് ഇവയുടെ പ്രവർത്തനം എന്ന് അറിയിക്കുമോ?

സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ മെഡിക്കൽ കോളേജിലെ വിവിധ അക്കാദമിക വകുപ്പുകളിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/കോ-ഇൻവെസ്റ്റിഗേറ്റർ ആയി ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുക, രോഗികളുടെ സാമ്പിളുകൾ പരിശോധിക്കുന്ന ലാബിലെ ടെസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുക, അതീവ വൈദഗ്ധ്യം ആവശ്യമുള്ള ടെസ്റ്റുകൾക്ക് മേൽനോട്ടം വഹിക്കുക, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടേയും മെഡിക്കൽ കോളേജ് അദ്ധ്യാപകരുടേയും ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ഏകോപിപ്പിക്കുക, ചില ഡിപ്പാർട്ടുമെന്റിലെ ലാബുകളുടെ പ്രധാന സാങ്കേതിക മേധാവിത്വം വഹിക്കുക, വിവിധ സയന്റിഫിക്/ടെക്നിക്കൽ കമ്മിറ്റികളിലെ അംഗത്വം/പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുക, വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന കർത്തവ്യങ്ങൾ ചെയ്യുക എന്നീ ജോലികളാണ് നിർവ്വഹിക്കുന്നത്. Institutional Research Committee (IRC), State Board for Medical Research (SBMR) ഉൾപ്പെടെയുള്ള ഗവേഷണ പ്രവർത്തനങ്ങൾ വിവിധ മെഡിക്കൽ കോളേജുകളിലെ എല്ലാ അക്കാദമിക് വിഭാഗങ്ങളിലും ഉണ്ട്.

(ഇ) സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ ഓരോ മെഡിക്കൽ കോളേജിലും എത്ര എണ്ണം വീതമുണ്ടെന്ന് അറിയിക്കുമോ; സീനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിലില്ലാത്ത മെഡിക്കൽ കോളേജുകൾ ഏതൊക്കെ എന്ന് അറിയിക്കുമോ?

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം-7. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - 2. സീനിയർ സയന്റിഫിക് ഓഫീസർ തസ്തികകൾ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലില്ല.

(എഫ്) സീനിയർ സയന്റിഫിക് ഓഫീസർ തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച് എന്തെങ്കിലും സർക്കാർ നിർദ്ദേശമോ ഉത്തരവോ നിലവിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രണ്ട് സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികകളും കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒരു സീനിയർ സയന്റിഫിക് ഓഫീസർ (ബയോകെമിസ്ട്രി) തസ്തികയും ഷിഫ്റ്റ് ചെയ്ത് ഓരോ തസ്തിക വീതം ആലപ്പുഴ/കോട്ടയം/തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക് വിന്യസിക്കുന്നതിന് 14-9-2018-ലെ സ.ഉ(സാധാ)

2819/2018/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി പുനർ വിന്യാസം തങ്ങളുടെ സ്ഥാപനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബയോകെമിസ്ട്രി ലാബുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് തിരുവനന്തപുരം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ അറിയിച്ചതിനെത്തുടർന്ന് ടി ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒഴിഞ്ഞുകിടക്കുന്ന സീനിയർ സയന്റിഫിക് ഓഫീസർ (ബയോഫിസിക്സ്) തസ്തിക തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു. എന്നാൽ ആലപ്പുഴ/കോട്ടയം മെഡിക്കൽ കോളേജുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകളെ സംബന്ധിച്ച് ശിപാർശ ലഭ്യമാകാതിരുന്നതിനാൽ ടി വിവരങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമായ ശിപാർശ ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കോളർഷിപ്പ് ആനുകൂല്യം

252 (3279) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്. അഡ്മിഷൻ ലഭിക്കുന്ന ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് സമയബന്ധിതമായി ലഭിക്കാത്തത് കാരണം തുടർവിദ്യാഭ്യാസത്തിന് തടസ്സം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി)സംസ്ഥാനത്തെ സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടുന്ന ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ 6-6-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 107/2018/ആ.കു.വ. പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം 2017-18 ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. തുടർന്ന് 23-7-2020-ലെ ബഹു. ഹൈക്കോടതിയുടെ WP(C)No.7771/2018 & Connected case-ലെ ഉത്തരവ് പ്രകാരം 6-6-2018-ലെ ബി.പി.എൽ. സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവ് റദ്ദാക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ ടി വിധിക്കെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ SLP(C) ഫയൽ

ചെയ്തിട്ടുണ്ട്. WP(C)No.25475 & 26683/2020 നമ്പർ കേസ്സുകളിലെ 27-1-2021-ലെ ബഹു.ഹൈക്കോടതി വിധിയിലൂടെ അർഹരായ ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യം തുടർന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18, 2018-19, 2019-20 ബാച്ചിലെ അർഹരായ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. ബന്ധപ്പെട്ട ജില്ലാകളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിൽ അർഹമായ വെയിറ്റേജ് മാർക്ക് ലഭിച്ചിട്ടില്ലെന്ന് പരാതികൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ പുനഃപരിശോധനയ്ക്കായി ജില്ലാ കളക്ടർമാർക്ക് അയച്ചിട്ടുണ്ട്. പുനഃപരിശോധനയിൽ അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

**മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ**

253 (3280) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിൽ ഉണ്ടെന്ന് വിശദമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലുണ്ട്.

(ബി) പുതുതായി ഏതെങ്കിലും സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ ഡി.എം.ഇ. പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഡി.എം.ഇ. നൽകിയ പ്രൊപ്പോസലിൽ എത്ര സീറ്റ് വീതമാണ് ശിപാർശ ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

ഡി.എം.ഇ. ലഭ്യമാക്കിയ പ്രൊപ്പോസലിൽ 8 സീറ്റാണ് ശിപാർശ ചെയ്തിരിക്കുന്നത്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ 25-9-2020-ലെ B6/ 27361/2018/DME നമ്പർ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ; ധനകാര്യ വകുപ്പ് പ്രസ്തുത ഫയലിൽ നൽകിയ നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ 4 സീറ്റോടുകൂടി മെന്റൽ ഹെൽത്ത് നഴ്സിംഗ് ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 29-1-2020-ൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ INC മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ടി വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡി.എം.ഇ. 25-9-2020-ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ ശിപാർശ ചെയ്ത് വീണ്ടും ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ, "സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് നിലവിൽ പരിഗണിക്കാൻ കഴിയുകയില്ലെന്ന" ടി വകുപ്പിന്റെ 13-2-2021-ലെ അഭിപ്രായത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഫയൽ മടക്കി. ടി ഫയലിൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## മഞ്ചേരി നഴ്സിംഗ് കോളേജ്

254 (3281) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ച മഞ്ചേരി നഴ്സിംഗ് കോളേജ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി) മഞ്ചേരി മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് നഴ്സിംഗ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആയുഷ് ആയുർവേദ ആശുപത്രി

255 (3283) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, വൈദ്യഭൂഷണം രാഘവൻ തിരുമൂൽപ്പാട് സ്മാരക ആയുഷ് ആയുർവേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്?

ഭാരതീയ ചികിത്സാ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, വൈദ്യഭൂഷണം രാഘവൻ തിരുമൂൽപ്പാട് സ്മാരക ആയുഷ് ആയുർവേദ ആശുപത്രിയുടെ (PRISA) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ?

ആശുപത്രി നിർമ്മാണത്തിനുള്ള ചാലക്കുടി നഗരസഭയുടെ പരിധിയിൽ പേരാമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 423-ൽ ഉൾപ്പെട്ട 60 സെന്റ് (24.30 ആർ) സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി 12-7-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 136/2021/ ത.സ്വ.ഭ.വ. പ്രകാരം ലഭ്യമായിട്ടുണ്ട്. സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലകൈമാറ്റ നടപടിക്രമങ്ങൾ പൂർത്തിയായാൽ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്.

## കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു ആയുർവേദ സർവ്വകലാശാല

256 (3284) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ആയുർവേദ കോളേജ് കേന്ദ്രീകരിച്ച് ഒരു ആയുർവേദ സർവ്വകലാശാല ആരംഭിക്കണമെന്ന ഫയലിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് മലപ്പുറം കളക്ടർ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ആയുർവേദ സർവ്വകലാശാല ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടയ്ക്കൽ ആയുർവേദ കോളേജ് കേന്ദ്രീകരിച്ച് ഒരു ആയുർവേദ സർവ്വകലാശാല ആരംഭിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ കണ്ണൂരിൽ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കോട്ടയ്ക്കൽ ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് തൽക്കാലം നടപടികൾ സ്വീകരിക്കേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം**

257 (3285) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയിൽ 1-2-2021 മുതൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ടി ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ പങ്ക്**

258 (3286) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ചികിത്സയിൽ ആയുഷ് ചികിത്സാ രീതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡ് ചികിൽസയിൽ ഹോമിയോപ്പതി വകുപ്പിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്ന "Efficacy of Homoeopathic prophylactic intervention on Covid-19 pandemic - A double blind Randomized controlled Trial" എന്ന പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടിന്മേൽ ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ അഭിപ്രായം ലഭ്യമാക്കുകയും സർക്കാർ ഇപ്പോൾ പരിശോധിച്ചുവരികയുമാണ്. ടി പഠനങ്ങൾ നടത്തുന്നതിലേയ്ക്കായി ഹോമിയോപ്പതി

വകുപ്പ് എല്ലാ വിഭാഗം ജീവനക്കാർക്കും ഇതുസംബന്ധിച്ച മാർഗ്ഗരേഖ നൽകുകയും അതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ പഠനം നടത്തുന്നതിനായി വിദഗ്ധരെ തെരഞ്ഞെടുത്തുകൊണ്ട് സ്പെഷ്യൽ കമ്മിറ്റികൾ രൂപീകരിച്ച് കേസ് ഫോർമാറ്റുകൾ തയ്യാറാക്കി ഡാറ്റാ കളക്ഷൻ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി പഠനം നടത്തിവരുന്നു. ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്ററിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളുടെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ തിരുവനന്തപുരം, കോഴിക്കോട് ഗവണ്മെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവിഡ് നിരീക്ഷണത്തിലിരിക്കുന്നവർക്കുള്ള ആയുർവേദ പ്രതിരോധ പദ്ധതിയായ അമൃതം, ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ ഭേഷജം, കോവിഡാനന്തര രോഗങ്ങൾക്കുള്ള ആയുർവേദ ചികിൽസാ പദ്ധതിയായ പുനർജ്ജനി എന്നിങ്ങനെയുള്ള പ്രമുഖ പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണങ്ങളും അത് സംബന്ധിയായ പഠനങ്ങളും സംസ്ഥാന ആയുഷ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിന് പുറത്ത് കോവിഡ് ചികിത്സയിൽ ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോ, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാരീതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിനും നിലവിലുള്ള പഠനങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനും പഠനങ്ങളുടെ അടിസ്ഥാനത്തിൽ കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച് ജനങ്ങളുടെ ആശയകുഴപ്പം നീക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇത്തരത്തിലുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടില്ല.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആയുഷ് വകുപ്പിന്റെ പ്രസക്തി**

259 (3287) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച എല്ലാ നിർദ്ദേശങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

അതത് സമയങ്ങളിൽ കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് കൂടിയാണ് കോവിഡ് പ്രതിരോധ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 8-4-2020-ലെ സ.ഉ.(സാധാ) നമ്പർ 156/2020/ആയുഷ്, 15-5-2020-ലെ സ.ഉ.(സാധാ) നമ്പർ 180/2020/ആയുഷ് എന്നിവ പ്രകാരം ആയുർവേദ വൈദഗ്ദ്ധ്യമനുസരിച്ചുള്ള പ്രതിരോധം, ശമനം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും 21-4-2020-ലെ സ.ഉ.(സാധാ) നമ്പർ 161/2020/ആയുഷ് പ്രകാരം ഹോമിയോപ്പതി വൈദഗ്ദ്ധ്യമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും 20-5-2020-ലെ സ.ഉ.(സാധാ) നമ്പർ 186/2020/ആയുഷ് പ്രകാരം സിദ്ധ വൈദഗ്ദ്ധ്യമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) ഹോമിയോപ്പതി ഗവേഷണത്തിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും സർക്കാർ ആവശ്യമായ ഫണ്ട് നൽകുന്നുണ്ടോ എന്നറിയിക്കാമോ?

ഹോമിയോപ്പതി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3,55,03,000 രൂപയുടെ അധിക ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന ഹോമിയോപ്പതി വകുപ്പിന്റെ 'ജനനി' പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്നും ഏതൊക്കെ ജില്ലകളിലാണ് ആയത് നടപ്പിലാക്കി വരുന്നതെന്നും വ്യക്തമാക്കാമോ?

കുട്ടികളില്ലാത്ത ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ സന്താനസൗഭാഗ്യം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന വന്ധ്യതാനിവാരണ പദ്ധതിയാണ് 'ജനനി'. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ കൊടുക്കുന്നുണ്ടോയെന്നറിയിക്കാമോ; ഈ മരുന്നുകൾ എവിടെനിന്നുമാണ് വാങ്ങുന്നത് എന്നറിയിക്കാമോ; ആയതിൽ ഹോംകോയുടെ പങ്ക് വ്യക്തമാക്കമോ; ഹോംകോയ്ക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോയെന്നും മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഈ മരുന്നുകൾ ഹോംകോയിൽ നിന്നാണ് വാങ്ങുന്നത്. ഹോമിയോപ്പതി വകുപ്പിന് മരുന്ന് വാങ്ങുന്നതിന് അംഗീകൃതമായ സ്ഥാപനമാണ് ഹോംകോ. 2210-02-195-99 ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ വിവിധ സാമ്പത്തിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങളിൽ ഹോംകോയ്ക്ക് ധനസഹായം അനുവദിക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് സഹായ ധനമായി 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. വിവിധ സർക്കാർ ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് നൽകുന്നതിനായി ഹോംകോയിലേയ്ക്ക് തുക മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. ഈ ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

(ഇ) കേന്ദ്ര ഫണ്ട് ലഭ്യമാക്കുവാൻ എത്ര പ്രൊപ്പോസലുകളാണ് ആയുഷ് വകുപ്പ് സമർപ്പിച്ചതെന്നും ഇതിൽ എത്രയെണ്ണത്തിന് അനുമതി ലഭിച്ചു എന്നും വ്യക്തമാക്കാമോ?

2014-15 മുതൽ നാഷണൽ ആയുഷ് മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ/അപ്രൂവൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

(എഫ്) നാഷണൽ ആയുഷ് മിഷനിലേയ്ക്ക് 2019-20 വർഷത്തിലും തുടർന്നുള്ള സാമ്പത്തിക വർഷത്തിലും എത്ര ബിൽഡിംഗ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്നും അവയിൽ ഏതിനൊക്കെ അനുമതി ലഭിച്ചുവെന്നും എന്നറിയിക്കാമോ?

കെട്ടിട നിർമ്മാണത്തിനുള്ള ഒരു പ്രൊപ്പോസലാണ് 2019-20 സാമ്പത്തിക വർഷത്തിൽ നാഷണൽ ആയുഷ് മിഷനിൽ സമർപ്പിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ 50 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയുടെ നിർമ്മാണത്തിനായുള്ളതായിരുന്നു പ്രസ്തുത പ്രൊപ്പോസൽ. ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഗഡുവായി 2019-20-ൽ ഒരു കോടി രൂപയും 2020-21-ൽ 4.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണപുരോഗതി അനുസരിച്ച് ബാക്കി തുക ലഭിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി പുതിയതായി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

## സിദ്ധ ആശുപത്രി

260 (3288) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാരതീയ ചികിത്സാ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല.

**കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച്**

261 (3289) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ 5 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ, 3 ഒഴിവുകൾ കൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻട്രികേഡറിൽ ഒഴിവു വരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻട്രികേഡറിൽ ഒഴിവുവരാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) എങ്കിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**'എന്റെ കൂട്' പദ്ധതി**

262 (3290) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യഭക്ഷണവും താമസസൗകര്യവും നൽകുന്ന 'എന്റെ കൂട്' പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?

സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യ ഭക്ഷണവും താമസ സൗകര്യവും നല്കുന്ന ' എന്റെ കൂട്' പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട നിയന്ത്രണമുള്ളതിനാൽ നിലവിൽ താമസ സൗകര്യം മാത്രമാണ് നല്കുന്നത്. ഭക്ഷണം നല്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി ഇല്ലാത്ത ജില്ലകളിൽകൂടി ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ 'എന്റെ കൂട്' സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ ജില്ലകളിൽ 'എന്റെ കൂട്' സ്ഥാപനം ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

263 (3291) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശുക്ഷേമ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വനിത-ശിശു വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടികൾക്കെതിരായ അതിക്രമങ്ങളിലെ വർദ്ധനവ്

264 (3292) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ ബാലാവകാശ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 2017-18 വരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) 2021 വർഷത്തെ ആദ്യ അഞ്ച് മാസത്തിനുള്ളിൽ തന്നെ കുട്ടികൾക്കെതിരെ അറുന്നൂറിലധികം അതിക്രമ കേസ്സുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.*

(സി) കോവിഡ് ലോക്ക്ഡൗണിന്റെ പ്രത്യേക സാഹചര്യത്തിൽ മാതാപിതാക്കളെയും കുട്ടികളെയും ബോധവൽക്കരിക്കാൻ എന്തെങ്കിലും പ്രത്യേക പരിപാടികൾ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ടോ?

ഉണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പാരൻറിംഗ് ക്യാമ്പയിന്റെ ഭാഗമായി വെബിനാറുകൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററി, പോസ്റ്ററുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ദ്ധ സഹായം നൽകുന്നതിനായി ബ്ലോക്കുതലത്തിൽ പാരന്റിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(ഡി) പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ പുനരധിവാസത്തിനും അവരുടെ മാനസികാരോഗ്യവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് താല്കാലിക ആശ്വാസം നൽകുന്നതിനായി ആശ്വാസനിധി പദ്ധതിയും അടിയന്തിര വൈദ്യസഹായം നൽകുന്നതിനായി മാസ്റ്റർ ഷെഫീഖ് കമ്മിറ്റി കരുതൽ തുകയും ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം ബാലനിധിയും രൂപീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്കിരയാകുന്നതും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേസ്, വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനും നിയമ സഹായം നൽകുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ദ്ധർ എന്നിവരുടെ സഹായവും സൗജന്യമായി നൽകി വരുന്നുണ്ട്.

## ബാലികയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം

265 (3293) ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാറിൽ ആറ് വയസ്സുകാരിയെ കൊലപ്പെടുത്തിയ സംഭവത്തിൽ ബാലാവകാശ കമ്മീഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ പുരോഗതി വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത സംഭവത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ 6-7-2021-ന് സ്വമേധയാ കേസെടുത്തു. 5714/06/സി1/2021 കേ.സം.ബാ.സം.ക എന്ന നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വണ്ടിപ്പെരിയാർ സ്റ്റേഷൻ ഹൗസ് ഓഫീസർ, ഇടുക്കി ജില്ലാ പോലീസ് മേധാവി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർക്ക് റിപ്പോർട്ട് തേടിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സൺ, കമ്മീഷൻ അംഗം എന്നിവർ 10-7-2021-ന് പെൺകുട്ടിയുടെ വീട് സന്ദർശിക്കുകയും പോലീസ്, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (പോക്സോ കോടതി) എന്നിവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തോട്ടം മേഖലയിലെ ലയങ്ങളിൽ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ പ്രത്യേക പദ്ധതികൾ എന്തെങ്കിലും രൂപീകരിച്ചിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ തോട്ടം മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ കീഴിൽ ശരണബാല്യം പദ്ധതിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. ജില്ലയിലെ തൊഴിൽ വകുപ്പ്, പോലീസ്, ആരോഗ്യം പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ടി മേഖലകളിൽ ബാലവേല, ചൂഷണം എന്നിവ പരിശോധിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി സംയുക്ത പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേന ബാലവേല, ബാലചൂഷണം എന്നിവ തടയുന്നതിനായി ജില്ലയിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾ സ്കൂളിൽ പോകാതെ വീടിനുള്ളിൽ ഇരിക്കുന്ന സാഹചര്യം കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിക്കാനുള്ള കാരണമായിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

കോവിഡിന്റെ സാഹചര്യത്തിൽ കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിക്കുന്നത് സംബന്ധിച്ച് ആധികാരികമായ പഠനങ്ങൾ നടന്നിട്ടില്ല. എന്നിരുന്നാലും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ സാദ്ധ്യത മുന്നിൽകണ്ടുകൊണ്ട് വകുപ്പിന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പരിപാടികൾ നടത്തിവരുന്നു.

മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികൾ വീടിനുള്ളിൽ തന്നെ കഴിയേണ്ട സാഹചര്യത്തിൽ കുട്ടികളുടെ മാനസികോല്ലാസത്തിനായി 'സർഗ്ഗവസന്തം' എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കായുള്ള ഓൺലൈൻ മൺസൂൺ ക്യാമ്പുകൾ, വിവിധ മത്സരങ്ങൾ, കുടുംബത്തോടൊപ്പമുള്ള പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടുമാസം നീണ്ടുനിൽക്കുന്ന വിവിധ കർമ്മ പരിപാടികളാണ് സർഗ്ഗവസന്തത്തിൽ ഉൾപ്പെടുത്തിയത്. ഔവർ റെസ്പോൺസിബിലിറ്റി ടൂ ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതി കുട്ടികൾ കൂട്ടുകാരിലേയ്ക്ക് എന്ന ലക്ഷ്യത്തിലൂന്നി 2020 ഏപ്രിൽ മാസം മുതൽ കുട്ടി ഡെസ്ക് എന്ന ഫോൺ മുഖാന്തരമുള്ള പരിപാടിയിലൂടെ കോവിഡ് 19 -മായി ബന്ധപ്പെട്ട് കുട്ടികൾ പാലിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് തെരഞ്ഞെടുത്ത പരിശീലനം ലഭ്യമായ കുട്ടികളിലൂടെ മറ്റു കുട്ടികൾക്ക് നൽകിവരുന്നു. വകുപ്പിനുകീഴിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം പകർന്നു നൽകുന്നതിനായി SMART -1 ക്യാമ്പുകളും 356 ഒ.ആർ.സി. സ്കൂളുകളിലെ കുട്ടികൾക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച്

പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം ഡിജിറ്റൽ SMART-40 ക്യാമ്പുകൾ 2021 ആഗസ്റ്റ് മാസത്തോടുകൂടി സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശരണബാല്യം പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പോസ്റ്റർ മത്സരങ്ങളും ഓൺലൈൻ കരിയർ ഗൈഡൻസും വായനാക്കുറിപ്പ് മത്സരങ്ങളും കിനാക്കൂട്ടം എന്ന പ്രോഗ്രാമും ബാലാവകാശങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ഇനം വെബിനാറുകളും സംഘടിപ്പിച്ചു.

**കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയാൻ ബാലാവകാശ കമ്മീഷന്റെ നടപടി**

266 (3294) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയാൻ ബാലാവകാശ കമ്മീഷൻ എന്തൊക്കെ ശിപാർശകളാണ് സമർപ്പിച്ചിരിക്കുന്നതെന്നറിയിക്കാമോ?

ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിംഗും പുനരധിവാസവും എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനതലത്തിൽ നടത്തിയ കൂടിയാലോചനാ യോഗത്തിൽ നിന്നും ഉയർന്നുവന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ നിർദ്ദേശങ്ങൾ "പോക്സോ ആക്റ്റും റിപ്പോർട്ടിംഗും പുനരധിവാസവും" എന്ന തലക്കെട്ടിൽ ശിപാർശകൾ പുസ്തക രൂപത്തിൽ സമർപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന്റെ ഭാഗമായി നേരിട്ട് പരാതികളായും സ്വമേധയായും പരാതികൾ സ്വീകരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി പല കർത്തവ്യവാഹകരിൽ നിന്നും പോലീസിൽ നിന്നും റിപ്പോർട്ട് തേടിയതിനുശേഷം കുട്ടിയുടെ സംരക്ഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ശിപാർശകളായി നൽകിവരുന്നുണ്ട്. ഓരോ കേസിലെയും facts & circumstances വേറെയാണ് എന്നതിനാൽതന്നെ ഓരോ പരാതികളിലും ആയതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകളാണ് നൽകി വരുന്നത്.

(ബി) വാളയാറിലും പാലത്തായിയിലും കുട്ടികളെ പീഡിപ്പിച്ചവർക്കെതിരെ പോലീസ് അന്വേഷണം ഫലപ്രദമല്ല എന്ന കോടതികളുടെ കണ്ടെത്തലുകളുടെ

അടിസ്ഥാനത്തിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പോലീസ് ഇൻവെസ്റ്റിഗേഷൻ നടപടികളിൽ എന്തെങ്കിലും മാറ്റങ്ങൾ ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ഇല്ല.

(സി) കോവിഡ്കാരണം കുട്ടികൾ വീടുകൾക്കുള്ളിൽ കഴിയേണ്ടിവരുന്ന സാഹചര്യത്തിൽ കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് ബാലാവകാശ കമ്മീഷൻ നടപ്പിലാക്കിയതെന്നറിയിക്കുമോ?

ഉണ്ട്. മാനസിക പിരിമുറക്കം, സാമൂഹിക അകൽച്ച, സ്കൂൾ അടച്ചിട്ടിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ, ചുറ്റുപാടുകളിൽനിന്ന് കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനായി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (ബാല സംരക്ഷണ സമിതികൾ) എന്നിവ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. കൂടാതെ മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളിലും ബാലസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിനും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി രൂപീകരിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കുട്ടികളുടെ സംരക്ഷണം സർക്കാരിന്റെ പ്രധാന ഉത്തരവാദിത്വമാകയാൽ, ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ സുരക്ഷയ്ക്കായി 'ബാല സൗഹൃദ കേരളം' എന്ന പദ്ധതി ആവിഷ്കരിക്കുകയും 2020-ൽ 14 ജില്ലകളിൽനിന്ന് ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും നിർദ്ദേശപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബാല സംരക്ഷണ സമിതികളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് പരിശീലനം നൽകുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രതിനിധികൾ, ഐ.സി.ഡി.എസ്. പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്കായി സംസ്ഥാന തലത്തിൽ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനായി പരിശീലകർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്.

**കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

267 (3295) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി കേരള വനിതാ കമ്മീഷൻ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭരണഘടനാപരമായ സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിച്ചും സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള സംരക്ഷണ നിയമം, വിവിധ സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ചും അറിവ് പകർന്നു നൽകുന്നതിന് സെമിനാറുകൾ/ വെബിനാറുകൾ, സ്ത്രീകളുടെ പ്രശ്നപരിഹാരത്തിന് ജില്ലകൾ തോറും അദാലത്തുകൾ, യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ അവരെ സഹായിക്കുന്നതിന് ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും കലാലയ ജ്യോതി പരിപാടികൾ, വിവാഹിതരാകുവാൻ തയ്യാറെടുക്കുന്ന യുവതീയുവാക്കൾക്ക് വിവാഹപൂർവ വിദ്യാഭ്യാസം നൽകുന്നതിന് പ്രീമാരിറ്റൽ കൗൺസിലിംഗ്, സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ജാഗ്രതാസമിതി അംഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ/എൻ.ജി.ഒ. എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം എന്നീ ബോധവൽക്കരണ പരിപാടികൾ കമ്മീഷൻ നടത്തിവരുന്നു. കൂടാതെ സ്ത്രീപീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സമൂഹത്തിനെ സജ്ജമാക്കുന്നതിനും സ്ത്രീശാക്തീകരണത്തിനുമായി പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നടത്തുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കമ്മീഷൻ നടത്തിയ ബോധവൽക്കരണ പരിപാടികളും അതിലെ പങ്കാളിത്തവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കമ്മീഷൻ നടത്തിയ ബോധവൽക്കരണ പരിപാടികളും അതിലെ പങ്കാളിത്തവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതികൾ കൂടുതൽ ഗൗരവമായും ജനപങ്കാളിത്തത്തോടെയും നടപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ കമ്മീഷൻ ഓൺലൈൻ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ടി.പി.ആർ. നിരക്ക് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പരിപാടികൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ കഴിയും.

## സ്ത്രീധന നിരോധന നിയമം നടപ്പാക്കുന്നതിന് നടപടി

268 (3296) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് ശക്തമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വനിതാ കമ്മീഷന്റെ ജില്ല/പഞ്ചായത്തുതല ജാഗ്രത സമിതികൾ സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജാഗ്രതാ സമിതികളുടെ പ്രവർത്തനം, ഘടന എന്നിവ സംബന്ധിച്ച് പ്രതിവർഷം ഏകദേശം നൂറോളം പരിശീലന പരിപാടികൾ കേരള വനിതാ കമ്മീഷൻ നടത്തി വരുന്നു. ജാഗ്രതാ സമിതിയുടെ നിലവിലുള്ള മാർഗ്ഗരേഖ പുതുക്കുന്ന വിഷയം കമ്മീഷൻ പരിഗണിച്ചുവരുന്നു.

## ഗവർണറുടെ ഉപവാസ സമരം

269 (3297) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന ബോധവൽക്കരണത്തിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുമായി സംസ്ഥാന ഭരണത്തലവൻ ആയ ഗവർണർ രാജ്ഭവനിൽ ഒരു പകൽ നീണ്ടുനിന്ന ഉപവാസ സമരം നടത്തിയത് ഗൗരവമായി എടുത്തിട്ടുണ്ടോ?

സ്ത്രീധന ബോധവൽക്കരണത്തിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുമായി ഗവർണർ രാജ് ഭവനിൽ ഒരു പകൽ നീണ്ടുനിന്ന ഉപവാസ സമരം നടത്തിയത് ഗൗരവമായി എടുത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സമരത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും വനിതാ-ശിശുവികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അങ്കണവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി**

270 (3298) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിശ്ചിത ജോലിക്ക് പുറമെ, വിവിധ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അങ്കണവാടി വർക്കർമാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും കാരണം ഇവരുടെ ജോലി ഭാരം വളരെയധികം ഉയർന്ന തോതിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കും വിവിധ സേവനങ്ങൾ അങ്കണവാടികൾ മുഖാന്തരം നൽകി വരുന്നുണ്ട്. ഇതിനു പുറമെ, അനുപൂരക പോഷകാഹാര പദ്ധതി, അനൗപചാരിക വിദ്യാഭ്യാസം, പോഷകാഹാര വിദ്യാഭ്യാസം, നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും ഭവന സന്ദർശനം, അവർക്കുവേണ്ട ന്യൂട്രീഷൻ കൗൺസലിംഗ് എന്നിവയും അങ്കണവാടി പ്രവർത്തകർ ഏറ്റെടുത്തു ചെയ്തുവരുന്നു. ഇപ്പോൾ പോഷൺ അഭിയാന്റെ വരവ് അങ്കണവാടി പ്രവർത്തകരിൽ കൂടുതൽ ഉത്തരവാദിത്വം നൽകുന്നുണ്ട്. കൂടാതെ, സാമൂഹ്യാധിഷ്ഠിത പരിപാടി (CBE), ഗ്രാമീണ ആരോഗ്യ-ശുചിത്വ-പോഷക ദൗത്യം (VHSND), മൊബിലൈസിംഗ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നിവയും ഈ പ്രവർത്തകരുടെ ചുമതലയിൽപ്പെട്ടതോടെ മാസത്തിൽ 25 ദിവസമെങ്കിലും അവരുടെ സേവനം അങ്കണവാടികളിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ ഇലക്ഷൻ ഡ്യൂട്ടി, സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏൽപ്പിക്കുന്ന വിവിധ സർവേകൾ, സെൻസസ് മുതലായ ജോലികൾ അങ്കണവാടി പ്രവർത്തകർ ചെയ്യാൻ ഇടവരുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും പോഷക നിലവാരം അങ്കണവാടികളിലൂടെ മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടി സേവനങ്ങൾ, പോഷൺ അഭിയാൻ, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), പ്രധാൻ മന്ത്രി മാതൃവന്ദന യോജന (PMMVY), സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയല്ലാതെ മറ്റു ജോലികൾക്കു നിയോഗിക്കുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പുമായി സഹകരണം അനിവാര്യമായതിനാലും നിലവിൽ അങ്കണവാടികൾ പ്രവർത്തിക്കാത്ത സാഹചര്യത്തിലും കോവിഡ് 19-മായി ബന്ധപ്പെട്ട സേവന സഹായങ്ങൾ അങ്കണവാടി പ്രവർത്തകർ നടത്തിവരുന്നുണ്ട്.

(ബി) ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് കാറ്റഗറി -2 വിഭാഗം പാർട്ട് ടൈം സ്വീപ്പർമാർക്ക് സർക്കാർ നൽകുന്ന വേതനമെങ്കിലും അങ്കണവാടി വർക്കർമാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

അങ്കണവാടി പ്രവർത്തകർ സർക്കാർ ജീവനക്കാരല്ല. അവർ ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധസേവകരാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ഇവർക്ക് ഓണറേറിയം അനുവദിക്കുന്നത്. അതിനാൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് നൽകുന്ന വേതനം നൽകുന്നത് പ്രായോഗികമല്ല. നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 12,000, മിനി അങ്കണവാടി വർക്കർമാർക്ക് 11,000, അങ്കണവാടി ഹെൽപ്പർമാർക്ക് 8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അങ്കണവാടി പ്രവർത്തകർക്ക് കേരളത്തിൽ മെച്ചപ്പെട്ട ഓണറേറിയം നൽകി വരുന്നുണ്ട്.

(സി) ഇപ്രകാരം വേതന വർദ്ധനവിന്, കേന്ദ്ര സർക്കാർ വിഹിതത്തിന് ഉപരിയായി സംസ്ഥാന സർക്കാർ അധികമായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

അങ്കണവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് ഓണറേറിയം നൽകി വരുന്നത്. നിലവിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഓണറേറിയം മെയിൻ അങ്കണവാടി വർക്കർക്ക് 4,500-ഉം മിനി അങ്കണവാടി വർക്കർക്ക് 3,500-ഉം അങ്കണവാടി ഹെൽപ്പർക്ക് 2,250-ഉം ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ, കേന്ദ്ര വിഹിതം 60%-ഉം സംസ്ഥാന വിഹിതം 40%-ഉം ആയാണ് നൽകേണ്ടത്. എന്നാൽ, നമ്മുടെ സംസ്ഥാനത്ത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയത്തിനു പുറമെ, സംസ്ഥാന വിഹിതമായി മെയിൻ

അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 5,300 വീതവും ഹെൽപ്പർക്ക് 4,300-ഉം നൽകി വരുന്നു. ഇതിനു പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 2,200 വീതവും ഹെൽപ്പർക്ക് 1,450-ഉം നൽകുന്നുണ്ട്. അപ്രകാരം, നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 12,000, മിനി അങ്കണവാടി വർക്കർമാർക്ക് 11,000, അങ്കണവാടി ഹെൽപ്പർമാർക്ക് 8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ

271 (3299) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാർ വകുപ്പുകളുടെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽനിന്നും സ്ഥലം കണ്ടെത്തുന്നതിനും സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനായി മറ്റു വകുപ്പുകളുടെ പുറംപോക്കുഭൂമി ലഭിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ മുഖേന ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി ലഭിക്കുന്ന സ്വകാര്യ വ്യക്തികളുടെ/പുറമ്പോക്ക് ഭൂമി വകുപ്പിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് അർത്ഥനാപത്രം നൽകുന്നതിന് ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ സ്വന്തം കെട്ടിടം ഉള്ളതും ഇല്ലാത്തതുമായ അങ്കണവാടികളുടെ വിവരം തരംതിരിച്ച് വ്യക്തമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആകെ അങ്കണവാടികൾ-229, സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ - 164, സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ - 65, കൂത്തുപറമ്പ് പ്രോജക്ട് - ആകെ അങ്കണവാടികൾ 48,

സ്വന്തമായി കെട്ടിടമുള്ളത് -33, സ്വന്തമായി കെട്ടിടം ഇല്ലാത്തത് -15, കൂത്തുപറമ്പ് അഡീഷണൽ പ്രോജക്ട്- ആകെ അങ്കണ വാടികൾ -95, സ്വന്തമായി കെട്ടിടമുള്ളത് -71 ,സ്വന്തമായി കെട്ടിടം ഇല്ലാത്തത് -24; പാനൂർ പ്രോജക്ട് - ആകെ അങ്കണവാടികൾ -86, സ്വന്തമായി കെട്ടിടമുള്ളത് -60, സ്വന്തമായി കെട്ടിടം ഇല്ലാത്തത് -26.

(ഡി) മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയാൻ അനുവദിച്ച ഫണ്ടുകളുടെ വിവരം വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്ത അങ്കണവാടികളുടെ പേരും ആയതിന്റെ കാരണവും വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്വന്തം കെട്ടിടമില്ലാത്ത 10 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി MGNREGS പദ്ധതി പ്രകാരം ആകെ 70 ലക്ഷം രൂപയും 2017-18 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 29 ലക്ഷം രൂപയും സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 17 ലക്ഷം രൂപയും വകുപ്പിൽനിന്നും അനുവദിച്ചിരുന്നു. ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഇ) ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം മുടങ്ങിക്കിടക്കുന്നതും പണി പൂർത്തിയാകാത്തതുമായ അങ്കണവാടികളുടെ പേരും പ്രസ്തുത കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം മുടങ്ങി കിടക്കുന്നതും പണി പൂർത്തിയാകാത്തതുമായ അങ്കണവാടികളുടെ പേരുവിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.*

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി**

272 (3300) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പിൽ പ്രവർത്തിച്ചുവരുന്ന മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റിപതിനഞ്ച് അങ്കണവാടികൾക്കും കൂടി എത്ര ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി പതിനഞ്ച് അങ്കണവാടികൾക്കും കൂടി 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) അങ്കണവാടികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടോ; വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനുസരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്.

(സി) അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സൂപ്പർവൈസേഴ്സിന്റെ എണ്ണം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ശിശുവികസന പദ്ധതി ഓഫീസർ തസ്തികയ്ക്ക് സമാനമായി ബ്ലോക്ക് തലത്തിൽ വനിത വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ഇല്ല.

## സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ,ഷെൽട്ടർ ഹോമുകൾ എന്നിവയ്ക്കുള്ള ധനസഹായം

273 (3301) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ ശിശു വികസന വകുപ്പിനുകീഴിൽ ഗാർഹിക പീഡന നിരോധന നിയമപ്രകാരം പ്രവർത്തിച്ചുവരുന്ന സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവ നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റാഫിന്റെ ഓണറേറിയം, കേസ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽട്ടർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം എന്നിവ നൽകുന്നതിന് മേയ് മാസത്തിൽത്തന്നെ ഉത്തരവുകൾ നൽകിയിട്ടും വിതരണം ചെയ്യുന്നതിലുള്ള കാലതാമസം എന്താണ്; കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഗാർഹിക പീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമം നടപ്പിലാക്കുവാൻ പ്രവർത്തിക്കുന്ന സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കും ഷെൽട്ടർ ഹോമുകൾക്കും ഫണ്ട് നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെയും ഷെൽറ്റർ ഹോമുകളിലെയും സ്റ്റാഫുകളുടെ ഓണറേറിയം, കേസ്സുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള തുക, പീഡനത്തിനിരയായി ഷെൽറ്റർ ഹോമുകളിൽ എത്തുന്നവർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവയ്ക്കുള്ള ധനസഹായം വിനിയോഗിക്കുന്നതിനുള്ള അനുമതി 14-5-2021-ലെ സ.ഉ(സാധാ) നമ്പർ 300/2021/സാ.നീ.വ, 14-5-2021-ലെ സ.ഉ(സാധാ) നമ്പർ 301/2021/സാ.നീ.വ എന്നീ ഉത്തരവുകൾപ്രകാരം നൽകിയിരുന്നെങ്കിലും ധനസഹായം വിതരണം ചെയ്തിട്ടില്ല. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 18-6-2021-ലെ MSW/20-2/2021-CSW നമ്പർ കത്തുപ്രകാരം കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് നിർത്തലാക്കുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തുന്ന വകുപ്പിന്റെ പദ്ധതികളായ ഷെൽട്ടർ ഹോമുകളും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും സ്വാധാർ ഗൃഹകളും വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതിനായി വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

274 (3302) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ ആകെ 264 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 50 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതാണ്. നിലവിൽ സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ**

275(3303) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനോ സ്ഥലം ലഭ്യമാക്കാനോ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.*

(സി) അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായും സ്ഥലം വാങ്ങുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാകുന്ന ധനസഹായത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലംവാങ്ങുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക അനുവദിക്കുന്നില്ല. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി MGNREGS പദ്ധതി പ്രകാരം 7 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപന വിഹിതം വകയിരുത്തുന്നപക്ഷം ഒരു അങ്കണവാടിക്ക് പരമാവധി 25 ലക്ഷം രൂപ വകുപ്പ് വിഹിതമായും അനുവദിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അങ്കണവാടികളുടെ വിവരങ്ങൾ

276 (3304) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ ഉണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ആകെ 179 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത 179 അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 66 അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് അങ്കണവാടി കെട്ടിട നിർമ്മാണങ്ങൾക്കായുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വനിത-ശിശു വികസന വകുപ്പ് മുഖേന ഭക്ഷ്യധാന്യങ്ങൾ

277 (3305) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു ക്ഷേമ വകുപ്പ് കുഞ്ഞുങ്ങൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, വൃദ്ധർ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ടോ?

വനിതാ ശിശുവികസന വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി മുഖേന 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി പോഷകാഹാരങ്ങൾ നൽകിവരുന്നു. അതോടൊപ്പം സ്കൂളിൽ പോകാത്ത (School dropout) ആയ 11-14 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ പോഷകാഹാര വിതരണവും ചെയ്യുന്നു. വൃദ്ധർക്ക് വനിതാ ശിശുവികസന വകുപ്പിലൂടെ പ്രത്യേക പോഷകാഹാര പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും പ്രതിമാസം എത്ര ഭക്ഷ്യധാന്യങ്ങൾ വീതമാണ് വിതരണം ചെയ്യുന്നത്; ഓരോ വിഭാഗത്തെയും തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡം വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതി പ്രകാരം 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 8 രൂപയും ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് 12 രൂപയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 9.50 രൂപയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും അങ്കണവാടികളിലൂടെ നൽകിവരുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനുപൂരക പോഷകാഹാര പദ്ധതി - 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നു. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയംസഹായ സംഘങ്ങൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. ഈ പോഷക മിശ്രിതത്തിൽ (100 gm), ഗോതമ്പ്-45 gm, കടല-15 gm, സോയ-10gm, കപ്പലണ്ടി-10gm, പഞ്ചസാര-20gm എന്നിവ അടങ്ങിയിരിക്കുന്നു. ഒരു ഗുണഭോക്താവിന് ഒരു ദിവസം 135 gm ന്യൂട്രിമിക്സ് എന്ന അളവിൽ ഒരു മാസം 25 ന്യൂട്രിഷണൽ ദിവസത്തേയ്ക്ക് (3.375Kg) അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. 2019 മേയ് മാസം മുതൽ സംസ്ഥാനത്തൊട്ടാകെ 11 മൈക്രോ ന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്ത ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തുവരുന്നു. അർഹതാ മാനദണ്ഡം അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നതാണ്. 3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ നൽകി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ന്യൂട്രിഷണൽ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കി ഓരോ പഞ്ചായത്തും തദ്ദേശീയ താല്പര്യങ്ങളുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യ വസ്തുക്കൾ നൽകിവരുന്നു. കോവിഡ്-19 വ്യാപനത്തെത്തുടർന്ന് അങ്കണവാടികൾ അടഞ്ഞുകിടക്കുന്നതിനാൽ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവയ്ക്ക് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ പ്രതിമാസം 25 പോഷക ദിനങ്ങൾക്കായി കണക്കാക്കി ടേക്ക് ഹോം റേഷൻ ആയി

അനുവദിക്കുന്നു. ഇപ്രകാരം ഒരു കുട്ടിക്ക് ഒരുദിവസം റാഗി-20 gm (500 gm/month), ശർക്കര- 50 gm(1250 gm/month), അരി- 60 gm(1500 gm/month), ചെറുപയർ-20gm(500 gm/month), നുറുക്ക് ഗോതമ്പ്- 65gm (1300gm/month), കപ്പലണ്ടി-10 gm(250 gm/month) എന്നിവ അങ്കണവാടികളിലൂടെ ടേക്ക് ഹോം റേഷൻ അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. അർഹതാ മാനദണ്ഡം അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നതാണ്. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 15 മാസത്തേയ്ക്ക് (ഗർഭകാല ആരംഭം മുതൽ പ്രസവശേഷം 6 മാസം വരെ) ഗോതമ്പ് - 130gm (3250gm/month), എണ്ണ- 10gm(250gm/month), കപ്പലണ്ടി-10 gm (250gm/month) എന്നിവ ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. അർഹതാ മാനദണ്ഡം അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നതാണ്.

2. Scheme for Adolescent Girls -സ്കൂളിൽ പോകാത്ത (School dropout) ആയ 11-14 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ കേന്ദ്രഗവൺമെന്റിൽ നിന്നുള്ള ലഭ്യതയനുസരിച്ച് ഒരു ദിവസം 150 gm എന്ന രീതിയിൽ ഒരു മാസത്തിൽ 25 ദിവസത്തേയ്ക്കുള്ള 3.75 kg ഗോതമ്പ് ആട്ടയാക്കി മാവേലി സ്റ്റോറുകൾ മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കൂടാതെ പ്രതിദിനം 600 കലോറി ഊർജ്ജവും 18 – 20 ഗ്രാം പ്രോട്ടീനും ലഭിക്കുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം take home ration ആയി ഓരോ മാസവും (25 ദിവസം) നൽകുന്നതിലേയ്ക്കുള്ള കേന്ദ്ര വിഹിതം പദ്ധതി ഓഫീസർമാർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുവദിക്കുന്നു. അർഹതാ മാനദണ്ഡം 11 – 14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത (School dropout) പെൺകുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

3. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 2013-ലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിലൂടെ കുടുംബശ്രീ മുഖേന ഭക്ഷണ സാധനങ്ങൾ ഏറ്റെടുത്ത് പാചകം ചെയ്ത് ഭക്ഷണപദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക്

വിതരണം ചെയ്യുന്നു. ഒരാൾക്ക് ഒരു നേരത്തെ ഭക്ഷണത്തിൽ 130 ഗ്രാം ധാന്യം, 130 ഗ്രാം പയറുവർഗ്ഗങ്ങൾ, 5 ഗ്രാം എണ്ണ, 5 ഗ്രാം പലവ്യഞ്ജനങ്ങൾ എന്നിവ കൂടാതെ പച്ചക്കറികളും ഇലക്കറികളും അടങ്ങിയിരിക്കുന്നു. അർഹതാ മാനദണ്ഡപ്രകാരം കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ, വിധവകൾ, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരാണ് ഗുണഭോക്താക്കളായിട്ടുള്ളത്.

4. ആദ്യ 1000 ദിന പരിപാടി- ആദ്യ 1000 ദിന പരിപാടിയിലൂടെ അർഹരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഒരു മാസം 3 kg തെറാപ്യൂട്ടിക് ഫുഡ് എന്ന ക്രമത്തിൽ അനുവദിക്കുന്നു. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത 2 പ്രോജക്ടിലാണ് (ആകെ 28 പ്രോജക്ടുകളിൽ) പദ്ധതി നടപ്പിലാക്കിവരുന്നത്. അർഹതാമാനദണ്ഡം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പിലെ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. എന്നാൽ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ ക്യാമ്പ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ചുവടെ പറയുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുന്നപക്ഷം ഗുണഭോക്താവായി കണക്കാക്കാവുന്നതാണ്.

a) ഗർഭിണിയുടെ തൂക്കം 45 kg-ൽ കുറവ്, ഉയരം 145 cm-ൽ താഴെ

b) ഗർഭകാലത്ത് തൂക്ക വർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 kg-ൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ 1 kg-ൽ താഴെയും തൂക്ക വർദ്ധനവ് ഉള്ളവർ)

c) ഗർഭകാലത്ത് വിളർച്ചയോ, വൈറ്റമിൻ ബി-യുടെ അപര്യാപ്തതയോ ഉള്ളവർ.

d) പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/മുലയൂട്ടുന്ന അമ്മമാർ

e) ഗർഭിണിയായ സമയത്ത് 18.5-ൽ താഴെ BMI ഉള്ളവർ

f) ഗർഭിണിയുടെ പ്രായം 20-ൽ താഴെയോ 35-ൽ കൂടുതലോ

g) ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ

h) ഇരട്ടക്കുട്ടികളുള്ള അമ്മമാർ

i) പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ

**മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം**

278 (3306) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുമോ; എങ്കിൽ പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭിക്കുമോ; വ്യക്തമാക്കുമോ?

കോവിഡ് -19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി വളരെയധികം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ച റേഷൻകട ലൈസൻസികൾക്കും സെയിൽസ്മാൻമാർക്കും (28398 എണ്ണം) കോവിഡ്മൂലം മരണപ്പെടുന്നപക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന (ഒരു വർഷക്കാലത്തേയ്ക്ക് മാത്രം) 7.5 ലക്ഷം രൂപ നഷ്ടപരിഹാര ക്ലെയിം നൽകുന്ന കോവിഡ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി 12-7-2021-ലെ സ.ഉ. (കൈ)നമ്പർ 22/2021/ഭ.പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം അർഹരായ FPS ഡീലർമാരുടെയും സെയിൽസ്മാൻമാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിൽവരുത്താനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസ് ബന്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**റേഷൻ വിതരണം**

279 (3307) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ അവശ്യവസ്തുക്കളും റേഷൻ കടകൾ വഴി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യപടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## സി.എൻ.ജി. പമ്പുകൾ

280 (3308) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സി.എൻ.ജി. പമ്പുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സി.എൻ.ജി. പമ്പുകളുടെ വിശദാംശങ്ങൾ ഓയിൽ കമ്പനി അധികൃതർ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പെട്രോളിന്റെ വില വർദ്ധനമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കൂടുതൽ സി.എൻ.ജി. പമ്പുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എൽ.എൻ.ജി. പെട്രോനെറ്റും ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലും സ്ഥിതിചെയ്യുന്ന വൈപ്പിൻ മണ്ഡലത്തിൽ സി.എൻ.ജി. പമ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പെട്രോളിന്റെ വിലവർദ്ധന കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ സി.എൻ.ജി. പമ്പുകൾ അനുവദിക്കുന്നതിനുള്ള നടപടി ഓയിൽ കമ്പനികൾ സ്വീകരിക്കുന്നുണ്ട്.

**സഞ്ചരിക്കുന്ന റേഷൻകട**

281 (3309) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻകട പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ള തെന്നും നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) വന്യമൃഗശല്യം, ഏറെ ദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശഘടകങ്ങൾ പരിഗണിച്ച് ഒറ്റപ്പെട്ട വനയോര മേഖലകളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ചുനൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ അകമലവാരം, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി എന്നീ ആദിവാസി ഊരുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇപ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോതമംഗലം താലൂക്കിലെ മുൻഗണനാ പട്ടികയിലെ മാറ്റം

282 (3310) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽ നിന്നും പൊതുവിഭാഗത്തിലേയ്ക്ക് റേഷൻ കാർഡുകൾ മാറ്റുന്നതിനുവേണ്ടിയുള്ള അവസാന തീയതിയായ 2021 ജൂലായ് 15 കഴിഞ്ഞപ്പോൾ കോതമംഗലം താലൂക്കിൽ എത്ര റേഷൻ കാർഡുകൾ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റി എന്ന് വ്യക്തമാക്കാമോ?

960 കാർഡുകൾ.

(ബി) നിലവിൽ പൊതു വിഭാഗത്തിൽനിന്നും മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി എത്ര അപേക്ഷകൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര അപേക്ഷകർക്ക് കാർഡ് മാറ്റി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇനി എത്ര അപേക്ഷകൾ മാറ്റി നല്കുവാൻ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

(ബി-ഡി) ലഭ്യമായ 1083 അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തുന്നവരെ ആർ.സി.എം.എസ്. മൊഡ്യൂൾ ഓപ്പൺ ആകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(ഇ) ഇങ്ങനെ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റിയ കാർഡുകൾക്ക് പകരം മുൻഗണനേതര വിഭാഗത്തിൽനിന്നും മുൻഗണനാ വിഭാഗത്തിലേയ്ക്ക് അപേക്ഷ നല്കിയിട്ടുള്ളവരെ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ എത്ര പേരെ പുതുതായി ഉൾപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) മുൻഗണനാ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റുന്നതിന് വേണ്ടിയുള്ള അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഇ&എഫ്) നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## ആലത്തൂർ താലൂക്കിലെ റേഷൻ കാർഡുകൾ

283 (3311) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നീ വിഭാഗങ്ങളിലായി എത്ര റേഷൻ കാർഡുകളാണുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

| കാർഡ് ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 5118 |
| പി.എച്ച്.എച്ച്. | 58593 |
| എൻ.പി.എസ്. | 26999 |
| എൻ.പി.എൻ.എസ്. | 32919 |

(ബി) പ്രസ്തുത താലൂക്കിൽ നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ 5556 അപേക്ഷകളിൽ 3343 അപേക്ഷകളിൽ ഹിയറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2213 അപേക്ഷകളിൽ ഹിയറിംഗ് നടത്താനുണ്ട്.

(സി) അർഹരായ മുഴുവൻ അപേക്ഷകരുടേയും കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## ഭിന്നശേഷിക്കാർക്ക് മുൻഗണനാ റേഷൻ കാർഡ്

284 (3312) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർ ഉൾപ്പെട്ട റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയത്തിന്റെ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിൻമേൽ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉണ്ട്. റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെടാത്തതും ഗുരുതര ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിനുപുറമേ പ്രസ്തുത വിഭാഗങ്ങൾക്ക് മുൻഗണനാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## മുൻഗണനാ റേഷൻ കാർഡുകൾ

285 (3313) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈപ്പറ്റിയവർ ആയവ സ്വമേധയാ തിരിച്ചേൽപ്പിക്കുന്നതിന് പൊതുവായ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ തിരിച്ചേൽപ്പിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

75263 മുൻഗണനാ കാർഡുകളാണ് തിരിച്ചേൽപ്പിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6280 |
| കൊല്ലം | 5352 |
| പത്തനംതിട്ട | 3369 |
| ആലപ്പുഴ | 4681 |
| കോട്ടയം | 4122 |
| ഇടുക്കി | 2710 |
| എറണാകുളം | 6639 |
| തൃശ്ശൂർ | 4728 |
| പാലക്കാട് | 6823 |
| മലപ്പുറം | 15959 |
| കോഴിക്കോട് | 5799 |
| വയനാട് | 2921 |
| കണ്ണൂർ | 3650 |
| കാസർഗോഡ് | 2230 |
| ആകെ | 75263 |

(സി) ഇത്തരത്തിൽ സ്വമേധയാ കാർഡുകൾ നൽകാത്തവരുടെ പേരിൽ എന്തെങ്കിലും നിയമനടപടി സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അനർഹമായ മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്കെതിരെ കേരള ടാർജെറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 11-ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ മുൻഗണനാ പട്ടിക**

286(3314) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

219564 അപേക്ഷകൾ.

(ബി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.

(സി) മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനായിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഭിന്നശേഷിക്കാരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഭാഗങ്ങൾക്ക് മുൻഗണനാ പ്രാതിനിദ്ധ്യം ഉറപ്പാക്കുന്നതിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## റേഷൻ കാർഡുകൾ ബി.പി.എൽ-ലേയ്ക്ക് മാറ്റുന്ന നടപടി

287 (3315) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ- ലേയ്ക്ക് മാറ്റുന്ന നടപടികൾ നിർത്തിവച്ചിരിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾത്തന്നെ ബി.പി.എൽ. കാർഡിനാണ് അപേക്ഷിച്ചതെങ്കിൽ അന്വേഷണം നടത്തി ആയത് നൽകുവാൻ നടപടി കൈക്കൊള്ളുമോ?

(എ&ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരെന്ന് കണ്ടെത്തുന്നവരെ പ്രസ്തുത വിഭാഗത്തിലുള്ള ഒഴിവുകളിലേയ്ക്ക് ഉൾപ്പെടുത്തുന്ന നടപടി തുടർന്നുവരുന്നുണ്ട്. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺ-സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## മേൽവിലാസം തെളിയിക്കാൻ ആവശ്യമായ രേഖകൾ

288 (3316) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡിനോ കുടുംബ കാർഡിൽനിന്നും പ്രത്യേക കാർഡിനോ മറ്റുമായുള്ള അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കാമെന്ന് അറിയിക്കാമോ;

(ബി) വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ കിട്ടാത്തവർ, കാലങ്ങളായി പുറമ്പോക്കിൽ താമസിക്കുന്നവർ എന്നീ വിഭാഗക്കാർക്ക് സമർപ്പിക്കാവുന്ന വിലാസം തെളിയിക്കുന്ന രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സന്ദർഭങ്ങളിൽ സ്ഥലം എം.എൽ.എ-യുടെ സാക്ഷ്യപത്രം വിലാസം തെളിയിക്കുന്ന രേഖയായി ഉപയോഗിക്കാമോ; അതിനാവശ്യമായ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) റേഷൻകാർഡിനുള്ള അപേക്ഷയോടൊപ്പം പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന് പകരം താഴെപ്പറയുന്നവയിലേതെങ്കിലും രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാവുന്നതാണ്. നടപ്പ് സാമ്പത്തിക വർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്, ഇലക്ട്രിസിറ്റി ബിൽ, വാട്ടർ ബിൽ, ലാൻഡ് ഫോൺ ബിൽ, എൽ.പി.ജി വൗച്ചർ/ബിൽ, ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന, നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ-യുടെ സാക്ഷ്യപത്രം, പൊതുമേഖലാ സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം, ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്ക്, ആധാർ കാർഡ്, ഇലക്ടറൽ ഐ.ഡി, സാധുവായ വാടക കരാർ. മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽപ്പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലുള്ളതോ ആയിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് 3 മാസത്തിനകം ലഭിച്ചവയും ആകേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കാർഡ് അനുവദിക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. ഒരിടത്തും റേഷൻകാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശിപാർശ കത്തിനുപകരം ആധാർ കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.

## അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന റേഷൻ കാർഡ്

289 (3317) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന റേഷൻ കാർഡിൽ ഔദ്യോഗിക ഒപ്പ്, സീൽ എന്നിവ ഇല്ലാത്തതുകാരണം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന ഇ-റേഷൻ കാർഡുകളിൽ "This is a computer generated card, it does not require Seal/Signature. Its authenticity can be verified at www.civilsupplieskerala.gov.in" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാനിടയില്ല.

## അർഹരായവയർക്കെല്ലാം മുൻഗണനാ കാർഡുകൾ

290 (3318) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ. മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മാരകരോഗം ബാധിച്ചവർ, വിധവകൾ, നിരാലംബർ, ഭൂ-ഭവന രഹിതർ എന്നിവർക്ക് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിനും ഇതിനായുള്ള അപേക്ഷകൾ എല്ലാക്കാലത്തും സ്വീകരിക്കുന്നതിനും കാലതാമസം കൂടാതെ ഇവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്കുമാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. മാരകരോഗം ബാധിച്ചവർ, വിധവകൾ (21 വയസ്സിനു മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) ഗൃഹനാഥയായ കുടുംബം, നിരാലംബർ എന്നിവർക്ക് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനായ്ക്ക് അർഹരെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021 പ്രകാരം ഭൂ-ഭവന രഹിതർക്ക് റേഷൻകാർഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### അനർഹർ തിരിച്ചേൽപ്പിച്ച മുൻഗണനാ കാർഡുകൾ

291 (3319) <u>ശ്രീ. എൻ. ഷംസുദീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇതുവരെ അനർഹർ തിരിച്ചേല്പിച്ച മുൻഗണനാ റേഷൻ കാർഡുകളുടെ വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് ആകെ 74779 മുൻഗണനാ കാർഡുകളാണ് സറണ്ടർ ചെയ്തിട്ടുള്ളത്. കാർഡ് ഇനം എണ്ണം എ.എ.വൈ. -10018, പി.എച്ച്.എച്ച്. -64761, ആകെ -74779.

### കൊച്ചി താലൂക്കിലെ സറണ്ടർ ചെയ്ത മുൻഗണനാ കാർഡുകൾ

292 (3320) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാവിഭാഗത്തിൽപ്പെട്ടതും സറണ്ടർ ചെയ്യപ്പെട്ടതുമായ റേഷൻ കാർഡുകൾ അർഹരായവർക്ക് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി

പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സീനിയോറിറ്റി പ്രകാരം 31-8-2021-നുമുമ്പ് നിലവിലുള്ള മുൻഗണനാ ഒഴിവുകളിലേയ്ക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചി താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസ് പരിധിയിൽ അനർഹർ കൈവശം വച്ചിരുന്ന എത്ര മുൻഗണനാ കാർഡുകൾ നാളിതുവരെ സറണ്ടർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ്, സിറ്റി റേഷനിംഗ് ഓഫീസ് പരിധികളിലായി അനർഹമായ 1495 മുൻഗണനാ റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ മുൻഗണനാ കാർഡിനുള്ള അപേക്ഷകൾ**

293 (3321) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും മുൻഗണനാ വിഭാഗം കാർഡുകൾ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

828 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ മുൻഗണനാ വിഭാഗം**

294 (3322) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കാനുള്ള എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ?

റേഷൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതാത് റേഷൻ കടകളിൽ പോസ്റ്റർ

പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണ വകുപ്പിന്റെ പോർട്ടലിലും ലഭ്യമാണ്. പഞ്ചായത്ത് ഓഫീസുകളിലും വില്ലേജോഫീസുകളിലും ടി പോസ്റ്റർ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുൻഗണനാ വിഭാഗത്തിലുള്ള അനർഹരെ ഒഴിവാക്കുമ്പോൾ സംസ്ഥാനം സബ്സിഡി നൽകിവരുന്ന നീല കാർഡുകാരെ ആനുപാതികമായി ഉൾപ്പെടുത്തുവാൻ കഴിയുമോ?

ഉൾപ്പെടുത്തുവാൻ കഴിയും.

(സി) ബി.പി.എൽ. കാർഡിന് അർഹതയുള്ള എ.പി.എൽ. കാർഡുടമകളുടെ അപേക്ഷകളിൽ പരിശോധനകൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഡി) അനർഹരായ കാർഡുടമകൾക്ക് സ്വയം ഒഴിവാകാനുള്ള കാലാവധി 2021 ജൂലൈ 15 എന്നത് നീട്ടുന്നതിന് തീരുമാനം ഉണ്ടോ?

ദീർഘിപ്പിച്ചിട്ടില്ല.

**റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം**

295 (3323) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് അടിസ്ഥാനരേഖയായി കണക്കാക്കുന്ന റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡുകൾക്കായി നൽകിയ അപേക്ഷകൾ തീർപ്പാകാതെ വിവിധ സിവിൽ സപ്ലൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നുണ്ടോ;

(സി) എങ്കിൽ ഇവ സമയബന്ധിതമായി തീർപ്പാക്കി എല്ലാവർക്കും റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(എ-സി)ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 2(16) പ്രകാരം പൊതുവിതരണ സമ്പ്രദായത്തിൽ അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ കൈപ്പറ്റുന്നതിനുള്ള ഒരു ആധികാരിക രേഖ മാത്രമാണ് റേഷൻ കാർഡ്. നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. പുതിയ കാർഡിനുള്ള അപേക്ഷകളിൽ അന്വേഷണം ആവശ്യമില്ലാത്തവ സമയബന്ധിതമായും ശേഷിക്കുന്നവ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കും തീർപ്പു കൽപ്പിച്ചുവരുന്നു. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺസബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അനുപ്രകാരമുള്ള റേഷൻകാർഡ് അനുവദിച്ചുവരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ കാർഡുകളുടെ എണ്ണം പരിമിതമായതിനാലും ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാലും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷ തീർപ്പാക്കാൻ കഴിയുകയുള്ളൂ.

## കാർത്തികപ്പള്ളി താലൂക്കിലെ റേഷൻ കാർഡ് അപേക്ഷകൾ

296 (3324) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. ആയി മാറ്റുന്നതിനുവേണ്ടി എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വിശദമാക്കാമോ; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി ലഭിച്ച 2414 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകളുടെ പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്ക് താഴെപറയുന്നു.

| നഗരസഭ | എണ്ണം | പഞ്ചായത്ത് | എണ്ണം |
|---|---|---|---|
| കായംകുളം | 321 | കൃഷ്ണപുരം | 92 |
| ഹരിപ്പാട് | 247 | ദേവികുളങ്ങര | 115 |
| | | കണ്ടല്ലൂർ | 143 |
| | | മുതുകുളം | 152 |
| | | പതിയൂർ | 121 |
| | | ചിങ്ങോലി | 139 |
| | | കാർത്തികപ്പള്ളി | 124 |
| | | ചേപ്പാട് | 133 |
| | | കരുവാറ്റ | 172 |
| | | കുമാരപുരം | 141 |
| | | ആറാട്ടുപുഴ | 122 |
| | | തൃക്കുന്നപ്പുഴ | 127 |
| | | പള്ളിപ്പാട് | 107 |
| | | വീയ്യപുരം | 72 |
| | | ചെറുതന | 86 |
| ആകെ | 568 | | 1846 |

(ബി) ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**റേഷൻ മുൻഗണനാ പട്ടിക**

297 (3325) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ മുൻഗണനാ വിഭാഗങ്ങളിലും മുൻഗണനേതര വിഭാഗങ്ങളിലുംപ്പെട്ടവരുടെ എണ്ണം എത്ര വീതമാണെന്ന് ഇനം തിരിച്ച് ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണത്തിന് കമ്മീഷൻ**

298 (3326) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യകിറ്റുകൾ എല്ലാ വിഭാഗം കുടുംബങ്ങൾക്കും റേഷൻ കടകൾ വഴി വിതരണം ചെയ്ത വകയിൽ കമ്മീഷൻ നല്കുന്നുണ്ട്.

(ബി) ഈ ഇനത്തിൽ ചില്ലറ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ആയത് എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ ഇനത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ഏപ്രിൽ വരെ മാസങ്ങളിലെ കമ്മീഷൻ തുക റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകുവാനുണ്ട്. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം നടത്തിയ അതിജീവന കിറ്റുകളുടെ കമ്മീഷൻ 2020 ആഗസ്റ്റ് മാസത്തിലും 2020 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത ഓണക്കിറ്റുകളുടെ കമ്മീഷൻ 2021 ഫെബ്രുവരി മാസത്തിലും അനുവദിച്ച് നല്കിയിട്ടുണ്ട്. 2021 മേയ് മാസത്തെ കിറ്റുകളുടെ കമ്മീഷൻ നല്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് അനുമതി നല്കി സർക്കാർ ഉത്തരവായിട്ടുമുണ്ട്. 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ അനുവദിച്ച് നല്കുവാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. 2021 ജനുവരി മുതൽ 2021 ഏപിൽ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**തിരുവമ്പാടി മണ്ഡലത്തിൽ മൊബൈൽ റേഷൻ കടകൾ**

299 (3327) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ റേഷൻ കടകൾ വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ ഏകദേശം 2 മുതൽ 3 കിലോമീറ്റർ ചുറ്റളവിൽ നിലവിൽ റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നതിനാലും എല്ലാ ആദിവാസി ഊരുകളുമായി ബന്ധപ്പെട്ട് ഗതാഗതയോഗ്യമായ റോഡുകൾ ഉള്ളതിനാലും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ**

300 (3328) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് പൊതു വിതരണ സമ്പ്രദായത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേരിട്ട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉണ്ട്. 2020 ജനുവരി മുതൽ സംസ്ഥാനത്ത് One nation one ration card എന്ന കേന്ദ്ര സർക്കാർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്ന, ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിലെ AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് കേരളത്തിൽനിന്നും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതാണ്. ഛത്തീസ്ഗഡ്, ആസാം, പശ്ചിമബംഗാൾ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് ടി ആനുകൂല്യം ലഭ്യമാകുന്നതാണ്. കോവിഡ് വ്യാപന സമയത്ത് തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യവിതരണം നടത്തിയിരുന്നു. ഇപ്രകാരം 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി 320803 അതിഥി തൊഴിലാളികൾക്ക് 1166.52 MT അരിയും 349.994 MT ആട്ടയും വിതരണം ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ ആത്മനിർഭർ ഭാരത് സ്കീമിന്റെ പ്രയോജനം അതിഥി തൊഴിലാളികളിൽ എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ക്രമീകരണങ്ങളും നടത്തി ജില്ലാ കളക്ടർമാർ തയ്യാറാക്കിയ പട്ടിക അടിസ്ഥാനമാക്കി അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ റവന്യൂ അധികൃതരുടെ സഹായത്തോടെയോ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിർദ്ദേശിച്ച പ്രകാരം മറ്റു DLO/ALO മുഖേനയോ വിതരണം നടത്തി. കോവിഡ്-19 ഒന്നാംതരംഗം വ്യാപിച്ച 2020-ലെ ലോക്ക്ഡൗൺ കാലയളവിൽ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ അതിഥിത്തൊഴിലാളികൾക്ക് 11 ഇനങ്ങൾ ഉൾപ്പെടുത്തിയ 93762 സൗജന്യ ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ വഴി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാംതരംഗ വ്യാപനത്തോടനുബന്ധിച്ച നിലവിലെ സാഹചര്യത്തിലും 11 ഇനങ്ങൾ ഉൾപ്പെടുത്തിയ 266201 സൗജന്യ ഭക്ഷ്യക്കിറ്റുകൾ ഇതുവരെ സപ്ലൈകോ വഴി വിതരണം ചെയ്തിട്ടുണ്ട്.

**ഭക്ഷ്യക്കിറ്റ്**

301 (3329) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷ്യകിറ്റ് നൽകുന്ന പദ്ധതിയിൽ ഏതെല്ലാം മാസം ഭക്ഷ്യക്കിറ്റ് നൽകി എന്ന് വിശദമാക്കുമോ; ഇതിനുള്ള ഫണ്ട് എപ്രകാരമാണ് അനുവദിക്കുന്നത്?

കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിവരുന്ന പ്രതിരോധപ്രവർത്തന നടപടികളുടെ ഭാഗമായി സപ്ലൈകോ മുഖേന തയ്യാറാക്കി നല്കുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് എല്ലാ വിഭാഗം കുടുംബങ്ങൾക്കും റേഷൻ കടകൾ മുഖേന 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം ചെയ്യുകയും തുടർന്ന് ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ് മാസത്തിലും 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള മാസങ്ങളിലും അതിജീവനക്കിറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2021-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും അവശ്യസാധനങ്ങളടങ്ങിയ സ്പെഷ്യൽ ഓണക്കിറ്റ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുവരെയുള്ള കിറ്റ് വിതരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നുമാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

(ബി) ജൂലൈ മാസം ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ജൂലൈ മാസത്തിൽ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നില്ല. എന്നാൽ നാല് ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി ഓണത്തോടനുബന്ധിച്ച് 2021 ആഗസ്റ്റ് മാസത്തിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

(സി) ഓണത്തിന് നൽകുന്ന ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തുന്ന സാധനങ്ങളും അവയുടെ ഓരോന്നിന്റെയും വിലയും വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കിറ്റിന്റെ കയറ്റിറക്ക് കൂലി, തുണിസഞ്ചി, ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ കിറ്റൊന്നിന് എത്ര രൂപ ചെലവ് വരും; ഇവ വിശദമാക്കുമോ?

പ്രാദേശികതലത്തിൽ കൂലിവ്യത്യാസം ഉണ്ടാകുമെന്നതിനാൽ ഓരോ കിറ്റിനും കയറ്റിറക്ക് കൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ പ്രത്യേകം കണക്കാക്കിയിട്ടില്ല. എന്നാൽ കിറ്റിൽ ഉൾപ്പെട്ട ഉത്പന്നങ്ങളുടെ വില കൂടാതെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭരണ കേന്ദ്രങ്ങളുടെ വാടക, തൊഴിലാളികളുടെ വേതനം, കയറ്റിറക്ക കൂലി, ട്രാൻസ്പോർട്ടേഷൻ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ മുതലായ മറ്റു ചെലവുകൾക്കായി കിറ്റിലെ സാധനങ്ങളുടെ വിലയുടെ 10 ശതമാനമായ 51.25 രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) എല്ലാ മാസവും ഭക്ഷ്യക്കിറ്റ് നൽകുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ 2021-ലെ ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സ്പെഷ്യൽ കിറ്റ് നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ഭക്ഷ്യക്കിറ്റ് നല്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

**ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങൾ**

302 (3330) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണവും അളവും വിലയും എത്രയെന്ന് വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) ശബരി ബ്രാൻഡിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ശബരി ബ്രാൻഡിൽ ലഭ്യമായതും എന്നാൽ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്താത്തതുമായ സാധനങ്ങൾ ആട്ട, പുളി, നോട്ട് ബുക്ക്, ഏലം, ജീരകം, കടുക്, പെരുംജീരകം, കുരുമുളക്, കാപ്പിപൊടി, കാശ്മീരി മുളക്പൊടി, ചിക്കൻ മസാല, മീറ്റ് മസാല, ഫിഷ് മസാല, രസംപൊടി എന്നിവയാണ്.

(സി) ശബരി ബ്രാൻഡിലെ ഉല്പന്നങ്ങൾക്ക് പകരം കിറ്റിൽ ലഭ്യമാക്കുന്ന മറ്റ് കമ്പനികളുടെ സാധനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങൾ ശബരി ബ്രാൻഡിന് പകരം നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

സൗജന്യ ഓണക്കിറ്റിൽ ശബരി ഉത്പന്നങ്ങൾക്ക് പകരമായി മറ്റു കമ്പനികളുടെ ഉത്പന്നങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. സൗജന്യ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ശബരി ഉൽപ്പന്നങ്ങൾക്ക് പകരമായി മറ്റ് കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഇ-ടെണ്ടർ മുഖേന വാങ്ങിയിട്ടില്ല.

(ഡി) സപ്ലൈകോയുടെ സ്വന്തം ഉല്പന്നമായ ശബരി വെളിച്ചെണ്ണയ്ക്ക് പകരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(ഇ) ഇത്തരം സ്വകാര്യ കമ്പനികളുടെ തവിടെണ്ണയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(എഫ്) ഇത്തരം കമ്പനികളുടെ തവിടെണ്ണ ഉൾപ്പെടുത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി-എഫ്) സൗജന്യ ഓണക്കിറ്റിൽ ശബരി വെളിച്ചെണ്ണ ഉൾപ്പെടുത്തുവാനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. ശബരി വെളിച്ചെണ്ണയ്ക്ക് പകരം തവിടെണ്ണ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.

(ജി) ഓണത്തിന് നൽകുന്ന കിറ്റിൽ ശബരി വെളിച്ചെണ്ണ തന്നെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓണത്തിന് നൽകുന്ന കിറ്റിൽ ഉൾപ്പെടുത്തുന്നതിന് ശബരി വെളിച്ചെണ്ണയ്ക്ക് പർച്ചേസ് ഓർഡർ നല്കിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരഫെഡ്, കേരള നാളികേര വികസന കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾക്കും ഓർഡർ നൽകിയിട്ടുണ്ട്.

**പട്ടികജാതി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തൽ**

303 (3331) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ. ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/

അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനായിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

### ചെറുകിട മില്ലുടമകളെ സംരക്ഷിക്കാൻ നടപടി

304 (3332) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ഗോതമ്പ് പൂർണ്ണമായും നിർത്തലാക്കി പകരം ആട്ടമാവ് വിതരണം ചെയ്യുമെന്ന തീരുമാനം ചെറുകിട മില്ലുടമകളെ ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ചെറുകിട മില്ലുടമകളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

### റേഷൻ വിതരണത്തിലെ കൃത്യത

305 (3333) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ യഥാസമയം തീർപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന നടപടികൾ നടപ്പാക്കിയിട്ടുണ്ട്.

1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തിവരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെയാണ്.

2. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും (കണക്റ്റിവിറ്റി ലഭ്യമല്ലാത്ത 19 കടകൾ ഒഴികെ) റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖാന്തരമാക്കിയിട്ടുണ്ട്.

3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും.

5. റേഷൻ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ വിഹിതം സംബന്ധിച്ച് കാർഡുടമകളുടെ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ്. ആയി നൽകിവരുന്നു.

6. ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

7. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു.

9. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO(North)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

10. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

11. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

12. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പൊതുവിതരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 2021-ലെ TPDS (Control) Order പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികളും സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിനായി രൂപീകരിച്ചിട്ടുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 29 പ്രകാരം രൂപീകൃതമായ വിജിലൻസ് കമ്മിറ്റികളുടെ ചുമതലകൾ ചുവടെ പറയുന്നവയാണ്.

1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ൽ നിഷ്കർഷിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുക.

2. പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ ലംഘിക്കപ്പെടുകയോ ഏതെങ്കിലും ഫണ്ടുകളുടെ ദുരുപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാതല പരാതി പരിഹാര ഓഫീസർക്ക് രേഖാമൂലം അറിയിപ്പ് നൽകുക. കൂടാതെ സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം, റേഷൻ കടകൾ, ഗ്യാസ് ഏജൻസികൾ, സപ്ലൈകോ ഔട്ട്ലെറ്റുകളിലെയും ഹോട്ടലുകളിലെയും വിലനിലവാരം, കോവിഡ്- 19 നിയന്ത്രണത്തിനാവശ്യമായ മാസ്ക്, സാനിട്ടൈസർ, പി.പി.ഇ. കിറ്റ് എന്നിവ സംബന്ധിച്ച പരാതികൾ സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃശ്ശൂർ സിറ്റി റേഷനിംഗ് ഓഫീസ്

306 (3334) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സർക്കാർ പരിശോധിച്ചുവരികയാണ്.

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ്

307(3335)ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് വിതരണം ചെയ്തുവരുന്ന സൗജന്യ ഭക്ഷ്യ കിറ്റുകൾ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടോ?

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഫിഷറീസ് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള എല്ലാ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കും കോവിഡ് കാലത്തെ സൗജന്യ ഭക്ഷ്യക്കിറ്റുകൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം കോവിഡ് ആദ്യഘട്ട വ്യാപനത്തിന്റെ (2020) പശ്ചാത്തലത്തിൽ 78,910 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെട്ട തീരദേശ മേഖലയിലെ

10,573 കുടുംബങ്ങൾക്കും രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ (2021) 1,12,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഇതുവരെ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 57,833 ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരുന്നു.

(ബി) ചില കുടുംബങ്ങൾക്ക് ഇത് ലഭിക്കാതെ വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യകിറ്റ് വിതരണം നടന്നുവരുന്നത്.

(സി) ഈ ആനുകൂല്യം റേഷൻ കാർഡിനെ അടിസ്ഥാനമാക്കിയാണോ നൽകിവരുന്നത്; അല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കിറ്റുകൾ വിതരണം ചെയ്തുവരുന്നത്.

(ഡി) ഒരു വീട്ടിൽ തന്നെ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ?

ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുകയും പ്രത്യേകം റേഷൻ കാർഡ് ഉള്ളതുമായ എല്ലാ കുടുംബങ്ങൾക്കും ഫിഷറീസ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കിറ്റ് നൽകി വരുന്നുണ്ട്.

**അടിച്ചിപ്പുഴ ആദിവാസി കോളനിയിലെ റേഷൻ വിതരണം**

308 (3336) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളില്ലാത്ത പട്ടികവർഗ്ഗ മേഖലയായ അടിച്ചിപ്പുഴ ആദിവാസി കോളനിയിൽ റേഷൻ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആദിവാസി ഊരുകളിലെ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി ആദിവാസി കുടുംബങ്ങൾ ഉൾപ്പെടുന്ന മേഖലകളെ ബന്ധിപ്പിച്ച് മാസത്തിൽ 2 തവണ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' റാന്നി താലൂക്കിലെ അടിച്ചിപ്പുഴയിൽ 19-7-2021-ൽ ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

(ബി) ആദിവാസി മേഖലയിൽ ശിശുമരണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആദിവാസി യുവതികൾക്കും കുഞ്ഞുങ്ങൾക്കും റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരവും വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റേഷൻ കടകൾ മുഖേന സമ്പുഷ്ടീകരിച്ച അരി ഉൾപ്പെടെ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ആദിവാസി മേഖലയിലെ ജനങ്ങളുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരങ്ങൾ നിലവിൽ വിതരണം ചെയ്യുന്നില്ല. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യകിറ്റ് വിതരണം

309 (3337) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യക്കിറ്റുകൾ 2021 ജനുവരി മുതൽ വിതരണം ചെയ്യാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അഗതി-അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള നാല് മാസങ്ങളിൽ പലവ്യഞ്ജനക്കിറ്റ് വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് നൽകുന്ന ലിസ്റ്റിൻ പ്രകാരം വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അതിനുശേഷം ക്ഷേമസ്ഥാപനങ്ങൾക്കുള്ള കിറ്റ് വിതരണം തുടരുവാൻ തീരുമാനം കൈക്കൊണ്ടിരുന്നില്ല. തുടർന്ന് 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ ക്ഷേമസ്ഥാപനങ്ങളിലും വിതരണം നടത്തുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിതരണം നടന്നുവരുകയും ചെയ്യുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് അഗതി-അനാഥ മന്ദിരങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യക്കിറ്റുകൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അഗതി- അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക റേഷൻ കാർഡ് അനുവദിക്കുകയും 2021 ഏപ്രിൽ മാസം മുതൽ കാർഡ് ഒന്നിന് 2 കി.ഗ്രാം അരിയും ലഭ്യതക്കനുസരിച്ച് 1 കി.ഗ്രാം ആട്ടയും നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ, 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ കാർഡിന് 2 കി.ഗ്രാം സ്പെഷ്യൽ അരി 15 രൂപ നിരക്കിലും നൽകിയിട്ടുണ്ട്. കൂടാതെ ഇവിടങ്ങളിൽ താമസിക്കുന്നവരുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുകൂടി 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ അതേ അളവിൽ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ വിതരണം നടത്തിവരുന്നു.

### കോവളം മണ്ഡലത്തിൽ പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ

310 (3338) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ കാഞ്ഞിരംകുളം, കോവളം എന്നിവിടങ്ങളിൽ സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

നെയ്യാറ്റിൻകര താലൂക്കിലെ കാഞ്ഞിരംകുളത്ത് നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം താലൂക്കിലെ കോവളത്ത് സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നില്ല. കോവളം നിയോജക മണ്ഡലത്തിൽ കോവളത്തുനിന്നും രണ്ട് കിലോമീറ്റർ മാത്രം ദൂരെ വിഴിഞ്ഞത്ത് ഒരു സപ്ലൈകോ സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. കാഞ്ഞിരംകുളം, കോവളം എന്നിവിടങ്ങളിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. നിലവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മാനദണ്ഡങ്ങൾ പാലിച്ച് വാടക രഹിതമായോ/വാടക ഇളവിലോ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമായാൽ വിൽപ്പന സാദ്ധ്യത പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെകൂടി അടിസ്ഥാനത്തിലാണ് പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്.

## എരുമേലി ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല

311 (3339) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇല്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-2-2019-ലെ സ.ഉ. (സാധാ) 386/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും ഫർണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സപ്ലൈകോയ്ക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. എരുമേലി പഞ്ചായത്തിലെ ചേനപ്പാടിയിൽ പുതുതായി സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി മേൽവ്യവസ്ഥകൾ അംഗീകരിച്ച് തീരുമാനമെടുത്ത് മിനിറ്റ്സ് സപ്ലൈകോയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.

## വിലക്കയറ്റം തടയാൻ നടപടി

312 (3340) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. അവശ്യസാധന വിലവർദ്ധനവ് പിടിച്ചുനിർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ 2016 ഏപ്രിൽ മാസത്തിനുശേഷം പ്രസ്തുത സബ്സിഡി വില്പനവിലകൾ വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ

പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാദ്ധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പനയിലൂടെ 2020-21 സാമ്പത്തിക വർഷം 202.8 കോടി രൂപയുടെ പ്രയോജനമാണ് സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഏപ്രിൽ 2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വിൽപ്പന വിലകളിൽ ഇളവ് നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ, അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വിൽപ്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ചും നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടും അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിനാൽ പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 ഏപ്രിൽ മുതൽ 2021 ജൂൺ വരെ എല്ലാ റേഷൻ കാർഡുടമകൾക്കും 12 സൗജന്യ കിറ്റുകളാണ് റേഷൻകടകൾ വഴി സംസ്ഥാന സർക്കാർ വിതരണം ചെയ്തത്. മൽസ്യത്തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ തുടങ്ങിയവർക്കും ഈ കോവിഡ്കാലത്ത് ആശ്വാസമേകാൻ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം സപ്ലൈകോ മുഖേന കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ബി) ഓണം തുടങ്ങിയ ഉത്സവങ്ങൾ പരിഗണിച്ച് മാർക്കറ്റിൽ ഇടപെടുന്നതിനും മിതമായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉത്സവ കാലയളവുകളിൽ (ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ) നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ചന്തകൾ സപ്ലൈകോ മുഖേന പ്രവർത്തിപ്പിച്ചുവരുന്നു. മാർക്കറ്റിൽ ഇടപെടുന്നതിനും മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നിർദ്ദേശാനുസരണം ഈ ഓണക്കാലത്തും സംസ്ഥാനത്താകെ സപ്ലൈകോ ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു. ഇതിനായി 14 ജില്ലാ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ജില്ലാതല ഓണച്ചന്തകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകമായി സ്ഥലം കണ്ടെത്തിയും പന്തലുകൾ തയ്യാറാക്കിയും ഓണച്ചന്തകൾ ഒരുക്കുന്നുണ്ട്.

(സി) ഇതിനായി നിയോജകമണ്ഡലം, ജില്ലാ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലാതല ഓണം ഫെയറുകൾക്കുപുറമെ താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാമണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണം മാർക്കറ്റുകൾ എന്നിവ പ്രമുഖ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ഓഗസ്റ്റ് 16-ന് ആരംഭിച്ച് ഓഗസ്റ്റ് 20-ന് സമാപിക്കും (5 ദിവസങ്ങൾ). ഇതേ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 1484 ഫെയറുകൾ പ്രവർത്തിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്. ജില്ലാ ഓണം മേളകളിൽ ഹോർട്ടികോർപ്പ്, കുടുംബശ്രീ തുടങ്ങിയ സർക്കാർ ഏജൻസികളുടെ സ്റ്റാളുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യപടിയായി എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്കുള്ള കിറ്റുകളുടെ വിതരണം 31-7-2021-ന് ആരംഭിച്ചു. 4-8-2021 മുതൽ പി.എച്ച്.എച്ച്. വിഭാഗം കാർഡുകൾക്കും തുടർന്ന് എൻ.പി.എസ്, എൻ.പി.എൻ.എസ്. വിഭാഗങ്ങളിൽപ്പെട്ട കാർഡുകൾക്കും കിറ്റ് വിതരണം ചെയ്യുന്നതാണ്.

## കെട്ടിട നിർമ്മാണ പെർമിറ്റ്

313 (3341) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളവർക്ക് പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എന്തു സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കുമോ?

വീട് നിർമ്മിക്കുന്നതിന് കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളവർക്ക് പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിലവിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതാണ്.

(ബി) സംസ്ഥാനത്തെ പല ഗ്രാമപഞ്ചായത്തുകളും ലാൻഡ് ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം നിരവധിയാളുകൾക്ക് ഭവനനിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്ന വിവരം അറിയാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ള വ്യക്തികൾക്ക് പുരത്തറയിലേയ്ക്ക് മണ്ണ് നിക്ഷേപിക്കുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## മാലിന്യമുക്ത കേരളം

314 (3342) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിനായി ഹരിതകേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ മേൽനോട്ടത്തിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ചാണ്

സംസ്ഥാനത്ത് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിവരുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നിവയ്ക്ക് കീഴിലും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അമൃത് മിഷൻ, IMPACT Kerala Ltd. എന്നിവയ്ക്ക് കീഴിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്-കളിലും, ആർ.ആർ.എഫ്-കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരങ്ങളെയും അനുബന്ധ പ്രദേശങ്ങളെയും മാലിന്യ മുക്തമാക്കുന്നതിനായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യം നേടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലെയും അനുബന്ധ പ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോകബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി പുതുതായി വിഭാവനം ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള മാലിന്യ

സംസ്കരണ പദ്ധതിയെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളെ Open Defecation Free Plus (ODF+) ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകൾ

315 (3343) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മേൽനോട്ടത്തിൽ നവീകരിക്കുന്ന വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി തദ്ദേശഭരണ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം 1* ആയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പി ലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം 2* ആയും ചേർക്കുന്നു. വയനാട്, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലെ വിവിധ റോഡുകൾ ഡി.ബി.എം.റ്റി. (DBMT-Design-Built-Maintain-Transfer) രീതിയിൽ നടപ്പിലാക്കുന്നതിനായി GO(Rt) No.485/2019/P&EA Dated 15-11-2019 പ്രകാരം 266.3055 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കരാറുകാർ തന്നെ വിശദമായ ഡിസൈൻ തയ്യാറാക്കുന്ന രീതിയാണ് ഇതിലുള്ളത്. അതനുസരിച്ച് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറായില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിനാൽ സർക്കാർ ഈ തീരുമാനം പുന:പരിശോധിക്കുകയും 25-5-2020-ലെ സ.ഉ.(സാധ) നമ്പർ 222/2020/ പി&ഇഎ പ്രകാരം ആയത് ഐറ്റം റേറ്റ് രീതിയിലേയ്ക്ക് മാറ്റുകയും ചെയ്തു. അതനുസരിച്ച് സർവ്വേ, മണ്ണുപരിശോധന, രൂപകല്പന, DPR എന്നിവ ചെയ്യുന്നതിനായി കൺസൾട്ടൻസി കരാർ നൽകുകയും ചുമതലപ്പെട്ട കൺസൾട്ടൻസി DPR രൂപീകരണം പൂർത്തിയാക്കി വരികയും ചെയ്യുന്നു. ഇത്തരത്തിൽ തയ്യാറാക്കിയ DPR-കളിൽ വയനാട് ജില്ലയിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് കരാർ രൂപീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടമായി 71 റോഡുകൾകൂടി ഏറ്റെടുക്കാനുണ്ട്. അവയുടെ സർവ്വേ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം**

316 (3344) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ ആരൊക്കെയാണ് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും ജില്ലാ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും നഗരസഭകളിൽ മുനിസിപ്പൽ എഞ്ചിനീയറെയും കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ളവരെയും നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 22-1-2007-ലെ സ.ഉ.(സാധാ) നമ്പർ 253/2007/ത.സ്വ.ഭ.വ., 29-3-2017-ലെ ജി.ഒ (എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ., ചീഫ് എഞ്ചിനീയറുടെ 18-7-2017-ലെ ഡിബി3/5068/17/സി.ഇ./എൽ.എസ്.ജി.ഡി. സർക്കുലർ, 7-6-2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം എന്നിവപ്രകാരം ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ. സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് (എം.എൽ.എ. എസ്.ഡി.എഫ്.) പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്നറിയിക്കാമോ?

എം.എൽ.എ-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത്, ഗ്രാമവികസനം, ജലസേചനം, കൃഷി, ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ വിവിധ വികസന അതോറിറ്റികൾ, അക്രെഡിറ്റഡ് ഏജൻസി എന്നിവ മുഖേനയാണ് നടത്തുന്നത്.

(സി) സി.എം.എൽ.ആർ.ആർ.പി., റീബിൽഡ് കേരള എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്ന രീതിയിൽ എം.എൽ.എ.-എസ്.ഡി.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി വേഗതയിൽ നിർവ്വഹണം നടത്തുന്നതിന് സാധിക്കുമോയെന്ന് വിശദമാക്കുമോ?

പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണവും സുസ്ഥിരവികസനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രത്യേക പദ്ധതികളാണ് സി.എം.എൽ.ആർ.ആർ.പി, റീബിൽഡ് കേരള എന്നിവ എം.എൽ.എ. -എസ്.ഡി.എഫ്. പോലുള്ള പദ്ധതികൾ മേൽസംവിധാനത്തിൽ നടപ്പിലാക്കാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയില്ല.

(ഡി) എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച് പിന്നീട് സാങ്കേതികാനുമതി പ്രൈസ് സോഫ്റ്റ്‌വെയർ വഴി നൽകുമ്പോൾ, സോഫ്റ്റ്‌വെയറിലെ നിരക്കിൽ മാറ്റം വരികയാണെങ്കിൽ വീണ്ടും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതുകാരണം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ?

സമയബന്ധിതമായി ഭരണാനുമതി നൽകി പ്രശ്നം പരിഹരിക്കാവുന്നതാണ്.

(ഇ) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

ഇ-എം.ബുക്ക് സംവിധാനം ഏർപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം മെച്ചപ്പെട്ടതാക്കാനും സമയബന്ധിതമാക്കാനും ശ്രമം നടത്തിവരുന്നു.

**കോവിഡ് പ്രതിരോധത്തിന് സാമ്പത്തിക സഹായം**

317 (3345) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ പ്രതിരോധം, വ്യാപനം തടയൽ എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്ന് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇല്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത്/പ്ലാൻ ഫണ്ടിൽനിന്നും ചെലവാകുന്ന തുകയിൽനിന്നും അനുവദനീയമായ തുക ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും അനുവദിച്ചുനൽകുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയിൽനിന്ന് ഗ്രാമപഞ്ചായത്തുകൾക്ക് ആകെ 67,69,90,621 രൂപയും നഗരസഭകൾക്ക് 23,66,73,899 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഫസ്റ്റ് ലെവൽ ചികിത്സാകേന്ദ്രം, ക്വാറന്റൈൻ കേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ പഞ്ചായത്തുകൾ വഹിക്കുന്നതുകാരണം പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പണം കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത്/പ്ലാൻ ഫണ്ടിൽനിന്നും ചെലവാകുന്ന തുകയിൽ അനുവദനീയമായ തുക ദുരന്തനിവാരണ അതോറിറ്റിയിൽനിന്നും അനുവദിച്ചുനൽകുന്നുണ്ട്.

(സി) എങ്കിൽ കോവിഡ്-19-ന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ആരാധനാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ഉത്തരവ്**

318 (3346) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് ജില്ലാ ഭരണകൂടത്തിന്റെ മുൻകൂർ അനുമതി വേണമെന്ന നിലവിലെ സർക്കാർ ഉത്തരവ്, തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ അനുമതി മതി എന്ന് ഭേദഗതി വരുത്തി പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം 73, 74 ഭരണഘടനാ ഭേദഗതിക്കുശേഷം ലഭിച്ചതിനാൽ ഈ ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളെ പൂർണ്ണമായും ഏൽപ്പിക്കുന്നത് ഉചിതമായിരിക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഉത്തരവിൽ ഭേദഗതി വരുത്തിയത്. ഒരു പ്രദേശത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

## സ്മാർട്ട് സിറ്റി പദ്ധതി

319 (3347) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യവികസനത്തിനും നഗരവാസികൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യമൊരുക്കുന്നതിനും വലിയ തോതിൽ മുതൽ മുടക്കുള്ള സ്മാർട്ട് സിറ്റി പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) പദ്ധതി നടത്തിപ്പിലെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

പദ്ധതി കാലയളവ് 2023 ജൂൺ വരെയാണ്. കോവിഡ് വ്യാപനം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കരാർ ഏറ്റെടുത്ത എല്ലാ കമ്പനികളെയും ഉൾപ്പെടുത്തി രണ്ടാഴ്ചക്കുടുമ്പോൾ മിഷൻ സി.ഇ.ഒ. തലത്തിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. കോർപ്പറേഷൻ തലത്തിലും പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും കൃത്യമായി വിശകലനം ചെയ്യുന്നുണ്ട്. മിഷൻ സി.ഇ.ഒ-യും, സ്മാർട്ട്സിറ്റി ഉദ്യോഗസ്ഥരും പദ്ധതി കൺസൾട്ടന്റും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറിതലത്തിലും പദ്ധതി പുരോഗതി വിലയിരുത്തൽ യോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതിയുടെ ഭാഗമായി നാളിതുവരെ വന്നിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

| ക്രമ നമ്പർ | സ്കീം | തുക (കോടിയിൽ) |
|---|---|---|
| 1 | കേന്ദ്ര സ്കീം | 141.86 |
| 2 | സംസ്ഥാന സ്കീം | 1.51 |
| 3 | യു.എൽ.ബി. സ്കീം | 1.01 |
| | ആകെ | 144.38 |

(ഡി) കാലാവധി തീരാൻ കുറച്ച് മാസങ്ങൾ മാത്രം അവശേഷിച്ചിരിക്കെ പദ്ധതിയുടെ മെല്ലെപ്പോക്ക് ഗൗരവമായി കാണുമോ; ആയതിനുള്ള പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ?

പദ്ധതി കാലയളവ് 2023 ജൂൺ വരെയാണ്. കോവിഡ് വ്യാപനം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കരാർ ഏറ്റെടുത്ത എല്ലാ കമ്പനികളെയും ഉൾപ്പെടുത്തി രണ്ടാഴ്ച കൂടുമ്പോൾ മിഷൻ സി.ഇ.ഒ. തലത്തിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. കോർപ്പറേഷൻ തലത്തിലും പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും കൃത്യമായി വിശകലനം ചെയ്യുന്നുണ്ട്. മിഷൻ സി.ഇ.ഒ-യും സ്മാർട്ട്സിറ്റി ഉദ്യോഗസ്ഥരും പദ്ധതി കൺസൾട്ടന്റും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും പദ്ധതി പുരോഗതി വിലയിരുത്തൽ യോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**കെട്ടിട നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രത്യേക ആനുകൂല്യം**

320 (3348) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനും നിലവിലുള്ള വ്യവസ്ഥ എന്താണ്; ഈ നിയമം പുതുക്കി ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ?

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 233 എന്നീ വകുപ്പുകളിലെയും ഈ വകുപ്പുകൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 2011-ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുകയും ഈടാക്കുകയും ചെയ്യുന്നത്. 2011-ലാണ് ഇത് പുതുക്കി ഉത്തരവായതെങ്കിലും നടപ്പിലാക്കിയത് 1-4-2013 മുതലാണ്.

(ബി) പ്രതിവർഷം കെട്ടിടനികുതി എത്ര തവണയാണ് ഈടാക്കുന്നതെന്നും നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കാറുണ്ടോ എന്നും വിശദമാക്കുമോ?

പ്രതിവർഷം കെട്ടിട നികുതി രണ്ട് അർദ്ധ വാർഷിക തവണകളായാണ് ഈടാക്കുന്നത്. നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല.

(സി) ഒരു വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ ആദ്യ ഗഡു നിശ്ചയിച്ച തീയതിക്കകം അടയ്ക്കാൻ സാധിക്കാത്ത വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉണ്ട്. പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) ഒരു വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

321 (3349) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 2021 ജനുവരി മാസത്തിൽ തന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇടയ്ക്കുവച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞില്ല. എന്നാലും 43 തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ളവ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് തന്നെ പദ്ധതികൾ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സ്പിൽ ഓവർ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ക്യാരി ഓവർ തുക നിശ്ചയിച്ചും ഉത്തരവുകൾ നൽകിയിട്ടുണ്ട്.

(ബി) ഉല്പാദന മേഖലയിൽ കുതിപ്പ് സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകുമോയെന്ന് അറിയിക്കുമോ?

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഉല്പാദന മേഖലയ്ക്ക് പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 30 ശതമാനവും നഗരസഭകൾ 10 ശതമാനവും നീക്കി വയ്ക്കണമെന്ന നിബന്ധനയുണ്ട്. ഉല്പാദന മേഖലയിൽ കൃഷി, മണ്ണ്-ജല സംരക്ഷണം, തരിശു രഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡുകൾ എന്നിവ സാദ്ധ്യമാക്കുന്നതിനും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യം, പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദന വർദ്ധനവിനും 2021-22 വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

(സി) കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ മറികടന്നുകൊണ്ട് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താൻ സാദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടെങ്കിലും നിർവ്വഹണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ/വാർഡ് സഭകൾ ചേരാൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചുനൽകി. അംഗീകാര പ്രക്രിയ വേഗത്തിലാക്കുന്നതിന് വെറ്റിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും അവ മോണിറ്റർ ചെയ്യുന്നതിന് വിവിധ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഓരോ തദ്ദേശഭരണ സ്ഥാപനവും കാർഷികേതര മേഖലയിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കാൻ വേണ്ട നേതൃത്വപരമായ പങ്കുവഹിക്കണമെന്ന ലക്ഷ്യം നിറവേറ്റാനായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ആയിരം പേർക്ക് അഞ്ച് എന്ന കണക്കിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പിന്തുണാ സംവിധാനം ഏർപ്പെടുത്തിവരികയും ചെയ്തിട്ടുണ്ട്. ഇതിനായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷ്യം നിറവേറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം**

322 (3350) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൂർത്തിയായിട്ടില്ല. തദ്ദേശഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ

ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules) പ്രകാരം സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

323 (3351) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ഹരിത കേരളം മിഷൻ-ശുചിത്വ മിഷൻ എന്നിവരുടെ സംയുക്ത പ്രവർത്തനത്തിലൂടെ ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്ന് മേഖലകളായി പ്ലാസ്റ്റിക്ക് മാലിന്യം രൂപപ്പെടുന്ന ഉറവിടങ്ങളെ തരംതിരിച്ച് ഹരിതകർമ്മസേന മുഖാന്തരം വാതിൽപ്പടി ശേഖരണം നടത്തി, അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിച്ച് തരംതിരിച്ച് പുനരുപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും കൂടാതെ പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനി മുഖേന കൈമാറുകയും ചെയ്യുന്ന പദ്ധതിയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 1002 തദ്ദേശഭരണ സ്ഥാപനങ്ങളിലായി പാഴ്വസ്തു ശേഖരണത്തിന് 29000-ത്തോളം ഹരിത കർമ്മസേനാംഗങ്ങളെ ഇതിനോടകം രൂപീകരിച്ച് പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. വാർഡുതലത്തിൽ അജൈവമാലിന്യ സംഭരണത്തിനായി 4408 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (മിനി എം.സി.എഫ്.)-കളും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ 1115 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.)-കളും ബ്ലോക്ക്/നഗരസഭാ/മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ യന്ത്ര സംവിധാനത്തോടുകൂടിയ 171 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.)-കളും ഇതിനോടകം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നീ പദ്ധതികളിൽ

ഉൾപ്പെടുത്തിയാണ് ശുചിത്വ മിഷനിൽനിന്നും പദ്ധതി ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്.

(ബി) പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

17-12-2019-ലെ G.O.(MS)No.7/2019/Envt.B പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ പൂർണ്ണമായും സർക്കാർ നിരോധിക്കുകയുണ്ടായി. പ്രസ്തുത നിരോധനം നടപ്പാക്കുന്നതിന് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ബദൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകിവരുന്നു. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ബൈലോ പാസ്സാക്കി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ നിരോധിച്ചിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ ഫൈനും ശിക്ഷാനടപടികളും പ്രസ്തുത ഉത്തരവ് പ്രകാരം ഈടാക്കാവുന്നതാണ്. സർക്കാരിന്റെ എല്ലാ ഔദ്യോഗിക പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന് 4-9-2018-ലെ സ.ഉ (സാ.ധാ) നമ്പർ 5784/2018/പൊഭവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 17-9-2020-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ) നമ്പർ 1680/2020/ത.സ്വ.ഭ.വ. പ്രകാരം പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 10000 സർക്കാർ ഓഫീസുകളെ ഗ്രീൻ ഓഫീസുകളായി 2021 ജനുവരി 26-ന് പ്രഖ്യാപിച്ച മാതൃകയായി.

(സി) കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും പ്ലാസ്റ്റിക് ഉപയോഗത്തെക്കുറിച്ച് എന്തെങ്കിലും നിബന്ധനകൾ വയ്ക്കാറുണ്ടോ?

ഉണ്ട്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിന് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ എന്നിവ ഉപയോഗിക്കില്ല എന്ന സത്യവാങ്മൂലം വാങ്ങിയാണ് നഗരസഭകൾ കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നത്.

(ഡി) റോഡ് പ്രവൃത്തിക്കായി പ്ലാസ്റ്റിക് ഉപയോഗിക്കുമ്പോൾ അന്തരീക്ഷ മലിനീകരണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പുനഃചംക്രമണയോഗ്യമല്ലാത്ത കനംകുറഞ്ഞ പ്ലാസ്റ്റിക് മാലിന്യം മൾട്ടിലെയർ പാക്കേജിംഗ് മെറ്റീരിയൽ, തെർമോക്കോൾ എന്നിവ പൊടിച്ച്

റോഡ് നിർമ്മാണത്തിനായി ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം റോഡ് നിർമ്മാണത്തിനുവേണ്ട മെറ്റൽ (കരിങ്കൽ) 170 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കി അതിനുമുകളിൽ പൊടിച്ച പ്ലാസ്റ്റിക് വിതറണം. പ്ലാസ്റ്റിക് ഉരുക്കി മെറ്റലിന്റെ ഉപരിതലത്തിൽ ലാമിനേറ്റ് ചെയ്യപ്പെടുന്നു. ഇതിനുമുകളിലായി ചൂടാക്കിയ ടാർ തളിക്കുകയുമാണ് വേണ്ടത്. ഈ പ്രവർത്തനം കൃത്യമായി നടത്തുന്നതിന് റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന കോൺട്രാക്ടർമാർ ഹോട്ട് മിക്സ് പ്ലാന്റുകൾ (പഗ് മിൽ ഉൾപ്പെടെ) ഉപയോഗിക്കണം. മെറ്റലിനുമുകളിൽ പ്ലാസ്റ്റിക് വിതറുന്നതിന് പകരം ടാർ (ബിറ്റുമിൻ) ചൂടാക്കുമ്പോൾ അതിൽ പ്ലാസ്റ്റിക് കലർത്തുകയാണെങ്കിൽ ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാവുകയില്ല. റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് എങ്ങനെ ശാസ്ത്രീയമായി ഉപയോഗിക്കാമെന്നത് സംബന്ധിച്ച് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 2018 നവംബറിലും 2019 ഡിസംബറിലും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിയിരുന്നു.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് ഉപയോഗിച്ചുവെന്നറിയിക്കാമോ?

2020-21 സാമ്പത്തിക വർഷം ക്ലീൻ കേരള കമ്പനി മുഖേന 915.75 ടൺ റോഡ് നിർമ്മാണത്തിനും 7610 ടൺ പുനഃചംക്രമണ ഏജൻസികൾക്കും നൽകുകയുണ്ടായി.

**ആറ്റിങ്ങൽ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർ**

324 (3352) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരെ സ്ഥിര പ്പെടുത്തണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ആറ്റിങ്ങൽ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് വകുപ്പിൽ ലഭിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവനന്തപുരം സോണൽ ഓഫീസുകളിൽ കൈക്കൂലി**

325 (3353) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ സോണൽ ഓഫീസുകളിൽ കൈക്കൂലി നൽകാത്തതിനെത്തുടർന്ന് കെട്ടിടനിർമ്മാണ അപേക്ഷകളിന്മേൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടില്ല.

(സി) കോർപ്പറേഷന്റെ സോണൽ ഓഫീസുകളിൽ കെട്ടിടനിർമ്മാണത്തിന് പെർമിറ്റിനായുള്ള എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭയുടെ 11 സോണൽ ഓഫീസുകളിൽ ആകെ 785 അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനായി അവശേഷിക്കുന്നു.

**കോഴിക്കോട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം**

326 (3354) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്കായി കോഴിക്കോട് ജില്ലയിൽ എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഭൂരഹിത/ഭവന രഹിതർക്കായി ഭരണാനുമതി ലഭ്യമായ 10 ഭവന സമുച്ചയങ്ങളാണ് കോഴിക്കോട് ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(ബി) നിലവിൽ ഏതൊക്കെ ഫ്ലാറ്റുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ചാത്തമംഗലം, മാവൂർ, പുതുപ്പാടി, നടുവണ്ണൂർ സ്ഥലങ്ങളിൽ ഭവന സമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

(സി) ബാലുശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോയെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതി പ്രകാരം സമുച്ചയ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ സ്ഥലങ്ങളിൽ ബാലുശ്ശേരി ഉൾപ്പെട്ടിട്ടില്ല.

## കുന്നത്തുനാട് റോഡ് പുനരുദ്ധാരണ പദ്ധതി

327 (3355) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ 24 റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഏതെങ്കിലും റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

എല്ലാ പ്രവൃത്തികളും ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്.

## കുന്നത്തുനാട്ടിലെ റീബിൽഡ് കേരള പദ്ധതി

328 (3356) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാകാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ പട്ടിക അനുബന്ധം 1*-ആയും, തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ പട്ടിക അനുബന്ധം 2*- ആയും ചേർത്തിരിക്കുന്നു.

## വളാഞ്ചേരി നഗരസഭ ഓഫീസ്

329 (3357) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭാ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് നഗരകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി നഗരസഭാ കാര്യാലയം കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ഇംപാക്ട് കേരള ലിമിറ്റഡ് മുഖേനയാണ് നിർമ്മിക്കുന്നത്. ടി പദ്ധതിക്ക് 11.14 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. ടി പദ്ധതി സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റി പരിഗണിക്കുകയും redesign ചെയ്യാൻ കൺസൾട്ടന്റിനോട് ആവശ്യപ്പെടുകയും ആയതുപ്രകാരം redesign നടന്നുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

Redesign ചെയ്തുകഴിഞ്ഞാൽ സാങ്കേതികാനുമതിയും Fire NOC, Permit എന്നിവയും ലഭ്യമാക്കി ടെണ്ടർ ചെയ്ത് നിർമ്മാണം തുടങ്ങി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോട്ടയ്ക്കൽ ബസ്സ് സ്റ്റാൻഡ് നവീകരണം

330 (3358) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ബസ്സ് സ്റ്റാൻഡ് നവീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടയ്ക്കൽ നഗരസഭാ ബസ് സ്റ്റാൻഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ എല്ലാ അനുമതികളും ലഭിച്ചശേഷം പ്രവൃത്തി ഏറ്റെടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും ആയത് യു.എൽ.സി.സി.എസ്. എന്ന സ്ഥാപനം ടെണ്ടർ ഏറ്റെടുത്തു എഗ്രിമെന്റ് സമർപ്പിച്ച് പ്രവൃത്തി നടത്തി വരുന്നതുമാണ്. പ്രവൃത്തി ഏകദേശം അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി വകുപ്പിന്റെ കീഴിലെ ധനകാര്യ കോർപ്പറേഷനിൽ ലോണിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.യു.ആർ.ഡി.എഫ്.സി. എന്ന സ്ഥാപനത്തിൽനിന്നും ഒന്നാം ഗഡുവായി 1,07,15,998 രൂപയും രണ്ടാം ഗഡുവായി 2 കോടി രൂപയും കോട്ടക്കൽ നഗരസഭയ്ക്ക് ലോൺ ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിടം**

331 (3359) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

രണ്ട് ഘട്ടങ്ങളിലായി 91,20,000 രൂപയ്ക്കും, 1,00,00,000 രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ബസ് സ്റ്റാൻഡ് ഗ്രൗണ്ട് ഫ്ലോർ നിർമ്മാണവും രണ്ടാം ഘട്ടത്തിൽ ഫസ്റ്റ് ഫ്ലോർ, സെക്കൻഡ് ഫ്ലോർ കംപ്ലീറ്റ് സ്ട്രക്ചറൽ വർക്ക്, ഫിനിഷിംഗ്, പ്ലംബിംഗ്, സാനിറ്ററി വർക്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ഒന്നാം ഘട്ടത്തിന്റെ 98% പ്രവൃത്തി പൂർത്തീകരിച്ചു. റാമ്പ് നിർമ്മാണം, വൈറ്റ്‌വാഷിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. രണ്ടാം ഘട്ടത്തിൽ ലിന്റൽ, സൺഷെയ്ഡ് ഒഴികെയുള്ള എല്ലാ കോൺക്രീറ്റ് പ്രവൃത്തികളും

പുറംഭിത്തി നിർമ്മാണവും പൂർത്തീകരിച്ചു. വുഡ് വർക്ക്, ഗ്രിൽ വർക്ക്, ഹാൻഡ് റെയിൽ, അലൂമിനിയം ഫാബ്രിക്കേഷൻ വർക് ഫോർ വിൻഡോസ്, വെന്റിലേറ്റേഴ്സ്, ടൈൽ വർക്, പ്ലാസ്റ്ററിംഗ് & പെയിന്റിംഗ്, സാനിറ്ററി വർക്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്, ട്രസ്സ് വർക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) നിലവിൽ അഞ്ച് ലക്ഷം രൂപയിലേറെ സ്വകാര്യ വ്യക്തിക്ക് വാടക നൽകി പ്രവർത്തിക്കുന്ന പാവറട്ടി പഞ്ചായത്ത് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

9-7-2021-ൽ ബഹു.എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രണ്ട് ഘട്ട പ്രവൃത്തികളും എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഒന്നാംഘട്ടം 2021 ആഗസ്റ്റ് 15-നും രണ്ടാം ഘട്ടം 2021 ഒക്ടോബർ 15-നും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

332 (3360) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനായി നിർദ്ദേശിക്കപ്പെട്ട വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എഗ്രിമെന്റ് കാലാവധി പൂർത്തിയാക്കിയതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇവയിൽ നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണവും അവ ഏതൊക്കെ പ്രവൃത്തികളാണെന്നും വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാട് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

333 (3361)ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണെന്നും അവ നികത്താൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

| ക്രമ നമ്പർ | വകുപ്പ് | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | പഞ്ചായത്ത് | ക്ലാർക്ക് | 12 |
| 2 | | ഓഫീസ് അറ്റൻഡന്റ് | 12 |
| 3 | | ഡ്രൈവർ | 1 |
| 4 | ഗ്രാമവികസനം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -2 | 8 |
| 5 | | ക്ലാർക്ക് | 2 |
| 6 | | ഓഫീസ് അറ്റൻഡന്റ് | 1 |
| 7 | നഗരകാര്യം | എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ | 1 |
| 8 | | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| 9 | നഗരഗ്രാമാസൂത്രണം | രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ ടൗൺപ്ലാനിംഗ് സർവേയർ | 2 |
| 10 | | ട്രേസർ | 1 |
| 11 | | എഞ്ചിനീയറിംഗ് വിഭാഗം ക്ലാർക്ക് | 1 |
| 12 | | അസിസ്റ്റന്റ് എഞ്ചിനീയർ | 11 |
| 13 | | ഒന്നാംതരം ഓവർസീയർ | 3 |
| 14 | | രണ്ടാംതരം ഓവർസീയർ | 5 |

പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ 12 ഒഴിവുകളിൽ 10 എണ്ണവും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 12 ഒഴിവുകളിൽ 10 എണ്ണവും ഡ്രൈവർ തസ്തികയിലെ 1 ഒഴിവും (SC-NCA) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലാർക്ക് തസ്തികയിലെ 1 ഒഴിവും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 2 ഒഴിവുകളും ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവിൽ താഴ്ന്ന തസ്തികയിലുള്ള ജീവനക്കാരന് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ വകുപ്പിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ ഒരു ഒഴിവും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ഒരു ഒഴിവും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരഗ്രാമാസൂത്രണ വകുപ്പിൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവേയർ തസ്തികയിലെ ഒഴിവുകളും ട്രേസർ തസ്തികയിലെ ഒഴിവും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ/ടൗൺപ്ലാനിംഗ് സർവേയർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.-യുടെ Non-availability Certificate പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ താല്ക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, ക്ലാർക്ക് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**പഞ്ചായത്ത് വകുപ്പിലെ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ**

334 (3362) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ എൽ.ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയെക്കുറിച്ച് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ 10 ഒഴിവുകൾ നിലവിലുണ്ട്. ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റ്**

365 (3363) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട വെഞ്ഞാറമൂട് ആധുനിക മത്സ്യമാർക്കറ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2011-2016 സർക്കാരിന്റെ അവസാന ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിനുവേണ്ട അടിസ്ഥാന സൗകര്യത്തിലുള്ള അപര്യാപ്തതമൂലമാണ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി ലഭിച്ചശേഷം നാളിതുവരെ പ്രസ്തുത മാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കുമോ; ഇതിന് കാരണക്കാർ ആരെല്ലാമെന്ന് പരിശോധിച്ച് അറിയിക്കാമോ?

പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ നിർമ്മാണ വൈകല്യംമൂലമാണ് മാർക്കറ്റ് തുറന്നുപ്രവർത്തിക്കാൻ കഴിയാത്തത്. ഫ്രീസറിനോട് അനുബന്ധിച്ച് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടായിരുന്നില്ല. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. മാർക്കറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി നെല്ലനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 2021-22 സാമ്പത്തിക വർഷം മാർക്കറ്റ് നവീകരണത്തിനായി 10,00,000 രൂപയും ജനറേറ്റർ വാങ്ങുന്നതിനായി 6,49,000 രൂപയും മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിന് ജില്ലാ പ്ലാനിംഗ് സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടി നടന്നുവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.എ.ഡി.സി. ലിമിറ്റഡ്) ആണ് നിർമ്മാണം നടത്തിയിട്ടുള്ളത്.

**കായംകുളം നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

336 (3364) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്രപേർക്ക് ഭവനം അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര ഭവനങ്ങളുടെ നിർമ്മാണം

പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി 1,056 ഭവനം അനുവദിക്കുകയുണ്ടായി. ഇതിൽ 193 വീടുകളുടെ നിർമ്മാണം ഇനി പൂർത്തീകരിക്കാനുണ്ട്. പഞ്ചായത്ത്/ നഗരസഭ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

**മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

337 (3365) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും വിവിധ റോഡുകൾക്ക് റീബിൽഡ് കേരള പദ്ധതിയിലും മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലും ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയോ നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ആർ.കെ.ഐ-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സി.എം.എൽ.ആർ.ആർ.പി-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 28-ാം വാർഡിലെ തെക്കേ വീട്ടിൽ-പുന്നൂർമഠം-കുറ്റിയിൽ മുക്ക് റോഡിന് സി.എം.എൽ.ആർ.ആർ.പി.-യിൽ നിന്ന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നഗരസഭ ഭേദഗതി ആവശ്യപ്പെട്ടതുപ്രകാരം പുത്തൻമഠം തെക്കേവീട്ടിൽ കുറ്റിയിൽ മുക്ക് റോഡ് എന്ന പ്രവൃത്തി ഒഴിവാക്കിയിട്ടുള്ളതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത റോഡ് അതേ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഷൊർണ്ണൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

338 (3366) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ നിർമ്മിക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണം കോവിഡ് കാലമായതിനാൽ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തികളൊന്നുമില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി**

339 (3367) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്കാണ് വീടുകൾ നിർമ്മിച്ച് നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ വിവിധ ഘട്ടങ്ങളിലായി അർഹരായ 491 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 345 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്ര തുക ചെലവഴിച്ച എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 17,62,03,300 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു*.

(സി) മണ്ഡലത്തിലെ സ്ഥിരതാമസക്കാരായ ഭൂരഹിതർക്ക്, വീട് നിർമ്മിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മണ്ഡലത്തിലെ സ്ഥിരതാമസക്കാരായ ലൈഫ് ഗുണഭോക്താക്കളായ ഭൂരഹിത ഭവനരഹിതർക്ക് 26-9-2019-ലെ ത.സ്വ.ഭ.വ/ഡി.ബി1/304/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം/ വകുപ്പുകൾ മുഖേന ഭൂമി വാങ്ങി നൽകുന്നതിനും സ്വന്തമായോ വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ സമഗ്ര വികസനം

340 (3368) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കൽപ്പറ്റ ടൗൺ നവീകരണത്തിന്റെ ഭാഗമായി ഫുട്പാത്തിന്റെ പ്രവൃത്തി പോലീസ് സ്റ്റേഷൻ മുതൽ പഴയ ബസ് സ്റ്റാൻഡ് വരെ ഒരു വശം പൂർത്തീകരിച്ചുകഴിഞ്ഞു. നാഷണൽ ഹൈവേ വിഭാഗമാണ് നിർവ്വഹണ ഏജൻസി. സൗന്ദര്യവത്ക്കരണത്തിനായി നഗരസഭ 5,00,000 രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. യൂണിസെഫിന്റെ സഹായത്തോടെ കല്പറ്റ വെള്ളാരംകുന്ന് ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന് സമീപം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിവരുന്നുണ്ട്. അത്യാധുനിക രീതിയിൽ മത്സ്യമാർക്കറ്റ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. ഖരമാലിന്യ സംസ്കരണത്തിനായി ഐ.ആർ.റ്റി.സി. മുഖേന പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് നിർമ്മിച്ചുവരുന്നു. നിലാവ് പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ നഗരസഭയിൽ

876 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസൗന്ദര്യവത്കരണത്തിന്റെ ഭാഗമായി കല്പറ്റ നഗരത്തിൽ നാഷണൽ ഹൈവേയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചുവരുന്നു. അമ്പിലേരി ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. മരവയൽ ജില്ലാ സ്റ്റേഡിയം പൂർത്തീകരണ ഘട്ടത്തിലാണ്.

**എടച്ചേരി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കൽ**

341 (3369) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടി എടച്ചേരി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കാൻ റവന്യൂ വകുപ്പ് നൽകിയ പ്രൊപ്പോസലിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) എടച്ചേരി വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് 5-2-2021-ന് വില്ലേജ് ഓഫീസിൽനിന്നും ലഭിച്ച അറിയിപ്പ് പ്രകാരം 10-2-2021-ന് പഞ്ചായത്ത് ഭരണസമിതി അനുകൂല തീരുമാനമെടുക്കുകയും അതുപ്രകാരം ഭൂമി കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അപേക്ഷ, രേഖകൾ സഹിതം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസലിന്മേൽ കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമ പഞ്ചായത്ത് മുഖേന വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും അവ ലഭിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ആവിയിൽ തോട് നവീകരണം**

342(3370)ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട ആവിയിൽ തോട് നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട ആവിയിൽ തോട് നവീകരണത്തിനുവേണ്ടി കോർപ്പറേഷന്റെ 67-ാം ഡിവിഷനിൽപ്പെടുന്ന ഭാഗത്ത് 2020-21 വർഷത്തിൽ അടങ്കൽ തുക 25,00,000 രൂപ വരുന്ന പദ്ധതി നിലവിൽ ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**വടകരയിൽ ഇംപാക്റ്റ് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

343 (3371) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ ഇംപാക്റ്റ് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; പദ്ധതികളുടെ ഭരണാനുമതി, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ-സി) വടകര നിയോജകമണ്ഡലത്തിൽ ഇംപാക്റ്റ് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) വടകര സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (അടങ്കൽ തുക - 15.50 കോടി രൂപ)

(2) വടകര സിവിൽ സ്റ്റേഷന് സമീപമുള്ള മാർക്കറ്റിന്റെ നവീകരണം (അടങ്കൽ തുക - 8.91 കോടി രൂപ).

കിഫ്ബി പരിശോധിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം ഡി.പി.ആർ-ൽ ആവശ്യമായ മാറ്റങ്ങൾ ചെയ്തുവരുന്നു. മാറ്റം വരുത്തിയ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചതിനുശേഷം പദ്ധതികളുടെ ഭരണാനുമതി നൽകുന്നതാണ്.

### ഹരിപ്പാട് റോഡ് പ്രവൃത്തികൾ

344 (3372) ശ്രീ രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിക്ക് കീഴിൽ അനുവദിച്ച റോഡ് പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

### നാഗമ്പടം നെഹ്റു സ്റ്റേഡിയം

345 (3373) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിലെ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയമാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സർക്കാർ മുഖ്യപരിഗണന നൽകുമോ?

(എ&ബി) കോട്ടയം നഗരസഭയുടെ പതിമൂന്നാം വാർഡിലെ നെഹ്റു സ്റ്റേഡിയം ശോചനീയാവസ്ഥയിൽ ആയതിനാൽ ആയത് പുതുക്കിപ്പണിയുന്നതിനായി ഏകദേശം 78 കോടി രൂപയുടെ ചെലവ് കണക്കാക്കിയിരുന്നു. കോട്ടയം നഗരസഭാ കൗൺസിലിന്റെ 20-9-2017-ലെ 2-ാം നമ്പർ തീരുമാന പ്രകാരം നാഗമ്പടം നെഹ്റു സ്റ്റേഡിയം നവീകരിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിനും ടി പദ്ധതി നടത്തിപ്പുകൾക്ക് ആവശ്യമായ തുക കേന്ദ്ര കായിക മന്ത്രാലയത്തോടും സംസ്ഥാന ഗവൺമെന്റിനോടും സ്ഥലം എം.പി., എം.എൽ.എ. എന്നിവരുടെ ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനും കത്ത് നൽകി. കോട്ടയം നഗരസഭാ സെക്രട്ടറിക്ക് ബഹു.കോട്ടയം എം.എൽ.എ. ലഭ്യമാക്കിയ 26-5-2020-ലെ മറുപടി കത്തിൽ ടി സ്റ്റേഡിയം ഗ്രീൻഫീൽഡ് മാതൃകയിലാക്കി മാറ്റുന്നതിന് സംസ്ഥാന സ്പോർട്സ് ബഡ്ജറ്റ് പ്രസംഗത്തിൽ ചേർക്കുകയാണ് ചെയ്തതെന്നും നെഹ്റു സ്റ്റേഡിയം ഗ്രീൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീൽഡ് മാതൃകയിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് നേരത്തേ സ്പോർട്സ് ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചിട്ടുള്ളതാണെന്നും ആവശ്യമായ ഫണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് ലഭിക്കുന്നതിന് എല്ലാ സഹായവും വാഗ്ദാനം ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

## എസ്റ്റേറ്റിലെ അങ്കണവാടി കെട്ടിടങ്ങൾ

346 (3374) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എസ്റ്റേറ്റ് ഉടമസ്ഥതയിലുള്ള അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത അങ്കണവാടികളുടെ പ്രവർത്തനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(സി) തോട്ടം, ആദിവാസി മേഖലയിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ഇത്തരം അങ്കണവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

347 (3375) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന പദ്ധതികളുടെയും പദ്ധതി നിർവ്വഹണ രീതികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ശുചിത്വ മിഷൻ മാർഗ്ഗരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലെയും അനുബന്ധ പ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി പുതുതായി വിഭാവനം ചെയ്തിട്ടുണ്ട്. ഹരിത കേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള മാലിന്യ സംസ്കരണ പദ്ധതിയെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ Open Defecation Free Plus (ODF+) ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മാലിന്യ സംസ്കരണം ശാസ്ത്രീയവും കാര്യക്ഷമവും പരിസ്ഥിതി സൗഹൃദപരവുമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം അമൃത് മിഷൻ,

IMPACT Kerala Ltd. എന്നിവ മുഖേന ദ്രവമാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗര പ്രദേശങ്ങളിലെയും അനുബന്ധ പ്രദേശങ്ങളിലെയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(സി) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകരമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം വഴി രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(1) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നതിനും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

(2) സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.

(3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

(4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

(5) വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ

റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക, അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ മുതലായവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

(7) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

(8) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോക്കുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

(9) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.

(10) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

(11) വൃത്തിയുള്ള അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി/സ്ക്രാപ് വ്യാപാരികൾ എന്നിവർക്ക് വിറ്റൊഴിയുന്നതിനുള്ള പിന്തുണ സംവിധാനം നൽകുക.

(ഡി) ഖര-ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വമിഷൻ നടപ്പിലാക്കുന്ന പരിപാടികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഖര-ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വമിഷൻ നടപ്പിലാക്കുന്ന പരിപാടികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ലീഫ്ലെറ്റുകൾ, ബ്രോഷറുകൾ, പഠനസഹായി, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ എന്നിവ അച്ചടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിതരണം ചെയ്യുന്നു. കൂടാതെ നവമാധ്യമങ്ങളിലൂടെയും പ്രചാരണ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്.

## കൊല്ലം ജില്ലയിലെ ലൈഫ്മിഷൻ പദ്ധതി

348 (3376) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കായി ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും

പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ ഭവനസമുച്ചയ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 5 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് (പുനലൂർ, മുണ്ടയ്ക്കൽ, വെസ്റ്റ് കല്ലട, പവിത്രേശ്വരം, അഞ്ചൽ) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചാണ് ടി നിർമ്മാണങ്ങൾ നടത്തുന്നത്. ഇതിൽ പുനലൂർ, മുണ്ടയ്ക്കൽ, വെസ്റ്റ് കല്ലട, അഞ്ചൽ എന്നിവിടങ്ങളിലെ ഭവന സമുച്ചയ നിർമ്മാണം പുരോഗമിക്കുന്നു. നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*. പവിത്രേശ്വരത്തുള്ള ഭവന സമുച്ചയ നിർമ്മാണം ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. തുടർന്നുള്ള ഘട്ടത്തിൽ ടി ഭവനസമുച്ചയം പരിഗണിക്കുന്നതാണ്.

## പെർമിറ്റ് നടപടികൾ ലഘൂകരിക്കുവാനുള്ള നടപടികൾ

349 (3377) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണം എളുപ്പമാക്കാനും പെർമിറ്റ് നടപടികൾ ലഘൂകരിക്കാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെട്ടിട നിർമ്മാണത്തിന് സാധാരണക്കാർക്കുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് സ്വയം സാക്ഷ്യപത്രം (Self Certification) വ്യവസ്ഥ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലും ഭേദഗതി വരുത്തി 2021-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസും 2021-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസും പുറപ്പെടുവിക്കുകയും അതിൻകീഴിൽ 2021-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം കുറഞ്ഞ അപകടസാദ്ധ്യതയുള്ള (low risk) ഗണത്തിൽപ്പെടുന്ന 300 ച.മീ. വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച.മീ. വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, ചെറുകിട വ്യവസായ കെട്ടിടങ്ങൾ, 200 ച.മീ. വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന ഒരു സ്വയം സാക്ഷ്യപ്പെടുത്തൽ സഹിതം ഒരു അപേക്ഷ കെട്ടിട സ്ഥാനത്തിന്റെ

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരത്തിനായും പണിനടത്തുന്നതിനുള്ള അനുവാദത്തിനായും സെക്രട്ടറിക്ക് നൽകേണ്ടതാണ്. രേഖകൾ പരിശോധിച്ച് 5 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപന സെക്രട്ടറി കൈപ്പറ്റുരസീത് നൽകണം. കൈപ്പറ്റുരസീത് കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയായി കണക്കാക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (1) (2) (3) (4)-ആയി ചേർത്തിരിക്കുന്നു*.

(സി) പെർമിറ്റ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നതുമൂലം കെട്ടിട നിർമ്മാണം വൈകുന്നത് തടയുന്നതിനും കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് ഗുണകരമാകുന്നതിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പെർമിറ്റ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നതുമൂലം കെട്ടിട നിർമ്മാണം വൈകുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണകരമാകുന്നതിനുമായി low risk ബിൽഡിംഗുകളുടെ നിർമ്മാണങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ പെർമിറ്റ് പ്രകാരം നിർമ്മാണം ആരംഭിക്കാവുന്നതാണ്. രേഖകൾ പരിശോധിച്ച് 5 ദിവസത്തിനകം അപ്പെന്റിക്സ് A1B-യിൽ സെക്രട്ടറി കൈപ്പറ്റുരസീത് നൽകണം. കൈപ്പറ്റുരസീത് അനുമതിയായി കണക്കാക്കുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് പെർമിറ്റ് ലഭിക്കാൻ കാലതാമസമുണ്ടാകുന്നതുമൂലം കെട്ടിട നിർമ്മാണം വൈകുന്നത് തടയുന്നതിനും കെട്ടിടനിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി ഓൺലൈൻ സംവിധാനത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി IBPMS എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നിലവിൽ 8 നഗരസഭകളിൽ ഓൺലൈൻ സംവിധാനത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്.

**നിർമ്മാണപ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ**

350 (3378) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളാകെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്തംഭനാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന ഒരു പൊതുവിഷയമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളാകെ സ്തംഭനാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് സമയത്തെ ലോക്ക്ഡൗണുകളിലൂടെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. കൂടാതെ നിലവിലെ സാഹചര്യം പരിഗണിച്ച് ടെണ്ടർ എക്സസ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്.

(ബി) ടാറിന്റെ വിലവർദ്ധനമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുപണികൾ ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത അവസ്ഥയുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടാറിന്റെ വിലവർദ്ധനമൂലം തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡുപണികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നുണ്ട്. 30-4-2021-ലെ സ.ഉ. (സാധാ) നമ്പർ 3815/2021/ഫിൻ. പ്രകാരം ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം കരാറുകാർക്ക് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പുതുക്കിയ മാർക്കറ്റ് നിരക്കനുസരിച്ചിട്ടുള്ള ബിറ്റുമിൻ നിരക്കും പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അനുവദിച്ചിട്ടുള്ളതുമാണ്.

(സി) നിർമ്മാണപ്രവൃത്തികൾക്ക് കേരള ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; റോഡ് വർക്കുകൾക്കായി ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകാത്ത സ്ഥിതിയുണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിർമ്മാണപ്രവൃത്തികൾക്ക് നിലവിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് ആണ് ബാധകമാക്കിയിട്ടുള്ളത്. കേരള ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടാർ മിക്സിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനെതിരെ പ്രദേശവാസികളിൽനിന്നും ശക്തമായ എതിർപ്പ് ഉണ്ടാകുന്ന സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടികയിൽ ക്രമ നമ്പർ 117 ആയി ടാർ സംഭരിച്ച് വയ്ക്കുകയോ

തയ്യാറാക്കുകയോ ഉണ്ടാക്കുയോ ഉരുക്കുകയോ വില്പന നടത്തുകയോ ചെയ്യൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ചട്ടങ്ങൾ പ്രകാരവും കേരള പഞ്ചായത്ത് രാജ് വകുപ്പിലെ സെക്ഷൻ 232, 233 എന്നീ വകുപ്പുകൾ പ്രകാരവും കെട്ടിടനിർമാണ ചട്ടം റൂൾ 68 പ്രകാരവും ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കുകയാണെങ്കിൽ, ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകാവുന്നതാണ്. ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകുന്നതിന് നിലവിൽ നിയമതടസ്സങ്ങളൊന്നുമില്ല.

## ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഭവനങ്ങൾ

351 (3379) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ 2016-2021 കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ലൈഫ് മിഷൻ (ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലൂടെ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൂർത്തീകരിച്ച വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു*.

(ബി) മണ്ഡലത്തിൽ എത്ര അപേക്ഷകൾ പുതിയതായി ലഭിച്ചിട്ടുണ്ട്; പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

മണ്ഡലത്തിൽ പുതിയതായി ലഭിച്ച അപേക്ഷകളുടെ പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ തിരിച്ച് കണക്ക് അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് പദ്ധതി

352 (3380) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയും പാർപ്പിടവും ഇല്ലാത്തവർക്ക് ലൈഫ് പദ്ധതി പ്രകാരം പാർപ്പിടം നിർമ്മിച്ച് നൽകുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 വരെ 262131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനുപുറമെ 2020-21 കാലയളവിൽ ഓൺലൈൻ മുഖേന പുതിയ അപേക്ഷ ക്ഷണിച്ചപ്പോൾ 920261 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പാർപ്പിട സമുച്ചയങ്ങളുടെ നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ വിവരം ലഭ്യമാക്കാമോ?

പാർപ്പിട സമുച്ചയങ്ങളുടെ നിലവിലുള്ള നിർമ്മാണ പുരോഗതി അനുബന്ധം (1) ആയി ചേർക്കുന്നു*.

(സി) ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ കണക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ (ഒന്ന്, രണ്ട്, മൂന്നാം ഘട്ടം) തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം (2) ആയി ചേർക്കുന്നു*.

(ഡി) ലൈഫ് പദ്ധതിയുടെ പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ?

അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധന നടത്തിവരുന്നു.

## ലൈഫ് മിഷൻ പദ്ധതി

353 (3381) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് 5 വർഷത്തിനുള്ളിൽ അർഹരായ 5 ലക്ഷം ഭവനരഹിത കുടുംബങ്ങൾക്ക് വീട് നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവിന്റെ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ തുക ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

പരിഗണനയിലില്ല.

(സി) ലൈഫ് മിഷൻ ഫ്ലാറ്റുകൾ ഈ സാമ്പത്തിക വർഷവും നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

36 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പദ്ധതിപ്രകാരം നിർമ്മാണം ആരംഭിച്ചതും എന്നാൽ പണി പൂർത്തിയാകാത്തതുമായ വീടുകൾ പൂർത്തീകരിക്കുവാൻ സർക്കാർ അടിയന്തര ധനസഹായം അനുവദിക്കുമോ; വ്യക്തമാക്കാമോ?

വിവിധ ഭവന പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ചതും എന്നാൽ 31-3-2016 വരെ പൂർത്തിയാകാതിരുന്നതുമായ 52633 വീടുകളുടെ നിർമ്മാണം ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുകഴിഞ്ഞു. നിലവിൽ ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്ന മൂന്നാം ഘട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്.

## വർക്കല മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

354 (3382) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തികൾ, ടെണ്ടർ നടപടി പൂർത്തിയാക്കിയ പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ നിർമ്മാണം പൂർത്തിയായവ ഏതെല്ലാമെന്നും നിർമ്മാണം പൂർത്തിയാകാത്തവയുടെ നിലവിലെ നടപടികളുടെ പുരോഗതിയും വിശദമാക്കാമോ?

(എ&ബി) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ വർക്കല മണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങളും ടെണ്ടർ നടപടികൾ, നിർമ്മാണ പൂർത്തീകരണം എന്നിവയുടെ വിശദാംശങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം

355 (3383) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിൽ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം പണിയാൻ ഭരണാനുമതി നൽകിയിരുന്നോ; എങ്കിൽ അതിന്റെ തുടർനടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയതിന്റെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിൽ 44 യൂണിറ്റുള്ള ഫ്ളാറ്റ് സമുച്ചയം പണിയാൻ ലൈഫ് മിഷന് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പണിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. എന്നാൽ ഭവനസമുച്ചയ നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി കണ്ടെത്തിയിരുന്നത് മിച്ച ഭൂമിയാണ്. മിച്ച ഭൂമിയിൽനിന്ന് ടി സ്ഥലം തരംമാറ്റിക്കിട്ടാനുണ്ടായ കാലതാമസംമൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. ഭൂമി തരംമാറ്റി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ നഗരസഭയിൽ നൽകിയിരിക്കുകയാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

**പാലിയേറ്റീവ് കെയർ നഴ്സുമാർ**

356 (3384) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 2008 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ വേതനം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എത്ര രൂപയാണ് വർദ്ധിപ്പിച്ചത്; വ്യക്തമാക്കുമോ?

6-11-2020-ലെ സ.ഉ. (സാധാ) നമ്പർ 2094/2020/ത.സ്വ.ഭ.വ. പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 3,030 രൂപ വർദ്ധിപ്പിച്ച് 18,030 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാർക്ക് ജോലിസ്ഥിരത, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

29-11-2017-ലെ സ.ഉ (സാധാ) നമ്പർ 3845/2017/തസ്വഭവ, 12-12-2017-ലെ സ.ഉ. (സാധാ) നമ്പർ 4009/2017/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം 2008 മുതൽ പ്രതിമാസം 3,000 രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രോജക്ട് നിലനിൽക്കുന്നിടത്തോളംകാലം പിരിച്ചുവിടാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) ഇവർക്ക് മാറിമാറി വരുന്ന തദ്ദേശഭരണ സമിതികളുടെ പിരിച്ചുവിടൽ ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. അപ്രകാരമുള്ള പരാതി ലഭിക്കുന്നുണ്ട്.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് ആനുകൂല്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

7-9-2020-ലെ സ.ഉ. (സാധാ) നമ്പർ 1615/2020/തസ്വഭവ. പ്രകാരം കോവിഡ്കാലത്ത് പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറ് മാസത്തേയ്ക്ക് 1,000 രൂപ ഇൻസെന്റീവ് അനുവദിച്ചിരുന്നു. 5-10-2020-ലെ സ.ഉ. (സാധാ) നമ്പർ 1820/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്**

357 (3385) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിലമ്പൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽനിന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് ചെലവഴിച്ച ഇനം, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കോവിഡ് ഡൊമിസിലറി കെയർ സെന്ററുകൾ (ഡി.സി.സി.) ആരംഭിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡി.സി.സി-കൾ പ്രവർത്തിക്കുന്നുണ്ട്.

(സി) എത്ര ദിവസമാണ് ഡി.സി.സി-കൾ പ്രവർത്തിച്ചതെന്നും എത്രയാളുകളെയാണ് ഓരോ ഡി.സി.സി-കളിലും പ്രവേശിപ്പിച്ചിരുന്നതെന്നും നടത്തിപ്പിന് എത്ര തുകയാണ് ഗ്രാമപപഞ്ചായത്തുകൾ ചെലവഴിച്ചതെന്നും പദ്ധതി, തനത് വിഹിതം തിരിച്ച് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിൽ ഈ മണ്ഡലത്തിൽ എവിടെയൊക്കെ ഡി.സി.സി- കൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

(സി&ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി.സി.സി-കൾ പുനരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ടി.പി.ആർ. കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം നിലവിൽ ഡി.സി.സി-കൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിലമ്പൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥപാനങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും**

358 (3386) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും സംബന്ധിച്ച മാർഗ്ഗനിർദ്ദേശത്തിൽ വരുത്തിയ ഭേദഗതി ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ ഭേദഗതി ഉത്തരവ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് നിർദ്ദേശമാണ് സർക്കാർ നൽകിയിട്ടുള്ളതെന്നറിയിക്കാമോ?

(എ&ബി) ഉണ്ട്. ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള "Manual of Guidelines to Prevent and Control Communal Disturbances and to promote communal Harmony" - മാർഗ്ഗരേഖയിൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4) ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 14-5-2021-ന് സർക്കാരിന് നൽകിയ കത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറും സർക്കാരും എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഇതുസംബന്ധിച്ചുള്ള കമ്പ്യൂട്ടർ നമ്പരും ഫയൽ നമ്പരും അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും സംബന്ധിച്ച മാർഗനിർദ്ദേശത്തിൽ വരുത്തിയ ഭേദഗതി സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിനായി കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 14-5-2021-ൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ 30-7-2021-ൽ പഞ്ചായത്ത് ഡയറക്ടർ കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി നൽകിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും സർക്കാരിൽ കത്ത് ലഭിച്ചിട്ടില്ല.

## ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വകാര്യവ്യക്തികൾ വിട്ടുനൽകുന്ന ഭൂമി

359 (3387) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ പല പദ്ധതികൾക്കുംവേണ്ടി കാലങ്ങളായി സ്വകാര്യ വ്യക്തികൾ ഭൂമി വിട്ടുനൽകിയിട്ടുണ്ടെങ്കിലും ഇവയുടെ രേഖകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമില്ലാത്തത് പുതിയ പദ്ധതി നിർവ്വഹണത്തിന് തടസ്സമായി നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 8-11-2018-ലെ 15471/18-ാം നമ്പർ പരിപത്രം പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പരിപത്രം ഭേദഗതി വരുത്തി "ഗ്രാമപഞ്ചായത്തിന്റെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരുമ്പോൾ പ്രസ്തുത ഭൂമി ആർജ്ജിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇത്തരത്തിൽ നടപടിക്രമം പൂർത്തിയാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ ആ ഭൂമിയിൽ പൊതുഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ" എന്നുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ച് 8-1-2021-ലെ PAN/10504/2019-C2 നമ്പറായി പരിപത്രം പുറപ്പെടുവിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട് (പരിപത്രങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കർമ്മ പദ്ധതി

360 (3388) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രാദേശിക സർക്കാരുകളായി മാറിക്കൊണ്ടിരിക്കുകയാണ്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികവുമായി ബന്ധപ്പെടുത്തി ഇതുവരെയുള്ള അനുഭവങ്ങളെ സമഗ്രമായി വിലയിരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതുമാണ്. ആധുനിക വിവരവിനിമയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഭരണനിർവ്വഹണം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇ-ഗവേണൻസിലൂടെ സദ്ഭരണം സാധ്യമാക്കുന്നതിനാണ് പരിശ്രമിക്കുന്നത്. ത്രിതല പഞ്ചായത്തുകൾ തമ്മിലും നഗരഭരണ സ്ഥാപനങ്ങൾ തമ്മിലും ഏകോപന മികവോടുകൂടെയുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും മനുഷ്യവിഭവമടക്കമുള്ള കാര്യങ്ങൾ ആരോഗ്യപരമായി പങ്കുവയ്ക്കുന്നതിനും പ്രവർത്തനകാര്യത്തിൽ മികവുണ്ടാക്കുന്നതിനും പൊതുസർവീസ് രൂപീകരിച്ചിട്ടുള്ളത് സഹായകമാകും. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും വിവിധ വിഭാഗം ഉദ്യോഗസ്ഥർക്കും കില മുഖേന പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

(ബി) പഞ്ചായത്ത് ഓഫീസുകൾ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനോടൊപ്പം ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കി, പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് ഡയറക്ടറേറ്റും ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകൾ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ഓഫീസുകളായി മാറിയതോടൊപ്പം ഇതുവഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

പതിനാലാം പഞ്ചവൽസര പദ്ധതിയിൽ നീർത്തടാധിഷ്ഠിത ആസൂത്രണത്തിന് മുൻഗണനാ നൽകും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ആസൂത്രണപ്രക്രിയയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ഗുണമേന്മയും സാങ്കേതികനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. പദ്ധതി ആസൂത്രണ പ്രക്രിയയിൽ ഇതിനായി ശ്രദ്ധേയമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതാണ്.

**അവശത അനുഭവിക്കുന്നവർക്ക് സാന്ത്വന പരിചരണം നൽകുന്ന പദ്ധതി**

361 (3389) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടപ്പുരോഗികളടക്കം അവശത അനുഭവിക്കുന്നവർക്ക് സാന്ത്വന പരിചരണം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പൊതുവിഭാഗം വികസന ഫണ്ടിലെ

സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം കിടപ്പുരോഗികൾക്കും അവശത അനുഭവിക്കുന്നവർക്കും സാന്ത്വന പരിചരണം നൽകുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് കെയർ പരിചരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) അവശത അനുഭവിക്കുന്നവർക്ക് സന്നദ്ധസേന വഴി സഹായം എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സർക്കാരിന്റെ പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി, വയോജനങ്ങൾക്കും മാരകരോഗം ബാധിച്ചവർക്കും ഭിന്നശേഷിക്കാർക്കും സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്നത് ഒഴിവാക്കാൻ, അവരുടെ അടുത്തേയ്ക്ക് സേവനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവും സമയബന്ധിതവുമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച്, സാമൂഹ്യ സന്നദ്ധസേനയുടെയും മറ്റ് സന്നദ്ധ സേവന ദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി വീടുകളിൽ നേരിട്ടെത്തി സർക്കാർ സേവനം ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപ്പടി സേവനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ, CMDRF-ലെ സഹായം, അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ എന്നിവ ഉൾപ്പെടുന്ന 5 സേവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഇത്തരത്തിലുള്ളവർക്ക് രോഗീപരിചരണത്തോടൊപ്പം ഭക്ഷ്യസുരക്ഷ കൂടി ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖപ്രകാരം വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം ഏറ്റെടുക്കാവുന്നതാണ്.

**കോട്ടക്കൽ നഗരസഞ്ചയ പദ്ധതി**

362 (3390) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആറാം വാർഡിൽ പതിനെട്ടോളം എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേയ്ക്കുള്ള പുറമണ്ണൂർ മില്ലുമ്പടി-വട്ടപ്പറമ്പ് റോഡിനെ നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധീകരിച്ച് പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികളുടെയും പുറമണ്ണൂർ ഭാഗത്തിന്റെയും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ജലസേചനത്തിനായി ഉപയോഗിക്കുന്ന തോട്ടിലാക്കൽ കുണ്ട് തോടിന്റെ സംരക്ഷണത്തിനും വട്ടപ്പറമ്പ് കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്താൻ പാടശേഖരം മുറിച്ചുകടക്കുന്നതിന് വേണ്ടിയും വിഭാവനം ചെയ്ത പ്രോജക്ട് വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തി തോട് - ഇരിമ്പിളിയം എന്ന പ്രവൃത്തി നഗരസഞ്ചയം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്. പദ്ധതി പൂർത്തിയാകാൻ 250 മീറ്റർ ബോക്സ് കൾവർട്ട് നിർമ്മിക്കേണ്ടതായുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം മേൽ പ്രവൃത്തിക്ക് 85 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. അതുപ്രകാരം 84.5 മീറ്റർ നീളത്തിൽ എസ്റ്റിമേറ്റ് ചെയ്ത പദ്ധതിയിൽ 19.5 മീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുടർ പ്രവൃത്തി പുരോഗമിക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ**

363 (3391) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയെത്തുടർന്ന് സർവ്വമേഖലയിലും പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിട്ടിട്ടുണ്ട്. ആ നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിനിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. എന്നാൽ കോവിഡ്മൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സർക്കാർ നിർദ്ദേശിച്ച കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി

നേതൃത്വം വഹിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 2021 ജനുവരി മാസത്തിൽതന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇടയ്ക്കുവച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞില്ല. 43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ളവ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പുതന്നെ പദ്ധതികൾ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ക്യാരിഓവർ തുക നിശ്ചയിച്ചും സ്പിൽ ഓവർ പദ്ധതി ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൂടുതൽ അധികാരം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതലകൾ നൽകുമ്പോഴും അതിനാവശ്യമായ ഫണ്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും ആവശ്യമായ അലോട്ട്മെന്റുകൾ വിഹിതം കുറയ്ക്കാതെയും സാങ്കേതികതടസ്സം കൂടാതെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) മേൽ പ്രതിപാദിച്ചതുപോലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ ഇടപെടലാണ് നടത്തിവരുന്നത്. ആവശ്യമായ ഫണ്ട് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഷികപദ്ധതിയിൽ അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സൗകര്യവും അനുമതിയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന, എസ്.ഡി.ആർ.എഫ്-ൽനിന്നും ലഭിക്കുന്ന അഡ്വാൻസ് തുകയും റീ- ഇംപേഴ്സ്മെന്റ് തുകയും ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലായാണ് നൽകിവരുന്നത്. ഈ വർഷത്തെ ആദ്യഗഡു 2021 ഏപ്രിൽ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് രണ്ട് ഗഡുക്കളായാണ് നൽകുന്നത്. ഇതിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുള്ള ആദ്യഗഡു അനുവദിച്ചിട്ടുണ്ട്.

## അമൃത് പദ്ധതി

364 (3392) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതി മുഖേന 206.685 കോടി രൂപയുടെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 34 പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. 21 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് ഭവന പദ്ധതി

365 (3393) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ആകെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിച്ചുനൽകിയത്; ലൈഫ് ഭവന പദ്ധതി ആരംഭിച്ചതിനുശേഷം ലഭിച്ച അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 വരെ 2,62,131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയിൽ തുടർന്ന് ഭവന നിർമ്മാണത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത് 2020-21 കാലയളവിൽ മാത്രമാണ്. അപ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചപ്പോൾ 920261 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയിലൂടെ വീടിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും എന്നത്തേയ്ക്ക് വീട് അനുവദിക്കാനാകുമെന്ന് അറിയിക്കുമോ?

ഭവനരഹിതർക്കും ഭൂരഹിതഭവനരഹിതർക്കും കിടപ്പാടം ഒരുക്കുക എന്നതാണ് ലൈഫ് മിഷനിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അർഹരായ ഗുണഭോക്താക്കളെ നിയമാനുസൃത നടപടികളിലൂടെ കണ്ടെത്തി കിടപ്പാടം ഉറപ്പുവരുത്തുന്നതിന് മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിക്കുകയും കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്ന പ്രവർത്തനം ഈ സർക്കാരിന്റെ ഭരണകാലത്ത് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിധവാ പെൻഷൻ അപേക്ഷ

366 (3394) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവ് ഉപേക്ഷിച്ച ദുർബ്ബല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിധവാ പെൻഷന് അപേക്ഷിക്കാൻ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതാണെന്നും നിയമംമൂലം വിവാഹബന്ധം വേർപെടുത്തപ്പെട്ടിട്ടില്ലെന്നും പുനർവിവാഹം ചെയ്തിട്ടില്ലെന്നും തെളിയിക്കുന്ന സാക്ഷ്യപത്രം നല്കുന്നതിന് ഭൂരിപക്ഷം വില്ലേജ് ഓഫീസർമാരും തയ്യാറാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സർക്കാർ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകാൻ എം.എൽ.എ-മാരെ അധികാരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## തിരുവനന്തപുരം നഗര വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

367 (3395) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടോ;

(ബി) തിരുവനന്തപുരം വികസന അതോറിറ്റിക്ക് നഗരത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിൽ പങ്കുണ്ടോ?

(എ&ബി) ഉണ്ട്.

(സി) തിരുവനന്തപുരം കോർപ്പറേഷൻ പരിസരത്ത് സ്ഥാപിച്ച മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ നൽകിയതാണോയെന്ന് വ്യക്തമാക്കുമോ?

മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനത്തിനുള്ള ഭരണാനുമതി തുക 5.64 കോടി രൂപയാണ്. പ്രസ്തുത പദ്ധതിയുടെ 50% തുക കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ചിട്ടുണ്ട്.

(ഡി) പാളയം സാഫല്യം കോംപ്ലക്സിന് പിറകിൽ മൾട്ടിലെവൽ കാർ പാർക്കിംഗ് നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുത്തതിനുശേഷം നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പാളയം സാഫല്യം കോംപ്ലക്സിന് പിറകിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി മൾട്ടി ലെവൽ കാർ പാർക്കിംഗ് നിർമ്മാണത്തിനായി കരാറിൽ ഏർപ്പെടുകയും വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൈലിംഗ് വർക്കുകൾ നടന്നുവരുന്നു.

**കാട്ടാക്കട മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള സർക്കാർ ഓഫീസുകൾ**

368 (3396) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി സ്വന്തമായി കെട്ടിടമുള്ള സർക്കാർ ഓഫീസുകളുടെ പേരും സ്ഥലവിവരങ്ങളും അടങ്ങുന്ന പട്ടിക പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കാട്ടാക്കട ഗ്രാമപഞ്ചായത്ത്

1.ഗ്രാമപഞ്ചായത്ത് ആഫീസ്, കാട്ടാക്കട

2. ഗവൺമെന്റ് LPS, കുളത്തുമ്മൽ

3. ഗവൺമെന്റ് LPS, കണ്ടൻകുളങ്ങര

4. ഗവൺമെന്റ് LPS, ചെമ്പനാകോട്

5. ഗവൺമെന്റ് LPS, കുരുതംകോട്

6. കൃഷി ഓഫീസ്, കാട്ടാക്കട

7. വെറ്ററിനറി ഹോസ്പിറ്റൽ, കാട്ടാക്കട

8. ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രം, കാട്ടാക്കട

9. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കാട്ടാക്കട

10. ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കാട്ടാക്കട

11. ജില്ലാ ട്രഷറി, കാട്ടാക്കട .

<u>മലയിൻകീഴ് ഗ്രാമപഞ്ചായത്ത്</u>

1.ഗ്രാമപഞ്ചായത്ത് ആഫീസ്, മലയിൻകീഴ്

2.വില്ലേജ് ആഫീസ്, മലയിൻകീഴ്

3.സബ് ട്രഷറി, മലയിൻകീഴ്

4. പോലീസ് സ്റ്റേഷൻ, മലയിൻകീഴ്

5. ഗവ. GHSS, മലയിൻകീഴ്

6. ഗവ. BHSS, മലയിൻകീഴ്

7. ഗവ. VHSS, മലയിൻകീഴ്

8. ഗവ. LPGS, മലയിൻകീഴ്

9. ഗവ. LPBS, മലയിൻകീഴ്

10. ഗവ. GHS, മലയിൻകീഴ്

11. ഗവ. BHS, മലയിൻകീഴ്

12.ഗവ. LPS, മഞ്ചാടി, മലയിൻകീഴ്

13. ഗവ. LPS, മച്ചേൽ, മലയിൻകീഴ്

14. ഗവ. എം.എം ആർട്ട്സ് & സയൻസ് കോളേജ്, മലയിൻകീഴ്

15. ഗവ. ഐ.ടി.ഐ., മലയിൻകീഴ്

16. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, നേമം, മലയിൻകീഴ്

17. എസ്.സി./എസ്. ടി. ഡെവലപ്മെന്റ് ഓഫീസ്, നേമം, മലയിൻകീഴ്

18. സി.ഡി.പി.ഒ. ഓഫീസ്, നേമം, മലയിൻകീഴ്

19. വെറ്ററിനറി ആശുപത്രി, മലയിൻകീഴ്

20. ഡെയറി എക്സ്റ്റൻഷൻ ആഫീസ്, മലയിൻകീഴ്

21. അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ് സബ് ഡിവിഷൻ നേമം, മലയിൻകീഴ്

22. അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ആഫീസ്, മലയിൻകീഴ്

23. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മലയിൻകീഴ്

24.ഹോമിയോ ആശുപത്രി, മച്ചേൽ, മലയിൻകീഴ്

25.ഗവ.ആയുർവേദ ആശുപത്രി, മലയിൻകീഴ്

26. കൃഷി ഭവൻ, മലയിൻകീഴ്

<u>വിളപ്പിൽ ഗ്രാമപഞ്ചായത്ത്</u>

1) വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, തൊഴിലുറപ്പ് പദ്ധതി ഓഫീസ്, കുടുംബശ്രീ ഓഫീസ്)

2) സി.എച്ച്.സി. വിളപ്പിൽശാല

3) ഹോമിയോ ആശുപത്രി, വിളപ്പിൽശാല

4) വെറ്ററിനറി ഡിസ്പെൻസറി, വിളപ്പിൽശാല

5) കൃഷി ഭവൻ, പേയാട്

6) ഗവണ്മെന്റ് എൽ.പി.എസ്, പേയാട്

7) വില്ലേജ് ഓഫീസ്, പേയാട്

8) ഗവണ്മെന്റ് യു.പി.എസ്., വിളപ്പിൽശാല

9) ഗവൺമെന്റ് എൽ.പി.എസ്., തുരുത്തുംമൂല

10) ഗവണ്മെന്റ് ട്രൈബൽ എൽ.പി.എസ്., ചെറുകോട്

11)പോലീസ് സ്റ്റേഷൻ, വിളപ്പിൽശാല

<u>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്</u>

1) വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, തൊഴിലുറപ്പ് പദ്ധതി ഓഫീസ്, കുടുംബശ്രീ ഓഫീസ്)

2) പി.എച്ച്.സി. സബ്സെന്റർ, വിഴവൂർ

3) കുടുംബാരോഗ്യകേന്ദ്രം, വിളവൂർക്കൽ

4) ഹോമിയോ ആശുപത്രി, പുതുവീട്ടുമേലെ

5) വെറ്ററിനറി ഡിസ്പെൻസറി, വിഴവൂർ

6) കൃഷി ഭവൻ, വിളവൂർക്കൽ

7) ഗവൺമെന്റ് ഹൈസ്കൂൾ, വിളവൂർക്കൽ

8) വില്ലേജ് ഓഫീസ്, വിളവൂർക്കൽ

<u>മാറനല്ലൂർ ഗ്രാമപഞ്ചായത്ത്</u>

(1) മാറനല്ലൂർ ഗ്രാമപഞ്ചായത്ത്, പോങ്ങുംമൂട്

(2) വില്ലേജ് ഓഫീസ്, ഊരൂട്ടമ്പലം

(3) ഗവ. ആയുർവേദ ഡിസ്പെൻസറി, പോങ്ങുംമൂട്

(4) കൃഷി ഭവൻ, പോങ്ങുംമൂട്

(5) ഫാമിലി ഹെൽത്ത് സെന്റർ, പോങ്ങുംമൂട്

(6) സബ് രജിസ്ട്രാർ ഓഫീസ്, ഊരൂട്ടമ്പലം

(7) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് ഓഫീസ്, പോങ്ങുംമൂട്

(8) ഗവ. മൃഗാശുപത്രി, പോങ്ങുംമൂട്

(9) പോലീസ് സ്റ്റേഷൻ, പോങ്ങുംമൂട്

(10) ഗവ.എൽ.പി.എസ്. അരുവിക്കര, പുന്നാവൂർ

(11) ഗവ.എച്ച്.എസ്., കണ്ടള

(12) ഗവ. യു.പി.എസ്, ഊരൂട്ടമ്പലം

(13) ഗവ. എൽ.പി.എസ്, ഊരൂട്ടമ്പലം

(14) ഗവ. യു.പി.എസ്., റസ്സൽപുരം

<u>പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്</u>

(1) വെറ്ററിനറി ഡിസ്പെൻസറി, പ്രാവച്ചമ്പലം

(2) എഫ്.എച്ച്. സി., പള്ളിച്ചൽ

(3) ഹോമിയോ ഡിസ്പൻസറി, പള്ളിച്ചൽ

(4) ആയുർവേദ ഹോസ്പിറ്റൽ, നരുവാമൂട്

(5) സി.ഡി.പി.ഒ. ഓഫീസ്, നരുവാമൂട്

(6) ബഡ്സ് സ്കൂൾ, നരുവാമൂട്

(7) ഗവ. യു.പി.എസ്, നേമം

(8) എൻ.ആർ.ഇ.ജി.എ. ഓഫീസ്, നരുവാമൂട്,

(9) ഫുഡ് സേഫ്റ്റി ഓഫീസ്, നരുവാമൂട്,

(10) ഗവ.എച്ച്.എസ്., ബാലരാമപുരം,

(11) ഗവ.എൽ.പി.എസ്., പൂങ്കോട്,

(12)പി.വി.എൽ.പി.എസ്., പൂങ്കോട്,

(13) പി.വി.എൽ.പി.എസ്., കുഴിവിള,

(14) യു.പി.എസ്. ഭഗവതിനട, പകലൂർ

(15) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പാറ്റൂർക്കുഴി

(16) കൃഷിഭവൻ, പ്രാവച്ചമ്പലം

**കോട്ടയം ജില്ലയിലെ റീബിൽഡ് കേരള പദ്ധതികൾ**

369 (3397) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ വിശദാംശങ്ങൾ അനുബന്ധം 1*-ആയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ പട്ടിക അനുബന്ധം 2*-ആയും പദ്ധതിക്ക് അനുമതി നൽകിയ ഉത്തരവ് അനുബന്ധം 3* -ആയും ചേർത്തിരിക്കുന്നു. ക്ലീൻ കേരള കമ്പനി റീബിൽഡ് കേരള പദ്ധതിയിൽ കോട്ടയം ജില്ലയിൽ ജില്ലാതല പ്ലാസ്റ്റിക് സോർട്ടിംഗ് ആൻഡ് സെഗ്രിഗേഷൻ ഫെസിലിറ്റിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേനകൾ വഴി ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് വിപണനം നടത്തുന്നതിനുള്ള ഒരു യന്ത്രവൽകൃത ഫെസിലിറ്റിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ ഫെസിലിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഭൂമി ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2 കോടി രൂപയാണ് പദ്ധതി ചെലവ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികയിലെ ഒഴിവുകൾ

370 (3398) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-8-2019-ന് കാലഹരണപ്പെട്ട കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രൈവർ ഗ്രേഡ് -II (എൽ.ഡി.വി.) തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും ഇരുപത്തിയഞ്ച് ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം നൽകാൻ കഴിയാത്ത സാഹചര്യം വന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി ഒരു പരീക്ഷയ്ക്ക് പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ പ്രായപരിധി കടന്ന ഇവർക്ക് പ്രസ്തുത നിയമനം കോടതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ലഭിക്കുമോ; വിശദമാക്കുമോ?

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 760/2019 ഹർജിയിലെ 19-8-2019-ലെ വിധി പ്രകാരം കാസർഗോഡ് ജില്ലയിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത പഞ്ചായത്തുകളിലെ 25 ഒഴിവുകൾ Provisional ആയി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിധിയിൽ ട്രൈബ്യൂണലിൽ നിന്നും തുടർ ഉത്തരവുകൾ വരുന്നതുവരെ മേൽ ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് നൽകരുതെന്നും വ്യക്തമാക്കിയിരുന്നു. ടി ഒഴിവുകൾ പ്രൊവിഷണലായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിയമനം നൽകുന്നതിന് സാധിക്കുകയില്ല. കൂടാതെ നിലവിൽ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ ഗ്രേഡ്- II തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെ ലഭ്യവുമല്ല.

### തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

371 (3399) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കായംകുളം നഗരസഭ-എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ - 1, രണ്ടാംതരം ഓവർസീയർ- 2, ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് - രണ്ടാംതരം ഓവർസീയർ - 1

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കായംകുളം നഗരസഭയിലെ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണിക്കാവ് പഞ്ചായത്തിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ യോഗ്യത**

372 (3400) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി.) യോഗ്യതയുള്ളവരെ അംഗീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡി.എച്ച്.ഐ.സി. യോഗ്യത അംഗീകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി.) യോഗ്യതയായി ഉൾപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയായി ഡി.എച്ച്.ഐ.സി-യെക്കൂടി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ?

തദ്ദേശഭരണ പൊതുസർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്.

## മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതി

373 (3401) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.) പദ്ധതിയുടെ സംസ്ഥാനത്തെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.കെ.എസ്.പി. 2020 മാർച്ച് 31-ന് അവസാനിച്ചു. കേരളത്തിൽ ഗ്രാമവികസന വകുപ്പ്, കുടുംബശ്രീ എന്നിവർ മുഖാന്തരമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഗ്രാമവികസന വകുപ്പ് എം.കെ.എസ്.പി. പദ്ധതിയുടെ എക്സിറ്റ് പോളിസിയുടെ ഭാഗമായി രൂപീകരിച്ച ഫെഡറേഷനുകളും ഗ്രാമപഞ്ചായത്തുതല ലേബർ ബാങ്കുകളും തുടർ പ്രവർത്തനം നടത്തിവരുന്നു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപകമായി നടത്തുന്നതിൽ കുറവുവന്നിട്ടുണ്ട്. കുടുംബശ്രീ പദ്ധതി കാലയളവിൽ 14 ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുകയുണ്ടായി. 1,50,000 വനിതകളെ കാർഷികവൃത്തിയിലേയ്ക്ക് കൊണ്ടുവന്ന് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക, 30,000 കൃഷിസംഘങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 24,000 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുക തുടങ്ങി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതി കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എം.കെ.എസ്.പി. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഗ്രാമവികസന വകുപ്പ് കേന്ദ്രവിഹിതം - 22,71,00,000 രൂപ, ത്രിതല പഞ്ചായത്തുകൾ - 14,24,05,122 രൂപ, പലിശ - 6,66,68,498 രൂപ, മറ്റ് വരവുകൾ - 29,18,407 രൂപ, ആകെ - 43,90,92,027 രൂപ. 43,90,92,027 രൂപ ലഭ്യമായതിൽ 41,09,62,992 രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ കേന്ദ്രവിഹിതം - 30.168 കോടി രൂപ, സംസ്ഥാന വിഹിതം - 18.45 കോടി രൂപ, ആകെ - 48.618 കോടി രൂപ, ആകെ 48.618 കോടി രൂപ ലഭ്യമായതിൽ 45.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇവയിൽ ഭരണനിർവ്വഹണം, മെഷീനറി വാങ്ങൽ, പരിശീലനം എന്നിവയ്ക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പ് ഭരണ നിർവ്വഹണം-7,16,75,190 രൂപ, മെഷിനറി വാങ്ങൽ - 10,81,63,849 രൂപ, പരിശീലനം - 15,82,67,918 രൂപ, കുടുംബശ്രീ ഭരണ നിർവ്വഹണം - 5,26,74,007 രൂപ, മെഷിനറി വാങ്ങൽ - 13,57,58,222 രൂപ, പരിശീലനം - 27,06,90,775 രൂപ.

(ഡി) മെഷീനറി വാങ്ങൽ, പരിശീലനം എന്നിവ ഏത് വിധത്തിലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഗ്രാമവികസന വകുപ്പ് പദ്ധതിക്കായുള്ള മെഷിനറി സർക്കാർ സഹകരണ സ്ഥാപനങ്ങളായ കാംകോ, റെയ്ഡ്കോ എന്നിവിടങ്ങളിൽനിന്നാണ് വാങ്ങിയിട്ടുള്ളത്. പരിശീലനം കില, ഗ്രീൻ ആർമി, മൈത്രി എന്നീ സ്ഥാപനങ്ങളാണ് നടത്തിയിട്ടുള്ളത്. കുടുംബശ്രീ ജില്ലകളിൽ തെരഞ്ഞെടുത്ത കുടുംബശ്രീ സി.ഡി.എസ്-കളിലേയ്ക്ക് തുക അനുവദിക്കുകയും സി.ഡി.എസ്-ന്റെ നേതൃത്വത്തിൽ ആവശ്യമായ മെഷീനറികൾ വാങ്ങുകയുമാണ് ചെയ്തത്. കപ്പാസിറ്റി ബിൽഡിംഗ്, സാങ്കേതിക പരിശീലനം, മെക്കനൈസേഷൻ പരിശീലനം എന്നീ മൂന്ന് മേഖലകളിലായാണ് പരിശീലനം സംഘടിപ്പിച്ചത്. ജില്ലകളിലെ വിവിധ ഭാഗങ്ങളിലെ മികച്ച കർഷകർ, കാർഷിക വകുപ്പ്/കാർഷിക ഗവേഷണ കേന്ദ്രം/കെ.വി.കെ/മറ്റു കാർഷിക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവരാണ് പരിശീലനം നയിച്ചത്.

(ഇ) എം.കെ.എസ്.പി. പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഭാവിയിൽ നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

എം.കെ.എസ്.പി. പദ്ധതി 2020 മാർച്ച് 31-ന് അവസാനിച്ചു.

(എഫ്) എം.കെ.എസ്.പി. പദ്ധതികൊണ്ട് നാളിതുവരെയുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

യന്ത്രവൽകൃത നെൽകൃഷിയിലൂടെ സ്ത്രീകളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. 35000-ഓളം സ്ത്രീകൾക്ക് പരിശീലനം നൽകുവാനും നെൽക്കൃഷി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 50,000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും അതിലൂടെ 338202 വനിതാ കർഷകർക്ക് നേട്ടം ലഭിക്കുകയും ചെയ്തു. 971 ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. 20 ലക്ഷം അയൽക്കൂട്ട അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ ഭവനം രൂപീകരിച്ചു. 426 പ്ലാന്റ് നഴ്സറികൾ സ്ഥാപിച്ചു. 220 ബഡ്സ് സ്കൂളുകളിൽ പച്ചക്കറി കൃഷി നടത്തി. 1921 ട്രൈബൽ ജെ.എൽ.ജി. രൂപീകരിച്ചു. 494 ഹെക്ടർ ഭൂമിയിൽ മെഡിസിനൽ പ്ലാന്റ് കൾട്ടിവേഷൻ നടത്തി, 124 ബയോഫാർമസികൾ ആരംഭിച്ചു. 4 ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു.

## ഗ്രാമീണ റോഡ് പുനരുദ്ധാരണ പരിപാടി

374 (3402) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പരിപാടിയിൽ ആയിരം റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ തുടർച്ചയായി അടുത്ത ആയിരം റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ എന്നും എങ്കിൽ അവ എന്നേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉണ്ട്. 2021 സെപ്റ്റംബറിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇപ്രകാരം പുനരുദ്ധാരണം നടത്തുന്ന റോഡുകൾക്ക് ഗ്യാരണ്ടി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേയ്ക്ക് എന്ന് വ്യക്തമാക്കാമോ?

2 വർഷത്തേയ്ക്കുള്ള ഗ്യാരണ്ടി നിശ്ചയിച്ചിട്ടുണ്ട്.

## ഈസ് ഓഫ് ലിവിംഗ് സർവ്വേ

375 (3403) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ലിവിംഗ് സർവ്വേ നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഈ സർവ്വേ പൂർത്തിയാക്കേണ്ടത് എന്നാണ്?

2021 ജൂലൈ 31.

(സി) സർവ്വേ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം സംസ്ഥാനത്തിന് നഷ്ടമാകുന്ന ആനുകൂല്യങ്ങളോ പദ്ധതികളോ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ലഭ്യമാകേണ്ട കേന്ദ്രാനുകൂല്യങ്ങൾ നഷ്ടമാകാത്തവിധം സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും നൽകുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ തന്നെ സംസ്ഥാനത്ത് ഈസ് ഓഫ് ലിവിംഗ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

**തൊഴിൽദിനക്കുടിശ്ശിക**

376 (3404) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15-7-2020 മുതലുള്ള വേതനകുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

15-7-2020 മുതൽ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ നിലവിൽ കുടിശ്ശികയില്ല.

(ബി) കോവിഡ്കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ തൊഴിൽ ദിനക്കുടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) കോവിഡ്കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരവും 2020-21 സാമ്പത്തികവർഷം മുൻ വർഷത്തിലേതിനെക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽദിനങ്ങളുടെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചതിൽ നാളിതുവരെ 0.99 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ച് നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ഇല്ല.

**ഗ്രാമ വികസന വകുപ്പിലെ ഒഴിവുകൾ**

377 (3405) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും പ്രസ്തുത ഒഴിവുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്നും ഈ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കാമോ?

അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) മേൽപ്പറഞ്ഞ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ക്ലാർക്ക്- ജില്ലാ കളക്ടർ, വി.ഇ.ഒ. ഗ്രേഡ്-2 -പ്രോജക്ട് ഡയറക്ടർ, ഓഫീസ് അറ്റൻഡന്റ് - അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എൽ.ഡി. ടൈപ്പിസ്റ്റ് - അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ഡ്രൈവർ ഗ്രേഡ് II - അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - ഗ്രാമവികസന കമ്മീഷണർ, ലക്ചറർ ഗ്രേഡ് II - ഗ്രാമവികസന കമ്മീഷണർ, ലക്ചറർ ഗ്രേഡ് I - സെക്രട്ടറി, LSGD.

(ഡി) സ്പെഷ്യൽ റൂൾ നിലവിലുണ്ടായിട്ടും വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വെന്തോടംപടി– മുത്തൻതണ്ട് പാലം**

378 (3406) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വണ്ടൂർ മണ്ഡലത്തിലെ കാളികാവ്– ചോക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെന്തോടംപടി– മുത്തൻതണ്ട് പാലം നിർമ്മാണപ്രവൃത്തിക്ക് 2020-21 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശതമാനം അനുവദിച്ചിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും സമയബന്ധിതമായി പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് തദ്ദേശസ്വയംഭരണ വകുപ്പിനും പൊതുമരാമത്ത് വകുപ്പിനും ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഏത് വകുപ്പാണ് പ്രസ്തുത പാലം നിർമ്മിക്കേണ്ടതെന്ന വിഷയം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ**

379 (3407) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ബി) അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ ഫോർമുലേഷൻ ഓഫ് ജി.ഐ.എസ്. ബേസ്ഡ് മാസ്റ്റർ പ്ലാൻ ഫോർ അമൃത് സിറ്റീസിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സാമൂഹിക-സാമ്പത്തിക സർവ്വേ, ടെക്നോപാർക്ക് സർവ്വേ, മാർക്കറ്റ് ഏരിയ സർവ്വേ തുടങ്ങിയ പ്രാഥമികസർവ്വേകൾ നടത്തുകയും കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥപ്രകാരം സ്പെഷ്യൽ കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുകയും വാർഡ്സഭാ യോഗങ്ങൾ നടത്തുകയും അങ്ങനെ ലഭിച്ച നിർദ്ദേശങ്ങളും മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങളും പരിഗണിച്ച് തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ ഒരു കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അമൃത് പദ്ധതിക്കായുള്ള മോണിറ്ററിംഗ് ആൻഡ് റിവ്യൂ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കരട് മാസ്റ്റർ പ്ലാനിന് കോർപ്പറേഷൻ കൗൺസിലുമായി ചേർന്ന് ചർച്ച ചെയ്ത് അന്തിമരൂപം നൽകേണ്ടതായുണ്ട്. അപ്രകാരമുള്ള മാസ്റ്റർ പ്ലാനിന്റെ

അന്തിമ കരടിന്മേൽ നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടശേഷം നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നഗരസഭ സർക്കാരിൽനിന്ന് നേടേണ്ടതുണ്ട്.

(സി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്പ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുവാൻ നിലവിലെ നിയന്ത്രണങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതുക്കി തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് നിലവിലുള്ള ഗ്രീൻ-ടു-പ്ലാൻഡ് സോൺ, റെസിഡൻഷ്യൽ സോൺ തുടങ്ങിയ മേഖലാ നിയന്ത്രണങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുന്നതാണ്.

(ഡി) 2021 വർഷത്തിൽ ഹരിത-ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; എത്ര എണ്ണം നിരസിച്ചിട്ടുണ്ട്; അറിയിക്കുമോ?

ഹരിത ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ആകെ 150 അപേക്ഷകൾ തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 140 അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. 6 അപേക്ഷകളിൽ ആർ.റ്റി.പി. കൺകറൻസ് ലഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

## ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി

380 (3408) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ച തെന്നാണ്; അതോറിറ്റിയുടെ രൂപീകരണ ലക്ഷ്യങ്ങൾ എന്തെല്ലാം; അധികാരപരിധി ഏതെല്ലാം; വിശദമാക്കാമോ?

18-5-1994-ലെ G.O. (MS) No.114/94 LAD പ്രകാരം, നഗരാസൂത്രണ ആക്ടിന്റെ നിബന്ധനകൾക്ക് വിധേയമായാണ് ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ) രൂപീകരിച്ചിരിക്കുന്നത്. എറണാകുളം ജില്ലയുടെ വടക്കുപടിഞ്ഞാറായി നിലകൊള്ളുന്ന ദ്വീപസമൂഹങ്ങളുടെ സംയോജിത വികസനത്തിനായാണ് ജിഡ രൂപീകൃതമായത്. ദ്വീപസമൂഹങ്ങളുടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തിക്കൊണ്ട് ദ്വീപ് നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ പശ്ചാത്തല

വികസനം നടപ്പാക്കുകയാണ് ജിഡയുടെ ലക്ഷ്യം. എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം, മുളവുകാട്, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളും, കൊച്ചി നഗരസഭയിലെ ഫോർട്ട് വൈപ്പിൻ, താന്തോന്നിത്തുരുത്ത്, ഗുണ്ടു ഐലൻഡ് എന്നിവയും ഉൾപ്പെടുന്ന 100 ചതുരശ്ര കിലോമീറ്റർ ആണ് ജിഡയുടെ അധികാര പരിധി.

(ബി) ജിഡയുടെ വരുമാന സ്രോതസ്സ് എന്തെല്ലാം; രൂപീകരണശേഷം നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; ഇതിനായി ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ?

22-8-2001-ലെ G.O.(MS)No.234/01 RD പ്രകാരം എറണാകുളം ജില്ലയിലെ 25 ഹെക്ടർ കായൽ പുറമ്പോക്ക് ജിഡയ്ക്ക് പതിച്ചു നൽകിയിട്ടുണ്ട്. ഈ ഭൂമി 8 പ്ലോട്ടുകളായി ഗ്ലോബൽ ടെണ്ടർ മുഖേന വിൽക്കുകയും ആദ്യ പദ്ധതിയായ ഗോശ്രീ പാലങ്ങളുടെ നിർമ്മാണച്ചെലവ് കഴിച്ചുള്ള തുക നിക്ഷേപിക്കുകയും ചെയ്തു. ഈ തുകയും ഇതിന്റെ പലിശയുമാണ് ജിഡയുടെ വരുമാന സ്രോതസ്സ്. പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളതും നടപ്പിലാക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളതും നടപ്പിലാക്കേണ്ടതുമായ പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക, പ്രവൃത്തികളുടെ നിജസ്ഥിതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു*.

(ഡി) ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ജിഡ വിഭാവനം ചെയ്യുന്ന പദ്ധതികൾ ബൃഹത് പദ്ധതികളായതിനാൽ ഡിസൈൻ അന്തിമമാക്കുന്നതിലും വിവിധ അനുമതികൾ ലഭ്യമാക്കുന്നതിനും കാലതാമസം വരാറുണ്ട്. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നത് നിർവ്വഹണ ഏജൻസികൾ മുഖേനയാണ് എന്നതും കാലതാമസത്തിന് കാരണമാകുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ജിഡയുടെ അധികാരപരിധിക്ക് പുറത്തുള്ള പ്രവൃത്തികൾക്കായി തുക ചെലവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികൾക്കെന്നും ഇതിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

ജിഡയുടെ അധികാര പരിധിക്കുപുറത്തുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിൽ കില മുഖേനയുള്ള പുതിയ കെട്ടിട നിർമ്മാണം**

381 (3409) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കില മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നത് എന്ന് വിശദമാക്കാമോ?

1) ഗവ. എസ്. വി. എച്ച്. എസ്. എസ്., കുടശനാട്

2) ഗവ. എച്ച്. എസ്. എസ്., കുന്നം

3) ഗവ.വി.എച്ച്.എസ്.എസ്., മാവേലിക്കര

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കില സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) കിഫ്ബിയിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചത് അംഗീകരിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തികൾ സെപ്തംബർ മാസത്തിൽ ആരംഭിക്കുവാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

സെപ്റ്റംബർ മാസത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതുക്കാട് കേന്ദ്രീകരിച്ച് പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസ്**

382 (3410) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എക്സൈസ് റെയ്ഞ്ച് ഓഫീസ് പരിധി വിഭജിച്ച് പുതുക്കാട് കേന്ദ്രീകരിച്ച് എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ വരന്തരപ്പിള്ളി, മറ്റത്തൂർ ഉൾപ്പെടെയുള്ള മലയോര ആദിവാസി മേഖലകൾ ഉൾക്കൊള്ളുന്ന വിസ്തൃതമായ പ്രദേശത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഇരിങ്ങാലക്കുട എക്സൈസ് റെയ്ഞ്ച് ഓഫീസ് പരിധി വിഭജിച്ച് പുതുക്കാട് കേന്ദ്രീകരിച്ച് പുതിയ എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## വ്യാജമദ്യ കേസ്സുകൾ

383 (3411) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021 എന്നീ സർക്കാർ കാലയളവുകളിൽ വ്യാജമദ്യം, മയക്കുമരുന്ന്, നിയമവിരുദ്ധ ലഹരി വസ്തുക്കൾ എന്നിവ സംബന്ധിച്ച കേസ്സുകളുടെ വിവരം ജില്ല തിരിച്ച് നൽകാമോ?

വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(ബി) ലോക്ക്ഡൗൺ കാലത്ത് മദ്യശാലകൾ അടച്ചിട്ടിരുന്നതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ വ്യാപനം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലോക്ക്ഡൗൺ കാലത്തെ അബ്കാരി കേസ്സുകളുടെ കണക്കുകളും പിടിച്ചെടുത്ത തൊണ്ടിമുതലുകളുടെ കണക്കുകളും പരിശോധിച്ചാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് വ്യാജമദ്യത്തിന്റെ വ്യാപനം വർദ്ധിച്ചിട്ടുള്ളതും തുടർന്ന് കൂടുതൽ അബ്കാരി കേസ്സുകൾ കണ്ടെടുത്തിട്ടുള്ളതുമാണ്.

(സി) മദ്യശാലകൾ അടച്ചിട്ടിരുന്ന കാലത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത വ്യാജമദ്യ കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം

384 (3412) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) കാലപ്പഴക്കംമൂലം ഏതുനിമിഷവും ഇടിഞ്ഞുവീഴാറായ പ്രസ്തുത ഓഫീസ് അടിയന്തരമായി പുതുക്കിപ്പണിയാൻ നിർദ്ദേശം നൽകുമോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്റ്റീൽ സ്ട്രക്ച്ചർ നിർമ്മാണ രീതി അവലംബിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കുട്ടനാട് എക്സൈസ് കോംപ്ലക്സിന്റെ 3 നില കോൺക്രീറ്റ് കെട്ടിടം പണിയുന്നതിന് ഫൗണ്ടേഷന് ഭാരിച്ച തുകയാകുമെന്നതിനാൽ സ്റ്റീൽ സ്ട്രക്ച്ചറിൽ നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുകയും സ്റ്റീൽ സ്ട്രക്ച്ചറിന്റെ ഉറപ്പ്, ആയത് എത്ര കാലം നിലനിൽക്കും എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ള തെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മക്ഡവൽ ഡിസ്റ്റിലറിയുടെ ഏറ്റെടുക്കൽ

385 (3413) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ ഡിസ്റ്റിലറിയുടെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ഇതിന്റെ പ്രവർത്തനത്തിനായി സർക്കാർ ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; വ്യക്തമാക്കാമോ?

1961 ജനവരി 21-നാണ് ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ ഡിസ്റ്റിലറിയുടെ പ്രവർത്തനമാരംഭിച്ചത്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി സർക്കാർ 1 ഹെക്ടർ, 94 ആർ, 25 ച. മീ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾക്കാണ് ഇതുമൂലം തൊഴിൽ നഷ്ടമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കമ്പനിയുടെ പ്രവർത്തനം നിലച്ചതുമൂലം 200-ഓളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായിട്ടുണ്ട്. പ്രവർത്തനം നിലച്ചതുമൂലം പല തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റിക്കൊണ്ട് വി.ആർ.എസ്. എടുത്തിട്ടുണ്ട്.

(സി) സ്വകാര്യ കമ്പനിക്കായി സർക്കാർ വിട്ടുനൽകിയ ഭൂമി കമ്പനി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയും കമ്പനിയും ഏറ്റെടുത്ത് സർക്കാർ ഉടമസ്ഥതയിലോ സഹകരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ താല്പര്യമുള്ള മറ്റ് കമ്പനികൾക്കോ നൽകി പ്രവർത്തനം തുടരാനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനും നടപടി സ്വീകരിക്കാമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**കുട്ടനാട് റേഞ്ച് ഓഫീസ് വിഭജനം**

386 (3414) <u>ശ്രീ തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഭൂവിസ്തൃതി കണക്കിലെടുത്ത് നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസിനെ രണ്ടായി വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) കുട്ടനാട്ടിൽ ജലഗതാഗതത്തിലൂടെ മാത്രം യാത്രചെയ്യാൻ കഴിയുന്ന സാഹചര്യം നിലവിലുള്ളപ്പോൾ എക്സൈസ് വകുപ്പിന് കൂടുതൽ സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി

387 (3415) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി എല്ലാ ജില്ലകളിലും റേഞ്ച്/സർക്കിൾ തലങ്ങളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സ്ട്രൈക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ടി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ശക്തമായ വാഹനപരിശോധന നടത്തുകയും പരാതികളുടേയും രഹസ്യ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വ്യാജമദ്യ നിർമ്മാണ പ്രവൃത്തികൾ തടയുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഇതിനെതിരെ ശക്തമായി പ്രവർത്തിച്ചുവരുന്നുണ്ട്. വനമേഖലയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്നും തീരദേശ മേഖലയിൽ തീരദേശ പോലീസുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിയും ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിച്ച് വാഹനപരിശോധന കർശനമാക്കിയും അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും വ്യാജമദ്യ നിർമ്മാണ-വിതരണ പ്രവർത്തനങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്തുതലത്തിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായും വ്യാജമദ്യ നിയന്ത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും കൂടിവരാൻ സാദ്ധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്സവകാലങ്ങളിലെ വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനായി സ്പെഷ്യൽ ഡ്രൈവായി പ്രഖ്യാപിച്ച് പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും സ്ട്രൈക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള മദ്യ-മയക്കുമരുന്ന് കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിക്കുന്നു. ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിന് ആർ.പി.എഫ്.-മായി ചേർന്നും തീരദേശ മേഖലയിൽ തീരദേശ പോലീസുമായി സഹകരിച്ചും വനമേഖലകൾ കേന്ദ്രീകരിച്ച് ഫോറസ്റ്റ്, റവന്യൂ വകുപ്പുമായി ചേർന്നും അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ ശക്തമായ ബോർഡർ പട്രോളിംഗ് നടത്തിയും, അവിടങ്ങളിലെ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. പൊതുജനങ്ങളിൽനിന്ന് വിവരങ്ങൾ ലഭിക്കുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയും ഓഫീസുകളുടെയും ഫോൺ നമ്പരുകൾ പത്രക്കുറിപ്പ് വഴി നൽകുന്നുണ്ട്.

### അനധികൃത മദ്യ ഉല്പാദനം

388 (3416) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും അനധികൃത മദ്യം കൈവശം വച്ചതിനും കടത്തിക്കൊണ്ട് വന്നതിനും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ വാഹനങ്ങളിൽ കൊണ്ടുവന്ന സ്പിരിറ്റ്, നൂറ് ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായത് എന്നിങ്ങനെ എത്ര കേസ്സുകളുണ്ട് എന്ന് വിശദമാക്കുമോ?

2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും കൈവശം വച്ചതിനും കടത്തിക്കൊണ്ട് വന്നതിനും 23770 കേസ്സുകളും വാഹനങ്ങളിൽ സ്പിരിറ്റ് കടത്തിക്കൊണ്ട് വന്നതിന് 31 കേസ്സുകളും 100 ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായി കണ്ടെടുത്തതിന് 130 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസ്സുകളിൽ എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്; ആയതിൽ എത്ര എണ്ണത്തിൽ പിഴയായ ഒരു ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

2015 മുതൽ കണ്ടെടുത്ത കേസ്സുകളിൽ 5158 കേസ്സുകൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ടി കേസ്സുകളിൽ 90 കേസ്സുകൾ ഒരു ലക്ഷം രൂപ വീതം പിഴ ഒടുക്കിയിട്ടുള്ളവയാണ്.

(സി) ഈ കാലയളവിൽ ഒരു കിലോ ഗ്രാമിൽ കുറവ് കഞ്ചാവ് തൊണ്ടിമുതലായി പിടിച്ചെടുത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര കേസ്സുകൾ ശിക്ഷിച്ചിട്ടുണ്ട്; എത്ര തുക പിഴയായി ഖജനാവിലെത്തി എന്നും വിശദമാക്കുമോ?

2015 കാലയളവുമുതൽ ഒരു കിലോഗ്രാമിൽ കുറവ് കഞ്ചാവ് തൊണ്ടിമുതലായി 24920 കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്. ടി കേസ്സുകളിൽ 13286 കേസ്സുകൾ ശിക്ഷിച്ചിട്ടുള്ളതും 6,86,96,650 രൂപ (ആറ് കോടി എൺപത്തിയാറുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുന്നൂറ്റമ്പത്) പിഴയായി ഖജനാവിൽ ഒടുക്കിയിട്ടുള്ളതുമാണ്.

(ഡി) മദ്യം, കഞ്ചാവ് തുടങ്ങിയ കേസ്സുകളിൽ തക്കതായ ശിക്ഷ ലഭിക്കുന്നതിന് അബ്കാരി ആക്ടിലെ ഏതെങ്കിലും സെക്ഷൻ ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ ആലോചനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾക്ക് തക്കതായ ശിക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 20(b)(ii)A പ്രകാരം ലഘുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. ഒരു കിലോഗ്രാമിൽ താഴെയുള്ള കഞ്ചാവ് 'Small Quantity' ആയിട്ടാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമായതിനാൽ ടി നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലഹരി മരുന്നുകളുടെ 'Small Quantity, Medium Quantity, Commercial Quantity' അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി നാർകോട്ടിക് കൺട്രോൾ ബ്യൂറോ ഡയറക്ടറോടും കേന്ദ്ര റവന്യൂ സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

**മാവേലിക്കര എക്സൈസ് കോംപ്ലക്സ് കെട്ടിടം**

389 (3417) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് കോംപ്ലക്സ് കെട്ടിടം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 247.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) നൂറനാട് എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പൂപ്പാറ ബെവ്കോ ഔട്ട്‌ലെറ്റിലെ സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിംഗ്

390 (3418) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൂപ്പാറ ബെവ്കോ ഔട്ട്‌ലെറ്റിൽ ജോലിചെയ്തു വരവെ 2018 ഏപ്രിൽ 30-ന് മരണമടഞ്ഞ ബാബു മാത്യുവിന് സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിംഗിനെ തുടർന്നുണ്ടായ സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച ഫയലിലെ വിവരം വിശദമാക്കാമോ?

കെ.എസ്.ബി.സി-യുടെ എഫ്.എൽ. 01-6018 പൂപ്പാറ ചില്ലറ വില്പനശാലയിൽ പ്രവൃത്തിയെടുത്തിരുന്ന ബാബു മാത്യുവിന് 1-4-2015 മുതൽ 30-4-2018 വരെ 10,01,484 രൂപ (പത്ത് ലക്ഷത്തി ആയിരത്തി നാനൂറ്റി എൺപത്തി നാല് രൂപ മാത്രം) ആകെ ബാദ്ധ്യതയുള്ളതായി കെ.എസ്.ബി.സി-യുടെ ആഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നു. ടിയാന്റെ ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>സ്റ്റോക്ക് ബാദ്ധ്യത</u>

| ക്രമ നമ്പർ | ബാധ്യത കാലയളവ് | ബാദ്ധ്യത തുക |
|---|---|---|
| 1 | 1-4-2015 മുതൽ 30-9-2015 വരെ | 92,096 |
| 2 | 1-10-2016 മുതൽ 31-3- 2017 വരെ | 3,49,352 |
| 3 | 1-6-2017 മുതൽ 25-8-2017 വരെ | 5,47,889 |

<u>കാർട്ടൺ ബാദ്ധ്യത</u>

| ക്രമ നമ്പർ | ബാധ്യതാ കാലയളവ് | ബാദ്ധ്യത തുക |
|---|---|---|
| 1 | 1-4-2016 മുതൽ 18-7-2016 വരെ | 3,115 |
| 2 | 1-10-2016 മുതൽ 31-3-2017 വരെ | 9,032 |

ഇതിൽ 1,13,646 രൂപ തിരികെ പിടിച്ചിട്ടുണ്ട്. 9,09,388 രൂപ മുതലും 89,247 രൂപ പലിശയും (12%) ചേർത്ത് 9,98,635 രൂപ തിരിച്ചു പിടിക്കേണ്ടതായുണ്ട്. ബാബു മാത്യുവിന്റെ ബാദ്ധ്യതാ തുക ഒഴിവാക്കുന്നതിനായി ടിയാന്റെ ഭാര്യ സമർപ്പിച്ച നിവേദനം പരിഗണിച്ചുകൊണ്ട് ടി വിഷയം കെ.എസ്.ബി.സി.-യുടെ ഡയറക്ടർ ബോർഡ് പരിഗണിക്കുകയും ടിയാളുടെ പരാതിയുടെ സത്യാവസ്ഥ മനസ്സിലാക്കുന്നതിനും ബാബു മാത്യുവിന്റെ ബാദ്ധ്യതാ തുകയിൽ കുറവു വരുത്തുന്നതിനുമായി ജനറൽ മാനേജർ (ഭരണം), ഇന്റേണൽ ആഡിറ്റർ, മാനേജർ (ഭരണം) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുവാൻ ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) മേപ്പടിയാൾക്ക് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അന്വേഷണ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**കള്ള് ഷാപ്പുകൾ**

391 (3419) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രവർത്തിക്കാത്ത ഷാപ്പുകൾ എത്രയെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 5170 കള്ളുഷാപ്പുകളിൽ 4840 കള്ളുഷാപ്പുകൾ വില്പന നടത്തുകയോ നടത്തിപ്പവകാശം തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുകയോ ചെയ്തിട്ടുണ്ട്. 330 കള്ളുഷാപ്പുകൾ ലൈസൻസ് ചെയ്ത് പ്രവർത്തിക്കുന്നില്ല. കള്ളുഷാപ്പുകൾ വില്പനയിൽ പോകാതിരുന്നതിനാലും ലൈസൻസികൾക്കെതിരെ അബ്കാരി കേസ് രജിസ്റ്റർ ചെയ്തതുകാരണം ലൈസൻസ് റദ്ദ് ചെയ്തതിനാലുമാണ് പ്രസ്തുത ഷാപ്പുകൾ പ്രവർത്തിക്കാത്തത്.

(ബി) വിൽപ്പനയിൽ പോകാത്ത കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഴുവൻ റെന്റൽ തുകയ്ക്കും വില്പനയിൽ പോകാതിരുന്ന കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ തുകയ്ക്ക് വില്പന നടത്തുന്നതിനും ബാക്കി കള്ളുഷാപ്പുകളുടെ നടത്തിപ്പവകാശം തുടർന്ന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ 4840 കള്ളുഷാപ്പുകൾ വില്പന നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയിൽ പരമാവധി എണ്ണം ഡി.എം. വ്യവസ്ഥയിൽ നടത്തുന്നതിനും ലൈസൻസ് റദ്ദ് ചെയ്ത കള്ളുഷാപ്പുകളുടെ പുനർവില്പന നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രവർത്തനരഹിതമായ കള്ള് ഷാപ്പുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതുമുതൽ എല്ലാ വർഷവും ഓണക്കാലത്ത് കള്ള് വ്യവസായ മേഖലയിലെ തൊഴിൽരഹിതരായ ചെത്ത്, വില്പന തൊഴിലാളികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഈ വർഷവും സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**മനുഷ്യനിർമ്മിത രാസവസ്തുക്കൾ**

392 (3420) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യനിർമ്മിത രാസവസ്തുക്കളിൽനിന്നുള്ള ലഹരിയായ സിന്തറ്റിക് ഡ്രഗ്സിന്റെ വിൽപന ചില സാമൂഹ്യ മാധ്യമങ്ങൾ വഴി നടത്തുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് എവിടെ നിന്നെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്രകാരം വിൽപ്പന നടത്തുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സിന്തറ്റിക് ഡ്രഗ്സിന്റെ വില്പന കണ്ടെത്തുന്നതിനായി ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തി വിവരശേഖരണം നടത്തുകയും എക്സൈസ് വകുപ്പുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പരുകൾ, മെയിൽ ഐ.ഡി. എന്നിവ നവമാധ്യമങ്ങൾ വഴിയും മറ്റും പരസ്യപ്പെടുത്തുകയും സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച പരാതിപ്പെട്ടികൾ വഴിയും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും വിവരശേഖരണം നടത്തുകയും കൊറിയർ പാഴ്സൽ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, മുൻ കുറ്റവാളികളുടെ സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും പട്രോളിംഗ് യൂണിറ്റുകളും ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(3025, 3036, 3048, 3282 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അറിയിപ്പ്

### പത്രവാർത്തയിലെ പിശക്

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചെയറിന് ബഹുമാനപ്പെട്ട അംഗങ്ങളുടെയും പത്രമാധ്യമ പ്രവർത്തകരുടെയും ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്നലെ (3-8-2021) ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിരുന്നവരുടെ പേരുവിവരം സഭയിൽ പരാമർശിക്കുന്ന വേളയിൽ ഒരംഗത്തിന്റെ പേര് വിട്ടുപോയിരുന്നു. അത് മനഃപൂർവ്വമായിരുന്നില്ലെന്നും നോട്ടീസിന്റെ അവസാനമായി ചേർത്തിരുന്ന പേര് ഫോട്ടോകോപ്പിയെടുത്ത വേളയിൽ വിട്ടുപോയതുമൂലവുമാണ് അത് സംഭവിച്ചതെന്നും അപ്പോൾത്തന്നെ സഭയിൽ അറിയിക്കുകയും വിട്ടുപോയ പേരുകൂടി ഉൾപ്പെടുത്തി പരാമർശം തിരുത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ, ഇന്നത്തെ ചില പത്രങ്ങളിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ പേര് ചെയർ മനഃപൂർവ്വം ഒഴിവാക്കിയെന്ന തരത്തിൽ വാർത്തകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം നടപടികൾ അങ്ങേയറ്റം നിർഭാഗ്യകരമാണ്. സഭാനടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ അത് വസ്തുതാപരമായിരിക്കണമെന്ന കാര്യത്തിൽ മാധ്യമപ്രവർത്തകർ കൂടുതൽ ഉത്തരവാദിത്വവും ജാഗ്രതയും പുലർത്തണമെന്ന് ചെയർ ഓർമ്മിപ്പിക്കുകയാണ്.

## III അടിയന്തരപ്രമേയം

### ഇരട്ട സഹോദരന്മാരുടെ ആത്മഹത്യ

മി. സ്പീക്കർ: കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മണിപ്പുഴ ശാഖയിൽനിന്നും എടുത്ത ഭവനവായ്പാ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ നടപടികളെത്തുടർന്ന് ഇരട്ടസഹോദരങ്ങളായ നിസാർ ഖാനും നസീർ ഖാനും ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മണിപ്പുഴ ശാഖയിലെ ഹൗസിംഗ് ലോൺ 170-ാം നമ്പരായി വായ്പയെടുത്തിരുന്ന 70414-ാം നമ്പർ അംഗം നിസാർ ഖാൻ, 70415-ാം നമ്പർ അംഗം നസീർ ഖാൻ എന്നിവർ ആത്മഹത്യ ചെയ്ത സംഭവം തികച്ചും നിർഭാഗ്യകരമാണ്. ഈ സംഭവത്തിൽ സർക്കാരിനുള്ള ദു:ഖവും അനുശോചനവും ഈയവസരത്തിൽ രേഖപ്പെടുത്തുകയാണ്. 70414-ാം നമ്പർ അംഗം നിസാർ ഖാൻ, 70415-ാം നമ്പർ അംഗം നസീർ ഖാൻ എന്നിവർ കൂട്ടുകക്ഷിയായി കോട്ടയം സഹകരണ അർബൻ ബാങ്കിന്റെ മണിപ്പുഴ ശാഖയിൽനിന്നും 2-5-2019-ൽ 13 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം 90 ദിവസത്തെ കാലയളവിനുശേഷം പ്രസ്തുത വായ്പ എൻ.പി.എ. ആയിട്ടുള്ളതാണ്. അർബൻ ബാങ്കുകൾ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി റിസർവ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസോടെ റിസർവ് ബാങ്ക് നിബന്ധനകൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം ഇത്തരം ബാങ്കുകൾ 90 ദിവസകാലയളവിൽ തിരിച്ചടവ് മുടങ്ങിയാൽ പ്രസ്തുത വായ്പ എൻ.പി.എ. ആയി പരിഗണിക്കേണ്ടതും സർഫാസി നിയമപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആർ.ബി.ഐ. വ്യവസ്ഥകൾ പ്രകാരം നിസാർ ഖാൻ, നസീർ ഖാൻ എന്നിവരെടുത്ത വായ്പ 1-9-2019-ൽ എൻ.പി.എ. ആയി. സർഫാസി നിയമപ്രകാരം 60 ദിവസത്തിനകം തുക അടയ്ക്കണമെന്ന് കാണിച്ച് ബാങ്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും പണം അടച്ചിരുന്നില്ല. മേൽവിവരം വായ്പക്കാരനെ ഫോൺ മുഖേന അറിയിക്കാൻ ശ്രമിച്ചുവെങ്കിലും ഫോണിൽ കിട്ടിയില്ല. രണ്ട് ഉദ്യോഗസ്ഥർ നേരിട്ട് ഇവരെ കണ്ട് സംസാരിച്ചിരുന്നു. കോവിഡുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ വായ്പാ കുടിശ്ശികക്കാരന് പരമാവധി ഇളവുകൾ നൽകണമെന്നും ജപ്തി നടത്തേണ്ട സാഹചര്യം വന്നാൽ പകരം വാസസ്ഥലം ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ നടപടി സ്വീകരിക്കാവൂ എന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഈ നയത്തിനനുസൃതമായാണ് നിലവിൽ സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നത്. ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള അർബൻ ബാങ്കുകൾക്ക് എൻ.പി.എ. വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടത് നിർബന്ധമാണെങ്കിലും കോട്ടയം സഹകരണ അർബൻ ബാങ്ക് സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നിയമനടപടികൾ

ആരംഭിച്ചിരുന്നില്ല. എന്നാൽ, ബ്രാഞ്ച് മാനേജർ ഇവരെ നേരിട്ട് കണ്ട് സംസാരിച്ചിരുന്നു. ഇതിനെത്തുടർന്ന് 1-8-2021-ന് രാത്രി കിടപ്പുമുറിയിൽ ഇവർ കെട്ടിത്തൂങ്ങി മരിക്കുകയാണുണ്ടായത്. അയൽവാസിയുടെ മൊഴി അനുസരിച്ച് 174-ാം വകുപ്പ് പ്രകാരം കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1961/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി മേൽനടപടികൾ സ്വീകരിച്ചുവരികയാണ്. ഏഴുമാസം മുമ്പാണ് ബാങ്ക് നോട്ടീസ് നൽകിയിരുന്നത്. മരണത്തിന് രണ്ടുദിവസം മുമ്പാണ് വനിതാ ബ്രാഞ്ച് മാനേജർ സംസാരിച്ചിരുന്നതെന്നും പറയുന്നു. അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മരണകാരണത്തെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ മറുപടി പറയാനുള്ള അധികാരത്തെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. മരണവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനേതായാലും മറുപടി പറയാതെ ഒഴിയുകയും ചെയ്തു. അങ്ങേയ്ക്കും ഈ വിഷയത്തെക്കുറിച്ച് എന്നെപ്പോലെ തന്നെ നന്നായി അറിയാവുന്നതാണ്. ഈ വീട് അറിയാം. മരിച്ചുപോയവരെയും അറിയാൻ സാധ്യതയുണ്ട് എന്നാണ് എന്റെ വിശ്വാസം. അങ്ങ് ഡിപ്പാർട്ടുമെന്റിൽ നിന്നും എഴുതിത്തന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞതെന്ന് എനിക്ക് മനസ്സിലാകും. വായ്പാ തിരിച്ചടവ് സംബന്ധിച്ച വിഷയങ്ങളിൽ ധൃതിപിടിച്ച് നടപടികൾ പാടില്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും നിരീക്ഷണമുണ്ട്. കോവിഡ് കാലത്ത് വ്യക്തിഗത-സംരംഭക-ഭവന വായ്പകൾ തിരിച്ചടയ്ക്കുന്നതിനുള്ള വീഴ്ച മനഃപൂർവ്വമല്ലാത്തതാണെങ്കിൽ, സാവകാശം നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും പറയുന്നുണ്ട്. രാജ്യത്ത് നിലനിൽക്കുന്ന എല്ലാ കോടതികളുടെയും നിരീക്ഷണം ഇപ്രകാരം ഒരേ രൂപത്തിലായിട്ടും അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി ഇങ്ങനെയൊരു മറുപടി അവർ എഴുതിത്തന്നതാണെന്നതാണ് എന്റെ വിശ്വാസം. റിക്കവറി ഉദ്യോഗസ്ഥർ കൂട്ടമായി വരിക, അസ്സമയത്ത് വരിക, അസ്സമയത്ത് ഫോൺ വിളിച്ച് ശല്യപ്പെടുത്തുക എന്നിവ ക്രിമിനൽ കുറ്റങ്ങളാണെന്നാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. റവന്യൂ റിക്കവറി നടപടികളിൽ ഭീഷണി വിലക്കിയിട്ടുമുണ്ട്. ഇതിന് കടകവിരുദ്ധമായ മറുപടിയാണ് ഉദ്യോഗസ്ഥർ എഴുതിത്തന്നിട്ടുള്ളതെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ കേസ്സിന്റെ ചരിത്രം അങ്ങ് ഇവിടെ സൂചിപ്പിച്ചുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നിസാർ ഖാനും നസീർ ഖാനും

ഇരട്ടസഹോദരന്മാരാണ്. ഉമ്മ മാത്രമാണ് അവർക്കുള്ളത്. ഉമ്മയ്ക്ക് ഇവർ രണ്ടുപേരും പൊന്നാണ്, ഉമ്മ അവരെ സംബന്ധിച്ചിടത്തോളം മുത്താണ്. അത്ര സ്നേഹത്തോടെ കഴിഞ്ഞിരുന്ന ഒരു കുടുംബമാണ്. ആകെ അവർക്കുള്ള ഭൂമി എത്രയാണെന്നറിയാമോ? നാലര സെന്റ് ഭൂമി മാത്രമേയുള്ളൂ. അതിന്മേൽ വായ്പ കൊടുക്കുന്നതിനുവേണ്ടി ഭൂമിയുടെ വാല്യുവേഷൻ കൂട്ടിവച്ചു. അതാണ് ഒന്നാമത്തെ ക്രൈം. ആ ഭൂമിയുടെ വാല്യുവേഷൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് പരിശോധിക്കണ്ടേ? അവിടെ ഒരു സെന്റിന് എത്ര രൂപയാണ് വില? എന്റെ കയ്യിൽ അവിടത്തെ ഫെയർവാല്യു സംബന്ധിച്ച രേഖയുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത് തുച്ഛമായ തുകയാണ്. സെന്റിന് ഏകദേശം 1,35,000 രൂപയേ വിലയുള്ളൂ. 19 ലക്ഷം രൂപ എങ്ങനെ വാല്യൂവേഷനിൽ വന്നുവെന്നുള്ളത് അങ്ങ് പരിശോധിക്കണ്ടേ? 19 ലക്ഷം രൂപയുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ അവർക്ക് 12 ലക്ഷം രൂപ വായ്പ കൊടുത്തിരിക്കുകയാണ്. ഇവർക്ക് തിരിച്ചടവിന് നിവൃത്തിയില്ലായെന്നുള്ളത് വാല്യുവേഷൻ നടത്തിയവർക്കും അറിയാം. കൂലിപ്പണിയെടുത്ത് ജീവിക്കുന്ന പാവപ്പെട്ടവരാണ്. എന്നിട്ടും അവർ ഏതാണ്ട് 28,000 രൂപ ഒരു തവണ ബാങ്കിൽ അടച്ചു. രണ്ടാമത്തും മൂന്നാമത്തും നാലാമത്തും അടയ്ക്കാൻ അവർക്ക് നിവൃത്തിയില്ലാതെ പോയി. ആ കാലയളവിലാണ് കോവിഡ് വന്നുപെട്ടത്. കോവിഡ് വന്നതുകൊണ്ട് ഇതിനുള്ള തുക സ്വരൂപിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഈ അമ്മയുടെ ജോലി അങ്ങേയ്ക്ക് അറിയാമല്ലോ? വീട്ടുജോലി ചെയ്താണ് അവർ ജീവിക്കുന്നത്. മക്കൾ പുറംവേലയ്ക്ക് പോകും. അതിൽനിന്നും കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ടാണ് ആ പാവങ്ങൾ ജീവിച്ചുകൊണ്ടിരുന്നത്. ഭൂമിയുടെ വില 19 ലക്ഷം രൂപയായി പെരുപ്പിച്ച് കാണിച്ചാണ് 12 ലക്ഷം രൂപ ലോൺ നൽകിയത്. അഞ്ചുലക്ഷത്തോളം രൂപ പലിശയാണ്. അവർ എങ്ങനെ, എവിടെനിന്നും അടയ്ക്കുമെന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; റീ-പേമെന്റിനെക്കുറിച്ച് ഇത് തല്ലിയേല്പിച്ചയാളുകൾ ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? ആ പാവങ്ങളെ കുടുക്കിലാക്കി; അവർക്ക് കിടക്കാനൊരു കിടപ്പാടം വേണമെന്ന ആഗ്രഹത്തെ പെരുപ്പിച്ച് വായ്പയും അനുവദിച്ചുകൊടുത്ത് അവസാനം അവരെ കുടുക്കി; അവർ ആത്മഹത്യ ചെയ്തു. ജീവിക്കാൻ ഒരു മാർഗ്ഗവുമില്ലാത്തവരാണ് അവരെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങ് പറഞ്ഞതിന് പോലീസിന്റെ ഒരു നിഗമനമുണ്ട്. ഞാൻ അതുകൂടി അങ്ങയെ ഓർമ്മിപ്പിക്കാം. "രാവിലെ തന്നെ ബാങ്കിൽനിന്നും ആളുകൾ വരും. എപ്പോഴും എട്ട് മണിക്ക് മുമ്പാണ് അവർ എത്തുമായിരുന്നത്. ബാങ്കിനെപ്പറ്റിക്കാനാണോ എന്ന് അവർ ചോദിക്കുന്നു. അവർ വന്ന് വീട് പൂട്ടുമ്പോൾ നമ്മൾ ഇറങ്ങിക്കൊടുക്കേണ്ടി വരുമെന്നുള്ള ആധിയായിരുന്നു എന്റെ മക്കൾക്കുള്ളത്" എന്ന് അമ്മ പോലീസിന്റെ മുമ്പിൽ

മൊഴി കൊടുത്തതാണ്. അമ്മയുടെ മൊഴി കേൾക്കണ്ടേ; കണ്ണീർ കാണണ്ടേ? ബാങ്കിൽനിന്നുള്ള സമ്മർദ്ദവും ഭീഷണിയുംകൊണ്ട് മാത്രമാണ് മക്കൾ ആത്മഹത്യ ചെയ്തതെന്ന് അമ്മ പറഞ്ഞത് പോലീസ് ഡയറിയിലുണ്ട്. പോലീസിന്റെ വേർഷൻ എന്താണെന്ന് പരിശോധിച്ച് നോക്കാം. കടുവാക്കുളത്തെ ഇരട്ട സഹോദരങ്ങൾ ജീവനൊടുക്കിയതിന് പിന്നിൽ സാമ്പത്തിക പ്രശ്നങ്ങളാണെന്നാണ് പോലീസിന്റെ നിഗമനം. കോട്ടയം അർബൻ സഹകരണ ബാങ്കിന്റെ മണിപ്പുഴ ശാഖയിൽനിന്ന് 12 ലക്ഷം രൂപ അവർ ഭവന വായ്പയെടുത്തിരുന്നു. ഇതെല്ലാം പോലീസ് പറയുന്നതാണ്. അങ്ങേയ്ക്ക് ലഭിച്ചിരിക്കുന്ന മറുപടി വേറെ രീതിയിലാണ്. പോലീസ് പത്രക്കാരോട് പറഞ്ഞതാണ് ഞാൻ ഇവിടെ പറയുന്നത്. ഇതിൽ ആരാണ് കളിച്ചത്; ഇക്കാര്യത്തിൽ അന്വേഷണം നടത്തണ്ടേ; പരിശോധന നടത്തണ്ടേ; തെറ്റായ രൂപത്തിലുള്ള നടപടികൾ എടുത്തിട്ടുള്ളത് ആരാണ് എന്നതിനെക്കുറിച്ചുള്ള പരിശോധന വേണ്ടേ? ഉമ്മയെ തനിച്ചാക്കി ആ പാവങ്ങൾ തൂങ്ങിമരിക്കുകയായിരുന്നു. തലേദിവസം വൈകുന്നേരം അവർ ആ വീട്ടിൽ ഒത്തുകൂടി. ആ കുട്ടികൾ ആഹാരവും വെള്ളവും കൊടുത്ത് ഉമ്മയെ ഉറക്കിക്കിടത്തി പുതപ്പിച്ചതിനുശേഷം കണ്ണീരോടുകൂടി തൊട്ടടുത്തമുറിയിൽ പോയാണ് രണ്ട് കയറിൽ ജീവനൊടുക്കിയെന്നത് നമ്മളെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്ന കാര്യമല്ലേ? ഈ സംഭവത്തെ നിസ്സാരവത്കരിച്ച് നിയമസഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. കടുവാക്കുളത്തെ വില്ലേജ് ഓഫീസിലെ രസീതാണിത് (രസീത് ഉയർത്തിക്കാണിച്ചു). അതെല്ലാം സംസാരിക്കുന്ന രേഖകളാണ്. സഹകരണ ബാങ്കിൽനിന്നും ലോൺ അനുവദിക്കുന്ന സമയത്ത് വായ്പക്കാരന്റെ ആസ്തിയെക്കുറിച്ചൊരു വിലയിരുത്തൽ വേണ്ടേ; അതിന് അസെസ്സ്മെന്റ് നടത്തണ്ടേ; വാല്യുവേഷൻ നിശ്ചയിക്കണ്ടേ? വാല്യുവേഷൻ നിശ്ചയിച്ച ഉദ്യോഗസ്ഥനെക്കുറിച്ച് ഒരു വാക്ക് അങ്ങ് പറയാതിരുന്നത് കഷ്ടമായിപ്പോയി. വാല്യുവേഷൻ നിശ്ചയിച്ചവരാണ് തുക പെരുപ്പിച്ച് കാണിച്ചിരിക്കുന്നത്. അതിന്റെ പേരിൽ എന്തൊക്കെയുണ്ടായിയെന്ന് ഞാൻ പറയുന്നില്ല. അതൊക്കെ സമൂഹത്തിനറിയാവുന്ന കാര്യങ്ങളാണ്. നമ്മുടെ നാട്ടിൽ നിരവധി മരണങ്ങളുണ്ടായി, ഞാൻ അത് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഇതുപോലെ പട്ടിണി കിടന്നുള്ളവരുടെ എത്ര മരണങ്ങളാണ് സംഭവിച്ചിട്ടുള്ളത്. ഏക ആശ്രയമായി അവർ കാണുന്നത് ആത്മഹത്യയാണ്. സമ്പൂർണ്ണ അടച്ചിടൽ അനിശ്ചിതമായി നീളുമ്പോൾ ഒന്നര മാസത്തിനിടയിൽ കേരളത്തിൽ ആത്മഹത്യ ചെയ്തത് 20 ആളുകളാണ് എന്ന യാഥാർത്ഥ്യം മറക്കരുത്. ശരാശരി മൂന്ന് ദിവസം കൂടുമ്പോൾ ഒരു ആത്മഹത്യയുണ്ടാകുകയാണ്. മാവേലിക്കരയിലെ ഗ്രാഫിക് ഡിസൈനർ, ഗൗരീശപട്ടത്തേയും പാലക്കാട്ടേയും ലൈറ്റ് ആൻഡ് സൗണ്ട്

ബിസിനസ്സ് ഉടമകൾ, തിരുവനന്തപുരം നന്തൻകോട് മൂന്നംഗ കുടുംബം, തിരുവനന്തപുരം ജില്ലയിലെ ക്ഷീരകർഷകൻ, ഇടുക്കി വെള്ളയാംകുടിയിലെ കർഷകൻ, അടിമാലിയിലെ ബേക്കറി ഉടമ, വയനാട്ടിലെ ബസ് ഉടമ, തൃശ്ശൂരിലെ ടിപ്പർ ഡ്രൈവറായ ചെറുപ്പക്കാരനും അയാളുടെ പിതാവും, പാലക്കാട് ജില്ലയിലെ കർഷകൻ, വടകരയിലെ ഹോട്ടലുടമ, എരുമേലിയിലെ ടൈൽസ് കട നടത്തിക്കൊണ്ടിരുന്നയാൾ, അവസാനമായി കുടുവാക്കുളത്തെ ഇരട്ട സഹോദരങ്ങൾ; ഇങ്ങനെ ആത്മഹത്യയുടെ പരമ്പരതന്നെ നടക്കുകയാണ്. ഇതൊക്കെ നിസ്സാരവത്കരിക്കാൻ കഴിയുമോ; ഇതെല്ലാം കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുമോ? മാർദ്ദവമുള്ള ഹൃദയത്തിനുമാത്രമേ ഇത് കാണാൻ കഴിയൂ. തെറ്റായ പ്രവർത്തനം ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അന്വേഷിക്കണ്ടേ; അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തേണ്ടേ; അവർക്കെതിരെ നടപടിയെടുക്കണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, എനിക്ക് ഒരു വാക്ക് പറയാനുണ്ട്, നിരാശ്രയയും നിസ്സഹായയുമായ അവരുടെ ഉമ്മയെ തൊട്ടടുത്തുള്ള ഒരു വീട്ടിൽ താമസിപ്പിച്ചിരിക്കുകയാണ്. ജീവിതത്തിലുണ്ടായിരുന്ന രണ്ട് മക്കളും പോയി, അവർക്ക് വേറെയൊന്നുമില്ല. തൊഴുകയ്യോടുകൂടി ആ ഉമ്മ പറയുന്നത് " എന്റെ ഭൂമി നിങ്ങൾ എടുത്തോ, എന്റെ മക്കളെ തന്നാൽമതി" എന്നാണ്. അവർക്ക് ജീവിക്കാനുള്ള മാർഗ്ഗം ഒരുക്കിക്കൊടുക്കണം. അവർക്കുണ്ടായ വിഷമത്തിന് പരിഹാരമുണ്ടാക്കണം. ഉമ്മയുടെ കടം എഴുതിത്തള്ളണം. മരിച്ചുപോയ കുട്ടികളുടെ കടം ഇനിയും ജപ്തി ചെയ്ത് ഈടാക്കുമോ എന്നെനിക്ക് അറിയില്ല. കുട്ടികളുടെ മൃതശരീരവുമായി അവരെല്ലാവരും ബാങ്കിന്റെ പടിക്കൽചെന്ന് പ്രാർത്ഥന നടത്തിയിട്ടാണ് കബറടക്കത്തിനായി പള്ളിയിലേയ്ക്ക് കൊണ്ടുപോയത്. ആ പ്രാർത്ഥനയെങ്കിലും ഗവൺമെന്റ് കേൾക്കണ്ടേ? അതുകൊണ്ട് നിശ്ചയമായും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങിവിടെ സൂചിപ്പിച്ച കാര്യങ്ങൾ അവാസ്തവവും അടിസ്ഥാനരഹിതവുമാണ്. ഇരട്ട സഹോദരങ്ങൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ ഞാൻ നേരത്തെ ഖേദം പ്രകടിപ്പിച്ചു. അത് നിങ്ങളെല്ലാം കേട്ടതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാമായിരുന്നിട്ടും അജ്ഞത നടിച്ച് പറഞ്ഞ ഒരു കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. അവർക്ക് ബാങ്കിൽനിന്ന് നോട്ടീസ് അയച്ചത് 20-12-2020-ലാണ്; അതായത് ഏഴ് മാസങ്ങൾക്ക് മുമ്പ്. അതുകൊണ്ട് നോട്ടീസ് കിട്ടിയതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തു എന്നുപറയുന്നത് ശരിയല്ല. മറ്റൊന്ന്, ആ ബ്രാഞ്ചിലെ മാനേജർ ഒരു വനിതയാണ്. ഫോൺ വിളിച്ചാൽ എടുക്കാത്തതിനെ തുടർന്ന് അവർ ആ വീട്ടിൽ നേരിട്ട് പോയി സംസാരിച്ചു. അത്

അസ്സമയത്തല്ല, ഏതായാലും വനിതാ മാനേജർ അസ്സമയത്ത് പുരുഷൻമാരായ ഇവരുടെ അടുത്ത് പോകേണ്ട കാര്യമില്ലല്ലോ? രണ്ടുപ്രാവശ്യവും രാവിലെയാണ് പോയത്. അതുകൊണ്ട് വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങൾ സൂചിപ്പിക്കരുത്. ഈ വിഷയത്തിൽ ഒരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. സർഫാസി ആക്റ്റ് അനുസരിച്ച് അർബൻ ബാങ്കുകൾക്ക് കോടതിയിൽ കേസ് ഫയൽ ചെയ്ത് വായ്പാത്തുക ഈടാക്കാവുന്നതാണ്. എന്നാൽ അതിനുള്ള സമയം കഴിഞ്ഞിട്ടും അവർ അത് ചെയ്തിരുന്നില്ല. 2002-ൽ സർഫാസി ആക്ട് നിലവിൽ വന്നതിനുശേഷം പത്ത് വർഷക്കാലം കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടും അതിലെ ഈ വ്യവസ്ഥ ഒഴിവാക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ലല്ലോ? ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പ്രഖ്യാപിത നയം ഞാൻ സൂചിപ്പിച്ചു. അങ്ങ് ഉന്നയിച്ച രണ്ടാമത്തെ കാര്യം ഇത്രയും തുക എന്തിനാണ് വായ്പ നൽകിയതെന്നാണ്. വായ്പ നൽകിയതുകൂടി കുഴപ്പമായെന്നാണ് അങ്ങ് പറയുന്നത്. വീട്ടുജോലിയാകട്ടെ, കൂലിപ്പണിയാകട്ടെ ഏതുജോലിക്കും അതിന്റേതായ മഹത്വമുണ്ട്. അതിനെ വില കുറച്ചുകാണേണ്ട. ജോലി ചെയ്ത് തിരിച്ചടയ്ക്കാൻ കഴിയുമെന്ന രൂപത്തിൽ ബാങ്കിൽ അവർ സത്യവാങ്മൂലം സമർപ്പിച്ചു. അവർക്ക് നാലര സെന്റ് ഭൂമി മാത്രമല്ല അതിൽ ഒരു കെട്ടിടം കൂടിയുണ്ട്. അക്കാര്യം അങ്ങ് മറച്ചുപിടിച്ചു. ഇതും കൂട്ടിച്ചേർത്താണ് പതിമൂന്ന് ലക്ഷം രൂപ വായ്പ നൽകിയത്. അത് നൽകിയത് തെറ്റായിപ്പോയി എന്ന രൂപത്തിലാണ് വ്യാഖ്യാനം വരുന്നത്. അത് ശരിയല്ല. നാലര സെന്റ് സ്ഥലവും ഒരു കെട്ടിടവും മാത്രമുള്ളവർക്ക് പതിമൂന്ന് ലക്ഷം രൂപ എന്തിനാണ് നൽകിയതെന്നുംകൂടി ചോദിച്ചു. അത് വാല്യുവേറ്ററല്ലേ തീരുമാനിക്കുന്നത്? വാല്യുവേഷന്റെ അടിസ്ഥാനത്തിലല്ലേ നൽകുന്നത്? സർഫാസി ആക്ട് പ്രകാരം ബാങ്കിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിച്ചിട്ടില്ല. ഏഴ് മാസം മുമ്പ് ഒരു നോട്ടീസ് നൽകുകയും ബാങ്ക് മാനേജർ നേരിട്ട് പോയി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയുമാണ് അവരുടെ ഭാഗത്തുനിന്നുണ്ടായ നടപടിക്രമങ്ങൾ. കൂടുതൽ എന്തെങ്കിലുമുണ്ടെങ്കിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഇതുതന്നെയാണോ അതോ മറ്റെന്തെങ്കിലുമാണോ ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്ന കാരണം മനസ്സിലാക്കിയതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കാം. സംസ്ഥാനത്തുണ്ടായ മുഴുവൻ ആത്മഹത്യകളും മണിപ്പൂഴ കേസ്സുമായി ബന്ധപ്പെട്ടുണ്ടായതാണെന്ന് വ്യാഖ്യാനിച്ച് സമർത്ഥിക്കുന്നത് ശരിയല്ല. അതൊക്കെ അവതരിപ്പിക്കാനുള്ള അങ്ങയുടെ വൈദഗ്ധ്യം എനിക്ക് നന്നായി അറിയാം. അതുകൊണ്ട് ഇക്കാര്യത്തിൽ അത്തരം ഒരു വാദം ഉയർത്തി

സഭയെ തെറ്റിദ്ധരിപ്പിക്കേണ്ടതില്ല. ഈ കാര്യം ഞങ്ങൾക്ക് രണ്ടുപേർക്കും അറിയാം. ആ നിയോജകമണ്ഡലത്തെ ഞങ്ങൾ രണ്ടുപേരും പ്രതിനിധീകരിച്ചിട്ടുള്ളതാണ്. അങ്ങ് സൂചിപ്പിച്ച വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങൾ തള്ളിക്കളയുകയാണ്, ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഞാൻ വിശദീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണഗതിയിൽ കടക്കെണിയിൽപ്പെട്ട് രണ്ടുപേർ ആത്മഹത്യ ചെയ്താൽ അതിന് സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തേണ്ട കാര്യമില്ല. ഇവിടെ എന്താണ് സംഭവിച്ചത്? കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നമ്മുടെ സാമൂഹ്യ-സാമ്പത്തിക രംഗത്തുണ്ടായ പ്രത്യാഘാതങ്ങൾ, അത് സമൂഹത്തിലുണ്ടാക്കിയ പ്രശ്നങ്ങൾ മനസ്സിലാക്കാൻ വിമുഖത കാണിക്കുമ്പോൾ സർക്കാർ പ്രതിക്കൂട്ടിൽ തന്നെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കഴിഞ്ഞയാഴ്ച കോവിഡിന്റെ സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ച് സഭ ഗൗരവമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരുന്നു. അന്ന് ചർച്ച ചെയ്യാൻ തയ്യാറായില്ല. സർക്കാർ വളരെ ഗൗരവത്തോടെ രണ്ട് മണിക്കൂറെങ്കിലും നീണ്ടുനിൽക്കുന്ന ചർച്ച നടത്തി ഓരോ സെക്ടറിലുമുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 140 നിയോജകമണ്ഡലങ്ങളിൽനിന്നും വരുന്ന ജനപ്രതിനിധികൾക്ക് അവരുടെ പ്രശ്നങ്ങൾ ഈ സഭയിൽ അവതരിപ്പിക്കാനുള്ള അവസരം ലഭ്യമാക്കുമെന്നാണ് ഞങ്ങളന്ന് കരുതിയത്. ദൗർഭാഗ്യവശാൽ അതുണ്ടായില്ല. സാധാരണ നോട്ടീസ് വരുമ്പോഴുണ്ടാകുന്ന തരത്തിലുള്ള നിഷേധാത്മകമായ മറുപടിയാണുണ്ടായത്. ഇതൊരു ഒറ്റപ്പെട്ട സംഭവമായി കാണാൻ കഴിയുമോ? ഞങ്ങളന്ന് വാക്കൗട്ട് പ്രസംഗത്തിൽ മുന്നറിയിപ്പ് നൽകിയിരുന്നു. നമ്മുടെ സംസ്ഥാനം ആത്മഹത്യാ മുനമ്പിലാണ്. കേരളത്തിൽ പതിനായിരക്കണക്കിന് റിക്കവറി നോട്ടീസുകളാണ് പ്രവഹിക്കുന്നത്. കഴിഞ്ഞ ശനിയാഴ്ചയും ഞായറാഴ്ചയും ഞാൻ ഓഫീസിലുണ്ടായിരുന്നപ്പോൾ 150-ലധികം ആളുകളാണ് റിക്കവറി നോട്ടീസുകളുമായി എന്റെ അരികിലെത്തിയത്. നിങ്ങളുടെയെല്ലാം ഓഫീസുകളിൽ നിങ്ങളെ കാത്ത് അവർ ഇരിക്കുന്നുണ്ട്. റിക്കവറി നോട്ടീസിൽ നമുക്ക് എന്തുചെയ്യാൻ കഴിയും? നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ,

എൻ.ബി.എഫ്.സി. (Non-Banking Financial Company)-കൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നുമുള്ള റിക്കവറി നോട്ടീസുമായി വന്നവർ ജനപ്രതിനിധികളെ കാത്തിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ ധനകാര്യ സ്ഥാപനങ്ങളും പതിനായിരക്കണക്കിന് റിക്കവറി നോട്ടീസുകളാണ് അയയ്ക്കുന്നത്. ഏത് ബാങ്ക് വേണമെങ്കിലും പരിശോധിച്ചുനോക്കൂ. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്; റിക്കവറി നോട്ടീസുകൾ അയയ്ക്കുന്നത് അടിയന്തരമായി നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കണ്ടേ? യഥാർത്ഥത്തിൽ 2020 ആഗസ്റ്റുവരെയാണ് മൊറട്ടോറിയമുണ്ടായിരുന്നത്. അതിനുശേഷം കടക്കെണിയിലായവർക്ക് വായ്പാത്തുക തിരിച്ചടയ്ക്കാനുള്ള എന്ത് സാഹചര്യമാണ് സംസ്ഥാനത്തുണ്ടായത്? ആളുകളുടെ തൊഴിലും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെടുകയും ബിസിനസും ഇൻഡസ്ട്രിയുമെല്ലാം പുറകിലേയ്ക്കുപോകുകയും ചെയ്തു. ഇതൊരു ഗ്ലോബൽ പാൻഡമിക് സിറ്റുവേഷനാണ്. ഇത് കേരളത്തിൽ മാത്രമാണെന്ന് ഞാൻ പറയുന്നില്ല. എല്ലാം തകർന്ന് തരിപ്പണമായിരിക്കുന്ന കാലഘട്ടത്തിൽ മൂന്നുമാസം തുടർച്ചയായി കുടിശ്ശിക അടച്ചില്ലെങ്കിൽ റിക്കവറി നോട്ടീസുകളും നടപടികളും അറ്റാച്ച്മെന്റ് നോട്ടീസുകളും പ്രവഹിക്കുകയാണ്. എൻ.ബി.എഫ്.സി-കൾ കോട്ടും ടൈയുമിട്ട ഗുണ്ടകളെ പറഞ്ഞയയ്ക്കുകയാണെന്ന് കഴിഞ്ഞ ദിവസം ഞങ്ങളിവിടെ പറഞ്ഞു. വട്ടിപ്പലിശക്കാർ വീടുകളിൽ ഗുണ്ടകളെ പറഞ്ഞയച്ച് സ്ത്രീകളുൾപ്പെടെയുള്ളവരോട് ദ്വയാർത്ഥ പ്രയോഗം നടത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണ്. ആ വാക്കുകൾ ഈ സഭയിൽ ആവർത്തിക്കേണ്ടിവന്നതിൽ എനിക്ക് വിഷമമുണ്ട്. അവർക്കുവേണ്ടി ശബ്ദിക്കേണ്ടതും അവരോടൊപ്പം നിൽക്കേണ്ടതും അവരുടെ സങ്കടങ്ങളും കണ്ണീരും മാറ്റേണ്ടതും ആരാണ്? ഇത് ഗുരുതരമായ പ്രശ്നമല്ലേ? തൊട്ടിലുകെട്ടി താരാട്ടുപാടി കഷ്ടപ്പെട്ട് 34 വയസ്സുവരെ വളർത്തിയെടുത്ത ഇരട്ട മക്കൾ ഒരു മുറിയിൽ രണ്ട് കയറിൽ തൂങ്ങിനിൽക്കുന്നത് കാണേണ്ടിവന്ന ഒരു മാതാവിന്റെ സങ്കടം ഏത് വാക്കുകളിലൂടെ നമുക്ക് വിവരിക്കാൻ സാധിക്കും? ഒരുപക്ഷേ ഈ പാൻഡമിക് സിറ്റുവേഷൻ ഇല്ലായിരുന്നെങ്കിൽ അവർ കടക്കെണിയിലാകുമായിരുന്നില്ല. അവർ ജോലി ചെയ്ത് കൃത്യമായി ലോൺ അടയ്ക്കുമായിരുന്നു. അങ്ങനെ അടയ്ക്കാൻ കഴിയാത്ത നിരവധി നിസാർമാരും നസീറുമാരും കേരളത്തിലുണ്ട്. അവർ പറഞ്ഞ വാചകം വളരെ പ്രധാനപ്പെട്ടതാണ്. 'ജപ്തി നോട്ടീസ് പതിച്ചാൽ കുറച്ചിലാണ് ഉമ്മ' എന്നാണ് രണ്ട് മക്കളും ചേർന്നുപറഞ്ഞത്. അങ്ങനെ വിചാരിക്കുന്ന ധാരാളം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. വീടിനുമുമ്പിൽ ബാങ്ക് ജപ്തി നോട്ടീസ് പതിച്ചാൽ, ദുരഭിമാനംകൊണ്ടാണോ അഭിമാനക്കുറവുകൊണ്ടാണോ അല്ലെങ്കിൽ സമൂഹത്തിലുണ്ടാകുന്ന അപമാനംകൊണ്ടാണോ, അത് സഹിക്കാൻ കഴിയാത്ത നിരവധി കുടുംബങ്ങൾ കേരളത്തിലുണ്ട്. എത്രയോ ആളുകളാണ് കണ്ണീരും കയ്യുമായി ഞങ്ങളെ കാണാൻ വരുന്നത്. തെരഞ്ഞെടുപ്പിനുമുമ്പ് കോവിഡിന്റെ

ആദ്യഘട്ടം വന്നപ്പോൾ എൽ.ഡി.എഫ്. സർക്കാർ കാര്യങ്ങൾ കുറേക്കൂടി നന്നായി കൈകാര്യം ചെയ്തതാണ്. അതിനെ ഞങ്ങളന്ന് പരസ്യമായി സ്വാഗതം ചെയ്തതുമാണ്. ഈ തെരഞ്ഞെടുപ്പിനുശേഷം ഇക്കാര്യത്തോട് പൂർണ്ണമായും വൈമുഖ്യം കാണിച്ചു. കോവിഡിന്റെ രണ്ടാം വരവിനുശേഷം എന്നാണ് ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടിയത്? കഴിഞ്ഞ ദിവസമല്ലേ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടിയത്. ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടണ്ടേ; റിസർവ് ബാങ്കുമായി ബന്ധപ്പെടണ്ടേ? തുടർച്ചയായി ബന്ധപ്പെട്ടാലല്ലേ മൊറട്ടോറിയമെങ്കിലും നടപ്പാക്കുകയുള്ളൂ. ഈ പ്രതിസന്ധി ഘട്ടത്തിൽ ആളുകൾക്ക് പണം അടയ്ക്കാൻ കഴിയുമോ? നിങ്ങൾ പാലം കടന്നു. ഓരോ ആത്മഹത്യകൾ വരുമ്പോഴും നിയമസഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്യാൻ സാധിക്കുമോ? പക്ഷേ, ഗൗരവമായ ഒരു സംഭവം കേരളത്തിൽ എല്ലായിടത്തും നിലനിൽക്കുന്നു. എവിടെനിന്നെങ്കിലും പണം സംഘടിപ്പിച്ച് ലോൺ അടയ്ക്കാൻ അവർക്ക് സമയം കൊടുക്കണ്ടേ? ആരുടെയെങ്കിലും കയ്യിൽനിന്ന് പണം കടം വാങ്ങാൻപോലും കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. കർഷക ആത്മഹത്യകൾ വർദ്ധിച്ചു. 1996-നുശേഷം കർഷകരുടെ ആത്മഹത്യ വർദ്ധിച്ച കാലഘട്ടമുണ്ടായി. അന്ന് കാർഷിക കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കാർഷിക കടാശ്വാസ കമ്മീഷൻ റിപ്പോർട്ട് ഈ സഭ ഐകകണ്ഠ്യേനയാണ് പാസ്സാക്കിയത്. ഒരു കോവിഡ് ദുരന്തനിവാരണ കമ്മീഷൻ രൂപീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടില്ലേ? ഞാൻ വീണ്ടും ആവർത്തിക്കുന്നു, അടിവരയിട്ട് പറയുന്നു. പ്ലാനിംഗ് ബോർഡിന്റെ മോഡലിൽ എല്ലാ സെക്ടറിലുമുണ്ടായിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അതിന്റെ റിപ്പോർട്ട് വാങ്ങണം. ഓരോ സെക്ടറിനെയും താങ്ങിനിർത്താനുള്ള നടപടി സ്വീകരിക്കണം. ടി.പി.ആർ. നിരക്കിന്റെ പശ്ചാത്തലത്തിൽ കടകൾ അടച്ചിടുന്നത് ശരിയല്ല, ലോക്ഡൗൺ ഏർപ്പെടുത്തുന്നത് അശാസ്ത്രീയമാണെന്ന് മൂന്നാഴ്ചമുമ്പ് ഞങ്ങൾ പറഞ്ഞതാണ്. അതുപറഞ്ഞപ്പോൾ ഞങ്ങൾക്ക് ധാരാളം പരിഹാസം ഏറ്റുവാങ്ങേണ്ടിവന്നു. എന്നാൽ ഇപ്പോൾ ഗവൺമെന്റ് ആ തീരുമാനമെടുത്തതിനെ സ്വാഗതം ചെയ്യുന്നു. Live with Covid എന്നാണ് ലോകം പറയുന്നത്. അല്ലാതെ ജീവിതവും ഉപജീവനമാർഗ്ഗവും ഉപേക്ഷിച്ച് കോവിഡിന്റെ പുറകെ പോകാനല്ല. പാൻഡമിക് സിറ്റുവേഷനെ ലോകം മുഴുവൻ എങ്ങനെയാണ് നേരിടുന്നതെന്ന് നമ്മൾ പഠിക്കണ്ടേ? നിങ്ങൾ കോവിഡിനോടൊപ്പം ജീവിക്കണം, കോവിഡിനെ പ്രതിരോധിക്കണം, അതിനെ നിയന്ത്രണവിധേയമാക്കണം. അതോടൊപ്പം ജീവിതവും ഉപജീവനമാർഗ്ഗവും നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കണം. ജീവിതവും ഉപജീവനമാർഗ്ഗവും കളഞ്ഞിട്ട് കോവിഡിനെ നേരിടാൻമാത്രമായി സന്നാഹങ്ങൾ ഒരുക്കാൻ കഴിയുമോ? ഈ സാമ്പത്തികാഘാതംകൊണ്ട് തകർന്നുനിൽക്കുന്ന ഒരു വലിയവിഭാഗം ജനങ്ങൾ കേരളത്തിലുണ്ട്. അവരെ

താങ്ങിനിർത്തേണ്ടതാവശ്യമാണ്. ഇവിടെ ആത്മഹത്യകൾ ആവർത്തിക്കപ്പെടുകയാണ്. ആത്മഹത്യ ചെയ്ത 20 ആളുകളുടെ പേരുപറഞ്ഞതിന് ബഹുമാനപ്പെട്ട മന്ത്രി വിരോധം പറയേണ്ട ആവശ്യമില്ല. നമ്മളിവിടെ പറഞ്ഞ ഓരോ സെക്ടറിലുമാണ്, ഓരോ മേഖലകളിലുമാണ് ആത്മഹത്യകളുണ്ടാകുന്നത്. പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ മനുഷ്യൻ ആത്മഹത്യയിലേയ്ക്ക് പോകുകയാണ്. അവിടെയാണ് നമ്മളും സർക്കാരും കൂടെയുണ്ടാകേണ്ടത്. ജനാധിപത്യരീതിയിൽ ജനങ്ങൾ തെരഞ്ഞെടുത്ത ഒരു സർക്കാരിന്റെ സാന്നിദ്ധ്യം എവിടെയാണുണ്ടാകേണ്ടത്? ജനങ്ങൾ ദുരിതമനുഭവിക്കുമ്പോഴും സങ്കടപ്പെടുമ്പോഴും പ്രയാസപ്പെടുമ്പോഴും അവർക്ക് താങ്ങുംതണലുമായി അവരെ ചേർത്തുപിടിക്കാൻ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കൂടെയുണ്ടാകണം; നിങ്ങളുണ്ടായോ? എത്രയോ പ്രാവശ്യം പറഞ്ഞിട്ടും ഇത്തരം കാര്യങ്ങളിൽ നിസ്സംഗതയാണ്. ഞങ്ങൾ ചില കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതുമായി ഞങ്ങൾ മുന്നോട്ടുപോകും എന്ന നിലപാടാണെടുത്തത്. ഈ നിർദ്ദേശങ്ങൾ വയ്ക്കുന്നത് ഈ നാടിന്റെ നന്മയ്ക്കുവേണ്ടിയും നാട്ടിലെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വേണ്ടിയാണ്. അവർ സങ്കടങ്ങളിൽപ്പെടുകയാണ്. അവർക്ക് ധാരാളം പ്രശ്നങ്ങളാണ്. അവർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുകയാണ്. അവർ ആത്മഹത്യയിൽ അഭയം തേടരുത്. കേരളത്തിലെ സാധാരണക്കാരോടും കടക്കെണിയിൽപ്പെട്ട പാവങ്ങളോടും ആത്മഹത്യയല്ല നിങ്ങളുടെ അഭയമെന്ന് പറയണം. ആത്മഹത്യകൾ സങ്കടങ്ങളാണ്, ജീവിച്ചിരിക്കുന്ന ബാക്കിയുള്ളവർക്ക് താങ്ങാൻ കഴിയാത്തതാണ്. ആ ഉമ്മ അവരുടെ ശിഷ്ടകാലം എങ്ങനെ ജീവിച്ചുതീർക്കും. ഈ രണ്ട് മക്കളെക്കുറിച്ച് ഓർത്ത് കരഞ്ഞുകരഞ്ഞ് കട്ടിലിൽ കിടന്നവർ കാലംകഴിക്കേണ്ടിവരും. ജീവിച്ചിരിക്കുന്നവർക്ക് ജീവിതകാലം മുഴുവൻ സങ്കടങ്ങൾ ബാക്കിനൽകി ആത്മഹത്യ ചെയ്യുന്നത് ഒരു സൊല്യൂഷനല്ലെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. അപ്പോൾ എന്താണ് സൊല്യൂഷനെന്ന് നമ്മളോട് തിരിച്ചുചോദിച്ചാൽ 'ഞങ്ങളുണ്ടാകും നിങ്ങളുടെകൂടെ' എന്ന് ആത്മാർത്ഥമായി പറയാൻ കഴിയണം. കഴിഞ്ഞ ഒന്നുരണ്ട് മാസക്കാലമായി ഞങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഈ സർക്കാർ ആ നിലപാട് സ്വീകരിക്കുന്നില്ല. സങ്കടങ്ങൾ കാണാൻ, ദുരിതങ്ങൾ കേൾക്കാൻ കണ്ണുംകാതുമുള്ള സർക്കാരുണ്ടാകണം. ദൗർഭാഗ്യവശാൽ കണ്ണുംകാതുമില്ലാത്ത സർക്കാരായതുകൊണ്ട് ഈ പ്രധാനപ്പെട്ട വിഷയങ്ങൾ, ഇതുമായി ബന്ധപ്പെട്ട് ആത്മഹത്യ മാത്രമല്ല, ആത്മഹത്യയിലേയ്ക്ക് നയിച്ച സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരു ബാങ്കിലെ പ്രശ്നത്തിന്റെ ഫലമായുണ്ടായ ആത്മഹത്യയായിട്ടല്ല ഈ സംഭവത്തെ കാണേണ്ടത്. ധാരാളം ആത്മഹത്യകൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇവിടെ ഇരട്ട സഹോദരന്മാരാണ് ആത്മഹത്യ ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽത്തന്നെ ആത്മഹത്യയുടെ കാരണമുണ്ട്. മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല എന്ന സാഹചര്യത്തിലാണ് അവർക്കത് ചെയ്യേണ്ടിവന്നത്. ഏഴുമാസം മുമ്പ് ബാങ്ക് നോട്ടീസ് നൽകിയതാണ്, തുടർന്ന് ഫോണിൽ വിളിച്ചെങ്കിലും ഫോണെടുത്തിട്ടില്ല എന്നാണ് പറഞ്ഞത്. അവരുടെ അവസ്ഥയെന്തായിരുന്നെന്ന് മനസ്സിലാക്കാമല്ലോ; ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സാഹചര്യങ്ങളെക്കുറിച്ച് മുമ്പ് സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഞങ്ങൾ മുന്നറിയിപ്പ് നൽകിയതാണ്. ആ ചർച്ചയിൽ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ, പിന്നീടുള്ള നിങ്ങളുടെ ചർച്ചകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കോവിഡ് സംബന്ധിച്ച തിരുത്തലുകളിൽനിന്ന് കാണാൻ സാധിക്കുന്നുണ്ട്. ഞങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുവെന്നത് നല്ല കാര്യമാണ്. കൂടെയുണ്ട് ഞങ്ങൾ, കൂടെയുണ്ട് സർക്കാർ എന്നുനിങ്ങൾ പറയുന്നുണ്ട്. ജനാധിപത്യത്തിന്റെ ഭാഗമാണ് പ്രതിപക്ഷം. ടി.പി.ആർ. അശാസ്ത്രീയമാണെന്ന് പ്രതിപക്ഷം പറയുകയുണ്ടായി. ക്ലസ്റ്റർ ശരാശരിയെടുക്കുക എന്ന നയത്തിലേയ്ക്ക് ഇപ്പോൾ നിങ്ങൾ മാറുകയാണ്. അതുപോലെ, സമ്പൂർണ്ണ അടച്ചിടൽ മാറ്റി ഡിസിപ്ലിൻ കൊണ്ടുവന്നാൽ മതിയെന്നും Live with Covid എന്ന് ഞങ്ങൾ പറഞ്ഞ നയത്തിലേയ്ക്ക് നിങ്ങൾ മാറുന്നുവെന്നാണ് റിപ്പോർട്ട്. ചർച്ചയുടെ ഫലമായി നയംമാറ്റം വരുന്നതിൽ false prestige ഒന്നും ആവശ്യമില്ല. ബാങ്കുകളുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കണം. ആളുകളുടെ കയ്യിൽ കുറച്ചു പണം എത്തിക്കുന്നതിനുള്ള മാർഗ്ഗം വേണം. മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി, പണം എങ്ങനെ കണ്ടെത്തുമെന്ന വിഷയത്തെക്കുറിച്ച് നടത്തിയ ചർച്ചകളിൽ കണ്ടെത്താൻ കഴിയുമെന്ന നിഗമനത്തിലാണ് എത്തിയത്. കുറച്ച് പണം മനുഷ്യന്റെ കയ്യിലില്ലെങ്കിൽ എങ്ങനെയാണ്? അവർക്ക് ഒരുപാട് ആവശ്യങ്ങളില്ലേ; അതുകൊണ്ട് കുറച്ച് പണം ജനങ്ങളുടെ കയ്യിലെത്തിയാൽ ഇക്കണോമി ഇംപ്രൂവ് ചെയ്യുമെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, ആത്മഹത്യാ പ്രവണതകളും മാനസിക വിഷമങ്ങളും കുട്ടികളുടെയിടയിലുൾപ്പെടെ പെരുകിവരികയാണ്. എത്രയോ ആത്മഹത്യകളെക്കുറിച്ചാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നിവിടെ പറഞ്ഞത്. കോവിഡിന്റെ ഇംപാക്ട് വളരെ ഗൗരവമുള്ളതാണ്. അത് ഒന്നോ രണ്ടോ വർഷംകൊണ്ട് മാറുന്നതല്ല. ഒരിക്കൽ തളർന്ന ചെറുകിട വ്യവസായം ഉയർന്നുവരണമെങ്കിൽ ഇനിയും സമയമെടുക്കും. അതുകൊണ്ട് ഗൗരവമായി ഈ

വിഷയം സംബന്ധിച്ച് ആലോചിക്കണമെന്നാണ് പറയാനുള്ളത്. ഇന്ന് നയം മാറ്റങ്ങളെക്കുറിച്ച് പറയുന്നുണ്ടോ? ചർച്ചചെയ്യുന്നുണ്ടോയെന്ന് അറിയില്ല. പക്ഷേ, ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്യേണ്ടതുതന്നെയാണ്. ഈ സമ്മേളനകാലം കഴിയുന്നതിനുമുമ്പായെങ്കിലും സമയം കണ്ടെത്തി ഇക്കാര്യത്തിൽ ചർച്ച ആവശ്യമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സാധാരണരീതിയിലുള്ള റിക്കവറി നോട്ടീസുപോലെ കൈകാര്യം ചെയ്യാനുള്ള കാലഘട്ടമല്ല. കോവിഡ് ദുരന്തത്തിന്റെയടിസ്ഥാനത്തിൽ അത്തരം കാര്യങ്ങളിൽ നയംമാറ്റമുണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ബാങ്ക് ഉദ്യോഗസ്ഥരെ അമിതമായി ന്യായീകരിക്കുന്നതാണ് ഇവിടെ കണ്ടത്. അത്രമാത്രം ന്യായീകരണത്തിന്റെ ആവശ്യമില്ല. ബാങ്കിൽനിന്ന് നോട്ടീസ് അയച്ചത് ഏഴ് മാസത്തിനുമുമ്പാണെന്ന് അദ്ദേഹം സൂചിപ്പിച്ചു. പക്ഷേ, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് നിരന്തരമായ ഭീഷണി ആത്മഹത്യചെയ്യു രണ്ടുപേർക്കുമുണ്ടായിരുന്നു വെന്നതിന് അനവധി സാക്ഷികളുണ്ട്. അവരുടെ ഉമ്മ തന്നെ ഇത് സാക്ഷ്യപ്പെടുത്തിയതാണ്. ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. ബാങ്ക് വാല്യുവേഷൻ നടത്തിയതിനെ സംബന്ധിച്ച ആരോപണത്തെക്കുറിച്ച് കൃത്യമായൊരു അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നിരവധി ആത്മഹത്യകൾ കേരളത്തിൽ ആവർത്തിച്ചുവരുന്നതിനെ ഗൗരവമായി സർക്കാർ കാണണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# IV ശ്രദ്ധ ക്ഷണിക്കൽ

## (1) ബ്ലൂ ഇക്കോണമി നയരേഖ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നടപ്പ് പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന 2021-ലെ ഇന്ത്യൻ മറൈൻ ഫിഷറീസ് ബില്ലും ബ്ലൂ ഇക്കോണമി നയരേഖയും പിൻവലിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് ഒപ്പംനിന്നുകൊണ്ട് നമ്മുടെ സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും പ്രതിഷേധിക്കണമെന്നും ഈ അവസരത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ആദിവാസികൾക്ക് തുല്യമായ ജീവിതം നയിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. വിദ്യാഭ്യാസപരമായും അടിസ്ഥാന സൗകര്യപരമായും സാമ്പത്തികപരമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു സമൂഹമാണ്. കടൽക്ഷോഭവും സുനാമിയും വരുമ്പോൾ ഭയവും പട്ടിണിയും അനുഭവിച്ച് ജീവിക്കേണ്ടിവരുന്ന സാഹചര്യമാണ് മത്സ്യത്തൊഴിലാളി മേഖലയിലുള്ളത്. വിദേശനാണ്യം ഏറ്റവും കൂടുതൽ നേടിത്തരുന്ന ഒരു വിഭാഗമാണിവർ. അവർക്കുവേണ്ടിയുള്ള പോരാട്ടം മത്സ്യത്തൊഴിലാളികൾക്കു വേണ്ടി മാത്രമുള്ള പോരാട്ടമായിട്ടല്ല നാം കാണേണ്ടത്. മനുഷ്യ സമൂഹത്തിനുവേണ്ടിയുള്ള ഈ പോരാട്ടം കോർപ്പറേറ്റുകൾക്കെതിരായും കോർപ്പറേറ്റ് നയങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാരിനെതിരായും പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കപ്പെടുന്ന, കോർപ്പറേറ്റുകൾക്കുവേണ്ടി മാത്രം ഭരണകൂടം നിലനിർത്തുന്ന നരേന്ദ്ര മോദി സർക്കാരിനെതിരായുമുള്ള ഒരു പോരാട്ടമായാണ് കാണേണ്ടത്. ഈ പോരാട്ടത്തിൽ സർക്കാർ തൊഴിലാളികൾക്ക് ഒപ്പമാണെന്നുതന്നെയാണ് എല്ലാവരും വിശ്വസിക്കുന്നത്. സംസ്ഥാന സർക്കാരുകളുമായും മത്സ്യത്തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഈ ബിൽ കൊണ്ടുവരുന്നത്. ഈ ബിൽ പാസ്സായാൽ കേരളത്തിലെ ഭൂരിപക്ഷം യാനങ്ങൾക്കും 12 നോട്ടിക്കൽ മൈൽ ദൂരത്തിനപ്പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അതോടുകൂടി മത്സ്യത്തൊഴിലാളികൾ കൂടുതൽ പട്ടിണിയിലേയ്ക്ക് പോകുന്ന സാഹചര്യമാണുണ്ടാകാൻ പോകുന്നത്. നിയമ ലംഘനത്തിന്റെ പേരിൽ തൊഴിലാളികൾക്ക് വൻ തുക പിഴയും ക്രിമിനൽ നടപടിയും വ്യവസ്ഥ ചെയ്യുന്ന നിയമം മത്സ്യമേഖലയെ കോർപ്പറേറ്റുവൽക്കരിക്കാനുള്ളതാണ്. ബിൽ പാസ്സായാൽ ചെറുവള്ളങ്ങൾക്കുൾപ്പെടെ കേന്ദ്ര ലൈസൻസ് വേണ്ടിവരും. വൻ തുക ഫീസ് നൽകാൻ കഴിയാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആട്ടിയോടിക്കപ്പെടും. ദൂരപരിധി ലംഘനത്തിന്റെ പേരിൽ 20,000 മുതൽ 2,00,000 രൂപ വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. ചെറുമീനുകൾ നാളെ

കടലിൽ ഇല്ലാത്ത സാഹചര്യമാണ് വരാൻ പോകുന്നത്. കോർപ്പറേറ്റുകളുടെ വൻമീനുകൾ ചെറുമീനുകളെയെല്ലാം ഇല്ലായ്മ ചെയ്യുന്നതോടുകൂടി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം പോലുമില്ലാത്ത സാഹചര്യത്തിലേയ്ക്ക്, കടലിന്റെ മക്കൾ ഇല്ലാതാകുന്ന അവസ്ഥയാണ് നാളെ മത്സ്യത്തൊഴിലാളി മേഖലയിലുണ്ടാകാൻ പോകുന്നത്. 1991-ലെ പുത്തൻ സാമ്പത്തിക നയത്തിന്റെ ചുവടുപിടിച്ച് നീലവിപ്ലവം വാഗ്ദാനം ചെയ്ത് നരേന്ദ്ര മോദി സർക്കാർ ബ്ലൂ ഇക്കോണമി നയരേഖയ്ക്ക് രൂപം നൽകിയിരിക്കുന്നു. ഭൂമിയുടെ 70 ശതമാനം വരുന്ന കടലിൽ 20 ശതമാനം വരുന്ന ഇന്ത്യൻ മഹാസമുദ്രം ഇന്ത്യയുടെ ഭാഗമാണ്. ബംഗാൾ ഉൾക്കടലും അറബിക്കടലും ഇന്ത്യൻ അതിർത്തി പങ്കിടുന്നു. ലോകമാകെയുള്ള കടലിൽ 38000-ഓളം വമ്പൻ മത്സ്യബന്ധന കപ്പലുകളുണ്ടെന്നാണ് കണക്ക്. ഇന്ത്യയുടെ ആഴക്കടലിൽ 908 വമ്പൻ വിദേശ യാനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇത്തരം കപ്പലുകളുടെ എണ്ണം 1178 ആക്കുന്നതിനുവേണ്ടി നരേന്ദ്ര മോദി സർക്കാർ വിജ്ഞാപനമിറക്കിയിരിക്കുകയാണ്. വൻ ബഹുജനപ്രക്ഷോഭത്തെ ഭയന്ന് ഉത്തരവ് റദ്ദാക്കിയതാണ്. വിദേശ യാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ശ്രമം ഇപ്പോഴും തുടരുന്നു. ലോകമാകെ മത്സ്യമേഖല വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. 90 ശതമാനം മത്സ്യസമ്പത്ത് പിടിച്ചുകഴിഞ്ഞതായും ആഗോള മത്സ്യോല്പാദനം പ്രതിവർഷം നാല് ലക്ഷം ടൺ വീതം കുറയുമെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മത്സ്യസമ്പത്തിനാൽ സമ്പന്നമായ ഇന്ത്യൻ കടലുകളെ ലക്ഷ്യംവച്ച് കുതിച്ചുപായുകയാണ് ഭീമൻ കുത്തക കമ്പനികൾ. നരേന്ദ്ര മോദി സർക്കാർ ഈ കുത്തകകൾക്കുമുമ്പിൽ കീഴടങ്ങുന്നതിന്റെ സാക്ഷ്യമാണ് ബ്ലൂ ഇക്കോണമി നയരേഖ. ഇത് നടപ്പിലാക്കിയാൽ ഇന്ത്യൻ തീരങ്ങളിൽ ജീവിക്കുന്ന ഒരു കോടിയോളം വരുന്ന മത്സ്യത്തൊഴിലാളികൾ നിത്യദുരിതത്തിലാകും. ഐക്യരാഷ്ട്രസഭയുടെ 1976-ലെ UNCLOS (United Nations Convention on the Law of the Sea) പ്രഖ്യാപന പ്രകാരം 200 നോട്ടിക്കൽ മൈൽ (365 കി.മീ.) അതിർത്തി കണക്കാക്കി അതാത് രാജ്യങ്ങൾക്ക് മത്സ്യബന്ധനത്തിന് അധികാരമുണ്ട്. നരേന്ദ്ര മോദി സർക്കാരിന്റെ ദേശീയ മത്സ്യനയം ആഴക്കടൽ മാത്രമല്ല, തീരക്കടലും കുത്തകകൾക്ക് തീറെഴുതിക്കൊടുക്കുന്ന സ്ഥിതിയുണ്ടാക്കും. ഈ ദേശദ്രോഹ നയത്തെ ചെറുത്തുതോൽപ്പിക്കേണ്ടത് മത്സ്യത്തൊഴിലാളികളുടെ മാത്രമല്ല, ഏതൊരു രാജ്യസ്നേഹിയുടേയും കടമയാണ്. കടലും കടൽത്തീരവും മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചുകിട്ടുന്നതിനുള്ള സമരമാക്കി മാറ്റാൻ നമ്മുടെ സർക്കാരിന് കഴിയണം. കാർഷിക മേഖലയെപ്പോലെ, കടലും കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്നതിനുള്ള നീക്കമാണ് നരേന്ദ്ര മോദി സർക്കാർ നടത്തുന്നത്.

2021 ഫെബ്രുവരി 17-ന് പ്രസിദ്ധീകരിച്ച നയരേഖ വ്യക്തമാക്കുന്നത് തീരക്കടലും ആഴക്കടലും ഖനനത്തിനും മത്സ്യക്കൃഷിക്കുംവേണ്ടി പതിച്ചുനൽകുമെന്നാണ്. കടൽ ഖനനം മത്സ്യബന്ധനത്തിന്റെ സർവ്വ നാശത്തിനും മത്സ്യബന്ധന മേഖലയിൽ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും പരിസ്ഥിതി ആഘാതമുണ്ടാക്കുന്നതിനും ഇടയാക്കും. രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഈ നയരേഖയെ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇതിനെതിരെ ഒറ്റക്കെട്ടായി സഭ സമ്മർദ്ദം ചെലുത്തണമെന്നും പറയാൻ ആഗ്രഹിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, സംസ്ഥാന ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ് ശ്രീ. വി. ആർ. സുനിൽ കുമാർ ചൂണ്ടിക്കാണിച്ചത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് പ്രാവശ്യം യോഗം വിളിച്ചുചേർത്ത് ചർച്ച ചെയ്യുകയും എം.പി.മാരോടടക്കം ഇക്കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ എല്ലാ വിശദാംശങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. ബ്ലൂ ഇക്കണോമിയുടെ ഭാഗമായി വരുന്ന 2019-ലെ കരട് മത്സ്യബന്ധന നിയമം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ കുറേ നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അപകടകരമായ പുതിയ പ്രശ്നങ്ങൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ടെന്നുള്ളതാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി-മാരുടെ കോൺഫറൻസിലും ഉന്നതതല യോഗത്തിലും ഈ വിഷയം ചർച്ച ചെയ്ത് കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്കും കോടിക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിനും ഉതകുന്നതാണെന്ന പ്രഖ്യാപനത്തോടെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ബ്ലൂ ഇക്കണോമി നയം മത്സ്യബന്ധനമേഖലയിൽ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ പലതരത്തിലുള്ള ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്.

(1) സംസ്ഥാനത്തെ 41 നദികളിൽനിന്നുള്ള പോഷകസമ്പുഷ്ടമായ ജലം വന്നുചേരുന്നത് തീരക്കടലിലാണ്. ആയതിനാൽ ജൈവസമ്പുഷ്ടമായ തീരക്കടലാണ് കേരളത്തിന്റേത്. വാണിജ്യമൂല്യമുള്ള മിക്ക മത്സ്യങ്ങളുടെയും പ്രജനനകേന്ദ്രവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെ ആശ്രയിക്കുന്ന പ്രദേശവും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിക്കപ്പെട്ടിട്ടുള്ളതുമായ തീരമേഖലയിൽ ഖനനംപോലുള്ള പ്രവർത്തനങ്ങൾ പാരിസ്ഥിതികവും

സാമൂഹികവുമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. ആയതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവനമാർഗ്ഗമായ തീരമേഖല പാരിസ്ഥിതിക പ്രാധാന്യം അർഹിക്കുന്നതാകയാൽ ധാതുഖനന പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്ന് ഈ മേഖലയെ ഒഴിവാക്കണം. വനത്തിന്റെ അവകാശം ആദിവാസികൾക്ക് എന്നപോലെ കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്കാണ് എന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നയം. ബ്ലൂ ഇക്കണോമി നയം പ്രാബല്യത്തിൽ വരുന്നതോടെ കടലിന്റെ അവകാശം വൻകിട ധാതുഖനന ലോബികൾക്കും ടൂറിസം ലോബികൾക്കുമായി മാറും. കടലിൽനിന്നും അന്യവൽക്കരിക്കപ്പെടുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗംതന്നെ ഇല്ലാതാകും. ഇത് തീരദേശമേഖലയിൽ സാമൂഹ്യപ്രശ്നങ്ങൾക്ക് നിദാനമാകും.

(2) ബ്ലൂ ഇക്കോണമി നയം നടപ്പാക്കുകവഴി തീരദേശമേഖല വലിയ പരിവർത്തനങ്ങൾക്ക് വിധേയമാകും. തുറമുഖങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, അശാസ്ത്രീയമായ നിർമ്മാണം എന്നിവമൂലം കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുണ്ട്. തീരം ഇല്ലാതാകുന്നതുമൂലം മത്സ്യത്തൊഴിലാളികളുടെ വീടും വസ്തുവകകളും നഷ്ടപ്പെടാൻ സാധ്യതയുണ്ട്. തീരദേശജനത കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുന്നതിനുപുറമേ ഭൂരിഭാഗം പരിസ്ഥിതി ലോലപ്രദേശങ്ങളും അപ്രത്യക്ഷമാകാൻ സാധ്യതയുണ്ട്.

(3) ബ്ലൂ ഇക്കോണമിയുടെ പരിധിയിൽപ്പെട്ടിട്ടുള്ള മേഖലകൾ എല്ലാംതന്നെ വലിയ മുതൽമുടക്ക് വേണ്ടിവരുന്ന സംരംഭങ്ങളാണ്. നിലവിൽ ബഹുരാഷ്ട്ര കമ്പനികൾക്കുമാത്രമേ ഇതിനാവശ്യമായ സാങ്കേതികവിദ്യയും സാമ്പത്തിക ഭദ്രതയുമുള്ളൂ. സാധാരണക്കാർക്ക് പ്രാപ്യമല്ലാത്ത മേഖലകളാണ് ഇവയെല്ലാം. ബഹുരാഷ്ട്ര കമ്പനികളുടെ വൻതോതിലുള്ള കടന്നുകയറ്റം തീരദേശമേഖലയിൽ അശാന്തിക്ക് കാരണമാകാൻ സാധ്യതയുണ്ട്.

(4) കടലിലെ ധാതുഖനനം കടൽവെള്ളം കലങ്ങുന്നതിന് കാരണമാകും. കലങ്ങിയ ജലത്തിൽ സൂര്യപ്രകാശം ആഴങ്ങളിലേയ്ക്ക് എത്തുകയില്ല. സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ കടലിലെ സർവ്വജീവി പ്രക്രിയകളുടെയും അടിസ്ഥാനപരമായ പ്രകാശസംശ്ലേഷണം സാധ്യമാകുകയുള്ളൂ എന്നതിനാൽ കടലിലെ പ്രകാശിതമേഖലയുടെ ശോഷണം കടലിലെ പ്രാഥമിക ഉല്പാദനത്തെ ദോഷകരമായി ബാധിക്കുന്നതിലൂടെ മത്സ്യസമ്പത്ത് ഗണ്യമായി കുറയാൻ സാധ്യതയുണ്ട്.

(5) കാലാവസ്ഥാ വ്യതിയാനംമൂലം കടൽനിരപ്പ് ഉയരുന്നതിനാൽ തീരദേശവാസികൾ ഇപ്പോൾത്തന്നെ വൻസമ്മർദ്ദത്തിലാണ്. അതിനോടൊപ്പം ബ്ലൂ ഇക്കണോമിമൂലമുള്ള അശാസ്ത്രീയ വികസനവും കൂടിയാകുമ്പോൾ സ്ഥിതി കൂടുതൽ വഷളാകും. ഇതുവഴി തീരദേശ ജനത കടലോരത്തുനിന്നും പാലായനം ചെയ്യേണ്ട സ്ഥിതി സംജാതമാകാനും സാധ്യതയുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസനപരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് യോഗങ്ങൾ വിളിച്ച് ചർച്ച ചെയ്തപ്പോഴും ഉയർന്നുവന്ന ഒരു പ്രശ്നം, നമ്മുടെ ഫെഡറൽ അധികാരങ്ങളെയും സംവിധാനങ്ങളെയും ചോദ്യം ചെയ്യപ്പെടുന്ന ഒരു നിയമമായി ഇത് മാറുമെന്നതുകൊണ്ട് ശക്തമായ നിലയിൽത്തന്നെ കേന്ദ്രഗവൺമെന്റിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്.

## (2) <u>മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സംസ്ഥാനത്ത് അവഗണിക്കപ്പെട്ടും പാർശ്വവത്കരിക്കപ്പെട്ടുംകിടക്കുന്ന മാനസികരോഗികളുടെ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ആശുപത്രികളിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെ പരിമിതമായ നിലയിലാണ് മുന്നോട്ടുപോകുന്നത്. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള കാര്യങ്ങളാണ്. ഡോക്ടർമാരുടെയും ജീവനക്കാരുടെയും അഭാവം, ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി വിഷയങ്ങളാണ് നിലനിൽക്കുന്നത്. ജയിലിന് സമാനമായ രീതിയിൽ ഇത്തരത്തിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളെ പാർപ്പിക്കുന്നു എന്ന നിലയിലുള്ള ആക്ഷേപങ്ങളും ഉയർന്നുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിനാവശ്യമായ ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ഭരണ വകുപ്പിന് കഴിയുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. ഇന്ന് ഈ മേഖലയിൽ അനവധി വിഷയങ്ങൾ നിലനിൽക്കുമ്പോൾ ഇവരുടെ പുനരധിവാസം ഒരു പ്രധാനപ്പെട്ട പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. രോഗം ഭേദമായവരെ തിരികെ കൊണ്ടുപോകാൻ പലപ്പോഴും ബന്ധുക്കൾ

വിസമ്മതിക്കുന്നുവെന്നതും പ്രധാനപ്പെട്ട പ്രശ്നമാണ്. തിരുവനന്തപുരം ജില്ലയിലെ മാനസികാരോഗ്യ കേന്ദ്രത്തിൽനിന്നും 162 അന്തേവാസികളെ രോഗം ഭേദമായിട്ടും കൂട്ടിക്കൊണ്ടു പോകാതിരിക്കുന്നുവെന്നത് ഇന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിലുണ്ട്. ഇത് ഒരു ജില്ലയുടെ മാത്രം കണക്കാണ്. ഓരോ സർക്കാർ ആശുപത്രികളിലുമുള്ള കണക്ക് ഏകദേശം സമാനമായിരിക്കും. സ്വകാര്യ ആശുപത്രികളിലെ കണക്ക് പരിശോധിക്കുമ്പോൾ ഇതിന്റെ ഇരട്ടിയുണ്ടാകും. ഇതൊരു വലിയ സാമൂഹ്യപ്രശ്നമായി നിലനിൽക്കുകയാണ്. രോഗം ഭേദമായവരെ കൂട്ടിക്കൊണ്ടുപോകാതെ വന്നാൽ പുതിയ രോഗികളെ അഡ്മിറ്റ് ചെയ്യാൻ കഴിയില്ല. ഇവരെ എങ്ങനെ പുനരധിവസിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? സ്വകാര്യ സ്ഥാപനങ്ങളും വിവിധ സാമൂഹ്യ സംഘടനകളും വിവിധ ചാരിറ്റി ഓർഗനൈസേഷനുകളുമാണ് പുനരധിവാസ നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നത്. സർക്കാർതലത്തിൽ പുനരധിവാസ കേന്ദ്രങ്ങളാരംഭിക്കാനുള്ള നടപടിയുണ്ടാകണം. ഇക്കാര്യങ്ങളിൽ ഇടപെടുന്നതിന് ഗവൺമെന്റിന് പരിമിതികളുണ്ട്. അതിനാൽ ഇത്തരം ആശുപത്രികൾ സ്വകാര്യ മേഖലയിലുണ്ടെങ്കിൽ അവർക്ക് കൂടുതൽ സാമ്പത്തികപിന്തുണ നൽകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ആവശ്യപ്പെടാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാനസിക രോഗികളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. രോഗം ഭേദമായവർക്ക് തുടർചികിത്സയും മരുന്നും വേണ്ടിവരും. അതിനുള്ള സാഹചര്യവും പരിമിതമായി വരുന്നുവെന്നത് ഒരു വിഷയമാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൃത്യമായ മേൽവിലാസമോ മറ്റ് രേഖകളോയില്ലാതെ വരുന്ന മാനസികരോഗികൾ മറ്റൊരു പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നമാണ്. രോഗികളായവരെ ട്രെയിൻ കയറ്റിവിടുന്ന സാഹചര്യവും നിലവിലുണ്ട്. അവർ ഏതെങ്കിലും റെയിൽവേ സ്റ്റേഷനിൽ വന്നുകിടക്കുകയും റെയിൽവേ പോലീസ് ഏതെങ്കിലും പുനരധിവാസ കേന്ദ്രത്തിലോ മാനസിക രോഗികളാണെങ്കിൽ ഏതെങ്കിലും ആശുപത്രിയിലേയ്ക്കോ മാറ്റുന്ന സ്ഥിതിയുമുണ്ട്. ഇക്കാര്യത്തിൽ ശരിയായ ശ്രദ്ധയുണ്ടാകുന്നില്ല. ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ നിയമസഭാ സമിതി നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്റെ അറിവ് ശരിയാണെങ്കിൽ, 25 വർഷംമുമ്പ് സമർപ്പിച്ച റിപ്പോർട്ട് ഇപ്പോഴും അതുപോലെ നിൽക്കുകയാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഗൗരവമായ, കൃത്യമായ ഇടപെടലുകളുണ്ടാകണം. ഈ വിഭാഗത്തിന് ആവശ്യമായ പരിരക്ഷ ലഭിക്കാത്ത സാഹചര്യങ്ങൾ പലപ്പോഴുമുണ്ടാകുന്നു. ഇതുസംബന്ധിച്ച് സമൂഹത്തിലും വലിയ രീതിയിലുള്ള ബോധവത്കരണം അനിവാര്യമാണ്. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, പ്രത്യേകമായ ശ്രദ്ധയും കരുതലും പരിഗണനയുമുണ്ടാകേണ്ട ഒരു വിഷയം തന്നെയാണിത്. കേരളത്തിൽ മാനസികാരോഗ്യ ചികിത്സയ്ക്കായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അതോടൊപ്പം മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലും മാനസികരോഗ ചികിത്സ ലഭ്യമാണ്. കൂടാതെ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ആഭിമുഖ്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും മാനസികാരോഗ്യ ചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാണ്. രാജ്യത്ത് മാനസികാരോഗ്യ ചികിത്സ പ്രാഥമിക ആരോഗ്യതലത്തിൽ നടപ്പിലാക്കിയ ആദ്യസംസ്ഥാനമാണ് കേരളം. മനോരോഗ ചികിത്സ, മനഃശാസ്ത്ര ചികിത്സ, സാമൂഹ്യ പുനരധിവാസ ചികിത്സ എന്നിവ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന ടീമിന്റെ നേതൃത്വത്തിലാണ് ചികിത്സയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ക്ലിനിക്കുകൾ നടത്തിവരുന്നു. കൂടാതെ College of Mental Health Pharmacy (CMHP)-യുടെ ഭാഗമായി പകൽവീടുകളും തെറാപ്പി സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് തിരിച്ചുപോകാൻ കഴിയാതെ വരുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 'സ്നേഹക്കൂട്' എന്ന പരിപാടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ സംഘടനകളുടെകൂടി ആഭിമുഖ്യത്തിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലെയും ചികിത്സ കഴിഞ്ഞ് ബന്ധുക്കൾ ഏറ്റെടുക്കാത്തവരുടെ വീടുകൾ കണ്ടെത്തി തിരികെ എത്തിക്കുന്നുണ്ട്. വീടുകൾ കണ്ടെത്തി തിരിച്ചേൽപ്പിക്കാൻ കഴിയാത്തവരെ തദ്ദേശസ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ സംയുക്തമായി നടത്തുന്ന 'Home Again' എന്ന പദ്ധതിയിലൂടെ സമൂഹത്തിൽ അഞ്ചുപേരടങ്ങുന്ന സംഘമായി പാർപ്പിക്കുകയും ആവശ്യമായ തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തരായി ജീവിക്കാൻ സഹായിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തൊട്ടാകെ സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ച 33 സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, രോഗം ഭേദമായിട്ടും ബന്ധുക്കൾ തിരികെ കൊണ്ടുപോകാത്ത 162 രോഗികൾ തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലുണ്ട്. ഇതിൽ 103 പുരുഷന്മാരും 59 സ്ത്രീകളുമുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയും

ഇടപെടുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വെഞ്ഞാറമൂട് കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്. ചെന്നൈ കേന്ദ്രമായ Banyan എന്ന സന്നദ്ധസംഘടന 'Home Again' എന്ന പദ്ധതിവഴി പുനരധിവാസം സാധ്യമാക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെ തിരിച്ചെത്തിക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ 'പ്രത്യാശ' എന്ന പദ്ധതി പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെതന്നെ ഗ്രാന്റ് ലഭിക്കുന്ന 8 സ്വകാര്യ പുനരധിവാസ കേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് പുനരധിവാസം സാധ്യമാക്കിവരുന്നത്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ സേഫ് കസ്റ്റഡിയിലുള്ള ഏഴ് പുരുഷന്മാരെ എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റം പെലിക്കൺ സെന്ററിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമെ 69 പേർ (28 സ്ത്രീകളും 41 പുരുഷന്മാരും) രോഗം ഭേദമായിട്ടും ബന്ധുക്കൾ തിരികെ കൊണ്ടുപോകാത്തവരായി ഈ മാനസികാരോഗ്യ കേന്ദ്രത്തിലുണ്ട്. ആശാഭവൻ തൃശ്ശൂർ, ആശാ ഭവൻ എറണാകുളം, മഹിളാ മന്ദിരം തൃശ്ശൂർ, പ്രത്യാശ ഭവൻ തൃശ്ശൂർ, കൊച്ചിയിലെ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് എന്നിവയിലൂടെയും ഇവരുടെ പുനരധിവാസം സാധ്യമാക്കിവരുന്നു. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം മാറിയിട്ടും ബന്ധുക്കൾ കൊണ്ടുപോകാത്ത എൺപതോളം ആളുകളുണ്ട്. ഇത്തരം ആളുകളെ വിവിധ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇരുപത്തിയഞ്ചോളം പേരെ വിവിധ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് ഈ വർഷം മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. Banyan എന്ന സംഘടന മുഖേന 8 പേരെ ഈ മാസംതന്നെ റീഹാബ് സെന്ററിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതിനായി 8.86 കോടി രൂപ ചെലവിൽ ഈ സ്ഥാപനത്തിൽ തുടങ്ങുന്ന വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം 2022-ഓടുകൂടി പൂർത്തിയാകും. സ്ഥലപരിമിതി പരിഹരിക്കുന്നതിനും അന്തേവാസികൾക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനുമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാരംഭ നടപടികൾ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 98.37 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മാനസികാരോഗ്യ സംരക്ഷണത്തിനും മാനസികാരോഗ്യ കേന്ദ്രങ്ങളെ രോഗീസൗഹൃദമാക്കി വികസിപ്പിക്കുന്നതിനും വകുപ്പ് പ്രത്യേക പരിഗണന നൽകുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, പുനരധിവാസത്തിനായി 8 കോടി രൂപയുടെ ഒരു പ്രോജക്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിച്ചു. മൂന്ന് ആശുപത്രികളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ; ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മാനസിക രോഗികളെക്കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കാര്യം സർക്കാർ ഗൗരവത്തോടെ പരിശോധിക്കുന്നതാണ്. മൂന്ന് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുതന്നെ റീഹാബിലിറ്റേഷൻ സെന്ററുകളുണ്ടാകേണ്ടത് അനിവാര്യമാണ്. അത് ഏത് തരത്തിൽ ഫലപ്രദമായി പ്രാവർത്തികമാക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## V സബ്മിഷൻ

### (1) കോടതി സമുച്ചയ നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന്റെ പ്രവൃത്തിയുടെ ഡി.പി.ആർ. അടക്കമുള്ള ഫയൽ 2018 മുതൽ ഗവൺമെന്റിൽ പെൻഡിംഗിലാണ്. പരപ്പനങ്ങാടി കോടതി സമുച്ചയം അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഇവിടെ നിലവിൽ മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയുമാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ അഭാവം കാരണം കുടുംബ കോടതിയും എം.എ.സി.ടി. (Motor Accidents Claims Tribunal) കോടതിയും ഇപ്പോൾ അവിടെ സിറ്റിംഗ് നടത്തുന്നില്ല. പരപ്പനങ്ങാടിയിൽ സബ്കോടതിയും അഡീഷണൽ ജില്ലാ കോടതിയും ആവശ്യമാണെന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ടെങ്കിലും കെട്ടിടത്തിന്റെ അപര്യാപ്തതമൂലം സ്ഥാപിക്കപ്പെട്ടിട്ടില്ല. മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലമുള്ളത് പരപ്പനങ്ങാടി കോടതിയിലാണ്. ഈ കാരണങ്ങൾകൊണ്ടുതന്നെ കോടതി സമുച്ചയം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഈ പ്രവൃത്തി മുമ്പ് വർക്കിംഗ് ഗ്രൂപ്പിലും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിലും പരിഗണനയ്ക്ക് വന്നെങ്കിലും ഇതുവരെ അനുമതിയായിട്ടില്ല. ഇതുസംബന്ധിച്ച ഭരണാനുമതിക്കുവേണ്ടി കേരള ഹൈക്കോടതി നിരന്തരമായി ഗവൺമെന്റിന് പല സന്ദർഭങ്ങളിലും കത്തെഴുതിയിട്ടുണ്ട്. കൂടുതൽ സൗകര്യമുള്ള കോടതി സമുച്ചയം അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ നിലവിൽ രണ്ട് കോടതികളാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള ആവശ്യം പരിശോധിക്കുന്ന ഘട്ടത്തിൽ ഈ രണ്ട് കോടതികൾക്കുപുറമേ നാല് കോടതികൾകൂടി സ്ഥാപിക്കുന്നതിനായി അഞ്ചുനില കെട്ടിടം ആവശ്യമാണെന്ന് രജിസ്ട്രാർ അറിയിച്ചിരുന്നു. അതിനായി 25,56,00,000 രൂപയുടെ എസ്റ്റിമേറ്റാണ് ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചത്. വിവിധയിടങ്ങളിലെ കോടതി സമുച്ചയനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 25,56,00,000 രൂപ ഈ കെട്ടിട നിർമ്മാണത്തിനായി മാത്രം നീക്കിവയ്ക്കാൻ പ്രയാസമാണെന്ന കാര്യം സർക്കാർ ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ വീണ്ടും പരിശോധന വേണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യത്തെത്തുടർന്ന് കോടതി സമുച്ചയ നിർമ്മാണങ്ങൾക്കായി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ തുകയും അതിന്റെ ധനവിനിയോഗവും സംബന്ധിച്ച വിശദാംശങ്ങൾ ഹൈക്കോടതി രജിസ്ട്രാറോട്ടും ആസൂത്രണ വകുപ്പിനോട്ടും ബന്ധപ്പെട്ട വകുപ്പുകളോട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പരപ്പനങ്ങാടിയിലെ കോടതി സമുച്ചയ നിർമ്മാണം സാധ്യമാക്കുന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടത്തുന്നതാണ്.

## (2) പുതിയ ഡാം നിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിലെ എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നത് കേരളത്തിലെ ഏറ്റവും തീവ്രതയുള്ള ഭൂകമ്പങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പ്രദേശത്താണ്. 1979-ലെ സെൻട്രൽ വാട്ടർ പവർ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി 136 അടിയായിരുന്നു. തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതിനെത്തുടർന്ന് ജലനിരപ്പ് ഗണ്യമായി ഉയർത്തിയിട്ടുള്ളതാണ്. തമിഴ്നാട്ടിലെ തേനി, മധുര, രാമനാഥപുരം ജില്ലകളിലെ ജനങ്ങൾക്ക് കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലം ലഭിക്കുന്നത് മുല്ലപ്പെരിയാർ ഡാമിൽനിന്നാണ്. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതിനുള്ള തീരുമാനം ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ ജനങ്ങളെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ തേനി, മധുര, രാമനാഥപുരം തുടങ്ങിയ ജില്ലകളിലെ ജനങ്ങൾക്ക് ജലം ഉറപ്പുവരുത്തിക്കൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുവേണ്ടി കേരള-തമിഴ്നാട് മുഖ്യമന്ത്രിമാർ തമ്മിൽ പ്രാരംഭ ചർച്ചകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

11.00 A.M.]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. വാഴൂർ സോമൻ അവതരിപ്പിച്ച സബ്മിഷൻ സഭയുടെ ശ്രദ്ധയിൽ പലതവണ കൊണ്ടുവന്നിട്ടുള്ളതും ചർച്ച ചെയ്തിട്ടുള്ളതുമാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ നിലനിന്നിരുന്ന തർക്കത്തിന്മേൽ O.S.No. 3/2006-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ മുല്ലപ്പെരിയാർ ഡാം ജലശാസ്ത്രപരമായും ഭൂകമ്പപരമായും ഘടനാപരമായും സുരക്ഷിതമാണെന്നാണ് സൂചിപ്പിക്കുകയുണ്ടായത്. അണക്കെട്ടിന്റെ സുരക്ഷയെക്കുറിച്ചുള്ള കേരളത്തിന്റെ ഉത്കണ്ഠ കണക്കിലെടുത്ത് ഡാമിന്റെ സുരക്ഷിതത്വം വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി മൂന്നംഗ മേൽനോട്ട സമിതിയെ നിയോഗിക്കുകയും കാലാകാലങ്ങളിൽ ഈ സമിതി ഡാമിന്റെ സുരക്ഷാ കാര്യങ്ങളിൽ നിരീക്ഷണം നടത്തുകയും പരിശോധനയും യോഗങ്ങളും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഒരു ഉപസമിതി പരിശോധന നടത്തി ഡാമിന്റെ സുരക്ഷയെ സംബന്ധിക്കുന്ന വിഷയങ്ങൾ മേൽനോട്ട സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കുന്ന മഴയുടെ മുന്നറിയിപ്പുകൾക്കനുസൃതമായി ഡാമിന്റെ ജലനിരപ്പ് സുരക്ഷിത അളവിൽ ക്രമീകരിക്കാനും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻവേണ്ട നടപടി കൈക്കൊള്ളാനും തമിഴ്നാടിനോടും മേൽനോട്ട സമിതി ചെയർമാനോടും കേരളം ആവശ്യപ്പെടാറുണ്ട്. കൂടാതെ മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ഏതെങ്കിലും വിധത്തിലുള്ള ദുരന്തങ്ങളെ നേരിടുവാൻ സജ്ജമാക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കീഴിൽ ഒരു എക്സിക്യൂട്ടീവ് സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പുയരുന്ന സാഹചര്യത്തിൽ ഈ കമ്മിറ്റികൾ ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷയ്ക്കാവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം കണക്കിലെടുത്ത് പുതിയൊരു ഡാം നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം പുരോഗമിച്ചുവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിന് മുമ്പായി Environmental clearance and Forest clearance മുതലായ നിയമപ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും തമിഴ്നാടിന്റെ അനുമതിയും നമുക്ക് ആവശ്യമാണ്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണത്തിനായി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാതപഠനത്തിനുള്ള Terms of reference-നുള്ള അംഗീകാരം

നിബന്ധനകളോടെ നൽകുകയുണ്ടായി. പുതിയ അണക്കെട്ടിനുവേണ്ടി 2011-ൽ തയ്യാറാക്കിയിരുന്ന ഡി.പി.ആർ. പുതുക്കുന്നതിലേയ്ക്കായി ചീഫ് എഞ്ചിനീയർ Inter State waters (ISW) അദ്ധ്യക്ഷനായി 12-2-2021-ന് ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കേരളവും തമിഴ്നാടും തമ്മിലുള്ള എല്ലാ അന്തർസംസ്ഥാന വിഷയങ്ങളും ചർച്ച ചെയ്യുന്നതിന് കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗം 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്നതിന്റെ തുടർച്ചയായി 12-12-2019-നും 11-9-2020-നും സെക്രട്ടറിതല ചർച്ചയും നടന്നിരുന്നു. ഇതിന്റെ തുടർച്ചയായി സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അതുകഴിഞ്ഞ് മുഖ്യമന്ത്രി തലത്തിലും തുടർചർച്ചകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തുടർ ചർച്ചകളിൽ തേനി, മധുര, രാമനാഥപുരം തുടങ്ങിയ ജില്ലകൾക്ക് ജലം ഉറപ്പുവരുത്തിക്കൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ നിർമ്മാണം സജീവമായി ഉന്നയിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കാലവർഷ സമയങ്ങളിൽ മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പുയരുന്ന വേളയിൽ തമിഴ്നാടിന്റെയും മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സർക്കാർ നിരന്തരം ബന്ധപ്പെടുകയും ടണൽവഴി തമിഴ്നാട്ടിലെ വൈഗൈ ഡാമിലേയ്ക്ക് പരമാവധി അളവിൽ വെള്ളം കൊണ്ടുപോകുവാൻ നിർദ്ദേശിക്കുകയും അതിനോട് തമിഴ്നാട് സഹകരിക്കുകയും ചെയ്യുന്നുണ്ട്. 29-7-2021-നുമുമ്പ് മേൽനോട്ട സമിതിയുടെ യോഗം വീഡിയോ കോൺഫറൻസ് വഴി നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഡാമിന്റെ 126 വർഷത്തെ കാലപ്പഴക്കം കണക്കിലെടുത്ത് അണക്കെട്ടിന് താഴെ അധിവസിക്കുന്ന ജനങ്ങളുടെ സുരക്ഷയ്ക്കായി ജില്ലാ ഭരണകൂടവും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജലസേചന വകുപ്പും സംയുക്തമായി തമിഴ്നാടിന്റെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

ഇന്ന് രാവിലെ 8 മണിക്ക് മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136.30 അടിയാണ്. ഇന്ന് ഡാമിലേയ്ക്ക് വരുന്ന ഇൻഫ്ലോ 908 ക്യുസെക്സ് ഘനമീറ്റർ പെർ സെക്കൻഡ് ആണ്. ഔട്ട്ഫ്ലോയും 908 ആണ്. നമുക്ക് നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്. അവിടെയിപ്പോൾ കാലാവസ്ഥ വലിയ മോശമല്ല. മാക്സിമം വാട്ടർ ലെവൽ 142 അടിയാണ്. ആ നിലയിലേയ്ക്ക് ഉയരുന്ന സാഹചര്യത്തിൽ ഡാമിന്റെ താഴ്ഭാഗത്ത് അധിവസിക്കുന്നവർക്ക് എല്ലാ തലത്തിലുമുള്ള സുരക്ഷ ഉറപ്പുവരുത്താൻ ആവശ്യമായ ക്രമീകരണങ്ങളും ചെയ്യുന്നുണ്ട്. താലൂക്ക് തലത്തിൽ തഹസിൽദാരെയും വില്ലേജ് തലത്തിൽ വില്ലേജ് ഓഫീസറെയും അതോടൊപ്പം പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളെയും സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ ക്യാമ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ

ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റ് ആശങ്കകളില്ല. തമിഴ്നാടിന് ജലവും കേരളത്തിന് പുതിയൊരു ഡാമും; കേരളത്തിൽ അധിവസിക്കുന്നവരുടെ ജീവൽപ്രശ്നം എന്നുള്ള നിലയിൽ അതുതന്നെയാണ് ഗവൺമെന്റ് നയം. അതിനുവേണ്ടിയുള്ള ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

(3) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ജോയി: സർ, വർക്കലയുടെ പൊതുവായ വികസനത്തിന് തടസ്സം നിൽക്കുന്നത് ചില റെയിൽവേ ഗേറ്റുകളാണ്. അതിൽ പ്രധാനപ്പെട്ട രണ്ട് റെയിൽവേ ഗേറ്റുകൾ ഒഴിവാക്കി റെയിൽവേ മേൽപ്പാലം പണിയുന്നതിനുള്ള എ.എസ്. ലഭ്യമായിരുന്നു. 2016-ൽ ഇടവ റെയിൽവേ മേൽപ്പാലത്തിനുവേണ്ടിയുള്ള എ.എസ്. ലഭിക്കുകയും 2019-ൽ ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തതാണ്. ഇതിന്റെ ഭാഗമായുള്ള സാമൂഹ്യാഘാത പഠനമടക്കം പൂർത്തീകരിക്കുകയും അവകാശികളുമായി ഹിയറിംഗ് നടത്തുകയും 19(1) നോട്ടീസ് പബ്ലിഷ് ചെയ്യുകയും ചെയ്തു. എല്ലാ നടപടികളും പൂർത്തീകരിച്ചുവന്ന ഘട്ടത്തിലാണ് റെയിൽവേ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. സാധാരണനിലയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരം വിഷയങ്ങളിൽ ഇടപെടാറില്ലായിരുന്നു. പക്ഷേ, ഇക്കാര്യത്തിൽ ഹൈക്കോടതി ഇടപെട്ട് നാറ്റ്പാക്കിനോട് അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരിക്കുകയാണ്. നാറ്റ്പാക്ക് അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ വിഷയം പലപ്പോഴായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. സ്റ്റാൻഡിംഗ് കൗൺസിലുമായി ബന്ധപ്പെട്ട് നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. വർക്കല പുന്നമൂട് റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചത് ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala) ആണെന്നാണ് അറിയാൻ കഴിഞ്ഞത്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ ശിവഗിരിയിലേയ്ക്ക് ഓരോ വർഷവും ലക്ഷക്കണക്കിന് തീർത്ഥാടകർ വരുമ്പോൾ റെയിൽവേ ഗേറ്റിൽ മണിക്കൂറുകളോളം കാത്തുനിൽക്കേണ്ടിവരുന്ന സാഹചര്യമാണ് സംജാതമായിട്ടുള്ളത്. ആ സാഹചര്യം മറികടക്കുന്നതിന് ഈ രണ്ട് റെയിൽവേ മേൽപ്പാലങ്ങൾ അടിയന്തരമായി നിർമ്മിക്കണം. ഇന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും കോടതിതലത്തിലും അടിയന്തര ഇടപെടലുണ്ടാകണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. വി. ജോയി ഇവിടെ ഉന്നയിച്ച വിഷയം വർക്കല നിയോജകമണ്ഡലത്തിലെ രണ്ട് മേൽപ്പാലങ്ങളുടെ നിർമ്മാണത്തെ സംബന്ധിച്ചാണ്. ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും 25.23 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചതാണ്. സ്ഥലം ഏറ്റെടുക്കലിനായി നോട്ടിഫിക്കേഷനുകൾ പരസ്യപ്പെടുത്തുകയും നഷ്ടപരിഹാര തുകയിനത്തിൽ 4,84,73,295 രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നൽകുകയും ചെയ്തു. എന്നാൽ പദ്ധതിക്കെതിരെ സ്ഥലമുടമകളായ 12 പേർ ചേർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയ കേസ് വിചാരണയിലിരിക്കുകയാണ്. ഹൈക്കോടതി ഉത്തരവുപ്രകാരം നാറ്റ്പാക്ക് അലൈൻമെന്റ് സംബന്ധിച്ച പഠനം നടത്തുകയും റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിന്മേലുള്ള ആർ.ബി.ഡി.സി.കെ-യുടെ അഭിപ്രായം സ്റ്റാൻഡിംഗ് കൗൺസിൽ മുഖേന 28-5-2021-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്തിമവിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. റെയിൽവേയിൽ നിന്ന് ജി.എ.ഡി. (General Arrangement Drawing)-ക്ക് സിംഗിൾ സ്പാൻ ആയി അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഭാവി ട്രാക്ക് വിപുലീകരണവുമായി ബന്ധപ്പെട്ട് മൂന്ന് സ്പാൻ ആക്കി ജി.എ.ഡി. തിരുത്തി സമർപ്പിക്കുവാൻ റെയിൽവേ നിർദ്ദേശിച്ചിരിക്കുകയാണ്. പുന്നമൂട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനും ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിച്ചതിനെത്തുടർന്ന് കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് ആർ.ബി.ഡി.സി.കെ.-ക്ക് ലഭിച്ചിട്ടുണ്ട്. ആർ.ഒ.ബി (Road Over Bridge)-യുടെ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബിയുടെയും റെയിൽവേയുടെയും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. പ്രധാന റോഡുകളിൽ റെയിൽവേ ഗേറ്റുകൾ ഇല്ലാത്ത കേരളം എന്നതാണ് ഈ സർക്കാരിന്റെ സ്വപ്നം; ഈ സർക്കാരിന്റെ മാത്രമല്ല, ജനങ്ങളുടെയാകെ സ്വപ്നമതാണ്. അത് നടപ്പിലാക്കാനുള്ള എല്ലാ ശ്രമവും നടത്തും. വർക്കല സംസ്ഥാനത്തെ മാത്രമല്ല, രാജ്യത്തെ തന്നെ പ്രധാനപ്പെട്ടൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ്. പിൽഗ്രിം ടൂറിസവും മറ്റ് സാധ്യതകളുമുള്ള വർക്കലയിലെ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിഹരിക്കാൻ ഇടപെടലുകൾ നടത്തുമെന്ന് അറിയിക്കുകയാണ്.

## (4) റോഡ് വികസനം

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ സഭയിലെ മഹാഭൂരിപക്ഷം അംഗങ്ങളും കോട്ടയത്തുനിന്നും മൂവാറ്റുപുഴ വഴി വരുന്ന എം.സി. റോഡിലൂടെ യാത്ര ചെയ്തിട്ടുള്ളവരായിരിക്കും. അതിൽ ഏറ്റവും ദുർഘടമായത് കൂത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴ വരെയുള്ള അങ്ങേയറ്റം കയറ്റവും വളവുകളുമൊക്കെയുള്ള ഒരു പ്രദേശമാണ്. അതിന് പാരലലായി കൂത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴയ്ക്ക് നേരിട്ട് വളവും കയറ്റവുമൊന്നുമില്ലാതെ വളരെ നല്ലൊരു പാത നിർമ്മിക്കുന്നതിനുള്ള പദ്ധതി 1993-ൽ ആരംഭിച്ചതാണ്. 20 കിലോമീറ്റർ റോഡിനുള്ള പ്രൊപ്പോസലായിരുന്നു; മൂന്ന് കിലോമീറ്റർ ദൂരത്തിൽ കുറവുമുണ്ട്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ 1996-ൽ ആദ്യത്തെ ഗഡുവായി മൂന്നരക്കോടി രൂപ അനുവദിച്ചു. സ്ഥലം അക്വയർ ചെയ്യുന്നതിനായി മൂന്ന് ദശാബ്ദങ്ങൾക്കു മുൻപ് 20 മീറ്ററിൽ കല്ലിട്ടിട്ടുമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 25 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുകയുപയോഗിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തതാണ്. എന്നാൽ ഇപ്പോൾ ആ പദ്ധതി കൂടുതൽ മുന്നോട്ടുപോയതായി കാണുന്നില്ല. അതുമായി ബന്ധപ്പെട്ട് സർക്കാർ എന്താണ് തീരുമാനിച്ചിട്ടുള്ളത്? അത് ഏറ്റവും ഐഡിയലായിട്ടുള്ള, വികസനമെന്നതിലുപരി ഏറ്റവും നല്ല ഒരു റോഡായിരിക്കും. ഏറ്റവും കൂടുതൽ അപകടം നടക്കുന്ന ഒരു സ്ട്രെച്ചാണ് കൂത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴ വരെയുള്ള എം.സി. റോഡ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി മുന്നോട്ട് കൊണ്ടുപോകേണ്ട മൂന്ന് ദശാബ്ദമായി കാത്തിരിക്കുന്ന ഒരു പദ്ധതിയാണിത്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനമെന്താണെന്ന് അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ചത് മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ് വികസനവുമായി ബന്ധപ്പെട്ട വിഷയമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 25 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 487.22 കോടി രൂപയുടെ ഡി.പി.ആർ. 27-1-2021-ൽ കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബി സ്ഥലപരിശോധന നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തിയാണ് ഇപ്പോൾ നടക്കുന്നത്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി നേടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ എം.എൽ.എ.-മാർ പങ്കെടുത്ത യോഗത്തിൽ ചില

കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത യോഗത്തിൽ എം.എൽ.എ.-യുൾപ്പെടെ ഞാനും പങ്കെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ സംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് മുന്നോട്ട് പോകാവുന്നതാണ്. പദ്ധതി വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും.

(5) പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ദേശീയപാത 544-ൽ പുതുക്കാട് ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള അടിപ്പാതയുടെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല. ദേശീയപാത നാലുവരി പാതയാക്കി മാറ്റി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ട് 9 വർഷത്തോളമായി. ഇതിനോട് അനുബന്ധിച്ചുള്ള സർവ്വീസ് റോഡുകൾ, ഡ്രെയിനേജുകൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല. ജംഗ്ഷനിലെ അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് 5 കോടി രൂപയിലധികം ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയിട്ടുമുണ്ട്. ഇത്രയൊക്കെയായിട്ടും അടിപ്പാതയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി യോഗങ്ങൾ ഇതിന്റെ ഭാഗമായി നേരത്തെ നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിന്റെ ആസ്ഥാനം കൂടിയാണ് പുതുക്കാട് ജംഗ്ഷൻ. താലൂക്ക് ആശുപത്രി, കൊടകര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പുതുക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ്, പുതുക്കാട് ടൗൺ സഹകരണ ബാങ്ക്, പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്, പ്രജ്യോതി നികേതൻ കോളേജ്, സെന്റ് ആന്റണീസ് സ്കൂൾ, ഗവൺമെന്റ് ഹൈസ്കൂൾ തുടങ്ങി നിരവധി സ്ഥാപനങ്ങളും സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, കുറുമാലിക്കാവ് ഭഗവതി ക്ഷേത്രം തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കടക്കുന്നുണ്ട്. അതിന്റെ ഭാഗമായി നിരവധി അപകടങ്ങൾ നടന്നതും ജീവനുകൾ പൊലിഞ്ഞുപോയതുമായ ഒരു പ്രദേശവുമാണ് പുതുക്കാട് ജംഗ്ഷൻ. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും അപകടമരണങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി ഈ അടിപ്പാത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ ഉന്നയിച്ച വിഷയം അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം നടത്തേണ്ട നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന വിശദീകരണം അനുസരിച്ച്, ഭൂമി ഏറ്റെടുക്കാനുണ്ടായ കാലതാമസം കാരണം പുതുക്കാട് അണ്ടർപ്പാസ്സിന്റെ പ്രവൃത്തികൾ നേരത്തെ ഏറ്റെടുത്തിട്ടില്ലായിരുന്നു. നിലവിൽ തൃശ്ശൂർ-അങ്കമാലി റോഡ് ആറുവരിപ്പാതയാക്കുന്നതിനുള്ള ഡി.പി.ആർ.

തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ആറുവരിപ്പാത നിർമ്മാണസമയത്ത് പുതുക്കാട് അണ്ടർപ്പാസ്സുകൂടി നടപ്പിലാക്കുന്നതാണ്. ആറുവരിപ്പാതയുടെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ ആക്ട് പ്രകാരമുള്ള 3 ക്ലോസ്(എ) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. പുതുക്കാട് അണ്ടർപ്പാസ്സ് നിർമ്മിക്കുമ്പോഴാണ് സർവ്വീസ് റോഡും ഓടയും നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ, നിലവിലെ സാഹചര്യം പരിഗണിച്ച് സർവ്വീസ് റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുവാൻ കൺസഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രാധാന്യമുള്ള ഒരുപാട് സ്ഥലങ്ങളുമുള്ള പ്രദേശമെന്ന പരിഗണന നൽകിക്കൊണ്ട് ആ നിലയിൽത്തന്നെ വകുപ്പ് ഇടപെടുമെന്ന് അറിയിക്കുകയാണ്.

## (6) പുത്തൂർ-ചെനക്കൽ ബൈപ്പാസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോഴിക്കോട്-തൃശ്ശൂർ നാഷണൽ ഹൈവേയുമായും ഏറ്റവും തിരക്കേറിയ കോട്ടയ്ക്കൽ അങ്ങാടിയുമായി ബന്ധപ്പെടാതെ മലപ്പുറത്തുനിന്നും എത്താൻ കഴിയുന്ന ഒരു ബൈപ്പാസ്സാണ് കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ്. ഇതിന്റെ ആദ്യത്തെ രണ്ടുഘട്ടവും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിഭാഗത്ത് സ്ഥലമേറ്റെടുക്കാൻ ആവശ്യമായ നടപടികൾ തുടർന്നുവരികയാണ്. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ സ്റ്റഡി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം വിട്ടുകൊടുത്ത് പദ്ധതി നടപ്പിലാക്കണമെന്ന അവസ്ഥയിലേയ്ക്ക് ജനങ്ങൾ എത്തിയിട്ടുണ്ട്. അവർക്ക് വീടുവയ്ക്കാൻ കഴിയുന്നില്ല, അതുമായി ബന്ധപ്പെട്ട് മറ്റൊരു ക്രയവിക്രയവും നടത്താനും കഴിയുന്നില്ല. അതുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ ഏറ്റവുംവേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി എൽ.എ.-യ്ക്ക് കണ്ടിജൻസി ചാർജ്ജായി 49 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് നേരത്തെ അനുവദിച്ചിട്ടുണ്ട്. അതിന്റെ ബാക്കി പ്രവർത്തനം നടത്തുന്നതിലേയ്ക്ക് എൽ.എ.-യ്ക്ക് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകിയാൽ മാത്രമേ സ്ഥലം പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ. അതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് താൽപ്പര്യമെടുത്ത് സുപ്രധാനമായ കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ്സിന്റെ പ്രവർത്തനം തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. റവന്യൂ വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥരെയുൾപ്പെടുത്തി നിയമസഭ സമ്മേളിക്കുന്ന സമയത്തുതന്നെ ഒരു യോഗം വിളിച്ചുകൂട്ടി അതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ച വിഷയം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. മൂന്നാംഘട്ട സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജായി ആവശ്യപ്പെട്ട 50 ലക്ഷം രൂപ തിരൂർ എൽ.എ. തഹസീൽദാർക്ക് നിലവിൽ കൈമാറിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിന് ആദ്യഘട്ടമായി 50,000 രൂപ കൈമാറിയിരുന്നു. പിന്നീട് 10 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയപ്പോൾ ആ തുകയും കൈമാറി. എൽ.എ. നടപടികൾ തുടങ്ങുംമുൻപേ നഷ്ടപരിഹാരത്തുകയുടെ 5 ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ, ഏതാണോ കുറവ് ആ തുക എൽ.എ. തഹസിൽദാർക്ക് കൈമാറുവാൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാന മെടുത്തതിന്റെയടിസ്ഥാനത്തിൽ കുറഞ്ഞ തുകയായ 50 ലക്ഷം രൂപയാണ് കൈമാറേണ്ടിയിരുന്നത്. നേരത്തെ നൽകിയതിന്റെ ബാക്കി തുകയായ മുപ്പത്തി ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ ജൂൺ മാസത്തിൽ കൈമാറിയിട്ടുണ്ട്. നഷ്ടപരിഹാരത്തുകയുടെ വിശദമായ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ദേശീയപാതകളിൽ പ്രധാന ഗതാഗതക്കുരുക്കുള്ള സ്ഥലം തൃശ്ശൂർ മുതൽ കാസർഗോഡ് വരെയാണ്. അതിൽ തൃശ്ശൂർ, എടപ്പാൾ, വളാഞ്ചേരി, കോട്ടയ്ക്കൽ, രാമനാട്ടുകര, കൊയിലാണ്ടി, വടകര, തലശ്ശേരി, മാഹി ബൈപാസ്സ് ഉൾപ്പെടെ കണ്ണൂർ പോലെയുള്ള സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. കോട്ടയ്ക്കൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയെന്നുള്ളത് സർക്കാരിനെ സംബന്ധിച്ചിടത്തോളം പ്രധാന വിഷയമായി കാണുന്നുണ്ട്. ആ നിലയിൽത്തന്നെ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കുന്നതിനുള്ള ശ്രമമുണ്ടാകുമെന്ന് അറിയിക്കുകയാണ്.

## (7) ചാലക്കുടി ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിലെ പ്രധാനപ്പെട്ട ചാലക്കുടി നഗരസഭാ ജംഗ്ഷന് സമീപത്തെ അടിപ്പാതയുടെ നിർമ്മാണം ഇഴഞ്ഞുനീങ്ങുകയാണ്. അനുമതി ലഭ്യമായി 10 വർഷവും നിർമ്മാണം തുടങ്ങിയിട്ട് മൂന്ന് വർഷവുമായി. നിർമ്മാണപ്രവർത്തനം ഇഴഞ്ഞുനീങ്ങുന്നതുമൂലം മുനിസിപ്പൽ ഓഫീസും റെയിൽവേ സ്റ്റേഷനും നിരവധി സർക്കാർ ഓഫീസുകളുമൊക്കെയുള്ള ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വലിയ കുരുക്കായി മാറിയിരിക്കുകയാണ്. ഒരുവശം പൂർണ്ണമായി കൊട്ടിയടച്ചാണ് നിർമ്മാണം തുടങ്ങിയത്. ഇരുനൂറ് മീറ്റർ ദൂരം ഒറ്റവരിയായിട്ടുവേണം വാഹനങ്ങൾക്ക് കടന്നുപോകേണ്ടത്. റോഡിന്റെ ശോചനീയാവസ്ഥയും

ഗതാഗതക്കുരുക്കുംമൂലമുണ്ടായ അപകടങ്ങളിൽ 13 പേർ മരണപ്പെടുകയും നൂറുകണക്കിനാളുകൾക്ക് അപകടംമൂലം പരിക്കേൽക്കുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ട്. 4-12-2011-ലെ കരാറിൽ പറഞ്ഞിട്ടുള്ള പൂർത്തിയാകാത്ത നിർമ്മാണപ്രവർത്തനങ്ങൾ നാല് മാസത്തിനകം പൂർത്തീകരിക്കാമെന്ന് പറഞ്ഞാണ് നിർമ്മാണ കമ്പനി ടോൾ പിരിവ് തുടങ്ങിയത്. പത്തുവർഷം കഴിഞ്ഞിട്ടും നിർമ്മാണത്തിന് ചെലവായ പണം മുഴുവൻ ടോൾ പിരിച്ചുകഴിഞ്ഞിട്ടും, കരാറിൽ പറഞ്ഞിട്ടുള്ള സർവ്വീസ് റോഡിന്റെയും ഡ്രെയിനേജിന്റെയും പണി പൂർത്തീകരിച്ചിട്ടില്ല. ഇതുമൂലം എന്റെ നിയോജകമണ്ഡലത്തിലെ ചാലക്കുടിയിലും കൊരട്ടിയിലും കൊടകരയിലുമടക്കം നിരവധി അപകടങ്ങളാണുണ്ടാകുന്നത്. ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുപോലും നിർമ്മാണ കമ്പനി റോഡിന്റെ മെയിന്റനൻസ് ചെയ്യുന്നില്ല. സി.ബി.ഐ. കേസ്സെടുത്തിട്ടും ടോൾ പിരിക്കുന്നതിൽ മാത്രമാണ് നിർമ്മാണ കമ്പനിക്ക് താത്പര്യം. ടോൾ കമ്പനിയെ നിലയ്ക്കുനിർത്താനും ചാലക്കുടി അടിപ്പാതയുടെയും സർവ്വീസ് റോഡുകളുടെയും നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. സനീഷ്കുമാർ ജോസഫ് ഉന്നയിച്ചത് ചാലക്കുടി ദേശീയപാതയിലെ അടിപ്പാത നിർമ്മാണം, സർവ്വീസ് റോഡിന്റെ നിർമ്മാണം തുടങ്ങിയ പ്രശ്നങ്ങളാണ്. അടിപ്പാതകളുടെയും സർവ്വീസ് റോഡുകളുടെയും നിർമ്മാണം നടക്കുന്നത് ദേശീയപാതാ അതോറിറ്റിയുടെ മേൽനോട്ടത്തിലാണ്. NHAI പാലക്കാട് യൂണിറ്റാണ് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നത്. അടിപ്പാതയുടെ നിർമ്മാണം സംബന്ധിച്ച് NHAI-ൽ നിന്നും നൽകിയ വിശദീകരണമനുസരിച്ച് 20.72 ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എറണാകുളം ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ തിരിച്ചുവിടുന്നതിനായി അടിപ്പാതയുടെ വലതുവശത്തായി സർവ്വീസ് റോഡ് നിർമ്മിച്ചിട്ടുണ്ട്. മെയിൻ കാര്യേജ് വേ ഇടതുഭാഗത്തെ ഗതാഗതത്തിനുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ തൊഴിലാളികൾ, യന്ത്രസാമഗ്രികൾ, നിർമ്മാണ വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നതിന് കൺസഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ കാലാവസ്ഥയും കോവിഡ് സാഹചര്യവും കണക്കിലെടുത്ത് പദ്ധതി പൂർത്തീകരിക്കാൻ 31-3-2022-ന് സാധിക്കുമെന്നാണ് NHAI അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്ഥലം നെടുമ്പാശ്ശേരി എയർപോർട്ടിനും തൃശ്ശൂരിനുമിടയിലായതിനാൽ നല്ല പ്രാധാന്യമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് NHAI-യുടെ പ്രവൃത്തികളിൽ ചില വിഷയങ്ങളുള്ളതിനെ ക്കുറിച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നനിലയിൽ ഒരു കത്ത് നൽകിയിട്ടുണ്ട്. സ്ഥലം NHAI-യ്ക്ക് കൊടുക്കുന്നതിന്റെ, പൂർണ്ണമായ കൈമാറ്റത്തിന്റെ ഭാഗമായി പെട്ടെന്ന്

ഇടപെട്ട് പൊതുമരാമത്ത് വകുപ്പിന് പാച്ച് വർക്കുകൾപ്പെടെ നടത്തുന്നതിന് ചില പ്രയാസങ്ങളുണ്ട്. ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ചുകൊണ്ടാണ് കത്തെഴുതിയത്. ഈ റോഡ് ഉൾപ്പെടെ കേരളത്തിലെ പ്രധാനപ്പെട്ട NHAI റോഡുകളുടെ പ്രശ്നംകൂടിയുണ്ട്. ഇതുമായി ബന്ധപ്പെട്ട് NHAI-യെ ഒരിക്കൽക്കൂടി ബന്ധപ്പെടാമെന്നാണ് അറിയിക്കാനുള്ളത്.

(8) കേരള ചിക്കൻ പദ്ധതി

ശ്രീ. ഒ. ആർ. കേളു: സർ, കേരള ചിക്കൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. കേരളീയർ പൊതുവെ കോഴിയിറച്ചി നല്ലരീതിയിൽ കഴിക്കുന്നവരാണ്. സംസ്ഥാനത്ത് ആവശ്യത്തിന് കോഴിയിറച്ചി ലഭ്യമാകുന്നില്ലെന്ന കാര്യം ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്, അതിന്റെ യാഥാർത്ഥ്യങ്ങളും നമുക്കെല്ലാവർക്കുമറിയാം. കോഴിയിറച്ചിയുടെ ലഭ്യതക്കുറവുകാരണം കഴിഞ്ഞ ഗവൺമെന്റ് കോഴിയിറച്ചി കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിനു വേണ്ടി രൂപം നൽകിയതാണ് കേരള ചിക്കൻ പദ്ധതി. കേരളത്തിൽത്തന്നെ ചിക്കൻ ഉത്പാദിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കുടുംബശ്രീ മിഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ നാല് ഏജൻസികളെയാണ് ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അത്തരം കാര്യങ്ങൾ നല്ലരീതിയിൽ നടക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. പ്രസ്തുത ഏജൻസികളുമായി ഗവൺമെന്റ് ചില ഉപാധികളുണ്ടാക്കിയിട്ടുണ്ട്. ആ ഉപാധികൾ എന്തൊക്കെയാണ്; ഇതിന്റെ പ്രവർത്തനം നടക്കാത്തത് എന്തുകൊണ്ടാണ്; ഇവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നെല്ലാം അറിയേണ്ടതുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഒട്ടേറെ കുടുംബശ്രീ പ്രവർത്തകർക്കും കർഷകർക്കും തൊഴിൽ ലഭിക്കുന്ന മേഖലയാണ് കോഴിവളർത്തൽ. കോഴി വളർത്തലിലൂടെ ഒരു തൊഴിലും വരുമാനവുമുണ്ടാകുകയും നമുക്ക് ആവശ്യമായ കോഴിയിറച്ചി കേരളത്തിൽത്തന്നെ ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഗവൺമെന്റ് ഗൗരവമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന സുപ്രധാന വിഷയത്തെക്കുറിച്ചാണ് ശ്രീ. ഒ. ആർ. കേളു സൂചിപ്പിച്ചത്. സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ വിലയ്ക്ക് കേരള ചിക്കൻ എന്ന ബ്രാൻഡിൽ പൊതുജനങ്ങൾക്കെത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ചിക്കൻ. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ

ഇതിനാവശ്യമായ 63.11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗവൺമെന്റ് നാല് ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കുടുംബശ്രീ മിഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ സ്റ്റേക്ക്ഹോൾഡർമാരുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതുതായി അട്ടപ്പാടിയിൽ 8.5 കോടി രൂപ ചെലവിൽ ഒരു ബ്രീഡർ ഫാമും തിരുവനന്തപുരം കുടപ്പനക്കുന്നിലുള്ള കെ.എസ്.പി.ഡി.സി. ഫാമിൽ 1.57 കോടി രൂപ ചെലവിൽ ബ്രീഡർ ഫാം വിപുലീകരണം, വിവിധ ജില്ലകളിലായി അഞ്ച് റെന്ററിംഗ് പ്ലാന്റുകൾ, പ്രോസസ്സിംഗ് പ്ലാന്റുകൾ, 2600 ചെറുകിട ബ്രോയിലർ ഫാമുകൾ, 240 സെയിൽസ് ഔട്ട്ലെറ്റുകൾ എന്നിവ നിലവിൽവരും. ഇതിലൂടെ സംസ്ഥാനത്തുടനീളം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. സ്റ്റേക്ക്ഹോൾഡർമാരുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ബ്രോയിലർ ഫാമുടമകൾക്ക് അതാത് ഹോൾഡർമാർ വഴി ഫാം ഒന്നിന് പരമാവധി അൻപതിനായിരം രൂപയും സെയിൽസ് ഔട്ട്ലെറ്റ് ഒന്നിന് ഇരുപത്തയ്യായിരം രൂപയും പദ്ധതി പ്രകാരം ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന ബ്രീഡർ ഫാമുകളിൽനിന്നും ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഓരോ സ്റ്റേക്ക്ഹോൾഡർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുകയും മുപ്പത്തിയെട്ട് ദിവസം പ്രായമാകുമ്പോൾ കോഴികളെ കർഷകരിൽനിന്നും വില നൽകി തിരികെയെടുത്ത് പ്രോസസിംഗ് പ്ലാന്റിലെത്തിച്ച് ബാക്ടീരിയൽ ലോഡ്, കെമിക്കൽ കണ്ടന്റ് എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി മൂല്യവർദ്ധിത ഇറച്ചി ഉത്പന്നങ്ങളാക്കി മാറ്റി 'കേരള ചിക്കൻ' എന്ന ബ്രാൻഡ് നെയിമിൽ പദ്ധതിയുടെ സെയിൽസ് ഔട്ട്ലെറ്റുകളായ കേരള ചിക്കൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് പ്രതിദിനം ഒരു ദശലക്ഷം ഇറച്ചിക്കോഴികളെയാണ് മാംസാവശ്യത്തിന് ഉപയോഗിക്കുന്നത്. ഇതിൽ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്നതിനാൽ ഇറച്ചിക്കോഴിയുടെ മാർക്കറ്റ് നിയന്ത്രണം ഇതര സംസ്ഥാന ലോബിയുടെ കൈകളിലാണ്. നിലവിൽ കേരളത്തിലെ ബ്രോയിലർ വ്യവസായത്തിൽ ആവശ്യമുള്ളതിന്റെ 0.1 ശതമാനം മാത്രമെ സർക്കാർ/ കോർപ്പറേറ്റ് മേഖലയിലുള്ളൂ. കേരള ചിക്കൻ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി നൂറ് ശതമാനം മാർക്കറ്റ് ഷെയറും കൈകാര്യം ചെയ്യുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഭക്ഷ്യസുരക്ഷയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള ഉറച്ച കാൽവയ്പിനും വഴിതെളിക്കുന്നതാണ്.

## (9) ബസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടം വളരെ കാലപ്പഴക്കം ചെന്നതും ഇന്നത് ശോചനീയാവസ്ഥയിലുമാണ്. ദിവസേന ആയിരക്കണക്കിനാളുകൾ കടന്നു പോകുന്ന എം.സി. റോഡിനോട് ചേർന്നാണ് അപകടാവസ്ഥയിലുള്ള കെട്ടിടം സ്ഥിതിചെയ്യുന്നത്. സമീപത്തുകൂടി ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുമ്പോഴുണ്ടാകുന്ന പ്രകമ്പനങ്ങൾമൂലം ഏത് സമയത്തും കെട്ടിടം നിലംപൊത്താവുന്ന അവസ്ഥയിലാണ്. ജനത്തിരക്ക് കൂടുതലുള്ള റോഡിൽ കെട്ടിടം തകർന്നുവീണാലുണ്ടാകുന്നത് വലിയൊരു അപകടമാണ്. അതീവഗൗരവമുള്ള വിഷയമാണിത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വക സ്ഥലം വാണിജ്യവത്കരിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ബസ് സ്റ്റേഷന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാനും ബസ് സ്റ്റേഷനിൽ യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ചാണ് ശ്രീ. ജോബ് മൈക്കിൾ സബ്മിഷൻ ഉന്നയിച്ചത്. കെ.എസ്.ആർ.ടി.സി-ക്ക് ചങ്ങനാശ്ശേരിയിൽ 2472 ച.മീ. പ്ലിന്ത് ഏരിയയിൽ ഒരു ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് മൂന്ന് നിലകളിൽ നിർമ്മിക്കുന്നതിന് ഏകദേശം 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി നിർമ്മാണത്തിന് വേണ്ടിയുള്ള തുക അനുവദിക്കാൻ 2015-ൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാരിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പ്രസ്തുത അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്നും മുമ്പ് അനുവദിച്ച പദ്ധതി വിഹിതത്തിൽനിന്നോ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നോ തുക ലഭ്യമാക്കാനുള്ള സാധ്യതകൾ തേടണമെന്നും 2015-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് മുൻ എം.എൽ.എ. സി. എഫ്. തോമസ് 2014-15 ആസ്തി വികസന പദ്ധതിയിൽനിന്ന് അനുവദിച്ച 2.50 കോടി രൂപ വിനിയോഗിച്ച് എട്ട് ബേ-കളുള്ള ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പ്രവൃത്തി 22-9-2016-ൽ പൂർത്തീകരിച്ചു. കാലപ്പഴക്കംമൂലം ശോചനീയാവസ്ഥയിലായ ബസ് സ്റ്റേഷൻ കെട്ടിടം പൊളിച്ച്

പുതിയ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തനത് ഫണ്ട് കണ്ടെത്തുന്നതിന് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ നിർവ്വാഹമില്ല. പ്രസ്തുത ബസ് സ്റ്റേഷന്റെ നവീകരണ പ്രവൃത്തികൾക്കായി കിഫ്ബി മുഖാന്തരമോ എം.എൽ.എ-യുടെ ആസ്തിവികസന പദ്ധതിയിൽനിന്നോ തുക ലഭ്യമാകുന്ന മുറയ്ക്ക് ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി നടത്താവുന്നതാണ്.

(10) സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിലെ ആദ്യത്തെ കായിക വിദ്യാലയമായ ജി.വി.രാജ സ്പോർട്സ് സ്കൂൾ 1975-ലാണ് സ്ഥാപിതമായത്. കേരളത്തിന്റെ കായിക പിതാവ് ലെഫ്. കേണൽ ഗോദവർമ്മ രാജയുടെ നാമധേയത്തിലാണ് ഈ സ്ഥാപനം അറിയപ്പെടുന്നത്. നിലവിൽ അരുവിക്കര ഗ്രാമപഞ്ചായത്തിലെ മൈലം എന്ന സ്ഥലത്താണ് പ്രസ്തുത സ്കൂൾ സ്ഥിതിചെയ്യുന്നത്. 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. നിലവിൽ 450 വിദ്യാർത്ഥികളും 30 പരിശീലകരുമുണ്ട്. 2017-ൽ കായിക വകുപ്പ് ഈ സ്കൂൾ ഏറ്റെടുത്തു. രാജ്യത്തിന്റെ അഭിമാനതാരങ്ങളായ ഒളിമ്പ്യന്മാരായ ശ്രീമതി ഷൈനി വിൽസൺ, ശ്രീമതി കെ. എം. ബീനാമോൾ, ശ്രീ. പി. ആർ. ശ്രീജേഷ് എന്നിവർ ഇവിടെ പഠിച്ച വിദ്യാർത്ഥികളാണ്. ദേശീയ-അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന കായികതാരങ്ങളെ വളർത്തിയെടുക്കുന്ന സ്ഥാപനമാണ് റസിഡൻഷ്യൽ പരിശീലനമുള്ള ഈ സ്കൂൾ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യങ്ങൾ നിലവിലുണ്ട്. ഒന്നാം പിണറായി വിജയൻ സർക്കാർ പ്രസ്തുത സ്കൂളിനെ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനു വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അത്‌ലറ്റിക്സ്, ബാസ്കറ്റ്ബാൾ, തായ്കോണ്ടൊ, റസ്‌ലിംഗ്, ഹോക്കി, ഫുട്ബോൾ, വെയിറ്റ് ലിഫ്റ്റിംഗ്, ബോക്സിംഗ്, ജൂഡോ, പെൺകുട്ടികൾക്കായി ക്രിക്കറ്റ് എന്നീ കായിക ഇനങ്ങൾക്കുള്ള പരിശീലനം ഈ സ്കൂളിൽ നൽകിവരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 15 കോടി രൂപ ചെലവഴിച്ച് സിന്തറ്റിക് ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്, ലോംഗ് ജമ്പ് പിറ്റ് എന്നിവ സ്ഥാപിച്ചു. ഈ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഭൂമി നിലവിൽ ലഭ്യമല്ലായെന്നുള്ളതാണ് ഇപ്പോൾ സ്കൂൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പെൺകുട്ടികൾക്കുള്ള ക്രിക്കറ്റ് പരിശീലനം, അത്‌ലറ്റ് പരിശീലനം, ദൈനംദിന കായിക പരിശീലനം എന്നിവയ്ക്ക് അധിക ഭൂമി ആവശ്യമാണ്. ഇതിനായി കഴിഞ്ഞ സർക്കാർ ഈ സ്കൂളിന്റെ ക്യാമ്പസിനോട് ചേർന്നുകിടക്കുന്ന റവന്യൂ വകുപ്പിന്റെ മൂന്ന് ഏക്കറോളം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനം നടത്തിയിരുന്നു.

എന്നാൽ തുടർനടപടികൾ നടക്കാത്തതിന്റെ ഭാഗമായി ജി.വി. രാജ സ്കൂളിനുവേണ്ടി ഭൂമി വിട്ടുകിട്ടിയിട്ടില്ല. നിലവിലെ സ്പോർട്സ് വകുപ്പുമന്ത്രി ചുമതലയേറ്റെടുത്ത് ആഴ്ചകൾക്കംതന്നെ സ്കൂൾ സന്ദർശിക്കുകയും അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. സംസ്ഥാനത്തിന് അഭിമാനമായ രാജ്യാന്തരനിലവാരം പുലർത്തുന്ന സ്പോർട്സ് സ്കൂളിന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിനും സ്കൂളിന് ലഭ്യമാക്കേണ്ട ഭൂമി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അതിലൂടെ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് കൂടുതൽ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനും സ്പോർട്സ് വകുപ്പിന്റെ അടിയന്തരശ്രദ്ധ പതിയണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത് വളരെ പ്രസക്തമായ ഒരു സബ്മിഷനാണ്. സംസ്ഥാന കായിക യുവജന കാര്യാലയത്തിനുകീഴിൽ കായികമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ അരുവിക്കര വില്ലേജിൽ പ്രവർത്തിക്കുന്ന ജി.വി.രാജ സ്പോർട്സ് സ്കൂളിന് അനുബന്ധമായി 41-ാം ബ്ലോക്കിൽപ്പെട്ട 137/4, 137/5, 137/32, 137/35 എന്നീ സർവ്വെ നമ്പറുകളിൽ സ്ഥിതിചെയ്യുന്ന മൂന്ന് ഏക്കറോളം സർക്കാർ ഭൂമി സ്കൂളിന്റെ വികസനത്തിനായി വിട്ടുകിട്ടുന്നതിനുവേണ്ടി തഹസിൽദാർ ആൻഡ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം മേൽ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും കായിക യുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. തുടർനടപടിക്കായി വിലനിർണ്ണയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് മേൽ സർവ്വെ നമ്പരിനോട് ചേർന്നുകിടക്കുന്ന അടുത്ത കാലത്ത് രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച മൂന്ന് വസ്തുക്കളുടെ വിലയാധാരങ്ങളുടെ പകർപ്പ് അടിയന്തരമായി ലഭ്യമാക്കണമെന്ന് വെള്ളനാട് സബ് രജിസ്ട്രാറോട് ഡയറക്ടർ അപേക്ഷിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് മേൽ സർവ്വെ നമ്പരുകളിൽ നിലവിൽ കയ്യേറ്റങ്ങളുള്ളതായും കയ്യേറ്റമൊഴിപ്പിക്കലിന് എതിരെ ഓപ്പൺ പെറ്റീഷൻ നിലനിൽക്കുന്നതായും മേൽ സാഹചര്യത്തിൽ ബന്ധപ്പെട്ട ഭൂമി സംബന്ധിച്ചുള്ള സമഗ്ര സർവ്വെ നടത്തി ആവശ്യമായ എല്ലാ റെക്കോർഡുകളും പരിശോധിച്ച് ആവശ്യമെങ്കിൽ തണ്ടപ്പേർ കക്ഷികളെ നേരിട്ട് കേട്ട് സർക്കാർ ഭൂമി തിട്ടപ്പെടുത്തുകയും ബന്ധപ്പെട്ട ഭൂമിയിൽ കയ്യേറ്റമോ കേസ്സുകളോ നിലവിലില്ലെന്നും ഉറപ്പുവരുത്തി കായികവകുപ്പിന് കൈമാറുന്നതിനുള്ള ശിപാർശ ലഭ്യമാക്കാൻ നെടുമങ്ങാട് തഹസിൽദാരോട് തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

# VI മേശപ്പുറത്തുവച്ച കടലാസുകൾ

## ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 52 |

2. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വിദ്യാഭ്യാസം | 2018-19 | 3 | 58 |

3. പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 10 |

4. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 58 |

## VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

### 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

മി. സ്പീക്കർ: 2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി ഡോ. മാത്യു കുഴൽനാടന് അവതരിപ്പിക്കാവുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, 2021-ലെ കേരള പോലീസ് ആക്റ്റിലെ 129-ാം വകുപ്പ് പ്രകാരം നിലവിൽ വന്ന "2020-ലെ കേരള പോലീസ് ചട്ടങ്ങളിൽ" ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(i) ചട്ടം 5-ൽ 'അറിയിപ്പ് നൽകേണ്ടതും' എന്നതിന് ശേഷം 'ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അനുമതി നേടിയ ശേഷം' എന്ന് ചേർക്കുക.

(ii) ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്ന ഫാറം 2-ന്റെ പട്ടികയിൽ വിൽപ്പന സംബന്ധിച്ച നിബന്ധനകൾ എന്ന ശീർഷകത്തിൻ കീഴിലെ ഇനം 1-ൽ '13-ാം വകുപ്പ് പ്രകാരം' എന്നത് മാറ്റി '113-ാം വകുപ്പ് പ്രകാരം' എന്ന് ചേർക്കുക.

(iii) ചട്ടം 6(1)-ൽ, ഇനം (iv) ആയി (iv) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്: അംഗം' എന്ന് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

(iv) ചട്ടം 12(1)-ൽ 'പോലീസ് സ്റ്റേഷനിൽ നിന്നും' എന്നതിനുശേഷം 'രേഖാമൂലം' എന്നുചേർക്കുക.

(v) ചട്ടം 12(1)-ൽ 'അല്ലെങ്കിൽ മറ്റുവിധത്തിൽ' എന്നത് ഒഴിവാക്കുക.

സഭയുടെ മേശപ്പുറത്തുവച്ച കേരള പോലീസ് ആക്ടുമായി ബന്ധപ്പെട്ട ചട്ടത്തിന്റെ ഭേദഗതിയാണ് നിർദ്ദേശിക്കുന്നത്. ഇതിന് ആധാരമായിട്ടുള്ളത് 2011-ലെ കേരള പോലീസ് ആക്ടാണ്. അതിൽ രണ്ട് കാര്യം പരിശോധിക്കേണ്ടതുണ്ട്. ഒന്നാമതായി, ഈ ആക്ടിൽ not withstanding പ്രൊവിഷനില്ല.

മി. സ്പീക്കർ: ഭേദഗതി മൂവ് ചെയ്താൽമതി. വിശദമായ പ്രസംഗത്തിന് അവസരമില്ല. വളരെ ചുരുക്കി പറയേണ്ടതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതിന്റെ background പറഞ്ഞാൽമാത്രമേ മനസ്സിലാകുകയുള്ളൂ. Not withstanding പ്രൊവിഷനില്ല എന്നുപറയുമ്പോൾ ഈ ആക്ടിന് അത്തരത്തിലൊരു immunity ലഭിച്ചിട്ടില്ല എന്നാണ് പറയാനുള്ളത്. ആരും അവകാശം ഉന്നയിക്കാത്ത വസ്തുക്കളെ സംബന്ധിച്ച് എന്തുചെയ്യണമെന്നത് സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ 1964-ലെ The Kerala Escheats and Forfeitures Act-ൽ പറയുന്നുണ്ട്. പ്രസ്തുത ആക്ടിലെ 12-ാമത്തെ വകുപ്പിൽ പറയുന്നത്:-

"12. Police to take charge of unclaimed properties found in public places.- Any article found in a public place, the owner of which is not known, shall be taken charge of by any police officer who shall send them for disposal to the Collector." എന്നാണ്.

ഈ സ്പെസിഫിക് ആക്ട് പ്രകാരം ജില്ലാ കളക്ടർക്കാണ് അത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഡിസ്പോസ് ചെയ്യാൻ അതോറിറ്റിയുള്ളത്. ഈ ആക്ട് നിലനിൽക്കെയാണ് കേരള പോലീസ് ആക്ട് നിലവിൽവന്നത്. പോലീസ് ആക്ടിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ not withstanding പ്രൊവിഷനില്ല. പോലീസ് ആക്ടിലെ 56-ാമത്തെ സെക്ഷനിലാണ് Police action in respect of unclaimed articles.- എന്നുപറഞ്ഞ് പവർ കൊടുക്കുന്നത്. ഇപ്പോൾ concerned ആയിട്ടുള്ള റൂൾസിലെ ചട്ടം 5 താഴെപ്പറയും പ്രകാരമാണ്.

5. അവകാശികളില്ലാത്ത ജംഗമവസ്തുക്കളെ സംബന്ധിച്ച നോട്ടീസ്: അവകാശികളില്ലാത്ത ജംഗമവസ്തുക്കൾ കയ്യൊഴിക്കുന്ന ആവശ്യത്തിലേയ്ക്കായി ഫോറം 1-ൽ സ്റ്റേഷൻ ഹൗസ് ഓഫീസർ ജില്ലാ പോലീസ് മേധാവിക്ക് അറിയിപ്പ് നൽകേണ്ടതാണ്. ഫോറം 2-ൽ ലേലത്തിലുള്ള വിൽപ്പന വിളംബരം മുഖേന തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഫോറം 2-ലെ വിൽപ്പനയിൽ നേരിട്ട് സൂപ്രണ്ട് ഓഫ് പോലീസ് ഈ സ്ഥാവര ജംഗമവസ്തുക്കൾ വിൽപ്പന നടത്തുകയാണ്. യഥാർത്ഥത്തിൽ പറഞ്ഞാൽ ഇത് സ്പെസിഫിക് ആക്ടിന്റെ പ്രൊവിഷന് വിരുദ്ധമാണ്. അതിൽ സ്പെസിഫിക്കായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു റൂളിംഗ് ഉണ്ട്. ഇനി ഇത് ലീഗലൈസ് ചെയ്യണമെങ്കിൽ ചട്ടം 5-ൽ 'അറിയിപ്പ് നൽകേണ്ടതും' എന്നതിനുശേഷം 'ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അനുമതി നേടിയശേഷം' എന്ന് കൂട്ടിച്ചേർത്തില്ലെങ്കിൽ ഈ ആക്ടുമായി കോൺഫ്ലിക്ട് ഉണ്ടാകും. അത് നിലനിൽക്കുന്നതല്ല. ഇതാണ് എന്റെ ഒന്നാമത്തെ ഭേദഗതി.

രണ്ടാമത്തെ ഭേദഗതിയെങ്കിലും അംഗീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അത് പ്രിന്റിംഗ് മിസ്റ്റേക്കാണ്. അതായത് പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തമവിശ്വാസം നൽകിയതായതിനാൽ ഈ വിളംബരത്തിന് ഏതെങ്കിലും പിശകിനോ തെറ്റായ പ്രസ്താവനയ്ക്ക് ഉപേക്ഷയ്ക്കോ ജില്ലാ പോലീസ് മേധാവിയോ മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും അവരുടെ പ്രവൃത്തികൾ 2011-ലെ കേരള പോലീസ് ആക്ടിലെ 2011 (8) 13-ാം വകുപ്പ് പ്രകാരമെന്നാണ് എഴുതിയിരിക്കുന്നത്. യഥാർത്ഥത്തിൽ അത് 113-ാം വകുപ്പെന്നാണ് എഴുതേണ്ടിയിരുന്നത്, 13-ാം വകുപ്പ് പ്രകാരമെന്നാണ് എഴുതിയിരിക്കുന്നത്. പ്രിന്റിംഗ് മിസ്റ്റേക്കായിരിക്കും.

മൂന്നാമത്തെ ഭേദഗതി, ട്രാഫിക് നിയന്ത്രണവുമായി ബന്ധപ്പെട്ട് സമിതി രൂപീകരിച്ചപ്പോൾ അതിൽ കോർപ്പറേഷൻ മേഖലയിൽ മേയർ അടക്കമുള്ളവരെയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ളവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ജില്ലാ സമിതിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് വിട്ടുപോയിട്ടുണ്ട്. അത് ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് മൂന്നാമത്തെ ഭേദഗതി.

അഞ്ചാമത്തെ ഭേദഗതി, ഈ ചട്ടത്തിൽ വളരെ ആർബിട്രറിയായിട്ടുള്ള വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ചട്ടം 12 (1)-ൽ പോലീസ് സ്റ്റേഷനിൽ നിന്നൊരു അറിയിപ്പ് ഒന്നുകിൽ രേഖാമൂലമായിരിക്കണം. 'അല്ലെങ്കിൽ മറ്റുവിധത്തിൽ' എന്നുപറഞ്ഞാൽ എന്താണ്? ഫോൺ ചെയ്ത് പറഞ്ഞാൽ മതിയോ, വാട്ട്സ് ആപ്പിൽ അയച്ചാൽ മതിയോ, അതോ എന്തെങ്കിലും ആംഗ്യം കാണിച്ചാൽ മതിയോ? It is a very arbitrary or unreasonable wordings. പഴയ സാധനങ്ങൾ ഡിസ്പോസ് ചെയ്യുമ്പോൾ വളരെ ലൈറ്റായിട്ടുള്ള കാര്യമാണെന്ന് തോന്നും.

ഉദാഹരണത്തിന് മുപ്പതുവർഷമായി ഉപയോഗിക്കാതെ കിടക്കുന്ന കാർ ആണെങ്കിൽപ്പോലും അതിന് ലക്ഷങ്ങൾ വില വരുന്നതാണ്. ഉദാഹരണമായി ആന്റിക് കാറിന് അതിന്റേതായ പ്രത്യേകതയുണ്ടാകും. ഇത് വളരെ ഗൗരവമുള്ള സംഗതിയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം അഞ്ച് ഭേദഗതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2011-ലെ കേരള പോലീസ് ആക്ടിനെ അടിസ്ഥാന പ്പെടുത്തിയിട്ടുള്ളതാണ് പ്രസ്തുത ചട്ടം. 129-ാം വകുപ്പ് പ്രകാരമാണ് ചട്ടം രൂപീകരിക്കാൻ അധികാരം നൽകുന്നത്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ചത് മറ്റൊരു നിയമമാണ്. ആ നിയമത്തിന് വിരുദ്ധമായ മറ്റെന്തെങ്കിലും ഈ നിയമത്തിലുണ്ടോ എന്ന പരിശോധന നടത്തേണ്ടത് ആ നിയമം ചർച്ച ചെയ്യപ്പെടുന്ന ഘട്ടത്തിലാണ്. അത് ചർച്ചയ്ക്ക് വിധേയമായി പാസ്സാക്കപ്പെട്ടതാണ്. ചട്ടം ആധികാരികമാണോയെന്ന് പരിശോധിക്കുന്നത് അത് നിയമത്തിനോടൊപ്പം നിലനിൽക്കുന്നുണ്ടോ എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. 2011-ലെ കേരള പോലീസ് ആക്ടിൽ ജില്ലാ കളക്ടറുടെ അനുമതി വേണമെന്ന അദ്ദേഹത്തിന്റെ ഭേദഗതി ഈ നിയമത്തിനോട് ചേർന്നുനിൽക്കുന്നതല്ല. ഈ നിയമത്തിന്റെ 56-ാം വകുപ്പിലാണ് ഓക്ഷനെക്കുറിച്ച് പറയുന്നത്. വകുപ്പ് 56(2) റിപ്പോർട്ടിംഗിനെക്കുറിച്ച് പറയുന്നതാണ്. അത് പോലീസ് ചീഫിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനും നൽകേണ്ടതാണ്. എന്നാൽ 56(8) ആണ് ഓക്ഷനെക്കുറിച്ച് പറയുന്നത്. അത് ഡിസ്ട്രിക് പോലീസ് ചീഫിനെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. അതിനെ ആധാരമാക്കിക്കൊണ്ടുള്ള ഒരു ചട്ടമായതുകൊണ്ട് ഈ ചട്ടം നിയമത്തിനോട് ചേർന്നുനിൽക്കുന്നതാണ്. അതുകൊണ്ട് കോടതി അനുമതി ലഭിക്കുന്ന മുറയ്ക്ക് കസ്റ്റഡിയിലെടുത്ത വസ്തു തിരികെ നൽകുന്നതിനോ വിൽക്കുന്നതിനോ നശിപ്പിക്കുന്നതിനോ ജില്ലാ കളക്ടറുടെ അനുമതി ഈ നിയമപ്രകാരം ആവശ്യമില്ലാത്തതാണ്.

രണ്ടാമത്തെ ഭേദഗതിയിൽ അദ്ദേഹം പറഞ്ഞത് ശരിയാണ്. 13-ാം വകുപ്പുപ്രകാരം എന്നതിന് 113-ാം വകുപ്പുപ്രകാരം എന്ന് ചേർക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. ഫാറം 2-ന്റെ പട്ടികയിൽ വിൽപ്പന സംബന്ധിച്ച നിബന്ധനകൾ എന്ന ശീർഷകത്തിൻകീഴിലെ ഇനം 1-ൽ '113-ാം വകുപ്പുപ്രകാരം' എന്നുള്ളത് '13-ാം വകുപ്പുപ്രകാരം' എന്നത് പ്രിന്റിംഗ് മിസ്റ്റേക്കാണ്. അത് തിരുത്തൽ വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. പ്രസ്തുത ഭേദഗതി അംഗീകരിക്കാവുന്നതാണ്.

മൂന്നാമത്തെ ഭേദഗതി, ജില്ലാതല ട്രാഫിക് ക്രമീകരണ സമിതിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. എന്നാൽ 72(6) അനുസരിച്ച് സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമാണ് ജില്ലാതല ട്രാഫിക് ക്രമീകരണ സമിതി രൂപീകരിക്കുന്നത്. ഒരു ജില്ലയെ സമഗ്രമായി ഉൾക്കൊള്ളുന്നതാണ് ജില്ലാ ട്രാഫിക് ക്രമീകരണ സമിതി. ജില്ലാ മജിസ്ട്രേറ്റ് അദ്ധ്യക്ഷനായ ജില്ലാ സമിതിയിൽ ജില്ലയിലെ മുഴുവൻ പാർലമെന്റ്/ നിയമസഭാംഗങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലയുടെ പൂർണ്ണ അധികാരപരിധിയിൽ വരുന്നില്ല. എന്നാൽ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എല്ലാം വരുന്നുണ്ട്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെ പരിഗണിക്കേണ്ടി വരുന്നതിനാൽ ഈ ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാ തലത്തിലല്ല നിയോജകമണ്ഡല തലത്തിലുൾപ്പെടുത്തണം.

മി. സ്പീക്കർ: ഇത് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച ഭേദഗതികളിന്മേലുള്ള വിശദീകരണമാണ്. മറ്റുകാര്യങ്ങൾ വേറെയാണ്.

ശ്രീ. പി. രാജീവ്: സർ, അദ്ദേഹത്തിന്റെ 4-ാമത്തെയും 5-ാമത്തെയും ഭേദഗതി ചട്ടം 12 (1)-ൽ 'പോലീസ് സ്റ്റേഷനിൽനിന്നും' എന്നതിനുശേഷം 'രേഖാമൂലം' എന്നും 'അല്ലെങ്കിൽ മറ്റുവിധത്തിൽ' എന്നത് ഒഴിവാക്കുക എന്നതുമാണ്. ചട്ടം 12(1) പ്രകാരം കൊഗ്നിസബിളും രാജി ആക്കുന്നതിന് പോലീസ് സ്റ്റേഷനിൽനിന്ന് ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മറ്റുവിധത്തിൽ കുറ്റാരോപിതന് പട്ടിക (സി) പ്രകാരം അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പൊതുജനങ്ങൾക്കുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തി നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടാണ് ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. അത് രേഖാമൂലം എന്ന് ചേർത്തോ മറ്റുവിധത്തിൽ എന്നത് ഒഴിവാക്കിയോ ഭേദഗതി വരുത്തുന്നത് നടപടിക്രമങ്ങൾ ദുഷ്കരമായിത്തീർക്കും. അത് നിയമത്തിന്റെ ഉദ്ദേശ്യത്തിന് എതിരായിനിൽക്കും. അതുകൊണ്ട് ആ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ,.....

മി. സ്പീക്കർ: അങ്ങ് ഭേദഗതികൾ അവതരിപ്പിച്ചു, അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ഇനി ചർച്ച അനുവദിക്കാനാവില്ല.

ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച (i), (iii), (iv), (v) എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഇന്നത്തെ കാര്യപരിപാടിയിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളെ സംബന്ധിച്ച് ചട്ടം 300 പ്രകാരം സഭയിലൊരു പ്രസ്താവന നടത്താൻ അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ഒരു കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന പരിഗണിച്ച് ഇന്നത്തെ കാര്യപരിപാടിയിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്താൻ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്ക് ചട്ടം 25(2) പ്രകാരം അനുമതി നൽകുന്നു.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് 19 മഹാമാരി ലോകത്താകമാനം ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ വലിയ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിൽ അതിശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗവ്യാപന തീവ്രത കുറച്ചുനിർത്തുന്നതിനാണ് തുടക്കം മുതൽ നാം ശ്രമിച്ചുപോരുന്നത്. ജനസാന്ദ്രതയിൽ, ദേശീയ ശരാശരിയുടെ ഇരട്ടിയുള്ള ജീവിതശൈലീ രോഗങ്ങളുള്ള കേരളത്തിൽ മാസ്ക് ധരിച്ചും സാമൂഹ്യ അകലം പാലിച്ചും ടെസ്റ്റുകൾ നടത്തിയും സമ്പർക്കപ്പട്ടിക തയ്യാറാക്കി നിരീക്ഷിച്ചുമുള്ള ഇടപെടലുകളിലൂടെ രോഗനിയന്ത്രണത്തിന് നമ്മൾ നടത്തിയ ശ്രമങ്ങൾ വിജയകരമാണ് എന്നാണ് ഐ.സി.എം.ആർ-ന്റെ സിറോപ്രിവാലൻസ് സ്റ്റഡി വ്യക്തമാക്കുന്നത്. കേരളത്തിൽ ജനസംഖ്യയുടെ പകുതിയിലധികം പേരും രോഗം വരാത്തവരും പ്രതിരോധ പ്രവർത്തനങ്ങളിലൂടെ കൊറോണ വൈറസിൽനിന്ന് സംരക്ഷിതരുമാണ്. കേരളത്തിലെ ജനങ്ങൾ പൂർണ്ണ തോതിൽ നൽകുന്ന സഹകരണവും പിന്തുണയുമാണ് മികച്ച രീതിയിൽ കോവിഡിനെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നത്.

## വാക്സിനേഷനുള്ള നടപടികൾ

മുഴുവൻ ജനങ്ങൾക്കും കുറഞ്ഞ സമയത്തിനുള്ളിൽ വാക്സിൻ നൽകുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്ന വാക്സിന്റെ ലഭ്യതയെ ആശ്രയിച്ചാണ് ഇതുള്ളത്. വാക്സിൻ ഉറപ്പ് വരുത്തിക്കൊണ്ടുമാത്രമേ ഈ രോഗത്തെ പ്രതിരോധിക്കാൻ കഴിയൂവെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ കഴിയാവുന്നത്ര ജനങ്ങൾക്കിടയിൽ വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് ഇതുവരെ 1,47,90,596 പേർക്ക് ഒന്നാം ഡോസും 62,01,105 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് 2,09,91,701 ഡോസ് വാക്സിൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. 42.14 ശതമാനം പേർക്ക് ഒന്നാം ഡോസും 17.66 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഇത് ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലുമാണ്. മാത്രമല്ല, രണ്ടാം ഡോസ് ലഭിച്ചവരുടെ ശതമാനം കണക്കിലെടുത്താൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണെന്ന് കാണാം. പ്രതിദിനം 5 ലക്ഷം ആളുകൾക്ക് വരെ വാക്സിനേഷൻ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വാക്സിൻ ഡോസുകൾ ആവശ്യമായ തോതിൽ ലഭ്യമായാൽ ഒരു മാസത്തിൽ ഒരു കോടി ആളുകൾക്ക് വാക്സിൻ നൽകാൻ കഴിയുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്ക് ആഗസ്റ്റ് 2-ന് അയച്ച കത്തിൽ 60 ലക്ഷം വാക്സിൻ ഡോസുകൾ ഈ മാസം ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

## നിയന്ത്രണത്തിനുള്ള നടപടികൾ

വാക്സിനേഷൻ പൂർത്തിയാകുന്നതുവരെ ജനങ്ങളിൽ രോഗം വ്യാപിക്കാതിരിക്കാനും അതോടൊപ്പം ജനങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾ നടത്താനുമുതകുന്ന വിധത്തിലുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. കോവിഡിന്റെ ഓരോ ഘട്ടത്തെയും അതിന്റേതായ ഗൗരവത്തിൽ പരിശോധിച്ച് നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ ജനങ്ങളുടെ പിന്തുണയോടെ ശ്രമിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തിന്റെ ഓരോ ഘട്ടത്തിലും വാർഡ് അടിസ്ഥാനത്തിലും മൈക്രോ കണ്ടെയിൻമെന്റ് സോണുകൾ രൂപപ്പെടുത്തിയുമാണ് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഇതിനെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതിനനുസരിച്ച് ലഘൂകരണം നടത്തുകയും ഇളവുകൾ നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## താരതമ്യം

വിവിധ ജനവിഭാഗങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും നിയന്ത്രണങ്ങളുടെ പ്രത്യാഘാതങ്ങൾ പരിഗണിച്ചുകൊണ്ട് സമാശ്വാസ പാക്കേജുകൾ പ്രഖ്യാപിച്ച് നടപ്പാക്കിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗം കേരളത്തിൽ അൽപ്പം താമസിച്ചാണ് ആരംഭിച്ചത്. കേരളത്തിൽ ഇനിയും 56 ശതമാനത്തോടടുപ്പിച്ച് ആളുകൾക്ക് രോഗം ബാധിച്ചിട്ടില്ലാത്തതിനാൽ ദൈനംദിന രോഗികളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഉയർന്നുനിൽക്കാനുള്ള സാധ്യത ഏറെയാണ്. എന്നാലും മരണനിരക്ക് കുറഞ്ഞ നിലയിൽ നിലനിർത്തുന്ന കാര്യത്തിലും ഓക്സിജൻ, വെന്റിലേറ്റർ എന്നിവ രോഗികൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും കേരളം ഇന്നും മെച്ചപ്പെട്ട നിലയിൽത്തന്നെയാണ്. മരണനിരക്ക് നമ്മുടെ സംസ്ഥാനത്ത് 0.50 ശതമാനമാണെന്നിരിക്കെ അഖിലേന്ത്യാ ശരാശരി 1.34 ശതമാനമാണ്. രോഗനിർണ്ണയത്തിനും രോഗവ്യാപനത്തോത് അളക്കുന്നതിനും ഏറ്റവും ഫലപ്രദമായ രീതി വ്യാപകമായ ടെസ്റ്റിംഗാണ്. കേരളത്തിലെ ടെസ്റ്റ് പെർ മില്ല്യൺ (ദശലക്ഷത്തിൽ നടത്തുന്ന ടെസ്റ്റുകളുടെ എണ്ണം) 7,93,391 ആണ്. അഖിലേന്ത്യാ ശരാശരി 3,41,517 ആണ്. രോഗചികിത്സ സർക്കാർ സംവിധാനങ്ങളിൽ സൗജന്യമായും സ്വകാര്യ ആശുപത്രികളിൽ നിശ്ചിത നിരക്കിലുമാണ് നൽകിവരുന്നത്. ഇത്തരം മെച്ചപ്പെട്ട സൂചികകൾ ഉള്ളപ്പോഴും നമ്മുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 12.45 ശതമാനമാണ്. അഖിലേന്ത്യാ തലത്തിൽ ഇത് 6.73 ശതമാനമാണ്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ജില്ലാ തലങ്ങളിൽനിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ പരിശോധിച്ചാണ് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം മാറ്റങ്ങൾ ശാസ്ത്രീയമായ രീതിയിലാണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാരിനെ സഹായിക്കാൻ ഒരു വിദഗ്ദ്ധ സമിതിയും നിലവിലുണ്ട്. ഇത്തരം വിദഗ്ദ്ധാഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതും ഇളവുകൾ നൽകുന്നതും.

## പുതിയ സമീപനം

സർക്കാരിന് മുന്നിൽ ഉയർന്നുവന്ന ഒരു പൊതുവായ നിർദ്ദേശം ടി.പി.ആർ-നൊപ്പം മറ്റൊരു ശാസ്ത്രീയ മാനദണ്ഡംകൂടി അവലംബിക്കണമെന്നതാണ്. അതിന്റെ ഭാഗമായി ജനസംഖ്യയിൽ 1000 പേരിൽ എത്രയാൾക്ക് പുതിയതായി രോഗം

നിർണ്ണയിക്കപ്പെടുന്നുവെന്ന് പരിഗണിക്കപ്പെടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. രോഗവ്യാപനം തടയുന്നതിന് ആൾക്കൂട്ടം നിയന്ത്രിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായ മുണ്ടായിട്ടുമില്ല. അതിനാൽ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ കൂട്ടായ്മകളുൾപ്പെടെ ജനങ്ങൾ കൂടുന്ന സംവിധാനങ്ങൾ ഒഴിവാക്കുന്ന രീതി പൊതുവിൽ തുടരേണ്ടതായിട്ടുണ്ട്. ആരാധനാലയങ്ങളിൽ അവയുടെ വിസ്തീർണ്ണം കണക്കാക്കിയാവണം ആളുകൾ പങ്കെടുക്കേണ്ടത്. വലിയ വിസ്തീർണ്ണമുള്ളവയിൽ പരമാവധി 40 പേർക്ക് പങ്കെടുക്കാം. കല്യാണങ്ങളിലും മരണാനന്തര ചടങ്ങുകളിലും പരമാവധി 20 പേർക്ക് പങ്കെടുക്കാവുന്നതുമാണ്.

ഇന്നത്തെ പൊതുസാഹചര്യവും വാക്സിനേഷന്റെ പുരോഗതിയും കണക്കിലെടുത്ത് വ്യാപാര സ്ഥാപനങ്ങൾക്ക് ഒരു പ്രദേശത്തെ ജനസംഖ്യയുടെ 1000 പേരിൽ പത്തിൽ കൂടുതൽ രോഗികൾ ഒരാഴ്ച ഉണ്ടായാൽ ട്രിപ്പിൾ ലോക്ക്ഡൗണും മറ്റുള്ളയിടങ്ങളിൽ ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കാൻ അനുമതിയുമുണ്ടാകും. സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഞായറാഴ്ചയും പ്രവർത്തിക്കുന്നതാണ്. ഓണത്തിന്റെ തിരക്കുകൂടി കണക്കിലെടുത്ത് 22-ാം തീയതി ഞായറാഴ്ചയും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒഴിവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉത്സവകാലമായതുകൊണ്ടുതന്നെ സാമൂഹ്യ അകലം പാലിക്കുന്നതിനുള്ള നടപടി വ്യാപാരസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിന് പ്രത്യേകമായ സംവിധാനം അത്തരം വ്യാപാര സ്ഥാപനങ്ങൾ എടുക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് ഹോം ഡെലിവറി സൗകര്യം കഴിയാവുന്നത്ര ഇടങ്ങളിൽ വിപുലീകരിക്കണം. പോലീസും തദ്ദേശഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യുന്നതാണ്. കടകളുടെ പ്രവർത്തനസമയം രാവിലെ 7 മുതൽ രാത്രി 9 മണി വരെ അനുവദിക്കാവുന്നതാണ്. സാമൂഹ്യ അകലം പാലിക്കുന്നതിനായി 25 ചതുരശ്ര അടിയിൽ ഒരാൾ എന്ന നിലയിലായിരിക്കണം പ്രവേശനം. ഇതുസംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളും പോലീസും വ്യാപാരികളുമായി ചേർന്ന് യോഗങ്ങൾ നടത്തും. കടകൾ സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിൻ എടുത്തവരോ 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതായിരിക്കും അഭികാമ്യം. ഇതോടൊപ്പം അത്യാവശ്യ സാഹചര്യങ്ങളിൽ പുറത്തിറങ്ങുന്നതിനുള്ള അനുമതിയും നൽകാനാണ് ഉദ്ദേശിക്കുന്നത്. വാക്സിനേഷൻ കേന്ദ്രങ്ങളിൽ ആൾക്കൂട്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കും. സാമൂഹ്യ പ്രതിരോധശേഷി

വർദ്ധിപ്പിക്കാൻ 60 വയസ്സിന് മുകളിൽ പ്രായമുള്ള സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും വാക്സിൻ ലഭ്യത അനുസരിച്ച് ഒരു നിശ്ചിത തീയതിക്കുള്ളിൽ നൽകും. കിടപ്പ് രോഗികൾക്ക് സമയബന്ധിതമായി വീടുകളിൽ ചെന്ന് വാക്സിനേഷൻ നടത്തുന്നതിനുള്ള സൗകര്യങ്ങളുമൊരുക്കും. ആരോഗ്യ വകുപ്പിന്റെ കൃത്യമായ മേൽനോട്ടത്തിൽ ഇത് നടപ്പാക്കുകയും ചെയ്യും. സ്വകാര്യ ആശുപത്രികൾവഴി വാക്സിൻ നടത്തുന്നതിന് സ്ഥലസൗകര്യങ്ങളുൾപ്പെടെ നൽകി പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ സ്വീകരിക്കും.

കോവിഡ് രണ്ടാം തരംഗം ഉയർത്തുന്ന വെല്ലുവിളിയും പൊതുസമൂഹത്തിന്റെ സഹകരണത്തോടെതന്നെ നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മൂന്നാം തരംഗത്തിന്റെ ആശങ്കയും നിലനിൽക്കുന്നുണ്ട്. അതിനുമുമ്പുതന്നെ വാക്സിനേഷൻ കഴിയുന്നത്ര പൂർത്തീകരിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിന്റെ ഭാഗമായി പരമാവധി ആളുകൾക്ക് വാക്സിൻ ലഭ്യമാക്കി സാമൂഹ്യ പ്രതിരോധ ശേഷി കെട്ടിപ്പടുക്കുന്നതിലൂടെ കോവിഡ് മഹാമാരിയുടെ വ്യാപനം നമുക്ക് ഫലപ്രദമായി തടയാൻ കഴിയും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവരവരുടെ മുമ്പിലുള്ള ഡിവൈസിൽ ഈ സ്റ്റേറ്റ്മെന്റ് ലഭ്യമാണ്. സഭയിൽ വായിക്കുന്ന മുറയ്ക്കാണ് സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്തുകൊണ്ടിരിക്കുന്നത്. പൂർണ്ണമായും ലഭ്യമാകുന്നതാണ്.

## IX അറിയിപ്പ്

<u>കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ ശിപാർശകളിലെ ഭേദഗതി</u>

<u>മി. സ്പീക്കർ</u>: 2021 ആഗസ്റ്റ് 5-ാം തീയതി, വ്യാഴാഴ്ച സഭ പരിഗണിക്കാനിരുന്ന XXXI- മൃഗസംരക്ഷണം, XXXII- ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഒഴിവാക്കാനാകാത്ത ചില സാങ്കേതിക കാരണങ്ങളാൽ 2021, ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ചയിലേയ്ക്ക് മാറ്റാൻ അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ടും 2021 ജൂലൈ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ടും 2021, ആഗസ്റ്റ് 5-ാം തീയതി സഭ പരിഗണിക്കാനിരുന്ന XXXI-മൃഗസംരക്ഷണം, XXXII -ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2021, ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ചയിലേയ്ക്ക് മാറ്റിയിരിക്കുന്നു.

12.00 Noon]

## X ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഒൻപതാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഒൻപതാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| XXVII | സഹകരണം | 160,34,47,000 | 45,11,67,000 | 120,25,86,000 | 33,83,75,000 | 200,43,09,000 | 56,39,58,000 | 256,82,67,000 |
| XXXIV | വനം | 239,12,90,000 | 26,46,67,000 | 179,34,66,000 | 19,85,01,000 | 298,91,12,000 | 33,08,34,000 | 331,99,46,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് സാഹചര്യം അതിജീവിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് കേരള ബാങ്കിന്റെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശസാൽകൃത/വാണിജ്യ/ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിൽ കേരള ബാങ്കിനെ മാറ്റിയെടുക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിക്ഷേപങ്ങളുടെ സുരക്ഷിതത്വമില്ലായ്മയും

ബാങ്കിംഗ് പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള പരിമിതികളുംമൂലം നിക്ഷേപകർ സഹകരണ മേഖലയിൽനിന്ന് അകന്നുപോകുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംരംഭകത്വംവഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളിൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ മേഖലയിൽ പ്രത്യേക മന്ത്രാലയം രൂപീകരിച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ അധികാരങ്ങളിലേയ്ക്ക് കടന്നുകയറാനുള്ള കേന്ദ്ര നീക്കത്തെ ഫലപ്രദമായി ചെറുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യാജപ്രമാണങ്ങൾ ഹാജരാക്കി സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ

ഭരണസമിതികളുടെ ഒത്താശയോടെയുള്ള പണമിടപാടുതട്ടിപ്പുകൾ തടയുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്ക് തട്ടിപ്പിനെത്തുടർന്ന് നിക്ഷേപകരിലുണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിന്റെ അന്വേഷണം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസ് സി.ബി.ഐ.-ക്ക് വിടാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിന്റെ ഇരകളിൽ ഒരാൾ ജീവനൊടുക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് 2019-ൽ ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് പൂഴ്ത്തിവച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിനെത്തുടർന്ന് സംസ്ഥാനത്തെ സഹകരണ ബാങ്ക് നിക്ഷേപങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2425-00-001-89(01-1) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 2,53,23,000 രൂപ 2,52,13,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ സംഘങ്ങളിലെ വായ്പ തട്ടിപ്പുകൾ തടയുന്നതിലൂടെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അക്കൗണ്ടിംഗ് സംവിധാനം സുതാര്യമാക്കുന്നതിനും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2425-00-001-89-04(4) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 27,000 രൂപ നീക്കം ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിലെ തട്ടിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടും നടപടികൾ സ്വീകരിക്കുന്നതിൽ സഹകരണ വിജിലൻസ് വിഭാഗത്തിന് പിഴവ് സംഭവിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2425-00-001-98(45) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,15,000 രൂപ നീക്കം ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളിൽ നടന്ന തട്ടിപ്പ് കേസുകളിൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2425-00-101-99(01-5) എന്ന ഇനത്തിന്

വകകൊള്ളിച്ചിട്ടുള്ള 1,61,30,000 രൂപ 1,51,30,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ജോയിന്റ് രജിസ്ട്രാറുടെ 16-1-2019-ലെ റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 200 കോടിരൂപയുടെ തട്ടിപ്പ് കണ്ടെത്തിയിട്ടും നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്ന രീതിയിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 256,82,67,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XXXIV- വനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീമതി കെ. കെ. രമ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടയഭൂമിയിൽനിന്ന് അനധികൃതമായി മരങ്ങൾ മുറിക്കുന്നതു തടയുന്നതിൽ വനംവകുപ്പിന് വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റവന്യൂ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവിനെത്തുടർന്ന് സർക്കാർ സംരക്ഷിത മരങ്ങൾ മുറിച്ചുമാറ്റിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടയഭൂമിയിലെ റിസർവ്, ഷെഡ്യൂൾ മരങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനംകൊള്ളയ്ക്ക് കൂട്ടുനിന്നതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം മേഖലയിൽ നിന്ന് രാജകീയ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വയനാട് മുട്ടിൽ മരംമുറി കേസിലെ പ്രതികളെ മുൻ പേഴ്സണൽ സ്റ്റാഫംഗം സഹായിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വയനാട് മുട്ടിൽ മരംമുറി സംഭവത്തിൽ വനം വകുപ്പ് ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നൂറ് വർഷത്തിലധികം പഴക്കമുള്ള ഈട്ടി മരങ്ങൾ മുറിച്ചു കടത്തിയ സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം കയ്യേറ്റം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് അർഹതപ്പെട്ട വനഭൂമി നൽകി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനഭൂമി കയ്യേറുവാൻ മാഫിയകൾ നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം കയ്യേറ്റം തടയാനും ഒഴിപ്പിക്കാനും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യവനവൽക്കരണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യവനവൽക്കരണ പരിപാടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനമേഖലയോട് ചേർന്ന തോട്ടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ സർവ്വെ നടത്തുന്നതിനും അർഹരായവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യജീവികളുടെ ആക്രമണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2406-01-001-96-01-5 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 46,32,000 രൂപ 45,30,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നടന്ന വനംകൊള്ള തടയുന്നതിൽ വനം വകുപ്പ് വിജിലൻസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, വനം എന്ന XXXIV-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2406-01-001-99(01-1) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള

15,23,87,000 രൂപ 15,22,87,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (24-10-2020-ലെ സർക്കാർ ഉത്തരവിനെ തുടർന്നുണ്ടായ മരംകൊള്ള തടയുന്നതിൽ വനം വകുപ്പ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 331,99,46,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. റോജി എം. ജോൺ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ സഹകരണം, വനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. രാജ്യത്തെ ബാങ്കിംഗ് മേഖലയിൽ സഹകരണ ബാങ്കുകൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. സഹകരണ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങളെ സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളുമെന്ന് രണ്ടായി തിരിക്കാവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നത്. നവലിബറൽ നയങ്ങളുടെ അടിസ്ഥാനത്തിൽ ലാഭകേന്ദ്രീകൃതവും മത്സരാധിഷ്ഠിതവുമായ വികസനമാണ് പ്രൊഫഷണലിസത്തിന്റെ അന്തഃസത്ത. ബഹുഭൂരിപക്ഷം സഹകരണ ബാങ്കുകളുടെയും പ്രവർത്തനങ്ങൾ അതിന് പാകപ്പെടുന്ന തരത്തിലുള്ളതല്ല. സഹകരണ ബാങ്കുകളെല്ലാം പ്രാദേശികാടിസ്ഥാനത്തിൽ

പ്രവർത്തിക്കുന്നവയാണ്. അത് ഓരോ നാടിന്റെയും സാംസ്കാരിക തനിമകൂടിയാണ് പ്രതിനിധാനം ചെയ്യുന്നത്. വാണിജ്യ ബാങ്കുകളുമായി മത്സരിച്ച് മുന്നേറുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. സഹകരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ് ജനോപകാരപ്രദമാക്കാൻ കൂടുതൽ നല്ലത്. സഹകരണ മേഖലയിൽ സർക്കാരുകൾക്കുള്ള അധികാരപരിധി സംബന്ധിച്ച് സുപ്രീം കോടതിയുടെ വളരെ പ്രാധാന്യമുള്ള ഒരു വിധി ഇപ്പോൾ വന്നിട്ടുണ്ട്. ചരിത്രത്തിലാദ്യമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് സഹകരണ മേഖലയ്ക്കുവേണ്ടി ഒരു വകുപ്പ് രൂപീകരിച്ചതും ഒരു മന്ത്രിയെ നിയോഗിച്ചതും. ഇന്ത്യയുടെ പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര മോദിയുടെ ഏറ്റവും അടുത്ത് നിൽക്കുന്ന, കുടിലതന്ത്രങ്ങളുടെ ഉടമയായ ശ്രീ. അമിത് ഷായെയാണ് സഹകരണ വകുപ്പിന്റെ ചുമതല ഏൽപ്പിച്ചത്. ഇത് സഹകരണ സമൂഹം കരുതലോടെ ഇരിക്കേണ്ട സമയമാണ്. സംഘപരിവാറിന്റെ ഫാസിസ്റ്റ് അജണ്ട അടിച്ചേൽപ്പിക്കാനുള്ള നീക്കം കേന്ദ്ര സർക്കാരിൽനിന്ന് ഏത് സമയത്തും ഉണ്ടാകാം. സഹകരണ മേഖലയെ അടർത്തി പൊതുപട്ടികയിൽ കൊണ്ടുവരാനുള്ള നീക്കത്തെ നമുക്ക് ചെറുക്കാനാകണം. പുതിയ കോടതിവിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയണം. സംസ്ഥാന സർക്കാരുകളുടെ അധികാരം തിരിച്ചുപിടിക്കേണ്ടത് ഫെഡറൽ തത്വങ്ങളെ സംരക്ഷിക്കുന്നതിന് അത്യാവശ്യമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ പിണറായി വിജയൻ സർക്കാരിന്റെ കീഴിൽ സഹകരണ രംഗത്ത് നാം നടത്തിയ പ്രവർത്തനങ്ങളും അതുവഴി നേടിയ നേട്ടങ്ങളും ചെറുതല്ല. ഭവനനിർമ്മാണം, വിദ്യാഭ്യാസം, പെൻഷൻ വിതരണം, പൊതുവികസനം, കേരള ബാങ്ക് രൂപീകരണം തുടങ്ങി അടിസ്ഥാന വികസന മേഖലകളിലെല്ലാം സഹകരണ പ്രസ്ഥാനം നൽകിയ സംഭാവന കേരളീയ സമൂഹത്തിന് വിസ്മരിക്കാനാവില്ല.

ഇവിടെ ഏതാനും ചില പ്രൈമറി സംഘങ്ങളിൽ നടക്കുന്ന അഴിമതിയുമായി ബന്ധപ്പെട്ട വാർത്തകൾ പർവ്വതീകരിക്കുന്നുണ്ട്. അഴിമതിയെ യാതൊരു കാരണവശാലും കേരളത്തിൽ വച്ചുവാഴിക്കില്ലെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. അത്തരം അഴിമതി നടത്തുന്ന ബാങ്കുകൾക്കെതിരായി കർശന നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. നെയ്യാറ്റിൻകര താലൂക്കിലെ ആറയൂർ സർവ്വീസ് സഹകരണ ബാങ്ക്, മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ കണ്ടെത്തിയ അഴിമതിയുമായി ബന്ധപ്പെട്ട് ചില കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഗവൺമെന്റ് എന്ന നിലയിൽ അതിൽ ശക്തമായി ഇടപെടണമെന്ന അഭിപ്രായമാണ് ഈ സന്ദർഭത്തിൽ എനിക്ക് ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. ജൈവവൈവിദ്ധ്യം സംരക്ഷിക്കേണ്ടതിന്റെ

അടിസ്ഥാനപരമായ ആവശ്യം, പരിസ്ഥിതിയെയും സ്വാഭാവിക ആവാസ വ്യവസ്ഥകളെയും പരിരക്ഷിക്കുകയും എല്ലാ ജീവജാലങ്ങളെയും അവയുടെ സ്വാഭാവിക ചുറ്റുപാടുകളിൽ നിലനിർത്തുകയും വീണ്ടെടുക്കുകയും ചെയ്യുക എന്നതാണ്. കോടാനുകോടി വർഷങ്ങളിലൂടെ പരിണമിച്ചുണ്ടായ ജൈവവൈവിദ്ധ്യം കുറഞ്ഞുപോകുന്നതും നശിച്ചുപോകുന്നതും കഴിയുന്നത്ര കുറച്ചുകൊണ്ട് പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഫലപ്രദമായി പരിരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമായിട്ടുണ്ട്. ഔദ്യോഗിക രേഖകളനുസരിച്ച് കേരളത്തിലെ വനവിസ്തൃതി 1130947.54 ഹെക്ടറാണ്. അതിൽ സംരക്ഷിത വനം-9107 ചതുരശ്ര കിലോമീറ്റർ, നിർദ്ദിഷ്ട സംരക്ഷിത വനം-364 ചതുരശ്ര കിലോമീറ്റർ, നിക്ഷിപ്ത വനം-1837 ചതുരശ്ര കിലോമീറ്റർ എന്നിങ്ങനെ മൂന്ന് രീതിയിലാണ് തരംതിരിച്ചിട്ടുള്ളത്. സംതുലിതമായ ആവാസ വ്യവസ്ഥയുടെയും ജീവന്റെ നിലനിൽപ്പിന്റെയും അടിത്തറയാണ് വനങ്ങൾ. എണ്ണമറ്റ പ്രകൃതിവിഭവങ്ങളുടെ കലവറയാണവ. ആർക്കും അതിനുമേൽ പരിപൂർണ്ണ അവകാശങ്ങളില്ല, നാം അതിന്റെ സൂക്ഷിപ്പുകാർ മാത്രമാണ്. ശ്രദ്ധാപൂർവ്വം പരിപാലിച്ചും ആവശ്യത്തിനു മാത്രം ഉപയോഗിച്ചും വരുംതലമുറയ്ക്ക് കൈമാറേണ്ട സമ്പത്താണ് വനങ്ങൾ.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്]

കേരളത്തിലെ വനങ്ങൾ പുരാതനകാലം മുതൽ തടിക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും ലോകപ്രശസ്തി നേടിയിരുന്നു. സംസ്ഥാനത്തെ വനങ്ങളിലെ കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകൾ നൂറ്റാണ്ടുകളായി വിദേശികളെ ആകർഷിച്ചുപോന്നിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിൽ 70 ശതമാനം വനമായിരുന്നു. ഇന്നത് 29 ശതമാനമായി കുറഞ്ഞിരിക്കുന്നു. രണ്ടാം ലോക മഹായുദ്ധ കാലത്ത് 'ഗ്രോ മോർ' പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അരിയുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയും ക്ഷാമം വന്ന കാലത്ത് ഗവൺമെന്റുകൾ/ ഭരണാധികാരികൾതന്നെ 'ഗ്രോ മോർ' പദ്ധതി പ്രഖ്യാപിച്ചതിന്റെ ഭാഗമായി വനമേഖലയിൽ കുടിയേറ്റം വരികയും മനുഷ്യന്റെ ആവാസകേന്ദ്രങ്ങളായി മാറുകയും ചെയ്തു. മനുഷ്യർ അവിടെ താമസം ഉറപ്പിച്ച്, കൃഷിയിടങ്ങൾ സ്വന്തമാക്കി, കൃഷി ചെയ്ത് ഉപജീവനം നടത്തിപ്പോന്നിരുന്നു. അതിനെ നമ്മൾ പിൽക്കാലത്ത് ന്യായീകരിക്കുകയും ചെയ്തു. ജനപ്പെരുപ്പം സൃഷ്ടിക്കുന്ന സമ്മർദ്ദവും ഭൂമിയുടെ സാമ്പത്തിക മൂല്യത്തിനുണ്ടായ വർദ്ധനവും അത് പ്രേരിപ്പിക്കുന്ന വനം കയ്യേറ്റവും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വനഭൂമിയുടെ വിനിയോഗവും തൊഴിലില്ലായ്മയും സ്ഥാപിത താല്പര്യക്കാരുടെ ഇടപെടലുകളും വനഭൂമിയുടെയും അമൂല്യമായ ആവാസ വ്യവസ്ഥയുടെയും നാശത്തിന്

കാരണമായിക്കൊണ്ടിരിക്കുകയാണ്. വനങ്ങളും അവയുമായി ബന്ധപ്പെടുന്ന ആവാസവ്യവസ്ഥകളും ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ വനവിഭവങ്ങളുടെ ലഭ്യത കുറയുകയും വിനാശകരമാകുകയും ചെയ്യും. ഇതിന്റെ ദുരന്തഫലങ്ങൾ കൂടുതൽ പേറേണ്ടിവരുന്നത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളായിരിക്കും. തടിക്കുവേണ്ടിയാണ് വനങ്ങൾ എന്ന നിലപാടിൽ നിന്ന് മനുഷ്യരാശിയുടെ നിലനിൽപ്പിനായി വനങ്ങൾ സംരക്ഷിക്കുകയെന്ന കാഴ്ചപ്പാടിലേയ്ക്ക് നാം മാറേണ്ടതായിട്ടുണ്ട്. വനങ്ങൾക്കുപുറമേ അങ്ങേയറ്റം പ്രാധാന്യമുള്ളതും എന്നാൽ വേണ്ടത്ര പരിഗണന ലഭിക്കാത്തതുമായ ആവാസവ്യവസ്ഥകളായ ചതുപ്പുനിലങ്ങൾ, തീരപ്രദേശങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കപ്പെടണം. സമഗ്രമായ ഒരു പരിസ്ഥിതി സമീപനത്തിലൂടെ മാത്രമേ അർത്ഥപൂർണ്ണമായ വനപരിപാലനം സാധ്യമാക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 800 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തി. വനങ്ങളെ സംരക്ഷിക്കാനും വനമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം സാധ്യമാക്കി. സ്വകാര്യ എസ്റ്റേറ്റുകളുടെയും കണ്ടൽക്കാടുകളുടെയും ഏറ്റെടുക്കലിനും സംരക്ഷണത്തിനുംവേണ്ടി തുക മാറ്റിവച്ചു. വനാന്തര ഭാഗങ്ങളിൽ നിന്നും ഉൾവനങ്ങളിലെ ഗോത്രവാസികളെ വനത്തിനുള്ളിൽ അനുയോജ്യമായ ഇടങ്ങളിൽ മാറ്റി പാർപ്പിക്കുന്നതിനുവേണ്ടി തുക മാറ്റിവച്ചു. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾമൂലമുള്ള നാശനഷ്ടങ്ങളുടെ ആക്കം കുറയ്ക്കുന്നതിനും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി വനാന്തര ഭാഗങ്ങളിൽ നിന്നും ഗോത്രവാസികളെ അവരുടെ സമ്മതപ്രകാരം മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 'fencing along identified areas of forest boundary to reduce human wild life conflict under the special investment plan' എന്ന പദ്ധതി ആവിഷ്കരിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോട്ടൂർ ആന സംരക്ഷണ കേന്ദ്രം സംരക്ഷിക്കാൻ നിലപാട് സ്വീകരിച്ചു. ആനകളുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ പദ്ധതി കൊണ്ടുവരാൻ കഴിഞ്ഞു. ആനകൾക്കുണ്ടാകുന്ന അസുഖം ഭേദമാക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി വിഭാഗത്തെ നിയോഗിച്ചു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ ആദ്യത്തെ പ്രസംഗം മറ്റുള്ളവർക്കുകൂടി മാതൃകയാകട്ടെ.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഫോറസ്റ്റ് സ്റ്റേഷനുകൾ പുനരാരംഭിക്കാൻ കഴിഞ്ഞു. ആദിവാസി മേഖലയിൽ കേബിൾ, ഇന്റർനെറ്റ് സൗകര്യങ്ങളൊരുക്കി. വനമേഖലയിലെ പുഴകളിൽ വളരുന്ന മത്സ്യങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തി. ജൈവ വൈവിദ്ധ്യ മേഖലയായ ചെന്തുരുണിയും അഗസ്ത്യാർകൂടവും ഔഷധസസ്യ കലവറയാണ്. ഇവയെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഗവേഷണ കേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞാൽ അത് വലിയ മാറ്റത്തിന് ഇടവരുത്തും. അത്തരം പ്രവർത്തനങ്ങൾകൂടി വനമേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളം കണ്ട ഏറ്റവും വിപ്ലവാത്മകമായ മുന്നേറ്റമാണ് സഹകരണ പ്രസ്ഥാനം. അത് നമ്മുടെ ഗ്രാമീണ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ലാണ്. വൈവിദ്ധ്യമാർന്ന ഉൽപ്പാദന-സേവന രംഗങ്ങളിൽ വളർന്ന് വ്യാപിച്ചിരിക്കുന്ന സഹകരണ പ്രസ്ഥാനം ഇന്ന് ലക്ഷക്കണക്കിന് പേർക്ക് തൊഴിലും അത്താണിയുമാണ്. തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ 300 കോടി രൂപയുടെ കൂട്ടായ അഴിമതിയാണ് സഹകരണ മേഖലയെ സംശയത്തിന്റെ നിഴലിൽ നിർത്തുന്നത്. ചിലർക്ക് പൊതുജനങ്ങളുടെ പണം അനായാസേന തട്ടിയെടുക്കാമെന്ന യാഥാർത്ഥ്യമാണ് കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിലൂടെ പുറത്തുവരുന്നത്. തട്ടിപ്പിന്റെയും ക്രമക്കേടുകളുടെയും സൂചനയും പരാതിയും 2020-ൽ തന്നെ ബാങ്കിന്റെ മുൻ മാനേജരായ ശ്രീ. എം. വി. സുരേഷ് അന്നത്തെ സഹകരണ വകുപ്പുമന്ത്രിയെയും ജില്ലയിലെ പാർട്ടി നേതാക്കളെയും അറിയിച്ചിട്ടും നടപടിയെടുക്കാതെയിരുന്നതാണ് ഈ അവസ്ഥയ്ക്ക് കാരണം. തട്ടിപ്പും കൊള്ളയും ക്രമക്കേടും കരുവന്നൂർ സഹകരണ ബാങ്കിൽ മാത്രമല്ല ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി സഹകരണ ബാങ്കിൽ -19 കോടി രൂപ, തൃശ്ശൂരിലെ മൂസ്പെറ്റ് സഹകരണ ബാങ്കിൽ -13 കോടി രൂപ, എൽ.ഐ.സി. ഏജന്റ്സ് സഹകരണ സംഘം - 33 കോടി രൂപ, വെള്ളൂർ സഹകരണ ബാങ്ക് -44 കോടി രൂപ, സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക് അങ്ങനെ ക്രമക്കേടിന്റെ പട്ടിക നീളുകയാണ്. പോലീസ് സ്റ്റേഷനും കോടതിയുമൊക്കെയാണ് നിങ്ങളുടെ പാർട്ടി എന്നറിയാം. പാർട്ടിക്ക് അന്വേഷണ കമ്മീഷനുമുണ്ട്, അതും അറിയാം. പക്ഷേ, ഇത്തരം കേസ്സുകൾ പാർട്ടി അന്വേഷിച്ചാൽ നിക്ഷേപകർക്ക് നീതി ലഭിക്കില്ല. സഹകരണ മേഖലയിൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ ജനങ്ങൾക്ക് ഉത്കണ്ഠയുണ്ടാകുന്നത് സ്വാഭാവികമാണ്. കാരണം, കേരളത്തിന്റെ സഹകരണ ബാങ്കുകളിൽ ഒന്നരലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ വലിയ പങ്കും സാധാരണക്കാരുടെ നിക്ഷേപമാണ്.

കൊള്ളയുടെയും തട്ടിപ്പിന്റെയും വാർത്തകൾ സാധാരണക്കാരന്റെ വിശ്വാസം തകർക്കുകയാണ്. നിക്ഷേപകർക്ക് സുരക്ഷിതത്വം കൂടിയില്ലാതെയായാൽ സഹകരണ ബാങ്കുകളെ ആശ്രയിക്കുന്നവർ പിന്മാറുന്ന അവസ്ഥ വരും, അത് സഹകരണ മേഖലയെ തകർക്കും; അത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയാണ് തകർക്കുന്നത്. അതുകൊണ്ട് നിക്ഷേപകരുടെ വിശ്വാസം നിലനിർത്തണം; അവരുടെ പണം നഷ്ടപ്പെടില്ലായെന്ന് സർക്കാർ ഉറപ്പുവരുത്തണം. സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടെങ്കിലും സി.പി.ഐ.(എം.) ഭരിക്കുന്ന സഹകരണ സംഘങ്ങളിൽ ഇതൊന്നുമുണ്ടാകാറില്ല. സി.പി.ഐ.(എം) മുൻ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും അംഗങ്ങളും ഉൾപ്പെടെയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ ക്രൈംബ്രാഞ്ചിന് സാധിക്കുന്നില്ല. അതിൽനിന്നുതന്നെ അന്വേഷണത്തിന്റെ പോക്ക് വ്യക്തമാണ്. കേരള ബാങ്കിന് അംഗീകാരം നൽകണമെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടങ്ങൾ ഇല്ലാതാകണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശത്തിന്റെ മറപിടിച്ചാണ് സി.പി.ഐ.(എം)-ന്റെ കെടുകാര്യസ്ഥതകൊണ്ട് മാത്രം നഷ്ടത്തിലായ റബ്കോയ്ക്ക് 238 കോടി രൂപ ഇഷ്ടദാനം നൽകിയത്. 5 സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും സംസ്ഥാന സഹകരണ ബാങ്കുംകൂടിയാണ് ഇത്രയും തുക കേവലം പ്രൈമറി സംഘമായ റബ്കോയ്ക്ക് നൽകിയത്. റബ്കോ ഒരു പൈസപോലും പലിശയിനത്തിൽ തിരിച്ചടച്ചിട്ടില്ല. സി.പി.ഐ.(എം) ഭരണത്തിൽ സർക്കാർ ഭീഷണിപ്പെടുത്തിയാണ് സഹകരണ ബാങ്കുകളെക്കൊണ്ട് ഇത്രയും തുക വായ്പയായി നൽകിയത്. ഇടപാടിൽ റബ്കോ വൻ നേട്ടമുണ്ടാക്കിയപ്പോൾ വായ്പ നൽകിയ സഹകരണ ബാങ്കുകൾക്ക് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 170 കോടി രൂപ നഷ്ടമായി. കോവിഡ് കാലത്തെ സഹകരണ സംഘങ്ങളുടെ നല്ല മാതൃകകളും കാണാനുണ്ട്. താലൂക്ക് ആശുപത്രിക്ക് പൊതുഫണ്ട് ഉപയോഗിച്ച് അഞ്ച് വെന്റിലേറ്ററുകൾ നൽകുന്നതിനും ഓൺലൈൻ വിദ്യാഭ്യാസത്തിന് ടാബ്‌ലെറ്റുകൾ വിതരണം ചെയ്യുന്നതിനും ലോക്ക്ഡൗൺമൂലം ദുരിതമനുഭവിക്കുന്നവർക്ക് കിറ്റ് വിതരണം ചെയ്യുന്നതിനും എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയിൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന സഹകരണ സംഘങ്ങൾ മുൻപന്തിയിലുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് പലിശയില്ലാതെ 10,000 രൂപ വായ്പ നൽകുന്ന 'വിദ്യാതരംഗിണി' പദ്ധതി നല്ല ആശയമാണ്. 10,000 രൂപ എന്നത് 15,000 രൂപയാക്കുന്ന കാര്യം സർക്കാർ പരിഗണിക്കണം. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിച്ചാണ് കേരള ബാങ്ക് രൂപംകൊണ്ടത്. സഹകരണ നിയമത്തിലെ വകുപ്പ് 14 പ്രകാരം നിയമഭേദഗതികളിലൂടെ പതിനാല് ജില്ലാ സഹകരണ

ബാങ്കുകൾ പൊതുയോഗം ചേർന്ന് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നിരിക്കെ അത് ലഭിക്കില്ലായെന്ന് മനസ്സിലാക്കി നിയമത്തിൽ ഭേദഗതി വരുത്തി കേവലഭൂരിപക്ഷം മതിയെന്ന് തീരുമാനിച്ച് നിയമനിർമ്മാണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെ പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളും കേരള ബാങ്കിലേയ്ക്ക് ലയിപ്പിക്കുകയും ചെയ്തു. അതോടുകൂടി സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിൽനിന്നും ജില്ലാ സഹകരണ ബാങ്കുകൾ ഒഴിവാകുകയും ദ്വിതലസംവിധാനം നിലവിൽവരികയും ചെയ്തു. സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കേരള ബാങ്ക് താഴെത്തട്ടിൽ സഹകരണ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്താൽ എല്ലാ സഹകരണ സംഘങ്ങളെയും സാമ്പത്തികമായും ഉപദേശരൂപേണയും പരിശോധന മുഖേനയും സഹായിക്കാൻ തയ്യാറായ സ്ഥാപനമാണ്. എന്നാൽ കേരള ബാങ്കിന് രൂപം നൽകിയ കഴിഞ്ഞ സർക്കാർ സഹകരണ മേഖലയിൽ പാർട്ടിയെ നിലനിർത്തുന്നതിനുവേണ്ടി, കേരള ബാങ്കിൽ പ്രാഥമിക സഹകരണ ബാങ്കുകളെയും അർബൻ സഹകരണ ബാങ്കുകളെയും മാത്രം ഉൾപ്പെടുത്തി അവരുടെ കൈപ്പിടിയിൽ നിർത്തുകയാണ് ചെയ്തത്. ഇത്തരം പ്രവർത്തനം സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കേരള ബാങ്കിന് യോജിച്ചതല്ല. താഴെത്തട്ടിലുള്ള എല്ലാ സഹകരണ സംഘങ്ങളെയും കേരള ബാങ്കിൽ 'എ' ക്ലാസ്സ് അംഗങ്ങളാക്കണം. പ്രാഥമിക സഹകരണ ബാങ്കുകളിൽ ഭൂരിപക്ഷവും സി.പി.ഐ.(എം.) നിയന്ത്രണത്തിലാണ്. അവിടെയെല്ലാം ക്രമക്കേടുകൾ നടത്തുകയും പണം കൊള്ളയടിക്കുകയും ചെയ്യുമ്പോൾ കൊള്ളയടിച്ചവരെ സഹായിക്കുന്നതിനുവേണ്ടി കേരള ബാങ്ക് സാമ്പത്തിക സഹായം നൽകുന്നുവെന്ന് പറയുമ്പോൾ, കളവിന് കൂട്ടുനിൽക്കുന്ന സ്ഥാപനമായി കേരള ബാങ്ക് മാറരുതെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ജീവനക്കാരുടെ കുറവാണ് സഹകരണ വകുപ്പ് ഇന്ന് നേരിടുന്ന പ്രശ്നം. 1981-ലെ സഹകരണ സംഘങ്ങളുടെ എണ്ണവും വ്യാപ്തിയും അനുസരിച്ചുള്ള ജീവനക്കാരാണ് ഇപ്പോഴും വകുപ്പിലുള്ളത്. സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ട് നാൽപ്പത് വർഷം പിന്നിട്ടു. സംഘങ്ങളുടെ എണ്ണത്തിലും വ്യാപാര വ്യാപ്തിയിലും മുന്നൂറ് ശതമാനത്തിന്റെ വർദ്ധനവുണ്ടായി. എന്നാൽ അതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിച്ചിട്ടില്ല. കേന്ദ്രം കേരളത്തിന്റെ സഹകരണ മേഖലയെ ലക്ഷ്യമിട്ട് കടന്നുകയറാൻ നടത്തുന്ന കരുനീക്കങ്ങളെ നാം കാണേണ്ടതുണ്ട്. പുതിയതായി രൂപം കൊടുത്ത സഹകരണ വകുപ്പിന്റെ നേതൃത്വം ഏറ്റെടുത്തിരിക്കുന്നത് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. അമിത് ഷായാണ്. സ്വാഭാവികമായും അവർ ആദ്യം ലക്ഷ്യമിടുന്നത് കേരളത്തിലെ ശക്തമായ

സഹകരണ മേഖലയെയായിരിക്കും. ഈ മേഖലയിൽ സംസ്ഥാനങ്ങളുടെ അധികാരം ഉറപ്പിക്കുന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി ആശ്വാസകരമാണ്. എങ്കിലും ഈ മേഖലയിലെ കോടാനുകോടി രൂപയുടെ തട്ടിപ്പ് അരങ്ങേറുന്നത് കേന്ദ്രസർക്കാരിന്റെ ഇടപെടലിന് വഴിയൊരുക്കും.

റവന്യൂ ചട്ടങ്ങളും വനനിയമങ്ങളും കാറ്റിൽ പറത്തിയ വിവാദ മരംമുറി ഉത്തരവ് വ്യാപകമായ മരം മുറിക്കുന്നതിന് ഒത്താശ ചെയ്യുന്നതായിരുന്നു. ആ ഉത്തരവിനെ ന്യായീകരിക്കുകയാണ് മുൻ റവന്യൂ വകുപ്പുമന്ത്രിയും സർക്കാരും. ഇരുന്നൂറ് വർഷത്തിലധികം പ്രായമുള്ള മരങ്ങളിൽ വൻകിട തടിലോബിക്ക് കണ്ണുണ്ടായിരുന്നു. കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അവകാശം വേണമെന്ന ആവശ്യത്തിന്റെ മറവിലാണ് രാഷ്ട്രീയ മരംമുറി ലോബിയുടെ ഈ ഗൂഢാലോചന അരങ്ങേറിയത്. വിവാദ ഉത്തരവിന്റെ മറവിൽ കോടികളുടെ തേക്ക് മരങ്ങൾ മുറിച്ച് കടത്തിയ ലോബിക്ക് സർക്കാരിൽ വൻസ്വാധീനമുണ്ടെന്നത് വ്യക്തമാണ്. റവന്യൂ- വനം വകുപ്പുകളെ കൂട്ടുപിടിച്ചുകൊണ്ടാണ് ഈ ലോബി കൊള്ള നടത്തിയത്. ആദിവാസികൾ ഉൾപ്പെടെയുള്ള ഉടമകൾക്ക് തുച്ഛമായ തുക നൽകിക്കൊണ്ട് മരങ്ങൾ ചുരം കടത്തിയതും ഉന്നതബന്ധത്തിന്റെ മറവിൽ തന്നെയാണ്. ലോക്ഡൗൺ കാലത്ത് നിരവധി ചെക്ക്പോസ്റ്റുകൾ കടന്നാണ് പെരുമ്പാവൂരിലെ തടിമില്ലിൽ മരം എത്തിച്ചത്. പട്ടയ ഭൂമിയിലെ മരം മുറിക്കാൻ സർക്കാർ അനുമതി നൽകിയതിന്റെ മറവിൽ വനം മേഖലയിൽനിന്ന് ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ തടിയാണ് കടത്തിയത്. ഈ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതിനുപകരം വനപ്രദേശത്തോട് ചേർന്ന് ജീവിക്കുന്നവരുടെ ദീർഘകാലത്തെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ് വേണ്ടത്. 1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്ന ആയിരക്കണക്കിന് മലയോര കർഷകർക്ക് ഇനിയും പട്ടയം ലഭിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയിലും ആയിരക്കണക്കിന് കർഷകർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. ഇനിയെങ്കിലും ഈ കർഷകരുടെ കണ്ണീരും ജീവിതവും മനസ്സിലാക്കി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. വന്യമൃഗശല്യംമൂലം ചാലക്കുടി നിയോജകമണ്ഡലത്തിൽ കൃഷിനാശമുണ്ടാകുന്ന കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ വനാതിർത്തിയിൽ കിടങ്ങുകളും കാര്യക്ഷമമായ ഫെൻസിംഗും നടത്തണം.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വന്യമൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംമൂലം കഷ്ടപ്പെടുന്ന അരിപ്പ, അട്ടപ്പാടി

ഉൾപ്പെടെയുള്ള ആദിവാസി കോളനികളിലെ കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കണം. അവരുടെ കൃഷി സംരക്ഷിക്കുന്നതിന് ഫെൻസിംഗും ട്രഞ്ചിംഗും ഉൾപ്പെടെ നടത്തണം. വിനോദ സഞ്ചാര മേഖലയ്ക്ക് ഉണർവുണ്ടാക്കുന്ന നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. വനം വകുപ്പിന്റെ തടസ്സവാദങ്ങളാണ് വിനോദസഞ്ചാര മേഖലയെ പലപ്പോഴും പിന്നോട്ടടിക്കുന്നത്. പറമ്പിക്കുളത്തും അതിരപ്പിള്ളിയിലും രണ്ട് നിലപാടാണ് വനം വകുപ്പ് സ്വീകരിക്കുന്നത്. പറമ്പിക്കുളത്ത് വനം വകുപ്പ് പ്രകൃതിയെ അടുത്തറിയുന്നതിനായി വിവിധ പാക്കേജുകളുമായി സഞ്ചാരികളെ ആകർഷിക്കുന്നു. താമസം, ഭക്ഷണം എന്നിവ കൂടാതെ ജംഗിൾ സഫാരി, പക്ഷി നിരീക്ഷണം, ട്രക്കിംഗ്, ഡാമിൽ ബോട്ടിംഗ് തുടങ്ങിയ ആക്ടിവിറ്റികൾ വനം വകുപ്പ് പറമ്പിക്കുളത്ത് ഒരുക്കിയിട്ടുണ്ട്. ഇതേ മാതൃകയിൽ അതിരപ്പിള്ളിയിലും ജംഗിൾ സഫാരിയും പറമ്പിക്കുളത്തേയ്ക്ക് ട്രക്കിംഗും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഷോളയാർ, പെരിങ്ങൽക്കുത്ത് ഡാമുകളിൽ ബോട്ടിംഗും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാക്കേജ് നടപ്പിലാക്കിയാൽ ഇവിടത്തെ ആദിവാസികൾക്കും തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും കർഷകർക്കും യുവാക്കൾക്കും തൊഴിലും വരുമാനവും ലഭിക്കും. നിരവധി സാധ്യതകളുള്ള അതിരപ്പിള്ളിയിൽ പറമ്പിക്കുളം മാതൃകയിൽ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പുകൾ മുൻകയ്യെടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ദയവായി പ്രസംഗം ചുരുക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൊള്ളയ്ക്കും അഴിമതിക്കും കൂട്ടുനിൽക്കുന്ന ധനാഭ്യർത്ഥനകളാണിവയെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമാണ്. ആ ജനകീയ പ്രസ്ഥാനത്തെ ഇത്തരത്തിലാക്കിത്തീർക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പങ്ക് വളരെ വലുതാണ്. അതിനെതിരെ എത്ര ശബ്ദമുയർത്തിയാലും സഹകരണ മേഖലയെ പ്രഥമസ്ഥാനത്ത് കൊണ്ടുവന്നതിൽ ഇടതുപക്ഷത്തിന്റെ പങ്കിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടി വരും. നാളെ രണ്ട് മാസത്തെ സാമൂഹ്യക്ഷേമ പെൻഷൻ 55 ലക്ഷത്തിലധികം ആളുകളുടെ കരങ്ങളിലേയ്ക്ക് എത്തുകയാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സാമൂഹ്യക്ഷേമ പെൻഷൻ 600 രൂപയായിരുന്നു. അത് കൃത്യസമയത്ത് നൽകുമായിരുന്നില്ല, അച്ഛനമ്മമാർ ബാങ്കുകളിൽ പോയി ക്യൂ

നിൽക്കണമായിരുന്നു. അത് ഒഴിവാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സഹകരണ വകുപ്പാണ് പെൻഷൻ ജനങ്ങളുടെ കൈകളിൽ നേരിട്ട് എത്തിക്കുന്നത്. പ്രളയകാലത്ത് നാലായിരത്തോളം വീട്ടുകൾ പാവപ്പെട്ട ആളുകൾക്ക് നിർമ്മിച്ചുനൽകിയത് സഹകരണ വകുപ്പാണ്. കെ.പി.സി.സി. വീടുവച്ച് നൽകിയതുപോലെയല്ല സഹകരണ വകുപ്പ് വീട് നിർമ്മിച്ചുനൽകിയത്. സഹകരണ ബാങ്കുകളിലെ ക്രമക്കേടുകളെ സംബന്ധിച്ച് സഭയിൽ പറയുകയുണ്ടായി. സഹകരണ ബാങ്കുകളിലെ ക്രമക്കേടുകളെ രാഷ്ട്രീയവത്കരിക്കുന്ന നിലപാട് ആർക്കും ഭൂഷണമല്ല. ഈ ഗവൺമെന്റ് സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള ഇച്ഛാശക്തിയോടെയുള്ള നിലപാടുകളുമായി മുന്നോട്ടുപോകുകയാണ്. ഈ മേഖലയെ തകർക്കുവാൻ ഒരുതരത്തിലും അനുവദിക്കുന്ന സമീപനം സ്വീകരിക്കുകയില്ല. കഴിഞ്ഞകാല ക്രമക്കേടുകളുടെ കണക്കുകളെടുത്ത് പരിശോധിക്കാൻ തീരുമാനിച്ചാൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന യു.ഡി.എഫ്-കാർക്ക് തലയിൽ മുണ്ടിട്ട് പോകേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല.

ലോക പ്രശസ്ത ജാപ്പനീസ് പരിസ്ഥിതി ശാസ്ത്രജ്ഞൻ അകിരാമിയാവാക്കി കഴിഞ്ഞ ദിവസമാണ് വിടവാങ്ങിയത്. മിയാവാക്കി വികസിപ്പിച്ചെടുത്ത നവവനവത്കരണ മാതൃക ലോകപ്രശസ്തമാണ്. രണ്ടര സെന്റ് സ്ഥലത്ത് ഒരു വനം സൃഷ്ടിക്കാമെന്നതാണ് മിയാവാക്കി മാതൃകയുടെ പ്രത്യേകത. നഗരങ്ങൾ വനവത്കരിക്കുന്നതിനും അതുവഴി അവിടത്തെ താപനില കുറയ്ക്കുന്നതിനും സഹായകമാകുന്ന മിയാവാക്കി കാടുകൾ കേരളമുൾപ്പെടെ എല്ലാവരും മാതൃകയാക്കിയിട്ടുണ്ട്. മിയാവാക്കിയുടെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. വനമേഖലയുമായി ബന്ധപ്പെട്ട് വനസംരക്ഷണത്തിന് ശക്തമായ നടപടി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചു. വനാവരണം വർദ്ധിപ്പിച്ച അഞ്ച് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വനവിസ്തൃതി വർദ്ധിപ്പിച്ച മൂന്ന് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കാടിന്റെ മക്കളായ ആദിവാസി വിഭാഗത്തിൽപ്പെട്ട അഞ്ഞൂറ് പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആദിവാസികൾക്ക് പരമാവധി ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതും നിരവധി ഫോറസ്റ്റ് സ്റ്റേഷനുകളടക്കം സ്ഥാപിച്ചുകൊണ്ട് വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്.

മരംമുറിയുമായി ബന്ധപ്പെട്ട് പല വിമർശനങ്ങളുണ്ടായിട്ടുണ്ട്. അതിലെ യഥാർത്ഥ വസ്തുത എന്താണ്; കർഷകർ നട്ടുപിടിപ്പിച്ച മരങ്ങൾ അവർക്ക് അവകാശപ്പെട്ട ഭൂമിയിൽനിന്ന് മുറിക്കുന്നതിനുള്ള അനുവാദം നൽകിയതുമായി

ബന്ധപ്പെട്ട വിഷയം കർഷക സംഘടനകളും ജനപ്രതിനിധികളും ഉന്നയിച്ചിട്ടില്ലേ; അതിന്റെ അടിസ്ഥാനത്തിൽ നിരവധി സർവ്വകക്ഷി യോഗങ്ങൾ നടത്തിയിട്ടില്ലേ? കർഷകരുടെ താല്പര്യങ്ങൾ പരിഗണിച്ചാണ് അത്തരമൊരു ഉത്തരവ് ഗവൺമെന്റ് ഇറക്കിയത്. ആ ഉത്തരവ് ചിലയാളുകൾ ദുരുപയോഗപ്പെടുത്തി. അതിനെതിരെ കർശന നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഉപ്പ് തിന്നവൻ വെള്ളം കുടിക്കുമെന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞത്. അവരിന്ന് നിയമത്തിന് വിധേയമായി ജയിലറകൾക്കുള്ളിലാണ്. അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നിലപാട്. കർഷകരുടെ പ്രശ്നങ്ങൾ നമുക്കറിയാം. കർഷകർക്ക് അവരുടെ പട്ടയ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ, അവർക്ക് അവകാശപ്പെട്ട മരങ്ങൾ മുറിക്കാൻ പാടില്ലെന്നുള്ള നിലപാടിനോട് യോജിക്കാൻ കഴിയില്ല. അവർക്ക് അത് മുറിക്കുവാനുള്ള അവകാശമുണ്ടാകണം, നിയമനിർമ്മാണം നടത്തിക്കൊണ്ട് അതിനുള്ള അവസരമൊരുക്കണം. കർഷക താല്പര്യം സംരക്ഷിക്കുന്നതിനുപകരം ഇരട്ടത്താപ്പ് നയം സ്വീകരിച്ചുകൊണ്ട് കർഷകരെ ദ്രോഹിക്കുന്ന നിലപാടിനെ നിങ്ങൾ ഇനിയെങ്കിലും തിരുത്താൻ തയ്യാറാകണം.

ആഗോളതലത്തിൽ വളരെ ഗൗരവത്തോടെ ചർച്ച ചെയ്യുന്ന വിഷയമാണ് മനുഷ്യ-വന്യജീവി സംഘട്ടനം. മനുഷ്യർക്കോ വന്യജീവികൾക്കോ ദോഷമുണ്ടാക്കുന്ന രീതിയിൽ മനുഷ്യരും വന്യജീവികളും ഏറ്റുമുട്ടേണ്ടിവരുന്ന സാഹചര്യമാണിത്. വന്യജീവികൾ അവരുടെ ആവാസ വ്യവസ്ഥ വിട്ട് ജനവാസ മേഖലകളിലേയ്ക്ക് കടന്ന് ജനങ്ങളുടെ സ്വൈരജീവിതം തകർക്കുന്നു; ഇരുവശത്തും ദോഷമുണ്ടാകുന്നു. രക്ഷയ്ക്കുവേണ്ടിയോ ആഹാരത്തിനുവേണ്ടിയോ വന്യജീവികൾ മനുഷ്യരെ കൊല്ലുകയും വളർത്തുമൃഗങ്ങളെ കൊന്നുതിന്നുകയും മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പരിക്കേൽപ്പിക്കുകയും ചെയ്യുന്നത് സാധാരണമാണ്. ആന, കടുവ, പുലി, ചെന്നായ് തുടങ്ങിയ മൃഗങ്ങളാണ് ഇങ്ങനെ ചെയ്യുന്നത്. തങ്ങളുടെ ആവാസമേഖലയിൽ ഭക്ഷണം ലഭിക്കാത്തതിനാൽ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്ന ജീവികളുണ്ട്. കാട്ടുപന്നി, കുരങ്ങ്, ആന, മയിൽ എന്നിവയെല്ലാം ഈ ഗണത്തിൽപ്പെടുന്നു. മനുഷ്യന്റെ മറ്റ് സമ്പാദ്യങ്ങളും ഇവ നശിപ്പിക്കുന്നു. കേരളത്തിൽ നെല്ല്, വാഴ, തെങ്ങ് തുടങ്ങിയവയുൾപ്പെടെയുള്ള നാൽപ്പത്തിയഞ്ചോളം കൃഷിയിനങ്ങളാണ് ഇത്തരത്തിൽ വന്യമൃഗങ്ങൾ നശിപ്പിക്കുന്നത്. വനഭൂമിയിലേയ്ക്കുള്ള കയ്യേറ്റം വർദ്ധിക്കുന്നതിനാൽ വന്യമൃഗങ്ങളുടെ ആവാസമേഖല കുറയുന്നുവെന്ന വാദം തെറ്റാണ്. കേരളത്തിന്റെ വനവിസ്തൃതി 9400 ചതുരശ്ര കിലോമീറ്ററാണ്. ഇതാകട്ടെ, കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 24 ശതമാനമാണ്. ജനസാന്ദ്രത കൂടിയ പ്രദേശമാണെങ്കിലും ദേശീയ ശരാശരിയെക്കാൾ കൂടുതൽ മേഖലയെ

വനമായി കേരളം സംരക്ഷിക്കുന്നു. ആവാസമേഖലയ്ക്ക് താങ്ങാവുന്നതിനെക്കാൾ വന്യമൃഗങ്ങളുടെ എണ്ണം കൂടുന്നുവെന്നതാണ് വസ്തുത. ഇത് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന് കാരണമാകുന്നു. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയും നടപടികളിലൂടെയും ഇതിന് പരിഹാരമുണ്ടാക്കണം. വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. വനാതിർത്തികളിൽ സൗരോർജ്ജവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം. എല്ലായിടത്തും ആർ.ആർ.ടീമിനെ നിയോഗിക്കണം. കുങ്കിയാനകളുടെ കൂടുതൽ സ്ക്വാഡുകൾ രൂപീകരിക്കണം. വനമേഖലയിൽ കൃഷി അസാദ്ധ്യമായിരിക്കുന്നു. കൃഷിയിറക്കി പ്രതീക്ഷയോടെ കാത്തിരിക്കുന്ന വനമേഖലയിലെ കർഷകർക്ക് വിളവെടുക്കാനാകുമെന്ന് യാതൊരു ഉറപ്പുമില്ല. കാട്ടുപന്നി മുതൽ എല്ലാ വന്യജീവികളും കൃഷിനശിപ്പിക്കുന്നതുകാരണം കർഷകന് കണ്ണീരുമാത്രം ബാക്കിയാകുന്നു. അവർക്ക് കൃഷി സംരക്ഷിക്കാനാവശ്യമായ സഹായം നൽകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൃഷിക്കാർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിരുന്നു. അത് വർദ്ധിപ്പിച്ച് നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കൃഷിക്ക് ഏറ്റവും കൂടുതൽ ഭീഷണിയാകുന്നത് കാട്ടുപന്നിയാണെന്ന് നമുക്കറിയാം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഉത്തരവ് ഇറക്കിയത് നല്ല കാര്യമാണ്. പക്ഷേ, അതിന് ഒട്ടേറെ സാങ്കേതിക പരിമിതികളുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സാങ്കേതിക തടസ്സങ്ങൾ ഇക്കാര്യത്തിലുണ്ട്. കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിച്ച് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകളുണ്ടാകണമെന്നാണ് പറയാനുള്ളത്. വനമേഖലയിൽ തൊഴിലവസരങ്ങളുണ്ടാകണം. വനസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തണം. വളർച്ചയെത്തിയ ചെടികളുടെ പ്ലാന്റേഷൻ സംസ്ഥാനത്തെ വനമേഖലയുമായി ബന്ധപ്പെട്ട് വരുന്നതാണ്. പ്ലാന്റേഷന്റെയെല്ലാം കണക്കുകൾ പരിശോധിച്ച് വർക്കിംഗ് പ്ലാൻ തയ്യാറാക്കി യഥാസമയം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിയാൽ വനമേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. അത് സർക്കാരിന് വരുമാനമുണ്ടാക്കുന്ന കാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല. തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷ്യ, സിൽവർ ഓക്ക് എന്നീ മരങ്ങളാണ് സോഷ്യൽ ഫോറസ്ട്രി വനം പ്ലാന്റേഷനുകളിൽ നട്ടുപിടിപ്പിക്കുന്നത്. ഇതിനിടയിൽ മറ്റ് മരങ്ങൾക്ക് വളരാനാകുന്നില്ല. അടിക്കാടുകൾ ഇല്ലാതാകുന്നു. തീറ്റയും വെള്ളവും

കിട്ടാതെവരുമ്പോൾ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നു. ഈ മരങ്ങൾക്കുപകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്തരമൊരു നിർദ്ദേശം സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കുളത്തുപ്പുഴ സെൻട്രൽ നഴ്സറിയടക്കമുള്ള കേരളത്തിലെ നഴ്സറികളിൽ ഫലവൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് ഇത്തരം ക്രമീകരണമുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വനമേഖലയുമായി ബന്ധപ്പെട്ട് ഒട്ടനവധി നിർദ്ദേശങ്ങളാണുള്ളത്. വി.എസ്.എസ്. (വനസംരക്ഷണ സമിതി)-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ കഴിയണം. വനവിഭവങ്ങളുൾപ്പെടെ വിൽക്കുന്ന വി.എസ്.എസ്.-ന്റെ പ്രവർത്തനം പ്രാധാന്യമുള്ളതാണ്. ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്ന സംവിധാനമാണിത്. അച്ചൻകോവിൽ വി.എസ്.എസ്. ഉൾപ്പെടെ നിർമ്മാണ പ്രവൃത്തികൾ നടത്തിയതിന്റെ പണം കൊടുക്കാനുണ്ടെന്ന വിഷയമടക്കം ധാരാളം കാര്യങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. വി.എസ്.എസ്-ന്റെ പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകി സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വനാതിർത്തിയിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾക്കായി സ്വയം പുനരധിവാസ സന്നദ്ധ പദ്ധതി ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള പദ്ധതിയായതിനാൽ ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉയർന്നുവരികയാണ്. അഞ്ച് സെന്റുള്ളവർക്കും അഞ്ചേക്കറുള്ളവർക്കും ഒരേ നഷ്ടപരിഹാരത്തുകയാണ് നൽകുന്നത്. മറ്റ് സാങ്കേതികമായ ചില പ്രശ്നങ്ങളുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കട്ടിളപ്പാറയടക്കമുള്ള സ്ഥലങ്ങളിൽ ഈ വിഷയം ഉയർന്നുവന്നിട്ടുണ്ട്. ഇത് കർഷകരുമായോ അല്ലെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്ന ആളുകളുമായോ ഗൗരവമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. വനമേഖലയിലെ പ്രധാന വരുമാന സ്രോതസ്സാണ് 'ഇക്കോ ടൂറിസം' പദ്ധതികൾ. ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വനമേഖലയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഏകദേശം 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചത് ഏറ്റവും നല്ല സംവിധാനവും ഫലപ്രദമായ നിലപാടുമാണ്. വനജാഗ്രതാ സമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഏകദേശം 25,000 തൊഴിലാളികളുടെ (മസ്ദൂർ വാച്ചർമാർ, ഫയർ വാച്ചർമാർ തുടങ്ങിയ) ശമ്പളക്കുടിശ്ശിക ഏറ്റവും ഗൗരവമേറിയ വിഷയമാണ്. ഇക്കാര്യം നിയമസഭയിൽ പലതവണ ചർച്ചാ വിഷയമായതാണ്. ഓണത്തിനോടനുബന്ധിച്ച് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി

സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പത്ത് മുതൽ ഇരുപത് വർഷംവരെ ജോലി ചെയ്തിട്ടുള്ള മസ്ദൂർ വാച്ചർമാരെ സ്ഥിരപ്പെടുത്തുവാനാവശ്യമായ നടപടികളുണ്ടാകണം. വനമേഖലയുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് പ്രഖ്യാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ വളരെ ഗൗരവമായി മനസ്സിലാക്കി ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വനമേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന നിരവധി വിഷയങ്ങൾക്ക് നിലവിലുള്ള ഫണ്ടുപയോഗിച്ച് പരിഹാരം കാണാൻ കഴിയുന്നില്ല. അതിനായി ശാസ്ത്രീയ പഠനം നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു ടീമിനെ നിയോഗിച്ച് അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട നിരന്തരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. വനമേഖലയുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് പ്രഖ്യാപിച്ച് നിലവിലുള്ള എല്ലാ പ്രശ്നങ്ങൾക്കും ശാശ്വതപരിഹാരം കാണുന്നതിനായി അങ്ങ് അടിയന്തരമായി ഇടപെടണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സഹകരണ പ്രസ്ഥാനത്തിന് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. മാനവ വികസന സൂചികയിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തെ മുന്നിലെത്തിച്ചതിൽ പല ഘടകങ്ങൾക്കുമൊപ്പം സഹകരണ മേഖലയ്ക്കും വലിയ പങ്കുണ്ട്. രണ്ട് ലക്ഷം കോടി രൂപയോളമാണ് സഹകരണമേഖലയിലെ നിക്ഷേപം. ഗ്രാമീണ സമ്പദ്ഘടനയിൽ സഹകരണ മേഖലയ്ക്കുള്ള പങ്കെന്താണെന്ന് ഞാനിവിടെ വിവരിക്കേണ്ട ആവശ്യമില്ല. സമസ്തമേഖലകളിലും നമ്മുടെ സഹകരണ പ്രസ്ഥാനം പടർന്ന് പന്തലിച്ചു നിൽക്കുകയാണ്. വൈവിദ്ധ്യമാർന്ന പരിപാടികളിലൂടെ ഇന്ന് എല്ലാ മേഖലയിലും സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യമുണ്ട്. സാമ്പത്തികപ്രയാസമുള്ള സന്ദർഭത്തിൽപ്പോലും സർക്കാരിനൊരു താങ്ങായി പലപ്പോഴും സഹകരണ പ്രസ്ഥാനം ഒപ്പംനിൽക്കാറുണ്ടെന്നതിന് യാതൊരു സംശയവുമില്ല. പക്ഷേ, സ്വയംഭരണ അവകാശവും ജനാധിപത്യ സ്വഭാവവും വിശ്വാസ്യതയും നിലനിർത്തി മുന്നോട്ട് പോയിട്ടില്ലെങ്കിൽ അപകടകരമായൊരു സ്ഥിതിവിശേഷം നമ്മൾ നേരിടേണ്ടിവരും. രണ്ടാഴ്ചയായി കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയാണ് ദൃശ്യ മാധ്യമങ്ങളും വർത്തമാന പത്രങ്ങളുമൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഞാനിത് ഒരു വിമർശനത്തിനുവേണ്ടി പറയുന്നതല്ല. ഏതെങ്കിലുമൊരു സഹകരണ പ്രസ്ഥാനത്തിന്റെ/ബാങ്കിന്റെ അഴിമതിയെക്കുറിച്ച്

പറയുമ്പോൾ മറ്റൊരു ബാങ്കിന്റെ അഴിമതി പറഞ്ഞ് അതിനെ സംരക്ഷിക്കുകയല്ല വേണ്ടത്. ഇത് അവസാനിപ്പിക്കാൻ എന്തുമാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്ന് നമ്മൾ ചിന്തിക്കണം. രണ്ട് ലക്ഷം കോടി രൂപയെന്ന് പറഞ്ഞാൽ അത് ചെറിയ നിക്ഷേപമല്ല; അത് ജനങ്ങൾക്ക് ഈ പ്രസ്ഥാനത്തിലുള്ള വിശ്വാസമാണ്. ഗ്രാമഗ്രാമാന്തരങ്ങളിൽ ഇത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിക്ഷേപത്തിന് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നുണ്ടോയെന്ന് നമ്മുടെ നിക്ഷേപകർ സംശയിക്കുന്നുണ്ടെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല; അഴിമതി അവസാനിപ്പിക്കാൻ കഴിയണം. സഹകരണ വകുപ്പുമന്ത്രി ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സർവ്വകക്ഷി യോഗം വിളിക്കുന്നത് നല്ല കാര്യം തന്നെയാണ്; അടിയന്തരമായി അത് ചെയ്യണം. കാരണം, നിഷ്കാമകർമ്മികളായ നമ്മുടെ പൂർവ്വികർ കക്ഷിരാഷ്ട്രീയത്തിനതീതമായി, ജാതിമതചിന്തകൾക്കതീതമായി വളർത്തിക്കൊണ്ടുവന്ന പ്രസ്ഥാനത്തിനൊരു പരിക്കുമേൽപ്പിക്കാതെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അതിനാവശ്യമായ നടപടികളുണ്ടാകണം. കരുവന്നൂർ സഹകരണ ബാങ്കിൽ ഏകദേശം 300 കോടിയോളം രൂപയുടെ തട്ടിപ്പ് നടന്നുവെന്നാണ് പറയുന്നത്. നാല് പതിറ്റാണ്ടുകാലമായി ആ സഹകരണ സംഘം ഭരിക്കുന്നത് സി.പി.ഐ.(എം) ആണ്. അഴിമതിയുമായി ബന്ധപ്പെട്ട് ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടശേഷം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുകയും കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും ചെയ്തുവെങ്കിലും രണ്ടാഴ്ചയായിട്ടും ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. രണ്ടാഴ്ചയായി ഇത് മാധ്യമങ്ങൾ ആഘോഷിക്കുകയാണ്. അത് ഈ പ്രസ്ഥാനത്തിനുണ്ടാക്കുന്ന അപകടം എത്രത്തോളമാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ? ഞാൻ വിമർശനത്തിനുവേണ്ടി പറയുകയല്ല, കുറ്റക്കാർക്കെതിരെ നടപടികളുണ്ടാകണം. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച ഒരാളുടെയും ഒരു നയാപൈസ പോലും നഷ്ടപ്പെടുകയില്ലെന്ന് പ്രഖ്യാപിക്കാനും നമുക്ക് സാധിക്കണം. ജനങ്ങൾക്ക് വിശ്വസ്തതയോടുകൂടി സഹകരണ ബാങ്കുകളെ സമീപിക്കാം. ഇന്ന് സംസ്ഥാനത്തെ ഭരണകക്ഷി ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. നിങ്ങളുടെ കയ്യിൽ എല്ലാ അധികാരവുമുണ്ട്. ഈ സംസ്ഥാനത്തുള്ള എല്ലാ സഹകരണ ബാങ്കുകളും അത് ഇടതുപക്ഷമോ വലതുപക്ഷമോ എന്ന് നോക്കാതെ പരിശോധിക്കണം. യു.ഡി.എഫ്. എന്നോ എൽ.ഡി.എഫ്. എന്നോ നോക്കേണ്ടതില്ല. അഴിമതി ആര് നടത്തിയാലും അവരുടെ പേരിൽ നടപടിയെടുക്കണം, അവരുടെ സ്വത്ത് കണ്ടുകെട്ടണം. അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. ഇപ്പോൾ ക്രൈംബ്രാഞ്ച് ഇരുട്ടിൽ തപ്പുകയാണ്. എന്താണ് കാരണം, ഇതിലുൾപ്പെട്ടവർ ഉത്തരവാദിത്വമുള്ള നേതാക്കളായതിനാൽ അവരെ

കൈവച്ചാൽ കൈപൊള്ളുന്ന അവസ്ഥയാണ്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ ഞാൻ ചെറുതാക്കിപ്പറയുന്നില്ല. ആധുനിക ബാങ്കിംഗ് സൗകര്യമൊക്കെ പരിശോധിക്കാൻ നല്ല കഴിവും പ്രാപ്തിയും യോഗ്യതയും പ്രാവീണ്യവുമുള്ള ഉദ്യോഗസ്ഥരാണ്. പരിശോധന നടത്തി അഴിമതി കണ്ടെത്തിയാലും അത് പുറത്തുകൊണ്ടുവരാൻ അവർക്ക് സാധിക്കുന്നില്ല. അവരുടെ കയ്യിൽ വിലങ്ങാണ്. സ്വതന്ത്രമായും നീതിപൂർവ്വമായും നിഷ്പക്ഷമായും അന്വേഷിക്കാൻ അവരെ അനുവദിക്കണം. എവിടെയെങ്കിലും അഴിമതി നടന്നിട്ടുണ്ടെങ്കിൽ പുറത്തുവരട്ടെ, ജനവിശ്വാസമാർജ്ജിച്ചുകൊണ്ട് ഈ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകേണ്ട ബാദ്ധ്യത നമുക്കുണ്ട്. ഞാനതുകൊണ്ട് ആവർത്തിക്കുകയാണ്, രണ്ട് ലക്ഷം കോടി രൂപയുടെ നിക്ഷേപമെന്നത് രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. നമ്മൾ പെരുമ്പറ അടിച്ച് പ്രസംഗിക്കുകയും അനുഭവിച്ചുകൊണ്ടിരിക്കുകയുമാണ്. നമ്മുടെ സഹകരണമേഖല ചെയ്തുകൊണ്ടിരിക്കുന്ന നന്മനിറഞ്ഞ കാര്യങ്ങൾ; കോവിഡ് കാലഘട്ടത്തിലാകട്ടെ, പ്രളയകാലത്താകട്ടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന സംഭാവനകളാകട്ടെ, സഹകരണ മേഖലയിലെ പങ്ക് പരിശോധിച്ചുനോക്കൂ. ഇത് എങ്ങനെയാണ് സാധിക്കുന്നത്? ഗ്രാമീണ മേഖലയിലെ തൊഴിലാളികൾ മുതൽ ഉന്നതസ്ഥാനത്തിരിക്കുന്ന നിക്ഷേപകർ വരെ ചെറുതും വലുതുമായ തുക നിക്ഷേപിക്കുന്നതുകൊണ്ടാണ്. അതിന് സുരക്ഷിതത്വമില്ലെന്ന് പറഞ്ഞാൽ എന്തുചെയ്യും? ആ നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ നടക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ സർക്കാരിടപെടുകയും ഇനി ഇതൊന്നും അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്യണം. ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ദ്രുതഗതിയിലുള്ള പരിശോധനകൾ നടത്തണം. അതിനാവശ്യമായുള്ള ക്രമീകരണങ്ങൾ ഒരുക്കണം. വ്യവസ്ഥകൾ തെറ്റിച്ച് വ്യാജരേഖകൾ ചമയ്ക്കുക, വസ്തുവിന്റെ ഉടമകളറിയാതെ അവരുടെ പേരിൽ വായ്പയെടുക്കുക, കമ്പ്യൂട്ടറുകളിൽ കൃത്രിമം കാണിക്കുക അങ്ങനെ ഏതൊക്കെത്തരത്തിൽ ഇതുമായി ബന്ധപ്പെട്ട് അഴിമതി നടത്താമെന്ന് ശ്രമിക്കുകയാണ്. ഇതിന് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരമുണ്ടാകണം. "സഹകരണമേഖലയിൽ പൂർണ്ണമായും സ്വതന്ത്ര ആഡിറ്റ് നടത്തും, നിലവിലുള്ള ആഡിറ്റ് സംവിധാനം പൂർണ്ണമായും സ്വതന്ത്ര സംവിധാനമായി ശക്തിപ്പെടുത്തും, ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിൽനിന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ആഡിറ്റ് ഡയറക്ടറായി നിയമിക്കും, സാമ്പത്തിക ക്രമക്കേടുകൾ നടന്നുവെന്ന് പ്രാഥമിക സ്ഥിരീകരണം ലഭിച്ചാലുടൻ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യും, പ്രതിയുടെ സ്വത്ത് മരവിപ്പിക്കും, ആവശ്യമായ വകുപ്പുകൾ സഹകരണ നിയമത്തിൽ കൂട്ടിച്ചേർക്കും, ഇതുമായി

ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സർവ്വകക്ഷിയോഗം വിളിക്കും" എന്ന് തുടങ്ങി വളരെ ആശ്വാസകരമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ ഒരു വിമർശനത്തിനുവേണ്ടി പറയുന്ന കാര്യമല്ല, അഴിമതി ആര് നടത്തിയാലും മുഖം നോക്കാതെ നടപടിയുണ്ടാകണം. അത് എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും. എല്ലാ വഴിവിട്ട പ്രവർത്തനങ്ങൾക്കും ഒരു പര്യവസാനമുണ്ടാകണം. അഴിമതിരഹിത, സാമ്പത്തിക അച്ചടക്കം പാലിക്കുന്ന ഒരു വിശ്വസ്ത സ്ഥാപനമായി സഹകരണ പ്രസ്ഥാനത്തെ കൊണ്ടുവരാൻ നമുക്ക് സാധിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

വനം വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചർച്ച പ്രമാദമായ മുട്ടിൽ മരം മുറി കേസ് സംബന്ധിച്ചാണ്. അത് കൃത്യമായ വനം കൊള്ളയാണ്. വനം-റവന്യൂ വകുപ്പുകളുമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ കൊള്ളയാണത്. വയനാട്ടിൽനിന്നും കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള രാജകീയമരങ്ങൾ യാതൊരുവിധ പരിശോധനകളുമില്ലാതെ എത്തിയതെങ്ങനെ; എല്ലാ ഭരണസംവിധാനങ്ങളും ബോധപൂർവം കണ്ണടച്ചിമ്മിയതല്ലേ? നിയമത്തിന് നാല് മാസത്തേയ്ക്ക് ഇളവുകൊടുത്ത് വനംവെട്ടി വെളുപ്പിച്ചത് ആസൂത്രിതമായ അഴിമതിതന്നെയാണ്. സർക്കാരിന് ധൈര്യമുണ്ടെങ്കിൽ ഇക്കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, എങ്ങനെയാണ് ഈട്ടിത്തടി വയനാട്ടിൽനിന്നും തിരുവനന്തപുരം, കൊച്ചി, പെരുമ്പാവൂർ എന്നിവിടങ്ങളിലേയ്ക്ക് എത്തിച്ചേരുന്നത്; ചെക്ക്പോസ്റ്റുകളിൽ യാതൊരുവിധ ചെക്കിംഗും ഇല്ലാതെ, ഒരു ഫ്ലയിംഗ് സ്ക്വാഡും കാണാതെ എത്തിയത് എങ്ങനെയാണെന്നുള്ളത് വനം വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സഹകരണപ്രസ്ഥാനത്തെ തകർക്കാൻ ലക്ഷ്യമിട്ട് പറക്കുന്ന കഴുകന്മാരെ സംബന്ധിച്ച് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞകാര്യം വളരെ ശരിയാണ്. നമ്മൾ അത് മറന്നിട്ടില്ല, നോട്ടുനിരോധനമാണത്. എൻഫോഴ്സ്മെന്റും ധനകാര്യ വകുപ്പും

ആദായനികുതി വകുപ്പും എല്ലാംകൂടി സഹകരണമേഖലയിൽ അഴിഞ്ഞാടി; അതിനുള്ള അവസരം നമ്മളുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. എങ്ങനെയാണ് നോട്ട് നിരോധനത്തെ നമ്മൾ നേരിട്ടത്. നിയമസഭയിൽ നമ്മൾ യോജിച്ച് അതിനെതിരെ പ്രമേയം കൊണ്ടുവന്നു; ഒരുമിച്ച് പ്രക്ഷോഭം സംഘടിപ്പിച്ചു. അങ്ങനെ സഹകരണമേഖലയ്ക്ക് ഏതുതരത്തിലുള്ള ബുദ്ധിമുട്ടുകൾ സംഭവിക്കുന്ന സന്ദർഭങ്ങളിലും ഒരുമിച്ചുനിന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ഒത്തൊരുമിച്ചു നിന്നാൽ ഇതിനിടയിലുള്ള അഴിമതികളെ നേരിടാൻ സാധിക്കുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയെയാകെ അപകീർത്തിപ്പെടുത്തുന്നതരത്തിലുള്ള ചില ബോധപൂർവ്വമായ പ്രസ്താവനകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടു. ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും സജീവ ഇടപെടലുകളുമായി മുന്നോട്ടുപോകുന്നതാണ് സഹകരണ മേഖല. ഗ്രാമീണ മേഖലയിൽ എല്ലായിടത്തും ഇന്ന് സഹകരണമേഖലയുടെ സാന്നിദ്ധ്യമുണ്ട്. ജനങ്ങൾ അർപ്പിച്ച വിശ്വാസവും സർക്കാരിന്റെ പിന്തുണയുമാണ് ഇന്ന് നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ ശക്തിയെന്നത് തിരിച്ചറിയേണ്ടതാണ്. തൃശ്ശൂരിൽ ഉൾപ്പെടെയുണ്ടായിട്ടുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്; ഞങ്ങളുടെ പാർട്ടിയും സ്വീകരിച്ചിട്ടുണ്ട്. ഇതൊന്നും അറിഞ്ഞില്ല എന്നമട്ടിലാണ് ചിലയാളുകൾ കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകളും ഈ നിലയിലാണ് പ്രവർത്തിക്കുന്നതെന്ന രൂപത്തിൽ, ഈ മേഖലയെയാകെ തകർക്കുന്നതിനുവേണ്ടി സഹകാരികൾക്കിടയിൽ വലിയ ആശങ്കയുണ്ടാക്കുന്നതരത്തിലുള്ള ദുഃസൂചനകൾ നിറഞ്ഞ പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ചില മാധ്യമങ്ങളുടെ പിന്തുണയും ഇക്കാര്യത്തിൽ അവർക്കുണ്ട്. വിശ്വാസത്തിന് പോറലേൽക്കാതെ സഹകരണ മേഖലയെ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. 2020-ലെ കണക്കുപ്രകാരം, ചുരുങ്ങിയ ചില സഹകരണ സ്ഥാപനങ്ങളിൽ മാത്രമാണ് ഇത്തരത്തിലുള്ള സാമ്പത്തികമായ ചില അനാരോഗ്യ പ്രവണതകൾ ഉണ്ടായിട്ടുള്ളതെന്ന് ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിലുൾപ്പെടെ സൂചിപ്പിച്ചിട്ടുണ്ട്. വസ്തുത അതാണെന്നിരിക്കെയാണ് ചിലയാളുകൾ സഹകരണ മേഖലയാകെ ഈ നിലയിലാണെന്നുള്ള സമീപനം സ്വീകരിക്കുന്നത്. സഹകരണ മേഖല ഇന്ന് ഇടപെടാത്തൊരു രംഗവുമില്ല. നാടിന്റെ സമസ്ത മേഖലകളിലും നിറഞ്ഞുനിൽക്കുന്ന കരുത്തുറ്റ ജനകീയ പ്രസ്ഥാനമാണ് സഹകരണ മേഖല. ജനങ്ങളുടെ സ്വന്തം സ്ഥാപനമെന്നുള്ള

നിലയിലാണ് സഹകരണ സ്ഥാപനങ്ങൾ നമ്മുടെ സമൂഹത്തിൽ അറിയപ്പെടുന്നത്. വീടിനടുത്ത് സാമ്പത്തിക ഇടപാടുകൾ നടത്താനുള്ള സ്ഥാപനമെന്നുള്ള നിലയിൽ മാത്രമല്ല, ആപത്ഘട്ടങ്ങളിൽ തങ്ങളുടെ രക്ഷയ്ക്കായി ഓടിയെത്തുന്ന ജനകീയപ്രസ്ഥാനം എന്നുള്ള നിലയിലാണ് എല്ലാ മലയാളികളും സഹകരണ മേഖലയെ നോക്കിക്കാണുന്നത്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണംവരെ അവന്റെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സഹകരണ മേഖലയുമായി ഇടപെടാത്ത ഒരു വ്യക്തിപോലും നമ്മുടെ സമൂഹത്തിലുണ്ടാകില്ല. ഒരുപാട് പഴയകാര്യങ്ങളൊന്നും പരിശോധിക്കേണ്ടതില്ല. രണ്ട് പ്രളയ കാലഘട്ടത്തിലും കോവിഡ് കാലത്തും സഹകരണ മേഖല നടത്തിയ മികച്ച ഇടപെടലുകൾ മറച്ചുവച്ചുകൊണ്ടുള്ള പ്രസ്താവനകളാണ് ചിലയാളുകൾ ഇവിടെ നടത്തിയിട്ടുള്ളത്. പ്രളയത്തിൽ വീട് തകർന്നവരെ സഹായിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാവപ്പെട്ട നിരവധിയാളുകൾക്ക് ഈ പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അടുത്ത ഘട്ടമെന്നുള്ള നിലയിൽ പതിനാല് ജില്ലകളിലും വീടും സ്ഥലവുമില്ലാത്തവർക്കു വേണ്ടി ഫ്ലാറ്റ് ഉൾപ്പെടെയുള്ളവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രളയംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനുവേണ്ടി Resurgent Kerala Loan Scheme (RKLS) എന്ന പദ്ധതിയും ആ നാളുകളിൽ സഹകരണ മേഖല ആവിഷ്കരിച്ചിരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾവഴി ഒരു ലക്ഷം രൂപവരെ സ്ത്രീകൾക്ക് വായ്പ കൊടുക്കുന്ന പദ്ധതിയായിരുന്നു. ഈ പദ്ധതിപ്രകാരം ഏതാണ്ട് 9,500-ഓളം അയൽക്കൂട്ടങ്ങളിലായി 86,000-ത്തിലധികം ഗുണോഭോക്താക്കൾക്ക് 800 കോടിയോളം രൂപയാണ് സഹകരണസംഘങ്ങൾ വായ്പയായി നൽകിയിട്ടുള്ളത്. ലോകത്തെയാകെ പിടിച്ചുകുലുക്കിയ കോവിഡ് മഹാമാരിയെ നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്കൊപ്പംനിന്നുകൊണ്ട് നമ്മുടെ നാട്ടിൽ സഹകരണ മേഖല മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നമ്മുടെ ചെറുതും വലുതുമായ സഹകരണ സംഘങ്ങൾ പങ്കാളികളായി. നമ്മളെല്ലാം ഒരുമിച്ചാണ് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. ഒരാൾപോലും പട്ടിണികിടക്കാൻ പാടില്ലെന്നുള്ള നിലപാട് സ്വീകരിച്ച് കമ്മ്യൂണിറ്റി കിച്ചണുകൾ വ്യാപകമായി ആരംഭിക്കാൻ സാധിച്ചു. കമ്മ്യൂണിറ്റി കിച്ചണുകൾക്കുവേണ്ടിയുള്ള സഹായമുൾപ്പെടെ സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം, അവശ്യമരുന്നുകളുടെ വിതരണം, ആരോഗ്യ പ്രവർത്തകർക്കുള്ള സുരക്ഷാ ഉപകരണങ്ങൾ തുടങ്ങി Covid First Line Treatment Center (CFLTC)-യുടെ പ്രവർത്തനങ്ങൾവരെ സംഘടിപ്പിക്കുന്ന കാര്യത്തിൽ സഹകരണ

ബാങ്കുകൾ സജീവമായി ഇടപെട്ടിട്ടുണ്ട്. ലോക്ഡൗണിനെത്തുടർന്നുള്ള തൊഴിൽനഷ്ടവും സാമ്പത്തിക പ്രതിസന്ധിയും തരണം ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി വിജയകരമായി നടപ്പിലാക്കിയതും സഹകരണ ബാങ്കുകൾ മുഖേനയാണ്. 86,000-ത്തിൽപ്പരം കുടുംബശ്രീ ഗ്രൂപ്പുകളിലൂടെ 800 കോടിയോളം രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം കോവിഡാനന്തര കാലത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച 'സുഭിക്ഷകേരളം' പദ്ധതി വിജയിപ്പിക്കുന്നതിലും സഹകരണ മേഖല വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഏത് നിലയിൽ നോക്കിയാലും സഹകരണ മേഖല മാതൃകാപരമായി ഇടപെട്ടിട്ടുണ്ട്.

കേരള ബാങ്കിന്റെ രൂപീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയപ്പോൾ അതിനെ തകർക്കാൻ ശ്രമിച്ചവരാണ് ഇവിടെ വിമർശനം ഉന്നയിക്കുന്നത്. അന്നത്തെ പ്രതിപക്ഷനേതാവ് ഉൾപ്പെടെ എന്താണ് പറഞ്ഞത്? യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഞങ്ങൾ കേരള ബാങ്കിനെ പിരിച്ചുവിടുമെന്നാണ്. ഏതായാലും ഭാഗ്യമുണ്ട്. യു.ഡി.എഫ്. അധികാരത്തിൽ എത്താത്തതുകൊണ്ട് കേരള ബാങ്ക് നല്ലനിലയിൽ മുന്നോട്ടുപോകുന്നുണ്ട്. കേരള ബാങ്കിന്റെ കാര്യത്തിൽ മാത്രമല്ല എല്ലാ കാര്യത്തിലും ഇത്തരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. 769 ശാഖകളുള്ള കേരള ബാങ്ക് കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിരവധി വാണിജ്യ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, സഹകരണ മേഖലയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന പൂർണ്ണ സ്വഭാവത്തോടുകൂടിയ വാണിജ്യ ബാങ്ക് ഇന്ത്യയിൽത്തന്നെ ആദ്യത്തേത് കേരളത്തിലാണ്. യു.ഡി.എഫ്-ന്റെ നേതൃത്വത്തിൽ ഒരു ജില്ലമാത്രം അതിനോട് സഹകരിക്കില്ലെന്ന നിലപാട് സ്വീകരിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയടക്കം അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അത്തരത്തിൽ നിലപാടുകൾ സ്വീകരിച്ചവരാണ് ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയാകെ മോശമാണെന്ന നിലയ്ക്ക് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഗവൺമെന്റും ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ഞങ്ങളുടെ പാർട്ടിയും ആ വിഷയവുമായി ബന്ധപ്പെട്ട് കൃത്യമായി നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണമുൾപ്പെടെയുള്ള കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. നിക്ഷേപകർക്ക് പണം നഷ്ടപ്പെടില്ലെന്ന തരത്തിലുള്ള ഇടപെടൽ നടത്താൻ തീരുമാനിച്ചകാര്യം ബഹുമാന്യനായ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. തട്ടിപ്പുകാരിൽനിന്നും പണം ഈടാക്കുന്ന തരത്തിലുള്ള നിയമനടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇങ്ങനെയുള്ള നിരവധി ഇടപെടലുകൾ ഈ വിഷയത്തിൽ ഗവൺമെന്റ്

നടത്തുന്നുണ്ട്. സഹകരണമേഖലയിൽ യു.ഡി.എഫ്. നടത്തിയ കൊള്ളയെക്കുറിച്ച് സമയക്കുറവുമൂലം ഇവിടെ വിശദീകരിക്കുന്നില്ല. തട്ടിപ്പുകൾ പുറത്തുവരുമ്പോൾ യു.ഡി.എഫ്. നേതൃത്വം കുറ്റവാളികളെ സംരക്ഷിക്കുന്ന തരത്തിലുള്ള നിലപാടുകളായിരുന്നു സ്വീകരിച്ചിട്ടുള്ളത്. അവരാണ് ഇന്ന് ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ നമ്മുടെ സഹകരണ മേഖലയെയാകെ അടച്ചാക്ഷേപിക്കുന്നതരത്തിലുള്ള സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടു വന്നിട്ടുള്ളത്. സഹകരണമേഖലയെ സംരക്ഷിക്കേണ്ടത് നാടിന്റെ പൊതുവായ ആവശ്യമാണ്. സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി സഹകാരികളെ വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റും സഹകരണ വകുപ്പും മുന്നോട്ടുപോകുന്നത്. ആ പ്രവർത്തനത്തിന് എല്ലാവരുടെയും അകമഴിഞ്ഞ പിന്തുണയും സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

1.00 P.M.]

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സഹകരണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് സർ റോബർട്ട് ഓവനെയും ഇന്ത്യയിലെ സഹകരണ മേഖലയുടെ തലതൊട്ടപ്പനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും കേരളത്തിൽ ഏകീകൃത സഹകരണ നിയമം കൊണ്ടുവന്ന് സഹകരണ പ്രസ്ഥാനത്തിന് അടിത്തറയിട്ട പി. ആർ. കുറുപ്പിനെയും ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. സഹകരണമേഖലയ്ക്ക് ഒരു മുദ്രാവാക്യമുണ്ട്, 'ഓരോരുത്തരും എല്ലാവർക്കും വേണ്ടി - എല്ലാവരും ഓരോരുത്തർക്കും വേണ്ടി'. ആ മുദ്രാവാക്യം ശക്തമായി പ്രാവർത്തികമാക്കിക്കൊണ്ട് കേരളത്തിൽ സമസ്ത മേഖലകളെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നൊരു സഹകരണ പ്രസ്ഥാനം നിലവിലുണ്ട്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത്, ഈ ഗവൺമെന്റിൽ പ്രാഥമിക സഹകരണസംഘത്തിന്റെ പ്രസിഡന്റായി തുടങ്ങി സംസ്ഥാന തലത്തിലുള്ള വലിയ സഹകരണ സംഘങ്ങളെ വരെ നയിച്ചിട്ടുള്ള ശ്രീ. വി. എൻ. വാസവൻ സഹകരണ മേഖലയുടെ മന്ത്രിയായി എത്തിയിരിക്കുന്നുവെന്നുള്ളത് ഈ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വലിയ പ്രതീക്ഷ നൽകുന്നതാണെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തെ വിവിധ മേഖലകളിൽ മുന്നിലെത്തിച്ചത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളാണ്. കുത്തകവൽക്കരണത്തിന്റെ കാലഘട്ടത്തിലാണ് ജീവിക്കുന്നതെന്ന് നമുക്കറിയാം. ആ കാലഘട്ടത്തിൽ സഹകരണ മേഖലയുടെ പ്രസക്തി വളരെ വലുതാണ്. അതുകൊണ്ട് ആ മേഖലയെ കണ്ണിലെ

കൃഷ്ണമണിപോലെ സംരക്ഷിക്കാൻ നമുക്കെല്ലാം ബാദ്ധ്യതയുണ്ടെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർ ഏറ്റവുമധികം ബാങ്കിംഗ് ആവശ്യങ്ങൾക്ക് ആശ്രയിക്കുന്നത് സഹകരണ മേഖലയെയാണ്. കൊച്ചിയിലെ Centre For Socio-economic and Environmental Studies റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കുവേണ്ടി നടത്തിയ ഒരു പഠനത്തിൽ കേരളത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 80 ശതമാനം ആളുകളും തങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളടക്കമുള്ള സഹകരണ ബാങ്കുകളെ ആശ്രയിച്ചാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സഹകരണ മേഖലയെ അപ്പാടെ വിഴുങ്ങുന്നതിനും കുത്തകകൾക്ക് അടിയറവ് വയ്ക്കുന്നതിനുമുള്ള നയങ്ങളും നിലപാടുകളും സ്വീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എപ്രകാരമാണ് ഇത്തരമൊരു സമീപനത്തിലേയ്ക്ക് കാര്യങ്ങളെത്തിയത്? 2005-ൽ പ്രൊഫ. വൈദ്യനാഥൻ കമ്മീഷനെ നിയമിക്കുന്നൊരു സാഹചര്യം സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഇന്ത്യയിലുണ്ടായി. ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യു.പി.എ. സർക്കാരാണ് വൈദ്യനാഥൻ കമ്മീഷനെ നിയമിച്ചത്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടാണ് സഹകരണ മന്ത്രാലയ രൂപീകരണത്തിനും തുടർന്ന് 2012-ലെ 97-ാം ഭരണഘടനാ ഭേദഗതിക്കും അടിസ്ഥാനമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. സനീഷ്കുമാർ ജോസഫ് അടുത്ത നാളിലുണ്ടായ സുപ്രീം കോടതി വിധിയെ സ്വാഗതം ചെയ്തു. പക്ഷേ, ബഹുമാന്യനായ അംഗം പറയാതെ പോയൊരു കാര്യമുണ്ട്, ആ സുപ്രീം കോടതി വിധിയിലൂടെ ഭാഗികമായി റദ്ദാക്കപ്പെട്ടത് 2012-ലെ 97-ാം നമ്പർ ഭരണഘടനാ ഭേദഗതിയാണ്. സഹകരണമേഖലയിൽ കേന്ദ്ര ഇടപെടലിന് അവസരമൊരുക്കിയ ഭരണഘടനാ ഭേദഗതിയാണ് ആ സുപ്രീം കോടതി വിധിയിലൂടെ റദ്ദാക്കപ്പെട്ടത്. ആരായിരുന്നു ആ ഭേദഗതി കൊണ്ടുവന്നത്; അന്നത്തെ യു.പി.എ. സർക്കാർ ആയിരുന്നു. ഒരേസമയം വേട്ടക്കാരനോടൊപ്പം വേട്ടയാടുകയും ഇരയോടൊപ്പം ഓടുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ് ഇക്കാര്യത്തിൽ കോൺഗ്രസ്സ് അഖിലേന്ത്യാതലത്തിൽ സ്വീകരിച്ചിരുന്നത്. അക്കാര്യത്തിൽ അന്നത്തെ സംസ്ഥാന ഗവൺമെന്റും അനുകൂലമായ നിലപാടായിരുന്നു സ്വീകരിച്ചത്. 18.12.2012-ൽ നിയമസഭയിൽ സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ നൽകിയൊരു ഉത്തരമാണ് എന്റെ കയ്യിലിരിക്കുന്നത്. അന്നത്തെ കല്യാശ്ശേരി അംഗം ശ്രീ. ടി. വി. രാജേഷിന്റെ ചോദ്യം, 97-ാം ഭരണഘടനാ ഭേദഗതി കേരളത്തിലെ സഹകരണ സംഘങ്ങളെ പ്രതികൂലമായി

ബാധിക്കുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 97-ാം ഭരണഘടനാ ഭേദഗതി 2012-ലെ വ്യവസ്ഥകളിൽ ഭൂരിഭാഗവും നിലവിലുള്ള സംസ്ഥാന സഹകരണ നിയമത്തിലുൾപ്പെട്ടിട്ടുള്ളതാണ്. ഈ ഭേദഗതിമൂലം സംസ്ഥാന സഹകരണമേഖലയിൽ യാതൊരു ആശങ്കയ്ക്കും വകയില്ല എന്നായിരുന്നു മറുപടി. ഇതാണ് കോൺഗ്രസ്സിന്റെ നിലപാട്. പക്ഷേ, മറിച്ച് ഈ ഭേദഗതി റദ്ദാക്കിയതിനെ ഇപ്പോൾ സ്വാഗതം ചെയ്യുന്നതിന്റെ ഇരട്ടത്താപ്പാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതുപോലെ ഒരു സഹകരണബാങ്കിലെ അഴിമതിയുമായി, ക്രമക്കേടുമായി ബന്ധപ്പെട്ട് ഈ സംസ്ഥാനത്തെ സഹകരണമേഖലയുടെ ആകെ വിശ്വാസ്യത തകർക്കാനുള്ള ശ്രമമാണ് യു.ഡി.എഫ്. നടത്തുന്നത്. അഴിമതി ആരു കാണിച്ചാലും ശിക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ നമ്മളെല്ലാം ഒറ്റക്കെട്ടാണ്. പക്ഷേ, ആരും പരിശുദ്ധരായി ചമയേണ്ടതില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ ഒരു നിക്ഷേപക, വിധവയായ, വൃദ്ധയായ ഒരു അമ്മ കഴിഞ്ഞയാഴ്ച തപാലിൽ എനിക്കൊരു കത്തയച്ചു. ഞാൻ പേരു വെളിപ്പെടുത്തുന്നില്ല. ആ കത്തിലെ ചില ഭാഗങ്ങൾ ഞാൻ വായിക്കാം. 'എനിക്ക് 62 വയസ്സാണുള്ളത്. ഞാനും മക്കളും സമ്പാദ്യം മുഴുവൻ പൂഞ്ഞാർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പർ -3963-ൽ സ്ഥിരനിക്ഷേപമായിട്ടിരുന്നു. എന്റെ വീടിന്റെ പണിക്കായി സമ്പാദിച്ച തുകയാണ് ബാങ്കിൽ നിക്ഷേപിച്ചത്. എനിക്കൊരു സെന്റ് സ്ഥലം പോലുമില്ല. ഇപ്പോൾ താമസിക്കുന്നത് വാടക വീട്ടിലാണ്.' ബാക്കിയുള്ള അവരുടെ വ്യക്തിപരമായ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. '2018 ഡിസംബർ മാസം ബാങ്കിലെ ഭരണമുന്നണിയുടെ അഴിമതിയുടെ പേരിൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററാണ് ഇപ്പോൾ ബാങ്കിന്റെ ഭരണച്ചുമതല വഹിക്കുന്നത്. രണ്ടരവർഷമായിട്ടും പുതിയ ഭരണസമിതിയെത്തുകയോ, ഞങ്ങളുടെ സ്ഥിര നിക്ഷേപം പിൻവലിക്കാനോ സാധിക്കുന്നില്ല. ഭരണ സമിതിയിലുള്ളവർ നടത്തിയ അഴിമതിയിൽ ഞങ്ങൾ, പാവങ്ങളാണ് ബലിയാടായിരിക്കുന്നത്' എന്നാണ്. ഈ ബാങ്കിന്റെ പ്രസിഡന്റ് ഡി.സി.സി-യുടെ സെക്രട്ടറിയായിരുന്ന ഒരാളായിരുന്നു. മുതിർന്നൊരു കോൺഗ്രസ് നേതാവിന്റെ സഹോദരനായിരുന്നു സെക്രട്ടറി.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. ഒരു മിനിട്ടിലധികമായി.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അവസാനിപ്പിക്കുകയാണ്. ഞാൻ സൂചിപ്പിച്ചുവന്നത് സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യത നിലനിർത്താനുള്ള കൂട്ടായ പരിശ്രമമാണുണ്ടാകേണ്ടത്. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ ഇവിടെ വിശദീകരിക്കപ്പെട്ടു. കേരള ബാങ്കായും മെഡിക്കൽ കോളേജടക്കമുള്ള സഹകരണ ആശുപത്രികളായും കൺസ്യൂമർ ഫെഡ്ഡുകളായും ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായും കോ-ഓപ്പറേറ്റീവ് മാർട്ടായും കെയർ ഹോമായും സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസനിധികളിലേയ്ക്കുള്ള സഹായമായും സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണമായും കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണമായും പ്രൊഫഷണൽ എഡ്യൂക്കേഷന് CAPE (Co-operative Academy of Professional Education) വഴിയും മുറ്റത്തെ മുല്ല, വിദ്യാതരംഗിണി തുടങ്ങിയവ വഴിയും സാമൂഹ്യ മുന്നേറ്റത്തിനുള്ള എത്രയോ ശ്രദ്ധേയമായ പദ്ധതികളാണ് സഹകരണരംഗത്ത് ആവിഷ്കരിച്ചത്. ഒന്നുരണ്ട് നിർദ്ദേശങ്ങൾ മാത്രം സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കാം. നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ പരിധി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിക്ഷേപകരുടെ വിശ്വാസം നിലനിർത്തിയാൽ മാത്രമേ സഹകരണ മേഖലയ്ക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതിനായി ഏറ്റവും കൂടുതൽ ആശ്രയിക്കാൻ കഴിയുന്ന സാഹചര്യമുണ്ട്.

<u>മി. ചെയർമാൻ</u>: മൂന്ന് മിനിട്ടാകാൻ പോകുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇത് അവസാന വാചകമാണ്. വളരെ പ്രധാനപ്പെട്ടൊരു സജഷനാണ്. ഡെപ്പോസിറ്റിന്റെ കാലാവധി കഴിഞ്ഞ് 10 വർഷത്തിലധികമായിട്ടും ആരും ക്ലെയിം ചെയ്യാതെ അവശേഷിക്കുന്ന 400 കോടി രൂപ സഹകരണ മേഖലയിലുണ്ട്. രജിസ്ട്രാർക്ക് അത് പരിശോധിക്കാം. 2018-ലെ ഭേദഗതി പ്രകാരം ആ തുക ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിലേയ്ക്ക് വകമാറ്റാനുള്ള നിയമഭേദഗതി നിയമസഭ അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷേ, നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. നിക്ഷേപ ഗ്യാരന്റി സ്കീമിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. സെക്ഷൻ 65 പ്രകാരം സഡൻ ആക്ഷനുണ്ടാകേണ്ടതുണ്ട്. വായ്പ കൊടുക്കുന്നതിന്റെ, വാല്യുവേഷന്റെ നിബന്ധനകൾ പരിഷ്കരിക്കേണ്ടതുണ്ട്. സഹകരണ ബാങ്കിന്റെ ബോർഡുകളുടെ ഘടനയിൽ പ്രൊഫഷണൽ സമീപനമുണ്ടാകേണ്ടതുണ്ട്. ഇത്രയും കാര്യങ്ങൾകൂടി പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ജനജീവിതത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന ഒന്നാണ് സഹകരണ മേഖല. സത്യത്തിൽ കേരളത്തിലെ സഹകരണ മേഖലയ്ക്ക് നൂറിലേറെ വർഷത്തിന്റെ ചരിത്രമുണ്ട്. അത് ചൂഷണങ്ങൾക്കെതിരെ നിലനിൽപ്പിനു വേണ്ടിയുള്ള മലയാളിയുടെ ചെറുത്തുനിൽപ്പിന്റെയും പോരാട്ടത്തിന്റെയും

ചരിത്രത്തിന്റെകൂടി ഭാഗമാണ്. നാം ഇന്ന് കാണുന്ന മലയാളികളുടെ ഉന്നത ജീവിതനിലവാരത്തിന് ഭൂപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, ആരോഗ്യ മേഖലയിലെ പുരോഗതി എന്നിവയുള്ള അത്രത്തോളംതന്നെ പങ്ക് സഹകരണ പ്രസ്ഥാനത്തിനുമുണ്ട്. ജന്മികളുടേയും വട്ടിപ്പലിശക്കാരായ തമിഴരുടെയും മാർവാടികളുടെയും കൊടുംചൂഷണത്തിൽനിന്നും രക്ഷപ്പെടാൻ അത്താഴപ്പട്ടിണി കിടന്ന് സ്വരുക്കൂട്ടിയ അഞ്ചുംപത്തും രൂപവച്ച് മലയാളി പ്രാദേശികമായി രൂപപ്പെടുത്തിയെടുത്തതാണ് ഓരോ സഹകരണ സ്ഥാപനവും. ഭൂപരിഷ്കരണത്തിലൂടെ ലഭിച്ച 10 സെന്റ് ഭൂമി തങ്ങൾ പടുത്തുയർത്തിയ സഹകരണ ബാങ്കിൽ പണയം വച്ച് താമസിക്കാനൊരു വീടുവയ്ക്കാനും അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കാനും വായ്പയെടുക്കാമെന്നൊരു നില വന്നപ്പോഴാണ് കർഷകത്തൊഴിലാളികളും പാവപ്പെട്ടവരും സമൂഹത്തിൽ നെഞ്ചുയർത്തി നിവർന്നുനിന്നത്. ആയിരത്തി അറുന്നൂറിൽപ്പരം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുൾപ്പെടെ 23000-ലധികം സഹകരണ സ്ഥാപനങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ജനനം മുതൽ മരണം വരെയുള്ള മലയാളികളുടെ ഓരോ ജീവിതഘട്ടത്തിലും അവൻ കടന്നുപോകുന്ന എല്ലാ ജീവിത മേഖലയിലും ഇന്ന് സഹകരണ സ്പർശമുണ്ട്. അവന് വേണ്ടത് ഒരുക്കിക്കൊടുക്കാൻ സഹകരണ സ്ഥാപനങ്ങളുണ്ട്. അത് മലയാളിയുടെ അഭിമാനമാണെന്ന് മാത്രമല്ല ചെറിയൊരു അഹങ്കാരവും കൂടിയാണ്. കേരളത്തിലെ സഹകരണ മേഖലയിലെ ആകെ നിക്ഷേപം ഉദ്ദേശം രണ്ടുലക്ഷം കോടി രൂപയിലധികം വരും. ഇത് ഇന്ത്യയിലാകെയുള്ള സഹകരണ മേഖലയിലെ നിക്ഷേപത്തിന്റെ 60 ശതമാനത്തിലധികമാണ്. നമ്മുടെ സഹകരണ മേഖലയിലെ നിക്ഷേപം മുഴുവൻ പാവപ്പെട്ട മലയാളികളുടെ സമ്പാദ്യമാണ്. പാവപ്പെട്ട കർഷകരും തൊഴിലാളികളും സർക്കാർ ജീവനക്കാരും പെൻഷനായവരും അവരുടെ ജീവിതകാലം സുരക്ഷിതമാക്കാൻ അവർതന്നെ പടുത്തുയർത്തിയ സഹകരണ പ്രസ്ഥാനത്തെ വിശ്വസിച്ച് ഏൽപ്പിച്ചതാണ്. അവരുടെ പെൺമക്കളുടെ വിവാഹത്തിനും മക്കളുടെ വിദ്യാഭ്യാസത്തിനും ജീവിതാഭിലാഷമായി സ്വന്തമായി ഒരു വീട് വയ്ക്കുന്നതിനും മറ്റും കരുതിവച്ച സമ്പാദ്യമാണിത്. സ്വന്തംപെട്ടിയിൽ പണം സൂക്ഷിച്ചതെടുക്കാൻ പോകുന്നതുപോലെയാണ് സഹകരണ സ്ഥാപനങ്ങളിൽ ജനങ്ങളെത്തി നിക്ഷേപം തിരിച്ചെടുക്കുന്നത്. തീർച്ചയായും ഈ നിക്ഷേപങ്ങൾ സഹകരണ മേഖലയിൽ നിലനിൽക്കുന്നതിലൂടെ ആത്യന്തികമായി സംസ്ഥാനത്തിന്റെ വികസനത്തിനുപയോഗിക്കപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. സഹകരണ മേഖലയിലെ നിക്ഷേപം മുഴുവൻ കേരളത്തിനകത്തുതന്നെ വായ്പയായി വിതരണം ചെയ്യപ്പെടുന്നു. ഇവിടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നു, തൊഴിലവസരങ്ങൾ

സൃഷ്ടിക്കപ്പെടുന്നു, അടിസ്ഥാന സൗകര്യവികസനം നടക്കുന്നു. എന്നാൽ, കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ ബാങ്കുകളും സ്വകാര്യമേഖലാ ബാങ്കുകളും ഇവിടെനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ വളരെ ചെറിയൊരു അംശം മാത്രമേ കേരളത്തിൽ വായ്പയായി വിതരണം ചെയ്യുന്നുള്ളൂ. ഭൂരിഭാഗം തുകയും അവർ ഉപയോഗിക്കുന്നത് കേരളത്തിന് പുറത്തുള്ള വൻകിട കോർപ്പറേറ്റുകൾക്ക് വായ്പ നൽകുന്നതിനും ഷെയർമാർക്കറ്റുകളിൽ ഊഹക്കച്ചവടത്തിനും വേണ്ടിയാണ്. വിദേശ മലയാളികളുടെ ആകെ നിക്ഷേപം ഒന്നരലക്ഷം കോടിയിലധികം രൂപ വരും. അതിൽ 70 ശതമാനം പൊതുമേഖലാ ബാങ്കുകളിലും ബാക്കി 30 ശതമാനം സ്വകാര്യമേഖലാ ബാങ്കുകളിലുമാണ്. എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുവാദം സഹകരണ ബാങ്കുകൾക്ക് ലഭിക്കാത്തതിനാൽ വിദേശ മലയാളികളുടെ നിക്ഷേപംകൊണ്ട് നേട്ടം കൊയ്യുന്നത് കേരളത്തിന് പുറത്തുള്ള കോർപ്പറേറ്റുകളാണെന്നതാണ് യാഥാർത്ഥ്യം. സാന്ദർഭികമായി ഒരുകാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ഡോ. കെ. ടി. ജലീലും തമ്മിൽ ഒരു വിവാദം ഇവിടെ നടന്നു. അദ്ദേഹം പറഞ്ഞത് എൻ.ആർ.ഐ. നിക്ഷേപമാണ് എന്റെ മകന്റെ പേരിലുള്ളതെന്നാണ്. സഹകരണ ബാങ്കുകൾക്ക് എൻ.ആർ.ഐ. നിക്ഷേപത്തിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയിട്ടില്ല. തെറ്റായ വാർത്തയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇന്നലെ സൂചിപ്പിച്ച് അദ്ദേഹത്തോട് കൊമ്പുകോർത്തത്. അത് ഞാൻ സഭയുടെ അറിവിലേയ്ക്കുവേണ്ടി സൂചിപ്പിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കായ കേരള ബാങ്കിനുപോലും എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനുള്ള അനുവാദം ലഭിച്ചിട്ടില്ല എന്നുതുകൂടി ഞാൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിലെ സഹകരണ മേഖലയിലെ നിക്ഷേപത്തിലേയ്ക്കും പാവങ്ങളുടെ സമ്പാദ്യങ്ങളുടെ മുകളിലേയ്ക്കും കോർപ്പറേറ്റുകളുടെ കഴുകൻ കണ്ണുകൾ പതിഞ്ഞിരിക്കുന്നുവെന്നതാണ് നാം കാണേണ്ടത്. സംസ്ഥാനത്തെ രണ്ടുലക്ഷം കോടിയിലധികം രൂപ വരുന്ന സഹകരണ നിക്ഷേപം ആ മേഖലയെ എങ്ങനെയെങ്കിലും തകർത്ത് കോർപ്പറേറ്റുകൾക്ക് ഊഹക്കച്ചവടത്തിന് ലഭ്യമാക്കാനുള്ള ഗൂഢാലോചന നടക്കുകയാണ്. കോർപ്പറേറ്റുകളുടെ പേമെന്റ് ബാങ്കുകൾക്ക് ഇവിടെ വളർച്ചയുണ്ടാക്കണം. അതിന് ഈ നിക്ഷേപം ആദ്യം സ്റ്റേറ്റിന് പുറത്തേയ്ക്ക് സഞ്ചരിക്കണം. അതിനാണ് കേന്ദ്രസർക്കാർ പുതിയ നിയമം കൊണ്ടുവന്ന് ഇത് കവർന്നെടുക്കാൻ ശ്രമിക്കുന്നത്. സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കുകയെന്നത് ഒരു കോർപ്പറേറ്റ് അജണ്ടയാണ്. ഒരു ഘട്ടത്തിൽ സഹകരണ ബാങ്കുകൾ കള്ളപ്പണത്തിന്റെ

ഇരിപ്പിടമാണെന്ന് പറഞ്ഞ് അതിനെ തകർക്കാൻ അവർ കച്ചകെട്ടി ഇറങ്ങിയിരുന്നുവെന്ന കാര്യം നാം ഓർക്കണം. കോർപ്പറേറ്റുകളും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരും അവരുടെ ക്വട്ടേഷൻ ഏറ്റെടുത്തിരിക്കുന്ന മാധ്യമങ്ങളും ലക്ഷ്യംവയ്ക്കുന്നത് സഹകരണ മേഖലയുടെ തകർച്ചയാണ്. സഹകരണ മേഖലയെ തകർത്താൽ, അതിന്റെ വിശ്വാസ്യതയെ തകർത്താൽ, അതിലൂടെ മലയാളികളുടെ കൂട്ടായ്മയെയും മതേതരത്വത്തെയും പുരോഗമന മുന്നേറ്റങ്ങളെയും തകർക്കാമെന്ന് അവർ സ്വപ്നം കാണുന്നു.

കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി കേരളം മഹാപ്രളയത്തിലും നിപ, കോവിഡ് തുടങ്ങിയ മഹാമാരിയിലും നട്ടംതിരിഞ്ഞപ്പോൾ സർക്കാരിനൊപ്പം ചേർന്നുനിന്ന് സഹകരണ പ്രസ്ഥാനം കേരളത്തെ കൈപിടിച്ച് ഉയർത്തിയത് നാം മറന്നുകൂടാ! 2018-ലെ മഹാപ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കുവേണ്ടി രണ്ടായിരത്തിൽപ്പരം വീടുകളാണ് 'കെയർ ഹോം' പദ്ധതിയിലൂടെ സഹകരണ മേഖല നിർമ്മിച്ചുനൽകിയത്. ഈയിനത്തിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ 120 കോടിയോളം രൂപ സംഭാവനയായി സമാഹരിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി-യിൽ നിന്നും റിട്ടയർ ചെയ്ത എത്ര ജീവനക്കാരാണ് പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്തതെന്ന് മറന്നുപോകരുത്. പിന്നീട് അധികാരത്തിൽ വന്ന പിണറായി വിജയൻ സർക്കാർ സഹകരണ മേഖലയുടെ സഹായത്തോടെയാണ് അതിന് അന്ത്യംകുറിച്ചത്. ഇപ്പോഴും കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി തുടരുന്നത് സഹകരണ പ്രസ്ഥാനത്തിന്റെ സഹായത്തോടെയാണ്. കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനം കേരളത്തിലെ സഹകരണ മേഖലയെയാകെ ബുദ്ധിമുട്ടിച്ചുവെങ്കിലും 100 രൂപയുടെ കള്ളപ്പണംപോലും പിടിക്കുവാൻ കേന്ദ്രം കെട്ടിയിറക്കിയ ഏജൻസികൾക്ക് സാധിച്ചില്ല. പാവപ്പെട്ടവരുടെ അത്താണിയായ സഹകരണ മേഖലയെ സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് പ്രഖ്യാപിച്ചത് 'സഹകരണ മേഖലയിൽ സാധാരണക്കാരൻ വിയർപ്പൊഴുക്കിയ പണം മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ എന്നതിനാൽ കേരള സർക്കാർ മുഴുവൻ തുകയ്ക്കും ഗ്യാരന്റി നല്കുമെ'ന്നാണ്. ഇപ്രകാരം നടന്ന പല അന്വേഷണങ്ങളും പ്രസ്താവനകളും സ്വർണ്ണം ശുദ്ധീകരിക്കുന്നതുപോലെ സഹകരണ മേഖലയുടെ മാറ്റ് കൂട്ടുക മാത്രമേ ചെയ്തിട്ടുള്ളൂ. അതുപോലെ, ഉമ്മൻ ചാണ്ടി സർക്കാർ വർഷങ്ങളായി കുടിശ്ശികയാക്കിയ ക്ഷേമപെൻഷനുകൾ തുടർന്നുവന്ന പിണറായി വിജയൻ സർക്കാർ കുടിശ്ശിക സഹിതം നൽകുകയുണ്ടായി. ഇതിനും സഹകരണ പ്രസ്ഥാനം സഹായിച്ചു. കോവിഡ് കാലത്ത് കേന്ദ്രം കേരളത്തെ സഹായിക്കാതെ പ്രതിസന്ധിയിലാക്കിയപ്പോൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ

സർക്കാരിനോടൊപ്പം സഹകരണ മേഖല നിറഞ്ഞുനിന്നു. പൊതുമേഖലാ ബാങ്കുകൾ സഹകരിക്കാതെ മാറിനിന്നപ്പോൾ മുഖ്യമന്ത്രിയുടെ 'സഹായഹസ്തം' പദ്ധതി വഴി പലിശരഹിത വായ്പ കുടുംബശ്രീ കൂട്ടായ്മയിലൂടെ നൽകിയത് സഹകരണ ബാങ്കുകളാണ്. ഓൺലൈൻ പഠനകാലത്ത് പാവപ്പെട്ട വിദ്യാർത്ഥികൾക്കാവശ്യമായ മൊബൈൽ ഫോൺ, ടാബ്‌ലെറ്റ്, കമ്പ്യൂട്ടർ തുടങ്ങിയവയ്ക്ക് പലിശരഹിത വായ്പ ലഭ്യമാക്കിയതും സഹകരണ ബാങ്കുകൾ മാത്രമാണെന്നത് നാം ഓർക്കണം. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും നന്മയ്ക്കായി സർക്കാരിനൊപ്പം സഹകരണ മേഖല നിലകൊള്ളുന്നത് ചിലർക്ക് ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടുതന്നെ കിട്ടിയ അവസരം മുതലാക്കി അവർ കള്ളക്കഥകൾ മെനയുകയാണ്. കള്ളക്കഥകൾ നിർമ്മിക്കുന്നതിനുള്ള ക്വട്ടേഷനുകൾ ചില മാധ്യമങ്ങളും ഏറ്റെടുത്തിരിക്കുന്നുവെന്നത് ഖേദകരമാണ്. പഞ്ചാബ് നാഷണൽ ബാങ്ക്, എസ്.ബി.ഐ. തുടങ്ങിയ പൊതുമേഖലാ ബാങ്കുകളിൽനിന്നും കേന്ദ്ര സർക്കാരിന്റെയും ബാങ്ക് മേധാവികളുടെയും അറിവോടെ ആയിരക്കണക്കിന് കോടിരൂപ കൊള്ളയടിച്ച വിജയ് മല്യയും നീരവ് മോദിയും മറ്റും മുങ്ങിയപ്പോൾ ആരും പൊതുമേഖലാ ബാങ്കുകളാകെ കൊള്ളക്കാരുടെ കേന്ദ്രങ്ങളാണെന്ന് പ്രചരിപ്പിച്ചിട്ടില്ല; മാധ്യമങ്ങൾ അന്തിച്ചർച്ച നടത്തിയിട്ടുമില്ല. രാജ്യത്തെ പ്രമുഖ ബാങ്കുകളുടെ തലപ്പത്ത് കേന്ദ്ര സർക്കാരിന്റെയും ആർ.ബി.ഐ-യുടെയും അനുഗ്രഹാശ്ശിസുകളോടെ ഇരുന്ന അരുന്ധതി ഭട്ടാചാര്യ, ചന്ദ കൊച്ചാർ, ശിഖ ശർമ്മ എന്നിവർക്കുനേരെ കോടിക്കണക്കിന് രൂപയുടെ വായ്പാ ക്രമക്കേട് ആരോപണങ്ങൾ ഉയർന്നപ്പോഴും ആ ബാങ്കുകളെയാകെ തകർക്കുന്നതിനുള്ള ചർച്ചകൾ ഇവിടെയാരും നടത്തിയിട്ടില്ല. പൊതുമേഖലാ ബാങ്കുകളുടെ സാമൂഹ്യപ്രാധാന്യം ആരും തള്ളിപ്പറഞ്ഞിട്ടില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയാറായി.

ശ്രീ. എ. പ്രഭാകരൻ: സർ, എല്ലാവർക്കും രണ്ടും മൂന്നും മിനിട്ടുകൾ കൊടുത്തു. എനിക്കും അത് തരണം. വളരെ പ്രധാനപ്പെട്ട കാര്യമാണ്.

മി. ചെയർമാൻ: സമയം കഴിയാറായെന്ന് ഓർമ്മപ്പെടുത്തിയതേയുള്ളൂ.

ശ്രീ. എ. പ്രഭാകരൻ: സർ, സഹകരണ പ്രസ്ഥാനം വളർന്ന് പന്തലിച്ചപ്പോൾ അവിടെയും ഇവിടെയും ചില പുഴക്കുത്തുകൾ ഉണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. ഏതാനും ചില സ്ഥാപനങ്ങളിൽ ചില ജീവനക്കാരും ഭരണസമിതി അംഗങ്ങളും കൊള്ളരുതായ്മകളും അഴിമതിയും കൊള്ളകളും നടത്തിയിട്ടുണ്ട്. അത് അവസാനിപ്പിക്കേണ്ടതുതന്നെയാണ്. ഒരു അഴിമതിക്കാരനെയും രക്ഷപ്പെടാൻ അനുവദിച്ചുകൂടാ. ജയിലിൽ അടയ്ക്കേണ്ടവരെ ജയിലിൽ അടയ്ക്കണം.

അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ലെന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും സഭയ്ക്ക് ഉറപ്പുനൽകിയ കാര്യം ഞാൻ എടുത്തുപറയുകയാണ്. പറയുന്നത് ചെയ്യുകയും ചെയ്യുന്നത് മാത്രം പറയുകയും ചെയ്യുന്നൊരു സർക്കാർ എന്ന നിലയ്ക്ക് ആരെങ്കിലും ഇതിൽ കയ്യിട്ട് വാരിയിട്ടുണ്ടെങ്കിൽ തീർച്ചയായും അവർ അത് അനുഭവിക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ ആർക്കും ബേജാർ വേണ്ട എന്ന് സൂചിപ്പിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ പെരുപ്പിച്ച് കാണിച്ച് സഹകരണ പ്രസ്ഥാനത്തെയാകെ തകർക്കാനുള്ള നീക്കങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് നമ്മൾ തിരിച്ചറിയണം.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. പ്രഭാകരൻ: സർ, ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും വിപുലമായ സഹകരണ ശൃംഖല കാണില്ല. ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ് തുടങ്ങിയ പല സംസ്ഥാനങ്ങളിലും സഹകരണ മേഖല പുഷ്ടിപ്പെട്ടിട്ടുണ്ടെങ്കിലും ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും കേരളത്തിന്റേതുപോലെ ഇത്രയധികം ഇഴുകിച്ചേർന്നിട്ടുണ്ടാകില്ല. ക്ഷീരകർഷകർ, കയർ-കൈത്തറി തൊഴിലാളികൾ, നാളികേര കർഷകർ, റബ്ബർ കർഷകർ മുതൽ അദ്ധ്യാപകർ, സർക്കാർ ജീവനക്കാർ, തൊഴിലാളികൾ തുടങ്ങി എല്ലാവരിലും വ്യാപിച്ചുകിടക്കുന്ന ഈ പ്രസ്ഥാനത്തെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും തയ്യാറാകണം. ഇരിക്കുന്ന കൊമ്പ് വെട്ടിമുറിക്കരുത്, സഹകരണ പ്രസ്ഥാനത്തെ സഹായിക്കാനും നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനത്തിൽ നിങ്ങൾകൂടി പങ്കാളികളാകണം അല്ലാതെ വിമർശിക്കുകയല്ല വേണ്ടത് എന്ന് സൂചിപ്പിക്കുകയാണ്.

വനസംരക്ഷണത്തിൽ മികച്ച നേട്ടം കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വനം വകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തുടർച്ചയായി സാമൂഹ്യവനവൽക്കരണ വിഭാഗം 'എന്റെ മരം' പദ്ധതി വഴി സ്കൂൾ കുട്ടികൾക്കും ഹരിത കേരളം മിഷന്റെ ഭാഗമായി പഞ്ചായത്തുകളിലും വൃക്ഷത്തൈകൾ വിതരണം നടത്തിയെന്നുമാത്രമല്ല നട്ട വൃക്ഷത്തൈകളുടെ അതിജീവന കണക്കെടുപ്പ് നടത്തി അതിനെ പരിപാലിച്ചുവരുന്നുവെന്നത് അനുമോദിക്കത്തക്കതാണ്. സന്നദ്ധ സംഘടനകളും സാമൂഹ്യപ്രവർത്തകരും മാത്രമല്ല ജനങ്ങളാകെ വനവത്കരണത്തിന് നേതൃത്വം കൊടുക്കുന്നത് സർക്കാരിന്റെ നിരന്തരമായ ഇടപെടലിന്റെ ഭാഗമായാണ്. ഇപ്പോൾ

വനാവരണ വർദ്ധനവ് വരുത്തിയതിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനം നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചത് വനം വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഉദാഹരണമാണ്. വനനശീകരണം കനത്ത ആഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വനസംരക്ഷണ നടപടികൾ ശക്തമാക്കിയതിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്. ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, ജനവാസ കേന്ദ്രങ്ങളിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ കടന്നുവരവ് സംബന്ധിച്ചാണ്. എന്റെ നിയോജകമണ്ഡലത്തിലാകെ എട്ട് പഞ്ചായത്തു കളാണുള്ളത്. അതിൽ ആറ് പഞ്ചായത്തുകളിലും ഇപ്പോൾ വന്യമൃഗങ്ങൾ വിലസുകയാണ്. കാട്ടാനകളും പുലികളും ജനജീവിതത്തെ തകർക്കുകയാണ്. ആയിരക്കണക്കിന് ഏക്കറിലെ കാർഷികവിളകൾ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇത് അവസാനിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിൽ കാട്ടാന ചവിട്ടിക്കൊന്ന ഒരു സ്ത്രീയുടെ കാര്യം, ഞാൻ സത്യപ്രതിജ്ഞ ചെയ്ത് സഭയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. മിന്നൽ വേഗത്തിൽ അദ്ദേഹം അതിൽ ഇടപെട്ടുവെന്നുള്ളത് വസ്തുതയാണ്. പക്ഷേ, ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനത്തിന് വനം വകുപ്പുതന്നെ നേതൃത്വം നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സഹകരണ മേഖലയെക്കുറിച്ച് ചർച്ചകൾ നടക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രസക്തിയെ സംബന്ധിച്ചെല്ലാം ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് സഹകരണ മേഖലയെയാകെ കൈപ്പിടിയിൽ ഒതുക്കിക്കൊണ്ട് കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുവാൻ തീവ്രശ്രമം നടക്കുന്ന ഒരു കാലഘട്ടമാണിത്. അതിന്റെ ഭാഗമായി കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിച്ച് കേന്ദ്ര മന്ത്രിസഭയിലെ രണ്ടാമനായ ശ്രീ. അമിത് ഷായെ ചുമതല ഏല്പിച്ചിരിക്കുകയുമാണ്. കരുവന്നൂർ സഹകരണ ബാങ്ക് പ്രശ്നത്തിന്റെ പേരിൽ സഹകരണ മേഖലയാകെ മോശമാണെന്നതരത്തിലുള്ള പ്രചാരവേലകൾ പ്രതിപക്ഷവും ചിലയാളുകളുമെല്ലാംകൂടി ചേർന്നുകൊണ്ട് സംഘടിപ്പിക്കുന്ന ഒരു കാലഘട്ടമാണ്. ഈ വിഷയത്തെ ഗവൺമെന്റ് എത്ര പ്രാധാന്യത്തോടുകൂടിയാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് ഇതിനോടകംതന്നെ കേരളീയ സമൂഹത്തിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്നതും സഹകരണ രജിസ്ട്രാർതന്നെ നേരിട്ട് സഹകരണ സംഘത്തിൽ സന്ദർശനം നടത്തി ആവശ്യമായ പരിശോധനകൾക്ക് നേതൃത്വം കൊടുക്കുന്നതുമെല്ലാം. പ്രളയം, കോവിഡ് മഹാമാരി എന്നീ

പ്രതിസന്ധിഘട്ടങ്ങളിൽ സഹകരണ മേഖല ഏത് തരത്തിലാണ് നമ്മുടെ നാടിന് കൈത്താങ്ങായി നിന്നിട്ടുള്ളതെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പാവപ്പെട്ടവർ വായ്പയെടുത്ത് വാങ്ങിയ വീടുകൾ മഹാപ്രളയത്തിൽ നിലംപരിശായി നിസ്സഹായതയോടെ പകച്ചുനിൽക്കുമ്പോഴാണ് സമൂഹം ഒറ്റക്കെട്ടായി നിന്ന് അവർക്ക് വീട് വച്ചുനൽകുവാൻ തീരുമാനിക്കുന്നത്. ഇതിനോടകം സഹകരണ വകുപ്പ് 2067 വീടുകളുടെ താക്കോൽ കൈമാറിക്കഴിഞ്ഞിരിക്കുകയാണ്. പലിശരഹിതവായ്പ നൽകി പ്രളയബാധിതരെ സഹായിക്കാൻ സഹകരണ വകുപ്പ് മുന്നോട്ടുവരികയും 581 കോടി രൂപ സഹകരണ പ്രസ്ഥാനങ്ങൾ വഴി കേരളത്തിൽ വിതരണം ചെയ്യുകയും ചെയ്തു. ലോക്ഡൗൺമൂലം പ്രതിസന്ധിയിലാകുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്ത തൊഴിലാളികളെയും കർഷകരെയും സഹായിക്കാൻ മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി വഴി 788.80 കോടി രൂപയാണ് സഹകരണ സ്ഥാപനങ്ങളിലൂടെ കേരളത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ഇപ്പോൾ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കാലഘട്ടമാണ്. മുൻകാലത്ത് ജൂൺ 1-ന് സ്കൂൾ തുറക്കുമ്പോൾ പാഠപുസ്തകങ്ങളും കുടയും ബാഗും വാങ്ങുവാൻ നിവൃത്തിയില്ലാത്ത കഷ്ടപ്പെട്ടിരുന്ന പാവപ്പെട്ട രക്ഷിതാക്കളോടാണ് കുട്ടികൾക്ക് സ്മാർട്ട് ഫോൺ വാങ്ങിക്കൊടുക്കണമെന്ന് ആവശ്യപ്പെടുന്നത്. ഇവരെ സഹായിക്കാൻ പൊതുസമൂഹമാകെ രംഗത്തുവന്നു. സഹകരണ വകുപ്പ് അരക്കോടിയിലധികം മൊബൈൽ ഫോണുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിനായി 44 കോടി രൂപയാണ് പലിശരഹിത വായ്പയായി രക്ഷിതാക്കൾക്ക് നൽകിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ 151 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 68 കോടി രൂപയുമാണ് സഹകരണ സംഘങ്ങൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയിട്ടുള്ളത്. ലോക്ഡൗൺ കാലത്ത് കൺസ്യൂമർ ഫെഡിന്റെ വിവിധ തരത്തിലുള്ള ഇടപെടലുകൾ നാം കണ്ടു, പ്രതിരോധ മരുന്നുകളടക്കം വിലക്കുറവിൽ വിതരണം ചെയ്യുന്നു, ഓൺലൈൻ സംവിധാനത്തിൽ വാട്സ്-ആപ്പിലൂടെ മെസ്സേജ് നൽകുമ്പോൾ ഭക്ഷ്യസാധനങ്ങൾ വീട്ടിൽ എത്തിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി. നമ്മുടെ നാട്ടിലെ ബ്ലേഡ് പലിശക്കാരെ, കൊള്ളപലിശക്കാരെ ഒഴിവാക്കുന്നതിനുവേണ്ടി 'മുറ്റത്തെ മുല്ല' പദ്ധതിയുടെ ഭാഗമായി 500 കോടിയിലധികം രൂപയാണ് സഹകരണ പ്രസ്ഥാനങ്ങൾ വഴി കേരളത്തിൽ വിതരണം ചെയ്തിട്ടുള്ളത്. സഹകരണ മേഖലയ്ക്ക് വലിയ മുന്നേറ്റമുണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുഹമ്മദ് മുഹസിൻ}

സമാനതകളില്ലാത്ത നേട്ടമാണ് വനംവകുപ്പ് കേരളത്തിൽ ആർജ്ജിച്ചിട്ടുള്ളത്. പോലീസ് സ്റ്റേഷൻ സംവിധാനത്തിൽ ആരംഭിച്ച ഫോറസ്റ്റ്

സ്റ്റേഷനുകളിൽ പലതിലും അടിസ്ഥാനസൗകര്യ വികസനത്തിന്റെ അപര്യാപ്തകളുടെ നാളുകളായിരുന്ന ഇന്നലെകളിലെങ്കിൽ, അതെല്ലാം ആധുനികവൽക്കരിക്കാൻ കഴിഞ്ഞ ഗവൺമെന്റിനും തുടർന്നുവന്ന ഗവൺമെന്റിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. അമൂല്യമായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾക്ക് പകർന്നുനൽകുന്നതിനുവേണ്ടിയും വനത്തെ ആശ്രയിച്ചുജീവിക്കുന്നവരുടെ ജീവിതനിലവാരത്തിൽ മെച്ചമുണ്ടാക്കുന്നതിനുവേണ്ടിയും കഴിഞ്ഞകാലങ്ങളിൽ ഇക്കോ ടൂറിസം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. അത് കൂടുതൽ വിപുലപ്പെടുത്തണ മെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. വന്യജീവി ആക്രമണങ്ങളെക്കുറിച്ച് ഇവിടെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ആർ.ആർ.ടി. (Rapid Response Team)-യും എലിഫന്റ് സ്ക്വാഡുകളും രൂപീകരിക്കുകയും കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണ്. വന്യജീവി ആക്രമണം കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ ആനമതിലുകളും കിടങ്ങുകളും സോളാർ വേലികളും നിർമ്മിക്കണം. കാട്ടുപന്നി അടക്കമുള്ള മൃഗങ്ങളെ വെടിവെച്ചു കൊലപ്പെടുത്തണമെങ്കിൽ കർഷകന്റെ കയ്യിൽ തോക്ക് ആവശ്യമാണ്. കർഷകന്റെ കയ്യിലുള്ളത് അവന്റെ പണിയായുധങ്ങളായ മൺവെട്ടിയും കുന്താലിയുമൊക്കെയാണ്. അതുകൊണ്ട് അവർക്ക് വെടിവയ്ക്കാനാകില്ല. കാട്ടുപന്നികളെ വെർമിൻ ഗണത്തിലുൾപ്പെടുത്തണം. അതിന് കേന്ദ്രം അനുമതി നൽകുന്നില്ലെങ്കിൽ നിയമപരമായ മറ്റെന്ത് മാർഗ്ഗമാണെന്ന് വനംവകുപ്പ് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കർഷകർ അവനാലറിയുന്ന രീതിയിൽ കെണിവച്ചോ മറ്റ് രീതിയിലോ കാട്ടുപന്നിയെ പിടിച്ചുനൽകും. വനം വകുപ്പ് കൊണ്ടുപോകുകയോ വെടിവെച്ചു കൊല്ലുകയോ വളർത്തുകയോ എന്തുവേണമെങ്കിലും ചെയ്യാം. കൃഷിക്കും മനുഷ്യന്റെ ജീവനുമെല്ലാം കാട്ടുപന്നി അപകടകരമായ സാഹചര്യം സൃഷ്ടിക്കുകയാണ്. കുങ്കിയാനകളെ ഉപയോഗിക്കുന്നതും റേഡിയോ കോളർ ഘടിപ്പിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതുമായ ചില നടപടികളെല്ലാം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അത് കൂടുതൽ വിപുലമാക്കണം. കഴിഞ്ഞ കാലങ്ങളിലെടുത്ത ഏറ്റവും ധീരമായ ഒരു തീരുമാനമായിരുന്നു വനം ഉല്പന്നങ്ങൾക്ക് താങ്ങുവില ലഭ്യമാക്കുകയെന്നത്. പാവപ്പെട്ട ആദിവാസി സഹോദരങ്ങൾ ഉൾപ്പെടെയുള്ളവർ വനത്തിനുള്ളിൽ പോയി ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് മതിയായ വില ലഭിച്ചിരുന്നില്ല. പക്ഷേ, ചെറുതേൻ ഉൾപ്പെടെയുള്ള വനവിഭവങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച വനം വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. വനത്തോട് ചേർന്നുനിൽക്കുന്നവർക്ക് സംരക്ഷണം

ഏർപ്പെടുത്തണം. വനത്തിൽ കഴിയുന്നവരാണ് കെ.എഫ്.ഡി.സി. (Kerala Forest Development Corporation) തൊഴിലാളികളായിട്ടുള്ള ഗവിയിലെ ഏലം തോട്ടം തൊഴിലാളികൾ. അരനൂറ്റാണ്ട് മുമ്പ് ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള കരാറിന്റെയടിസ്ഥാനത്തിൽ ശ്രീലങ്കൻ അഭയാർത്ഥികളെ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി കൊണ്ടുവന്ന താമസിപ്പിച്ച സ്ഥലമാണ് വനത്തിനുള്ളിലുള്ള പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായിട്ടുള്ള ഗവി. അവിടത്തെ തൊഴിലാളികൾ ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കെ.എഫ്.ഡി.സി. അന്നുമുതൽ ഏലംകൃഷി ആരംഭിച്ച് തൊഴിലുകൊടുത്തിരുന്നുവെങ്കിലും ഇപ്പോൾ അവർക്ക് തൊഴിലില്ലാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അടുത്ത ദിവസം ഈ പ്രശ്നം പരിഹരിക്കാൻ യോഗം വിളിച്ചിട്ടുണ്ട് എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. തോട്ടം തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പും കെ.എഫ്.ഡി.സി-യും ആവശ്യമായ നടപടി സ്വീകരിക്കണം. ശബരിമലയുമായി ബന്ധപ്പെട്ട് ദീർഘകാലമായി നിലനിന്നിരുന്ന തർക്കം പരിഹരിക്കാൻ വനം വകുപ്പും ദേവസ്വം ബോർഡും തമ്മിൽ ചർച്ച ആരംഭിച്ചിരിക്കുന്നുവെന്ന് അറിയാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ശബരിമലയിലെത്തിച്ചേരുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് മതിയായ സംരക്ഷണം ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അത് എന്റെ നിയോജകമണ്ഡലത്തിലെ പട്ടയത്തിന്റെ പ്രശ്നമാണ്. അര പതിറ്റാണ്ടിനപ്പുറം ഗ്രോ മോർ ഫുഡ് പദ്ധതിയുടെ ഭാഗമായി ആ നാട്ടിലെ പാവപ്പെട്ടവർ അവിടെവന്ന് കൃഷി ചെയ്തു. അവരുടെ മൂന്ന് തലമുറ കഴിഞ്ഞിട്ടും അവർക്ക് ഇന്നും പട്ടയം സ്വപ്നമായി മാത്രം അവശേഷിക്കുകയാണ്. അതിനുവേണ്ടി നടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതുമൂലം നടപടിക്രമം അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിലിടപെട്ട് അടുത്ത ദിവസം ഒരു യോഗം വിളിച്ചിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി നേടിയെടുക്കുന്നതിന് വനം വകുപ്പിന്റെ സഹായമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ സഹകരണം, വനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. യൂറോപ്പിൽ ആരംഭിച്ച സഹകരണ പ്രസ്ഥാനം കാർഷിക മേഖലയിലെ കർഷകത്തൊഴിലാളികളുടെ കെട്ടുറപ്പിനുവേണ്ടി രൂപീകരിച്ച് പിന്നീട് വിവിധ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഇന്ത്യയിലെ കൊച്ചു കേരളത്തിൽ സഹകരണ സ്ഥാപനങ്ങൾ ഐക്യനാണയ സംഘങ്ങളായി ആരംഭിച്ചു. പിന്നീട് അവ സഹകരണ സൊസൈറ്റികളായും സഹകരണ ബാങ്കുകളായും മാറി.

നമ്മളോരോരുത്തരും ഇന്ന് സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടവരാണ്. സാധാരണക്കാരന്റെ ആശാകേന്ദ്രമായ സഹകരണ മേഖലയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഓരോരുത്തരും ഏറ്റെടുക്കണമെന്നാണ് ആമുഖമായി എനിക്ക് എല്ലാവരോടും അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ സഹകരണ മേഖല കേന്ദ്രസർക്കാരിന്റെ സഹകരണ മാരണ നിയമഭേദഗതി കാരണം ആശങ്കയിലാണ്. കള്ളപ്പണക്കാരെയും കള്ളനോട്ടുകാരെയും വീഴ്ത്താനെന്ന് പറഞ്ഞാണ് കേന്ദ്രസർക്കാർ നോട്ട് അസാധുവാക്കൽ എന്ന സാഹസത്തിന് മുതിർന്നതെങ്കിലും വീണത് അവരായിരുന്നില്ല. കള്ളപ്പണക്കാർ സുരക്ഷിതരാണ്. പകരം ഒന്നുമറിയാത്ത സാധാരണക്കാരനും പാവങ്ങളുമാണ് വലയിൽ കുരുങ്ങിയത്; കള്ളപ്പണം പോയിട്ട് അന്നന്നുള്ള ആഹാരത്തിനുപോലും പണം കയ്യിലില്ലാത്ത പാവപ്പെട്ടവർ. വീട് കത്തുന്ന തക്കത്തിന് കഴുക്കോൽ ഊരിയെടുക്കുന്നതുപോലെ നോട്ട് അസാധുവാക്കൽ സൃഷ്ടിച്ച കൂട്ടയോട്ടത്തിനിടയിൽ കേരളത്തിലെ ഗ്രാമീണ ജീവിതത്തിന്റെ താങ്ങും തണലുമായ സഹകരണ പ്രസ്ഥാനത്തെ തകർക്കാനാണ് കേന്ദ്രസർക്കാരും ബി.ജെ.പി-യും ശ്രമിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് കടന്നുകയറാൻ സ്ഥാപിത താല്പര്യക്കാർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. തങ്ങൾക്ക് കിട്ടാത്തത് ഇല്ലാതാക്കാനുള്ള ശ്രമമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. പാവപ്പെട്ട ജനങ്ങളുടെ ജീവിതം വഴിമുട്ടുന്നതൊന്നും അവർക്ക് പ്രശ്നമല്ല. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഒരു ദിവസംകൊണ്ട് പൊട്ടിമുളച്ചതല്ല. സാധാരണക്കാരുടെ വിയർപ്പിൽനിന്ന് ചില്ലിക്കാശ് സ്വരുക്കൂട്ടി ശതാബ്ദങ്ങളിലൂടെ വളർന്ന് പന്തലിച്ചതാണിവ. പത്ത് രൂപ മുതൽ നൂറ് രൂപ വരെ ഷെയറിട്ട് വളർത്തിയെടുത്ത പ്രസ്ഥാനത്തെയാണ് കള്ളപ്പണക്കാരുടെ ഇരിപ്പിടമെന്ന് ബി.ജെ.പി-ക്കാർ ആക്ഷേപിക്കുന്നത്. 1625 പ്രാഥമിക സഹകരണ സംഘങ്ങളും അവയ്ക്ക് രണ്ടായിരത്തി എഴുന്നൂറോളം ശാഖകളും ഒന്നരക്കോടിയോളം ഇടപാടുകാരുമുണ്ട്. 14 ജില്ലാ സഹകരണ ബാങ്കുകളും അവയ്ക്ക് 754 ശാഖകളുമുണ്ട്. ഇതിനുപുറമെ 60 അർബൻ സഹകരണ ബാങ്കുകളും അവയ്ക്ക് 390 ശാഖകളുമുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കും അതിന്റെ ശാഖകളുമുണ്ട്. മൊത്തം ഓഹരി മൂലധനം 1332 കോടി രൂപയാണ്. അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ഒഴിച്ചാൽ ബാക്കി ഓഹരിയെല്ലാം സാധാരണക്കാരുടേതാണ്. 1,27,000 കോടി രൂപയുടെ നിക്ഷേപമുണ്ട്. ഒരുപക്ഷേ, ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്ര വിപുലമായ സഹകരണ ശൃംഖല കാണുകയില്ല. ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ് തുടങ്ങി പല സംസ്ഥാനങ്ങളിലും സഹകരണ മേഖല പുഷ്ടിപ്പെട്ടിട്ടുണ്ടെങ്കിലും ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും കേരളത്തിലെന്നപോലെ ഇഴുകിച്ചേർന്നിട്ടുണ്ടാവില്ല.

ക്ഷീരകർഷകർ, കയർത്തൊഴിലാളികൾ, നാളികേര കർഷകർ, റബ്ബർ കർഷകർ, അദ്ധ്യാപകർ, സർക്കാർ ജീവനക്കാർ, തൊഴിലാളികൾ എന്നിങ്ങനെ എല്ലാ മേഖലകളിലും വ്യാപിച്ചുകിടക്കുന്ന സഹകരണ പ്രസ്ഥാനത്തെ കഴുത്തുഞെരിച്ച് കൊല്ലാനുള്ള നീക്കത്തെ നമുക്ക് അനുവദിച്ചുകൊടുത്തുകൂടാ. സഹകരണ മേഖലയ്ക്ക് ജനങ്ങളുടെ നിത്യജീവിതത്തിലുള്ള ബന്ധം കണക്കിലെടുത്തും രാഷ്ട്രനിർമ്മിതിയിൽ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പ്രാധാന്യം കണക്കിലെടുത്തുമാണ് ജവഹർലാൽ നെഹ്റു സഹകരണ മേഖലയെ ആദായനികുതിയിൽനിന്ന് ഒഴിവാക്കാൻ പ്രത്യേക പരിരക്ഷ നൽകിയത്. എന്നാൽ പിൽക്കാലത്ത് സഹകരണ മേഖലയേയും നികുതി വലയത്തിൽ കൊണ്ടുവന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ലാഭത്തിന്റെ അടിസ്ഥാനത്തിൽ ആദായനികുതിയും റിട്ടേണും നൽകണം. അതിപ്പോഴും ചെയ്യുന്നുണ്ട്. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും പ്രാഥമിക കാർഷിക വികസന ബാങ്കുകളെയും നിക്ഷേപങ്ങളുടെ പലിശയിൽനിന്നും നികുതി ഈടാക്കൽ, ടി.ഡി.എസ്. പിടിക്കൽ എന്നിവയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ സെക്ഷൻ 194A-ലെ 3, 7 വകുപ്പുകൾ പ്രാഥമിക സംഘങ്ങൾക്കുള്ള പരിരക്ഷയാണ്. നിക്ഷേപങ്ങളിന്മേൽ നികുതി ഈടാക്കി നൽകാൻ പ്രാഥമിക സംഘങ്ങൾക്കിപ്പോഴും നിയമപരമായി ബാദ്ധ്യതയില്ലെന്നർത്ഥം. ഇതറിയാതെയാണ് പ്രാഥമിക സംഘങ്ങൾ നികുതി വെട്ടിക്കുറയ്ക്കുന്നുവെന്ന് വലിയ വായിൽ പലരും വിളിച്ചോതുന്നത്. അതേസമയം പ്രാഥമിക സംഘങ്ങളിൽ 5 ലക്ഷം രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ളവരും പതിനായിരം രൂപയ്ക്കുമുകളിൽ പലിശ വാങ്ങുന്നവരും അവരുടെ ആദായനികുതി റിട്ടേണുകൾ രേഖപ്പെടുത്തേണ്ടതുണ്ട്. അതിൽ വ്യക്തികൾ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് നീതീകരിക്കാനാവുന്നതല്ല. കാരണം, സഹകരണ ബാങ്കുകളെ ബോദ്ധ്യപ്പെടുത്തിയല്ല വ്യക്തികൾ അവരുടെ ആദായനികുതി റിട്ടേണുകൾ സമർപ്പിക്കുന്നത്. സഹകരണ സംഘങ്ങൾ ഗൂഢസംഘങ്ങളോ നിയമവിരുദ്ധ കേന്ദ്രങ്ങളോ അല്ല. സംസ്ഥാനത്തെ സഹകരണ നിയമപ്രകാരം സംസ്ഥാന സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും നിയന്ത്രണങ്ങളോടെ നിയമാനുസൃതം പ്രവർത്തിക്കുന്നവയാണ്. സഹകരണ വകുപ്പിലെ ഓഡിറ്റർമാർ സഹകരണ ബാങ്കുകളിലെ ഓരോ കണക്കും പരിശോധിക്കുന്നുണ്ട്. ക്രമക്കേടുകൾ തടയുന്നതിന് സഹകരണ വകുപ്പിന് വിജിലൻസ് സംവിധാനങ്ങളുണ്ട്. എന്നിട്ടാണ് കള്ളക്കച്ചവടത്തിന്റെ കേന്ദ്രങ്ങളെന്ന് ചിലർ പ്രചരണം നടത്തുന്നത്. ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ പിൻവലിച്ചപ്പോൾ അവ മാറ്റിനൽകാൻ കേന്ദ്ര സർക്കാർ സഹകരണ ബാങ്കുകൾക്ക് ആദ്യം അനുമതി നൽകുകയും ആറാം ദിവസം പിൻവലിക്കുകയുമാണ് ചെയ്തത്. ഇതിനിടയിൽ പ്രാഥമിക സഹകരണ

ബാങ്കുകളുൾപ്പെടെ നിക്ഷേപകരിൽനിന്നും 2800 കോടിയോളം രൂപയുടെ പഴയ നോട്ട് സ്വീകരിച്ച് മാറ്റിനൽകുകയുണ്ടായി. ഈ തുക ഇനിയെന്ത് ചെയ്യുമെന്നാണ് അറിയാത്തത്. ഇത് കള്ളപ്പണമല്ല. ഗ്രാമങ്ങളിലെ പാവപ്പെട്ടവർ നൽകിയതാണ്. ഇത് റിസർവ് ബാങ്ക് സ്വീകരിക്കാത്തതിനാൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം തകർന്നടിയുമെന്നതിൽ യാതൊരു സംശയവുമില്ല. അതിനെതിരെയുള്ള ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. വിചിത്രമായ ഒരു കാര്യംകൂടി ഇവിടെയുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകളെ റിസർവ് ബാങ്ക് ബാങ്കുകളായി അംഗീകരിച്ചിട്ടില്ലെങ്കിലും ജില്ലാ ബാങ്കുകളെ ബാങ്കുകളായി അംഗീകരിച്ചിട്ടുണ്ട്. ആർ.ബി.ഐ-യുടെ ബാങ്കിംഗ് ലൈസൻസ് അനുസരിച്ചാണ് അവ പ്രവർത്തിക്കുന്നത്. സഹകരണ പ്രസ്ഥാനം ജനങ്ങളുടെതാണ്. സ്വന്തം സ്ഥാപനമെന്നപോലെ ഓടിച്ചെന്ന് പണമിടപാട് നടത്താൻ കഴിയുന്ന സ്ഥാപനമാണ്. അവയെ തകർത്ത് വാണിജ്യ ബാങ്കുകളെയും സ്വകാര്യ ബാങ്കുകളെയും വളർത്താനുള്ള ശ്രമം കച്ചവടക്കണ്ണുള്ളതാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ നമുക്ക് സാധിക്കണം. 1969 ഏപ്രിൽ 19-ന് അന്നത്തെ ഇ.എം.എസ്. മന്ത്രിസഭയിലെ സഹകരണ വകുപ്പുമന്ത്രി പി. ആർ. കുറുപ്പ് നിയമസഭയിൽ അവതരിപ്പിച്ച സഹകരണ നിയമം ഇന്നും സഹകരണ മേഖലയുടെയും ജീവനക്കാരുടെയും മാഗ്നാകാർട്ടയാണ്. പി. ആർ. കുറുപ്പ് സഹകരണ പ്രസ്ഥാനത്തെ മുന്നോട്ടുനയിച്ചതിനുശേഷം സഹകരണ രംഗത്ത് കൂടുതൽ കുതിച്ചുചാട്ടമുണ്ടായി. ബാങ്കിംഗിനുപുറമെ വിവിധ മേഖലകളിലേയ്ക്ക് സഹകരണ പ്രസ്ഥാനം വ്യാപിക്കുന്നതിന് നേതൃത്വം കൊടുത്ത സഖാവ് എം. വി. രാഘവൻ സഹകരണ ആശുപത്രികൾ, ചെറുതും വലുതുമായ വിവിധോദ്ദേശ്യ സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുടക്കംകുറിച്ചു. അതിനുശേഷം തച്ചടി പ്രഭാകരൻ തുടങ്ങിയ സഹകരണ വകുപ്പുമന്ത്രിമാർ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ മേഖലകളിലേയ്ക്ക് നയിച്ചു. തലശ്ശേരിയിലെ അന്തരിച്ച ഇ. നാരായണനും ഈ മേഖലയെ വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. RAIDCO, RUBCO, പരിയാരം മെഡിക്കൽ കോളേജ് തുടങ്ങി മഹത്തായ സ്ഥാപനങ്ങൾ കേരളത്തിലെ സഹകരണ മേഖലയിലെ ഏറ്റവും വലിയ സമ്പത്താണ്. കോളേജുകൾ, നഴ്സിംഗ് കോളേജുകൾ തുടങ്ങി ഈ മേഖലയിൽ പടർന്നുപന്തലിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ മഹത്തായ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ആരെയും അനുവദിക്കരുതെന്ന അഭ്യർത്ഥനയാണുള്ളത്. കേരളത്തിന്റെ എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും സഹകരണ മേഖലയുടെ ശക്തമായ പിന്തുണ ലഭിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് എളുപ്പത്തിൽ സമീപിക്കാൻ കഴിയുന്ന ഇടങ്ങളാണ് സഹകരണ ബാങ്കുകൾ. അവയെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം.

വിദ്യാർത്ഥികളടക്കമുള്ളവർക്ക് കാടിനെയും പ്രകൃതിയെയും മരങ്ങളെയും മൃഗങ്ങളെയുംകുറിച്ചറിയാൻ പ്രകൃതി പഠനകേന്ദ്രങ്ങൾ ആവശ്യമാണ്.

ബഹുമാനപ്പെട്ട മന്ത്രി ഒരു ദിവസം കണ്ണൂരിൽ വന്ന് മലയോര മേഖലയിലെ എം.എൽ.എ-മാരുടെ യോഗം വിളിച്ചുചേർത്തു. എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പിൽ ഒരു പ്രകൃതി പഠനകേന്ദ്രമുണ്ട്. കുട്ടികൾക്കും അതുപോലെ മറ്റുള്ളവർക്കും കാടിനെക്കുറിച്ചും മറ്റും പഠിക്കാനുള്ള ആ സ്ഥാപനത്തിന്റെ പേര് പി. ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠനകേന്ദ്രം എന്നാണ്. കുറച്ചുകാലമായി കാടുപിടിച്ച് കിടക്കുന്ന ആ സ്ഥാപനത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിന് സംവിധാനമൊരുക്കണമെന്ന അപേക്ഷയാണ് എനിക്കുള്ളത്. കാട്ടിൽ ജീവിക്കുന്ന ആദിവാസി സഹോദരീ-സഹോദരന്മാർക്ക് അവിടത്തെ ഉല്പന്നങ്ങൾകൊണ്ട് സാങ്കേതികവിദ്യയിലൂടെ കരകൗശല വസ്തുക്കളുണ്ടാക്കാനും അവരെ സംരക്ഷിക്കാനുമുള്ള ശ്രമം നടത്തണം. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, വന്യമൃഗശല്യം കാട്ടിൽ മാത്രമല്ല നാട്ടിലേയ്ക്കും കടന്നിരിക്കുകയാണ്. അതിനാൽ കൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ സഹകരണം, വനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 30 വർഷത്തെ ചെറിയ കാലയളവിൽ തരിശുഭൂമിയിൽ പോലും സ്വാഭാവിക വനങ്ങൾ സൃഷ്ടിച്ചെടുക്കാമെന്ന് നമ്മെ പഠിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത ജാപ്പനീസ് പരിസ്ഥിതി ശാസ്ത്രജ്ഞൻ അകിര മിയാവാക്കിക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ഭൂമിയിൽ ജീവന്റെ നിലനില്പിനും പരിസ്ഥിതി സ്ഥിരതയ്ക്കും വനം ചെറുതല്ലാത്ത പങ്കാണ് വഹിക്കുന്നത്. സസ്യങ്ങൾ അന്തരീക്ഷത്തിൽനിന്ന് കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് ഇല, വേര്, തടി എന്നിവിടങ്ങളിൽ സംഭരിക്കും. വൃക്ഷങ്ങളുടെ തടിയിലെ കലകളിലാണ് കൂടുതലായി സംഭരിക്കുന്നത്. വൃക്ഷങ്ങൾക്ക് വലുപ്പവും അതിജീവനകാലവും കൂടുതലുള്ളതുകൊണ്ട് വൃക്ഷവും വനവും കാർബണിന്റെ പണ്ടകശാലകളെന്നാണ് അറിയപ്പെടുന്നത്. കൃഷിയിടങ്ങളെ അപേക്ഷിച്ച് വനങ്ങൾ 20% മുതൽ 100% വരെ കാർബൺ ശേഖരിച്ച് അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് ക്രമപ്പെടുത്തുന്നു. എന്നാൽ മനുഷ്യ ഇടപെടലുകൾ താപനം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. ലോകത്തിലെ 15% മുതലാളിത്ത സമൂഹം ജീവിക്കുന്ന മുതലാളിത്ത രാജ്യങ്ങൾ 60% ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവ സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ സസ്യസമൂഹത്തിനും അവയുടെ പ്രകൃതിദത്തമായ മണ്ഡലങ്ങളിലും മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഇവ സംസ്ഥാനങ്ങളുടെ അതിരുകളിലോ രാജ്യങ്ങളുടെ അതിരുകളിലോ രാഷ്ട്രീയ അതിരുകളിലോ ഒതുങ്ങിനില്ക്കുന്നവയല്ല. ഈ വ്യതിയാനങ്ങൾ ചില സ്പീഷ്യസുകളുടേയും സസ്യസമൂഹത്തിന്റെയും നാശത്തിന് കാരണമാകുന്നുണ്ട്. ദീർഘകാല കാർബൺ സംഭരണത്തിനും ഭാവി

തലമുറയ്ക്കുമായി വനവും വനവിഭവങ്ങളും കാത്തുസംരക്ഷിക്കണം. അത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. അതിന് ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കാൻ കഴിയണം. ഇവിടെയാണ് ഇടതുപക്ഷ ജനാതിപത്യമുന്നണി സർക്കാർ ഏറ്റവും മികച്ച മാതൃക കാണിച്ചുതരുന്നത്. കേരളത്തിന്റെ വനവിസ്തൃതി 11521.8 ചതുരശ്ര കിലോമീറ്ററിൽ നിന്ന് 458.4 ചതുരശ്ര കിലോമീറ്റർ കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ഏറ്റവും ശ്രദ്ധേയമായ നേട്ടമായി എടുത്തുപറയുകയാണ്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞു. ജനങ്ങൾക്കിടയിൽ വ്യാപകമായി വനവല്ക്കരണത്തെക്കുറിച്ച് ബോധവല്ക്കരണം നടത്താനും ജനങ്ങളുടെ സഹകരണത്തോടുകൂടി ഈ മേഖലയെ സംരക്ഷിക്കാനും സർക്കാരിന് കഴിഞ്ഞത് പ്രശംസനീയമായ കാര്യമാണ്. മനുഷ്യ-മൃഗ സംഘർഷങ്ങൾ പരിഹരിക്കാൻ അതിനൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വനാതിർത്തികളിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനാണ് സൗരോർജ്ജവേലികൾ, ആനക്കിടങ്ങുകൾ, ആനമതിലുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ നൂതന പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളെല്ലാം ശരിയായ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില പരിമിതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ വളരെ വേഗത്തിൽ ഇത്തരം സംഘർഷങ്ങൾ കുറയ്ക്കാൻ ശാസ്ത്രീയമായി ഈ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയണം. എന്റെ നിയോജകമണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെയും കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകളുടെ ചെറിയ ഭാഗങ്ങളിലെയും വനാതിർത്തികളിൽ ഇത്തരം സംഘർഷങ്ങൾ വർദ്ധിച്ചു വരികയാണ്. ആനയും കുരങ്ങും പന്നിയും മയിലും നീർനായയുമുൾപ്പെടെ മനുഷ്യനുമായി സംഘർഷത്തിലേർപ്പെടുന്നുണ്ട്. ഇതിനെ ശാസ്ത്രീയമായി തടഞ്ഞുനിർത്താൻ കഴിയുന്ന പദ്ധതികൾ വിപുലമായി ആവിഷ്കരിക്കേണ്ടതുണ്ട്. പലപ്പോഴും ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടിയാണ് ജനവാസമേഖലയിലേയ്ക്ക് മൃഗങ്ങളിറങ്ങി വരുന്നത്. അത് തടയുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതികളായ വനത്തിനുള്ളിൽ തന്നെ മൃഗങ്ങൾക്കാവശ്യമായ തീറ്റപ്പുൽകൃഷി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങളൊരുക്കുക, വെള്ളത്തിനുവേണ്ടി ഡാമുകൾ നിർമ്മിക്കുക തുടങ്ങിയവ വിപുലമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയേണ്ടതുണ്ട്. ഇവിടെയാണ് ജനങ്ങളും വനമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സമിതികളുടെ കരുത്ത് കാണാൻ കഴിയുന്നത്.

വനാതിർത്തിയിൽ ധാരാളം തർക്കങ്ങൾ നിലനിൽക്കുകയാണ്. ജോയിന്റ് വെരിഫിക്കേഷൻ നടത്തി വനഭൂമിയും കൃഷിഭൂമിയും തരംതിരിച്ച് അവിടത്തെ

പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം. ജനവാസമേഖലയിൽ വന്യമൃഗങ്ങളിറങ്ങുന്ന സമയത്ത് ജനങ്ങളെ അറിയിക്കാനുള്ള നൂതന സംവിധാനമായ എസ്.എം.എസ്. പദ്ധതി തിരുവമ്പാടി നിയോജക മണ്ഡലത്തിൽക്കൂടി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാട്ടുപന്നിയുടെ ശല്യം രൂക്ഷമായിരിക്കുകയാണ്. അതുകൊണ്ട് കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കൂടുതൽ ശക്തിയോടുകൂടി കേന്ദ്രത്തെ അറിയിക്കാനും പ്രഖ്യാപനത്തിനുമാവശ്യമായ നിയമപരമായ കാര്യങ്ങൾ ചെയ്യണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. വനമേഖലയിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ കഴിയണം. പത്തും അൻപതും വർഷങ്ങളായി കായ്ഫലം നൽകിക്കൊണ്ടിരുന്ന തെങ്ങ് നശിക്കുമ്പോൾ നഷ്ടപരിഹാരമായി കേവലം 750 രൂപ ലഭിക്കുന്നത് വളരെ പ്രയാസകരമായ കാര്യമാണ്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന വസ്തുത ഈ അവസരത്തിൽ ഒന്നുകൂടി സൂചിപ്പിക്കുകയാണ്.

സഹകരണ മേഖല ഇന്ന് കേരളത്തിന്റെ നട്ടെല്ലായി മാറിയിരിക്കുകയാണ്. പ്രതിസന്ധികളിൽനിന്നെല്ലാം കൈപിടിച്ചുയർത്താൻ കഴിയുന്ന നിലയിലേയ്ക്കുള്ള നിരവധി പദ്ധതികൾ ഈ കുറഞ്ഞ കാലയളവിൽ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രളയ കാലഘട്ടത്തിൽ നടപ്പിലാക്കിയ മാതൃകാപരമായ 'കെയർ ഹോം' പദ്ധതിയിൽ ഉൾപ്പെടുത്തി 2527 വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞു. ഇനിയും രണ്ടായിരം വീടുകൾ നൽകാൻ കഴിയുന്ന നിലയിലേയ്ക്ക് സഹകരണ മേഖല ശക്തിപ്പെടുകയാണ്. വട്ടിപ്പലിശക്കാർ വീടുകൾക്കുചുറ്റും വളഞ്ഞുനിന്ന് ക്രൂരമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന് ധാരാളം മാറ്റങ്ങളുണ്ടായിരിക്കുന്നു. 'മുറ്റത്തെ മുല്ല' പദ്ധതിയിലൂടെ 713 കോടി രൂപയുടെ വായ്പ കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് നൽകാൻ സഹകരണ മേഖലയിലൂടെ കഴിഞ്ഞു. ഈ നിയമസഭാ കാലഘട്ടത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെട്ട 'വിദ്യാതരംഗിണി' പദ്ധതിയിലൂടെ അരലക്ഷത്തിലധികം മൊബൈൽ ഫോണുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ കുട്ടികൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വലിയ രൂപത്തിലുള്ള സംഭാവന ചെയ്യാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. ജാതി-മത-വർഗ്ഗ-വർണ്ണ ചിന്തകൾക്കപ്പുറം മനുഷ്യരെ ഒന്നിപ്പിക്കുന്ന സഹകരണ മേഖലയെ തകർക്കുന്ന തരത്തിലുള്ള നിലപാടാണ് ഇന്ന് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ മേഖലയെക്കുറിച്ച് ചർച്ച ചെയ്യുന്ന യു.ഡി.എഫ്. അംഗങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങളാണ് അനിയൻബാവയും ചേട്ടൻബാവയും. ചേട്ടൻബാവയായ കോൺഗ്രസ്സാണ് സഹകരണ നിയമത്തിൽ ഭേദഗതി

കൊണ്ടുവന്നത്. അനിയൻബാവയായ ബി.ജെ.പി. അത് തുടരുകയാണ് ചെയ്തത്. സഹകരണ മേഖലയെ ബാധിക്കുന്ന ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത് കോൺഗ്രസ്സാണ്. കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എ. സർക്കാർ 2011 ഡിസംബർ 22-ന് ലോക്സഭയിലും 2011 ഡിസംബർ 28-ന് രാജ്യസഭയിലും ഭേദഗതി ബിൽ പാസ്സാക്കി. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ രണ്ടാം പട്ടികയിലുൾപ്പെട്ട, സംസ്ഥാനത്തിനുമാത്രം നിയമനിർമ്മാണ അധികാരമുള്ള വിഷയമാണ് സഹകരണം. ഈ വിഷയത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതി, ഭരണഘടനാ അന്തഃസത്തയ്ക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ച് ഗുജറാത്ത് ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി സമർപ്പിക്കപ്പെട്ട അവസരത്തിൽ ബി.ജെ.പി-യുടെ ഗുജറാത്ത് സർക്കാരും കോൺഗ്രസ് നേതൃത്വം നൽകിയിരുന്ന യു.പി.എ. കേന്ദ്രസർക്കാരും ഒരേ നിലപാടാണ് സ്വീകരിച്ചത്. ഇത് മനസ്സിലാക്കിവേണം കോൺഗ്രസ് മുന്നോട്ട് പോകേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിന് സ്വന്തമായി ഒരു ബാങ്ക് - 'കേരള ബാങ്ക് '; ഏറ്റവും മികച്ച തീരുമാനമാണത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഇച്ഛാശക്തിയുടെ ഭാഗമായാണ് കേരള ബാങ്കിന് രൂപം നൽകിയത്. രാഷ്ട്രീയ താല്പര്യത്തിന്റെ ഭാഗമായി ചിലയാളുകൾ അതിൽനിന്നും വിട്ടുനിന്നപ്പോൾ കേരളത്തിന്റെ മുഖമുദ്രയായി കേരള ബാങ്ക് മാറിയെന്നുള്ളത് പ്രശംസനീയമായ കാര്യമാണ്. 61,000 കോടി രൂപയുടെ നിക്ഷേപമാണ് ഇന്ന് കേരള ബാങ്കിനുള്ളത്. എൻ.ആർ.ഐ. (നോൺ റെസിഡന്റ് ഇന്ത്യൻ) നിക്ഷേപംകൂടി കടന്നുവരുമ്പോൾ അത് കൂടുതൽ വർദ്ധിച്ചുവരികയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തരം ഒന്നരലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപം സ്വീകരിക്കാൻ കഴിയുന്നുണ്ടെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. കൃഷി, കായികം, ടൂറിസം, സാംസ്കാരിക മേഖലകളിൽ പുതിയ സംഘങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ കഴിയണമെന്നുള്ളതാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

യു.ഡി.എഫ്. സർക്കാരിന്റെ 2011-2016 കാലഘട്ടം എല്ലാവരും ഓർത്തെടുക്കണം. പൊതുവിതരണ സംവിധാനങ്ങളെയാകെ തച്ചുടച്ച, അഴിമതിയുടെ കെട്ടരങ്ങായി മാറിയ ഒരു കാലഘട്ടമായിരുന്നു അത്. ആ കാലഘട്ടത്തിലാണ് 569 നന്മ സ്റ്റോറുകളും 11 ത്രിവേണി സ്റ്റോറുകളും അടച്ചുപൂട്ടേണ്ടിവന്നത്. 2011-2016 കാലഘട്ടത്തിൽ 1062 കോടി രൂപയുടെ നഷ്ടമാണ് യു.ഡി.എഫ്. സർക്കാർ വരുത്തിയത്. എന്നാൽ ഇച്ഛാശക്തിയുടെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 2016 മുതൽ 2021 വരെ അധികാരത്തിലിരുന്നപ്പോൾ ആ സ്ഥാപനങ്ങളെയെല്ലാം ലാഭത്തിലേയ്ക്ക്

എത്തിക്കുന്ന സാഹചര്യമുണ്ടായി. ഇത് നൽകുന്ന സന്ദേശമെന്താണ്; ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഇതൊക്കെയെങ്ങനെയാണ് ലാഭത്തിലേയ്ക്ക് വന്നത്? അഴിമതിയില്ലാതെ ഇച്ഛാശക്തിയോടുകൂടി നല്ല ഭരണം കാഴ്ചവയ്ക്കാൻ കഴിഞ്ഞപ്പോഴാണ് പൊതുവിതരണ രംഗം മെച്ചപ്പെട്ടത്. പൊതുവിതരണ മേഖലയിൽ ഏറ്റവും മികച്ച ഇടപെടലുകൾ നടത്തി മുന്നോട്ടുപോയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേത്. പട്ടിണിയുടെ ഒരു കാലഘട്ടമാണ് യു.ഡി.എഫ്. സർക്കാർ നമുക്ക് നൽകിയത്. പൊതുവിതരണ സംവിധാനത്തെ അട്ടിമറിച്ച്, 600 രൂപയുണ്ടായിരുന്ന സാമൂഹ്യക്ഷേമ പെൻഷൻ പോലും നൽകാതെ ജനങ്ങളെ പട്ടിണിയിലേയ്ക്ക് തള്ളിയിട്ടുകൊണ്ട് 'നിങ്ങൾ മുണ്ട് മുറുക്കിയുടുത്ത് ശീലിച്ചുകൊള്ളണം' എന്നാണ് യു.ഡി.എഫ്. സർക്കാർ പറഞ്ഞത്. എന്നാൽ നിരവധി പ്രതിസന്ധികൾ പേമാരിപോലെ പെയ്തിട്ടും അതിനെയെല്ലാം മറികടന്ന് ക്ഷേമപെൻഷനുകൾ കൃത്യമായി നൽകിയും പൊതുവിതരണ സംവിധാനത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഭക്ഷ്യക്കിറ്റുകൾ നൽകിയും കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ജനങ്ങളോട് പറഞ്ഞത് "മുണ്ട് മുറുക്കി ഉടുത്തല്ല നിങ്ങൾ ശീലിക്കേണ്ടത്, മറിച്ച് വയറുനിറച്ച് ഉണ്ണാനാണ്" എന്നാണ്; അങ്ങനെ പഠിപ്പിച്ച ഗവൺമെന്റിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഈ സർക്കാർ അടുത്ത അഞ്ച് വർഷവും ഏറ്റവും മികച്ച നിലപാടുകളുമായി കേരളത്തിൽ മുന്നോട്ടുപോകുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചൂഷകവർഗ്ഗത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്നും സാധാരണക്കാരന് മോചനമേകാൻ രൂപംകൊണ്ട സഹകരണപ്രസ്ഥാനം കേരളത്തിലെ സാധാരണ മനുഷ്യന്റെ ദൈനംദിന ജീവിതത്തിന്റെ പരിച്ഛേദമാണ്. പതിനയ്യായിരത്തിലധികം സഹകരണസംഘങ്ങളിലായി ഒന്നേകാൽ ലക്ഷം ജീവനക്കാർ ജോലി ചെയ്യുന്ന സഹകരണ വായ്പാമേഖല എന്നും രാജ്യത്തിന് മാതൃകയായിരുന്നു. മുൻപ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി 1969-ൽ നടപ്പിലാക്കിയ ബാങ്ക് ദേശസാൽക്കരണത്തോടെ ഇന്ത്യയിലെ ബാങ്കിംഗ് രംഗം പുതിയ മാനം കൈവരിക്കുകയുണ്ടായി. കാലങ്ങളായി കേരളത്തിലെ സഹകാരികളും സാധാരണ ജനവിഭാഗങ്ങളും കൂട്ടായി നേടിയെടുത്ത വമ്പിച്ച നേട്ടങ്ങൾ സമാനതകളില്ലാത്തതാണ്. എന്നാൽ അടുത്തകാലത്ത് സഹകരണ പ്രസ്ഥാനങ്ങളെ ദുർബലപ്പെടുത്താൻ സർക്കാരിന്റെ രാഷ്ട്രീയ അതിപ്രസരം കാരണമായി. കേരളത്തിലെ സഹകരണമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് വസ്തുനിഷ്ഠമായ പരിഹാരം കാണാനും കാലത്തിന്റെ വെല്ലുവിളികളെ

അതിജീവിക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. കേരളത്തിലെ ത്രിതല വായ്പാ സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനമാക്കി മാറ്റി 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതോടെ സഹകരണമേഖല ഇന്ന് ഒരു പരീക്ഷണ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. സംസ്ഥാന സഹകരണ ബാങ്ക് ഭീമമായ നഷ്ടത്തിലും ഭൂരിഭാഗം ജില്ലാ ബാങ്കുകളും ലാഭത്തിലുമായിരുന്നപ്പോഴാണ് ഈ അനാവശ്യവും അശാസ്ത്രീയവുമായിട്ടുള്ള ലയനം നടന്നിട്ടുള്ളത്. കേരള ബാങ്ക് രൂപീകൃതമായി രണ്ട് വർഷത്തോടടുക്കുമ്പോഴും അതിന് ഇതുവരെ ലൈസൻസില്ലായെന്നത് ഏറെ ആശങ്കാജനകമായ കാര്യമാണ്. 13 ജില്ലാ സഹകരണ ബാങ്കുകളുടെ ലൈസൻസ് റിസർവ് ബാങ്കിന് സറണ്ടർ ചെയ്തിട്ടാണ് കേരള ബാങ്കിന്റെ ലൈസൻസ് ലഭിക്കാൻ ശ്രമിച്ചതെങ്കിലും ലൈസൻസ് എപ്പോൾ ലഭിക്കുമെന്നത് ഇപ്പോഴും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയാണ്. റിസർവ് ബാങ്ക് പറഞ്ഞ 19 മാനദണ്ഡങ്ങളിൽ പലതും ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേരള ബാങ്കിന്റെ മൂലധന പര്യാപ്തതയ്ക്കായി കേരളത്തിലെ പൊതുഖജനാവിലെ പണമാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. പൊതു സമൂഹത്തിന് ഇതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? കേരളത്തിലെ വിവിധ സഹകരണസംഘങ്ങൾ പിടിച്ചെടുക്കാനായി അതിനനുസൃതമായ നിയമങ്ങൾ ഇവിടെ നിർമ്മിക്കുന്നു. അങ്ങനെ അവസാനം പിടിച്ചെടുത്ത സ്ഥാപനമാണ് മിൽമ. ക്രമവിരുദ്ധ നടപടികളിലൂടെ ജനാധിപത്യവിരുദ്ധമായിട്ടാണ് മിൽമ പിടിച്ചെടുത്തത്. കേന്ദ്രസർക്കാരിന്റെ സഹകരണനിയമത്തെ പൊതുനിരത്തിൽ വിമർശിക്കുകയും എന്നാൽ കേരള ബാങ്കിന്റെ ലൈസൻസ് ലഭിക്കാൻവേണ്ടി കേന്ദ്രസർക്കാരിന്റെ സഹകരണ വിരുദ്ധ നിലപാടുകളെ രഹസ്യമായി പിന്തുണയ്ക്കുകയുമാണ് ഭരണനേതൃത്വം ചെയ്യുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാനകാലത്തായിരുന്നു കേന്ദ്രസർക്കാർ ബാങ്കിംഗ് ഭേദഗതി നിയമം പാസ്സാക്കിയത്. കേരളത്തിലെ സഹകരണമേഖലയെ തകർക്കുന്ന നടപടിയായിരുന്നു അത്. അതിനെതിരെ സർവ്വകക്ഷിയോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യുമെന്ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ അതുസംബന്ധിച്ച് ഒരു ചർച്ചയും നടന്നില്ല. ഒരു പ്രതിഷേധക്കുറിപ്പ് ഇറക്കാൻപോലും അന്നത്തെ സർക്കാരിന് കഴിഞ്ഞില്ല. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് കേന്ദ്രത്തിൽ പുതിയ സഹകരണമന്ത്രാലയം രൂപീകരിച്ചതും ശ്രീ. അമിത് ഷാ സഹകരണ വകുപ്പുമന്ത്രിയായതും. കേരളം ഏറെ ആശങ്കയോടെയാണ് ഇത് നോക്കിക്കാണുന്നത്. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങൾക്കെതിരെ കേന്ദ്രസർക്കാർ നടത്തുന്ന ഇത്തരം നീക്കത്തിനെതിരെ യോഗം വിളിച്ച്

പ്രതികരിക്കുമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഇപ്പോൾ ഇതുകൊണ്ട് കേരളത്തിലെ സഹകരണമേഖലയ്ക്ക് ഒരു പ്രശ്നവുമില്ല, ഇനി എന്തെങ്കിലും വന്നാൽ അപ്പോൾ നോക്കാമെന്നാണ്. ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ ഈ നീക്കങ്ങൾക്ക് സംസ്ഥാന സർക്കാർ പരോക്ഷമായി പിന്തുണ നൽകുന്നതായി ഞങ്ങൾ ആരോപിച്ചാൽ അത് നിഷേധിക്കാൻ സർക്കാരിന് കഴിയുമോ? അങ്ങനെ ചേട്ടൻ ബാവയും അനിയൻ ബാവയും ആരാണെന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. സി.പി.ഐ.(എം)-ന്റെ നിയന്ത്രണത്തിലുള്ള പല സഹകരണ സ്ഥാപനങ്ങളിലും പാർട്ടിയുടെ അറിവോടും സമ്മതത്തോടുംകൂടി വലിയരീതിയിലുള്ള തീവെട്ടി ക്കൊള്ളയാണ് നടക്കുന്നത്. അതിന്റെ അവസാനത്തെ ഉദാഹരണമാണ് 500 കോടി രൂപയുടെ നിക്ഷേപമുള്ള കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്. ഇതുമാത്രമല്ല, കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള നൂറുകണക്കിന് കൊള്ളകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ കേരളത്തിലെ മഹത്തായ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയാണ് തകരുന്നത്. ഇനിയെങ്കിലും സഹകരണമേഖലയുടെ വിശ്വാസം തിരിച്ചുപിടിക്കാൻ സർക്കാർ തയ്യാറാകണം. അതിനുള്ള ബോധപൂർവ്വമായ നടപടികൾ സ്വീകരിക്കണം. നിലവിലെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം 2 ലക്ഷം രൂപയെന്നത് 5 ലക്ഷം രൂപയായി ഉയർത്തണം. നാളിതുവരെ പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് ഒരു സഹായവും ലഭിച്ചിട്ടില്ലായെന്നുള്ള പരാതി നിലനിൽക്കുകയാണ്. കടാശ്വാസ കമ്മീഷൻ നടപടികളിലൂടെ സഹകരണസംഘങ്ങൾക്ക് ലഭിക്കാനുള്ള കോടിക്കണക്കിന് രൂപ ഉടൻ നൽകണം. നമ്മുടെ സംസ്ഥാനത്ത് 10 കോടി രൂപ വരെ ലഭിക്കാനുള്ള സഹകരണസംഘങ്ങൾ പോലുമുണ്ട്. കൂടാതെ പലിശ സബ്സിഡിയിനത്തിൽ നാലുവർഷക്കാലമായി സംഘങ്ങൾക്ക് നൽകാനുള്ള തുകയും ഉടൻ നൽകണം.

കേരളത്തിലെ വനസമ്പത്തിന്റെയും വന്യജീവികളുടെയും പരിപാലനത്തിനായി നിലകൊള്ളേണ്ട വനംവകുപ്പിന്റെ ചടുലവും സമഗ്രവും മനുഷ്യത്വപരവും സുതാര്യവുമായ പ്രവർത്തനമാണ് കേരളജനത ആഗ്രഹിക്കുന്നത്. എന്നാൽ സമീപകാലത്തുനടന്ന വനംകൊള്ളയും തുടർനടപടിയും കേരളം കണ്ട ഏറ്റവും വലിയ പകൽക്കൊള്ളയാണ്. ഒരു അവ്യക്തതയ്ക്കുമിടയില്ലാത്ത കർശനനിയമങ്ങൾ നിലനിൽക്കുമ്പോൾ തന്നെ സർക്കാരിന്റെ ഒത്താശയോടെ വനംകൊള്ള നടക്കുന്നു. 1000 കോടി രൂപയുടെ മുട്ടിൽ മരംകൊള്ളയിൽ ഇതുവരെ കൃത്യമായ നിലപാടെടുക്കാൻ സർക്കാരിന് സാധിക്കാത്തത് ഉന്നതരുടെ അഴിമതിക്കഥകൾ പുറത്തുവരുമെന്ന് പേടിച്ചിട്ടാണ്. ഇതിലെ വൻസ്രാവുകൾക്കെതിരെ ചെറുവിരലനക്കാൻ കഴിയാത്ത സർക്കാർ പാവപ്പെട്ട കൃഷിക്കാരെയും

ആദിവാസികളെയും കേസിൽ കുടുക്കുന്നത് കാടത്തമാണ്. 'കാട്ടിലെ തടി തേവരുടെ ആന' എന്ന നിലപാടാണ് സർക്കാർ ഇപ്പോൾ കൈക്കൊള്ളുന്നത്. വനംകൊള്ളയുടെ പിന്നിലുള്ള മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിലുള്ള ഉന്നതതല അന്വേഷണം വേണമെന്ന് ആവശ്യപ്പെടുന്നു.

കേരളത്തിലെ മലയോരമേഖലകളിലും വനാതിർത്തിയോട് ചേർന്ന ജനവാസകേന്ദ്രങ്ങളിലും വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഒരു പുരുഷായുസ്സുമുഴുവൻ രാപകലില്ലാതെ കഠിനാധ്വാനം ചെയ്ത് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പരിശ്രമിക്കുന്ന പാവപ്പെട്ട കർഷകരും ആദിവാസികളും വന്യമൃഗശല്യത്താൽ ദുരിതക്കയത്തിലാണ്. ഇക്കഴിഞ്ഞ വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ മാത്രമായി പത്തിലധികം പേർ കാട്ടാനകളുടെയും കാട്ടുപന്നികളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടു. നിരവധിപേർ സാരമായി പരിക്കേറ്റ് ജീവച്ഛവമായി കഴിയുകയാണ്. വിയർപ്പൊഴുക്കിയുണ്ടാക്കിയ കൃഷിയും വിളകളും വ്യാപകമായി നശിപ്പിക്കപ്പെടുന്നു. സ്വന്തം വീട്ടിൽ കിടന്നുറങ്ങാനോ പറമ്പിൽ ജോലി ചെയ്യാനോ കഴിയാത്ത അന്തരീക്ഷമാണ് പലപ്പോഴുമുള്ളത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോഴും സർക്കാർ നിർന്നിമേഷമായി നോക്കിനിൽക്കുകയാണ്. ഇരകളോട്, ദുരിതമനുഭവിക്കുന്നവരോട് യാതൊരു അനുകമ്പയും സഹാനുഭൂതിയുമില്ലാത്ത സർക്കാർ നയത്തിൽ ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ചെറുവിരലനക്കാത്ത സർക്കാർ ഈ വിഷയത്തെ മനുഷ്യ-വന്യജീവി സംഘർഷം എന്ന ഓമനപ്പേര് നൽകി നിസ്സാരവൽക്കരിക്കുകയാണ്. ഇത് പാവങ്ങളോടുള്ള ക്രൂരതയാണ്. വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതുപോലെ സ്വന്തം വീട്ടിൽ കിടന്നുറങ്ങുന്ന കർഷകനെ സംരക്ഷിക്കാൻ സർക്കാരിന് ബാദ്ധ്യതയില്ലേ; ജീവിക്കാനുള്ള മൗലികാവകാശംപോലും സംരക്ഷിക്കാൻ പതിറ്റാണ്ടുകളായിട്ടും സർക്കാരിന് സാധിക്കാത്തത് തീർച്ചയായും ലജ്ജാകരമല്ലേ?

2.00 P.M.]

വന്യമൃഗാക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന സഹായധനം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും സർക്കാർ തയ്യാറാകണം. നശിപ്പിക്കപ്പെട്ട കാർഷികവിളകൾക്ക് നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്, ഇത് ഇരട്ടിയായെങ്കിലും വർദ്ധിപ്പിക്കുകയും ഉടൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കണ്ണൂർ ഡിവിഷനിൽമാത്രം ഒരു കോടി രൂപയുടെ അപേക്ഷകൾ

ഫണ്ടില്ലാത്തതുമൂലം കെട്ടിക്കിടക്കുകയാണ്. പ്രതിരോധ നടപടികൾ സംബന്ധിച്ച് ഇതുവരെ സർക്കാരിന് വ്യക്തവും സമഗ്രവുമായ നയമോ സംവിധാനമോയില്ല. ഓരോ അപകടം സംഭവിക്കുമ്പോഴും പ്രഖ്യാപിക്കപ്പെടുന്ന സുരക്ഷാനടപടികൾ ഭാഗികവും അശാസ്ത്രീയവുമാണ്. അതുകൊണ്ടുതന്നെ പ്രതിരോധ പദ്ധതികൾ സംബന്ധിച്ച് പഠിച്ച് രൂപരേഖ തയ്യാറാക്കാൻ ഒരു ഉന്നതതല വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴുതുകളില്ലാത്ത പ്രതിരോധ പദ്ധതികൾ ഉടൻ നടപ്പിലാക്കണം. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് തയ്യാറാകണം. ശല്യക്കാരായ കാട്ടുപന്നികളെ വെടിവയ്ക്കാൻ 11-1-2021-ന് ഉത്തരവുണ്ടായിട്ടും ലൈസൻസുള്ള തോക്കുകളില്ലാത്തതുകൊണ്ട് അത് പ്രയോജനകരമായില്ല. ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനം വേണം. അനിവാര്യമായ മേഖലകളിൽ നിയന്ത്രണങ്ങളോടെ താൽക്കാലിക ലൈസൻസ് അനുവദിക്കുന്നത് സർക്കാർ പരിഗണിക്കണം. ആനമതിൽ, ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഭാഗികമായി ചെയ്യാതെ ഓരോ പ്രദേശത്തും പൂർണ്ണതോതിൽ നടപ്പിലാക്കണം. വനം വകുപ്പിന്റെ താഴെത്തട്ടിലെ ജീവനക്കാർക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങളൊരുക്കണം. സംഘർഷബാധിത ഡിവിഷനുകളിൽ വാഹന സൗകര്യത്തോടുകൂടിയ റാപ്പിഡ് റെസ്പോൺസ് ടീം അനുവദിക്കണം. കൂടുതൽ സ്റ്റേഷനുകൾ സ്ഥാപിച്ച് മതിയായ ജീവനക്കാരുടെയും വാഹനത്തിന്റെയും സേവനം ഉറപ്പുവരുത്തണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സാഹചര്യങ്ങൾ ഏറെ ഗുരുതരമാണ്. തളിപ്പറമ്പ് റേഞ്ചിനുകീഴിലെ ജീവനക്കാർ സ്വന്തം ജീവൻ പണയംവച്ചാണ് പലപ്പോഴും സേവനരംഗത്തുള്ളത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, പയ്യാവൂർ, എരുവേശി, ഉദയഗിരി തുടങ്ങിയ പഞ്ചായത്തുകളിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ കാട്ടാനക്കൂട്ടങ്ങൾ ജനവാസ കേന്ദ്രങ്ങളിലെത്തി സംഹാരതാണ്ഡവമാടി. വിവരമറിഞ്ഞ് പലപ്പോഴും വനപാലകർ എത്തുന്നത് ആട്ടോറിക്ഷയിലാണ്. വാഹനമില്ലാത്തതുമൂലം ഇവരുടെ സേവനം കൃത്യസമയത്ത് ലഭ്യമാകുന്നില്ല. ശ്രീകണ്ഠാപുരം-ആലക്കോട് സെക്ഷനുകളിൽ സ്വന്തമായി ഓഫീസും വാഹനത്തോടുകൂടിയ ആർ.ആർ.ടി-യും അനുവദിക്കണം. ജനവാസമേഖലകൾ ബഫർ സോണായി പ്രഖ്യാപിക്കാനുള്ള നടപടി ഒഴിവാക്കാൻ സംസ്ഥാന സർക്കാർ ശക്തമായി ഇടപെടണം. കർഷകർക്ക് നിയമപരമായി അവകാശപ്പെട്ട ഭൂമി സംബന്ധിച്ച് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തർക്കങ്ങളും വ്യവഹാരങ്ങളും നീതിയുക്തമായി തീർപ്പാക്കാൻ ഉടൻ നടപടി സ്വീകരിക്കണം. വനവൽക്കരണം പ്രോത്സാഹിപ്പിക്കാൻ

കൂടുതൽ നടപടിയുണ്ടാകണം. പഴകിത്തുരുമ്പിച്ച സംവിധാനങ്ങൾക്കുപകരം കാലഘട്ടത്തിനനുയോജ്യമായ പരിഷ്കരണവും പ്രൊഫഷണലിസവും നടപ്പിലാക്കി വനം വകുപ്പിനെ ആകർഷകമാക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വനത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കി നമ്മുടെ ഗവൺമെന്റ് വനത്തെ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും ലക്ഷക്കണക്കിന് പുതിയ മരങ്ങൾ വച്ചുപിടിപ്പിച്ച് സ്വാഭാവികവും ദൃഢവുമായ വനവൽക്കരണ പദ്ധതിക്കാണ് ഗവൺമെന്റ് രൂപംകൊടുത്തുകൊണ്ടിരിക്കുന്നത്. അതേസമയം നമ്മുടെ നാട്ടിൽ നേരത്തെയുണ്ടായിരുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം പോലുള്ള ചില പ്ലാന്റേഷൻ പദ്ധതികൾ ഒഴിവാക്കി സാധാരണ രീതിയിലുള്ള മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നത്. ഇതിനുവേണ്ടി ഗവൺമെന്റ് പല പദ്ധതികളും നടപ്പിലാക്കിവരികയാണ്. എന്റെ മരം പദ്ധതി പ്രകാരം ഓരോ സ്കൂളിലെയും കുട്ടികൾക്ക് ഓരോ വൃക്ഷത്തൈ നൽകുന്നതിലൂടെ ഓരോ വർഷവും ലക്ഷക്കണക്കിന് പുതിയ മരങ്ങളാണ് നമ്മുടെ ഭവനങ്ങളിൽ വച്ചുപിടിപ്പിച്ചു കൊണ്ടിരിക്കുന്നത്. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നതും കാലിക പ്രാധാന്യമുള്ള വിഷയമാണ്. സംസ്ഥാനത്ത് കണ്ടൽക്കാടുകൾ നിലനിർത്തുന്നതിന് ശക്തമായ പരിപാടികൾ ഗവൺമെന്റ് നടപ്പിലാക്കി വരുന്നു. വനസംരക്ഷണം ഉറപ്പുവരുത്തുന്നുമുണ്ട്. വൈൽഡ് ലൈഫ് ആക്ട് നിലവിൽ വന്നതിനുശേഷം വനത്തിനുള്ളിൽ വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണാൻ സാധിക്കും. അതിന്റെ ഫലമായി നാട്ടിൽ മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ പലപ്പോഴുമുണ്ടാകാറുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി കിഫ്ബി മുഖാന്തരം 100 കോടി രൂപ മാറ്റിവച്ചത്. വനത്തെയും മൃഗങ്ങളെയും സംരക്ഷിക്കാനുള്ള നൂതന പദ്ധതികളായ റെയിൽ ഫെൻസിംഗും ക്രാഷ് ഗാർഡും പോലുള്ള പദ്ധതികൾ വയനാട്ടിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. വി.എസ്.എസ്. (വനസംരക്ഷണ സമിതികൾ) രൂപീകരിച്ച് ശക്തമായ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കാട്ടുതീ തടയുന്നതിനുള്ള സംവിധാനവും നല്ല രീതിയിൽ നടപ്പാക്കുന്നുവെന്നതും പ്രശംസനീയമാണ്. പുഴയോര സംരക്ഷണ പദ്ധതിവഴി പുഴയോരങ്ങൾ സംരക്ഷിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വനവൽക്കരണത്തിന്റെ ഭാഗമായി പുഴയുടെയും തോടിന്റെയും വശങ്ങളിലും സ്വകാര്യവ്യക്തികളുടെ

സ്ഥലങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ടുള്ള വനവൽക്കരണ പദ്ധതിയും വനം വകുപ്പ് ചെയ്തുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2016 മുതൽ ഏകദേശം 335.19 ലക്ഷം വൃക്ഷത്തൈകളാണ് വിതരണം ചെയ്ത് നട്ടുപിടിപ്പിച്ചിട്ടുള്ളത്. ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ഒരു മുടക്കവും കൂടാതെ വനം വകുപ്പ് നടത്തിവരുന്നുണ്ട്. വനത്തെയും പരിസ്ഥിതിയെയും തണ്ണീർത്തടത്തെയും സംരക്ഷിച്ച് മുന്നോട്ടുപോകുമ്പോൾത്തന്നെ നമ്മൾ നേരിടുന്ന ഒട്ടനവധി വിഷയങ്ങൾക്കുകൂടി ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. അത്തരം പ്രശ്നങ്ങൾകൂടി പരിഹരിച്ചാൽ മാത്രമേ വന്യമൃഗങ്ങളും മനുഷ്യനുമായുള്ള ഏറ്റുമുട്ടൽ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി നേരത്തെ വിഭാവന ചെയ്തിട്ടുള്ള വന്യമൃഗ സംരക്ഷണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രത്യേകിച്ച് വയനാട് പോലുള്ള ജില്ലയിൽ നാലിൽ മൂന്ന് ഭാഗവും വനമായതുകൊണ്ട് വലിയ രീതിയിലുള്ള വന്യമൃഗശല്യമാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. വന്യമൃഗ പ്രതിരോധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കണം. നമ്മുടെ നാട്ടിൽ മൃഗങ്ങളെ വേട്ടയാടുന്നതുപോലുള്ള കാര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. വനവൽക്കരണത്തിന്റെയും മൃഗസംരക്ഷണത്തിന്റെയും ഭാഗമായി ഗവൺമെന്റിന്റെ ശ്രദ്ധാപൂർവ്വമായ ഇടപെടലിലൂടെയാണ് നമുക്ക് ഇത്തരം കാര്യങ്ങൾ നിരോധിക്കാൻ സാധിക്കുന്നത്. വനാവകാശവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വനത്തിനുള്ളിൽ ട്രൈബ്സ് ഉൾപ്പെടെയുള്ള ഒട്ടനവധി ജനവിഭാഗങ്ങൾ താമസിക്കുന്നുണ്ട്. വനാവകാശവുമായി ബന്ധപ്പെട്ട് അവിടെ താമസിക്കുന്നവർക്ക് റോഡ് നിർമ്മിക്കേണ്ടതായും കുടിവെള്ളം, വൈദ്യുതി എന്നിവയെല്ലാം എത്തിക്കേണ്ടതായും വരും. ഇത്തരം അവസരങ്ങളിൽ വനം വകുപ്പ് അനാവശ്യമായ ചില തർക്കവിഷയങ്ങൾ ഉന്നയിക്കാറുണ്ട്. പൊതുവെ പരിശോധിച്ചാൽ കേരളത്തിലെ ബഹുഭൂരിപക്ഷം ടൂറിസ്റ്റ് കേന്ദ്രങ്ങളും വനവുമായി ബന്ധപ്പെട്ടതാണ്. ഇത്തരം ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് വിദേശികളും സ്വദേശികളുമൊക്കെയായി നൂറുകണക്കിന് ആളുകളാണ് വന്നുകൊണ്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, വനം വകുപ്പ് നിയമപ്രശ്നങ്ങൾ പറഞ്ഞ് തടസ്സപ്പെടുത്തിയതിന്റെ ഫലമായി പല കേന്ദ്രങ്ങളും ഇപ്പോൾ അടച്ചിട്ട നിലയിലാണ്. അത്തരം കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടതുണ്ട്. ഇപ്പോൾ പലയാളുകൾക്കും കൈവശരേഖയും പട്ടയവുമെല്ലാം ലഭിക്കുന്നുണ്ടെങ്കിലും കാലാകാലങ്ങളായി അപേക്ഷ കൊടുത്തുകൊണ്ടിരിക്കുന്നവരുമുണ്ട്. പലപ്പോഴും റവന്യൂ-വനം വകുപ്പുകൾ തമ്മിലുള്ള തർക്കം പരിഹരിക്കപ്പെടാതെ നീണ്ടുപോകുന്നതുകൊണ്ട് അത്തരം ആളുകളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല എന്നതുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്.

പൊതുസമൂഹത്തിൽ പാവപ്പെട്ടവരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശ്രയ കേന്ദ്രമാണ് സഹകരണ സ്ഥാപനങ്ങളും സഹകരണ ബാങ്കുകളും. നോട്ടുനിരോധനം, സർഫാസി ആക്ട് പോലെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ കർഷകരേയും കർഷകത്തൊഴിലാളികളെയും ഏറ്റവും കൂടുതൽ സഹായിച്ചത് സഹകരണ ബാങ്കുകളാണ്. സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് അല്ലെങ്കിൽ അവയെ കൈപ്പിടിയിൽ ഒതുക്കുന്നതിനായി ഇപ്പോൾ ചില കേന്ദ്ര നിയമങ്ങൾ കൊണ്ടുവരുന്നുവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെയും സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്തുന്നതിനാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കേരള ബാങ്ക് രൂപീകരിച്ചത്. കേരള ബാങ്ക് രൂപീകരിക്കപ്പെട്ടപ്പോൾ പല തരത്തിലുള്ള ശക്തമായ എതിർപ്പുകളും കേരളസമൂഹം കണ്ടിട്ടുള്ളതാണ്. അത്തരം തടസ്സങ്ങളൊക്കെ മാറ്റിനിർത്തിക്കൊണ്ട് കേരള ബാങ്ക് രൂപീകരിക്കാനും അതുവഴി നമ്മുടെ നാടിനും സമൂഹത്തിനും ഒട്ടനവധി സഹായങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖല ആയിരക്കണക്കിന് കുടുംബങ്ങൾക്കാണ് തൊഴിൽ നൽകുന്നത്. പ്രത്യേകിച്ച് കോവിഡ് പശ്ചാത്തലത്തിൽ നൂറുകണക്കിന് കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും നൽകാൻ കഴിഞ്ഞു. ഓണം, വിഷു, ക്രിസ്തുമസ്, ബക്രീദ് എന്നിങ്ങനെയുള്ള വിശേഷദിവസങ്ങളിൽ പൊതുമാർക്കറ്റിൽനിന്ന് നിത്യോപയോഗ സാധനങ്ങൾ വലിയ വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതിവിശേഷമുണ്ടാകാറുണ്ട്. ആ സമയത്ത് പാവപ്പെട്ടവർക്ക് ഒരു ആശ്വാസമായിട്ടാണ് മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയെല്ലാം പ്രവർത്തിക്കുന്നത്. സബ്സിഡി നൽകി ന്യായമായ വിലയ്ക്ക് നമ്മുടെ സഹകരണ സ്ഥാപനങ്ങൾവഴി നിത്യോപയോഗ സാധനങ്ങൾ നൽകാൻ കഴിഞ്ഞുവെന്നതും ശ്രദ്ധേയമായ കാര്യമാണ്. പക്ഷേ, ചരിത്രം പരിശോധിക്കുമ്പോൾ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഇത്തരം സ്ഥാപനങ്ങൾ എങ്ങനെയാണ് മുന്നോട്ടുപോയത് എന്നതുകൂടി ഞാനിവിടെ പരാമർശിക്കുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കഴിഞ്ഞ ഒരു മാസത്തോളമായി സഭയ്ക്കകത്തും പുറത്തും വനം, സഹകരണം എന്നീ രണ്ട് വകുപ്പുകളെ സംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ വോട്ടിനിട്ടാൽ 99/41 എന്നതായിരിക്കും ഫലം. പക്ഷേ, പുറത്ത് പൊതുജനങ്ങൾ എല്ലാ ദിവസവും ചർച്ച ചെയ്യുന്നു. അവിടെ വോട്ടിനിട്ടാൽ എൽ.ഡി.എഫ്-ന് പൂജ്യം മാർക്കാണ് ലഭിക്കുകയെന്നാണ് എനിക്ക് പറയാനുള്ളത്. കേരളാ ബാങ്കിനെക്കുറിച്ച് ധാരാളം സംസാരിച്ചു. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് ഒരു വലിയ കേരള ബാങ്കാക്കി മാറ്റാനുള്ള തീരുമാനത്തെ

മലപ്പുറം ജില്ലാ ബാങ്ക് ഭരണസമിതി എതിർത്തു. അതൊരു വലിയ കുറ്റവും അപരാധവുമായി ഗവൺമെന്റ് കാണുകയാണ്. കാരണങ്ങൾ വിശദീകരിക്കാനോ ഞങ്ങളെ കേൾക്കാനോ ഒരവസരം ഇന്നുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ അവസരം ഞാൻ അതിനുവേണ്ടി ഉപയോഗിക്കുന്നു. അഞ്ച് കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. (1) അത് സഹകരണ ജനാധിപത്യത്തിന് വിരുദ്ധമാണ്. സഹകരണ സ്ഥാപനം എന്നതുതന്നെ മാറി വാണിജ്യ ബാങ്കായി മാറും. (2) ഭരണഘടനാ വിരുദ്ധമാണ്. (3) ജുഡീഷ്യൽ പ്രൊനൗൺസ്മെന്റിന് എതിരാണ്. (4) സാമൂഹ്യനീതിക്ക് എതിരാണ്. (5) ഇതിനുപിന്നിൽ രാഷ്ട്രീയ താൽപ്പര്യം മാത്രമാണ്. സഹകരണ പ്രസ്ഥാനത്തിന് യാതൊരു നേട്ടവുമില്ല. 07.03.2019-നാണ് രജിസ്ട്രാർ ലയനപ്രമേയം 14 ജില്ലാ സഹകരണ ബാങ്കുകളിലും അവതരിപ്പിച്ചത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ജനറൽ ബോഡി യോഗം ചേർന്നു. 130 സംഘങ്ങളിൽ 99 പേരും ആ പ്രമേയത്തെ എതിർത്തു. എന്ത് കാരണത്താലാണെന്നറിയില്ല, 18.03.2019-ന് രജിസ്ട്രാർ വീണ്ടും ജനറൽ ബോഡി മീറ്റിംഗ് വിളിച്ചുചേർത്തു. അപ്പോഴും വോട്ടിംഗ് നിലയിൽ മാറ്റമുണ്ടായില്ല. International Co-operative Alliance നിർദ്ദേശിക്കുന്ന, ലോകം അംഗീകരിക്കുന്ന ഏഴ് സഹകരണ തത്വങ്ങളിൽ അതിപ്രധാനമാണ് സ്വയംഭരണവും സ്വാതന്ത്ര്യവും. ലയനപ്രമേയത്തെ എതിർക്കാനുള്ള ഞങ്ങളുടെ ജനാധിപത്യ അവകാശത്തെ ഗവൺമെന്റ് ക്രൂരമായി ധ്വംസിക്കുന്നു. രണ്ട്, ഭരണഘടനാ വിരുദ്ധമെന്ന് പറയുമ്പോൾ, അന്നത്തെ 97-ാം ഭരണഘടനാ ഭേദഗതി പ്രകാരം മൗലികാവകാശമായ 19 (1) (c)-യിൽ സഹകരണ സ്ഥാപനത്തെ, സഹകരണ സൊസൈറ്റികളെ, കോ-ഓപ്പറേറ്റീവ് ബാങ്കുകളെ ഉൾപ്പെടുത്തി. മാത്രമല്ല, പുതിയൊരു വകുപ്പ് എഴുതിച്ചേർത്തു, Article 43B. "43B. The State shall endeavour to promote voluntary formation, autonomous functioning, democratic control and professional management of co-operative societies." കേരള ഗവൺമെന്റ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ 2A, 14A, 74H എന്നീ ഭേദഗതികൾ കൊണ്ടുവന്ന് ജില്ലാ ബാങ്കിനെ നിർബന്ധമായി അമാൽഗമേറ്റ് ചെയ്യാൻ തീരുമാനിക്കുന്നത് മേൽപ്പറഞ്ഞ ഭരണഘടനാ തത്വങ്ങൾക്കും വകുപ്പുകൾക്കും വിരുദ്ധമാണ് എന്നാണ് ഞങ്ങൾ ആക്ഷേപിക്കുന്നത്. മൂന്ന്, ജുഡീഷ്യൽ പ്രൊനൗൺസ്മെന്റിന് എതിരാണ്. കേരള ഹൈക്കോടതിയുടെ 1998 (2) KLT 1068, 1987 (2) KLT 903, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2013 SCC 82 വിധികൾ സ്വയംഭരണത്തെയും ജനാധിപത്യ സംവിധാനത്തെയും അനുകൂലിക്കുന്നു. അതുകൊണ്ട് ഹൈക്കോടതി, സുപ്രീംകോടതി വിധികൾക്കും എതിരാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നാല്, സാമൂഹ്യനീതിക്ക് എതിരാണ്. സംസ്ഥാന സഹകരണ ബാങ്ക് സി.പി.ഐ.(എം.) വർഷങ്ങളായി ഭരിക്കുന്ന ബാങ്കാണ്. അത് നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, ഈ ജില്ലാ സഹകരണ ബാങ്ക് പതിറ്റാണ്ടുകളായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്നൊരു ബാങ്കിനെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബാങ്കിനോട് ലയിപ്പിക്കുന്നത് സാമൂഹ്യനീതിക്ക് എതിരാണ് എന്നതാണ് ഞങ്ങളുടെ വാദം. അഞ്ചാമത്തേത്, ഇത് രാഷ്ട്രീയപ്രേരിതമായ നടപടിയാണ്. എൽ.ഡി.എഫ്. ഭരിക്കുന്ന ജില്ലാ സഹകരണ ബാങ്കുകൾ ലയിച്ചു. ആർ.ബി.ഐ. മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷം വേണമെന്ന് പറഞ്ഞപ്പോൾ ആക്ടിൽ അമെന്റ്മെന്റ് കൊണ്ടുവന്ന് അത് കേവല ഭൂരിപക്ഷമാക്കി. ഇപ്പോൾ 13 ജില്ലാ സഹകരണ ബാങ്കുകൾ ലയിച്ചു. എന്താണ് ഫലം; ഭൂരിപക്ഷം ജില്ലാ സഹകരണ ബാങ്കുകളും സി.പി.ഐ.(എം.) ഭരിച്ചതുകൊണ്ട് ഇന്ന് കേരളാ ബാങ്ക് ഒരു സി.പി.ഐ.(എം.) ബാങ്കായി, വലിയ ബാങ്കായി സ്ഥാപിതമായി. അതിന്റെ ചെയർമാൻ സഖാവ് ഗോപി കോട്ടമുറിക്കലാണ്. മലപ്പുറം ജില്ലാ ബാങ്ക് ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. ഞങ്ങൾ വളരെ കഷ്ടപ്പെട്ട് വളർത്തിയുണ്ടാക്കിയ പിന്നോക്ക ജില്ലയിലെ ഏറ്റവും നല്ല ബാങ്കാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. 2017 മുതൽ അവിടെ ഭരിക്കുന്നത് അഡ്മിനിസ്ട്രേറ്ററാണ്. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിക്കണമെന്ന് ഹൈക്കോടതിയിൽ ആവശ്യപ്പെടുകയും ഹൈക്കോടതി വിധിപ്രകാരം തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. ഞാൻ അതിന്റെ പ്രസിഡന്റാണ്. വൈസ് പ്രസിഡന്റ് യു.ഡി.എഫ്.-ന്റെ മലപ്പുറം ജില്ലാ ചെയർമാൻ കൂടിയായ ശ്രീ. അജയ് മോഹനാണ്. ഞാൻ സൂചിപ്പിക്കുന്നത്, ഈ യു.ഡി.എഫ്. ബാങ്കിനെ സി.പി.ഐ.(എം.) ബാങ്കിൽ ലയിപ്പിച്ച് അതിനെ ഞെക്കിക്കൊല്ലരുത് എന്നാണ്. വലിയ ബാങ്കായാൽ നന്നാകുമോ? ലോകത്തിലെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നായിരുന്ന അമേരിക്കയിൽ ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ലീമാൻ ബ്രദേഴ്സ് എന്ന ബാങ്ക്. 1849-ൽ സ്ഥാപിച്ച ബാങ്ക്, ഇരുപത്തി അയ്യായിരത്തിലധികം ജീവനക്കാരും മില്യൻ കണക്കിന് കോടികളുടെ ഇൻവെസ്റ്റ്മെന്റുമുണ്ടായിരുന്ന ബാങ്ക് 2008-ൽ പൊട്ടിത്തകരുകയുണ്ടായി. നരേന്ദ്ര മോദി ഗവൺമെന്റ് ചില ബാങ്കുകൾ ലയിപ്പിച്ചപ്പോൾ ലീമാൻ ബ്രദേഴ്സ് ബാങ്കിന്റെ പതനം ചൂണ്ടിക്കാണിച്ചുകൊണ്ട് ദേശാഭിമാനി ദിനപ്പത്രം എഴുതിയ മുഖപ്രസംഗം ശ്രദ്ധേയമായിരുന്നു. അതിൽ എഴുതിയത്- ബാങ്കിന്റെ വലിപ്പത്തിലല്ല, കെട്ടുറപ്പും കാര്യക്ഷമതയുമാണ് പ്രധാനമെന്നാണ്. ഇന്ന് സി.പി.ഐ.(എം.) ആ നിലപാടിൽ നിൽക്കുന്നുണ്ടോയെന്ന് അറിയില്ല. ഞങ്ങൾ സൂചിപ്പിക്കുന്നത് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നല്ല കെട്ടുറപ്പും കാര്യക്ഷമതയുമുള്ള ബാങ്കാണ്, മോഡേൺ

ടെക്നോളജിയാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ കോർ-ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്. (Real Time Gross Settlement), എൻ.ഇ.എഫ്.ടി. (National Electronic Funds Transfer), പി.ഒ.എസ്. (Point of Sale), ക്രെഡിറ്റ് കാർഡ് തുടങ്ങിയവയെല്ലാം ഞങ്ങൾ വിജയകരമായി നടപ്പിലാക്കി എന്നതാണ്. നല്ല ബാങ്കായതുകൊണ്ട് അത് ലയിക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ലെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അവിടത്തെ ജീവനക്കാരെ പീഡിപ്പിക്കരുത്, ഭയപ്പെടുത്തരുതെന്ന് അഭ്യർത്ഥിക്കുകയാണ്. കേരള ബാങ്ക് കഴിഞ്ഞതവണ 8.33 ശതമാനം ബോണസ് നൽകിയപ്പോൾ ഞങ്ങൾ 16.66 ശതമാനം ബോണസ് നൽകി. കേരള ഗവൺമെന്റ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയപ്പോൾ ഞങ്ങളെ ഒഴിവാക്കിയ സന്ദർഭത്തിൽ ഗവൺമെന്റിനെ സമീപിക്കുകയും ഞങ്ങളുടെ ഭാഗം കേൾക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അന്നത്തെ വകുപ്പുമന്ത്രി കോവിഡ്മൂലം വരാതിരുന്നതിനാൽ സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ്-നോട് കേരള ബാങ്ക് കൊടുക്കുന്നതുപോലെ ആനുകൂല്യങ്ങൾ കൊടുക്കാൻ ഞങ്ങളും തയ്യാറാണെന്ന് പറഞ്ഞു. ജീവനക്കാർക്ക് 16.5 കോടി രൂപ അരിയേഴ്സായി നൽകി. കേരള ബാങ്ക് ഇപ്പോഴും അത് മുഴുവൻ നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ഒരുകാര്യംകൂടി സൂചിപ്പിക്കട്ടെ, 1-4-2021 മുതൽ ബാങ്കിംഗ് റെഗുലേഷൻ ആക്ട് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയതിന്റെ ഫലമായി മൂന്നിൽ രണ്ട് ഭൂരിപക്ഷമില്ലാതെ ഒരു ബാങ്കിനേയും നിർബന്ധമായി അമാൽഗമേറ്റ് ചെയ്യാൻ സാധിക്കുകയില്ല. എന്നിട്ടും നടപടികളുമായി എൽ.ഡി.എഫ്. മുന്നോട്ടുപോയാൽ സിംഗിൾ ബഞ്ചിന്റെ മുൻപിൽ, പിന്നീട് ഡിവിഷൻ ബഞ്ചിന്റെ മുൻപിൽ, ഹൈക്കോടതയിൽ പിന്നെ സുപ്രീം കോടതിയിൽ അങ്ങനെ ലിറ്റിഗേഷൻ മുൻപോട്ട് പോകുമെന്നല്ലാതെ ലയിപ്പിക്കാൻ സാധിക്കുമോയെന്ന് സംശയിക്കുകയാണ്. മലപ്പുറം ജില്ലയിലെ കുട്ടികൾ പഠിച്ച് പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് വാങ്ങിയാൽ അപ്പോൾ പറയും ആ കുട്ടികൾ കോപ്പിയടിച്ചാണ് മാർക്ക് വാങ്ങിയതെന്ന്. എസ്.എസ്.എൽ.സി., പ്ലസ് ടു ജയിച്ച കുട്ടികൾക്ക് മുഴുവൻ അവിടെ സീറ്റ് ലഭിക്കുന്നില്ല. കോവിഡ് മഹാമാരിയിൽ മലപ്പുറത്തിന് ജനസംഖ്യാനുപാതികമായ വാക്സിനേഷൻ നൽകുന്നില്ല, ജില്ലാ ബാങ്ക് പോലെയുള്ള ഒരു ബാങ്ക്പോലും ജില്ലയിൽ പ്രവർത്തിപ്പിക്കാൻ ഞങ്ങളെ അനുവദിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ഞങ്ങളുടെ ബാങ്കിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്.

വനത്തെക്കുറിച്ച് ഞാൻ കൂടുതലായി പറയേണ്ടതില്ല. വനത്തിൽനിന്ന് മൂർഖൻ പാമ്പിനെ പിടിച്ചുകൊണ്ടുവന്ന് ബെഡ്റൂമിൽ സ്വന്തം ഭാര്യയെ രാത്രി ഉറങ്ങുന്ന

സമയത്ത് കടിപ്പിച്ചുകൊല്ലുന്ന നൂതന കൊലപാതക രീതി ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നടക്കുന്നത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഒരു നീർക്കോലിയെ എങ്കിലും കൊണ്ടുവന്ന് ആരെങ്കിലും കടിപ്പിച്ചിട്ടുണ്ടോയെന്നൊന്ന് പരിശോധിച്ച് നോക്കുമോ? ഞാൻ അവസാനിപ്പിക്കുകയാണ് സ്നേഹിതരേ.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വനം, സഹകരണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വനം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളിലൊന്നാണ്. ഇവിടെ ചർച്ച ചെയ്തതുപോലെ മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം വനമേഖലയിൽ വർദ്ധിച്ചുവരികയാണ്. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാനാവശ്യമായ ഒരു പാക്കേജ് തയ്യാറാക്കേണ്ടതുണ്ട്. വനത്തിനകത്തുതന്നെ വന്യമൃഗങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതി ഉണ്ടാകണം. നമ്മുടെ നാട്ടിൽ മുമ്പ് വീടുകൾ മേഞ്ഞിരുന്നത് ഓട്, ഓല എന്നിവ ഉപയോഗിച്ചുകൊണ്ടായിരുന്നു. ഇന്ന് സാഹചര്യങ്ങൾ മാറിയപ്പോൾ ആർ.സി. (reinforced concrete) ബിൽഡിംഗുകളാകുകയും വലിയ കെട്ടിടങ്ങളും ഫ്ലാറ്റുകളും ഉയരുകയുമാണ്. ഇതിന്റെ ഭാഗമായി വൻതോതിൽ മരം മുറിച്ചുമാറ്റപ്പെടുന്നുണ്ട്. വാഷിംഗ് മെഷീൻ, എ.സി. എന്നിവ പ്രവർത്തിക്കുന്നതിന്റെ ഭാഗമായുള്ള പരിസ്ഥിതി പ്രശ്നവും ഉയർന്നുവരികയാണ്. വിവിധ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനത്തിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. എം. എൻ. ഗോവിന്ദൻ നായർ കൃഷി-ഭവനനിർമ്മാണ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ കാർഷിക മേഖല, വ്യാവസായിക മേഖല, റെസിഡൻഷ്യൽ ഏരിയ എന്നീ രീതിയിൽ മാറ്റിയാൽ കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്താനും ഒട്ടേറെ പാഴ്ച്ചെലവുകൾ ഇല്ലാതാക്കാനും കഴിയുമെന്ന് പറഞ്ഞിരുന്നു. പക്ഷേ, അത് തുടർന്നുപോകാൻ കഴിഞ്ഞില്ല. അദ്ദേഹം ഫ്ലാറ്റുകളെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. ഫയർ സർവ്വീസിന് പോകാനുള്ള സംവിധാനം മാത്രമൊരുക്കി ഫ്ലാറ്റ് നിർമ്മാണം നടന്നുവരികയാണ്. വീട്-ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി ലഭിക്കണമെങ്കിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഗ്രീൻ ബെൽറ്റ് നിർബന്ധമാക്കണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണം, വനം എന്നീ വകുപ്പുകൾ യോജിച്ച ചർച്ച നടത്തേണ്ടതുണ്ട്. യഥേഷ്ടം ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ നൂറുകണക്കിന് മരങ്ങളാണ് മുറിച്ചുമാറ്റപ്പെടുന്നത്. അതിനും ശാശ്വത പരിഹാരമുണ്ടാകണം. വനത്തിലെ മാത്രമല്ല, നമ്മുടെ നാട്ടിലെ മരങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട് സ്വകാര്യ ബിൽ സഭയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. നാട്ടിൽ മരം നട്ടു വളർത്തുന്നവർക്ക് പ്രോത്സാഹനം നൽകണം. അപ്പോൾ വനം സംരക്ഷിക്കാനുള്ള

സേന നാട്ടിൽത്തന്നെ, വീട്ടിൽത്തന്നെ ഉയർന്നുവരുന്നൊരു സാഹചര്യമുണ്ടാക്കിയെടുക്കാൻ കഴിയും. മൈസൂരുവിൽ അത്തരമൊരു ശ്രമം നടത്തിയിട്ടുണ്ട്. രാജഭരണകാലത്ത് തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിലൊക്കെ വലിയതോതിൽ മരങ്ങൾ നട്ടുവളർത്തിയ സാഹചര്യമുണ്ടായിരുന്നു. പാരിസ്ഥിതിക പ്രശ്നം ഉയർന്നുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭാവിയിലെങ്കിലും ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഇത് അനിവാര്യമാണെന്ന തീരുമാനമുണ്ടാകണം.

കുരങ്ങുകളുടെ ശല്യംകാരണം കൃഷിക്കാർക്ക് തെങ്ങുകളിൽനിന്ന് കായ്ഫലങ്ങൾ ലഭിക്കാത്ത സാഹചര്യവുമുണ്ട്. ഈ കൃഷിഭൂമികൾ പാഴ്ച്ചെടികൾ വളർന്ന് കാടുകളായി മാറുകയാണ്. അത് വനമാണോ, നാടാണോയെന്ന് തിരിച്ചറിയാൻ കഴിയാത്ത രീതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. അതിനൊരു പരിഹാരം കാണാനും കഴിയണം.

ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ് സഹകരണം. സഹകരണമില്ലാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയില്ല. രാജ്യത്ത് വിവിധ രീതിയിലാണ് സഹകരണമെന്ന വിഷയത്തെ ഉയർത്തി കാണിക്കേണ്ടത്. കുടുംബാംഗങ്ങൾ തമ്മിലുള്ള സഹകരണം, അയൽപക്കക്കാർ തമ്മിലുള്ള സഹകരണം, അതുപോലെ നാട്ടിലെ സാമൂഹ്യ -സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകാലങ്ങളിലെടുത്ത നടപടികളുമുണ്ട്. ഞങ്ങളുടെ നാട്ടിൽ ഉണ്ടറുതി, ആണ്ടറുതിയെന്നെല്ലാം പറയും. ഇവിടെ എന്താണ് പറയുകയെന്ന് എനിക്കറിയില്ല. പിന്നീട് ഹുണ്ടിക വ്യാപാരികളുടെ കൈകളിലേയ്ക്കെത്തി. ഇത്തരമൊരു സാഹചര്യത്തിലാണ് ഐക്യനാണയ സംഘങ്ങൾ രൂപപെട്ടുകൊണ്ട് നമ്മുടെ നാട്ടിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടുവന്നത്. ഇത്തരം സഹകരണത്തിന്റെ ഭാഗമായി ഞങ്ങളുടെ നാട്ടിൽ പണംപയറ്റ് ഉണ്ടായിരുന്നു, ഇപ്പോഴും അത് തുടരുന്നുണ്ട്. അങ്ങനെയൊരു സഹകരണ ധാരണ നമ്മുടെ നാട്ടിൽ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ ഇന്നത്തെ ഗ്രാമീണ മേഖലയുടെ വളർച്ചയുടെ തന്നെ സുപ്രധാന പങ്കെന്ന് പറയുന്നത് സഹകരണ മേഖലയാണ്. ഇതിനെയെല്ലാം മറികടന്നുകൊണ്ടാണ് ഒരു വലിയ സമ്പദ്ഘടനയായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്. ഒട്ടേറെ മഹാരഥൻമാരായ സഹകാരികൾ വഹിച്ച നിർണ്ണായക പങ്കിന്റെ ഭാഗമായാണ് ബൃഹത്തായൊരു പ്രസ്ഥാനം ഇവിടെ വളർന്നുവന്നിട്ടുള്ളത്. ഇതിനെ തകർക്കാനൊരു ശ്രമം കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ നാട്ടിൽ തുടങ്ങിവച്ചിട്ടുണ്ട്, കോൺഗ്രസ്സാണ് അതിന് തുടക്കംകുറിച്ചത്. ഇപ്പോൾ സഹകരണ രംഗത്തേയ്ക്ക് കടന്നുവരാൻ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ശ്രമം

നടത്തുമ്പോൾ അതിനെക്കുറിച്ച് പ്രതിപക്ഷത്തിന് ആശങ്കയില്ല. കാരണം, ഇതിന് തുടക്കംകുറിച്ചത് അവരാണ്. ഗുജറാത്ത് കോൺഗ്രസ്സിന്റെ കയ്യിൽനിന്നും അമിത് ഷാ പിടിച്ചെടുത്തത് അവിടെയുള്ള സഹകരണപ്രസ്ഥാനത്തിൽ ഊന്നിനിന്ന് സഹകരണമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടാണ്. ഇന്ത്യയിലാകെ പ്രസ്തുത രംഗത്തെ പിടിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതുസംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലേയ്ക്ക് എത്തുകയും കോടതി വിധി വരികയും ചെയ്തത് താത്കാലികാശ്വാസം മാത്രമാണ്. കാർഷികമേഖലയിലേയ്ക്കും കടന്നുവരാനുള്ള അവസരം ഇപ്പോഴും അവിടെയുണ്ട് എന്നുള്ളതാണ് വസ്തുത. കേരളത്തിൽ ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ജനങ്ങളോടൊപ്പം നിന്നത് സഹകരണ പ്രസ്ഥാനമാണ്. വരൾച്ചയുടെ കാലത്ത് കുടിവെള്ളം എത്തിക്കാൻ കോർപ്പറേറ്റ് ബാങ്കിംഗ് സംവിധാനങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല. നാട്ടുകാരുടെ ബാങ്കാണെന്ന നിലയ്ക്ക് അവിടെ വെള്ളം കൊടുക്കാനെത്തിയത് സഹകരണ ബാങ്കുകൾ മാത്രമാണ്. ദുരന്തങ്ങളുണ്ടായപ്പോൾ വീടുകളിലേയ്ക്ക് ഭക്ഷണക്കിറ്റുകൾ എത്തിക്കാനും പച്ചക്കറിക്കിറ്റുകൾ എത്തിക്കാനും ഇവരാണുണ്ടായത്. വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങളൊരുക്കുന്നതിന് മൊബൈൽ ഫോണുകൾ എത്തിച്ചുനൽകുന്നതിലും സഹകരണ ബാങ്കുകൾ ശ്രദ്ധേയമായ പങ്കുവഹിച്ചു. കേരളത്തിൽ 1957-ലാണ് സഹകരണ മേഖലയ്ക്ക് സഖാവ് ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തുടക്കംകുറിച്ചത്. പിന്നീട് 1967-ലാണ് പൂർവ്വാധികം ശക്തിപ്പെടുത്തിക്കൊണ്ട് സഹകരണ മേഖലയെ മുന്നോട്ടുകൊണ്ടുവന്നത്. അന്ന് പി.ആർ. കുറുപ്പായിരുന്നു സഹകരണ വകുപ്പ് കൈകാര്യം ചെയ്തത്. സഹകരണമേഖലയ്ക്ക് വ്യാവസായിക രംഗത്തേയ്ക്കുകൂടി കടക്കാൻ കഴിയുമെന്ന് ആ കാലഘട്ടത്തിൽ തെളിയിച്ചത് സഖാവ് ടി. വി. തോമസാണ്. ബീഡി മുതലാളിമാർ തൊഴിലാളികളെ അമ്മാനമാടി മംഗലാപുരത്തേയ്ക്ക് പോയപ്പോൾ തൊഴിലാളികളെ നാട്ടിൽത്തന്നെ നിലനിർത്താനുള്ള സമീപനത്തിൽനിന്നാണ് ദിനേശ് ബീഡിയെന്ന മഹത്തായ പ്രസ്ഥാനം ഉയർന്നുവന്നത്. കൈത്തറി മേഖലയുൾപ്പെടെ വിവിധ മേഖലകളിലേയ്ക്ക് സഹകരണ പ്രസ്ഥാനങ്ങൾക്ക് കടന്നുവരാനുള്ള അവസരം ഒരുങ്ങിയത് അങ്ങനെയാണ്. 1969-ലാണ് സഹകരണ നിയമം പാസ്സായത്. അന്നെടുത്ത നിലപാടിന്റെ ഭാഗമായാണ് സമസ്ത മേഖലകളിലും മുന്നേറ്റം നടത്തിക്കൊണ്ട് കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്നും മുന്നോട്ടുപോകുന്നത്. അതിനെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായുള്ള ചർച്ചകൾ ഒരുകാരണവശാലും അപ്പുറത്തുനിന്നും ഉയർന്നുവരാൻ പാടില്ല. ഇന്ത്യ ഭരിക്കുന്നത് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായുമാണെന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പിന്താങ്ങുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വനം വളരെ കുറവാണ്. അതുകൊണ്ട് വന മേഖലയെക്കുറിച്ച് സംസാരിക്കുന്നതിനായി കുറച്ചുസമയം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. വനവിസ്തൃതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ രാജ്യത്തുതന്നെ ശ്രദ്ധേയമായ ചുവടുവയ്പ്പുകൾ നടത്തിയ വനം വകുപ്പിനെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. വനം വളരെക്കുറവാണെങ്കിലും കാട്ടുപന്നിയുടെ ശല്യം വർദ്ധിച്ചുവരികയാണ്. കാട്ടുപന്നിയെ വെടിവച്ചുകൊല്ലാം എന്നൊരു ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുണ്ടായിട്ടുണ്ട്. ആ ഉത്തരവ് ഏതുവിധത്തിൽ നടപ്പിൽ വരുത്താം എന്നതിനെക്കുറിച്ച് നമ്മൾ തീരുമാനിക്കണം, അതുസംബന്ധിച്ച് ഒരു അറിയിപ്പുണ്ടാകണം. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി റോഡുകളുടെ ഇരുവശങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കുന്ന ഒരു പതിവ് പരിപാടി നാം നടപ്പിലാക്കിവരികയാണ്. അത് തുടരണമോയെന്ന് ആലോചിക്കണം. ഇതുമൂലം റോഡുകൾ വളരെവേഗം നാശമാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് പ്രസ്തുത പരിപാടി സംബന്ധിച്ച് പുനരാലോചനയുണ്ടാകണമെന്നുകൂടി ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും പ്രധാനപ്പെട്ട മേഖലയായ സഹകരണവുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം അംഗങ്ങൾ വിശദമായിത്തന്നെ സൂചിപ്പിച്ചു. രാജ്യത്തെ വാണിജ്യ സ്ഥാപനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന ഏറ്റവും മഹത്തായ ഒരു പ്രസ്ഥാനമായി നമ്മുടെ നാട്ടിലെ സഹകരണ പ്രസ്ഥാനം മാറിയിട്ടുണ്ടെന്നത് ഈയവസരത്തിൽ വിസ്മരിച്ചുകൂടാ. ഇന്ത്യയിലെ വൻകിട കോർപ്പറേറ്റുകളോട് കിടപിടിക്കുന്നതാണ് Indian Farmers' Fertilizer Co-operative Limited പോലുള്ള സ്ഥാപനങ്ങൾ. ഇതെല്ലാം ഇന്ന് സഹകരണമേഖലയിലാണ് എന്നത് നാം പ്രത്യേകം കാണണം. 'അമൂൽ' പോലുള്ള സ്ഥാപനങ്ങൾ രാജ്യത്തെ സഹകരണ മേഖലയിൽ ഉയർത്തിക്കാണിക്കാൻ കഴിയുന്ന ഉദാഹരണമാണ്. സഹകരണ പ്രസ്ഥാനം ഉയർന്നുവന്നത് ജനകീയ സമരങ്ങളുടെയും ജനകീയ പ്രസ്ഥാനങ്ങളുടെയും സജീവമായ ഇടപെടലിന്റെ ഭാഗമായാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനംപോലെ ഇത്രയും വിപുലവും സജീവവുമായ മറ്റൊന്നില്ലെന്ന കാര്യം നമുക്കറിയാം. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. സഹകരണ വകുപ്പും മന്ത്രിയും ശ്രദ്ധിക്കേണ്ട കുറച്ച് കാര്യങ്ങളിലേയ്ക്ക് വിരൽചൂണ്ടാനാണ് ഈയവസരം വിനിയോഗിക്കുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു സഹകരണ ബാങ്ക് നിലവിലുണ്ട്. സഹകരണ ബാങ്കുകൾ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി എല്ലായ്പ്പോഴും സഹകരിക്കുന്നവരാണ്. ഉദാഹരണത്തിന്

ഇ.എം.എസ്. ഭവന പദ്ധതി, തണൽ ഭവനപദ്ധതി തുടങ്ങി പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളിലും ഗ്രാമപഞ്ചായത്തുകൾ സഹകരണ ബാങ്കുകളുമായി ഇടപെടുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ തിരിച്ചും സഹകരണമേഖലയെ സഹായിക്കുന്ന ഒരു സമീപനം സ്വീകരിക്കണം. ഇതിനായി രണ്ടുവകുപ്പുകളുടെയും ഇടപെടലുണ്ടാകണം. ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നത് എവിടെയാണ്? ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടുപോലും നാഷണലൈസ്ഡ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും നിക്ഷേപിക്കുന്ന സാഹചര്യം ഇന്നുണ്ട്. പ്രസ്തുത ഫണ്ട് സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനായി തീരുമാനിക്കണം. അതുപോലെതന്നെ മാറിയിടാൻ കഴിയുന്ന ഫണ്ടുകൾ, പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട ഫണ്ടുകൾ തുടങ്ങിയവയെല്ലാം നാഷണലൈസ്ഡ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും സൂക്ഷിക്കുന്ന രീതിമാറ്റി അതാത് പ്രദേശത്തെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക രംഗത്ത് സഹകരണമേഖല ധാരാളം സഹായങ്ങൾ ചെയ്യുന്നുണ്ട്. കാർഷിക രംഗത്തെ സഹായിക്കുകയെന്നതാണ് സഹകരണ മേഖലയുടെ ഏറ്റവും പ്രധാന ധർമ്മം. തിരുവനന്തപുരം ജില്ലയിൽ വർക്കലയിൽത്തന്നെയുള്ള ഒറ്റൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ മുമ്പിൽ ഒരു പരസ്യം എഴുതിവച്ചിട്ടുണ്ട്. 'ആർക്കെങ്കിലും തരിശുഭൂമി നൽകാനുണ്ടോ, ഉണ്ടെങ്കിൽ ഞങ്ങളത് ഏറ്റെടുത്ത് കൃഷി ചെയ്തുകൊള്ളാം ' എന്നാണ് ആ വാചകം. ഒരു സർവ്വീസ് സഹകരണ ബാങ്ക് ഏകദേശം നാൽപ്പതോളം എക്കർ സ്ഥലം ഏറ്റെടുത്ത് കൃഷി നടത്തുകയാണ്. ഈ നിലയിലേയ്ക്ക് ഒരു സർവ്വീസ് സഹകരണ ബാങ്ക് മാറുന്ന കാര്യം നാം മനസ്സിലാക്കണം. ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി എങ്ങനെ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നതിനെ സംബന്ധിച്ചുള്ള ഒരു പഠനവും പരിപാടിയും നമ്മൾ ആലോചിക്കേണ്ടതായുണ്ട്. ആധുനികവത്കരണത്തിലേയ്ക്ക് ഈ രംഗം വളരെവേഗം പോകേണ്ടതായിട്ടുണ്ട്. ന്യൂ ജനറേഷൻ ബാങ്കുകളോട് കിടപിടിക്കാൻ കഴിയുന്നവിധത്തിൽ ആധുനികവത്കരണം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. കേരള ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നീ രീതികളിൽ നമ്മുടെ സഹകരണ മേഖലയിൽ ഇപ്പോൾ ടൂ ടയർ സിസ്റ്റമാണുള്ളത്. ആധുനികവത്കരണത്തിന്റെ ഭാഗമായിത്തന്നെ കോമൺ സോഫ്റ്റ്‍വെയറിന്റെ ആവശ്യമുണ്ട്. അതുപോലെതന്നെ എ.ടി.എം. സൗകര്യം എത്രയുംവേഗം കൊണ്ടുവരേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗൗരവത്തിലുള്ള ഇടപെടൽ വേഗത്തിൽ നടത്തണം. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ആഡിറ്റിനെ സംബന്ധിച്ചാണ്. അക്കാര്യം ബഹുമാന്യരായ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ആഡിറ്റ് രംഗത്ത് സമൂലമായ മാറ്റം ആവശ്യമാണ്.

ഈയടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ആഡിറ്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കർക്കശമായ ചില നടപടികൾ ആഡിറ്റുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതുണ്ട്. സഹകരണ മേഖല ഇന്ന് വല്ലാതെ വിയർക്കുകയാണ്. അതുസംബന്ധിച്ച് അടിയന്തരപ്രമേയമുണ്ടായിരുന്നു. ഇതെല്ലാം പറയുമ്പോഴും പ്രസ്തുത മേഖല വല്ലാതെ ബുദ്ധിമുട്ടുന്ന ഒരു സാഹചര്യം വന്നുചേർന്നിട്ടുണ്ട്. മഹാപ്രളയവും കോവിഡിന്റെ പ്രശ്നങ്ങളുംകൊണ്ട് മൂന്നുവർഷമായി തിരിച്ചടവുകളില്ല. സഹകരണ സംഘങ്ങൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. എല്ലാത്തിനും മുന്നിൽനിൽക്കുന്നത് സഹകരണ ബാങ്കുകളാണെന്ന് നാം മനസ്സിലാക്കണം. കാർഷിക കടാശ്വാസ കമ്മീഷന്റെ ഭാഗമായി സഹകരണ ബാങ്കുകൾ വല്ലാതെ ഞെരുങ്ങുന്നുണ്ടെന്നും മനസ്സിലാക്കേണ്ടതാണ്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, കോ-ഓപ്പറേറ്റീവ് വിജിലൻസ് വിംഗിനെക്കുറിച്ചാണ്. നേരത്തെയും ഇതുണ്ടെങ്കിലും അത് സപ്രസ്സ് ചെയ്തുവച്ചിരിക്കുകയായിരുന്നു. കോ-ഓപ്പറേറ്റീവ് വിജിലൻസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നാം ജാഗരൂകരാകേണ്ടതുണ്ട്. ഒരു പോലീസ് സൂപ്രണ്ടും ഒന്നോരണ്ടോ പോലീസുകാരും ഈ സംവിധാനത്തിലുണ്ടെന്നേയുള്ളൂ. സഹകരണ വിജിലൻസ് രംഗം എങ്ങനെ കുറ്റമറ്റതാക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ചിന്തിക്കേണ്ടതുണ്ട്. Cognizable Act കൊണ്ടുവരാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഒരു ബാങ്കിൽ കൃത്രിമം കണ്ടുപിടിച്ചാൽ ഉടൻതന്നെ എഫ്.ഐ.ആർ. തയ്യാറാക്കുന്ന നടപടിയിലേയ്ക്ക് പോകാൻ സാധിക്കണം. ബൃഹത്തായ വിജിലൻസ് നിയമം നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കണം. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ആലോചിക്കണം. 1221 വനിതാ സഹകരണ സംഘങ്ങളുള്ളതിൽ 935 എണ്ണമാണ് നല്ലനിലയിൽ പ്രവർത്തിക്കുന്നത്. പ്രവർത്തിക്കാത്ത സംഘങ്ങളെ എങ്ങനെ മെച്ചപ്പെടുത്തിക്കൊണ്ടുവരാൻ സാധിക്കുമെന്ന് ആലോചിക്കണം. വനിതാ സംഘങ്ങളുടെ കാര്യം പറഞ്ഞതുപോലെ എസ്.സി.-എസ്.ടി. സഹകരണ സംഘങ്ങളുടെ പ്രവർത്തനവും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കണം. യുവജനങ്ങൾക്ക് മാത്രമായി സംഘം രൂപീകരിക്കുന്ന പ്രവർത്തനം നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി അടുത്തകാലത്ത് സൂചിപ്പിച്ചിരുന്നു. അത്തരം കാര്യങ്ങളിലും ഇടപെടലാവശ്യമുണ്ട്. ബ്ലേഡ് പലിശക്കാർ കോവിഡിന്റെ കാലത്തും ജനങ്ങളെ വലിയരീതിയിൽ ശല്യം ചെയ്യുന്നുണ്ട്. 'മുറ്റത്തെ മുല്ല' എന്ന പദ്ധതി ശക്തിയാർജ്ജിച്ചതാണ്. അതിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. നമ്മുടെ അമ്മമാർ, സഹോദരിമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ലോണെടുത്താൽ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ മുൻപന്തിയിലാണ്. കൂടുതൽ

ആകർഷകമായ നിലയിലേയ്ക്ക് 'മുറ്റത്തെ മുല്ല' പദ്ധതിയെ മാറ്റിയെടുക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചിക്കണം. മറ്റൊരു പ്രധാനപ്പെട്ടകാര്യം, 2014-നുശേഷം ഒരു മാറ്റവുമില്ലാതെ തുടരുന്നത് സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ ഓണറേറിയം, പ്രസിഡന്റുമാരുടെ ഓണറേറിയം, അംഗങ്ങളുടെ സിറ്റിംഗ് ഫീസ് എന്നിവയാണ്. അതുസംബന്ധിച്ച് ഒരു പരിശോധന വേണമെന്ന് ആവശ്യപ്പെടുകയാണ്. ചർച്ചയുടെ ഭാഗമായി ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. സഹകരണ രംഗത്ത് വളരെ പരിണത പ്രജ്ഞനായിട്ടുള്ള ശ്രീ. പി. അബ്ദുൽ ഹമീദ് വളരെ നന്നായിട്ടാണ് ഈ വിഷയത്തെ സംബന്ധിച്ച് പറഞ്ഞത്. കരുവന്നൂർ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വിഷയത്തെ മുൻനിർത്തിയാണ് അദ്ദേഹം സംസാരിച്ചത്. ഉദ്യോഗസ്ഥരുടെ കയ്യിൽ വിലങ്ങിട്ടിരിക്കുന്നുവെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഉദ്യോഗസ്ഥരുടെ കയ്യിൽ വിലങ്ങിട്ടിരിക്കുന്ന സാഹചര്യം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നിട്ടില്ല. അങ്ങനെ വന്ന കാലഘട്ടമുണ്ട്. അത് ഓരോന്നായി എന്നെ ഓർമ്മപ്പെടുത്താതിരിക്കുന്നതാകും നല്ലത്. സഹകരണ മേഖലയ്ക്കൊരു അപചയം സംഭവിച്ചാൽ അതെല്ലാവരെയും ബാധിക്കുമെന്ന് മനസ്സിലാക്കണം. സംഘത്തിൽ 60 ശതമാനം അംഗങ്ങൾ ഇടതുപക്ഷമാണെങ്കിലും 40 ശതമാനം യു.ഡി.എഫ്. ആണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അതിലുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ച്, സഹകരണ രംഗത്ത് അപചയം വരാതിരിക്കാനുള്ള പരിശ്രമം നാം നടത്തേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കരുവന്നൂർ സഹകരണ ബാങ്കാണെങ്കിലും മലപ്പുറത്തെ എ.ആർ. നഗർ ബാങ്കാണെങ്കിലും ഇതെല്ലാം പരിശോധിക്കേണ്ട വിഷയമാണ്. ഒരു ഭാഗത്തുള്ളതല്ലായെന്നുള്ളത് നാം കാണണം. എൽ.ഡി.എഫ്. ഗവൺമെന്റിന് പുറത്ത് പൂജ്യം മാർക്കാണെന്ന് ശ്രീ. യു. എ. ലത്തീഫ് സംസാരിച്ചപ്പോൾ പറഞ്ഞു. പൂജ്യം മാർക്കൊന്നുമല്ല നല്ല മാർക്കുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ലീഗിന്റെ കീഴിലുണ്ടായിരുന്ന പേരാമുഖം ലേബർ കോൺട്രാക്ട് സൊസൈറ്റി ബി.ജെ.പി-ക്ക് കൈമാറിയവരാണ് നിങ്ങൾ എന്നത് മനസ്സിലാക്കണം. അദ്ദേഹം ഇവിടെ സൂചിപ്പിച്ച ...(ബഹളം)... ഒരു മൂർഖൻ പാമ്പിനെക്കൊണ്ട് കടിപ്പിച്ചു. ഇവിടെ നീർക്കോലിയെക്കൊണ്ടെങ്കിലും നിങ്ങളെ കടിപ്പിച്ചോ എന്നുചോദിച്ചു; പെരുമ്പാമ്പിനെക്കൊണ്ട് വിഴുങ്ങിപ്പിച്ചവരാണ് ഈ ന്യായം പറയുന്നത് എന്നുള്ളത് നമ്മൾ കേൾക്കണം. ….(ബഹളം)….

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ. തികച്ചും അടിസ്ഥാനരഹിതമായ ഒരു പ്രസ്താവനയാണ് ശ്രീ. വി. ജോയി ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ലീഗിന്റെ കയ്യിലുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റി ബി.ജെ.പി-ക്ക്

കൈമാറിയെന്ന് പറയുന്നു; ഏത് സംഘമാണ് കൈമാറിയിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കണം. അല്ലാത്തപക്ഷം അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.*

ശ്രീ. വി. ജോയി: സർ, 8 വർഷമായി ലീഗിന്റെ നേതാവായിരുന്ന ശ്രീ. അബ്ദുൽ റഹീമിന്റെ കൈവശമിരുന്ന പേരുമുഖം ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയാണ് കൈമാറിയത്. 50 ബി.ജെ.പി-ക്കാർക്കാണ് മെമ്പർഷിപ്പ് നല്കിയത് എന്നത് ഈ അവസരത്തിൽ നോക്കേണ്ടതാണ്. .....(ബഹളം).... പെരുമ്പാമ്പിനെക്കൊണ്ട് വിഴുങ്ങിപ്പിച്ചവരാണ് ഇവിടെയുള്ളതെന്ന് പറയേണ്ട കാര്യമുണ്ട്. സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കൂട്ടായ പരിശ്രമമാണ് ആവശ്യം. ആ പരിശ്രമം നടത്തണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറഞ്ഞതല്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് വേറെ പോയിന്റാണ്. അബ്ദുൽ റഹീം എന്നുപറയുന്ന ഒരു വ്യക്തിയുടെ കയ്യിലാണ് സൊസൈറ്റി എന്നാണ് പറയുന്നത്. അങ്ങനെ വ്യക്തിഗത സൊസൈറ്റിയുണ്ടോ; സി.പി.ഐ.(എം.)-ന് പക്ഷേ, വ്യക്തിഗത സൊസൈറ്റിയുണ്ട്. ദുനിയാവിൽ വേറെ ആർക്കും വ്യക്തിഗത സൊസൈറ്റിയുണ്ടാകില്ല. ഇത് തികച്ചും അടിസ്ഥാനരഹിതമായിട്ടുള്ള കാര്യമാണ് പറഞ്ഞത്. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമുതൽ കൊള്ളയടിക്കുന്നതിനും കവർച്ച ചെയ്യുന്നതിനും ടോക്കിയോ ഒളിംപിക്സിൽ ഒരു മത്സരയിനമുണ്ടായിരുന്നെങ്കിൽ സ്വർണ്ണക്കപ്പ് കേരളത്തിലെ വനം, സഹകരണ വകുപ്പുകൾ പങ്കിട്ടെടുക്കുമായിരുന്നു. കാട്ടുകള്ളൻ വീരപ്പൻ ജീവിച്ചിരുന്നെങ്കിൽ മുട്ടിൽ മരംമുറിക്കേസിൽ ഗൂഢാലോചനയിലെ പങ്കാളികളുൾപ്പെടെയുള്ള യഥാർത്ഥ പ്രതികളുടെ മുന്നിൽവന്ന് ദക്ഷിണവച്ച് ശിഷ്യത്വം സ്വീകരിക്കുമായിരുന്നു. അത്ര ഗുരുതരമായ, ഭീകരമായ, ഭീമമായ കൊള്ളയും കളവും കവർച്ചയുമാണ് ഇന്ന് കേരളത്തിലെ സഹകരണ-വനം

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12704/ഇ.ബി./2021/നി.സെ. തീയതി 5-8-2021) സഭാരേഖകളിൽ നിലനിർത്തി.

വകുപ്പുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. വനം-സഹകരണ വകുപ്പുകളിൽ ഇത്തരത്തിലുള്ള കൊള്ളയും കവർച്ചയും നടക്കുന്നത് വളരെ ആസൂത്രിതമായിട്ടാണ്. ഭരണകക്ഷി നേതാക്കളുടെയും സഖാക്കളുടെയും നേതൃത്വത്തിലും പങ്കാളിത്തത്തിലുമാണിത് നടക്കുന്നത്. നരേന്ദ്ര മോദി സർക്കാർ നോട്ടുനിരോധനം നടപ്പിലാക്കിയപ്പോൾ അതിനെ എതിർത്തുകൊണ്ട് മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് വിശേഷിപ്പിച്ചത് "...it is the case of organised loot and legalised plunder" എന്നാണ്. കേരളത്തിലെ വനം-സഹകരണ വകുപ്പുകളിൽ നടക്കുന്നത് യഥാർത്ഥത്തിൽ " Organised plunder and comrades looting" എന്നതാണ്. ആസൂത്രിതമായി സഖാക്കൾ നടത്തുന്ന കൊള്ളയാണ് കേരളത്തിലെ സഹകരണ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. സഖാക്കൾക്കുവേണ്ടി സഖാക്കളാൽ സഖാക്കളുടെ നേതൃത്വത്തിൽ നടത്തുന്ന കൊള്ളയാണ് കരുവന്നൂർ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്നത്. മുട്ടിൽ മരംമുറി വന്നപ്പോൾ ആദ്യം ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവച്ച് രാഷ്ട്രീയനേതൃത്വത്തിന് യാതൊരു പങ്കുമില്ലായെന്ന് പറഞ്ഞു. എന്നാൽ വിവരാവകാശ രേഖകളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ഫയലിൽ ഒപ്പിട്ട് അനുമതി നല്കിയതിനുശേഷമാണ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മരംമുറിക്ക് അനുമതി നല്കിക്കൊണ്ട് 24-10-2020-ലെ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്. ആ വിവരാവകാശ രേഖ നല്കിയ റവന്യൂ വകുപ്പിലുള്ള ഉദ്യോഗസ്ഥരെയാണ് ശിക്ഷിച്ചത്. അവരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റി അവർക്ക് നല്കിയ അവാർഡുകൾ പിൻവലിച്ചു; സത്യത്തിൽ കളവ് പുറത്തുകൊണ്ടുവരാൻ സഹായിച്ചവരെയാണ് ഗവൺമെന്റ് ശിക്ഷിച്ചത്, വാദിയാണ് പ്രതിയായി നില്ക്കുന്നത്. അതുമാത്രമല്ല അടുത്ത ദിവസങ്ങളിലെ പത്രങ്ങളിലൂടെ പുറത്തുവന്നത് എന്താണ്; സി.പി.ഐ. (എം.)-ന്റെ മലപ്പുറം ജില്ലാ സെക്രട്ടറി പി. കെ. കൃഷ്ണദാസ് സംസ്ഥാന സെക്രട്ടറി സഖാവ് കാനം രാജേന്ദ്രന് 11-9-2020-ൽ അയച്ച കത്തിൽ പറഞ്ഞിരിക്കുന്നത്, ടിംബർ മർച്ചന്റ്സ് അസ്സോസിയേഷന്റെ നിവേദനം സ്വീകരിച്ചുകൊണ്ട് തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിയെടുക്കാൻ അനുമതി ഉണ്ടാകണമെന്നാണ്. ഇക്കാര്യത്തിൽ അനുകൂല ഉത്തരവുണ്ടാകാൻ താല്പര്യപ്പെടുന്നു എന്നാണ്. 11.09.2020-ന്.സി.പി.ഐ.(എം.)-ന്റെ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ ലെറ്റർ പാഡിലുണ്ടായിരുന്നത്. ഇക്കാര്യം പത്രങ്ങളിൽ വന്നതാണ്, നിങ്ങൾക്ക് നിഷേധിക്കാൻ സാധ്യമല്ല. രാഷ്ട്രീയ നേതൃത്വത്തിന്റെ ഉത്തരവാദിത്വം ആർക്കും നിഷേധിക്കാൻ കഴിയില്ല. വനംകൊള്ളയുടെ കാര്യത്തിൽ കർഷകരെയും ആദിവാസികളെയും മറയാക്കി മരം മുറിക്കാൻ ശ്രമിച്ചു. ഇപ്പോൾ വനം വകുപ്പുമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വന്നിട്ടുണ്ട്. കർഷകരെയും ആദിവാസികളെയും പ്രതികളാക്കി കേസ് എടുക്കേണ്ടിവരുമെന്ന് അദ്ദേഹം

പരസ്യമായി പറഞ്ഞു. ഈ നിരപരാധികളെ കേസിൽനിന്ന് ഒഴിവാക്കണം, അവരെ ബലിയാടുകളാക്കുകയാണ് ചെയ്തത്. അവരുടെ വിലപ്പെട്ട മരങ്ങൾ ചുളുവിലയ്ക്ക് വാങ്ങുകയും ഗൂഢാലോചന നടത്തി പങ്കാളികളായവരുൾപ്പെടെ കള്ളക്കളി നടത്തിയുമാണ് വനം കൊള്ളയടിച്ചത് എന്നത് വളരെ വ്യക്തമാണ്. മരംവെട്ടുകേസിലെ പ്രതികളുടെ ജാമ്യാപേക്ഷ തള്ളിക്കൊണ്ട് ഹൈക്കോടതി പറഞ്ഞത് '...In my opinion the petitioners have managed things by manipulating records and influencing the officials' എന്നാണ്. ഉന്നതതലങ്ങളിലെ ഉദ്യോഗസ്ഥരെ സ്വാധീനിച്ചും രേഖകളിൽ തിരുത്തൽവരുത്തിക്കൊണ്ടുമാണ് മരംമുറി നടപ്പിലാക്കിയതെന്ന് ഹൈക്കോടതി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ നിരപരാധികളായ കർഷകരെയും ആദിവാസികളെയും കേസിൽനിന്നും പ്രതിസ്ഥാനത്തുനിന്നും ഒഴിവാക്കണം. ഈ കേസിനെ ശക്തിപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെങ്കിൽ അവരെ സാക്ഷികളാക്കി മുട്ടിൽ മരംമുറി കേസുകളുൾപ്പെടെയുള്ളവ ശക്തിപ്പെടുത്താൻ സാധിക്കും. നിരപരാധികളെ ഒരു കാരണവശാലും പ്രതികളാക്കരുത്. പ്രധാനപ്പെട്ട രണ്ടാമത്തെ വിഷയം കരുവന്നൂർ സഹകരണ ബാങ്കുൾപ്പെടെയുള്ളവയിലെ ക്രമക്കേടുകളാണ്. പണാപഹരണം, കൃത്രിമരേഖ സൃഷ്ടിക്കൽ, ആൾമാറാട്ടം എന്നീ കുറ്റകൃത്യങ്ങൾ മാത്രമല്ല അവിടെ കൊള്ളയും കവർച്ചയുമാണ് നടത്തിയത്. ബാങ്കിന്റെ ബോർഡും കെട്ടിടവും ഓഫീസ് ഉപകരണങ്ങളും ഒഴിച്ച് മറ്റെല്ലാം അടിച്ചുമാറ്റിയിരിക്കുന്നു. 350 കോടി രൂപയുടെ തട്ടിപ്പാണ് നടന്നത്. ബാങ്കിന്റെ പ്രവർത്തന മൂലധനം 400 കോടി രൂപയിലധികമാണ്. ബാക്കിയൊന്നുമില്ലാതെ മുഴുവൻ തുകയും അടിച്ചുമാറ്റിയിരിക്കുകയാണ്. ഇതിൽ ജീവനക്കാരും ഭരണസമിതി അംഗങ്ങളും സി.പി.ഐ.(എം.) നേതാക്കളും കൂട്ടുത്തരവാദികളാണ്. ഒരാൾ എടുത്ത വായ്പയെക്കാൾ പതിന്മടങ്ങ് സംഖ്യയുള്ള റിക്കവറി നോട്ടീസുകൾ വരുന്നു. പല വ്യക്തികൾക്കും കോടികളുടെ വായ്പകൾ അവരറിയാതെ വരുന്നുണ്ട്. ചിട്ടിയിലെ ഗുരുതരമായ തട്ടിപ്പ് - 50 കോടി രൂപയുടെ ജപ്തിനോട്ടീസ് ലഭിച്ച മുൻ പഞ്ചായത്ത് അംഗം ടി. എ. മുകുന്ദൻ, 59 വയസ്സുകാരൻ ആത്മഹത്യ ചെയ്തു. വീട് നിർമ്മാണത്തിനും മക്കളുടെ വിവാഹാവശ്യത്തിനുമായി ബാങ്കിൽ നിക്ഷേപിച്ച സംഖ്യ തിരികെ എടുക്കാൻ പോകുന്നവർക്ക് അത് ലഭിക്കുന്നില്ല. ഒരു ദിവസം പതിനായിരം രൂപ വീതം 30 പേർക്ക് കഴിഞ്ഞ ദിവസങ്ങളിലൊക്കെ കൊടുത്തുവെന്ന് പറഞ്ഞു. കോടിക്കണക്കിന് രൂപ നിക്ഷേപിച്ചവർക്ക് ഒരു ദിവസം പതിനായിരം രൂപ വീതം മുപ്പതുപേർക്ക് മാത്രം കൊടുക്കുന്നു. രാവിലെ 5 മണി മുതൽ രാത്രിവരെ ആളുകൾ ക്യൂ നിന്ന് നിരാശരായി മടങ്ങുന്ന അവസ്ഥയാണ്. സി.ഐ.ടി.യു. അംഗങ്ങളായ നിരവധി ചുമട്ടുതൊഴിലാളികളും ഓട്ടോറിക്ഷാ തൊഴിലാളികളും ഉൾപ്പെടെയുള്ളവരുടെ അദ്ധ്വാനഫലമാണ് ബാങ്കിൽ നിക്ഷേപിച്ച്

ഇത്തരത്തിൽ നഷ്ടമായിരിക്കുന്നത്. ഗൾഫിൽ പ്രിന്റിംഗ് പ്രസ്സിൽ ജോലി ചെയ്ത് സമ്പാദിച്ച പണംകൊണ്ട് സായ്‌ലക്ഷ്മി എന്ന സ്ത്രീ പതിമൂന്നേമുക്കാൽ സെന്റ് സ്ഥലം ഇരിങ്ങാലക്കുടയിൽ വാങ്ങി. പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കാനായി ബാങ്കിൽ നിന്ന് 20 ലക്ഷം രൂപ വായ്പ നൽകുമെന്ന് ബാങ്കിലെ കളക്ഷൻ ഏജന്റ് അവരുടെ അടുത്തുപോയി പറഞ്ഞു. പത്തുലക്ഷം രൂപയ്ക്കുള്ള വായ്പാ അപേക്ഷയോടൊപ്പം അവരുടെ രേഖകളെല്ലാം ബാങ്കിൽകൊടുത്തു. രണ്ടുമൂന്ന് ദിവസത്തിനകം ലോൺ ലഭിക്കുമെന്ന് പറഞ്ഞെങ്കിലും കിട്ടിയില്ല. അവസാനം ലോൺ വേണ്ട, രേഖ തിരിച്ചുതരാൻ ആവശ്യപ്പെട്ടപ്പോൾ അവരോട് തട്ടിക്കയറുകയും ഭീഷണിപ്പെടുത്തുകയുമാണ് ചെയ്തത്. അവസാനം അവർക്ക് 3 കോടി രൂപയുടെ റിക്കവറി നോട്ടീസ് വന്നിരിക്കുകയാണ്. വായ്പയെടുക്കാത്ത സായ്‌ലക്ഷ്മിക്ക് 3 കോടി രൂപയുടെ റിക്കവറി നോട്ടീസ് വന്നപ്പോൾ അവർ പരാതികൊടുത്തിട്ടാണ് ഈ വിവരം പുറംലോകം അറിയുന്നത്. പാർട്ടിക്ക് പരാതി കിട്ടാത്തതുകൊണ്ടോ ഡിപ്പാർട്ടുമെന്റ് അന്വേഷിക്കാത്തതുകൊണ്ടോ അല്ല. സഹകരണ ഡിപ്പാർട്ടുമെന്റ് 31.08.2019-ന് സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്താൻ ഉന്നത ഉദ്യോഗസ്ഥർ ഉത്തരവിട്ടിരുന്നു. ആ കാര്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് ആഡിറ്റ് റിപ്പോർട്ടിന്റെയും ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോടികളുടെ വെട്ടിപ്പ്, തട്ടിപ്പ്, കൊള്ള, കളവ്, ആൾമാറാട്ടം, ചതി, പണാപഹരണം തുടങ്ങിയവ അവിടെ നടന്നതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ വകുപ്പ് എൻക്വയറി നടത്താൻ ഉത്തരവിട്ടതെന്നാണ്. ആ എൻക്വയറി റിപ്പോർട്ട് 10.10.2020-ന് ഡിപ്പാർട്ടുമെന്റിന് സമർപ്പിച്ചു. പക്ഷേ, നടപടിയെടുത്തില്ല. പാർട്ടിക്ക് പരാതി കൊടുത്ത ബ്രാഞ്ച് സെക്രട്ടറിയെ പുറത്താക്കി. പരാതികൊടുത്ത ജീവനക്കാരനെ ബാങ്കിൽനിന്ന് പുറത്താക്കി. മാർക്സിസ്റ്റ് പാർട്ടി അന്വേഷണം നടത്തി. മുൻജില്ലാ സെക്രട്ടറിക്ക് പരാതി നൽകി. അദ്ദേഹത്തിന്റെ ശിപാർശപ്രകാരം മുൻ എം.പി. ഉൾപ്പെടെയുള്ളവർ പാർട്ടിതലത്തിൽ അന്വേഷണം നടത്തി ഈ കാര്യങ്ങളെല്ലാം ഒതുക്കിത്തീർപ്പാക്കാനാണ് ശ്രമിച്ചത്. ഡിപ്പാർട്ടുമെന്റ് അന്വേഷണത്തിൽപോലും പാർട്ടി ഇടപെട്ടുകൊണ്ട് തട്ടിപ്പിനും വെട്ടിപ്പിനും കൂട്ടുനിൽക്കുകയായിരുന്നു. ലോക്കൽ കമ്മിറ്റി സെക്രട്ടറി ബാങ്കിന്റെ മുൻ സെക്രട്ടറിയായിരുന്നു. മുൻ പ്രസിഡന്റ് ചന്ദ്രൻ ഏരിയാ കമ്മിറ്റി മെമ്പറായിരുന്നു. അക്കൗണ്ടന്റ് ഡി.വൈ.എഫ്.ഐ. നേതാവായിരുന്നു. അത്തരത്തിൽ രാഷ്ട്രീയ സ്വാധീനമുള്ള ഭരണകക്ഷിയുടെ നേതാക്കളാണ് ഈ തട്ടിപ്പ് നടത്തിയത്. അതിന് കേവലമൊരു പാർട്ടി എൻക്വയറിയുണ്ട്. വനിതാ കമ്മീഷന്റെ മുൻ ചെയർപേഴ്സൺ പറഞ്ഞതുപോലെ, ഞങ്ങൾക്ക് കോടതിയുണ്ട്; ഞങ്ങൾക്ക് പോലീസുണ്ട്. അതുപോലെ ഞങ്ങൾക്ക് സഹകരണ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗുണ്ടെന്ന് പറഞ്ഞ് അന്വേഷണം നടത്തിയതുകൊണ്ട് മാത്രമായില്ല. കേരളത്തിലെ സഹകരണമേഖലയുടെ

ക്രെഡിബിലിറ്റിയിൽ യു.ഡി.എഫ്. ഉൾപ്പെടെയുള്ള എല്ലാവരുടെയും സംഭാവനയുണ്ട്. സഹകരണ ജനാധിപത്യമാണ് സഹകരണതത്വങ്ങളിൽ പരമപ്രധാനമെങ്കിൽ നമുക്കറിയാം എൽ.ഡി.എഫ്. എന്ന് കേരളം ഭരിച്ചോ, അന്ന് സഹകരണ സംഘങ്ങളിലെ ജനാധിപത്യവും അട്ടിമറിച്ചു. വോളന്ററി ആൻഡ് ഓപ്പൺ മെമ്പർഷിപ്പാണ് സഹകരണതത്വമെങ്കിൽ, അവിടെ മെമ്പർഷിപ്പ് നൽകാത്തതാണ് തത്വം. ശ്രീ. കെ. പി. മോഹനൻ സംസാരിച്ചപ്പോൾ എം. വി. രാഘവനെക്കുറിച്ച് പറഞ്ഞു. സഹകരണരംഗത്ത് മികച്ച സംഭാവനകൾ നൽകിയ എം. വി. രാഘവൻ പടുത്തുയർത്തിയ എ.കെ.ജി. ആശുപത്രിയും പരിയാരം മെഡിക്കൽകോളേജും കുപ്രസിദ്ധമായ എ.കെ.ജി. മോഡലിലൂടെ പിടിച്ചെടുത്തവരാണ് മാർക്സിസ്റ്റ് പാർട്ടിയെങ്കിൽ അവർ ഭരിക്കുമ്പോൾ ഇത്തരം കൊള്ളയും കളവും സഹകരണ ഭരണത്തിന്റെ ബലത്തിൽ കൂട്ടുനിൽക്കുന്ന ഏറ്റവും വലിയ അപകടകരമായ പ്രതിസന്ധിയാണ് ഇന്ന് സംസ്ഥാനം നേരിടുന്നത്. പാവങ്ങളെ പറ്റിച്ചാണ് പാർട്ടി സഹകരണം. പത്രങ്ങളിൽ സഹകരണമേഖലയെ തകർക്കുന്ന രൂപത്തിൽ "സഹകരണം അപഹരണം" എന്ന വാർത്ത വരികയാണ്. സഹകരണ ബാങ്കുകളിൽ നടന്ന തട്ടിപ്പിനെ സംബന്ധിച്ച പരമ്പര ഇന്ന് ദൃശ്യമാധ്യമങ്ങളിലുണ്ടാകുന്നു. പത്രമാധ്യമങ്ങളിൽ ഓരോദിവസവും വായിക്കാൻ സാധിക്കുന്നു. തൃശ്ശൂരിലെ ഒരു ബാങ്ക് മാത്രമല്ല, കരുവന്നൂർ സഹകരണ ബാങ്കിനോടൊപ്പംതന്നെ മുസ്പ്പേട്ട് സഹകരണ ബാങ്ക്, വെള്ളൂർ സഹകരണ ബാങ്ക് അങ്ങനെ നിരവധി സംഘങ്ങളിൽ കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണ് നടത്തുന്നത്. ഈ തട്ടിപ്പിനിരയായവരെ സഹായിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ? തട്ടിപ്പിനിരയായവരെ സഹായിക്കണമെങ്കിൽ ഈ പണം റിക്കവറി ചെയ്യാൻ സാധിക്കണം. പണം തട്ടിച്ചവർ ഇടുക്കി ഹൈറേഞ്ചിൽ റിസോർട്ട് തുടങ്ങുകയും റിയൽ എസ്റ്റേറ്റിൽ പണം നിക്ഷേപിച്ച് ബിസിനസ്സും ആരംഭിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ഇതൊന്നും അവരുടെ പേരിലല്ല, മറ്റാളുകളുടെ പേരിൽ നിക്ഷേപിച്ചിരിക്കുകയാണ്. യഥാർത്ഥ പ്രതികളിൽനിന്ന് വസൂലാക്കാൻ കഴിയാതെ ആ സംഘത്തിൽ പണം നിക്ഷേപിച്ചവരും വായ്പയെടുക്കാതെ വായ്പാ റിക്കവറിയുടെ നടപടിക്ക് വിധേയവരായവരും ഇന്ന് പ്രയാസപ്പെട്ടു കൊണ്ടിരിക്കുകയാണ്. അവർക്കാവശ്യമായ ആശ്വാസം നൽകാൻ സാധിക്കണം. യഥാർത്ഥപ്രതികളെ രംഗത്തുകൊണ്ടുവരാൻ സാധിക്കണം. ക്രിമിനൽ കേസ് പ്രതികളുമായി ഗവൺമെന്റ് ഒത്തുകളിക്കുന്നതുകൊണ്ട് ആരെയും അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികൾ മുൻകൂർ ജാമ്യത്തിന് അപേക്ഷകൊടുത്ത് ഒളിവിൽ പോയി തെളിവ് നശിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് സഹകരണ മേഖലയെ കാർന്നുതിന്നുന്ന ഇത്തരത്തിലുള്ള ഏകാധിപത്യ പ്രവണതകൾ സഹകരണ ജനാധിപത്യത്തെ ഇല്ലായ്മ ചെയ്യുന്ന, ജനാധിപത്യ ധ്വംസന

നടപടികൾ അവസാനിപ്പിക്കാൻ സാധിക്കണം. നമ്മുടെ കണ്ണ് തുറക്കാൻ സഹായിക്കുന്ന ബാങ്കായി കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളെ കാണാൻ സാധിക്കണം. അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ഇത് കേവലം പാർട്ടി അന്വേഷണത്തിൽ മാത്രം ഒതുക്കിനിർത്താൻ കഴിയുന്ന കാര്യങ്ങളല്ല. സഹകരണ ജനാധിപത്യത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകാത്ത നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണ വകുപ്പിനെക്കുറിച്ച് ഭരണപക്ഷ-പ്രതിപക്ഷാംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് ഉന്നയിച്ച സൃഷ്ടിപരമായ വിമർശനങ്ങളെയും ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. സഹകരണ മേഖലയ്ക്ക് ഇടതുപക്ഷവും വലതുപക്ഷവും കഴിഞ്ഞ കാലഘട്ടങ്ങളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. വിപുലമായ ജനകീയ അടിത്തറയും ജനാധിപത്യ ഉള്ളടക്കവും നൽകി വളർന്ന് പടർന്നുപന്തലിച്ച സഹകരണമേഖല കേരളത്തിലെ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹായഹസ്തവുമായെത്തുന്ന സമാന്തര സാമ്പത്തിക സങ്കേതമാണ്. ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ച് കാണിച്ച് സഹകരണ മേഖലയെ ഇല്ലാതാക്കാൻവേണ്ടി നടത്തുന്ന ബോധപൂർവ്വവും ആസൂത്രിതവുമായ ശ്രമങ്ങൾ ആഗോളതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിൽ ചില സങ്കേതങ്ങളിലും നടക്കുന്നുണ്ട്. അതിനെ എല്ലാവരും തിരിച്ചറിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. പി. അബ്ദുൽ ഹമീദ് സൃഷ്ടിപരമായ ചില വിമർശനങ്ങൾ ഉന്നയിച്ചതുപോലെ ക്രിയാത്മകമായ നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. പ്രഖ്യാപിച്ച കാര്യങ്ങൾ ഓരോന്നായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞുവെന്ന് അദ്ദേഹത്തോട് സൂചിപ്പിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ദുരന്തങ്ങളും ദുരിതവും കഷ്ടപ്പാടുകളുമൊക്കെ അനുഭവിച്ച ഘട്ടത്തിലെല്ലാം സഹകരണമേഖല കയ്യുംമെയ്യും മറന്ന് അവരെ സഹായിക്കാൻ മുന്നോട്ടുവന്ന അനുഭവങ്ങളാണ് പൊതുസമൂഹത്തിന് പറയാനുള്ളത്. സംസ്ഥാനത്ത് പ്രളയക്കെടുതിയിലകപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വസ്ത്രവും ഭക്ഷണവും മരുന്നും ധനസഹായവുമൊക്കെയായി ഓടിയെത്തിയത് സഹകരണ മേഖലയായിരുന്നു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുണ്ടാക്കികൊടുക്കാൻ വേണ്ടി ഏറ്റെടുത്തൊരു ദൗത്യമാണ് 'കെയർ ഹോം പദ്ധതി'.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

3.00 P.M.]

ഇതിനോടകംതന്നെ 2067 വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു കഴിഞ്ഞിരിക്കുകയാണ്. തൃശ്ശൂരിൽ ആഗസ്റ്റ് മാസത്തിൽ നാൽപ്പത് ഫ്ലാറ്റുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈമാറാൻ പോകുകയാണ്. ഗവൺമെന്റല്ലാതെ മറ്റൊരു മേഖലയിൽനിന്ന് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്നത് ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും. നമ്മുടെ സംസ്ഥാനത്ത് കോവിഡ് മഹാമാരി നേരിടുന്നതിനായി എല്ലാ സഹകരണ സംഘങ്ങളും ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും കമ്മ്യൂണിറ്റി കിച്ചൺ സംവിധാനത്തെ സഹായിക്കുകയും ചെയ്തു. അതോടൊപ്പം മരുന്ന്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ്, ആംബുലൻസ് സർവ്വീസുകൾ തുടങ്ങി പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തതിന് പുറമെ വാക്സിൻ ചലഞ്ചിന്റെ ഭാഗമായി 220 കോടി രൂപ സി.എം.ഡി.ആർ.എഫ്. (Chief Minister's Distress Relief Fund) -ലേയ്ക്ക് നൽകുകയും ചെയ്തു. വലിയ സഹായമാണ് സഹകരണ മേഖലയിൽനിന്ന് ചെയ്തുകഴിഞ്ഞിരിക്കുന്നത്. കേരളത്തിൽ പല രൂപത്തിലുള്ള കെടുതികൾ വന്ന സന്ദർഭങ്ങളിലെല്ലാം ആശ്വാസത്തിന്റെ കിരണങ്ങൾ പകർന്നും വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചും ചില സന്ദർഭങ്ങളിൽ കുറഞ്ഞ പലിശയ്ക്ക് പണം കൊടുത്തും പലിശരഹിത വായ്പ അനുവദിച്ചും മുന്നോട്ടുവരികയുണ്ടായി. വിദ്യാഭ്യാസം ഡിജിറ്റലൈസ് ചെയ്യുന്ന ഈ സന്ദർഭത്തിൽ കേരളത്തിൽ പലിശരഹിത വായ്പ നൽകുന്ന ഏക സാമ്പത്തിക സങ്കേതം സഹകരണ മേഖലയാണ്. ഇതിനോടകം സഹകരണ പ്രസ്ഥാനങ്ങൾ നൽകിയ വായ്പയുടെ കണക്കുകൾ സംബന്ധിച്ച് ഇവിടെ വിശദീകരിക്കപ്പെട്ടു. ഈ മേഖല വൈഷമ്യങ്ങൾ നേരിടുമ്പോഴും സാമൂഹ്യപ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുകയാണ്. പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുടെ സഹായത്തോടുകൂടി നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ഇപ്പോൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കിയിരിക്കുന്നു. 2018-ൽ മുപ്പതിൽ കൂടുതൽ ശിശുമരണങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത്, സഹകരണ മേഖലയുടെ ഇടപെടലിന്റെ ഭാഗമായി ഈ ആശുപത്രിയുടെ സഹായത്തോടെയുള്ള സംരക്ഷണത്തിന്റെ ഫലമായി പുതിയ വർഷത്തിൽ രണ്ട് മരണമായി കുറഞ്ഞിരിക്കുന്നുവെന്ന് അഭിമാനത്തോടെ പറയുകയാണ്. വലിയ രൂപത്തിലുള്ള ആശ്വാസ നടപടിയാണത്. 'മുറ്റത്തെ മുല്ല' പദ്ധതി മുഖേന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 527 കോടി രൂപ കേവലം നാല് ശതമാനം പലിശയിൽ ഇതിനോടകം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇത് ചെറിയ കാര്യമല്ല. 37,859 ആളുകൾക്കായി 291.68 കോടി രൂപ റിസ്ക് ഫണ്ടായി നൽകി. ഇതിനുപുറമെ, ഗുരുതരമായ രോഗം ബാധിക്കുന്നവരെ സഹായിക്കുന്നതിനായി രൂപം നൽകിയ

മെമ്പർ റിലീഫ് ഫണ്ട് പദ്ധതിയിൽ ഏകദേശം 11194 പേർക്കായി 24 കോടി രൂപ നൽകിയിട്ടുണ്ട്. കാർഷിക മേഖലയെ സഹായിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത ദൗത്യങ്ങൾ, വിപണിയിലിടപെടൽ, ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്, ഗുണനിലവാരമുള്ള പരിശോധനാ ലാബുകൾ, ഓൺലൈൻ വഴിയുള്ള വിപണന സങ്കേതങ്ങൾ തുടങ്ങിയവ ഈ കാലഘട്ടത്തിൽ നടത്തിക്കഴിഞ്ഞിരിക്കുന്നു. കോവിഡ് ദുരിതകാലത്ത് കൺസ്യൂമർഫെഡുമായി ബന്ധപ്പെട്ട് ഹോം ഡെലിവറിയിലൂടെ നിത്യോപയോഗ സാധനങ്ങളെത്തിക്കാനും കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനുള്ള സാധനസാമഗ്രികൾ എത്തിക്കാനും കഴിഞ്ഞു. വിപണിയിലിടപെടലും ഉത്സവച്ചന്തകൾ നടത്തിയതുമെല്ലാം ജനോപകാരപ്രദമായ നീക്കങ്ങളായിരുന്നു. റീസർജന്റ് കേരള ലോൺ സ്കീം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച സഹായഹസ്തം വായ്പാ പദ്ധതി എന്നിവയിലെല്ലാം ഇടപെട്ട് സഹകരണ മേഖല ജനങ്ങളെ ആശ്വസിപ്പിക്കുന്ന സമീപനങ്ങളുമായി മുന്നോട്ടുനീങ്ങുന്നു. ഇതിനെല്ലാം പുറമേ, ഡൽഹിയിൽ നടന്ന ഇന്റർനാഷണൽ ട്രെയ്ഡ് ഫെയറിൽ കേരളത്തിലെ ഏകദേശം 167 സംഘങ്ങളുടെ 17 ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുകയും ആ മത്സരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് മൂന്ന് അവാർഡുകൾ ലഭിക്കുകയും ചെയ്തുവെന്ന സന്തോഷവാർത്ത ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. സഹകരണ മേഖല ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടപെട്ട് ഒരു സമാന്തര സാമ്പത്തിക സങ്കേതമായി നീങ്ങുമ്പോൾത്തന്നെ വിഷമഘട്ടങ്ങളിൽ സാമൂഹ്യസുരക്ഷാ പെൻഷനുവേണ്ടി 5,604 കോടി രൂപ ഇതിനോടകം സഹകരണ മേഖല നൽകിക്കഴിഞ്ഞിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണത്തെ സംബന്ധിച്ച് ബഹളം നടന്നിരുന്ന കാലത്തെക്കുറിച്ച് നമുക്കെല്ലാമറിയാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്കാര്യം ഓർക്കുമല്ലോ. പെൻഷൻ ലഭിക്കാതെ എത്രയോ പേർ ആത്മഹത്യ ചെയ്തിരുന്നു. സഹകരണ മേഖല ഇടപെട്ടതിന്റെ ഫലമായി പരാതിക്കിടയില്ലാത്തവിധം കൃത്യമായി പെൻഷൻ ലഭിക്കുന്നു. നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുനീങ്ങുകയാണ്. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ അംഗീകാരം ലഭിക്കുന്ന സാഹചര്യം വന്നിരിക്കുന്നു. സഹകരണ മേഖലയുടെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തി മുന്നോട്ടുപോകുന്ന ഘട്ടത്തിൽ ഒറ്റപ്പെട്ട ചില അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഞങ്ങൾ പറയുന്നില്ല. കരുവന്നൂർ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ പലരും സൂചിപ്പിച്ചു. അതുസംബന്ധിച്ച് അടിയന്തരപ്രമേയാവതരണ ഘട്ടത്തിൽത്തന്നെ വിശദീകരിച്ചിരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ച് മൂന്ന് ദിവസങ്ങൾക്കുള്ളിൽ ഗവൺമെന്റ് കൃത്യമായ നടപടി സ്വീകരിച്ചിരുന്നു. ബാങ്കിന്റെ ഭരണസമിതി

പിരിച്ചുവിടുകയും ഏഴ് ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി പോലീസ് കേസ്സെടുത്തു. കൂടാതെ ഡിപ്പാർട്ടുമെന്റ് തലത്തിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയും അഡീഷണൽ രജിസ്ട്രാറും ഉൾപ്പെടുന്ന ഒൻപതംഗ ഉന്നതതല സംഘം ബാങ്കിൽ പോയി വിശദമായ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിനെ ആസ്പദമാക്കി തുടർനടപടികൾ സ്വീകരിക്കുമെന്ന കാര്യം ഈ സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. കുറ്റക്കാരായ ആരെയും രക്ഷപ്പെടാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല. എത്ര ഉന്നതനായ വ്യക്തിയാണെങ്കിലും കൃത്യമായ നടപടി സ്വീകരിച്ചിരിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഭാവിയിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന കാര്യവും വിശദീകരിക്കുകയുണ്ടായി. നിലവിലുള്ള ആഡിറ്റ് സംവിധാനത്തിൽ ചില പോരായ്മകളുണ്ട്. 65-ാം വകുപ്പനുസരിച്ച് എൻക്വയറി നടത്തി ഒരു റിപ്പോർട്ട് ലഭിച്ചാൽ കുറ്റം നടന്നിട്ടുണ്ടോയെന്നും എന്തൊക്കെയാണ് കുറ്റകൃത്യങ്ങളെന്നും പരിശോധിക്കാതെ ആരുടെയും പേരിൽ നടപടിയെടുക്കാൻ കഴിയില്ല. അക്കാര്യത്തിൽ ആവശ്യമായ പരിരക്ഷ നിയമം നൽകുന്നില്ല. 66-ാം വകുപ്പിലും പോരായ്മയുണ്ട്. നോട്ടീസ് കൊടുത്ത്, ഹിയറിംഗിനുശേഷം മാത്രമേ പിരിച്ചുവിടാനുള്ള നടപടികളിലേയ്ക്ക് പോകാവൂ എന്ന് വകുപ്പ് 68(1)-ൽ പറയുന്നുണ്ട്. നിയമത്തിന്റെ ദുർബലത ഉപയോഗിച്ച് പലരും രക്ഷപ്പെടുന്ന സാഹചര്യം സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലാണ്. ഇത് അവസാനിപ്പിക്കാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരാൻ സഹകരണ വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഹകരണ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ഇത്തരം വാർത്തകൾ സംസ്ഥാനത്തുടനീളം വരുന്നത് തീർച്ചയായും അതിന്റെ വിശ്വാസ്യതയെ തകർക്കും. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകർന്നാൽ നമ്മുടെ റൂറൽ ഇക്കോണമി അഥവാ ഗ്രാമീണ സമ്പദ് വ്യവസ്ഥ തകർന്നുപോകും. തെറ്റ് തിരുത്താനുള്ള അവസരമാണിത്. ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ആര് കട്ടാലും കളവല്ല, കൊള്ളയാണ് നടക്കുന്നത്. ഓരോ ബാങ്കിലുമുള്ള രണ്ടോ മൂന്നോ ജീവനക്കാർ വിചാരിച്ചാൽ ഈ കളവ് നടത്താൻ സാധിക്കുന്നുവെന്നുള്ളതാണ്. നാഷണലൈസ്ഡ് ബാങ്കിലും ഷെഡ്യൂൾഡ് ബാങ്കിലുമൊന്നും അങ്ങനെ നടക്കുന്നില്ല. ഇത്തരം സംഭവങ്ങൾ താരതമ്യേന കുറവാണ്. ബാങ്കിലേയ്ക്ക് വരുന്ന നിക്ഷേപമാണെങ്കിലും ബാങ്കിൽനിന്ന് പുറത്തുകൊടുക്കുന്ന വായ്പയാണെങ്കിലും എല്ലാത്തിനും ഒരു അക്കൗണ്ടിംഗ് പ്രൊസീഡ്യുവർ അല്ലെങ്കിൽ പ്രോട്ടോകോൾ അടിയന്തരമായി ഉണ്ടാകണം

എന്നതാണ് എന്റെ നിർദ്ദേശം. ആഡിറ്റിംഗ് സിസ്റ്റം മാത്രം കറക്ട് ചെയ്താൽപ്പോരാ. ഡൊമസ്റ്റിക് എൻക്വയറി ഓഫീസറായി, നേരത്തേ അഭിഭാഷകനായി പ്രവർത്തിച്ചിരുന്നപ്പോൾ, പല ബാങ്കുകളിലും പോയിട്ടുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയുന്നതാണ്. രണ്ടോ മൂന്നോ ആളുകൾ വിചാരിച്ചാൽ ഏത് ബാങ്കിലും കൊള്ള നടത്താം. അതുകൊണ്ട് അക്കൗണ്ടിംഗ് പ്രൊസിഡ്യുവറും പ്രോട്ടോകോളും വെരിഫൈ ചെയ്ത് അത് കറക്ട് ചെയ്യുന്നതിനുള്ള ഒരു അവസരമാക്കി ഇതിനെ സർക്കാർ മാറ്റുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങയുടെ ഈ നിർദ്ദേശം സ്വീകാര്യമാണെന്ന് മാത്രമല്ല ഞങ്ങൾ അതിനുള്ള നടപടി ആരംഭിച്ച് കഴിഞ്ഞുവെന്ന് വിനയപൂർവം അറിയിക്കുകയാണ്. കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം ഇംപ്ലിമെന്റ് ചെയ്യാൻ തീരുമാനിക്കുകയും സി-ഡിറ്റുമായും എൻ.ഐ.സി-യുമായും ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയുമാണ്. തുടർന്ന് സ്വീകരിക്കുന്ന നടപടി അങ്ങയെ അറിയിക്കാം. അങ്ങ് മുന്നോട്ടുവച്ച നല്ല നിർദ്ദേശം സ്വാഗതം ചെയ്യുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ഓഫീസർ മാത്രമായി കൺകറന്റ് ആഡിറ്റ് എന്ന നിലയിൽ ബാങ്കിൽപ്പോകുന്നു, ബാങ്ക് സാലറി കൊടുക്കുന്നു. ആ ബാങ്ക് പറയുന്നതെല്ലാം അയാൾ കേൾക്കുന്ന സാഹചര്യം ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. അത് കണ്ടുപിടിച്ചതിന്റെ അടിസ്ഥാനത്തിൽ സമൂലമായ മാറ്റം വരുത്താൻ തീരുമാനിച്ചു. ഇനി മുതൽ ഒരു ടീമിന്റെ നേതൃത്വത്തിൽ നടത്തുന്ന ആഡിറ്റിംഗിന് ഇപ്പോൾത്തന്നെ ചീഫ് സെക്രട്ടറി എഴുതിയിട്ടുണ്ട്. ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട് സർവീസിൽനിന്ന് ഒരു ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ നൽകുകയാണ്. അദ്ദേഹത്തെ ആഡിറ്റ് ഡയറക്ടറായി നിയമിച്ചുകൊണ്ട് ഇത്തരത്തിലുള്ള ആഡിറ്റ് സിസ്റ്റം കൊണ്ടുവരാൻ പോകുകയാണ്. അങ്ങനെ വരുന്ന ഘട്ടത്തിൽ അങ്ങ് സൂചിപ്പിച്ച പ്രശ്നങ്ങൾ ഉൾപ്പെടെ സമയബന്ധിതമായി കണ്ടുപിടിച്ച് മുന്നോട്ടുപോകാം. വ്യക്തമായ നീക്കങ്ങൾ നടത്തുന്നതിനുള്ള നിയമഭേദഗതിയുടെ കാര്യവും ഞാൻ സൂചിപ്പിച്ചു. ശക്തമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഇത്തരത്തിലുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 'ഈ വിവരം അറിഞ്ഞയുടൻതന്നെ നടപടിയെടുത്തു' എന്നാണ്, അത് നല്ല കാര്യമാണ്. ഇതിനുമുൻപ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ മന്ത്രിയായിരുന്ന കാലത്ത് നിങ്ങളുടെ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയായിരുന്ന സുരേഷ് ഇതുസംബന്ധിച്ച് അദ്ദേഹത്തോട് പരാതിപ്പെട്ടിട്ടുണ്ട്. അപ്പോൾ ഇത് നേരത്തെ അറിഞ്ഞിട്ടുണ്ട്, ഞാൻ

പത്രങ്ങളിലൂടെ വായിച്ചതാണ്. നിങ്ങളുടെ പാർട്ടിയുടെ ജില്ലാഘടകം മുതൽ താഴോട്ടുള്ള എല്ലാവരും ഇത് ചർച്ച ചെയ്തിട്ടുമുണ്ട്. അതിന്റെ ഏറ്റവും വലിയ തെളിവ് നിങ്ങളുടെ പാർട്ടി ധാരാളം പേർക്കെതിരെ നടപടിയെടുത്തു എന്നതാണ്. നേരത്തെ അവർ എല്ലാം അറിഞ്ഞിരുന്നുവെന്നുള്ളതിന്റെ പേരിലല്ലേ നടപടിയെടുത്തത്? അപ്പോൾ എനിക്ക് ചോദിക്കാനുള്ളത്, സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചവരുടെ പണത്തിന് എന്താണ് ഗ്യാരന്റിയെന്നാണ്. ഇത്തരത്തിൽ നഷ്ടപ്പെട്ട പണം നിക്ഷേപകർക്ക് തിരിച്ചുകിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അക്കാര്യം ഞങ്ങൾ ചർച്ച ചെയ്തിരുന്നു. സഹകാരികളുടെ ആശങ്കയകറ്റിക്കൊണ്ട് അക്കാര്യത്തിൽ ഫലപ്രദമായ ഒരു നടപടിയുണ്ടാകുമെന്നതിൽ തർക്കമില്ല. അതിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് ഒരു പാക്കേജ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തട്ടിപ്പിന് നേതൃത്വം കൊടുത്തവരുടെ മുഴുവൻ സ്വത്തുക്കളും കണ്ടുകെട്ടാനും ഇവരുടെ സ്ഥലകൈമാറ്റം സംബന്ധിച്ച ഇടപാടുകൾ തടയാനുമാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൽനിന്നും ഈടാക്കാൻ കഴിയുന്നതെല്ലാം ഈടാക്കുന്നതോടൊപ്പം കേരളാ ബാങ്ക് ഉൾപ്പെടെ സഹായിച്ച് ഒരു പാക്കേജ് തയ്യാറാക്കി നിക്ഷേപകരുടെ പണത്തിന് ഗ്യാരന്റി നൽകുന്ന തരത്തിലുള്ള ഒരു നീക്കംകൂടി നടത്താൻ ആലോചിച്ചിട്ടുണ്ട്; അക്കാര്യം സംബന്ധിച്ച് വിശദമായി സമീപഭാവിയിൽ പ്രഖ്യാപിക്കുന്നതാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികളിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. അതിനുശേഷം ഇക്കാര്യം സഭയിൽത്തന്നെ വിശദീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ഇവിടെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ എൻ.ആർ.ഇ. അക്കൗണ്ട് തുടങ്ങാൻ സാധിക്കുമോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് വലിയ ചർച്ച നടക്കുകയാണ്. സാധിക്കുമെന്നും സാധിക്കില്ലെന്നുമുള്ള അഭിപ്രായമുണ്ടായിരുന്നു. അഥവാ സാധിക്കില്ലെങ്കിൽ അത് സ്വീകരിക്കാനുള്ള നിയമനിർമ്മാണം നടത്തുമോ; അല്ലെങ്കിൽ അതിനുള്ള അനുമതി വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ പ്രൈമറി ബാങ്കുകൾക്ക് എൻ.ആർ.ഇ. അക്കൗണ്ട് തുടങ്ങുന്നതിന് നിയമപരമായ പരിരക്ഷയില്ല. കേരള ബാങ്കിന് അത് വാങ്ങിയെടുക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഞങ്ങൾ നടത്തുന്നത്, സമീപകാല ഭാവിയിൽത്തന്നെ എൻ.ആർ.ഇ. നിക്ഷേപമുണ്ടാകും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു സഹകരണ ബാങ്കിന്റെ ഡെപ്പോസിറ്റ് മൊബിലൈസേഷനിൽ Non-Resident External (NRE) ചെക്ക് കൊടുത്തുകൂടേ; അത് സ്വീകരിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, എൻ.ആർ.ഐ. ചെക്കാണെങ്കിലും എൻ.ആർ.ഇ. അക്കൗണ്ടിലാണല്ലോ ക്രെഡിറ്റ് ചെയ്യേണ്ടത്. അതേ സാധിക്കുകയുള്ളൂ. ....(ബഹളം)..... ഞാൻ ഇത് കഴിഞ്ഞിട്ട് പറയാം. ....(ബഹളം)..... ഞാൻ അവസാനം വഴങ്ങാം. ഞാനിത് പറഞ്ഞു തീർക്കട്ടെ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് അവസാനിപ്പിക്കണം. ....(ബഹളം)..... ശ്രീ. പി. കെ. ബഷീർ, ദയവായി ഇരിക്കൂ. ....(ബഹളം).....

ശ്രീ. വി. എൻ. വാസവൻ: സർ, ഞാനിവിടെ ക്രിയാത്മകമായി വന്ന നിർദ്ദേശങ്ങൾ സ്വാഗതം ചെയ്തു. അതോടൊപ്പംതന്നെ ഫലപ്രദമായ ചില നടപടികളുമായി മുന്നോട്ടുപോകുന്ന കാര്യവും പറഞ്ഞു. ....(ബഹളം)..... ഇതിൽ പ്രത്യേകിച്ച് പ്രശ്നമുണ്ടാക്കേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ വസ്തുതാപരമായി ഞാനൊരു വ്യക്തതയ്ക്കുവേണ്ടി പറഞ്ഞതാണ്. ....(ബഹളം)..... ശ്രീ. വി. ജോയി ചില സുപ്രധാന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഇപ്പോഴുള്ള ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരെ മാറ്റി പകരം എസ്.പി. റാങ്കിലുള്ളവരെ ചുമതലപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മറുപടി നിയമപരമായിരിക്കണം. ഇത് എത്രയോ ആളുകളെ ബാധിക്കുന്ന വിഷയമാണ്. ഒരംഗം ഒരു കാര്യം ചോദിക്കുമ്പോൾ അതിന് പുകമറ സൃഷ്ടിക്കുന്ന രീതിയിലുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നുണ്ടായതിനാലാണ് അവർ പ്രതിഷേധിക്കുന്നത്. ഒരു എൻ.ആർ.ഐ-ക്ക് ഒരു എൻ.ആർ.ഇ. അക്കൗണ്ട് വിദേശത്തുണ്ടെങ്കിൽ അതിൽനിന്നും അയാളുടെ എസ്.ബി.ഐ. അക്കൗണ്ടിലേയ്ക്ക് പണം അയച്ച് അത് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിന് എന്തെങ്കിലും കുഴപ്പമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞത് എനിക്ക് മനസ്സിലായി, ഞാൻ കൃത്യമായ മറുപടി നൽകാം. അങ്ങ് ചോദിച്ചത് ഒരു എൻ.ആർ.ഐ.ക്കാരൻ എസ്.ബി.ഐ.ലേയ്ക്ക് പണം അയച്ച് അത് അവിടെനിന്നും സഹകരണ ബാങ്കിലേയ്ക്ക് കൊടുത്തുകഴിഞ്ഞാൽ സ്വീകരിക്കുമോ എന്നുള്ളതാണ്. സ്വീകരിക്കുന്നതിന് കുഴപ്പമില്ല, പക്ഷേ, അത് നിയമപരമല്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. എൻ.ആർ.ഐ. സ്റ്റാറ്റസ് കിട്ടില്ല. അതാണ് പ്രശ്നം. ....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വ്യക്തമായല്ലോ. അങ്ങേയ്ക്ക് പ്രസംഗം തുടരാം. ....(ബഹളം).....

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, മലപ്പുറം ജില്ലാ സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് ഒരു ചർച്ച വന്നിരുന്നു. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഇല്ലായ്മ ചെയ്യാൻവേണ്ടി ശ്രമിക്കുന്നു എന്നതാണത്. ഇവിടെ ഒന്നുരണ്ട് അംഗങ്ങൾ ചർച്ചയിൽ പറഞ്ഞത് ആർ.ബി.ഐ.യുടെ ലൈസൻസ് കിട്ടിയില്ല എന്നാണ്. ഒരു കാര്യം സഭയെ അറിയിക്കുകയാണ്, കേരളാ ബാങ്കിന്റെ 769 ശാഖകളിൽ എല്ലാത്തിനും ആർ.ബി.ഐ. ലൈസൻസ് കിട്ടിയിട്ടുണ്ട്. ഈ രംഗത്ത് മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ഒറ്റപ്പെട്ട് നിൽക്കാനാവില്ലെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്. മാത്രമല്ല, ഈ വിഷയത്തിൽ ആർ.ബി.ഐ.യുടെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പറഞ്ഞിരിക്കുന്നത് 'ഒരു ബാങ്കിനായി മാത്രം ഇത്തരത്തിൽ ഒറ്റപ്പെട്ടു നിൽക്കാനാവില്ല, അതിനാൽ ഇതിനോട് യോജിച്ച് നീങ്ങുകയാണ് വേണ്ടത് എന്നാണ്. അതുകൊണ്ട് ഇക്കാര്യവുമായി ബന്ധപ്പെട്ട് അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ശരിയല്ല. പിന്നീട് ഈ വിഷയത്തിലുള്ള ലാഭത്തെ സംബന്ധിച്ച് പരാമർശിച്ചു. കോ-ഓപ്പറേറ്റീവ് സെക്ടറിന്റെ പ്രൈമറി ഒബ്ജക്ടീവ് എന്നുള്ളത് ലാഭാധിഷ്ഠിതമായി കാര്യങ്ങൾ നടത്തണമെന്നുള്ളതല്ല മറിച്ച് സാമൂഹിക പ്രതിബദ്ധതയാണ്. ആ രൂപത്തിലാണ് സഹകരണ മേഖല മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം അത്രയും മനസ്സിലാക്കുന്നത് നല്ലതായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ഒരുകാര്യം കൂടി പറയാതെ പോകുന്നത് ശരിയല്ല. കേരളത്തിൽ മുൻപുണ്ടായിരുന്ന ഏതാണ്ട് നൂറുകണക്കിന് നാഷണലൈസ്ഡ് ബാങ്കുകളുടെയും മറ്റ് കൊമേഴ്ഷ്യൽ ബാങ്കുകളുടെയും ശാഖകൾ പൂട്ടിയെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ദേശവ്യാപകമായി 2118 ശാഖകൾ പൂട്ടിയപ്പോൾ 177 ശാഖകളും 12 അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും എസ്.ബി.ഐ. ഈ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽതന്നെ അടച്ചുപൂട്ടി. 1969-ലെ ബാങ്ക് നാഷണലൈസേഷന്റെ കാലഘട്ടത്തിൽ 14 ബാങ്കുകൾ നാഷണലൈസ് ചെയ്തപ്പോൾ നമ്മളെല്ലാം അതിനെ സ്വാഗതം ചെയ്തവരാണ്. അന്ന് പ്രിവി പേഴ്സ് നിർത്തലാക്കി. ഗ്രാമീണ ജനവാസ മേഖലയിൽ അത്തരം ബാങ്കുകളുടെ ശാഖോപശാഖകൾ യഥാർത്ഥത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഗ്രാമീണ സമ്പദ്ഘടനയിൽ വലിയ രൂപത്തിലുള്ള പ്രയോജനമുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഗ്രാമീണ സമ്പദ്ഘടന വളർന്നുവരാൻ പാവപ്പെട്ടവർക്കും കൃഷിക്കാർക്കും വായ്പ ലഭ്യമാക്കി. കുട്ട, വട്ടി, പായ നെയ്ത്ത് തുടങ്ങിയ ഒട്ടനവധി കുടിൽ വ്യവസായങ്ങളെല്ലാം ആരംഭിക്കാൻ സൗകര്യങ്ങൾ ലഭിച്ച കാലഘട്ടമായിരുന്നു. പുതിയ നയം വന്നപ്പോൾ സൗകര്യങ്ങൾ മുഴുവൻ അപ്രത്യക്ഷമായിരിക്കുന്നു.

ഇവരെല്ലാം ആ രംഗത്തുനിന്നും പിൻവാങ്ങി. എസ്.ബി.ടി.-യെ എസ്.ബി.ഐ. വിഴുങ്ങി. യൂണിയൻ ബാങ്കിനെ കാനറാ ബാങ്ക് വിഴുങ്ങി. സിൻഡിക്കേറ്റ് ബാങ്കിനെ പഞ്ചാബ് നാഷണൽ ബാങ്ക് വിഴുങ്ങി. ഇപ്പോൾ ആറോളം ബാങ്കുകളുടെ ലയനവും കഴിഞ്ഞിരിക്കുന്നു. ഞാൻ സൂചിപ്പിച്ചത് ഇവയെല്ലാം പിൻവാങ്ങിയപ്പോഴുള്ള സ്പെയിസ് പരിഹരിക്കുന്നത് സഹകരണ മേഖലയാണെന്നാണ്. യഥാർത്ഥത്തിൽ മറ്റ് ബാങ്കുകളെല്ലാം പിൻവാങ്ങിയപ്പോൾ സഹകരണ മേഖലയാണ് ഗ്രാമീണ ജനജീവിതത്തിന്റെ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നത്. ഗ്രാമീണ ജനജീവിതത്തിന്റെ അത്താണിയാണ് സഹകരണ മേഖല. അത് കാണാതിരിക്കരുത്. സഹകരണ മേഖലയിലെ സാമ്പത്തിക രംഗം മാത്രമല്ല കാണേണ്ടത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വ്യവസായം, ക്ഷീരവികസനം, ഫിഷറീസ് എന്നിങ്ങനെ സമസ്ത രംഗങ്ങളിലും സഹകരണ മേഖല പടർന്നുപന്തലിച്ച് അതിന്റെ ദൗത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഈ രംഗത്ത് മറ്റ് ബാങ്കുകളെല്ലാം പിൻവാങ്ങിയപ്പോൾ സഹകരണ മേഖല വലിയ രൂപത്തിലുള്ള ആശ്വാസം തന്നെയാണ്. ഈയൊരു കാലഘട്ടത്തിൽ സമാന്തര സാമ്പത്തിക സങ്കേതമായി സഹകരണ മേഖല സഹായഹസ്തവുമായി ഓടിയെത്തി എന്നുപറഞ്ഞത് വെറുതെയല്ല. 66.49 ആണ് നാഷണലൈസ്ഡ് ബാങ്കുകളുടെ Credit-Deposit ratio (CD ratio); എന്നാൽ, കോർപ്പറേറ്റ് സെക്ടറിന്റേത് 74.13 ആണ്. സാമ്പത്തിക രംഗത്ത് സഹകരണ മേഖല നിർവ്വഹിക്കുന്ന വലിയ രൂപത്തിലുള്ള ദൗത്യം നമ്മൾ കാണണ്ടേ; അതിനെ നമ്മൾ സംരക്ഷിച്ച് നിലനിർത്തണ്ടേ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ വലതുപക്ഷമല്ല.

ശ്രീ. വി. എൻ. വാസവൻ: സർ, അല്ല. ഒരു പ്രാസത്തിന് വലതുപക്ഷമെന്ന് പറഞ്ഞുപോയെന്നേയുള്ളൂ, അങ്ങ് ക്ഷമിക്കണം. നയത്തിന്റെ ഉള്ളടക്കമൊക്കെ യുണ്ടെങ്കിലും അത് ആ സെൻസിൽ എടുത്താൽ മതി. കഴിഞ്ഞ കാലഘട്ടങ്ങളിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം സഹകരണ മേഖലയ്ക്ക് മികച്ച സംഭാവന നൽകിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന നിയമത്തെക്കുറിച്ച് പലരും ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. United Progressive Alliance (UPA) ഗവൺമെന്റിന്റെ ഭരണകാലത്താണ് 97-ാം ഭരണഘടനാ ഭേദഗതി 2011-ൽ കൊണ്ടുവന്നത്. 2012-ൽ പ്രസിഡന്റ് അതിൽ ഒപ്പുവച്ചു. ആ വിഷയമാണ് ഗുജറാത്ത് ഹൈക്കോടതിയിൽ ചോദ്യം ചെയ്തത്. Indian Constitution 7th Schedule- 32-ാം എൻട്രി സഹകരണം സ്റ്റേറ്റ് സബ്ജക്ടാണ് എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി അസന്നിഗ്ദ്ധമായി

പ്രഖ്യാപിച്ചിരിക്കുകയാണ്. ആ ഭരണഘടനാ ഭേദഗതിയിൽ ഇനിയും മാറി വരേണ്ട മൾട്ടി സ്റ്റേറ്റ് സംരക്ഷണ വലയം തീർത്തിട്ടുണ്ട്. അതിൽ രണ്ടംഗ ജഡ്ജിമാരുടെ വിധിയായിരുന്നു വന്നത്. ജസ്റ്റിസ് കെ. എം. ജോസഫ് ഒരുപടികൂടി കടന്നെഴുതിയതായി പത്രങ്ങളിലൊക്കെ വായിച്ചു. അതുകൂടി റദ്ദ് ചെയ്തുകൊണ്ടാണ് അദ്ദേഹത്തിന്റെ ഒബ്സർവേഷൻ വന്നിട്ടുള്ളത്. പകുതി സംസ്ഥാനങ്ങൾപോലും അതിനോട് യോജിച്ചുകൊണ്ട് പ്രമേയം പാസ്സാക്കുകയോ നിലപാട് എടുക്കുകയോ ചെയ്യാത്ത പശ്ചാത്തലത്തിലാണ് ഇതിന് നിയമപരമായ പരിരക്ഷയില്ലെന്ന വിധത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്. അതേസമയം സഹകരണ മന്ത്രാലയം വന്നാൽ എന്തുചെയ്യുമെന്ന കാര്യം അതിന്റെ പ്രവർത്തനം തുടങ്ങിയാൽ മാത്രമേ പറയാൻ കഴിയുകയുള്ളൂ. അക്കാര്യങ്ങൾ നമുക്ക് പിന്നീട് പരിശോധിക്കാം. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സിനെ സംബന്ധിച്ച് ഭയപ്പെട്ട രൂപത്തിലേയ്ക്ക് നീങ്ങേണ്ട സാഹചര്യം ഇപ്പോഴില്ല.

സഹകരണ മേഖലയിൽ പുതിയതായി ആരംഭിക്കുന്ന ചില പദ്ധതികളെ ക്കുറിച്ചാണ് ഇനി പറയാനുദ്ദേശിക്കുന്നത്. യുവജനങ്ങൾ സഹകരണ മേഖലയിലേയ്ക്ക് കടന്നുവരാനായി 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. ഞങ്ങൾ അഭിമാനത്തോടെ പറയട്ടെ, 23 സംഘവും രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിൽ ഉദ്ഘാടനം ചെയ്യുകയുമാണ്. രണ്ടാമതായി നെൽക്കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളെപ്പറ്റിയാണ്. എം.എൽ.എ-മാരായ നമ്മളൊക്കെ വിഷമിക്കുന്ന കൊയ്ത്ത് സമയങ്ങളിൽ കൃഷിക്കാർക്ക് പലപ്പോഴും മില്ലുകാരുടെ ദയാദാക്ഷിണ്യം കാത്തുനിൽക്കേണ്ട ഗതികേടാണ്. രണ്ട് കിലോഗ്രാം മുതൽ 14 കിലോഗ്രാം വരെ കിഴിവ് അനുവദിച്ചാലും മില്ലുകാർ നെല്ലെടുക്കാൻ തയ്യാറാകാറില്ല. വലിയ പ്രയാസത്തോടെ കൃഷിക്കാരെല്ലാം കണ്ണീരൊഴുക്കുന്ന രംഗം നമ്മൾ കണ്ടിട്ടുണ്ട്. കൃഷിക്കാരെ സഹായിക്കുന്നതിനായി പാലക്കാട് PAPCOS (Palakkad Paddy Procurement, Processing and Marketing Cooperative Society) റൈസ് മിൽ എന്ന സംഘം രജിസ്റ്റർ ചെയ്തു. കുട്ടനാടും അപ്പർ കുട്ടനാടും കേന്ദ്രീകരിച്ച് രണ്ട് റൈസ് മില്ലുകളും ഒരു സഹകരണ സംഘവും നെല്ല് സംഭരണത്തിനും സംസ്കരണത്തിനും വിതരണത്തിനും വേണ്ടി രൂപംനൽകാനും തീരുമാനിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ പ്രതിസന്ധിയിലായ സിനിമ, സീരിയൽ, നാടകം, മോണോ ആക്ട്, മിമിക്രി കലാകാരന്മാർക്കും വാദ്യകലാകാരന്മാർ, സംഗീതജ്ഞർ എന്നിവർക്കെല്ലാം ചേർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് അവരുടെ

കലകളെ പ്രോത്സാഹിപ്പിക്കാനും അവസരമുണ്ടാക്കാനും സർഗ്ഗാത്മകവാസനകൾ മാർക്കറ്റ് ചെയ്യാനും കഴിയുന്ന ഒരു സംവിധാനമുണ്ടാക്കിയെടുക്കുക എന്നതാണ് ലക്ഷ്യംവയ്ക്കുന്നത്. അതും ആഗസ്റ്റ് മാസത്തിൽ ഉദ്ഘാടനം ചെയ്യുമെന്ന കാര്യം സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 4 ശതമാനം പലിശ നിരക്കിൽ വായ്പ നൽകി കാർഷിക മേഖലയിൽ പുതിയ നീക്കങ്ങൾക്കുള്ള പരിപാടി തയ്യാറാക്കിക്കഴിഞ്ഞു. 'മുറ്റത്തെ മുല്ല' പദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ വിപുലമായ രൂപത്തിൽ നടപ്പിലാക്കി കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയ്ക്ക് 4 ശതമാനം പലിശയ്ക്ക് വായ്പ നൽകാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ കഴിയുന്ന വിധത്തിൽ കൃഷി വകുപ്പുമായി ചേർന്ന് ഒരു സംയുക്ത പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്. അതിനും ആഗസ്റ്റ് മാസത്തിൽ തുടക്കം കുറിക്കും. ചില ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻവരെയുള്ള നീക്കങ്ങൾ ആലോചിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. സംഘങ്ങളെ പുനരുദ്ധരിക്കാനുള്ള ഒരു പദ്ധതിക്കും രൂപംനൽകിയിട്ടുണ്ട്. സാനിറ്റൈസറും പി.പി.ഇ. കിറ്റും മാസ്കുമുൾപ്പെടെ കോവിഡിനെ പ്രതിരോധിക്കാനാവശ്യമായ സാധനങ്ങൾ തയ്യാറാക്കുന്ന രംഗത്ത് വനിതാ സഹകരണ സംഘങ്ങളുടെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഇനി അങ്ങേയ്ക്ക് എത്ര സമയംകൂടി വേണ്ടിവരും?

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ ഇപ്പോൾ തീർക്കാം. ഇടയ്ക്ക് ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യമുന്നയിച്ചതുകൊണ്ടാണ് സമയം നീണ്ടുപോയത്. കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പുരോഗമിക്കുന്നു. ന്യൂ ജനറേഷൻ ബാങ്കുകളോടൊപ്പം കോംപീറ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിൽ ആധുനിക ബാങ്കിംഗ് സമ്പ്രദായം ഏർപ്പെടുത്താൻവേണ്ടി ATM, Mobile Banking, Internet Banking, Real Time Gross Settlement (RTGS), National Electronic Fund Transfer (NEFT) എന്നിവ നടപ്പാക്കാനുള്ള നീക്കങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. സമീപഭാവിയിൽ അതും നടപ്പാകുന്നതാണ്. അതുപോലെതന്നെ പ്രാഥമിക സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർവൽക്കരണത്തിന് ഐ.ടി. ഇന്റഗ്രേഷൻ കൊണ്ടുവരുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. അതും വലിയ രൂപത്തിലുള്ള മുന്നേറ്റങ്ങൾക്ക് സാഹചര്യമൊരുക്കുകയാണ്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷനെ (CAPE) മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. Agricultural Co-operative Staff Training Institute

(ACSTI)-നെ സഹകരണ മേഖലയിലെ ഗവേഷണ സ്ഥാപനമാക്കി മാറ്റാനുള്ള നീക്കങ്ങൾക്ക് രൂപംനൽകിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും സംസ്കരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപവും ഭാവവും നൽകിക്കഴിഞ്ഞു. പരീക്ഷാ ബോർഡിലെ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചു. ആഡിറ്റിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഡയറക്ടറാക്കി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ കാലോചിതമായി ഗുണനിലവാരവും പരിഷ്കാരങ്ങളും ഏർപ്പെടുത്തും. സഹകരണ സ്ഥാപനങ്ങളിലെ കണക്കുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ പ്രൊഫോർമയും തയ്യാറാക്കുന്നുണ്ട്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അഴിമതിയുടെ കാര്യത്തിൽ ടോക്കിയോ ഒളിമ്പിക്സിൽ മെഡൽ നേടാനുള്ള സൗകര്യത്തിലേയ്ക്കാണ് വനം, സഹകരണം വകുപ്പുകൾ വന്നുകൊണ്ടിരിക്കുന്നതെന്ന് ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ചു. എന്നാൽ മത്സരത്തിൽ ആ കിരീടം സഹകരണ മേഖലയ്ക്കും വനത്തിനും ചേരില്ല, അത് പാലാരിവട്ടം പാലത്തിനും ടൈറ്റാനിയത്തിനുമൊക്കെയാണ് ചേരുന്നതെന്ന് അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നല്ലരീതിയിൽ നടന്ന ചർച്ചക്കിടയിൽ ഒരു കാര്യവുമില്ലാതെയാണ് അങ്ങ് ഇക്കാര്യം സൂചിപ്പിച്ചത് എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും ആദ്യമായി ഞാൻ നന്ദി അറിയിക്കുകയാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംസാരിക്കുന്നതിനുമുമ്പ് പരിസ്ഥിതി പുന:സ്ഥാപനത്തിനായി ലോകം മുഴുവൻ ചെറുകാടുകൾ വളർത്തിയെടുക്കാൻ പഠിപ്പിച്ച ജാപ്പനീസ് പരിസ്ഥിതി സസ്യശാസ്ത്രജ്ഞൻ ഡോ. അകിരാ മിയാവാക്കിയുടെ നിര്യാണത്തിൽ എന്റെ അനുശോചനം രേഖപ്പെടുത്തുകയാണ്. മിയാവാക്കി വനങ്ങൾ എന്ന പേരിൽ പ്രസിദ്ധമായ വനവൽക്കരണ ശൈലിക്കുതന്നെ അദ്ദേഹം തുടക്കംകുറിച്ചു. പരിസ്ഥിതി പുന:സ്ഥാപനമെന്ന ആശയനിർവ്വഹണത്തിന് മാതൃകാപരമായ നേതൃത്വം നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം വിടവാങ്ങിയെങ്കിലും കേരളത്തിൽ സൃഷ്ടിച്ചെടുത്ത നിരവധി മിയാവാക്കി വനങ്ങളിലൂടെ അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും നിലനിൽക്കുകതന്നെ ചെയ്യും. അദ്ദേഹത്തിന്റെ മാതൃകയുടെ

ആശയം ഉൾക്കൊണ്ടുകൊണ്ട് കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചാലിയത്ത് സ്വാഭാവിക വനത്തോട് സാദൃശ്യമുള്ള ഒരു നഗരവനം സൃഷ്ടിക്കുന്നതിനും അതിന് അദ്ദേഹത്തിന്റെ പേര് നൽകാനും ആഗ്രഹിക്കുന്നതായി ഞാൻ സഭയെ അറിയിക്കുകയാണ്. വനം-വന്യജീവി സംരക്ഷണമാണ് നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, വനവിസ്തൃതി കുറഞ്ഞിരുന്ന കാലമുണ്ടായിരുന്നു. ആ കാലഘട്ടത്തിൽനിന്നുംമാറി കേരളത്തിന്റെ വിസ്തൃതിയുടെ 29.65 ശതമാനമായി വനവിസ്തൃതി മാറിയിട്ടുണ്ട്. ഇതാകട്ടെ ദേശീയ ശരാശരിയായ 22.5 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. 2017-ലെ ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനാവരണം 10043 ചതുരശ്ര കിലോമീറ്റർ വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. 2019-ലെ റിപ്പോർട്ട് പ്രകാരം 2017-ലെ വനാവരണ വിസ്തൃതിയെക്കാളും 823 ചതുരശ്ര കിലോമീറ്റർ കൂടിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു. വനാവരണ വർദ്ധനവ് വരുത്തിയതിൽ തുടർച്ചയായ നാലാം വർഷവും ഇന്ത്യയിൽ മൂന്നാം സ്ഥാനം ലഭിച്ച സംസ്ഥാനമാണ് കേരളം. ദേശീയ വന നിയമപ്രകാരമുള്ള വിസ്തൃതിയുടെ 33 ശതമാനമെന്ന ലക്ഷ്യം കൈവരിക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടത്തുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരും ആ സർക്കാരിലെ വനം വകുപ്പും വനം വകുപ്പുമന്ത്രിയും നടത്തിയ മാതൃകാപരമായ പ്രവർത്തനത്തിന്റെ ശക്തിയിൽ ഉറച്ചുനിന്നുകൊണ്ടാണ് തുടർപ്രവർത്തനങ്ങൾക്ക് ഈ സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതോടൊപ്പം വനസംരക്ഷണത്തിനും പരിപാലനത്തിനും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മണ്ണ്-ജലസംരക്ഷണത്തിന് ഉതകുന്ന തടയണകൾ നിർമ്മിക്കുക, അതിർത്തി നിർണ്ണയിക്കുന്ന ജണ്ട നിർമ്മാണം, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് വനം വകുപ്പ് നടത്തിവരുന്ന മറ്റ് ചില പ്രധാന പ്രവർത്തനങ്ങൾ. വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിൽ 16 വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും അഞ്ച് ദേശീയോദ്യാനങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവുമുണ്ട്. ഇതിനുപുറമെ രണ്ട് ടൈഗർ റിസർവുകളും നാല് എലിഫന്റ് റിസർവുകളുമുണ്ട്. 925 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പെരിയാർ കടുവാ സങ്കേതവും 463 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പറമ്പിക്കുളം കടുവാ സങ്കേതവും കടുവകൾക്ക് പ്രത്യേകം സംരക്ഷണം നൽകിവരുന്നുണ്ട്. വനം-വന്യമൃഗ സംരക്ഷണത്തിന്റെ ഭാഗമായി അവശനിലയിൽ കണ്ടെത്തുന്ന വന്യമൃഗങ്ങളെ വനം വകുപ്പിന്റെ സംരക്ഷണത്തിൽ പരിപാലിച്ച് തിരികെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക്

വിടുന്ന നിരവധി പ്രവർത്തനങ്ങളും വനം വകുപ്പ് നടത്തിവരുന്നു. പെരിയാർ ടൈഗർ റിസർവിലെ മംഗളാദേവി ക്ഷേത്രപരിസരത്തുനിന്നും ലഭിച്ച അവശനിലയിൽ ഉപേക്ഷിക്കപ്പെട്ട കടുവക്കുട്ടിയെ എട്ട് മാസമായി വനം വകുപ്പ് പരിപാലിച്ച് സ്വാഭാവികമായ ആവാസ ഭൂമിയിൽ ഇരപിടിക്കുന്നതിന് പരിശീലിപ്പിക്കുകയാണ്.

ഔഷധ സസ്യങ്ങളടക്കം ധാരാളം ജൈവസമ്പത്തിന്റെ കലവറയാണ് അഗസ്ത്യവനം. ശ്രീ. സി. കെ. ഹരീന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ, ഈ പ്രദേശത്തിന്റെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കുന്നതിനായി പ്രത്യേകിച്ചും ഔഷധ സസ്യങ്ങളെക്കുറിച്ച് T.B.G.R.I. (Tropical Botanic Garden & Research Institute), K.F.R.I. (Kerala Forest Research Institute), യൂണിവേഴ്സിറ്റികൾ എന്നിവയുമായി ചേർന്ന് ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. വനേതര ഭൂമിയിൽ സാമൂഹ്യവനവത്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ചെറിയ വനങ്ങൾ വച്ചുപിടിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് പൊതുസ്ഥലങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകളുടെ അധീനതയിലുള്ള സ്ഥലങ്ങൾ എന്നിവവഴി വനം വകുപ്പ് നേരിട്ടോ പ്രസ്തുത സ്ഥാപനങ്ങളുമായി സംയുക്തമായോ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന 'സ്ഥാപന വനവത്ക്കരണം', വനസംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 'വിദ്യാവനം', നഗരങ്ങളിൽ പച്ചത്തുരുത്തുകൾ വളർത്തിയെടുക്കുന്ന 'നഗര വനം', നിലവിലുള്ള കാവുകളുടെ സംരക്ഷണം, കോസ്റ്റൽ ബെൽറ്റ് പ്ലാന്റേഷൻ, കണ്ടൽക്കാടുകൾ ഏറ്റെടുക്കലും സംരക്ഷണവും, നദീതീരങ്ങളിൽ മുളംതൈകൾ വച്ചുപിടിപ്പിക്കൽ എന്നിവ വനം വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് നടത്തിവരുന്ന പദ്ധതികളാണ്. ഈ വർഷം 26 വിദ്യാവനങ്ങളുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ, വിവിധ വൃക്ഷങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പ്രോത്സാഹന ധനസഹായ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ പ്രോത്സാഹനാർത്ഥം വിദ്യാവനം, സ്ഥാപന വനവത്കരണം എന്നീ പദ്ധതികൾ ഏറ്റവും ഭംഗിയായി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്ക് അവാർഡ് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി ദിനത്തിലും വനവത്കരണ കാലത്തും കോടിക്കണക്കിന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എന്നാൽ കുറേക്കാലം കഴിഞ്ഞാലും ആ വൃക്ഷത്തൈകൾ അവിടെ നിലനിൽക്കുന്നുണ്ടോയെന്നത് എല്ലാവർക്കും സംശയമുള്ള കാര്യമാണ്. അതുകൊണ്ട് ഇനിമുതൽ നട്ടുപിടിപ്പിക്കുന്ന ചെടികളെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനും സംരക്ഷണത്തിനുമായി

വനം വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. നിലവിൽ 480 ഹെക്ടർ കണ്ടൽക്കാടുകൾ ഏറ്റെടുക്കുകയും റിസർവ് വനമായി പരിപാലിച്ചുവരികയും ചെയ്യുന്നു. 1200 ഹെക്ടർ കണ്ടൽക്കാടുകൾകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മത്സ്യങ്ങൾക്കും നിരവധി ചെറുജീവികൾക്കും ആവാസ സ്ഥാനം ഒരുക്കുന്ന പ്രത്യേക സസ്യസമൂഹമാണ് കണ്ടലുകൾ. കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവയുടെ സംരക്ഷണത്തിനായി വനം വകുപ്പിൽ ഒരു സ്പെഷ്യൽ ഓഫീസറെ പ്രത്യേകമായി നിയോഗിക്കുന്നതാണ്. വികസന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് പലപ്പോഴും തടസ്സമായി നിൽക്കുന്നുണ്ടെന്ന പരാതി പല മേഖലകളിൽനിന്നും ഉയർന്നുവന്നു. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി നൽകുന്നതിന് 1950-ലെ വനസംരക്ഷണ നിയമപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മുൻകൂർ അനുമതി ആവശ്യമാണ്. 2014 ജൂലൈ മുതൽ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിച്ചാണ് നടപടിയെടുത്തുവരുന്നത്. അതിനുവേണ്ടി 'പരിവേഷ്' എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. വനേതര ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ട് ആകെ 147 അപേക്ഷകൾ ലഭ്യമായതിൽ 21 എണ്ണത്തിൽ സ്റ്റേജ് -1 അപ്രൂവലും എട്ട് അപേക്ഷകളിൽ സ്റ്റേജ് -2 അപ്രൂവലും നൽകിയിട്ടുണ്ട്. വനം വകുപ്പിന്റെ നിലവിലുള്ള പദ്ധതികളുടെ തുടർച്ചയായി കിഫ്ബി ഫണ്ടുപയോഗിച്ച് മൂന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പദ്ധതി, വനത്തിനുള്ളിൽ താമസിക്കുന്നവരെ അവരുടെ സമ്മതത്തോടെ അനുയോജ്യമായ മറ്റ് സ്ഥലത്തേയ്ക്ക് മാറ്റി പാർപ്പിക്കൽ, തൃശ്ശൂർ പട്ടണത്തിൽ പ്രവർത്തിക്കുന്ന മൃഗശാലയെ പുത്തൂരിലെ വനഭൂമിയിലേയ്ക്ക് മാറ്റി വനം വകുപ്പിന്റെ കീഴിൽ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി; കൂട്ടംതെറ്റി പോകുന്ന കുട്ടിയാനകൾ, മനുഷ്യന്റെ ജീവനും കൃഷിക്കും നാശമുണ്ടാക്കുന്ന കാട്ടാനകൾ, വനം വകുപ്പിന്റെ ആന ക്യാമ്പിലുള്ള പ്രായമായ ആനകൾ, ക്രൂരതയ്ക്ക് വിധേയമാകുന്ന നാട്ടാനകൾ എന്നിവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയോടുകൂടിയ പുനരധിവാസം എന്നിവ തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആന പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതോടുകൂടി യാഥാർത്ഥ്യമാകും. രണ്ട് പദ്ധതികളുടെ ഒന്നാംഘട്ട നിർമ്മാണം കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ പൂർത്തിയായതാണ്. ബാക്കിയുള്ള ഭാഗം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കും. അങ്ങനെ പൂർത്തിയാക്കുന്നതോടുകൂടി വനം-വന്യജീവി സംരക്ഷണം മാത്രമല്ല, ടൂറിസവുമായി ബന്ധപ്പെട്ട, സന്ദർശകർക്ക് വളരെയേറെ പ്രിയമുള്ള കേന്ദ്രങ്ങളായി മാറ്റാനാണ് പോകുന്നത്. പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി റീ-ബിൽഡ് കേരള ഡെവലപ്മെന്റ്

പ്രോഗ്രാമിൽ 800 കോടി രൂപയുടെ നാല് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പട്ടയം ലഭിക്കാത്ത കർഷകരുടെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുകയെന്നത് ഈ സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇത് പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്നുള്ള സംയുക്ത പരിശോധനയുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, വനം വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ ഈ ആഴ്ചതന്നെ കൂടിയാലോചന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വനം വകുപ്പ് ആരംഭിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 1977-നുമുൻപ് കൈവശമുള്ള വനഭൂമിയിൽ അപേക്ഷകർക്ക് പട്ടയം കൊടുക്കുമായിരുന്നു. എന്നാൽ 2019-ലുണ്ടായ ഹൈക്കോടതി വിധിയിൽ 1993-ലെ റൂൾസിന്റെ പ്രൊട്ടക്ഷൻ ഇടുക്കി ജില്ലയിൽ മാത്രമേ നിലനിൽക്കുകയുള്ളൂവെന്നും മറ്റു ജില്ലകളിലെ വെസ്റ്റഡ് ഫോറസ്റ്റിലും റിസർവ് ഫോറസ്റ്റിലും വരുന്ന ഭൂമിക്ക് പ്രൊട്ടക്ഷനില്ലെന്നും അതിന്റെ ഭാഗമായി മലബാർ ജില്ലകളിലൊന്നും ഇത് ബാധകമല്ലെന്ന രീതിയിലും വനം വകുപ്പ് വ്യാഖ്യാനിക്കുന്നുണ്ട്. പട്ടയത്തിന് അപേക്ഷ കൊടുക്കുന്ന ഭൂമിയിൽ വനംവകുപ്പ് സർവ്വെ നടത്തുന്നതിനാൽ ജനങ്ങൾ ആശങ്കയിലും ഭീതിയിലുമാണ്. ഇതിന് ഇടപെടലും പരിഹാരവുമുണ്ടാക്കുമോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിയമപരമായും സാങ്കേതികപരമായും ചില തടസ്സങ്ങൾ പലഭാഗത്തുനിന്നും ഉന്നയിക്കുന്നുണ്ട്. അക്കൂട്ടത്തിൽപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചർച്ചയിലൂടെ അതിന് പരിഹാരം കാണാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്തെങ്കിലും മാറ്റങ്ങൾ നിയമപരമായി വേണമെങ്കിൽ അത് ആ ഘട്ടത്തിൽ ആലോചിച്ച് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് അംഗീകരിക്കുന്ന വർക്കിംഗ് പ്ലാൻ ടൈഗർ കൺസർവേഷൻ പ്ലാൻ അനുസരിച്ചാണ് വനമേഖലകളിൽ നടത്തുന്നത്. വനത്തിന് ശോഷണം വരാതെ തദ്ദേശവാസികൾക്ക് പ്രയോജനകരമായ പദ്ധതികളാണ് ഇങ്ങനെ ചെയ്യുന്നത്. ചാലക്കുടി എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചത് പെരിങ്ങൽക്കുത്ത്, പറമ്പിക്കുളം പ്രദേശങ്ങളെ സംബന്ധിച്ചാണെന്ന് തോന്നുന്നു. കടുവാ സങ്കേതത്തിന്റെ കരുതൽ മേഖല ബഫർ സോണിലാണ് സ്ഥിതിചെയ്യുന്നത്.

അതിനാൽ, കേന്ദ്ര അനുമതിയോടുകൂടി മാത്രമേ ഇക്കോ ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യാൻ കഴിയുകയുള്ളൂ. അതിരപ്പിള്ളിയിൽ നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ആദിവാസികളടക്കമുള്ള വനസംരക്ഷണ സമിതി അംഗങ്ങളുടെ പങ്കാളിത്തത്തോടുകൂടി ശക്തിപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. വന്യജീവി-മനുഷ്യസംഘർഷം സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള വനമേഖലകളിൽ കർഷകരെ വല്ലാതെ ബുദ്ധിമുട്ടിക്കുകയാണ്. ഈ കർഷകരെ സംരക്ഷിക്കേണ്ട ചുമതലയും സർക്കാരിനുണ്ടെന്നാണ് കാണുന്നത്. ഇതിന്റെ ഭാഗമായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി ഏറ്റവും ഫലപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നവിധം നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ, ഈ രംഗത്തെ വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരോട് പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകണമെന്നഭ്യർത്ഥിച്ച് വനം വകുപ്പിന്റെ വെബ്സൈറ്റിൽ ഒരു പ്രത്യേക ലിങ്ക് നൽകിയിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട എം.എൽ.എ-മാർ ഉൾപ്പെടെ ഉപയോഗപ്പെടുത്തി എത്രയുംപെട്ടെന്ന് അവരുടെ വിലയേറിയ നിർദ്ദേശം സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ പദ്ധതി വിഭാവനം ചെയ്യുന്നതുപ്രകാരം, വന്യമൃഗങ്ങൾ വനത്തിനകത്തുതന്നെ വിഹരിക്കുക, വന്യമൃഗങ്ങൾ പുറത്തേയ്ക്ക് കടക്കാത്ത വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുക, വനത്തിന് പുറത്തുകടക്കുന്ന വന്യമൃഗങ്ങളെ വനത്തിലേയ്ക്കുതന്നെ മടക്കി അയയ്ക്കുന്നതിനായി ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്. ശ്രീ. കെ. യു. ജനീഷ് കുമാറാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ മൂന്നുഘട്ടങ്ങൾ കൂടാതെ ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് സംസ്ഥാന വ്യാപകമായി ഈ ബൃഹദ് പദ്ധതി നടപ്പിലാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക പരിമിതമാണെന്ന പ്രശ്നമാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. കാർഷിക വിളകൾ നശിപ്പിച്ചുകഴിഞ്ഞാൽ അവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചിട്ടുളള നിലപാട് കൃഷിവകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണ്. 2015-ലാണ് കൃഷി വകുപ്പിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചത്. ഇനിയും ആ മേഖലയിൽ പരിഷ്കാരം ആവശ്യമാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. കാട്ടുപന്നിയുടെ ശല്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കാട്ടുപന്നികളുടെ ശല്യം രൂക്ഷമായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നുണ്ട്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് കാട്ടുപന്നികളെ കർഷകർക്കുതന്നെ നശിപ്പിക്കാൻ

കഴിയുന്നവിധം അവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നാതായിരുന്നു ഉയർന്നുവന്ന ആവശ്യം. ഇക്കാര്യം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം മന്ത്രാലയത്തിന് കത്തയച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കാട്ടുപന്നികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് അവർ നൽകിയ മറുപടി. ഇത് അപ്രായോഗികമായ നിർദ്ദേശമാണ്. തദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നത് പ്രായോഗികമല്ലെന്നാണ് നമ്മുടെ അനുഭവത്തിൽനിന്നും തെളിഞ്ഞിട്ടുള്ളത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ഇക്കാര്യം ആവശ്യപ്പെടാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരളത്തിൽനിന്നുള്ള ബഹുമാന്യരായ എം.പി-മാരുടെ ശ്രദ്ധയിൽപ്പെടുത്തി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനം പ്രയോജനകരമല്ലെന്നാണ് പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് ശരിയായ കാര്യമാണ്. അത് വെറുതെ ആശ്വസിപ്പിക്കാനുള്ള വിധി മാത്രമായിട്ടാണ് എനിക്ക് തോന്നുന്നത്.

വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്തെ വന ഉൽപ്പന്നങ്ങളുടെ വിപണനം, ഇക്കോ ടൂറിസം പദ്ധതിയുടെ നടത്തിപ്പ് തുടങ്ങിയ വിവിധ പരിപാടികളാണ് നടപ്പിലാക്കിവരുന്നത്. അതുവഴി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നൽകുന്നുണ്ട്. എന്നാൽ 2018-മുതൽ ഇതുവരെ ഈ രൂപത്തിലുള്ള പ്രവർത്തനങ്ങൾ ആ മേഖലയിൽ നടത്താൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമായി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഏതാണ്ട് നിലച്ചമട്ടായി മാറിയിട്ടുണ്ട്. ഇക്കോ ടൂറിസത്തിന് ലഭിക്കേണ്ട തുക കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് നഷ്ടമാകുകയും ഏലം, കാപ്പി തുടങ്ങിയവയുടെ വിപണനം നടക്കാതെ വരികയും ചെയ്തതോടുകൂടി കോർപ്പറേഷൻ വൻ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് പകുതി ശമ്പളം മാത്രമേ നൽകാൻ കഴിയുകയുള്ളൂവെന്നതാണ് ഇപ്പോഴുള്ള അവസ്ഥ. ജീവനക്കാർക്ക് ഓണത്തിന് മുമ്പെങ്കിലും ശമ്പളം നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് മാത്രമേ അക്കാര്യത്തിൽ ഉറപ്പിച്ചൊരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. പരമാവധി സാദ്ധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുമെന്നതാണ് ഇപ്പോഴത്തെ നിലപാട്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ട്. വളരെയധികം കിലോമീറ്റർ ദൂരത്തോളം വന്യജീവി അക്രമണങ്ങളുണ്ടാകുമെങ്കിലും അവിടെ കൃത്യസമയത്ത് ഓടിയെത്താനോ ശ്രദ്ധിക്കാനോ ഇന്നത്തെ ഫോറസ്റ്റ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്. കേരളത്തിൽ നിലവിൽ 124 ഫോറസ്റ്റ് സ്റ്റേഷനുകളാണുള്ളത്. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഇപ്പോഴുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് മാത്രമായി സാധിക്കുന്നില്ല. അതിനാൽ സംസ്ഥാനത്ത് 110 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ഉചിതമായ കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ ഈ സർക്കാർ 15 ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് 14 ഫോറസ്റ്റ് ചെക്ക്പോസ്റ്റുകളിൽ സംയോജിത ചെക്ക്പോസ്റ്റ് സമുച്ചയങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ടായാൽ മാത്രമേ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവിടെയാണ് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ചേലക്കരയിലും ഒരു ഹോട്ട്സ്പോട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ചേലക്കര അംഗമായ ബഹുമാന്യനായ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി വലിയ തോതിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ വൃക്ഷവിളത്തോട്ടങ്ങൾ മുൻകാലങ്ങളിൽ വച്ചുപിടിപ്പിച്ചിരുന്നു. എന്നാൽ, അത്തരം വൃക്ഷങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവയ്ക്കുപകരം പുതിയ തദ്ദേശീയവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക മരങ്ങളുടെ പുനഃസ്ഥാപനമെന്ന നയരേഖ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിൽ ചെമ്പിക്കുന്ന് എന്ന സ്ഥലത്ത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ പക്കലുണ്ടായിരുന്ന ഏതാണ്ട് അഞ്ഞൂറോളം ഏക്കർ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തിരിച്ചുപിടിക്കുകയും അവിടെ വനവത്കരണ പരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്കുലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികളെ ഡിപ്പാർട്ടുമെന്റ് ശിപാർശ ചെയ്യുന്നില്ലെന്നൊരു പരാതി സ്ഥാനത്തും അസ്ഥാനത്തും ഉണ്ടാകുന്നുണ്ട്. എല്ലാ തസ്തികകളിലെയും മുഴുവൻ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. കൂടാതെ 2021-ൽ പ്രൊമോഷൻ ലഭിക്കുന്ന ഒഴിവുകൾകൂടി മുൻകൂട്ടി കണക്കാക്കി എൻട്രി കേഡറിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽനിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെത്തുടർന്നുള്ള മറ്റു നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുക എന്നതാണ് സർക്കാരിന്റെ നയം. ആ നയം വനം വകുപ്പിലും കാര്യക്ഷമമായി നടത്താനാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ബഹുമാന്യരായ ഒന്നുരണ്ട് എം.എൽ.എ-മാർ ഇവിടെ ചൂണ്ടിക്കാണിച്ചത് മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ടുള്ള വിവാദങ്ങളാണ്. അത് സഭ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ചോദ്യോത്തരവേളയിലും അക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് ദീർഘമായി അതിലേയ്ക്കൊന്നും കടന്നുപോകാൻ ഞാനാഗ്രഹിക്കുന്നില്ല. വമ്പൻ സ്രാവുകളെ ഒഴിവാക്കി പാവപ്പെട്ടവന്റെ മേൽ കുറ്റം ചാരിവച്ച് രക്ഷപ്പെടാനുള്ള തന്ത്രമാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് ചൂണ്ടിക്കാണിച്ചത് ദൗർഭാഗ്യകരമാണ്. സംസ്ഥാനത്തിപ്പോൾ 48 കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. പല അംഗങ്ങളും പ്രത്യക്ഷമായും പരോക്ഷമായും സൂചിപ്പിച്ചിട്ടുള്ള വമ്പൻ സ്രാവുകൾ ഇപ്പോൾ അഴിക്കുള്ളിലാണെന്ന കാര്യം അറിയിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ നിയമവ്യവസ്ഥയ്ക്കെതിരായി നിൽക്കുന്ന ഒരു കാര്യത്തിനും സർക്കാർ കൂട്ടുനിൽക്കുകയില്ലെന്നാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വനം വകുപ്പിലാണെങ്കിലും മറ്റ് വകുപ്പുകളിലാണെങ്കിലും സത്യസന്ധരായിട്ടുള്ള കുറേ ഉദ്യോഗസ്ഥരുണ്ട്. അതേയവസരത്തിൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ കൃത്യമായി അവരുടെ ജോലി ചെയ്യാൻ അനുവദിക്കാത്ത മറ്റുചില ഉദ്യോഗസ്ഥരുമുണ്ട്. അത് വനം വകുപ്പിലുമുണ്ട്. മുട്ടിൽ മരം മുറിക്കേസ്സുമായി ബന്ധപ്പെട്ട് സത്യസന്ധമായി പ്രവർത്തിച്ച, സർക്കാരിന് നഷ്ടപ്പെട്ട മരം തിരിച്ചുപിടിച്ച ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും അവരെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിക്കുകയും ചെയ്തെന്ന് ആരോപണമുള്ള ഒരു ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന് ഉത്തരമേഖലാ ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് നൽകിയിട്ട് മാസങ്ങളായിട്ടും ഇതുവരെ അയാൾക്കെതിരായി യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞതുപോലെ അങ്ങനെയൊരു പരാതി ലഭിച്ചിട്ടുള്ളതാണ്. ആ പരാതിയെക്കുറിച്ച് ബന്ധപ്പെട്ടവർ അന്വേഷണം നടത്തിയിട്ടുള്ളതാണ്. ആ അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഐ.എഫ്.എസ് ഉദ്യോഗസ്ഥനായതുകൊണ്ട് അതിന് കുറേ

സ്വാഭാവിക നടപടികളാവശ്യമുണ്ട്. കൂടുതൽ വിശദീകരണം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് നിയമം അനുശാസിക്കുന്നതനുസരിച്ചുള്ള ശിക്ഷ അവർക്ക് നൽകുന്നതായിരിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ,.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വഴങ്ങുന്നതുപോലെ എല്ലാവർക്കും വഴങ്ങേണ്ട കാര്യമില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മരം മുറിക്കേസിൽ ആദിവാസികളും കർഷകരും പ്രതികളാകുമെന്നൊരു പ്രസ്താവന വായിച്ചു. യഥാർത്ഥത്തിൽ നിരപരാധികളായ ആദിവാസികളെയും കർഷകരെയും കേസിൽ പ്രതിയാക്കുന്നതിനുപകരം അവരെ സാക്ഷികളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയൊരു നിർദ്ദേശമാണ് ശ്രീ. സണ്ണി ജോസഫ് ഇവിടെ വച്ചത്. അതിന്റെ നിയമവശം എനിക്കിപ്പോൾ പറയാൻ സാധിക്കില്ല. സർക്കാരിന്റെ ആഗ്രഹം കബളിക്കപ്പെട്ട പാവപ്പെട്ടവർ ശിക്ഷിക്കപ്പെടാൻ പാടില്ല എന്നുതന്നെയാണ്. അതിനാവശ്യമായി നിയമപരമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യവും ചെയ്യുന്നതിന് സർക്കാർ സന്നദ്ധമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം വകുപ്പിനുകീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തികമായി വലിയ ക്ലേശങ്ങളുള്ളതുകൊണ്ട് പൂട്ടുകയാണ്. അവർക്ക് പുറത്ത് ജോലിചെയ്ത് കിട്ടിക്കൊണ്ടിരുന്ന ഒരു വരുമാന സ്രോതസ്സുണ്ടായിരുന്നു. പക്ഷേ, കോവിഡായതുകൊണ്ട് അത് ചെയ്യാനും കഴിയുന്നില്ല. അഞ്ചുകോടി രൂപ സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ കത്തയച്ചിട്ടുണ്ട്. അതിന്മേൽ നടപടിയെടുക്കുമോ; ആ സ്ഥാപനം നിലനിർത്തുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സാമ്പത്തിക സഹായം ആവശ്യമാണെന്നുകാണിച്ചുകൊണ്ടുള്ള രേഖകൾ സർക്കാരിനും വനംവകുപ്പിനും ലഭിച്ചിട്ടുണ്ടായിരുന്നു. വനം വകുപ്പ് അത് ധനകാര്യ വകുപ്പിനാണ് അയച്ചുകൊടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ പൊതുസ്ഥിതി നമുക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ട് ആ പരിമിതിയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന സഹായങ്ങൾ ചെയ്യാമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളത്. ഇരുവശവും കണ്ടുകൊണ്ടൊരു നിലപാടുമാത്രമേ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് അങ്ങയെപ്പോലെയുള്ള മുതിർന്ന

അംഗങ്ങൾക്ക് മനസ്സിലാകുന്നതാണ്. നമ്മുടെ ഉദ്ദേശ്യം ഇവരെ സഹായിക്കണമെന്നാണ്. അതുപോലെ വന്യമൃഗശല്യത്തെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം തുലോം കുറവാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഞാനും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നു കൊണ്ടുമാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂവെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇത്തരത്തിലുള്ള സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ ചില ഉപാധികളും നിബന്ധനകളുമുണ്ടെന്ന കാര്യംകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. അത് മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് നാമെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. അതിനുള്ള പിന്തുണ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. വന സംരക്ഷണവും വന്യജീവി സംരക്ഷണവുമാണ് വനം വകുപ്പിന്റെ ചുമതല. എന്നാൽ സമീപകാലത്ത് വന്യജീവികളുടെ ആക്രമണത്തിലൂടെ കൊല്ലപ്പെട്ട കർഷകന്റെ ആശ്രിതരുടെ സംരക്ഷണവും സർക്കാരിന്റെ ചുമതലയാണ്. ഈ കടമ നിർവ്വഹിക്കാൻ എല്ലാവരുടെയും സഹായവും അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

## ധനാഭ്യർത്ഥന നമ്പർ XXVII

### സഹകരണം

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, പി. അബ്ദുൽ ഹമീദ്, എൻ. ഷംസുദ്ദീൻ, കെ. പി. എ. മജീദ്, അനൂപ് ജേക്കബ്, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, റോജി എം. ജോൺ, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, ഐ. സി. ബാലകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ

19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. മുഹമ്മദ് മുഹസിൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. വി. ശശി

73. ശ്രീ. ഐ. ബി. സതീഷ്

74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. എ. എൻ. ഷംസീർ

77. ശ്രീ. വി. ശിവൻകുട്ടി

78. ശ്രീ. വാഴൂർ സോമൻ

79. ശ്രീ. പി. വി. ശ്രീനിജിൻ

80. ശ്രീ. ജി. സ്റ്റീഫൻ

81. ഡോ. സുജിത് വിജയൻപിള്ള

82. ശ്രീ. കെ. വി. സുമേഷ്

83. ശ്രീ. പി. പി. സുമോദ്

84. ശ്രീ. വി. ആർ. സുനിൽ കുമാർ

85. ശ്രീ. പി. എസ്. സുപാൽ

86. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

87. ശ്രീ. തോമസ് കെ. തോമസ്

88. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

89. ശ്രീ. വി. എൻ. വാസവൻ

90. ശ്രീമതി വീണാ ജോർജ്ജ്

91. ശ്രീ. ഇ. കെ. വിജയൻ

92. ശ്രീ. പിണറായി വിജയൻ

93. ശ്രീ. എം. വിജിൻ

94. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. കെ. പി. എ. മജീദ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കുറുക്കോളി മൊയ്തീൻ
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. നജീബ് കാന്തപുരം
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീമതി കെ. കെ. രമ
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. സജീവ് ജോസഫ്
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. സനീഷ്കുമാർ ജോസഫ്
25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. ടി. സിദ്ദിഖ്
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. വിൻസെന്റ്
31. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 94

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

### വനം

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, നജീബ് കാന്തപുരം, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, എം. വിൻസെന്റ്, കെ. പി. എ. മജീദ്, പി. സി. വിഷ്ണുനാഥ്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, ഐ. സി. ബാലകൃഷ്ണൻ, പി. ടി. തോമസ്, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സി. ആർ. മഹേഷ്, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, ടി. സിദ്ദിഖ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIV-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. മുഹമ്മദ് മുഹസിൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. വി. ശശി

73. ശ്രീ. ഐ. ബി. സതീഷ്

74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. എ. എൻ. ഷംസീർ

77. ശ്രീ. വി. ശിവൻകുട്ടി

78. ശ്രീ. വാഴൂർ സോമൻ

79. ശ്രീ. പി. വി. ശ്രീനിജിൻ

80. ശ്രീ. ജി. സ്റ്റീഫൻ

81. ഡോ. സുജിത് വിജയൻപിള്ള

82. ശ്രീ. കെ. വി. സുമേഷ്

83. ശ്രീ. പി. പി. സുമോദ്

84. ശ്രീ. വി. ആർ. സുനിൽ കുമാർ

85. ശ്രീ. പി. എസ്. സുപാൽ

86. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

87. ശ്രീ. തോമസ് കെ. തോമസ്

88. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

89. ശ്രീ. വി. എൻ. വാസവൻ

90. ശ്രീമതി വീണാ ജോർജ്ജ്

91. ശ്രീ. ഇ. കെ. വിജയൻ

92. ശ്രീ. പിണറായി വിജയൻ

93. ശ്രീ. എം. വിജിൻ

94. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. കെ. പി. എ. മജീദ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കുറുക്കോളി മൊയ്തീൻ
15. ശ്രീ. മോൻസ് ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. നജീബ് കാന്തപുരം
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീമതി കെ. കെ. രമ
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. സജീവ് ജോസഫ്
23. ശ്രീ. എൻ. ഷംസുദ്ദീൻ

24. ശ്രീ. സനീഷ്കുമാർ ജോസഫ്

25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. ടി. സിദ്ദിഖ്

27. ശ്രീ. സണ്ണി ജോസഫ്

28. ശ്രീ. പി. ടി. തോമസ്

29. ശ്രീ. പി. ഉബൈദുള്ള

30. ശ്രീ. എം. വിൻസെന്റ്

31. ശ്രീ. ടി. ജെ. വിനോദ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 94

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 5-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.01-ന് പിരിഞ്ഞു.)